# മലയാളത്തിലെ മാന്ത്രികനോവലുകൾ
# ഒരു സാംസ്കാരികവിശകലനം

**കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്,**
**മലയാളഗവേഷണവിഭാഗത്തിലൂടെ**
**കാലിക്കറ്റ് സർവകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**പ്രവീൺകുമാർ പി. വി.**

**മലയാളഗവേഷണവിഭാഗം**
**മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്**

**ഒക്ടോബർ 2020**

# മലയാളത്തിലെ മാന്ത്രികനോവലുകൾ
# ഒരു സാംസ്കാരികവിശകലനം

**കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജ്,**
**മലയാളഗവേഷണവിഭാഗത്തിലൂടെ**
**കാലിക്കറ്റ് സർവകലാശാലയിൽ**
**ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി**
**സമർപ്പിക്കുന്ന പ്രബന്ധം**

**പ്രവീൺകുമാർ പി. വി.**

**മലയാളഗവേഷണവിഭാഗം**
**മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്**

**ഒക്ടോബർ 2020**

<u>സത്യപ്രസ്താവന</u>

പ്രവീൺകുമാർ പി. വി. എന്ന ഞാൻ കോഴിക്കോട്, മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **മലയാളത്തിലെ മാന്ത്രികനോവലുകൾ ഒരു സാംസ്കാരികവിശകലനം** എന്ന പ്രബന്ധം ഡോ. ശ്രീജിത് ജി.യുടെ മേല്നോട്ടത്തിൽ തയ്യാറാക്കിയതാണെന്നും ഇതിനുമുമ്പ് ഏതെങ്കിലും ബിരുദത്തിനോ ഫെലോഷിപ്പിനോ അതുപോലുള്ള മറ്റേതെങ്കിലും അംഗീകാരത്തിനോ വേണ്ടി സമർപ്പിച്ചിട്ടില്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട്
12.10.2020

പ്രവീൺകുമാർ പി. വി.

**ഡോ. ശ്രീജിത് ജി.**
അസിസ്റ്റന്റ് പ്രൊഫസർ,
മലയാളഗവേഷണവിഭാഗം
മലബാർ ക്രിസ്ത്യൻ കോളേജ്, കോഴിക്കോട്

7B, പി. വി. എസ്. ടവർ
പി. വി. സാമി റോഡ്
ചാലപ്പുറം, കോഴിക്കോട്

.................................................................................................................................

# യോഗ്യതാപത്രം

പ്രവീൺകുമാർ പി. വി. കോഴിക്കോട്, മലബാർ ക്രിസ്ത്യൻ കോളേജ്, മലയാളഗവേഷണവിഭാഗത്തിലൂടെ കാലിക്കറ്റ് സർവകലാശാലയിൽ, ഡോക്ടർ ഓഫ് ഫിലോസഫി ബിരുദത്തിനുവേണ്ടി സമർപ്പിക്കുന്ന **മലയാളത്തിലെ മാന്ത്രികനോവലുകൾ ഒരു സാംസ്കാരികവിശകലനം** എന്ന പ്രബന്ധം എന്റെ മേല്നോട്ടത്തിലും ഉത്തരവാദിത്വത്തിലും തയ്യാറാക്കിയതാണെന്നും ഇത് മറ്റൊന്നിന്റെ പകർപ്പോ അനുകരണമോ അല്ലെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

കോഴിക്കോട്
12.10.2020

ഡോ. ശ്രീജിത് ജി.

# കൃതജ്ഞത

അവിശ്രമം എന്റെ ഗവേഷണത്തിലും പ്രബന്ധരചനയിലും ധൈഷണികമായി ഇടപെട്ട് പ്രബന്ധപൂർത്തീകരണത്തിലെത്തിച്ച ആദരണീയനായ മാർഗദർശി ഡോ. ജി. ശ്രീജിത് സാറിന് സ്നേഹപൂർവ്വം വാക്കുകളിൽ കവിഞ്ഞ നന്ദി രേഖപ്പെടുത്തുന്നു. വിദ-ഗ്ധോപദേശം കൊണ്ട് നിറസാന്നിധ്യമായ ഡോ. ഡി. ബെഞ്ചമിൻ സാർ, മലയാള സർ-വകലാശാല വൈസ് ചാൻസിലർ ഡോ. അനിൽ വള്ളത്തോൾ സാർ, ഡോ. കെ. എം അനിൽ സർ, മദ്രാസ് യൂണിവേഴ്സിറ്റി മലയാളവിഭാഗം തലവൻ ഡോ. പി. എം. ഗിരീ-ഷ് സാർ എന്നിവർക്കും ഹൃദയംഗമമായ നന്ദി. ചർച്ചയും അഭിപ്രായവുംകൊണ്ട് നിരന്ത-രം പ്രചോദിപ്പിച്ച പ്രിയസുഹൃത്തുക്കളായ ഡോ. രജീഷ് മംഗലത്ത്, ഡോ. പി. രമേശൻ, ഗവേഷിക മാന സി. നായർ തുടങ്ങിയവർക്കും എന്നും തണലായി നിൽക്കുന്ന കുടും-ബാംഗങ്ങൾക്കും പ്രിയതമ മഞ്ജുളയ്ക്കും നന്ദി രേഖപ്പെടുത്തുന്നു. പുസ്തകങ്ങളും രേഖകളും നൽകി സഹായിച്ച മലബാർ ക്രിസ്ത്യൻ കോളേജ് ലൈബ്രറി അംഗങ്ങൾ, പ്രിൻസിപ്പാൾ ഡോ. ഗോഡ്വിൻ സാംരാജ് ഡി. പി., മറ്റ് അദ്ധ്യാപകർ എന്നിവർക്കും നന്ദി. കേരള സാഹിത്യ അക്കാദമി, അപ്പൻ തമ്പുരാൻ സ്മാരക ലൈബ്രറി, കോഴിക്കോട് സർവ്വകലാ-ശാല മലയാളവിഭാഗം ലൈബ്രറി, തിരുവനന്തപുരം ശ്രീചിത്തിരതിരുനാൾ ബാലരാമ-വർമ്മ സ്മാരക ലൈബ്രറി എന്നിവിടങ്ങളിലെ ജീവനക്കാർ, പ്രബന്ധം ഡി. ടി. പി ചെയ്തു തന്ന ബിനയിലെ ബാലുവേട്ടൻ, സഹപ്രവർത്തകർ എന്നിവർക്കും നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു.

പ്രവീൺകുമാർ പി. വി.

# ഉള്ളടക്കം


**ഉപോദ്ഘാതം** **I – VIII**

**അദ്ധ്യായം 1 മാന്ത്രികനോവൽ – ഘടനയും വിശകലനവും** **1 – 49**

**1. 0.** ആമുഖം.

**1. 1.** നോവൽ എന്ന സാഹിത്യജനുസ്സ്

**1. 2.** നോവലിന്റെ ഉത്ഭവചരിത്രം – സന്ദർഭവും രാഷ്ട്രീയവും

**1. 3.** നോവൽജനുസ്സുകൾ

**1. 3. 1.** ഭീതിജനകകഥയുടെ മനശ്ശാസ്ത്രം

**1. 3. 2.** കുറ്റാന്വേഷണത്തിന്റെ കലാപാഠം

**1. 3. 3.** അപസർപ്പകതയുടെ സൗന്ദര്യശാസ്ത്രം

**1. 4.** മാന്ത്രികനോവൽ: നിർവചനം, സവിശേഷതകൾ

**1. 4. 1.** നിർവചനങ്ങൾ

**1.4. 2.** മാന്ത്രികനോവലുകളുടെ സവിശേഷതകൾ

**1. 4. 2. 1.** ഉത്ഭവഭൂമിക – പാരമ്പര്യം, നാട്ടറിവ്, ആധുനികത

**1. 4. 2. 2.** നിർമാണതലം – ഭാഷ, ഭാവന, ഭാവുകത്വം

**1. 4. 2. 3.** പ്രചലിതതലം – സമൂഹം, ചരിത്രം, രാഷ്ട്രീയം

**1. 4. 2. 4.** സാക്ഷാത്കാരതലം – ജനപ്രിയമൂലകങ്ങൾ

**1. 5.** സംഗ്രഹം

**അദ്ധ്യായം 2 മലയാളത്തിലെ മാന്ത്രികനോവലുകളുടെ വിവരണാത്മകചരിത്രം** **51 – 105**

**2. 0.** ആമുഖം

**2. 1.** മലയാളിയുടെ മാന്ത്രികലോകഭാവന

**2. 3.** മലയാളത്തിലെ മാന്ത്രികനോവലുകൾ

**2. 3. 1.** പ്രാരംഭഘട്ടം

**2. 3. 1. 1.** മോഹനചന്ദ്രൻ

**2. 3. 1. 1. 1.** കലിക

**2. 3. 1. 1. 2.** വേലൻ ചെടയൻ

2. 3. 1. 1. 3. സുന്ദരിഹൈമാവതി

2. 3. 1. 1. 4. കാക്കകളുടെ രാത്രി

2. 3. 1. 2. പി. വി. തമ്പി

2. 3. 1. 2. 1. കൃഷ്ണപ്പരുന്ത്

2. 3. 1. 2. 2. പള്ളിവേട്ട

2. 3. 1. 3. പി. ജി. തമ്പി

2. 3. 1. 3. 1. സാലഭഞ്ജിക

2. 3. 1. 3. 2. സന്നിവേശം

2. 3. 1. 4. ജോൺ ആലുങ്കൽ

2. 3. 2. മധ്യഘട്ടം

2. 3. 2. 1. ഏറ്റുമാനൂർ ശിവകുമാർ

2. 3. 2. 2. കോട്ടയം പുഷ്പനാഥ്

2. 3. 3. സമകാലികഘട്ടം

2. 3. 3. 1. സുനിൽ പരമേശ്വരൻ

2. 3. 3. 2. അശ്വതിതിരുനാൾ

2. 3. 3. 3. തിരൂർ ദിനേശ്

2. 3. 3. 4. സുദീപ് തെക്കേപ്പാട്ട്

2. 3. 3. 5. ഇഗ്നേഷ്യസ് വാര്യത്ത്

2. 4. സംഗ്രഹം

**അദ്ധ്യായം 3 പാരമ്പര്യം, നാട്ടറിവ്, ആധുനികത** **107– 153**

3. 0. ആമുഖം

3. 1.പാരമ്പര്യം, നാട്ടറിവ്, ആധുനികത–മാന്ത്രികനോവലുകളുടെ ഉത്പത്തിസ്രോതസ്സുകൾ

3. 1. 1. പാരമ്പര്യം

3. 1. 2. നാട്ടറിവ് – ഘടനയും രാഷ്ട്രീയവും

3. 1. 3. ആധുനികതയുടെ ചരിത്രസന്ദർഭം

3. 2. പാരമ്പര്യവും നാട്ടറിവും – ആധുനികസന്ദർഭത്തിലെ പ്രതിരോധരാഷ്ട്രീയം

3. 2. 1. ഭാഷയെന്ന പ്രതിബോധശില്പം –

വാമൊഴിവഴക്കങ്ങളുടെ സന്നിവേശവിശേഷം
**3. 2. 2.** മന്ത്രവാദത്തിന്റെ നാട്ടുവഴി
**3. 2. 3.** വിശ്വാസങ്ങളുടെ വൈവിധ്യവും സമൃദ്ധിയും
**3. 2. 4.** ആരാധനാനുഷ്ഠാനങ്ങളെന്ന ദൃശ്യാനുഭവം-
പരിചരണത്തിലെ പുതുമകൾ
**3. 2. 5.** നാട്ടുജീവിക(**Folk Livelihood**)യുടെ ഉറവുകൾ
**3. 3.** സംഗ്രഹം

**അദ്ധ്യായം 4 ഭാവന, ഭാഷ, ഭാവുകത്വം** **155 - 198**
**4. 0.** ആമുഖം
**4. 1.** രചനാശില്പം- നിർമാണവിദ്യയും സർഗാത്മകതയും
**4. 1. 1.** ഭാവന-ഘടനയും ഉപയോഗവും
**4. 1. 2.** ഭാഷയുടെ വ്യവഹാരപഥങ്ങൾ
**4. 1. 3.** ഭാവുകത്വം- സ്ഥിതിയും ഗതിയും
**4. 2.** മാന്ത്രികനോവലുകൾ - കലയും നിർമാണവിദ്യയും
**4. 2. 1.** ഭ്രമാത്മകഭാവനയുടെ നിഗൂഢലോകങ്ങൾ
**4. 2. 2.** അലങ്കൃതവും ഉപചാരരഹിതവുമായ കൃത്രിമഭാഷ
**4. 3.** സംഗ്രഹം

**അദ്ധ്യായം 5 സമൂഹം, ചരിത്രം, രാഷ്ട്രീയം** **199 - 244**
**5. 0.** ആമുഖം
**5. 1.** മാന്ത്രികനോവലിലെ സമൂഹം, ചരിത്രം, രാഷ്ട്രീയം
**5. 1. 1.** സമൂഹം
**5. 1. 2.** ചരിത്രം
**5. 1. 3.** രാഷ്ട്രീയം
**5. 2.** മാന്ത്രികനോവലുകളിലെ സമൂഹ-ചരിത്ര-രാഷ്ട്രീയഘടനകൾ
**5. 2. 1.** അധികാരത്തിന്റെ സാമൂഹികപാഠങ്ങൾ
**5. 2. 2.** ചരിത്രത്തിന്റെ പാഠരൂപങ്ങൾ
**5. 2. 3.** പ്രതിരോധത്തിന്റെ/വിധ്വംസനത്തിന്റെ രാഷ്ട്രീയസത്യങ്ങൾ
**5. 3.** സംഗ്രഹം

**അദ്ധ്യായം 6 മാന്ത്രികനോവലിലെ ജനപ്രിയമൂലകങ്ങൾ** **245 – 274**

**6. 0.** ആമുഖം

**6. 1.** ജനപ്രിയതയുടെ സാംസ്കാരികവിവക്ഷകൾ

**6. 1. 1.** വിനോദമെന്ന പ്രാപ്യസ്ഥാനം

**6. 1. 2.** വിപണിയുടെ സൗന്ദര്യശാസ്ത്രം

**6. 1. 3.** വികാരപരത

**6. 1. 4.** ദർശനവിമുഖത, സുതാര്യത

**6. 1. 5.** പ്രാദേശികത

**6. 1. 6.** ലൈംഗികതയുടെ വിപണിതന്ത്രം

**6. 1. 7.** സ്ത്രീവിരുദ്ധത

**6. 1. 8.** അലങ്കാരശബളമായ വർണ്ണനകൾ

**6. 1. 9.** വ്യാജഗൃഹാതുരത **(False Nostalgia)**

**6. 1. 10.** പ്രസാധനം

**6. 1. 11.** മാന്ത്രികനോവലിന്റെ സാംസ്കാരികലക്ഷ്യം

**6. 2.** സംഗ്രഹം

**ഉപസംഹാരം** **275 – 283**

**ഗ്രന്ഥസൂചി** **285 – 299**

**അനുബന്ധം** **301 – 305**

# ഉപോദ്ഘാതം

## 0. 0. ആമുഖം

ജനപ്രിയനോവലുകളുടെ വ്യവഹാരമണ്ഡലത്തിനുള്ളിൽ പുതിയൊരു ചരിത്രം സൃഷ്ടിച്ചവയാണ് മലയാളത്തിലെ മാന്ത്രികനോവലുകൾ. കേരളത്തിന്റെ സാംസ്കാരികഭൂമികയിൽ രൂപമെടുത്ത മന്ത്രവാദപാരമ്പര്യത്തിന്റെ മാഹാത്മ്യത്തെ പുരസ്കരിക്കുന്ന കല്പിതകഥനങ്ങളാണവ. അയഥാർത്ഥമായ ഭ്രമകല്പനകൾക്ക് യഥാതഥരീതിയിൽ ആവിഷ്കാരം നൽകുന്ന സവിശേഷസാഹിത്യജനുസ്സെന്ന നിലയിൽ അവ ശ്രദ്ധേയമാണ്. മാന്ത്രികനോവലുകൾ ഭാവുകത്വപരമായി ആധുനികതാവാദസമീപനങ്ങളോട് സൗമ്യമായി കലഹിക്കുന്നു.

ഭൂതകാലപാരമ്പര്യത്തിൽ അഭിരമിക്കുന്നതിനുള്ള മനസ്സ് ജനതയുടെ സ്വാഭാവികവാഞ്ഛയാണ്. ഈ പൊതു സാമൂഹികഘടനയ്ക്കകത്ത് മന്ത്രവാദസംസ്കാരത്തെ പ്രതിഷ്ഠിക്കാനാണ് ഈ നോവലിസ്റ്റുകൾ ശ്രമിക്കുന്നത്. പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, ആചാരങ്ങൾ, വിശ്വാസങ്ങൾ, അനുഷ്ഠാനങ്ങൾ, നാട്ടുജീവിക തുടങ്ങിയ സാംസ്കാരികപ്രകടനമൂലകങ്ങളെ ആസൂത്രിതമായി ഉപയോഗിച്ചുകൊണ്ടാണ് മാന്ത്രികനോവലിസ്റ്റുകൾ സ്വന്തം രചനകൾ ഒരുക്കുന്നത്. ഭൂതകാലപാരമ്പര്യത്തിലെ സവർണ്ണമുദ്രകളെ വേറിട്ടെടുത്തുകാട്ടി അവയുടെ മഹത്വം വിളംബരം ചെയ്യാനുള്ള ബോധപൂർവശ്രമം മലയാളത്തിലെ മാന്ത്രികനോവലുകളിൽ പൊതുവെ കാണാം. നിലവിലുള്ള സാമൂഹികയാഥാർഥ്യങ്ങൾക്കിടയിൽ പ്രകടിപ്പിക്കാൻ കഴിയാതെ ഗോപ്യമാക്കി വയ്ക്കപ്പെട്ട വ്യക്തികളുടെ വൈകാരികതകളും അനുഭൂതികളും മാന്ത്രികനോവലിൽ പ്രകടമായി കാണാം. വായനയുടെ ജനാധിപത്യസ്വരമാണവിടെ ഉയർന്നുവരുന്നതെങ്കിലും സമൂഹത്തിന്റെ ഭിന്നതലങ്ങളിൽ നടക്കുന്ന സവർണബ്രാഹ്മണവത്കരണത്തിന്റെ പ്രതിനിധാനങ്ങളായി ഇത്തരം നോവലുകളെ പരിഗണിക്കാവുന്നതാണ്. വായനക്കാരന്റെ പ്രതീക്ഷകൾക്കും അഭിരുചികൾക്കുമാണ് ഇവിടെ മുൻതൂക്കം.

സാഹിത്യകൃതികളെ ഉത്തമം, അധമം എന്നിങ്ങനെ വർഗ്ഗീകരിച്ച് ജനപ്രിയമായവയെ അധമമെന്ന വിധിച്ച് ഇകഴ്ത്തുന്നതിനുപകരം അവയിലെ ലാവണ്യാനുഭവത്തെ വിശകലവിധേയമാക്കാനാണ് പരിശ്രമിക്കേണ്ടത്. മാന്ത്രികനോവലിന്റെ ചരിത്രം ജനപ്രിയമാസികകളുടെയും ചരിത്രമാണ്. ദാർശനികഭാരമില്ലാതെ ലാളിത്യത്തോടെ വായനയെ ത്വരിതപ്പെടുത്തുന്നതിൽ നോവലിസ്റ്റുകൾ വിജയിച്ചിട്ടുണ്ട്. എഴുത്തിന്റെ സൗന്ദര്യവും രാഷ്ട്രീയവും സാക്ഷാത്കൃതമാകുന്നത് വായനയിലൂടെയാണ്. അതുകൊണ്ടുതന്നെ വായനക്കാരന്റെ പ്രതീക്ഷകൾക്ക് മുൻതൂക്കം നൽകാൻ മാന്ത്രികനോവൽരചയിതാക്കൾ താത്പര്യം പ്രകടിപ്പിച്ചു.

## 0. 1. പഠനലക്ഷ്യം

മാന്ത്രികനോവലുകളുടെ ചരിത്രവും വിശകലനവും മലയാളസാഹിത്യചരിത്രങ്ങളിലോ പഠനങ്ങളിലോ ഒന്നും ഗൗരവപൂർവം രേഖപ്പെടുത്തിയിട്ടില്ല. മലയാളത്തിലെ മാന്ത്രികനോവലുകളെ സാംസ്കാരികവിശകലനത്തിനു വിധേയമാക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം. ജനപ്രിയവായനയുടെ കാലഘട്ടത്തിലെ കൃതികൾ, സാഹിത്യപ്രവണതകൾ എന്നിവ താരതമ്യം ചെയ്തും അപഗ്രഥിച്ചും വിമർശന വിധേയമാക്കിയുമാണ് വിശകലനം സാധ്യമാക്കിയിട്ടുള്ളത്. നോവലിന്റെ ആഖ്യാനത്തിനുള്ളിലെ ഭാവനാലോകങ്ങൾ, ഭാഷാവ്യവസ്ഥകൾ, ഭാവുകത്വപരിണതികൾ, ആചാരാനുഷ്ഠാനങ്ങൾ വാമൊഴിവഴക്കങ്ങൾ, സമൂഹങ്ങൾ, അധികാരഘടനകൾ, ലിംഗനീതിയുടെ പ്രശ്നങ്ങൾ, സാമ്പത്തികനിലകൾ തുടങ്ങിയവ വിശദമായി പ്രബന്ധത്തിൽ വിശകലനവിധേയമാക്കുന്നു. ചുരുക്കത്തിൽ അവ്യാകൃതമായിരുന്ന ഒരു ജനുസ്സിനെയും മേഖലയെയും വിശദമായി പരിചയപ്പെടുത്തുകയും അതിലെ ആഖ്യാനങ്ങളുടെ സൂക്ഷ്മവിശകലനം നിർവഹിക്കുകയുമാണ് പഠനത്തിന്റെ ലക്ഷ്യം.

### 0. 2. പരികല്പന

മലയാളനോവലിന്റെ സ്വരൂപഘടനയ്ക്കകത്ത് പ്രവർത്തിക്കുന്ന വ്യവഹാരരൂപമാണ് മാന്ത്രികനോവൽ. ജനപ്രിയസാഹിത്യസൃഷ്ടികളെ ഗുണനിരൂപണം ചെയ്ത് നിരാകരിക്കുന്നതിനുപകരം അവ സൃഷ്ടിക്കുന്ന സാംസ്കാരികചലനങ്ങൾ പഠനവിവിധേയമാക്കുകയാണ് വേണ്ടത്. ഉത്കൃഷ്ടകലകൾ നൽകുന്നതിനേക്കാൾ ജനസാമാന്യത്തിന്റെ വികാരങ്ങൾക്ക് ഊന്നൽ നൽകുന്നത് ജനപ്രിയാഖ്യാനങ്ങളാണ്. ഘടനാപരമായും പ്രമേയപരമായും ഏകതാനതസ്വഭാവമാണ് ഇവയ്ക്കുള്ളതെങ്കിലും അലങ്കൃതഭാഷയും (ornamental Language) കല്പനകളും സ്വീകരിക്കുന്നതിൽ സമ്പന്നമാണിവ. മന്ത്രവാദനോവലുകൾക്ക് കേരളത്തിന്റെ സാംസ്കാരികഭൂമികയിൽ നിർണായകചലനങ്ങളുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ആ പൂർവധാരണയുടെ ചരിത്രപരവും സൗന്ദര്യശാസ്ത്രപരവും രാഷ്ട്രീയവുമായ കാരണങ്ങളും നിർദ്ധാരണം ചെയ്യേണ്ടതാണ്.

### 0. 3. പഠനത്തിന്റെ പ്രസക്തി

മലയാളത്തിലെ മാന്ത്രികനോവലുകളെക്കുറിച്ചുള്ള സവിശേഷപഠനങ്ങൾ ഇതുവരെ നടന്നിട്ടില്ല. സാംസ്കാരികപഠനത്തിന്റെ രീതിശാസ്ത്രമുപയോഗിച്ച് ധാരാളം ജനപ്രിയാഖ്യാനരൂപങ്ങൾ പഠനവിധേയമാക്കിയിട്ടുണ്ട്. അപസർപ്പകനോവലുകൾ ജനപ്രിയവ്യവഹാരരൂപത്തിൽപ്പെടുത്തി വിശകലനവിധേയമാക്കുമ്പോൾ മാന്ത്രികനോവലുകൾ പഠനവിധേയമാക്കേണ്ടവയാണെന്ന് ഓർമ്മപ്പെടുത്തി കടന്നുപോകുന്ന സൂചനകളേ കണ്ടിട്ടുള്ളൂ. ഒരു സമൂഹത്തിന്റെ സംസ്കാരത്തെ പഠനവിധേയമാക്കുന്നതിന് ആ സമൂഹത്തെ ആഴത്തിൽ സ്വാധീനിച്ച ഘടകങ്ങൾ പരിശോധിക്കേണ്ടതുണ്ട്. സാമാന്യജനതയുടെ ജീവിതാനുഭൂതികൾക്ക് പ്രത്യക്ഷീകരണം നൽകിയ വ്യവഹാരരൂപമെന്ന നിലയിൽ മാന്ത്രികനോവലുകൾ സവിശേഷപഠനമർഹിക്കുന്നു. ഇപ്രകാരം ശകലിതവും ഭ്രഷ്ടവുമായി നില്ക്കുന്ന ജനസ്സുകൾ കൂടി ഉൾപ്പെടുമ്പോഴേ മലയാളസാഹിത്യചരിത്രം പൂർണ്ണമാവുകയുള്ളൂ. ആഖ്യാനവൈവിധ്യവും ഭാഷാവൈവിധ്യവും കൊണ്ട് സവിശേഷപഠനമർ-

ഹിക്കുന്ന ആഖ്യാനസ്വരൂപമാണ് മാന്ത്രികനോവലുകൾ എന്ന വർത്തമാനകാലപ്രസക്തമായ ധാരണയിലാണ് ഈ അന്വേഷണം കെട്ടിപ്പടുത്തിട്ടുള്ളത്.

## 0. 4. പ്രബന്ധത്തിന്റെ വ്യാപ്തി

എഴുത്തുകാർതന്നെ മാന്ത്രികനോവലെന്ന് വിശേഷിപ്പിച്ച നോവലുകൾ മാത്രമാണ് ഇവിടെ പഠനത്തിന് ഉൾക്കൊള്ളിച്ചിരിക്കുന്നത്. മലയാളത്തിൽ ഇന്നുവരെ പ്രസിദ്ധീകൃതമായ മാന്ത്രിക നോവലുകളെയും എഴുത്തുകാരെയും, പ്രാഥമികമായ സാഹിത്യചരിത്രദത്തങ്ങൾ എന്ന നിലയിൽ അടയാളപ്പെടുത്തുക എന്ന ശ്രമകരമായ ലക്ഷ്യത്തെ പ്രബന്ധത്തിൽ സാക്ഷാത്കരിക്കാൻ ശ്രമിക്കുന്നുണ്ട്. നോവൽ എഴുതിയ കാലഘട്ടത്തിന്റെയും കൃതികളുടെയും അടിസ്ഥാനത്തിൽ ഉത്ഭവഘട്ടം, മധ്യഘട്ടം ,സമകാലികഘട്ടം എന്നിങ്ങനെ മൂന്ന് മേഖലകളായി തിരിച്ച് നോവലുകളെയും എഴുത്തുകാരെയും ഇവിടെ സവിശേഷാപഗ്രഥനത്തിന് വിധേയമാക്കുന്നു. മോഹനചന്ദ്രൻ, പി. വി. തമ്പി, കോട്ടയം പുഷ്പനാഥ്, ഏറ്റുമാനൂർ ശിവകുമാർ, സുനിൽ പരമേശ്വരൻ എന്നിവരുടെ രണ്ട് (2) വീതം നോവലുകളെ ഉൾപ്പെടുത്തി, ആകെ  പത്ത് (10) നോവലുകളുടെ വിശേഷപഠനമാണ് പ്രബന്ധത്തിലുള്ളത്. മോഹനചന്ദ്രന്റെ 'കലിക', 'വേലൻചെടയൻ', പി. വി. തമ്പിയുടെ, 'കൃഷ്ണപ്പരുന്ത് ', 'പള്ളിവേട്ട', കോട്ടയം പുഷ്പനാഥിന്റെ 'ദേവഗന്ധർവ്വൻ', 'ദേവകന്യക', ഏറ്റുമാനൂർ ശിവകുമാറിന്റെ 'ആകാശഗംഗ', 'ആയില്യം കാവ്', സുനിൽ പരമേശ്വരന്റെ ' അനന്തഭദ്രം', 'ക്ലൂനൂർ മഠം' എന്നിവയാണ് പഠനത്തിനു തിരഞ്ഞെടുത്തിട്ടുള്ള കൃതികൾ. ഓരോ കാലത്തെയും പ്രാതിനിധ്യസ്വഭാവമുള്ള എഴുത്തുകാരുടെ ഏറ്റവും ജനപ്രീതി നേടിയ നോവലുകളാണ് പഠനത്തിനു തിരഞ്ഞെടുത്തിട്ടുള്ളത്. അപഗ്രഥനസാമഗ്രികളുടെ പ്രയോഗസാധ്യതയും വിശകലനസൗകര്യവുമാണ് തിരഞ്ഞെടുപ്പിലെ മറ്റൊരു അളവുകോൽ. ആഖ്യാനത്തിലും ഭാഷയിലും സ്വീകരിച്ച വ്യത്യസ്തതകൾ മാനദണ്ഡമാക്കിയാണ് എഴുത്തുകാരെയും കൃതികളെയും സാങ്കേതികാർത്ഥത്തിൽ ഘട്ടവിഭജനം നടത്തിയിട്ടുള്ളത്.

### 0. 5. പൂർവ്വപഠനങ്ങൾ

മാന്ത്രികനോവലുകളെ കേന്ദ്രീകരിച്ച് ഗൗരവമുള്ള ഒരു പഠനവും ഇതുവരെ നടന്നിട്ടില്ല. ജനപ്രിയസാംസ്കാരികപഠനവുമായി ബന്ധപ്പെട്ട ചില ആനുഷംഗികനിരീക്ഷണങ്ങൾ മാന്ത്രികനോവലുകളുടേതായി വന്നിട്ടുണ്ട്. ഡോ. ഷാജി ജേക്കബ് എഡിറ്ററായി പ്രസിദ്ധീകരിച്ച *മലയാളനോവൽ- ഭാവനയുടെ രാഷട്രീയം*(2013) എന്ന ലേഖനസമാഹാരത്തിലെ 'ഭാവനയിലെ ഭൂതബാധകൾ' എന്ന ലേഖനത്തിൽ ജനപ്രിയസംസ്കാരം വിശകലനം ചെയ്യുന്നിടത്ത് മാന്ത്രിക നോവൽ പരാമർശിച്ചു കാണുന്നുണ്ട്. പ്രസ്തുത നോവൽജനുസ്സിനെയും അതിലെ എഴുത്തുകാരെയും ഇതുവരെ സവിശേഷപഠനത്തിനായി ആരും തിരഞ്ഞെടുത്തിട്ടില്ല.

### 0. 6. പ്രബന്ധസംവിധാനം

ഈ പ്രബന്ധം ആറ് (6) അധ്യായങ്ങളായി സംവിധാനം ചെയ്തിരിക്കുന്നു. 'മാന്ത്രിക നോവൽ - ഘടനയും വിശകലനവും' എന്ന ഒന്നാമത്തെ അധ്യായത്തിൽ നോവൽ എന്ന സാഹിത്യജനുസ്സിനെ സാമാന്യമായി പരിചയപ്പെടുത്തി അതിന്റെ ഉത്ഭവചരിത്രവും രാഷ്ട്രീയവും വിശകലനം ചെയ്ത് വ്യത്യസ്തമായ നോവൽജനുസ്സുകളെ പരിചയപ്പെടുത്തുന്നു. ഇവിടെ മാന്ത്രികനോവലുകളെ ഏറെ സ്വാധീനിച്ച കുറ്റാന്വേഷണ നോവലിന്റെ കലാപാഠവും അപസർപ്പകനോവലിന്റെ സൗന്ദര്യശാസ്ത്രവും വിശകലനം ചെയ്ത് കൊണ്ട് മാന്ത്രിക നോവലിന്റെ സവിശേഷതകൾ കണ്ടെത്തുന്നു. മാന്ത്രികനോവലിനു ഫലപ്രദമായ നിർവ്വചനങ്ങൾ നല്കുന്നത് ഈ അധ്യായത്തിലാണ്. മാന്ത്രികനോവലുകൾക്ക് നാല് (4) പ്രധാന സംരചനാതത്ത്വങ്ങൾ നിർണയിച്ച് ഈ അധ്യായത്തിൽ വിശകലനം ചെയ്തിരിക്കുന്നു. ഒന്നാമത്തെ തത്ത്വം, ഉത്ഭവ ഭൂമികയാണ്. പാരമ്പര്യം, നാട്ടറിവ് എന്നിവയാണ് ആ ഭാഗത്ത് വിശകലനോപാധികളായി സ്വീകരിക്കുന്നത്. രണ്ടാമത്തെ തത്ത്വം ഭാഷ ,ഭാവന, ഭാവുകത്വം എന്നിവ സാമഗ്രികളായുള്ള നിർമ്മാണതലമാണ്. സമൂഹവും ചരിത്രവും രാഷ്ട്രീയവും ഉൾക്കൊള്ളുന്ന മൂന്നാമത്തെ തത്ത്വം പ്രചലിതത-

ലമാണ്. നാലാമത്തെ തത്ത്വമായ സാക്ഷാത്കാരതലത്തിൽ, ജനപ്രിയമൂലകങ്ങളുടെ നിർദ്ധാരണമാണുള്ളത്.

രണ്ടാമത്തെ അധ്യായം മലയാളത്തിലെ മാന്ത്രികനോവലുകളുടെ വിവരണാത്മകചരിത്രമാണ്. മലയാളിയുടെ മാന്ത്രികലോകഭാവനയെ ഇവിടെ സാമാന്യമായി പരിചയപ്പെടുത്തിയിരിക്കുന്നു. മലയാളത്തിലെ മാന്ത്രികനോവലുകൾ പുറത്തുവന്ന കാലം, അതിലെ പ്രധാന എഴുത്തുകാർ, ആഖ്യാനരീതിയുടെ സവിശേഷതകൾ, പ്രധാന കൃതികൾ എന്നിവയെ അടിസ്ഥാനമാക്കി പ്രാരംഭഘട്ടം, മധ്യഘട്ടം, സമകാലികഘട്ടം എന്ന് മൂന്നായി തിരിച്ച് കൃതികളുടെ വിവരണാത്മകചരിത്രം അവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

മൂന്നാം അധ്യായം മാന്ത്രികനോവനോവലിലെ പാരമ്പര്യം, നാട്ടറിവ്, ആധുനികത എന്നിവ വിശകലനം ചെയ്യുന്നതാണ്. മാന്ത്രികനോവലിന്റെ പാരമ്പര്യവും ഘടനയും പരിശോധിച്ച് ആധുനികതയുടെ ചരിത്രസന്ദർഭത്തിൽ അവയെങ്ങനെ പ്രവർത്തിച്ചുവെന്ന്, തിരഞ്ഞെടുത്ത നോവലുകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യുകയാണ് ഈ അധ്യായത്തിൽ ചെയ്തിട്ടുള്ളത്.

നാലാം അധ്യായത്തിൽ മാന്ത്രികനോവലുകളിലെ ഭാഷ, ഭാവന, ഭാവുകത്വം എന്നിവ പരിചയപ്പെടുത്തുന്നു. രചനാശില്പവും നിർമ്മാണവിദ്യയും സർഗ്ഗാത്മകതയും എങ്ങനെ മാന്ത്രികനോവലുകളിൽ പ്രവർത്തിക്കുന്നുവെന്ന് വിശകലനം ചെയ്യുകയാണ് ഈ അധ്യായം. ഭാഷയുടെ വ്യവഹാരപഥങ്ങളെ വിശകലനം ചെയ്ത് ഭാവുകത്വനിർമ്മിതി എങ്ങനെ നടക്കുന്നിരിക്കുവെന്ന് അവിടെ വിവരിക്കുന്നു.

അഞ്ചാം അധ്യായത്തിൽ (സമൂഹം, ചരിത്രം, രാഷ്ട്രീയം) മാന്ത്രികനോവലുകളിലെ സമൂഹത്തെയും ചരിത്രത്തെയും രാഷ്ട്രീയത്തെയും വിശകലനവിധേയമാക്കിയിരിക്കുന്നു.

ആറാം അധ്യായം മാന്ത്രികനോവലുകളിലെ ജനപ്രിയമൂലകങ്ങളുടെ അപഗ്രഥനമാണ്. ജനപ്രിയസംസ്കാരമെന്ന സങ്കല്പനത്തെ കേന്ദ്രീകരിച്ച് ജനപ്രിയതയുടെ മാനദ-

ണ്ഡങ്ങൾ, പൊതു സവിശേഷതകൾ എന്നിവയെ ആധാരമാക്കി തിരഞ്ഞെടുത്ത നോവലുകളെ അവിടെ പഠിച്ചിരിക്കുന്നു.

പഠനത്തിലൂടെ കണ്ടെത്തിയ വസ്തുതകൾ ഉപസംഹാരത്തിൽ ക്രോഡീകരിച്ചിരിക്കുന്നു. വിശദമായ ഗ്രന്ഥസൂചി അവസാനഭാഗത്ത് ചേർത്തിട്ടുണ്ട്. അനുബന്ധമായി മലയാളത്തിലെ കണ്ടു കിട്ടിയ മാന്ത്രികനോവലുകൾ പട്ടികപ്പെടുത്തിയിരിക്കുന്നു.

**0. 7. പഠനത്തിന്റെ രീതിശാസ്ത്രം**

സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രം അവലംബമാക്കിയാണ് ഈ പഠനം നടത്തിയിട്ടുള്ളത്. രണ്ടാം അധ്യായം വിവരണാത്മരീതിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു. ക്രമബദ്ധമായ അപഗ്രഥനത്തോടൊപ്പം സാമാന്യാവലോകനം, താരതമ്യം, വിമർശനം എന്നീ സമീപനരീതികൾ കൂടി പ്രബന്ധത്തിൽ ഉപയോഗിച്ചിട്ടുണ്ട്.

**0. 8. പഠനത്തിന്റെ പരിമിതികൾ, വിപുലീകരണസാധ്യതകൾ**

മലയാളത്തിലെ മാന്ത്രികനോവലുകൾ സാമാന്യമായി പഠനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയുടെ പട്ടിക പൂർണ്ണമല്ല. വിപണിയിൽ മാന്ത്രികനോവലുകളുടെ ലഭ്യതക്കുറവും, ഗ്രന്ഥശാലകളിൽ അവയുടെ ശേഖരക്കുറവും അനുഭവപ്പെട്ടിട്ടുണ്ട്. അതിനാൽ ഈ പഠനത്തെ ഇനിയും വിസ്തൃതിപ്പെടുത്താവുന്നതാണ്.

# അദ്ധ്യായം 1

# മാന്ത്രികനോവൽ – ഘടനയും വിശകലനവും

## 1. 0. ആമുഖം

അതിസാമാന്യതയിലൂടെ സിദ്ധിക്കുന്ന ഋജുത്വവും സാമീപ്യസമ്പർക്കസാധ്യതയുമാണ് ആധുനികാനന്തരകാലത്ത് ഏതൊരു മനുഷ്യാവിഷ്കാരത്തെയും ജനാധിപത്യപരമാക്കുന്ന മുഖ്യഘടകം. ചിത്രകല, സംഗീതം, സാഹിത്യം, കെട്ടിടനിർമാണം, ശില്പവിദ്യ, പാചകം, തുന്നൽപ്പണി, പൂന്തോട്ടനിർമാണം എന്നുതുടങ്ങി, മനുഷ്യൻ തന്റെ ക്രിയാശേഷി ഉപയോഗിക്കുന്ന മണ്ഡലങ്ങളിലൊക്കെ അതിപരിചിതമായ അന്തരീക്ഷമാണ് കൂടുതൽ അഭിനന്ദനീയമായി കരുതുന്നത് അസാമാന്യത (വിശേഷത) അത്ഭുതവും ആരാധനയും സൃഷ്ടിച്ചേക്കാമെങ്കിലും അത് സർവജനസ്പർശിയല്ല. നിഗൂഢതയും (Mystery) ഒളിപ്പിച്ചുവയ്ക്കലും (Hiding) അർഥത്തെ നീട്ടിവയ്ക്കലുമെല്ലാം നിർണായകമായിരുന്ന പൂർവകാലാഖ്യാനങ്ങളുടെ രീതിവിധാനങ്ങളോടു വിടപറഞ്ഞ്, എല്ലാ വിശേഷപദവികളോടും വിമുഖത പ്രകടിപ്പിക്കുന്ന പുതിയൊരു സാംസ്കാരികശീലം ഇക്കാലത്ത് രൂപപ്പെട്ടുവന്നിട്ടുണ്ട്. ഉദാഹരണത്തിന് നിയതമായ രാഗത്തിലും താളത്തിലും സാങ്കേതികമായി ചിട്ടപ്പെടുത്തിയിട്ടുള്ള ഒരു കർണാടകസംഗീതകൃതി അതിന്റെ രചനയിലും അവതരണത്തിലും വിസ്മയം സൃഷ്ടിച്ചേക്കാം. 'ഉദാത്തം', (sublime) 'പ്രതിഭാസമ്പന്നം', 'അനുഗൃഹീതം'(Gifted) എന്നൊക്കെ വിളിച്ച് ആ വിസ്മയത്തെ ആളുകൾ പ്രശംസിക്കുകയും ചെയ്യും. എന്നാൽ അതിന്റെ എഴുത്തുമുതൽ പ്രകടനംവരെ എല്ലാവർക്കും എളുപ്പം സമീപിക്കാനാവാത്ത സങ്കേതങ്ങളും വ്യവസ്ഥകളും വിചാരങ്ങളും മറഞ്ഞിരിപ്പുണ്ട്. ഇതിനെക്കാൾ തുറന്നതും കൂടുതൽ രസികരുടെ വികാരങ്ങളെ സ്പർശിക്കുന്നതുമാണ് ചലച്ചിത്രഗാനങ്ങൾ. കർണാടകസംഗീതകൃതിയുടെ പദവിയെ വിശിഷ്ടം (വിശേഷസ്വഭാവമുള്ളത് എന്ന അർഥത്തിൽ) എന്നും ചലച്ചിത്രഗാനത്തിന്റേത് സാമാന്യം എന്നും താത്കാലികമായി വിളിക്കാം (അവയ്ക്കുള്ള സാങ്കേതികനാമങ്ങൾ പിന്നീട് വിശദീകരി-

ക്കും). രണ്ടാമത്തേതിന്റെ നില ചിലപ്പോൾ അതിസാമാന്യം പോലുമായേക്കാം. ലോകത്തിലെ എല്ലാ സൗകര്യങ്ങളും എല്ലാവർക്കും ഒരേപോലെ പ്രാപ്യമാകുന്ന പുതിയകാലത്ത് ഈ തത്ത്വത്തിന് വളരെയേറെ പ്രധാന്യമുണ്ട്. ജനപ്രിയത (Popularity) എന്ന സങ്കല്പനം ഈ പ്രവണതയുടെ ഉത്പന്നമാണ്. ഈ സമീപനം വിശിഷ്ടകൃതികളെ നിരാകരിക്കുകയല്ല, സാമാന്യകൃതികളെ തമസ്കരിക്കുന്ന രീതിയോടു വിയോജിക്കുക മാത്രമാണു ചെയ്യുന്നത്. ഉദാഹരണം ഭാരതീയമായതുകൊണ്ട് മറ്റിടങ്ങളിൽ ഇതു പ്രസക്തമല്ലെന്നു കരുതേണ്ടതില്ല. ചില അവതരണങ്ങളെ വിശേഷിച്ചു പരിഗണിക്കുകയും മറ്റുള്ളവയെ സാമാന്യമെന്നും നിസ്സാരമെന്നും വിധിച്ച് പുറന്തള്ളുകയും ചെയ്യുന്ന രീതി ലോകത്തെല്ലാമുണ്ട്. ജനപ്രിയസംസ്കാരപഠനം (Popular Studies) ആ കാഴ്ചപ്പാടിനോടു കലഹിക്കുന്നു.

### 1. 1. നോവൽ എന്ന സാഹിത്യജനുസ്സ്

നോവലിന് merriam webster നിഘണ്ടു നല്കുന്ന നിർവചനം ഇങ്ങനെയാണ്: "നവീനവും സുദീർഘവും സങ്കീർണവുമായ ഒരു ഗദ്യവിവരണമാണ് നോവൽ. പരസ്പരബന്ധമുള്ള സംഭവപരമ്പരകളുടെ അവതരണത്തിലൂടെ അത് മനുഷ്യാനുഭവങ്ങൾ പങ്കുവയ്ക്കുന്നു"[1]. മറ്റൊരു വിവരണം നോക്കുക: "നോവൽ കല്പിതകഥയുടെ ഒരു വിഭാഗമാണ്, എഴുത്തിലൂടെ, മനുഷ്യജീവിതത്തെ പ്രതിനിധാനം ചെയ്യുന്നതോ അല്ലെങ്കിൽ വഴിതിരിച്ചുവിടുന്നതോ അല്ലെങ്കിൽ രണ്ടും ഒരേപോലെ നിർവഹിക്കുന്നതോ ആയ കലയാണ് കല്പിതകഥ. നോവലെന്ന ദൈർഘ്യമുള്ള ഗദ്യാഖ്യാനം പരസ്പരബന്ധമുള്ള അനേകം സംഭവപരമ്പരകളുടെയും കഥാപാത്രങ്ങളുടെയും സഹായത്തോടെ മനുഷ്യാനുഭവങ്ങൾ

1"an invented prose narrative that is usually long and complex and deals especially with human experience through a usually connected sequence of events"

(https://www.merriam-webster.com/dictionary/novel).

ചിത്രീകരിക്കുന്നു"[2]. ഈ രണ്ടു പ്രാഥമികവിവരണങ്ങളിലും സൂചിപ്പിക്കുന്ന നോവലിന്റെ സവിശേഷതകൾ താഴെ പറയുന്നവയാണ്.

1. ഗദ്യപരത (Writing in Prose)

2. കല്പിതത്വം (Fictionality)

3. ദൈർഘ്യം (Length)

4. നവീനത (Innovation)

5. സത്യാഭാസത്വം (Plausibility)

6. കഥാവസ്തുവികാസത്തിലുള്ള സൂക്ഷ്മതയും വിസ്തൃതിയും (Development of Plot)

7. കഥാപാത്രങ്ങളുടെ ഉത്ഭവവികാസപരിണാമങ്ങളിലുള്ള വൈവിധ്യവും വൈചിത്ര്യവും (Development of Characters)

8. സംഭവങ്ങളുടെ പരമ്പരാസ്വഭാവം (sequence of events)

9. പ്രസാധനത്തിനുള്ള പ്രാധാന്യം (Publication Practice)

സാഹിത്യം വിശേഷവ്യവഹാരമായിരുന്ന ചരിത്രസന്ദർഭത്തിലാണ് നോവൽ എന്ന ജനുസ്സ് മനുഷ്യന്റെ വായനാലോകത്തു പ്രത്യക്ഷപ്പെടുന്നത്. അതിൽത്തന്നെ പദ്യവും നാടകവുമൊക്കെയായിരുന്ന പതിനേഴാം നൂറ്റാണ്ടുവരെ മേല്ക്കൈ നേടിയിരുന്നത്. ഛന്ദസ്സുതമല്ലാത്ത സംഭാഷണഗദ്യത്തിന്റെ മാതൃകയിലുള്ള രാജരേഖകൾ പുതുവർഷം എട്ടാം നൂറ്റാണ്ടുമുതൽ കാണാം (https://www.britannica.com/prose) കച്ചവടത്തിനായി ലോകമെമ്പാടും സഞ്ചരിച്ച ജനവംശങ്ങൾക്ക് ഗദ്യത്തെ കൂടുതൽ ആശ്രയിക്കേണ്ടിവരികയും അത് ലോകം മുഴുവൻ വ്യാപിക്കുകയും ചെയ്തു. അങ്ങനെ ഗദ്യം

2The novel is a genre of fiction, and fiction may be defined as the art or craft of contriving, through the written word, representations of human life that instruct or divert or both. Novel, an invented prose narrative of considerable length and a certain complexity that deals imaginatively with human experience, usually through a connected sequence of events involving a group of persons in a specific setting.

(https://www.britannica.com/novel).

ആശയവിനിമയസമ്പ്രദായമെന്ന പദവി വിട്ട് കഥാകഥനത്തിനും സർഗാത്മകാവിഷ്കാരത്തിനുമുള്ള പ്രധാനസങ്കേതമായിത്തീർന്നു. നോവലിന്റെ ഉത്ഭവവികാസചരിത്രം ഗദ്യത്തിന്റെ സാംസ്കാരികപരിണാമചരിത്രം കൂടിയാണെന്നു കാണാം.

മനുഷ്യയാഥാർഥ്യങ്ങളെ അവതരിപ്പിക്കുമ്പോഴും നോവലുകൾ കല്പനാലോകവ്യവഹാരങ്ങളെയാണ് മുൻനിർത്തുന്നത്. അവ ആഖ്യാനത്തിന്റെ കലയാണ്. സങ്കല്പവും യാഥാർത്ഥ്യവും സമഞ്ജസമായി സമ്മേളിക്കുന്ന കലാരൂപമാണത്. ജീവിതത്തെ യഥാതഥമായി പകർത്താനാണ് നോവലുകൾ ശ്രമിക്കുന്നത്. പ്രതിജനഭിന്നങ്ങളായ മനുഷ്യപ്രകൃതികളും അനുഭവതലങ്ങളും എഴുത്തുകാരെ നിരന്തരം ആകർഷിക്കുന്നു. പാശ്ചാത്യലോകത്ത് മധ്യയുഗത്തിൽ റൊമാൻസ്, നോവല്ല എന്നീ രണ്ടു കഥാരൂപങ്ങൾ ഉയർന്നുവന്നിരുന്നു. വീരസാഹസികകഥകളായിരുന്നു റൊമാൻസുകൾ. ഭൂതപ്രേതാദികളിലുള്ള വിശ്വാസം, വീരാരാധന, സാഹസികത, ആദർശപ്രണയം, ഈശ്വരഭക്തി ഇവയായിരുന്നു റൊമാൻസിന്റെ ഘടകങ്ങൾ. കല്പനകളുടെ സ്വച്ഛന്ദവിഹാരത്തിന് കളമൊരുക്കിയ കഥനരൂപങ്ങളായിരുന്നു അവ. ഗദ്യകഥാകഥനങ്ങളിൽ കല്പിതത്വത്തെ ബഹുധാവിനിയോഗിക്കുന്ന രൂപങ്ങളിൽ ഒന്നാമത്തേത് നോവലാണെന്നു പറയാം. നോവലിന്റെ സഹജാംശമാണ് യാഥാർത്ഥ്യവും കാല്പനികതയും ഇതുരണ്ടും റൊമാൻസിലും നോവലിലും കാണാം. ബൊക്കാച്ചിയോവിന്റെ 'ഡക്കാമറോൺ കഥകൾ നോവല്ലയ്ക്ക് ഉദാഹരണമാണ്. ചാർലിമേൻ, ആർതർ എന്നീ രാജാക്കന്മാരെ കേന്ദ്രമാക്കിയുള്ള കഥകൾ റൊമാൻസുകളെന്ന നിലയിൽ പ്രശസ്തങ്ങളാണ്.

മനുഷ്യസമൂഹത്തിന്റെ പ്രതിഭിന്നങ്ങളായ വ്യവഹാരലോകങ്ങളാണ് നോവലിന്റെ സംവാദമണ്ഡലം. സമൂഹം അതേപടി യാഥാർഥ്യബോധത്തോടെ നോവലിൽ പ്രത്യക്ഷപ്പെടുന്നുവെന്നല്ല അതിനർഥം. സമൂഹത്തിലെ അധികാരഘടനകളും രാഷ്ട്രീയധാരണകളും പ്രത്യയ ശാസ്ത്രവിവക്ഷകളും ആഖ്യാനത്തിന്റെ സൗന്ദര്യശാസ്ത്ര, രാഷ്ട്രീയതാത്പര്യങ്ങളുമായി കൂടിക്കലർന്നു നോവലിൽ പ്രത്യക്ഷപ്പെടുന്നു. എഴുത്തുകാരനെ-

പ്പോലെ വായനക്കാരനും അതിന്റെ നിർമ്മാണത്തിൽ പങ്കാളിയാണെന്ന കാഴ്ചപ്പാടിനും ഇവിടെ പ്രസക്തിയുണ്ട്. നോവലിൽ വായനക്കാരൻ ഒരു സമൂഹത്തെ സങ്കല്പിക്കുന്നതിലൂടെയാണ് നോവലിന്റെ സംഭവപരമ്പരകളുടെ ഐകരൂപ്യവും ഇണക്കവും തിരിച്ചറിയുന്നത്. നോവലിൽ സമൂഹത്തെ നിജപ്പെടുത്തുന്ന പ്രതിനിധാനവ്യവസ്ഥ രൂപപ്പെടുന്നത് സർവ്വവ്യാപിയായ ആഖ്യാതാവ് എന്ന സങ്കേതമാണ് (ഇ. വി. രാമകൃഷ്ണൻ, 2017: 30).

ആഖ്യാനത്തിനുള്ളിലെ സംഭവങ്ങൾ സത്യമാണെന്ന തോന്നൽ അവ നിരന്തരം ഉയർത്തിവിടുന്നു. രൂപപരമായി നോവലിനു സിദ്ധിച്ചിട്ടുള്ള ഇതിഹാസസമാനതയും ദീർഘതയും സംഭവപരമ്പരകളോടുകൂടിയ സങ്കീർണഘടനയും അതിനു പുതുമ നല്കി. നോവൽ എന്ന വാക്കിന് നൂതനമായത്, നവീനമായത് എന്നാണർത്ഥം. ഇതിവൃത്തം, കഥാപാത്രങ്ങൾ, സംഭാഷണം, സംഭവത്തിന്റെ സ്ഥലകാലങ്ങൾ, രചനാശൈലി, ജീവിതദർശനം എന്നിവ നോവലിന്റെ മുഖ്യഘടകങ്ങളാണ്. കഥ, മനുഷ്യർ, ഇതിവൃത്തം, സംഭാവ്യത, ശില്പവൈചിത്ര്യം, ധ്വനി, ലയം എന്നിങ്ങനെ ഏഴു ഘടകങ്ങൾ നോവലിന് അനിവാര്യമാണെന്ന് ഇഎം ഫോസ്റ്റർ പറയുന്നത് ഇവിടെ ശ്രദ്ധേയമാണ്. കഥാസന്ദർഭങ്ങളെയും കഥാപാത്രങ്ങളെയും സൂക്ഷ്മമായും വിശദമായും വികസിപ്പിക്കാനുള്ള സാദ്ധ്യത മറ്റ് ആഖ്യാനങ്ങളെക്കാൾ നോവലിനാണു കൂടുതലുള്ളത്.

നോവലിന്റെ ചരിത്രത്തിന് അച്ചടിയുടെയും പ്രസാധനത്തിന്റെയും വികാസവുമായി പ്രകടബന്ധമുണ്ട്. പദ്യമോ കഥയോ ഉപന്യാസമോ ഒക്കെ സമാഹാരങ്ങളായി തയ്യാറാക്കാൻ സാധിച്ചതുപോലെ ആദ്യകാലത്ത് നോവലുകൾക്ക് അതിനു കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് നോവൽപ്രസാധനത്തിന് പുതിയ പ്രസാധനതന്ത്രങ്ങൾ രൂപപ്പെടുത്തേണ്ടതായി വന്നു. അതിന്റെ തുടർച്ചയാണ് ജനപ്രിയനോവലുകളുടെ വിപണനത്തിൽ ദൃശ്യമാകുന്നത്.

മനുഷ്യന് വായിക്കാൻ സമയമുണ്ടായ, ഒറ്റയ്ക്കിരിക്കാൻ സാധ്യതയുണ്ടായ അധിനിവേശകാല സന്ദർഭത്തിലാണ് നോവലുകൾ വ്യാപകമായത്. മനുഷ്യജീവിതത്തെ അതുവരെ അപരിചിതമായിരുന്ന ക്രമത്തിലും അനുപാതത്തിലും അവതരിപ്പിച്ച ഈ ആഖ്യാനരൂപം  അങ്ങനെ വളരെയെളുപ്പം പൊതുജനശ്രദ്ധ നേടിയെടുത്തു. 'വ്യക്തികളുടെ സാങ്കല്പികസ്വർഗം'  എന്ന് ലോകപ്രശസ്തനായ മിലേൻ കുന്ദേര 'ദി ആർട്ട് ഓഫ് ദി നോവൽ' എന്ന കൃതിയിൽ നോവലിനെ വാഴ്ത്തുന്നു (1988). എഴുത്തുകാരന്റെയും വായനക്കാരന്റെയും വ്യക്തിസത്തയ്ക്ക് ചരിത്രപരമായി സ്ഥാനവും ഇടവും ലഭിച്ച സന്ദർഭമാണ് നോവലിന്റെ ഉദയകാലം എന്ന് ചൂണ്ടിക്കാണിക്കുകയാണ് കുന്ദേര. ഇതിനോടു ചേർന്ന് 'നോവൽ ഉണർന്നിരിക്കുന്ന എഴുത്തുകാരന്റെ സ്വപ്നദർശനമാണെന്ന കെ. പി. അപ്പന്റെ നിരീക്ഷണവും ഇവിടെ ഓർക്കാം (അനിതാകുമാരി. ടി, 2008 : 10). ഒറ്റയ്ക്കിരുന്നു സ്വപ്നം കാണുന്ന, സ്വന്തമായി നിർമ്മിച്ച കല്പനാലോകങ്ങളിലൂടെ സഞ്ചരിക്കാനിഷ്ടപ്പെടുന്ന ഏകാകിയായ മനുഷ്യനെ പ്രതീത്യാത്മകമായി   വിഭാവന ചെയ്യുകയാണ് അപ്പൻ. ഒരാളുടെ ആത്മസംവാദം തന്നെയാണ് സൃഷ്ടിയും ആസ്വാദനവുമെന്ന് അദ്ദേഹം സൂചിപ്പിക്കുകയാണ്.

പലതരം സ്വരങ്ങൾക്കു തുല്യപ്രാധാന്യമുള്ള, ഔദ്യോഗിക സംസ്കാരവിരുദ്ധമായ, ജനകീയമായ, ബഹുഭാഷണസങ്കലിതമായ സാഹിത്യരൂപമാണ് നോവൽ എന്നും ഔദ്യോഗികസംസ്കാരത്തിന്റെ പ്രത്യയശാസ്ത്രത്തെയും ഭാഷയെയും എതിർത്ത് ബഹുസ്വരവും അധികാരവിരുദ്ധവുമായ ഒരുതരം ജനകീയസാംസ്കാരികകലാതന്ത്രം രൂപപ്പെടുത്തുന്ന സാഹിത്യരൂപമാണ് അതെന്നുമുള്ള മിഖായെൽ ബാക്തിന്റെ(1895-1975) വീക്ഷണം ഇവിടെ ഓർക്കാം . ഭരണകൂടം, മതം, തുടങ്ങിയ അധികാരരൂപങ്ങൾക്കും അവയുടെ ഭാഗമായ ഔദ്യോഗികസംസ്കാരത്തിനും ഭാഷയ്ക്കും എതിരായി നില്ക്കുന്ന സാഹിത്യരൂപമാണ് ബക്തിന് നോവൽ. അതതുകാലത്തെ സാമൂഹിക, സാംസ്കാരികപ്രക്രികളുടെ സാഹിത്യാവിഷ്കാരമാണത്. ജനകീയവും ജനാധിപത്യപരവുമായ രീതിയിൽ ഓരോ കാലത്തെയും ജീവിതത്തിന്റെ നാനാവശങ്ങളെയും പ്ര-

തിഫലിപ്പിക്കുകയും ഔദ്യോഗികസംസ്കാരത്തെ എതിർക്കുകയും ചെയ്യുകയെന്നതാണ് നോവലിന്റെ രീതി; ബക്തിൻ കൂട്ടിച്ചേർക്കുന്നു. ഈ നിരീക്ഷണങ്ങളുടെ താത്പര്യം നോവൽ എന്ന സാഹിത്യജനുസ്സ്, അതുവരെ എഴുത്തിൽ നിലനിന്നിരുന്ന എല്ലാ ഔദ്യോഗികമായ അധികാരകേന്ദ്രങ്ങളെയും ചോദ്യം ചെയ്തുവെന്നാണ്.

സങ്കീർണ്ണമായൊരു സങ്കരസാഹിത്യരൂപമാണ് നോവൽ. യഥാർത്ഥലോകത്തിന്റെ പ്രതിച്ഛായയെന്നു തോന്നത്തക്കവണ്ണം സ്ഥലകാലവർണ്ണനചെയ്ത് സംഭവങ്ങളെ ഘടിപ്പിച്ചും ജനസാമാന്യത്തിന് പൂർവ്വാധികം ലോകപരിചയം സമ്പാദിക്കുവാൻ ഉതകുന്നതുമായ ഒരു കഥയാണ് ഓരോ വിശിഷ്ടനോവലിലും കാണുന്നത് (എം. പി. പോൾ, 1963: 43). മറ്റേതൊരു ജനുസ്സിനെക്കാളും സൂക്ഷ്മത്തിൽ സ്ഥലകാലങ്ങളുടെ കലയാണ് നോവലെന്ന് തിരിച്ചറിയുകയാണ് പോൾ. നോവലിലെ സ്ഥലത്തെയും കാലത്തെയും സംബന്ധിച്ച ഗൗരവമുള്ള സംവാദങ്ങളുടെ ആമുഖം എന്ന നിലയിൽ ഈ നിരീക്ഷണത്തിന് ഏറെ പ്രാധാന്യമുണ്ട്.

പതിനേഴാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഉരുത്തിരിഞ്ഞുവന്ന നവീനമായ എഴുത്തുരീതിയും കഥനജനുസ്സുമാണ് നോവൽ. അത് പാശ്ചാത്യമാണെന്നു പറയുമ്പോഴും ഭാരതീയർക്ക് അതിവിശിഷ്ടമായ കഥനപാരമ്പര്യമുണ്ടെന്നു കാണാം. ലോകത്തെല്ലായിടത്തും പുരാവൃത്തവും യാഥാർഥ്യവും കൂടിക്കലർന്ന കഥനപാരമ്പര്യങ്ങളുണ്ട്. പഞ്ചതന്ത്രത്തെയും കഥാസരിത്സാഗരത്തെയും മറ്റും മുൻനിർത്തി ഇത്തരമൊരു നിരീക്ഷണം നടത്തുമ്പോഴും സാഹിത്യജനുസ്സെന്ന നിലയിൽ നോവലിന്റെ തുടക്കം പാശ്ചാത്യനാടുകളിലാണെന്നു പറയേണ്ടിവരും.

### 1. 2. നോവലിന്റെ ഉത്ഭവചരിത്രം – സന്ദർഭവും രാഷ്ട്രീയവും

ലോകസാഹിത്യഭൂമികയിൽ നോവൽ എന്ന ഇനം രംഗപ്രവേശം ചെയ്തത് 17–ാം ശതകത്തിന്റെ മധ്യദശകങ്ങളിലാണ്. യൂറോപ്യൻ നവോത്ഥാനത്തിന്റെ മൂല്യ-

ങ്ങൾ ഉൾക്കൊണ്ടുകൊണ്ടായിരുന്നു അതിന്റെ ഉത്ഭവം. വിക്ടോറിയൻ സാഹിത്യഭാവനയുടെ വന്യമായ വൈവിധ്യങ്ങളിൽനിന്നാണ് ഈ ജാനുഷികഭാവുകത്വം (Genre Sensibility) പിറവിയെടുത്തതെന്നു പറയാം. ലോകത്തെല്ലായിടത്തും ഇത്തരത്തിലുള്ള ഒരു കഥാകഥനപാരമ്പര്യം പുരാവൃത്തവും യാഥാർത്ഥ്യവുമായി കൂടിക്കുഴഞ്ഞു കിടക്കുന്നുണ്ട്. യൂറോപ്യൻ നവോത്ഥാനവും അതിന്റെ വിശാലസാംസ്കാരികസന്ദർഭവും പ്രസ്ഥാനപരമായി നോവലിന്റെ ഉത്ഭവത്തിനു ഹേതുവായെന്നു മാത്രം. പ്രാചീനസംസ്കൃതികളുടെ സർഗാത്മകസ്രോതസ്സുകളിൽനിന്ന് ഒരു സവിശേഷസന്ദർഭത്തിൽ രൂപംകൊണ്ടതാകണം നോവൽ എന്ന് റോബർട്ട് ലിഡൽ, എഫ്. ആർ. ലീവിസ്, എഡ്വിൻ മൂർ, വാൾട്ടർ അല്ലൻ, റാൽഫ് ഫോക്സ്, ഇം. എം. ഫോസ്റ്റർ തുടങ്ങിയ വിമർശകർ വാദിക്കുന്നുണ്ട്. ആ സവിശേഷസാഹചര്യം യൂറോപ്പിലെ പ്രബുദ്ധതാനന്തരസാമൂഹികപരിണാമങ്ങളാണെന്ന് ചുരുക്കം.

യൂറോപ്പിലെ ഗോഥിക് റൊമാൻസ് വായനക്കാരന് നോവൽമണ്ഡലത്തിൽ അപരിചിതമായ മറ്റൊരു ലോകം സമ്മാനിക്കുന്നുണ്ട്. ഗോഥിക് റൊമാൻസിന്റെ ഇതിവൃത്തം പ്രധാനമായും മൂന്ന് കഥാഘട്ടങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. 1. അപ്രത്യക്ഷത (Disappearance) 2. പൈതൃകനിഗൂഹനം (Concealment of Parentage) 3. കണ്ടെത്താൻ സാധിക്കാത്ത കുറ്റം. പാരമ്പര്യത്തെ തകർക്കുക, കഥയുടെ അവസാനംവരെ രഹസ്യം കാത്തുസൂക്ഷിക്കുക, നായികാനായകന്മാർ ഒരു പ്രതിസന്ധിഘട്ടത്തിലൂടെ കടന്നുപോവുക എന്നിവ ഗോഥിക് നോവലുകളുടെ പൊതു സവിശേഷതകളാണ്. വ്യത്യസ്ത സാഹിത്യവിഭാഗങ്ങളുടെ സ്വാധീനവും അവയിൽ കാണാം. നാടോടിക്കഥകൾ, മധ്യകാലഗീതകങ്ങൾ, ഇതിഹാസ-ഐതിഹ്യകഥകൾ, അലൗകികകഥകൾ എന്നിവയുമായി ഗോഥിക് നോവലിന് ബന്ധമുണ്ട്. 1790 കാലമാണ് അതിന്റെ സുവർണ്ണഘട്ടം. അലൗകികകഥാപാത്രങ്ങളും ഇതിവൃത്തവും സ്ഥലപരിസരവും വായനക്കാരെ ഇത്തരം നോവലുകളിലേക്ക് കൂടുതൽ അടുപ്പിച്ചു.

ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും (പൊതുവെ വിജ്ഞാനമേഖലയിലും) മതവിശ്വാസത്തിലും രാഷ്ട്രീയത്തിലുമുണ്ടായ പുതിയ ആശയങ്ങളും മുന്നേറ്റങ്ങളും അന്നത്തെ എല്ലാ ആവിഷ്കാരങ്ങളിലും വിശേഷിച്ച് സാഹിത്യകൃതികളിലും പ്രകടമായി. മധ്യവർഗ്ഗങ്ങൾ അധികാരത്തിൽ വന്നതോടെ അവരുടെ സാഹിത്യരൂപമായ നോവലിന് യൂറോപ്പിൽ പ്രചാരം വർദ്ധിച്ചു. ഒരു നിർദ്ദിഷ്ടസമൂഹത്തിൽ യഥാർത്ഥജീവിതചിത്രീകരണം നടത്താൻ ഏറ്റവും അനുയോജ്യമായ സാഹിത്യരൂപം നോവലാണെന്ന് എഴുത്തുകാർ തിരിച്ചറിഞ്ഞു. വിനോദത്തിനുവേണ്ടിയുള്ള സാഹിത്യരൂപമായതിനാൽ ജീവിതത്തിൽ നിന്നകന്നുനിൽക്കുന്നതായിരിക്കണം നോവൽ എന്ന പൊതുധാരണ രൂപപ്പെട്ടിരുന്നു. ഉല്ലാസത്തിനുവേണ്ടിയുള്ളതാകയാൽ അത് അപ്രസക്തവും അനാവശ്യവുമായ രചനാനിയമങ്ങൾ പാലിക്കേണ്ടതില്ലെന്നും അവർ വിചാരിച്ചു. എന്നാൽ നോവലിന് ചരിത്രത്തോട് അഭേദ്യമായ ബന്ധമുണ്ടെന്ന കാര്യം അവർ തിരിച്ചറിഞ്ഞിരുന്നു. വായനക്കാരെക്കൊണ്ട് അവരുടെ ആവശ്യങ്ങൾപോലും വിസ്മരിപ്പിച്ച് തങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാൻ തക്ക കഴിവുള്ള മഹാന്മാരായിരുന്നുവത്രേ വിക്ടോറിയൻ നോവലിസ്റ്റുകൾ. വിഷയവിവിധത കൊണ്ടും അതു കൈകാര്യം ചെയ്യുതിലുള്ള സവിശേഷതകൊണ്ടും വിക്ടോറിയൻ യുഗത്തിന്റെ പരസ്പരവിരുദ്ധങ്ങളും ബഹുമുഖങ്ങളുമായ ഘടകങ്ങളിലേക്കുള്ള ഒരു ചൂണ്ടുവിരൽ കൂടിയാണ് അന്നത്തെ നോവൽ (കെ. രാധ 1989: 180).

അറിവിനും വിദ്യാഭ്യാസത്തിനും വിജ്ഞാനവിതരണത്തിനും വിജ്ഞാനാർജനത്തിനുമൊക്കെ, അധിനിവേശത്തിലൂടെയും അല്ലാതെയും ലോകമെങ്ങും ലഭിച്ച സ്വീകാര്യത വായനക്കാരുടെ എണ്ണം ക്രമാതീതമായി പെരുകുന്നതിനു കാരണമായി. വായനയെന്ന പ്രക്രിയയുടെ ജനാധിപത്യസന്ദർഭമായിരുന്നു അത്. അച്ചടിയുടെ വ്യാപനവും കടലാസിന്റെ സുലഭതയും പുസ്തകങ്ങളുടെ എണ്ണവും ഉത്പാദനവും ഇരട്ടിപ്പിച്ചു. അങ്ങനെ നോവൽ ലോകത്തുതന്നെ ഏറ്റവും പ്രചാരമുള്ള സാഹിത്യരൂപമായിത്തീർന്നു.

19-ാം നൂറ്റാണ്ടിന്റെ പകുതിയോടെ പത്രസാഹിത്യവും നാഗരികജീവിതവും ദാരിദ്ര്യവും തൊഴിലനുഭവവും ശാസ്ത്രസാങ്കേതികലോകത്തെ സ്തോഭജനകമായ സാഹചര്യവുമെല്ലാം നോവലിന്റെ പ്രമേയഘടനയിലും ഇതിവൃത്തമണ്ഡലത്തിലും സ്ഥാനം പിടിച്ചു. അവയുടെ അതിസമീപസ്ഥത ഇടത്തരക്കാരെ ഇത് ഏറെ ആകർഷിച്ചതോടെ നോവലുകൾക്ക് പുതിയൊരു വഴി തുറന്നുകിട്ടുകയാണു ചെയ്തത്. സമൂഹത്തിലെ ചില അനാചാരങ്ങൾക്കെതിരെ ശബ്ദമുയർത്തിക്കൊണ്ടു പ്രത്യക്ഷപ്പെട്ട ചാൾസ് ഡിക്കൻ(1812-1870)സിന്റെ 'ഒലിവർ ട്വിസ്റ്റ്' ഇതിനുദാഹരണമാണ്. നിർദ്ധനരും അനാഥരുമായ കുട്ടികളെ ക്രൂരമായ രീതിയിൽ വളർത്തുന്ന ഒരു തൊഴിൽശാലയിൽ ജനിക്കുകയും അവിടുത്തെ കിരാതമായ സാഹചര്യത്തിൽ വളരുകയും ചെയ്ത ഒലിവർ ട്വിസ്റ്റിന്റെ കഥയാണത്. ഡിക്കൻസിന്റെ നോവലുകളോട് വായനക്കാർക്കുള്ള താത്പര്യം അതിരുകവിഞ്ഞതായിരുന്നതിനാൽ പലപ്പോഴും വളരെ ധൃതിപിടിച്ച് അദ്ദേഹത്തിന് നോവൽ എഴുതേണ്ടിവന്നു. ഇതിന്റെ ഫലമായി അപക്വമായ ഇതിവൃത്തവും അയഥാർത്ഥമായ കഥാപാത്രങ്ങളും ഗൂഢമായ ശൈലികളും അദ്ദേഹത്തിന് സ്വീകരിക്കേണ്ടിവന്നിട്ടുണ്ട്. മതത്തെയും സദാചാരമൂല്യങ്ങളെയും ചരിത്രത്തെയും മനുഷ്യസ്വഭാവത്തെയും കുറിച്ച് ചിന്തിക്കുകയും വ്യാകുലപ്പെടുകയും ചെയ്ത ജോർജ്ജ് എലിയ(1819-1880)റ്റിന്റെ കൃതികളെയും ഈ പശ്ചാത്തലത്തിൽ കാണാം. ജീവിതദുരന്തത്തെ ചിത്രീകരിക്കുന്ന അവരുടെ രചനകൾ മനുഷ്യദുരന്തം സ്വന്തം പാപത്തിന്റെ ഫലമാണെന്നു വിളിച്ചുപറയുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള കഥാപാത്രങ്ങളെയാണ് അവർ അതിനായി തിരഞ്ഞെടുത്തത്. എമിലി ബ്രോണ്ടി (1818-48), തോമസ് ഹാർഡി (1840-1928), ഉടങ്ങിയവരുടെ നോവലുകൾക്കും പുതിയ സാംസ്കാരികപരിസരം ഊർജം പകർന്നിരുന്നു. ഇത്തരത്തിൽ വിക്ടോറിയൻ സദാചാരത്തോടും മൂല്യവ്യവസ്ഥിതിയോടും ഇടഞ്ഞും ഇണചേർന്നും രചന നിർവഹിക്കപ്പെട്ട കാലഘട്ടമായിരുന്നു 19-ാം നൂറ്റാണ്ടിലെ യൂറോപ്യൻ നോവൽരംഗം. എന്നാൽ നോവൽവായനയിലൂടെ ജനായത്തഹിതം രൂപംകൊണ്ട കാലം കൂടിയായിരുന്നു അത്.

മധ്യകാല യൂറോപ്യൻചരിത്രവും വിശ്വാസവും കുരിശുയുദ്ധങ്ങളുടെ രാഷ്ട്രീയവും വംശീയതയും ശാസ്ത്രചിന്തയും യുക്തിബോധവും കൊളോണിയലിസവും ദേശീയതയും സാമ്രാജ്യത്വവും വ്യവസായവിപ്ലവവും നഗരവത്കൃതസംസ്കാരവും മതവിമർശനവും ഉൾപ്പെടെ വിക്ടോറിയൻ നോവൽ ഭാവനയെ സ്വാധീനിച്ച ഘടകങ്ങൾ നിരവധിയാണ്. ആർതർ കോനൻ ഡോയൽ (1859-1930) എഴുതിയ ഷെർലക്ഹോംസ് (1887) ഇതിന്റെ മികച്ച മാതൃകയാണ്. ആധുനിക യുക്തിബോധത്തിന്റെയും ശാസ്ത്രചിന്തയുടെയും വിജ്ഞാനവിപുലതയുടെയും പിൻബലത്തിൽ വിക്ടോറിയൻ സാഹിത്യഭാവനയുടെ രാജകുമാരനായി ഷെർലക് ഹോംസിനെ ഡോയൽ വാർത്തെടുക്കുകയായിരുന്നു. നവസാക്ഷരതയുടെയും വായനാസംസ്കാരത്തിന്റെയും ജനപ്രിയസാഹിത്യത്തിന്റെയും വളർച്ചയ്ക്കൊപ്പമാണ് ഇംഗ്ലണ്ടിൽ ഹോംസ് കഥകൾക്ക് പ്രസക്തി കൈവന്നത്. ബ്രാം സ്റ്റോക്കർ (1847-1912) ഒരുക്കിയ ഡ്രാക്കുളയുടെ (1897) വിവർത്തനങ്ങൾ നടക്കാത്ത ലോകഭാഷകൾ ഇല്ലെന്നുതന്നെ പറയാം. വിക്ടോറിയൻ സ്ത്രീ സങ്കല്പത്തെയും ലൈംഗികതയെയും യാഥാസ്ഥിതികത്വത്തെയും പുരുഷാധിത്യപരമായി ഡ്രാക്കുളയിൽ ചിത്രീകരിക്കുന്നുണ്ട്. 20-ാം ശതകത്തിൽ ലോകഭാഷകളിലെല്ലാം വ്യാപിച്ച ഹൊറർ, ക്രൈം ത്രില്ലർ, ഡിറ്റക്ടീവ് നോവലുകൾക്ക് പശ്ചാത്തലമായത് ഷെർലക് ഹോംസ്, ഡ്രാക്കുള എന്നീ കൃതികളാണെന്നു പറയാം. 1960-കളോടെ മലയാളത്തിൽ ഇവയെ പിൻപറ്റി അപസർപ്പകനോവലുകൾ ഉദയംചെയ്തു.

## 1. 3. നോവൽ ജനുസ്സുകൾ

ഒരുവിഭാഗം ആസ്വാദകരെ മാത്രം തൃപ്തിപ്പെടുത്തിയിരുന്ന ജനപ്രിയാഖ്യാനരൂപമായിരുന്നു നോവൽ. യൂറോപ്യൻ മധ്യവർഗ്ഗജനതയുടെ സംസ്കാരികപരിസരത്തിലാണ് അതിനു പ്രചാരവും പ്രശസ്തിയും ലഭിച്ചത്. എന്നാൽ പില്ക്കാലത്ത് രചനാസങ്കേതങ്ങളിലും പരിചരണരീതികളിലും പ്രമേയങ്ങളിലുമൊക്കെ പരീക്ഷണങ്ങൾ നടത്തി അതിൽ പുതിയപുതിയ വിഭാഗങ്ങൾ ഉണ്ടായിത്തുടങ്ങി. പാശ്ചാത്യലോകത്ത് ആദ്യ-

കാലത്ത് ഏറ്റവും കൂടുതൽ ജനങ്ങളെ ആകർഷിച്ചിരുന്ന നോവൽവിഭാഗം സ്തേയ-കൗശലരചനകൾ (പിക്കാറെസ്ക് നോവലുകൾ – Picaresque Novels) ആയിരുന്നു. സാഹസികരായ കള്ളന്മാരുടെയും മറ്റും കൗശലങ്ങളെ പ്രമേയമായി സ്വീകരിച്ചുകൊ-ണ്ട് സാഹസികതയ്ക്ക് പ്രാമുഖ്യം നല്കിക്കൊണ്ട് രചിക്കപ്പെട്ട നോവലുകളായിരുന്നു അവ. പിക്കാറൂൺ (Picaroon) എന്നാൽ കള്ളൻ, കടൽക്കൊള്ളക്കാരൻ എന്നൊക്കെയാണർ-ത്ഥം. യൂറോപ്യൻസാഹിത്യലോകത്ത് ഴാനർ (Genre) എന്ന ജനകീയസാഹിത്യവി-ഭാഗത്തിന് വമ്പിച്ച സ്വാധീനമാണുണ്ടായിരുന്നത്. മധ്യകാല യൂറോപ്യൻചരിത്രം അവതരിപ്പിക്കുന്ന ഹിസ്റ്റോറിക്കൽ റൊമാൻസ്, നാടോടിക്കഥകളെ നിഗൂഢവത്കരിച്ചു തയ്യാറാക്കുന്ന യക്ഷിക്കഥാകേന്ദ്രിത നോവലുകൾ (Vampire Novels), ക്രൈസ്തവപ്രേത-സങ്കല്പത്തെ സ്ഥാപിച്ചെടുക്കുന്ന ഭ്രമകല്പനയുടെ നോവൽ (Fantacy Novels), ശാസ്ത്രഭാവ-നയിൽ രൂപംകൊണ്ട ജൈവസൃഷ്ടികളുടെയും യന്ത്രങ്ങളുടെയും ഭീകരത പരിചയപ്പെടു-ത്തുന്ന ശാസ്ത്രനോവലുകൾ (Science Fictions), കുറ്റാന്വേഷണനോവലുകൾ (Detective Novels) തുടങ്ങിയവ യൂറോപ്പിൽ ധാരാളമുണ്ടായി. അവ ലോകമെമ്പാടും വ്യാപിച്ചതോ-ടെയാണ് ജനപ്രിയസാഹിത്യത്തിന്റെയും വായനയുടെയും സംസ്കാരത്തിൽ വലിയ പരിവർത്തനം സംഭവിച്ചത്.

ചരിത്രനോവലുകൾ, മനശ്ശാസ്ത്രനോവലുകൾ, സാമുദായികനോവലുകൾ, വംശീ-യനോവലുകൾ, പ്രാദേശികനോവലുകൾ, പരിസ്ഥിതനോവലുകൾ, സൈബർനോവലു-കൾ എന്നിങ്ങനെയൊക്കെ അനേകം വിഭജനങ്ങൾ ഇന്ന് സാധ്യമാണ്. ഈ പ്രബ-ന്ധത്തിന്റെ കേന്ദ്രം മാന്ത്രികനോവലുകളായതിനാൽ ആ ഇനത്തെ രൂപഭാവ-ഭാവുക-ത്വ തലങ്ങളിൽ സ്വാധീനിച്ച ഭീതിജനകനോവലുകൾ, കുറ്റാന്വേഷണനോവലുകൾ, അപസർപ്പകനോവലുകൾ എന്നിവയെക്കുറിച്ചു മാത്രമേ ഇവിടെ വിശദമായി പര്യാ-ലോചിക്കുന്നുള്ളൂ. ഇവയ്ക്കൊക്കെ ആദ്യം പാശ്ചാത്യലോകത്തും പിന്നീട് ലോകമെമ്പാടും വമ്പിച്ച ജനസ്വാധീനമാണുണ്ടായിട്ടുള്ളത്.

### 1. 3. 1. ഭീതിജനകകഥയുടെ മനശ്ശാസ്ത്രം

മനുഷ്യജീവിതത്തെ ആഴത്തിൽ നിയന്ത്രിക്കുന്ന സാമൂഹികഘടകമാണ് മതം എന്ന സ്ഥാപനം. അതിനുള്ളിലെ ആചാരവിശ്വാസങ്ങൾ, അനുഷ്ഠാനപദ്ധതികൾ, പുരാവൃത്തങ്ങൾ എന്നിവയൊക്കെ അധികാരസന്നിവേശത്തിനുള്ള ഉപാധികൾകൂടിയാണ്. വ്യക്തിമനസ്സിൽ ഭയം എന്ന വികാരത്തെ വിനിവേശിപ്പിച്ചുകൊണ്ടാണ് ' അധീശപ്രത്യയശാസ്ത്രങ്ങൾ ചുവടുറപ്പിക്കുന്നത്. 'മനുഷ്യന്റെ പ്രാഥമികവികാരങ്ങളായ ഭയത്തിന്റെയും അക്രമവാസനകളുടെയും ഭാവാത്മകമായ പ്രതിഫലനമാണ് ഹൊററർ'. ഭയം രണ്ടു തരത്തിലുണ്ട്; സകാരണഭയം, അകാരണഭയം. അകാരണഭയമാണ് ഫോബിയ. അയുക്തികമായ ഭയമാണത്. സകാരണഭയം ഒരാൾക്ക് ഒട്ടും ഇല്ലാതിരിക്കുന്നത് ആരോഗ്യകരമായ കാര്യമല്ല. സകാരണഭയത്തിന്റെ തീവ്രത ആവശ്യത്തിലധികമായാൽ അത് ഫോബിയയായി മാറാം (അനിതാ രവീന്ദ്രൻ, 2014: 17). മനുഷ്യനിൽ എന്നും പ്രബലമായി നില്ക്കുന്ന അകാരണഭയത്തിന്റെ ആകാംക്ഷാദൗർബല്യങ്ങളെ സൗന്ദര്യാത്മകമായി ചൂഷണം ചെയ്തുകൊണ്ടാണ് ഭീതിജനകകലകൾ ഉരുവംകൊള്ളുന്നത്.

അനിയതദൈർഘ്യത്തിൽ, വായനക്കാരനെ ഞെട്ടിക്കുകയോ ഭയപ്പെടുത്തുകയോ ചെയ്യുന്ന, വെറുപ്പ് അല്ലെങ്കിൽ വെറുപ്പിന്റെ തോന്നലുണ്ടാക്കുന്ന ഗദ്യത്തിലെ ഒരു കല്പിതകഥയെന്ന് ജെ. എ. കഡ്ഡൻ ഭീകരകഥകളെ നിർവചിക്കുന്നുണ്ട് (1984: 11). മനുഷ്യവികാരങ്ങളെ സങ്കേതബദ്ധമായി ആവിഷ്കരിക്കാൻ കഴിവുള്ള കലാകാരൻ ഭയാനകം എന്ന രസത്തെയും അനുഭവിക്കുന്ന അനേകമനേകം സാഹചര്യങ്ങളെയും സൗന്ദര്യാത്മകമായി പകർത്തിയെടുത്തു. ഭീതിജനകകഥകളുടെ വഴിയും അതുതന്നെ. കരുണം എന്ന രസത്തോടുപോലും അകലം പാലിച്ച നാടാണ് ഭാരതം. ഒരു രചനയിൽ മുഖ്യരസമായി ഭയാനകത്തിന് സ്ഥാനം നല്കാൻ ഇവിടത്തുകാർ ശ്രമിച്ചില്ല. അതുകൊണ്ടുതന്നെ പാശ്ചാത്യലോകത്ത് ഉദയംകൊണ്ട ഭീതിജനകഥകൾക്കും ഭീകരഭാവസ-

ന്നമായ ദൃശ്യപ്രകാരങ്ങൾക്കും ഇന്ത്യയിലും മലയാളത്തിലും പൂർവ്വമാതൃകകളില്ല. എങ്കിലും ഭയം എന്ന വികാരത്തിന്റെ സാർവ്വലൗകികത മലയാളവായനക്കാരെ ആ വഴിയിലേയ്ക്ക് ആകർഷിച്ചു. ഇത്തരം വൈകാരികലോകങ്ങൾ സൃഷ്ടിച്ച് സ്വന്തം പരിമിതികളോ പരാധീനതകളോ അതിജീവിക്കാനുള്ള മനുഷ്യയത്നം ഇത്തരം രചനകളുടെ സൃഷ്ടിക്കുപിന്നിലുണ്ട്. കലയിലെ ഭയജനകത ആസ്വാദകരെ പിടിച്ചു കുലുക്കുകയും ശുദ്ധീകരിക്കുകയും രസിപ്പിക്കുകയും ചെയ്യുമെന്ന അരിസ്റ്റോട്ടലിയൻ ആശയം-കഥാർസിസ് ഇവിടെ ഓർക്കാം. ഭയവും സഹതാപവുമാണ് ഭീകരത എന്ന മാനസികാവസ്ഥയ്ക്ക് നിദാനമെന്ന് പാശ്ചാത്യതത്ത്വചിന്തകനായ അദ്ദേഹം പറയുന്നുണ്ട്. ഭയം എല്ലാവരുടെയും ഉള്ളിലുള്ള വികാരമാണ്. ലൈംഗികതയോടുള്ള ഭയം, അപരനോടുള്ള ഭയം, പ്രകൃതിപ്രതിഭാസങ്ങളോടുള്ള ഭയം എന്നിങ്ങനെ വ്യക്തിയിൽ ഭയം ആവേശിക്കുന്ന ഇടങ്ങളും സാഹചര്യങ്ങളും വ്യത്യസ്തമാണെന്നു മാത്രം.

1897-ൽ പുറത്തിറങ്ങിയ ബ്രാംസ്റ്റോക്കറുടെ ഡ്രാക്കുള (1897) യാണ് പാശ്ചാത്യഭീതിജനകകഥകളിൽ ആദ്യത്തേത്. ഡ്രാക്കുളയുടെ കഥ ബ്രാം സ്റ്റോക്കർ സ്വീകരിച്ചത് റൊമാനിയൻ പുരാവൃത്തത്തിൽ നിന്നാണ്. വാമ്പയർ കഥകളെ ആധാരമാക്കി, ഗോഥിക് കഥാമാതൃകകളുടെ ചുട്ടുവട്ടുപിടിച്ച്, വിക്ടോറിയൻ കാലഘട്ടത്തിലെ ഇംഗ്ലണ്ടിന്റെ മൂല്യഭയങ്ങളും സാമൂഹികാശങ്കകളും അടിച്ചമർത്തപ്പെട്ട വികാരങ്ങളും പ്രതിഫലിച്ചുകൊണ്ടാണ് ഡ്രാക്കുള പിറന്നുവീണതെന്നു പറയാം. അധിനിവേശത്തിലൂടെ മറ്റനേകം ജനപദങ്ങളുടെ രക്തവും നീരും കവർന്ന സാമ്രാജ്യത്തിന് രക്തഭീതിയോ ചോരക്കൊതിയോ ഉണ്ടായത് സ്വാഭാവികം മാത്രമെന്ന പ്രസ്താവനയ്ക്ക് രാഷ്ട്രീയമാനങ്ങളുണ്ട്. സ്വന്തം സുരക്ഷിതസാമ്രാജ്യത്തിലേക്ക് മറ്റൊരു സംഹാരശക്തി പ്രവേശിക്കുന്നതിലുള്ള ഭയവും രതി, ബലാത്സംഗം, വശീകരണം, ഗുഹ്യരോഗം എന്നിവയെക്കുറിച്ചുള്ള ആശങ്കകളുമെല്ലാം ചേർന്ന് ഡ്രാക്കുള ഒരു മിത്തായി മാറി എന്നു പറയാം.

ഇംഗ്ലീഷ് യാഥാസ്ഥിതികത്വം അകറ്റിനിർത്തിയ വികാരങ്ങളെ ആധുനികത തുറന്നിടുകയാണുണ്ടായത്. അങ്ങനെ ലോകമെങ്ങും ജനപ്രിയസാഹിത്യത്തിന്റെ കീഴിൽ വാമ്പയർ കഥകൾ സൃഷ്ടിക്കപ്പെട്ടു. ഏകാന്തമായ പഴയ കോട്ടകൾ, വിജനതീരങ്ങൾ, കൊട്ടാരങ്ങൾ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങൾ, കടവാതിലുകളുടെ ചിറകടിശബ്ദം എന്നിവ ഭീകരതയുടെ സ്ഥലപരിസരമായി പാശ്ചാത്യപ്രേതമാന്ത്രികനോവലുകളിൽ അവതരിപ്പിച്ചു. അതിന്റെ കൂടെ ഭയജനകമായ പ്രേതരൂപങ്ങൾ, മന്ത്രവാദികളും നിസ്വരായ മനുഷ്യരും അവയിൽ പ്രത്യക്ഷപ്പെട്ടു. പുരാവൃത്തങ്ങളും ഭ്രമാത്മകഭാവനകളും ഐതിഹ്യങ്ങളും ചരിത്രപാഠങ്ങളുമൊക്കെ കൂട്ടിക്കലർത്തി പുതിയൊരു ഭാവനാലോകം തുറക്കുകയാണ് ഇത്തരം രചനകൾ ചെയ്തത്. "രക്തത്തിന്റെ പുനരുത്ഥാനശേഷിയിലുള്ള വിശ്വാസം മിത്തുകളിലും പുരാവൃത്തങ്ങളിലും ഭയത്തിന്റെ ഇരുണ്ടഗോപുരങ്ങൾ നിർമ്മിച്ചിട്ടുണ്ട്. രക്തബീജാസുരന്മാരുടെ രുധിരയക്ഷികളിൽ നിന്ന് നിണബലി സ്വീകരിക്കുന്ന ദേവതകളും പുരാവൃത്തങ്ങളിൽ നിറഞ്ഞുനിൽക്കുന്നുണ്ട്. രക്തവും പാപവും തമ്മിൽ ബന്ധമുണ്ട്. പുരാവൃത്തം, രതി, പാപം, സംഹാരം എന്നിവയെയെല്ലാം രക്തവുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് വിശ്വാസങ്ങളിലും പുരാവൃത്തങ്ങളിലും രക്തരക്ഷസിന്റെയും വാമ്പയറിന്റെയും ബിംബങ്ങൾ സൃഷ്ടിച്ചത്"(പി. കെ. രാജശേഖരൻ, 2008: 196). ഭ്രമാത്മകല്പനയുള്ള, പ്രേതദർശനഭാവനയുള്ള കലാമനസ്സിൽ നിന്നാണ് ഭയജനകസൃഷ്ടികൾ ജനിക്കുന്നത്. പരദ്രോഹരതി (Sadism), അഗമ്യഗമനം (Incest) ശവഭോഗം (Necrophilia) കൊലപാതകം (Murder) തുടങ്ങിയവ പ്രമേയപരമായി പാശ്ചാത്യഭീതിജനസാഹിത്യരൂപങ്ങളെ ഏകോപിപ്പിക്കുന്നു.

### 1. 3. 2. കുറ്റാന്വേഷണത്തിന്റെ കലാപാഠം

വിക്ടോറിയൻ കാലഘട്ടം ലോകസാഹിത്യത്തിനു നല്കിയ മികച്ച അംശദാന(Contribution)യി കുറ്റാന്വേഷണനോവൽ എന്ന ശാഖയെ ഇംഗ്ലീഷ് സാഹിത്യചരിത്രങ്ങൾ അടയാളപ്പെടുത്തുന്നു. ജനപ്രിയസാഹിത്യപഠനങ്ങൾക്ക് സജീവത കൈവ-

ന്ന ഉത്തരാധുനികഘട്ടത്തിൽ കുറ്റാന്വേഷണകഥകൾ(Crime Thrillers)ക്ക് കൂടുതൽ സ്വീകാര്യത ലഭിച്ചു. കഥകളിലെ പരിണാമഗുപ്തി, ആകാംക്ഷ നിലനിർത്തിക്കൊണ്ടു-പോകൽ, മനുഷ്യബുദ്ധിയുടെയും ശാസ്ത്രത്തിന്റെയും അപരിക്ഷീണത തുടങ്ങിയ ഘടക-ങ്ങളെ ഉൾച്ചേർത്തുള്ള ആഖ്യാനതന്ത്രമാണ് ഈ വിഭാഗത്തിൽ പരീക്ഷിക്കപ്പെട്ടത്. ചാരക്കഥകൾ, സോഫ്റ്റ് ത്രില്ലർ, പോലീസ് ത്രില്ലർ എിങ്ങനെ വ്യത്യസ്ത വകുപ്പുകൾ കു-റ്റാന്വേഷണനോവൽ വിഭാഗത്തിൽ കാണാം. മിക്കവാറും യഥാർഥസംഭവങ്ങളാണ് കു-റ്റാന്വേഷണകഥയിൽ പ്രത്യക്ഷപ്പെടുന്നത്. ചെയ്തുപോയ കുറ്റം, അതു കണ്ടെത്തുന്ന കു-ശാഗ്രബുദ്ധിയായ ഒരു മനുഷ്യൻ, അയാളുടെ വിചിത്രവും വികസ്വരവുമായ അന്വേഷ-ണവഴികൾ, നിർണായകമായ ഗതിഭംഗങ്ങൾ (Twists) തുടങ്ങിയവയെയൊക്കെ വായ-നക്കാരിലെ ജിജ്ഞാസയായി നിലനിർത്തിക്കൊണ്ട് ആഖ്യാനം നാടകീയമായി അവസാനിക്കുന്ന ഘടനയാണ് അവയ്ക്കുള്ളത്.

ആഖ്യാതാവ് നിർവഹിക്കുന്ന പൂർവകഥാനുസ്മരണ(Flash Back)ത്തിന്റെ മാതൃക-യിലാണ് ഈ മണ്ഡലത്തിൽ ആദ്യകാലരചനകൾ ഉണ്ടായത്. അമേരിക്കയിൽ എഡ്ഗാർ അലൻപോയാണ് (1841-) ഭീകരനോവലുകൾക്കും കുറ്റാന്വേഷണനോവലു-കൾക്കും തുടക്കം കുറിച്ചത്. 'ചാരൻ' എന്ന വാക്കിനു പകരം 'കുറ്റാന്വേഷകൻ' എന്ന വാ-ക്ക് ഉപയോഗിച്ചു തുടങ്ങിയത് 1843-ലാണ്. കുറ്റാന്വേഷകന്റെ അവതരണം, കുറ്റവും അതിന്റെ തെളിവുകളും തേടിയുള്ള അന്വേഷണം, കുറ്റം തെളിയിക്കൽ, അതിന്റെ വി-ശകലനം, നിർവഹണം ഇതെല്ലാം നിറഞ്ഞ രചനകളായിരുന്നു അലൻപോയുടേത്. ആർതർ കൊനൻ ഡോയലിന്റെ രചനാലോകത്തെത്തുമ്പോൾ ലോകസാഹിത്യഭാവ-നയിലെ എക്കാലത്തെയും വലിയ കുറ്റാന്വേഷകനായ ഷെർലക് ഹോംസിന്റെ അത്ഭു-തകരമായ ജീവിതമാണ് വായനക്കാർ അനുഭവിക്കുന്നത്. ജെഫ്രി ചോസറും ഷേക്സ്പി-യറും മിൾട്ടണും ചാൾസ് ഡിക്കൻസും സൃഷ്ടിച്ച കഥാപാത്രങ്ങളെക്കാൾ ജനപ്രീതി നേ-ടാൻ ഷെർലക് ഹോംസിനു കഴിഞ്ഞുവെന്ന യാഥാർഥ്യം പുതിയൊരു വഴി തെളിയുന്ന-തിന്റെ സൂചനകൂടിയായിരുന്നു.

നവോത്ഥാനയുക്തിബോധത്തിനും വ്യക്തിവാദത്തിനുമൊപ്പം ആധുനികപോലീസ്സേനയുടെയും പോലീസ് നിയന്ത്രിതമായ ഭരണകൂടത്തിന്റെയും നീതിന്യായവ്യവസ്ഥയുടെയും ഫോറൻസിക് സയൻസിന്റെയും ക്രിമിനോളജിയുടെയും പശ്ചാത്തലത്തിലാണ് കുറ്റാന്വേഷണസാഹിത്യം രൂപം കൊണ്ടത്. അതോടെ സാമൂഹിക, കുടുംബകഥകളാവിഷ്ക്കരിക്കുന്ന നോവലുകൾപോലും മറനീക്കപ്പെടേണ്ട കുറ്റകൃത്യങ്ങളുടെയും ഗൂഢവ്യക്തിത്വങ്ങളുടെയും രഹസ്യങ്ങൾകൊണ്ടു നിറഞ്ഞു. കുറ്റാന്വേഷണനോവലിന്റെ പ്രകടസ്വഭാവങ്ങളായിരുന്ന ഡോക്ടറുടെ ശാസ്ത്രവൈദഗ്ധ്യം, അഭിഭാഷകന്റെ നിയമകുശലത, കേസന്വേഷകന്റെ നിരീക്ഷണപാടവം, അന്വേഷണശീലം എന്നിവയെല്ലാം ഏറിയും കുറഞ്ഞും മറ്റ് കല്പിതകഥകളിലേക്കും ചേക്കേറി. മലയാളത്തിൽ പ്രണയ, കുടുംബകഥകൾ കഴിഞ്ഞാൽ ജനപ്രിയസാഹിത്യത്തിന്റെ ചരിത്രം സമ്പന്നമാക്കുന്നത് കുറ്റാന്വേഷണനോവലുകളാണ്.

### 1. 3. 3. അപസർപ്പകതയുടെ സൗന്ദര്യശാസ്ത്രം

വൈവിധ്യസമ്പന്നമായ നോവൽപ്രസ്ഥാനത്തിൽ വായനക്കാരെ ആകർഷിക്കുന്ന മറ്റൊരു വിഭാഗമാണ് അപസർപ്പകരചനകൾ. ഫ്രഞ്ച് ഭാഷയിൽ റോമൻ പോലീസിയർ 'എന്നും ഇംഗ്ലീഷിൽ ഡിറ്റക്ടീവ് നോവൽ എന്നും അറിയപ്പെടുന്ന അപസർപ്പകനോവൽ മിക്ക ഭാഷയിലുമുണ്ട്. അപസർപ്പകൻ എന്ന പദത്തിന് രഹസ്യദൂതൻ, ചാരപുരുഷൻ എന്നൊക്കെ അർത്ഥം നൽകികൊണ്ട് അപസർപ്പകകഥയ്ക്ക് "ഗൂഢാന്വേഷണം കൊണ്ട് കൊലപാതകം പോലുള്ള ഭയങ്കരങ്ങളായ കുറ്റകൃത്യങ്ങളിൽ കുറ്റവാളിയെ കണ്ടുപിടിക്കുന്ന തരത്തിലുള്ള കഥ" എന്ന് മലയാളമഹാനിഘണ്ടുവിൽ ശൂരനാട്ടു കുഞ്ഞൻപിള്ള നിർവചനം നൽകിയിരിക്കുന്നു (1985: 73). കുറ്റാന്വേഷണകഥകൾ, ചാരക്കഥകൾ, ശാസ്ത്രകഥകൾ എന്നിവയോട് ഏറെ അടുപ്പം ഇവ പുലർത്തുന്നുണ്ട്.

നിഗൂഢമായി നിർവഹിക്കുന്ന കുറ്റവും അതിനുശേഷം നടത്തുന്ന ക്രമബദ്ധവും ശാസ്ത്രീയവുമായ അന്വേഷണത്തിലൂടെ കുറ്റത്തിനു പിന്നിലെ രഹസ്യങ്ങൾ കണ്ടെത്തു-

ന്നതുമാണ് മിക്ക ഡിറ്റക്ടീവ് നോവലുകളുടെയും പ്രമേയം. ഭീതി നിറഞ്ഞ അന്തരീക്ഷം എല്ലാ കുറ്റാന്വേഷണനോവലുകളിലും കാണാം. മാന്ത്രികകഥകൾ, പ്രേതകഥകൾ തുടങ്ങിയവയെല്ലാം കുറ്റാന്വേഷണനോവലിൽ ചേർത്ത് ഭീകരത വർദ്ധിപ്പിക്കുന്ന രീതിയിലുള്ള രചനകളും ഈ ശാഖയിൽ ധാരാളമുണ്ട്. ഗോഥിക് നോവലുകളുടെ പൊതുസ്വഭാവമായ ഭീകരവും നിഗൂഢവുമായ സംഭവങ്ങൾ അപസർപ്പകനോവലുകളിൽ ആവർത്തിക്കുന്നതായി കാണാം.

അമേരിക്കൻ ചെറുകഥാകൃത്തും കവിയുമായ എഡ്ഗാർ അലൻപോയുടെ 'റുമോർഗിലെ കൊലപാതകങ്ങൾ' ആണ് അപസർപ്പകനോവലുകളിൽ ആദ്യത്തേത് (ഹമീദ്, 2015: 21). ഇംഗ്ലീഷ് ഭാഷയിൽ ഉണ്ടായ ആദ്യത്തെ ഡിറ്റക്ടീവ് നോവൽ ലണ്ടനിൽ ജനിച്ച വിക്കി കോളിൻ(1824-89)സിന്റെ 'ദി മൂൺസ്റ്റോൺ (1868) ആണ്. 1887-ൽ ആർതർ കൊനാൽ ഡോയൽ ആദ്യകൃതിയായ 'എ സ്റ്റഡി ഇൻ സ്കാർലെറ്റ് പ്രസിദ്ധപ്പെടുത്തി. 20-ാം നൂറ്റാണ്ടിൽ അഗതാ ക്രിസ്റ്റി (1890-1975) 'ദി മിസ്റ്റീരിയസ് അഫയർ അറ്റ് സ്റ്റൈൽസ്' (1920) എന്ന കൃതിയിൽ പ്രസിദ്ധ ഡിറ്റക്ടീവ് കഥാപാത്രമായ ഹെർക്യൂർ പോയ്റോട്ടിനെ അവതരിപ്പിച്ചു.

വിദേശഭാഷയിലെ അപസർപ്പകകഥകളുടെ അനുകരണമെന്ന നിലയിൽ മലയാളത്തിൽ ആദ്യകാലത്തുതന്നെ ഈ വിഭാഗത്തിൽ കൃതികൾ ഉണ്ടായിട്ടുണ്ട്. മലയാളത്തിലെ ആദ്യത്തെ അപസർപ്പകകഥ അപ്പൻതമ്പുരാൻ (1875-1914) എഴുതിയ 'ഭാസ്കരമേനോൻ' (1904) ആണ്. 1960-കളിൽ ക്രൈം എന്ന സംജ്ഞയ്ക്കു കീഴിൽ പെടുത്താവുന്ന ഹൊറർ, ത്രില്ലർ, ഡിറ്റക്ടീവ് നോവലുകളുടെ വലിയൊരു നിരതന്നെ മലയാളത്തിലുണ്ടായി. ഡ്രാക്കുളയും ഹോംസും സൃഷ്ടിച്ച ആദ്യകാലപ്രചോദനങ്ങൾക്ക് 1905 മുതൽ 1960 വരെ നീളു ചരിത്രമുണ്ട്. അമ്പാടി നാരായണപ്പൊതുവാളിന്റെ 'ഉളിപിടിച്ച കൈ', അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോൻ (1904) എന്നിവയിൽ കൊലപാതകത്തിന്റെ ചുരുൾ നിവരുന്നതിൽ ഹോംസിന്റെ കുറ്റാന്വേഷണസങ്കേതങ്ങൾ പ്രകടമായി-

ത്തന്നെ കാണാം. 1950-കളുടെ അവസാനത്തിൽ ഹിന്ദി നോവലിസ്റ്റായ ദുർഗ്ഗാപ്രസാദ് ഖത്രിയുടെ 'മൃത്യുകിരണം' പോലെയുള്ള രചനകൾ മോഹൻ ഡി. കങ്ങഴ വിവർത്തനം ചെയ്തതോടെ ഡിറ്റക്ടീവ് നോവൽ മലയാളത്തിൽ ധാരാളമുണ്ടായി. മലയാളത്തിൽ കുറ്റാന്വേഷണനോവലിന്റെ വിശാലവിപണി തുറന്നത് കോട്ടയം പുഷ്പനാഥിന്റെ രചനകളിലൂടെയാണ്. ഡിറ്റക്ടീവ് മാർക്സിനെ കുറ്റാന്വേഷകനായി അവതരിപ്പിച്ചുകൊണ്ട് മനോരാജ്യം ആഴ്ചപ്പതിപ്പിൽ 'ചുവന്ന മനുഷ്യൻ' എന്ന നോവൽ പ്രത്യക്ഷപ്പെട്ടു. അപസർപ്പകനോവലുകളുടെ സുവർണ്ണകാലത്തിന് അതോടെ തുടക്കമായി. യാതൊരാശങ്കയുമില്ലാതെ ഡ്രാക്കുളയെന്ന പൈശാചികസ്വത്വത്തെ കുറ്റാന്വേഷണനോവലിന്റെ ഘടനയ്ക്കകത്ത് കയറ്റുകയാണ് അദ്ദേഹം ചെയ്തത്. 'ഡ്രാക്കുളക്കോട്ട', 'ഡ്രാക്കുളയുടെ മകൾ', 'ഡ്രാക്കുളയുടെ അങ്കി', 'ഡ്രാക്കുള ഏഷ്യയിൽ' ‘ഡ്രാക്കുളക്കോട്ടയിലെ സുന്ദരികൾ' തുടങ്ങി ഡ്രാക്കുളയുമായി ബന്ധപ്പെട്ട പതിനഞ്ചോളം നോവലുകൾ അദ്ദേഹം രചിക്കുകയുണ്ടായി (കെ. വി. രാമകൃഷ്ണൻ, 2011: 14). 1980-കളിൽ മാന്ത്രികനോവലുകളും ക്രൈം ത്രില്ലറുകളും പ്രചാരത്തിലായതോടെ ആ വഴിക്കും അദ്ദേഹം നോവൽ രചന നടത്തുകയുണ്ടായി. കുറ്റാന്വേഷണത്തിന്റെ യഥാതഥത്വവും ഹൊറർ നോവലിന്റെ ഗൂഢയഥാതഥത്വവും കൂട്ടിയിണക്കി പുഷ്പനാഥ് ജനപ്രിയനോവലിനെ സജീവവായനയുടെ സവിശേഷമണ്ഡലത്തിലേക്ക് നയിച്ചു.

കഥയുടെ അന്തരീക്ഷത്തിലെ രഹസ്യാത്മകതയും ഭീകരതയും നാടകീയതയും-കൊണ്ട് അപസർപ്പകരചനകളുമായി അടുത്ത ബന്ധം പുലർത്തുന്നവയാണ് മിസ്റ്റിക് കഥകൾ. അലൗകികവും ഉത്തരം കിട്ടാത്തതുമായ ചോദ്യങ്ങൾ, ചാരവൃത്തി തുടങ്ങിയ അംശങ്ങൾ അവിടെയും പ്രത്യക്ഷപ്പെടുന്നുണ്ട്. ഭീതിജനകനോവലുകളും കുറ്റാന്വേഷണനോവലുകളും അപസർപ്പകകഥകളും പരസ്പരഭിന്നങ്ങളായി അകന്നു പ്രവർത്തിക്കുന്ന ആഖ്യാനരൂപങ്ങളല്ല. പലപ്പോഴും ഇവ വ്യാമിശ്രങ്ങളായി നോവലുകളിൽ പ്രത്യക്ഷപ്പെടാറുണ്ട്. എഴുത്തിൽ നിറഞ്ഞുനില്ക്കുന്ന നിതാന്തമായ ഉദ്വേഗവും നാടകീയതയും-

കൊണ്ട്, മാന്ത്രികനോവലുകൾ എന്ന പുതിയൊരു സരണി ഉരുത്തിരിയാൻ ഇവ പ്രേരകമായിത്തീർന്നിട്ടുണ്ട്.

### 1. 4. മാന്ത്രികനോവൽ: നിർവചനം, സവിശേഷതകൾ

ഭീതിജനകനോവലുകൾ, കുറ്റാന്വേഷണനോവലുകൾ, അപസർപ്പകനോവലുകൾ തുടങ്ങിയവ മലയാളിയുടെ വായനാസംസ്കാരത്തിന് ജനപ്രിയമുഖം നല്കിയ കാലമാണ് 1960 കൾ. മേല്പറഞ്ഞ നോവൽരൂപങ്ങൾക്ക് സമാന്തരമായാണ് മലയാളത്തിൽ മാന്ത്രികനോവൽ എന്നൊരു ജനകീയ/ജനപ്രിയനോവൽവിഭാഗം ആവിർഭവിക്കുന്നത്. മാന്ത്രികനോവൽ എന്ന നോവൽ ഇനത്തെ ഒരു നിർവചനത്തിനു കീഴിൽ കൊണ്ടുവരുന്നതിനോ സാഹിത്യചരിത്രങ്ങൾക്കിടയ്ക്കു സ്ഥാനം നല്കുന്നതിനോ നമ്മുടെ ഗവേഷകരോ സാഹിത്യചരിത്രകാരന്മാരോ ശ്രമിച്ചിട്ടില്ല.

#### 1. 4. 1. നിർവചനങ്ങൾ

കേരളീയമായ സ്വത്വസ്ഥാനമുള്ള മാന്ത്രികനോവലിനെക്കുറിച്ച് പ്രാമാണികപഠനങ്ങളൊന്നും ഇതുവരെ നടന്നിട്ടില്ല. അതുകൊണ്ട് ഈ ജനുസ്സിനെക്കുറിച്ചുള്ള പൂർവകാലനിർവചനങ്ങൾ ലഭ്യമല്ല. മലയാളത്തിലെ മാന്ത്രികനോവലുകളുടെ രൂപഘടന, പ്രമേയസ്വീകാരം, പരിചരണരീതി, കഥാപാത്ര-സംഭവക്രമീകരണം, ഇതിവൃത്തവികാസം, നിർവഹണരീതി, രാഷ്ട്രീയം, പ്രസ്ഥാനപരമായ സവിശേഷതകൾ തുടങ്ങിയ അനേകം അംശങ്ങൾ വിശകലനവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ മാന്ത്രികനോവലുകൾക്ക് താഴെ കാണുന്ന നിർവചനങ്ങൾ നല്കുന്നു.

1. മനുഷ്യന്റെ ജിജ്ഞാസയെ ഉദ്ദീപിപ്പിക്കുംവിധം അമാനുഷവും അതിമാനുഷവുമായ പ്രമേയങ്ങളും സംഭവങ്ങളും കഥാപാത്രങ്ങളും ഒരുക്കി കേരളീയമായ മന്ത്രവാദസങ്കല്പങ്ങളുടെ ആരൂഢത്തിൽ കാല്പനികഭാവഘടനയോടെ വാർത്തെടുക്കുന്ന ജനകീയ/ജനപ്രിയസാഹിത്യരൂപമാണ് മാന്ത്രികനോവൽ.

2. ആചാരവിശ്വാസത്തിലധിഷ്ഠിതമായ ഭൂതകാലസംസ്കാരത്തിന്റെ കഥാഭൂമികയിൽ നിന്നുകൊണ്ട് മാന്ത്രികപാരമ്പര്യത്തെയും അതിന്റെ പ്രക്രിയാരൂപങ്ങളെയും ബഹിരാവരണമായി സ്വീകരിച്ചും കല്പിതകഥാകഥനസങ്കേതങ്ങളുടെ ആന്തരികലോകം സജ്ജീകരിച്ചും തയ്യാറാകുന്ന അതീന്ദ്രിയകഥാഖ്യാനമാണ് മാന്ത്രികനോവൽ.

3. സാമൂഹികജീവിതത്തിൽ അധീശത്വം നേടിയിരുന്നതും ഇപ്പോഴും നിലനില്ക്കുന്നതുമായ മന്ത്രവാദം, മതം, വിശ്വാസം, അനുഷ്ഠാനം തുടങ്ങിയ സാംസ്കാരികമൂലകങ്ങളെ ആധുനികസന്ദർഭത്തിൽ വിന്യസിച്ച്, അവയുടെ സംവാദസാധ്യതകളെ പിൻനിർത്തി പാരമ്പര്യത്തിന്റെ ശക്തിദൗർബല്യങ്ങളെ അതിയാഥാർത്ഥ്യത്തോടെ വാസ്തവാതീതമോ, ഇന്ദ്രിയവേദ്യാതീതമോ ആയ മട്ടിൽ ആവിഷ്കരിക്കുന്ന രചനയാണ് മന്ത്രവാദനോവൽ.

4. യുക്തിയും അയുക്തിയും നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തെ കേന്ദ്രസ്ഥാനത്തുനിർത്തി, കേരളീയനാടോടിമൊഴിവഴക്കങ്ങളിലെ കഥനമാതൃകകളുടെ മട്ടിൽ, കാല്പനികലാവണ്യഭാഷയിലൂടെ, വായനക്കാരനിൽ ഭയവും പരിഭ്രമവും ഉളവാകുംവിധം അവതരിപ്പിക്കുന്ന ജനപ്രിയകഥാഖ്യാനമാണ് മന്ത്രവാദനോവൽ.

5. പാപചിന്ത, പരപീഡനരതി തുടങ്ങിയ മനുഷ്യമനോവ്യാപാരങ്ങൾക്ക് പ്രകൃത്യതീതശക്തികളുമായി ഭാവബന്ധം നല്കി, സംഭവ്യമാണെന്ന തോന്നൽ വായനക്കാരനിൽ നിരന്തരം ഉളവാക്കി, ഐഹികവും പാരത്രികവുമായ സ്ഥലകാലസങ്കല്പങ്ങളെ കൂട്ടിയിണക്കി വായനക്കാരനെ ഒരു കല്പിതാനുഭവലോകത്തിലേയ്ക്കു നയിക്കുന്ന സാഹിത്യരൂപമാണ് മന്ത്രവാദനോവൽ.

ഈ നിർവചനങ്ങളിൽനിന്ന് മാന്ത്രികനോവലുകളുടെ പ്രധാന സവിശേഷതകൾ താഴെ കാണും വിധം നിർദ്ധാരണം ചെയ്യാം.

1. കേരളീയമന്ത്രവാദസരണിയിലെ പ്രകടനമൂലകങ്ങളുടെ പ്രത്യക്ഷസാന്നിദ്ധ്യവും പ്രയോഗരീതികളുടെ ആവിഷ്കാരവും

2. സംസ്കൃതബഹുലവും കാല്പനികവുമായ ഭാഷ

3. ദൃശ്യപരതയ്ക്കുള്ള പ്രാധാന്യം

4. പാരായണസുഗമത

5. നാതിദീർഘത

6. ന്യൂനത്തിൽ നിന്ന് അധികത്തിലേക്കുള്ള സഞ്ചാരം

7. നാടോടിപാരമ്പര്യഘടകങ്ങളുടെ സന്നിവേശം

8. പ്രാദേശിക ചരിത്രത്തിന്റെ മിത്തിക്കൽ പരിഭാഷ

9. ലളിതവും ഋജുവുമായ ശൈലി

10. സ്വീകൻസുകളായവതരിപ്പിക്കുന്ന സംഭവപരമ്പര

11. ജനപ്രിയസാഹിത്യമൂലകങ്ങളുടെ സമർഥമായ ചേരുവകൾ ചേർന്ന ഉള്ളടക്കം

12. സവർണസമൂഹത്തിലെ അധീശപ്രത്യയശാസ്ത്രക്കരുക്കളുടെ വിനിവേശം

13. പ്രസാധനപരമായ ലക്ഷ്യത്തോടെ സംവിധാനം ചെയ്ത അദ്ധ്യായങ്ങൾ

14. പുരുഷാധിപത്യപരത, ഭ്രഷ്ടസ്വത്വനിരാകരണം

15. വിപണിയുടെ ഇംഗിതങ്ങൾ പേറുന്ന പ്രമേയ-പ്രതിപാദനമണ്ഡലം

മറ്റു നോവൽവിഭാഗങ്ങളിൽനിന്ന്, വിശേഷിച്ച് ഭാവനാവിനിയോഗത്തിലും ഭാഷാവിഷയത്തിലും ഭാവുകത്വത്തിലും മാന്ത്രികകൃതികൾ വ്യത്യസ്തമായി നിലകൊള്ളുന്നു. ഈ നോവലുകൾക്കുള്ളിൽ പ്രവർത്തിക്കുന്ന സമൂഹവും ചരിത്രവും രാഷ്ട്രീയവും പല അടരുകളും മാനങ്ങളുമുള്ളതാണ്. നാട്ടറിവുപാരമ്പര്യവും ആധുനികതാവാദവീക്ഷണവും ഈ മേഖലയെ വ്യതിരിക്തമായ സ്വത്വം രൂപപ്പെടുത്തുന്നതിനു സഹായിച്ചിട്ടുണ്ടെന്നു കാണാം. മാന്ത്രികനോവലുകളുടെ പരമപ്രധാനമായ സവിശേഷത അവയിൽ വ്യക്തമായി കാണാവുന്ന ജനപ്രിയമൂലകങ്ങളുടെ വിന്യാസമാണ്. ഇവയോരോന്നും മാന്ത്രികനോവലുകളുടെ വിശകലനത്തിനു സഹായിക്കുന്ന സാമഗ്രികളാണ്.

### 1.4. 2. മാന്ത്രികനോവലുകളുടെ സവിശേഷതകൾ

മാന്ത്രികനോവലുകളുടെ രൂപപരവും ഭാവപരവും ഭാവുകത്വപരവുമായ സവിശേഷതകളെ പതിനഞ്ച് വസ്തുതകളായി മുകളിൽ ക്രമപ്പെടുത്തിയിരിക്കുന്നത്. മാന്ത്രികനോവലുകളുടെ രചനാപശ്ചാത്തലം, അവയുടെ നിർമ്മാണവിദ്യാതത്ത്വങ്ങൾ, അവ അഭിസംബോധന ചെയ്യുന്ന/പ്രചരിക്കുന്ന പൊതുമണ്ഡലം, അവയെ വായനക്കാർ ഏറ്റെടുക്കുന്നതിന്റെ യുക്തിയും ഫലവും എന്നിങ്ങനെ നാലു ഖണ്ഡങ്ങളിലായി അപഗ്രഥനം നിജപ്പെടുത്താം.

### 1. 4. 2. 1. ഉത്ഭവഭൂമിക - പാരമ്പര്യം, നാട്ടറിവ്, ആധുനികത

തലമുറകളിൽനിന്നു തലമുറകളിലേയ്ക്കു കൈമാറിവരുന്ന സാമൂഹിക, സാംസ്കാരികഘടകങ്ങളെയാണ് പാരമ്പര്യം എന്ന പേരിൽ വ്യവഹരിക്കുന്നത്. ജനിതകപാരമ്പര്യം ജന്മസിദ്ധമാണെന്നു പറയാം. പക്ഷേ, സാമൂഹികപാരമ്പര്യം മനുഷ്യൻ നിർമ്മിച്ചെടുക്കുന്നതാണ്. സാമൂഹികഘടന, അതിജീവനോപാധികളുടെ ഉത്പാദനവിതരണരീതികൾ, ഭൂമിശാസ്ത്രപരമായ സവിശേഷതകൾ, കാലാവസ്ഥ തുടങ്ങിയവയ്ക്കനുരൂപമായി അതു ക്രമപ്പെട്ടുവരുന്നു. ഈ പാരമ്പര്യധാരയാകട്ടെ വികാരാഭിമുഖവും അനുക്ഷണവികസ്വരവും നിരന്തരപരിണാമിയുമാണ്. പൂർവികരിൽനിന്നു സമ്പാദിക്കുന്ന സംഘകർതൃകങ്ങളായ നാട്ടറിവുകളാണ് ഈ വഴിയിലെ പ്രബലമായ ഒരിനം. ജനങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന സാംസ്കാരികഅടിത്തറയായി പ്രവർത്തിക്കുന്നതും സമൂഹനിർമാണം, പുനർനിർമാണം എന്നിവയ്ക്കുള്ള ചാലകശക്തിയായി നിലകൊള്ളുന്നതും നിരന്തരം മാറിക്കൊണ്ടിരിക്കുന്നതുമായ വർത്തമാനകാലകൂട്ടായ്മാമനോഭാവമാണു നാടോടിപാരമ്പര്യം (ശ്രീജിത് ജി., 2009: 5). ഏതൊരു സമൂഹവും ബഹുപാഠനിഷ്ഠമായ, പ്രായോഗികമായ, ധർമപര(Functional)മായ ഈ നാട്ടറിവുപാരമ്പര്യത്തെ ബഹുധാ പിൻതുടരുന്നുണ്ട്.

ഒരു ജനസംസ്കാരത്തെ ആഴത്തിൽ പഠനവിധേയമാക്കണമെങ്കിൽ പുരാവൃത്തം, ചരിത്രം, ഐതിഹ്യം, നാടോടിക്കലകൾ, വാസ്തുവിദ്യ എന്നിവയ്ക്കു പിറകെ വിശ്വാസങ്ങൾ, വിലക്കുകൾ, അനുഷ്ഠാനങ്ങൾ, ആരാധനാക്രമങ്ങൾ, മനുഷ്യന്റെ ജനനം മുതൽ മരണംവരെയുള്ള സംസ്കാരച്ചടങ്ങുകൾ, കളികൾ, വിവിധതരം കലകൾ മാന്ത്രികകർമ്മങ്ങൾ എന്നിവകൂടി പരിഗണിക്കേണ്ടതുണ്ട്. മാന്ത്രികനോവലുകളുടെ പ്രമേയ-പ്രതിപാദനതലങ്ങളെ ആമൂലാഗ്രം നിയന്ത്രിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഘടകമാണ് നാട്ടറിവുപാരമ്പര്യം. നാട്ടറിവുപാരമ്പര്യമൂലകങ്ങളെല്ലാംതന്നെ രചനാമൂലകങ്ങളായി ഈ നോവലുകൾ ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ പേരിലുള്ളതുപോലെ മന്ത്രവാദസങ്കല്പങ്ങൾക്കും അതിന്റെ പ്രയോഗപദ്ധതികൾക്കും ഈ നോവലുകളിൽ സ്വാഭാവികമായ പ്രാമാണ്യം കിട്ടിയിരിക്കുന്നു.

മന്ത്രവാദം ഒരു നിഗൂഢവിദ്യയാണ്. 'മന്ത്രം കൊണ്ട് പിശാചിനെയും മറ്റും ഉച്ചാടനം ചെയ്യൽ, ആഭിചാരകർമ്മം, അതിനെപ്പറ്റി പ്രതിപാദിക്കുന്ന ശാസ്ത്രം' എന്നൊക്കെയാണ് ശബ്ദതാരാവലിയിൽ മന്ത്രവാദത്തിന് നല്കിയിട്ടുള്ള അർത്ഥം (ശ്രീകണ്ഠേശ്വരം 1923; 1381). അമാനുഷികമോ, നിഗൂഢമോ ആയ സങ്കല്പം കൊണ്ടോ പ്രകൃതിയുടെ രഹസ്യമായ നിയന്ത്രണത്താലുള്ള കർമാത്ഭുതങ്ങൾകൊണ്ടോ പൈശാചികബാധകൊണ്ടോ ഉള്ള ആഗന്തുകസംഭവഗതികളുടെ പ്രയോഗപടുതയാണ് മന്ത്രവാദം (എം. വി. വിഷ്ണുനമ്പൂതിരി, 2007: 11). മന്ത്രം എന്ന വാക്കിന് മനനം ചെയ്യേണ്ടത് (മനസ്സിൽ പറയേണ്ടത്) എന്നാണർത്ഥം (2007:12). 'വദതി' എന്ന സംസ്കൃതപദത്തിന്റെ അർത്ഥം 'പറയുക' എന്നാണ്. ഈ വാക്കിൽനിന്നാണ് വാദം എന്ന പദമുണ്ടായത്. ക്ഷേത്രത്തിലായാലും മന്ത്രവാദകുടുംബത്തിലായാലും മുതിർന്ന ഒരു വ്യക്തിയുടെ വിരമിക്കലിനോ മരണത്തിനോ തൊട്ടുമുമ്പ്, അടുത്തയാൾക്ക് ചെവിയിൽ ഉരുവിട്ടുകൊടുക്കുന്ന, പറഞ്ഞുകൊടുക്കുന്ന രീതിയാണ് മന്ത്രവാദത്തിലുള്ളത്.

മന്ത്രവാദത്തിന് പ്രാചീനകാലം മുതൽ തുടർന്നുവരുന്ന ഒരു പാരമ്പര്യം നമുക്കുണ്ട്. ഭാരതത്തിലെ മന്ത്രവാദത്തെക്കുറിച്ചുള്ള ചരിത്രപരമായ ആദ്യസൂചനകൾ ലഭിക്കുന്നത് ഋഗ്വേദത്തിൽ നിന്നാണ്. വേദഗ്രന്ഥങ്ങളിൽ വിവിധ മന്ത്രോപാസനകളാണ് ദർശിക്കാനാവുക. മനുഷ്യജീവിതത്തിന്റെ സമസ്തമേഖലകളിലും ആഴത്തിൽ വേരോട്ടം നടത്തിയിട്ടുള്ള ഗൂഢശാസ്ത്രത്തിന്റെ പരിധിയിലാണ് മന്ത്രവാദത്തെ നാം അറിയുന്നത്. കേരളത്തിൽ ബ്രാഹ്മണരുടെ അധിനിവേശത്തിനുമുമ്പുതന്നെ മന്ത്രവാദം പ്രചാരത്തിലുണ്ടായിരുന്നുവെന്ന് പ്രാചീനതമിഴ് സാഹിത്യം വ്യക്തമാക്കുന്നുണ്ട്.

മാന്ത്രികവിദ്യയെക്കുറിച്ചുള്ള അന്വേഷണം മനുഷ്യവർഗ്ഗത്തിന്റെ ബാഹ്യവും ആത്മീയവുമായ ജീവിതത്തെക്കുറിച്ചറിയാൻ സഹായിക്കും. മാന്ത്രികകർമ്മങ്ങൾ അന്ധവിശ്വാസവും അനാചാരവും മാത്രമാണെന്ന ധാരണയാൽ അതിനെക്കുറിച്ച് പഠിക്കുവാൻ അധികമാരും ശ്രമിക്കാറില്ല. മന്ത്രവാദത്തെ ഒരു വിജ്ഞാനം, വിദ്യ എന്ന നിലയിലാണ് സമീപിക്കേണ്ടത്. മനഃശാസ്ത്രപരവും ചരിത്രപരവുമായ വീക്ഷണത്തിലൂടെയുള്ള അന്വേഷണം വലിയൊരറിവിന്റെ ലോകത്താണ് നമ്മെ എത്തിക്കുക. മാന്ത്രികവിജ്ഞാനത്തെ (Magic Lore) ശാസ്ത്രത്തിന്റെ മുന്നോടിയായി അംഗീകരിക്കുന്നവർ ഇന്നു കുറവല്ല. പ്രാകൃതശക്തികളെ നിയന്ത്രിച്ച്, സ്വന്തം ഇച്ഛാശക്തിക്കനുസരിച്ച് പ്രവർത്തിപ്പിക്കുകയെന്നതിൽ മന്ത്രവാദവും ശാസ്ത്രവും ഒരേപോലെയാണ് (എം. വി. വിഷ്ണുനമ്പൂതിരി, 2007: 10).

മാന്ത്രികകർമ്മങ്ങളിൽ സന്മന്ത്രവാദം, ദുർമ്മന്ത്രവാദം എന്നിങ്ങനെ രണ്ടു വിഭാഗമുണ്ട്. സദ്ദേവതകളുടെ ഉപാസനയിലൂടെ മാന്ത്രികകർമ്മങ്ങൾ ചെയ്യുന്നതാണ് സന്മന്ത്രവാദം. ദുർമ്മന്ത്രവാദം കൊണ്ടുളവാകുന്ന ഫലത്തെ നിർവീര്യമാക്കാനും അതിനെ പ്രതിരോധിക്കാനും ദുരിതങ്ങളെ ശമിപ്പിക്കുവാനും സന്മന്ത്രവാദം കൊണ്ടു കഴിയുമെന്നു ജനങ്ങൾ വിശ്വസിക്കുന്നു. പരദ്രോഹത്തിനും ശത്രുനാശത്തിനും സ്വാർത്ഥലാഭത്തിനുംവേണ്ടിയുള്ള ആഭിചാരകർമ്മങ്ങളാണ് ദുർമ്മന്ത്രവാദം.

ദുർദേവതകളെ അകറ്റാനും സദ്ദേവതകളെ ഉപാസിക്കാനുമായി കേരളത്തിൽ പരശുരാമൻ മന്ത്രവാദികളെ കല്പിച്ചുനിയോഗിച്ചുവെന്നാണ് ഐതിഹ്യം. കാളക്കാട്, കാട്ടുമാടം, കല്ലൂര്, ചേന്നാസ്, അടികച്ചേരി, കണിയാട്ടം, കക്കാട്, കുഴിമന, പുതുക്കോടൻ, പുതുമന, മൂത്തമന, കല്ലക്കാട് എന്നിവർ അതിൽ പ്രധാനികളാണെന്നു അറിയപ്പെടുന്നു (എം. വി. വിഷ്ണുനമ്പൂതിരി, 2007: 13). ഓരോ വിഭാഗത്തിന്റെയും ഉപാസനാമൂർത്തികൾ വ്യത്യസ്തരായിരിക്കും. ഭൈരവൻ, കുട്ടിച്ചാത്തൻ, പൊട്ടൻ, ഗുളികൻ, ഉച്ചിട്ട എന്നീ പഞ്ചമൂർത്തികൾ, മന്ത്രവാദികൾ ആരാധിക്കുന്ന ഭൈരവാദിമൂർത്തികൾ എന്നറിയപ്പെടുന്നു. കുറത്തി, രക്തേശ്വരി, കരിങ്കാളി തുടങ്ങിയ അനേകം ദേവതകൾ മന്ത്രവാദികളാൽ ഉപാസിക്കപ്പെടുന്ന മന്ത്രമൂർത്തികളിൽ പെടും. കേരളത്തിൽ മാന്ത്രികപാരമ്പര്യമുള്ള പല ആദിമവർഗ്ഗങ്ങളുമുണ്ട്. പണിയർ, കുറിച്യർ, അടിയാൻ, കുറുമർ, മലപ്പണിക്കർ, കാട്ടുനായ്ക്കർ, കാണിക്കാർ, കളനാടികൾ, മലയരയർ, വേട്ടുവർ, കുറവർ എന്നിവരെല്ലാം മന്ത്രവാദത്തിൽ വിശ്വസിക്കുന്നവരാണ്. മലയൻ, പാണൻ, വണ്ണാൻ, മണ്ണാൻ, വേലൻ, കണിശൻ ഗണകൻ, പറയൻ, പുലയൻ, കോപ്പാളൻ, മാവിലൻ, പണിയൻ, കുറിച്യൻ തുടങ്ങിയ സമുദായത്തിൽപ്പെട്ട മാന്ത്രികർ ദുർമന്ത്രവാദികളാണെന്നാണ് സാമാന്യധാരണ. സമൂഹത്തിനുള്ളിൽ സവിശേഷരീതിയിൽ പ്രവർത്തിക്കുന്ന അധികാരപ്രത്യയശാസ്ത്രങ്ങളാണ് ഇത്തരം നിർണയങ്ങളിൽ നമ്മെ എത്തിക്കുന്നത്. ഇവരിൽ പലരും ആഭിചാരങ്ങൾ ചെയ്യുന്നവരാണത്രേ. ഒടി, മുഷ്ടി, മുറിവ്, മാരണം, സ്തംഭനം, വശ്യം, മോഹനം, ആകർഷണം എന്നിങ്ങനെ മന്ത്രവാദത്തിന്റെ പല കാര്യങ്ങളും ആഭിചാരകർമ്മത്തിനുവേണ്ടി ഇവർ സ്വീകരിച്ച വരുന്നുവെന്നും നിരീക്ഷണങ്ങളുണ്ട് (2007: 40). നായർ, നമ്പൂതിരി, ഈഴവർ, ക്രൈസ്തവർ, മുസ്ലീം വിഭാഗങ്ങൾക്കിടയിലും മന്ത്രവാദകർമങ്ങൾ ചെയ്യുന്നവരും ചെയ്യിക്കുന്നവരും ധാരാളമുണ്ട്. മഷിനോട്ടം, ചരട് മന്ത്രം ചൊല്ലിക്കെട്ടൽ, തകിടിലെഴുതിക്കെട്ടൽ, ചെമ്പുപാളികളിൽ മന്ത്രങ്ങൾ ആലേഖനം ചെയ്ത് അവ ഒരുപാത്രത്തിലാക്കി അതിലെ വെള്ളം രാവിലെയും രാത്രിയിലും സേവിക്കൽ, പ്രാർത്ഥിച്ച കിട്ടിയ എണ്ണ നേരം തെറ്റാതെ തേച്ച കുളിക്കൽ,

ജപിച്ച ഭസ്മം കഴിക്കൽ, മന്ത്രമടങ്ങുന്ന ചെമ്പുപാളികൾ താമസിക്കുന്നിടത്തിലെ നാലതിരുകളിൽ സ്ഥാപിക്കൽ, മുക്കണ്ണൻ തേങ്ങ മുതൽ കോഴിമുട്ടവരെ ഉപയോഗിച്ച് ദോഷങ്ങൾ നിവാരണം ചെയ്യൽ എന്നിങ്ങനെ അനേകമനേകം രീതികളാണ് മന്ത്രപ്രയോഗങ്ങൾക്കായി ഉപയോഗിച്ചുവരുന്നത്.

മന്ത്രംകൊണ്ടും ആഭിചാരകർമ്മങ്ങൾകൊണ്ടും ഭൂതപ്രേതപിശാചുക്കളെ ഉച്ചാടനം ചെയ്യുന്നതിനുള്ള വിദ്യയാണ് മന്ത്രവാദം. മന്ത്രങ്ങൾ ഉച്ചരിക്കുവനെയോ പ്രയോഗിക്കുന്നവനെയോ സാമാന്യമായി മന്ത്രവാദി എന്നു വിളിക്കുന്നു. ഓരോ മന്ത്രവാദിയും ഏതെങ്കിലും ഒരു ദേവതയെ സേവാമൂർത്തിയായി സ്വീകരിച്ചിരിക്കും. ആ മൂർത്തിയുടെ സഹായത്താലായിരിക്കും മന്ത്രവാദി വിജയം വരിക്കുന്നത്. അതിനാൽ ഉപാസനാമൂർത്തികളുടെ ഭേദമനുസരിച്ച് മാന്ത്രികക്രിയകളിൽ മാർഗ്ഗഭേദം ഉണ്ടാകുന്നുണ്ട്. ഭാവിഫലപ്രവചനം നടത്തുന്ന(Sooth Sayers)വരും ജ്യോതിഷികളും പുരോഹിതരും ദൈവത്തെ ഉപാസിക്കുന്നവരാണ്. അവർ ഭാവിയിലുണ്ടാകാനിടയുള്ള പ്രശ്നങ്ങളെക്കുറിച്ച് പ്രവചിക്കുകയും പൈശാചികശക്തികളുടെ ശല്യമൊഴിവാക്കാൻ ദൈവത്തെ ഉപാസിക്കാൻ അവർ ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

മാന്ത്രികവിദ്യയെ നന്മയ്ക്കുവേണ്ടിയും തിന്മയ്ക്കുവേണ്ടിയും ഉപയോഗിക്കാം. രോഗശാന്തി, ദേഹസുഖം, ദോഷനിവാരണം തുടങ്ങിയവയ്ക്കുവേണ്ടിയാണ് പൊതുവെ മാന്ത്രികകർമ്മങ്ങൾ നടത്താറ്. എന്നാൽ വ്യക്തികളുടെ പ്രത്യേകപ്രവർത്തനത്തെ നിയന്ത്രിക്കുക, അന്യരെ വശീകരിക്കുക, ശത്രുക്കളെ നശിപ്പിക്കുക മുതലായ കർമങ്ങൾ മന്ത്രവാദത്തിന്റെ മറ്റൊരുവശമാണ്. പലതരത്തിലുള്ള ക്ഷുദ്രകർമ്മങ്ങൾ, ബലികർമങ്ങൾ, താന്ത്രികകർമങ്ങൾ തുടങ്ങിയവ ദുർമ്മന്ത്രവാദത്തിൽ അടങ്ങുന്നുവത്രേ.

മന്ത്രശാസ്ത്രത്തിൽ വിധിക്കപ്പെട്ട ആറുവിധ പ്രയോഗങ്ങളാണ് ഷഡ്കർമങ്ങൾ എന്ന പേരിലറിയപ്പെടുന്നത്. ശാന്തി, വശ്യം, സ്തംഭനം, വിദ്വേഷണം, ഉച്ചാടനം, മാരണം എന്നിവയാണവ. അഥർവവേദത്തെയാണ് മന്ത്രവാദികൾ ഇവിടെ പ്രമാണ ഗ്ര-

ന്ഥമായി കരുതിവരുന്നത്. ആഭിചാരബാധകളിൽ നിന്നുണ്ടാകുന്ന ഉപദ്രവം, രോഗം, ദാരിദ്ര്യം, ഭയം തുടങ്ങിയവയുടെ ശമനം പാപമോചനം തുടങ്ങിയവയാണ് ശാന്തികർമ്മം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വശ്യത്തിൽ എല്ലാവരെയും ആകർഷണവശീകരണാദികളാൽ വിധേയരാക്കാനുള്ള കർമങ്ങളാണുള്ളത്. ലോകവശ്യം, രാജവശ്യം, പുരുഷവശ്യം, സ്ത്രീവശ്യം എന്നിങ്ങനെ പലവിധ വശ്യരൂപങ്ങളുമുണ്ട്. മന്ത്രശക്തികൊണ്ട് എല്ലാ ജീവിതവൃത്തികളെയും നിരോധിക്കുന്ന കർമ്മമാണ് സ്തംഭനം. ദുഷ്ടമനുഷ്യരെയും ദുഷ്ടജീവികളെയും നിയന്ത്രിക്കുവാൻ സ്തംഭനംകൊണ്ടു സാധിക്കുമെന്നാണ് വിശ്വാസം. സ്നേഹമുള്ളവരെ പരസ്പരം പിണക്കി വിദ്വേഷികളാക്കുന്ന മന്ത്രകർമമാണ് വിദ്വേഷണം. സ്ഥാനഭ്രംശം, രാജ്യഭ്രംശം തുടങ്ങിയവ വരുത്തുകയാണ് ഉച്ചാടനകർമം കൊണ്ടുദ്ദേശിക്കുന്നത്. മാരണത്തിൽ മരണപര്യന്തം നാശമുണ്ടാക്കുന്ന കർമങ്ങൾ ഉള്ളടങ്ങുന്നു. ഇവയാറും സാത്വികം, രാജസം, താമസം എന്നീ മൂന്നു വിധികളനുസരിച്ച് നടത്താവുന്നതത്രേ. ഷഡ്കർമങ്ങളിൽ ഓരോന്നിനും ഓരോ അധിദേവതകളുണ്ട്. അവയെ ഉപാസിക്കേണ്ട രീതിഭേദങ്ങളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ് ( 2007: 23).

മതങ്ങളാണ് മന്ത്രവാദപാരമ്പര്യത്തിന്റെ പ്രാഥമിക അടിസ്ഥാനം. ഓരോ മതവും വ്യത്യസ്തമായ രൂപങ്ങളിൽ തമോമയരൂപങ്ങളെയും ഋണാത്മക(negative)ശക്തികളെയും പൈശാചികശക്തികളെയും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നുണ്ട്. ദൈവവും പൈശാചികശക്തിയും തമ്മിലുള്ള സംഘട്ടനം എല്ലാ മതകഥകളിലും കാണാം. പുനർജന്മത്തിൽ വിശ്വസിക്കുന്നവയാണ് ഒട്ടുമിക്ക മതങ്ങളും. മരണഭയമുള്ളവരാണ് മനുഷ്യർ. അജ്ഞാതശക്തിയിലുള്ള മനുഷ്യന്റെ ഭയം അയുക്തികമായിരുന്നു. മതം അത്തരം ഭയത്തെ ദൂരീകരിക്കാനുള്ള ഉപാധിയായി മനുഷ്യൻ സ്വീകരിച്ചു. ഭയത്തെ സൗന്ദര്യശാസ്ത്രപരമായി ആഖ്യാനം ചെയ്യാൻ മതങ്ങൾ വ്യത്യസ്തരീതികൾ പുലർത്തിപ്പോരുന്നുണ്ട്. ജീവിതത്തിൽ യുക്തിക്കു വഴങ്ങാത്ത പല സംഗതികളും അവിചാരിതമായി നടക്കുക സാധാരണമാണ്. വ്യത്യസ്ത മതവിഭാഗക്കാർ അവയെ ദൈവകേന്ദ്രിതമായും വിശ്വാസകേന്ദ്രിതമായും വ്യാഖ്യാനിക്കാൻ ശ്രമിക്കുകയാണ് ചെയ്യുന്നത്. അല്ലെങ്കിൽ അമാനു-

ഷമായ ശക്തിവിശേഷമായി അവയെ അടയാളപ്പെടുത്താനാണ് ശ്രമിക്കുക. ഹിന്ദുമതത്തിലും ക്രിസ്തുമതത്തിലും പ്രേത-ഭയജന്യകഥകളുടെ എണ്ണം താരതമ്യേന അധികരിച്ചു കാണാം. പ്രകൃതിയിലെ സർവ്വചരാചരങ്ങളിലും നിഗൂഢമായ ഒരു ശക്തിവിശേഷം ഉറങ്ങിക്കിടക്കുന്നുണ്ട്. ഇന്ത്യയിൽ, ആദിമമതപുരോഹിതർ മൃഗങ്ങളുടെ തോല്പല്ലുകൊണ്ടുള്ള മാല, എല്ലുകൾ, തലയോട്ടികൾ, ഇലകൾ എന്നിവ ആഭരണമായി ധരിച്ചിരുന്നു. അവ വിശ്വാസത്തിന്റെ ഭാഗം കൂടിയായിരുന്നു.

മാന്ത്രികവിദ്യയും താന്ത്രികവിദ്യയും പരസ്പരബന്ധമുണ്ട്. ദേവപൂജയുമായി ബന്ധപ്പെട്ട മന്ത്രകർമങ്ങളാണ് താന്ത്രികകർമങ്ങൾ. പലപ്പോഴും മാന്ത്രികന്റെ വിജയത്തിന് താന്ത്രികവിദ്യകൾ കൂടി സ്വീകരിക്കാറുണ്ട്. പിണിയാളിൽ (ബാധയേറ്റആൾ) വൈകാരികചലനമുണ്ടാക്കാൻ അവയ്ക്കു കഴിയുമത്രേ. ബലിയുഴിച്ചിൽ, തിരിയുഴിച്ചിൽ, കുരുതിയുഴിച്ചിൽ, അരിയുഴിച്ചൽ, തോലുഴിച്ചൽ എന്നിങ്ങനെ പലതരം താന്ത്രികമാന്ത്രികപ്രയോഗങ്ങൾ സമൂഹത്തിൽ നിലനില്ക്കുന്നു. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള വൈകാരികച്ചേർച്ചയാണ് തന്ത്രശാസ്ത്രത്തിന്റെ അടിസ്ഥാനം. ദൈവിക-പ്രകൃതിശക്തികളോട് ഇണങ്ങിച്ചേരാൻ സമൂഹജീവിയായ മനുഷ്യൻ ചെയ്ത പരിശ്രമത്തിന്റെ ഫലമാണ് തന്ത്രശാസ്ത്രം. പ്രകൃതി-പുരുഷദ്വന്ദ്വകല്പനയുടെ വ്യവസ്ഥയിൽ ഗൂഢമായ ജ്ഞാനനിർവചനമാണ് തന്ത്രസാധനയുടെ അടിസ്ഥാനം.

വാമൊഴിപാരമ്പര്യത്തിൽ, മാന്ത്രികവിദ്യകളുടെയും നിഗൂഢവിദ്യകളുടെയും ഭൂതപ്രേതപിശാചുക്കളുടെയും യക്ഷികളുടെയും കഥകളുടെ അക്ഷയമായ പാരമ്പര്യം കാണാവുന്നതാണ്. അവയിൽ പലതും രേഖപ്പെടുത്തിയിട്ടില്ല. നാട്ടറിവുശേഖരത്തിൽനിന്നാണ് മാന്ത്രികപാരമ്പര്യത്തെ സാഹിത്യത്തിലേക്ക് സ്വീകരിച്ചത്. പുള്ളുവൻപാട്ട്, കുറുന്തിരിപ്പാട്ട്, സർപ്പപ്പാട്ട്, ഗന്ധർവ്വൻപാട്ട്, (കെന്ത്രോൻപാട്ട്), കളംപാട്ട്, മലയൻകെട്ട്, തെയ്യാട്ടം, കോലം തുള്ളൽ തുടങ്ങിയ അനുഷ്ഠാനകലകളെല്ലാം ഒരർത്ഥത്തിൽ

മന്ത്രവാദപരമാണ്. നാഗം, പക്ഷി, ഭൂതപ്രേതപിശാചുക്കൾ, യക്ഷഗന്ധർവ്വന്മാർ എന്നിവയ്ക്കുള്ള ബലിയും ഉച്ചാടനകർമങ്ങളുമാണവ (2007: 52).

പ്രാകൃതമനുഷ്യനെ കിടിലംകൊള്ളിക്കുന്ന പ്രകൃതിശക്തികളാകുന്ന ഭീകരസത്വങ്ങളെ അകറ്റാനും മെരുക്കാനും ശത്രുക്കളെയും വന്യമൃഗങ്ങളെയും രോഗങ്ങളെയും മരണത്തെത്തന്നെയും അടിമപ്പെടുത്താനും ഉദ്ദേശിച്ചുകൊണ്ടുള്ള മന്ത്രതന്ത്രങ്ങളും ആഭിചാരകർമ്മങ്ങളുമായിട്ടാണ് കലയും സാഹിത്യവും രംഗപ്രവേശം ചെയ്തിട്ടുള്ളത് (എൻ.-എൻ. പിള്ള. 1983: 207). വിശ്വാസവും ആചാരവും ശക്തമായ സ്വാധീനം ചെലുത്തുന്ന പൊതുസമൂഹത്തിനകത്താണ് മാന്ത്രികനോവലിന്റെ വായനയും സാധ്യമാകുന്നത്. മലയാളത്തിലെ മാന്ത്രികനോവൽ അഥർവ്വവേദത്തെ അടിസ്ഥാനമാക്കിയുള്ള മന്ത്രപാരമ്പര്യത്തെ ഉൾക്കൊള്ളുന്നവയാണ്. കഥാപാത്രസൃഷ്ടി, സംഭാഷണം, പെരുമാറ്റങ്ങൾ, വർണ്ണനകൾ, സംഭവങ്ങളുടെ അനുക്രമമായ വികാസം എന്നിവയെ ഭയോദ്ദീപകമാംവിധം സൗന്ദര്യാത്മകമായി വിനിവേശിപ്പിക്കുവാൻ പരിശ്രമിക്കുന്ന നോവൽസ്വരൂപമായി മാന്ത്രികനോവലിനെ വിലയിരുത്താവുന്നതാണ്. നാടോടിജീവിതഘടനയിൽ വ്യാപിച്ചുകിടക്കുന്ന മാന്ത്രികപാരമ്പര്യങ്ങളുടെയും നാട്ടുവിശ്വാസങ്ങളുടെയും, ഭൂമികതന്നെയാണ് മാന്ത്രികനോവലെഴുത്തുകാരും സ്വീകരിക്കുന്നത്.

20–ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാണ് ആധുനികകലാദർശനങ്ങൾ മലയാളത്തിൽ പ്രചരിക്കുന്നത്. കവിതയിലും കഥയിലും നോവലിലും നിരൂപണത്തിലും ചിത്രകലയിലുമെല്ലാം അവ ശക്തമായ സ്വാധീനം ചെലുത്തി. പുതിയ ഭാഷ, ബിംബാവലികളുടെ പ്രയോഗം, പുതിയ സൗന്ദര്യദർശനം, സാക്ഷിത്വം, അയുക്തികത, ദാർശനികത, ദുരന്തബോധം, അസ്തിത്വദർശനം, അന്യഥാബോധം, നിർവ്യക്തിപരത, നാഗരികബോധം എന്നിങ്ങനെയുള്ള ഘടകങ്ങളുടെ വിനിവേശംകൊണ്ട് ആധുനികകാലത്തെ രചനകൾ വ്യത്യസ്തമായി നിന്നു. പുതിയ പ്രമേയങ്ങളും ഇതിവൃത്തങ്ങളും പ്രതി-

പാദനസമ്പ്രദായങ്ങളും പ്രത്യക്ഷപ്പെട്ടതോടെ കലാസങ്കല്പങ്ങളിൽത്തന്നെ വലിയ പൊളിച്ചെഴുത്തു സംഭവിച്ചു.

പാരമ്പര്യത്തെ അടിമുടി തകർത്തുകൊണ്ടാണ് പാശ്ചാത്യലോകത്ത് ആധുനികതാവാദം വേരോടിയത്. പക്ഷേ, മലയാളത്തിൽ പാരമ്പര്യത്തെ പുതിയ രീതിയിൽ വായിക്കാനുള്ള ശ്രമമാണു നടന്നതെന്നു പറയാം. നാഗരികതയോടുള്ള കലഹം മലയാളത്തിലെ ആധുനികതാവാദത്തിന്റെ പ്രധാന സംവാദബിന്ദുവായിരുന്നുവെന്നു കാണാം. ഇക്കാലത്താണ് സമാന്തരസാഹിത്യം എന്നു വിളിക്കാവുന്ന തരത്തിൽ അനേകം വാരികകളിലൂടെ ജനപ്രിയസാഹിത്യം രംഗപ്രവേശംചെയ്യുന്നത്. അതോടെ ഗൗരവമുള്ള വായന/നേരമ്പോക്കു സാഹിത്യം എന്നിങ്ങനെയൊരു വേർതിരിവ് ഇവിടെയുണ്ടായി. വിചാരപരമായ ലോകങ്ങളായിരുന്നു ഗൗരവവായനയ്ക്കു കല്പിച്ചു നല്കിയിരുന്നത്. ക്ഷുദ്രമെന്നും അതിവൈകാരികമെന്നും മുദ്രകുത്തി ജനപ്രിയാഖ്യാനങ്ങളെ ഇകഴ്ത്താനാണ് അക്കാലത്ത് നിരൂപകർപോലും ശ്രമിച്ചത്. മാന്ത്രികനോവലുകൾ ഈ വൈകാരികമണ്ഡലത്തിന്റെ പ്രക്ഷുബ്ധവും ഭയജനകവുമായ കഥാമാതൃകകളായിത്തീർന്നു. സമകാലത്തോടോ സാമൂഹികജീവിതത്തിലെ സംഘർഷഭരിതമായ അനുഭവങ്ങളോടോ വികസ്വരമായ മനുഷ്യവംശത്തോടോ അല്ല അവ സംസാരിച്ചത്. ഭൂതകാലത്തിൽനിന്ന് ഓരോ മനുഷ്യനിലേക്കും ഒഴുകിയെത്തുന്ന സാംസ്കാരികമൂലകങ്ങളുടെ വ്യത്യസ്ത ചേരുവകളുപയോഗിച്ച് പുതിയൊരു കഥാകഥനരീതി ഉണ്ടാക്കുകയാണ് ഈ എഴുത്തുകാർ ചെയ്തത്. ഒരർഥത്തിൽ പുതുമ/പഴമ, യുക്തി/വിശ്വാസം എന്നുതുടങ്ങി ആധുനികതാവാദം ഉത്പാദിപ്പിച്ച ദ്വന്ദ്വകല്പന(Dichotomy)യുടെ, ഉഭയഭാവന(Ambivalence)യുടെ ദുർബലപ്രതലങ്ങളെ നിശ്ശബ്ദമായി ഉപയോഗിച്ചുകൊണ്ട്, നിഷേധസ്വാധീനതയിലൂടെ പുതിയൊരു ആഖ്യാനാനുഭവം ഒരുക്കുകയാണ് മാന്ത്രികനോവലുകൾ.

### 1. 4. 2. 2. നിർമാണതലം – ഭാഷ, ഭാവന, ഭാവുകത്വം

ഭ്രമാത്മകതയുടെയും യാഥാർഥ്യത്തിന്റെയും പ്രതീതിയുളവാക്കും വിധമുള്ള ആഖ്യാനമാണ് മാന്ത്രികനോവലിന്റേത്. അതിയാഥാർത്ഥ്യത്തെ അവതരിപ്പിക്കുന്നതിന് യാഥാർത്ഥ്യത്തിന്റെ ഭാഷ ഉപയോഗിക്കുക, അതിഭീതി സൃഷ്ടിക്കുന്നതിന് ഭാഷയിലും ഭാവനയിലും സൂക്ഷ്മമായ ദൃശ്യരചനാതന്ത്രങ്ങൾ പ്രയോഗിക്കുക തുടങ്ങിയ സങ്കേതങ്ങളാണ് അവ അനുവർത്തിക്കുന്നത്. ഇതിവൃത്തം, പ്രമേയം, കഥാപാത്രരചന, സ്ഥലകാലം എന്നിവയിൽ സാധാരണനോവലുകളുടെ രചനാസങ്കേതം തന്നെയാണ് മാന്ത്രികനോവലിലും കാണുന്നത്. യഥാതഥമായ ഭാഷ ഉപയോഗിച്ച് തികച്ചും കാല്പനികമായ ഒരു പ്രമേയത്തെ അവതരിപ്പിക്കുകയാണ് ഇത്തരം നോവലുകൾ ചെയ്യുന്നത്.

അനുക്രമമായി വികസിക്കുന്ന സംഭവപരമ്പരയോടുകൂടിയ ഒരു കഥയുടെ ആഖ്യാനമാണ് മാന്ത്രികനോവൽ. പ്രശ്നാധിഷ്ഠിതമായ സാമൂഹികജീവിതം, പാപചിന്ത, അനിവാര്യമായ വിധിവിശ്വാസം, വൈകാരികചോദന, രതിയോടുള്ള മമത, മരണഭയം, അധികാരം തുടങ്ങിയ ഘടകങ്ങൾ ഇതിവൃത്തത്തിനുള്ളിൽ മെല്ലെമെല്ലെ ചുരുൾ നിവർന്നുവരുന്നു. വിശ്വാസത്തിലധിഷ്ഠിതമായ കല്പിതമായ ഒരു ഇതിവൃത്തമാണ് ഇത്തരം നോവലുകൾ കൈകാര്യം ചെയ്യുന്നത്. കഥാപാത്രങ്ങൾക്ക് ജീവിച്ചിരിക്കുന്ന മനുഷ്യരുടെ ഛായ, വായനക്കാരന്റെ ഗൃഹപരിസരത്തെ ഓർമ്മപ്പെടുത്തൽ, വിശ്വാസത്തെ ഊട്ടിയുറപ്പിക്കാനുള്ള സങ്കേതങ്ങളുടെ വിന്യാസം, വിധിയിലുള്ള മനുഷ്യന്റെ നിസ്സഹായത, സ്ത്രീയെ ഭോഗവസ്തുവായി കാണുന്ന നാഗരികത, വഞ്ചന, പ്രതികാരം, മന്ത്രതന്ത്രങ്ങളുടെ സ്വീകരണം, ആഭിചാരകർമ്മങ്ങൾ, ശത്രുവിനെ നിലയ്ക്കു നിർത്തൽ എന്നുതുടങ്ങിയുള്ള സവിശേഷതകൾ മാന്ത്രികനോവലുകൾ പിന്തുടരുന്നു. സംഘർഷത്തിന്റെ ഉത്ഭവവും വളർച്ചയും അതിന്റെ ഗതിയോടൊപ്പം സ്ഥൂലത്തിൽനിന്നു സൂക്ഷ്മത്തിലേക്കു വ്യാപിക്കുന്ന ഇതിവൃത്തഘടനയും സംഘർഷത്തിനു സിദ്ധിക്കുന്ന നാടകീ-

യപരിണാമവും പരിഹാരവും സാമാന്യേന മറ്റു രചനകൾക്കെന്നപോലെ മാന്ത്രികനോവലുകൾക്കും കാണാം.

മാന്ത്രികനോവലുകളിലെ കഥാപാത്രങ്ങളെല്ലാം വാർപ്പുമാതൃക(type)കൾ തന്നെയാണ്. മിക്ക മാന്ത്രികനോവലിന്റെയും കഥാപാത്രസൃഷ്ടിയിൽ ഏകതാനസ്വഭാവമാണുള്ളത്. തറവാട്ടിലെ കാരണവർ പ്രതാപകാലത്ത് ചെയ്തുപോയ പാപം, പിന്നീട് ഒരു തലമുറയെത്തന്നെ വേട്ടയാടുന്ന തരത്തിൽ വളർന്നുവരുന്നു.

ഭാവാന്തരീക്ഷം, വാങ്മയദൃശ്യം, പ്രകൃതികല്പന, ഉപജീവിക്കുന്ന മാന്ത്രികപാരമ്പര്യം തുടങ്ങിയവയിൽ ആവർത്തനം വരുന്നുണ്ടെങ്കിലും ഭയത്തിന്റെ സൗന്ദര്യം പ്രക്ഷേപിക്കാൻ പര്യാപ്തമാണിവയിലെ ആഖ്യാനരീതി. ഭാവനയിലൂടെ മാത്രം കണ്ടിരുന്ന സ്ഥലകാലങ്ങൾക്ക് മാന്ത്രികനോവലിൽ മൂർത്തത കൈവരുന്നു. ഒരു റിയലിസ്റ്റിക് ചിത്രകാരനെപ്പോലെ ഭാവനാസ്ഥലങ്ങളുടെയും ഭാവനാകാലങ്ങളുടെയും മൂർത്തചിത്രങ്ങൾ മാന്ത്രികനോവലിൽ വരച്ചുവയ്ക്കുന്നതു കാണാം. മലയാളത്തിലെ മാന്ത്രികനോവലുകൾക്ക് ഭാഷാപരമായും ഭാവനാപരമായും ഭാവുകത്വപരമായും താഴെ പറയുന്ന സ്വരൂപഘടനകളും വിശേഷഭാവങ്ങളും കാണാനാവും.

പാശ്ചാത്യ ഗോഥിക് നോവലിന്റെ ചുവടുപിടിച്ചുകൊണ്ടുള്ള ഭൂതപ്രേതപിശാചുക്കളുടെ കഥപറയുന്ന രീതി അറിഞ്ഞോ അറിയാതെയോ എഴുത്തുകാരൻ പിന്തുടരുന്നു. അപസർപ്പകനോവലുകളുടെ പരിചരണരീതി സ്വീകരിച്ചുകൊണ്ട്, വായനക്കാരന്റെ ജിജ്ഞാസയെ ശമിപ്പിക്കുംവിധമുള്ള പ്രമേയഘടന മാന്ത്രികപരിസരത്തിൽ ഘടിപ്പിക്കുന്ന രീതി മലയാളത്തിൽ വ്യാപകമായി കാണാം. കുറ്റകൃത്യം അന്വേഷിക്കുന്ന പ്രക്രിയയ്ക്കാണ് അപസർപ്പണം എന്നു പറയുന്നത്. അന്വേഷിക്കുന്ന ആൾ അപസർപ്പകൻ. അപസർപ്പകനോവലിലെന്നപോലെ നിയന്ത്രിതമായ ജ്ഞാനനിവേദനമാണിതിൽ നടക്കുന്നത്. ഒറ്റയടിക്ക് വായനക്കാരന്റെ മുമ്പിൽ എല്ലാ വസ്തുക്കളും വെളിപ്പെടുത്തിയാൽ വായനക്കാരന് അതോടെ ആ കഥയിൽ താത്പര്യമില്ലാതാകും. അതുകൊ-

ണ്ട് വേണ്ട സമയത്ത് അല്പാല്പമായി വിവരങ്ങൾ നല്കി വായനക്കാരന്റെ താത്പര്യം നിലനിർത്തുക പ്രധാനമാണ്. മാന്ത്രികനോവൽ അതിന്റെ ആഖ്യാനത്തിൽ സംഭവങ്ങളെ വ്യത്യസ്ത സീനുകളായി കോർത്തിണക്കിയ ദൃശ്യാനുഭവമാണ് വായനക്കാരനിലേക്കു പകരുന്നത്.

പരിണാമഗുപ്തിയിലൂടെ കഥാരഹസ്യത്തെ വായനക്കാർക്കു നല്കുന്ന ആഖ്യാനരീതിയാണ് പൊതുവെ ഇത്തരം നോവലുകളിൽ അനുവർത്തിക്കുന്നത്. വായനക്കാരന്റെ ആകാംക്ഷയെ പൂർത്തീകരിക്കുവാൻ ഇനിയെന്തു സംഭവിക്കുമെന്ന ഉത്കണ്ഠ നിലനിർത്തി നിർവഹണസന്ധിയിലെത്തുന്നതുവരെ പരിണാമം എന്തായിരിക്കുമെന്ന സന്ദേഹം വായനക്കാരനെ അലട്ടിക്കൊണ്ടിരിക്കുന്നു. വായനക്കാർക്ക് രസം പകരുക എന്ന കേവലധർമ്മത്തിലധിഷ്ഠിതമാണ് മന്ത്രവാദനോവലുകൾ.

സന്മന്ത്രവാദവും ദുർമന്ത്രവാദവും തമ്മിലുള്ള സംഘട്ടനമാണ് മിക്കതിന്റെയും കേന്ദ്രബിന്ദു. കേരളീയനാടോടിക്കഥകളിലെ പ്രധാന കഥാപാത്രങ്ങളിലൊന്നായ യക്ഷികൾ മുഖ്യകഥാപാത്രമായിവരുന്ന നോവലുകളാണവ. അപൂർവമായി മാത്രം ക്രൈസ്തവപാരമ്പര്യം ഉൾക്കൊള്ളുന്ന പ്രേതകഥകൾ വിഷയമാകുന്ന നോവലുകൾ പുറത്തുവന്നിട്ടുണ്ട്.

പ്രകൃതിയുടെ വിഭ്രാമകഭാവങ്ങളിലേക്കും പ്രണയാനുഭവങ്ങളുടെ അപ്രതീക്ഷിതഗതിഭേദങ്ങളിലേക്കും കാമത്തിന്റെ പുരുഷാധിപത്യലോകങ്ങളിലേക്കും ഭ്രമാത്മകതയുടെ അതീന്ദ്രിയാനുഭവങ്ങളിലേക്കും മൃത്യുവിന്റെ അദൃശ്യസ്ഥലികളിലേക്കും വായനക്കാരനെ നയിക്കുന്ന ഭാഷാരീതിയാണ് മാന്ത്രികനോവലിസ്റ്റുകൾ സ്വീകരിക്കുന്നത്.

മലയാളമാന്ത്രികനോവലിന്റെ പശ്ചാത്തലം ഇന്നലെയുടെ സാമൂഹ്യജീവിതത്തിലെ വിശ്വാസത്തിൽ അധിഷ്ഠിതമാണ്. ഉച്ചാടനം, ആവാഹനം, സന്മന്ത്രവാദം, ദുർമ്മന്ത്രവാദം എന്നിവയും ആഭിചാരകർമ്മങ്ങളും കൂടിക്കലർന്ന ഭാവനാലോകമാണ് മല-

യാളമാന്ത്രികനോവലിനെ വേർതിരിച്ചു നിർത്തുന്നത്. ഭാവനയുടെ ലോകത്തിലൂടെ പ്രതീതിയാഥാർത്ഥ്യത്തിന്റെ മറ്റൊരു ലോകം മാന്ത്രികനോവലുകൾ വായനക്കാർക്കു മുമ്പിൽ കാഴ്ചവയ്ക്കുന്നു.

നോവൽശീർഷകങ്ങൾ പലപ്പോഴും കഥയുടെ ഘടനയെ നിർണ്ണയിക്കുന്നുണ്ട്. മൂർത്തസ്വഭാവം കൈവരുന്ന ശീർഷകങ്ങളാണ് മിക്കപ്പോഴും മാന്ത്രികനോവലുകൾക്കു കാണുന്നത്. ജനപ്രിയസാഹിത്യമാസികകളും ആനുകാലികങ്ങളും സൃഷ്ടിക്കുന്ന ജനകീയ ആസ്വാദ്യതയുടെ ഘടകങ്ങൾ പൊതുവെ അവ സ്വീകരിച്ചുവരുന്നുണ്ട്. സചിത്രവിവരണമാണ് മാന്ത്രികനോവലിന് ഇത്തരം ജനപ്രിയവാരികകൾ സ്വീകരിച്ചുവരുന്നത്. ഇതിവൃത്തഘടനയിൽ, പ്രമേയാവതരണത്തിൽ, കഥാപാത്രസൃഷ്ടിയിൽ, ബാഹ്യപ്രപഞ്ചകല്പനകളിൽ എല്ലാം വരയുടെ സൂക്ഷ്മരചനാതന്ത്രം അവ പ്രയോഗിക്കുന്നതു കാണാം.

### 1. 4. 2. 3. പ്രചലിതതലം – സമൂഹം, ചരിത്രം, രാഷ്ട്രീയം

പുരുഷന്റെ ആഗ്രഹപൂർത്തീകരണത്തിന് വഴങ്ങേണ്ടവളാണ് സ്ത്രീയെന്ന യാഥാസ്ഥിതികഭാവന തന്നെയാണ് മാന്ത്രികനോവലുകൾ പങ്കുവയ്ക്കുന്നത്. ഒടുവിൽ മരണത്തിലൂടെ അസ്തിത്വം സ്ഥാപിച്ചെടുക്കാൻ വിഫലശ്രമം നടത്തുന്നു, അവൾ. ക്രൂരമായ പ്രതികാരദാഹം പേറുന്നവളായി പിന്നീട് അവൾ പരിണമിക്കുന്നു. സ്ത്രീയുടെ ചിന്തയുടെയും ശക്തിയുടെയും രണ്ടു മുഖങ്ങൾ അവതരിപ്പിക്കുമ്പോഴും പുരുഷബോധത്താൽ സൃഷ്ടിക്കപ്പെട്ട സ്ത്രീ കഥാപാത്രങ്ങളെയാണ് ഈ നോവലുകളിൽ കാണാനാകുന്നത്. ലൈംഗികതയുടെയും മാദകസൗന്ദര്യത്തിന്റെയും ഭ്രമിപ്പിക്കുന്ന സൃഷ്ടികളായി സ്ത്രീകളെ അവയിൽ ചിത്രീകരിക്കുന്നു. തറവാട്, അതിന്റെ ആഭിജാത്യം, ആഭിചാരകർമ്മങ്ങൾ, മന്ത്രതന്ത്രപ്രയോഗം, ഉഗ്രമൂർത്തീരൂപങ്ങൾ, പൈശാചികഭാവനകൾ, സത്വരജസ്തമോഗുണപ്രധാനരായ കഥാപാത്രങ്ങൾ, സ്ത്രീയോടുള്ള ലൈംഗികതയിൽ അധിഷ്ഠിതമായ സമീപനം എന്നിവ നോവലിലെ പ്രമേയതലത്തിൽ വരുന്ന പൊതുഘടകങ്ങളാണ്.

അഥർവ്വവേദത്തിലെ മന്ത്രവാദഘടകങ്ങളാണ് ഇത്തരം നോവലുകൾ രചനയ്ക്കുള്ള പ്രാഥമികോപകരണങ്ങളായി സ്വീകരിക്കുന്നത്. ഭൂതകാലത്തിൽ ചെയ്തുപോയ പാപം, അത് വേട്ടയാടുന്ന മനസ്സ്, പ്രതികാരനിർവഹണം, കുറ്റാന്വേഷണം തുടങ്ങിയ സ്ഥിരം കഥനശൈലി മിക്ക നോവലുകളും സ്വീകരിക്കുന്നതു സ്വീകരിക്കുന്നതു കാണാം.

കേരളീയമാന്ത്രികനോവലുകൾ സവർണ്ണബിംബങ്ങൾ നിറഞ്ഞ ആഖ്യാനമണ്ഡലമാണ്. കേരളത്തിലെ തറവാട്, ഇല്ലം, മണിമാളിക, മന തുടങ്ങിയവ പ്രധാന സ്ഥലപരിസരമായി നോവലുകളിൽ കടന്നുവരുന്നു. ആചാരവിശ്വാസത്തിലധിഷ്ഠിതമായ ഇത്തരം ഇടങ്ങളിലെ മനുഷ്യരുടെ ഗോപ്യമാക്കപ്പെട്ട ജീവിതകാമനകളുടെ ആഖ്യാനമാണ് മാന്ത്രികനോവലിൽ പൊതുവെ കാണുന്നത്. കേരളീയസംസ്കാരത്തിന്റെ ചിഹ്നങ്ങളായി പരിഗണിക്കാവുന്ന കൂട്ടുകുടുംബം, തറവാട് എന്ന സവിശേഷസ്ഥാപനം, ജാതിവ്യവസ്ഥ, കാവും പരിസരവും എന്നുതുടങ്ങിയ ഘടകങ്ങൾ മന്ത്രവാദനോവലിൽ സുലഭമായി കാണാം. യാഥാസ്ഥിതികവും മന്ത്രവാദാത്മകവും മതാത്മകവുമായ ബ്രാഹ്മണ്യത്തിന്റെ സവർണ്ണഹൈന്ദവതയിലേക്കുള്ള സഞ്ചാരം ഇത്തരം നോവലുകളിൽ പ്രകടമാണ്. ഗതകാലത്തിന്റെ ചരിത്രാംശങ്ങൾ, ദേശാധിഷ്ഠിതസാമൂഹികജീവിതത്തിന്റെ അടയാളങ്ങൾ, പ്രാദേശികഭാഷയുടെയും ഭാഷണത്തിന്റെയും പ്രത്യേകതകൾ തുടങ്ങിയ മണ്ഡലങ്ങളിലും ഒട്ടേറെ വൈവിധ്യം ഈ സാഹിത്യജനുസ്സിൽ കാണാം.

പ്രകൃതിയുടെ വന്യസൗന്ദര്യത്തെ അതിന്റെ രാഷ്ട്രീയേതരപശ്ചാത്തലത്തിൽ ചിത്രീകരിക്കാനാണ് മാന്ത്രവാദനോവലുകൾ ശ്രമിച്ചുപോരുന്നത്. സർപ്പക്കാവിനെ നിഗൂഢമായ പ്രകൃതിയുടെ ആദിമ ഇടങ്ങളായി നോവലിൽ ഉയർത്തിക്കാണിക്കുന്നു. മനുഷ്യന്റെ ആദിമവികാരമായ ഭയത്തിന്റെയും ഭീതിയുടെയും ഉറവിടമായി ഇത്തരം നിബിഡവനപ്രദേശം നോവലിൽ വർണ്ണിക്കപ്പെടുന്നുണ്ട്. കരിമ്പന, ആൽ, പാല തുടങ്ങിയ വൃക്ഷങ്ങൾ മലയാളത്തിൽ ധാരാളം മിത്തുകൾ ഉല്പാദിപ്പിച്ചിട്ടുള്ള വൃക്ഷങ്ങളാണ്.

അവയെ ഈ നോവലുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം വൃക്ഷങ്ങൾ ഭയം ജനിപ്പിക്കുന്ന ഭൂതകാലത്തിന്റെ ഓർമ്മകൾ മുന്നോട്ടുവച്ച്, പ്രേതഭാവനയുടെ ഭ്രമാത്മകലോകങ്ങൾ വായനക്കാരനു നല്കാൻ കഴിവുള്ളവയായി മാറുന്നു.

മന്ത്രവാദനോവലിലെ സ്ഥലകാലങ്ങൾ യുക്ത്യതീതമാണ്. നമുക്കു പരിചിതമായ ഭൗതികക്രമങ്ങൾക്കു പുറത്താണ് സ്ഥലരാശിയെങ്കിലും ആഖ്യാനതന്ത്രത്തിന്റെ സവിശേഷതകൾകൊണ്ട് അയുക്തികതയെ ചോദ്യം ചെയ്യാതെ സ്വീകരിക്കാൻ വായനക്കാരൻ നിർബന്ധിതനാകുന്നു. നോവലിൽ പ്രവേശിക്കുന്നതോടെ വായനക്കാരൻ പുതിയ സ്ഥലരാശിയിലേക്കു പ്രവേശിക്കുകയാണ്. ആ ലോകം യാഥാർത്ഥ്യത്തിന്റെയും യുക്തിയുടെയും ലോകമല്ല. മാന്ത്രികനോവലിലെ സ്ഥലകാലങ്ങൾ ഈ ഗണത്തിൽപെടുവയാണ്.

പുരുഷൻ, സ്ത്രീ, എതിർസാഹചര്യം എന്ന ത്രികോണവും നന്മ-തിന്മ ദ്വന്ദ്വവുമാണ് മാന്ത്രികനോവലുകളിലെ സ്ഥിരം ഘടകം. മൂല്യബോധത്തിന്റെ അനാശാസ്യകരമായ ലളിതവത്കരണപ്രവണത മാന്ത്രികനോവലിൽ ഉടനീളം കാണാം. സ്ത്രീശരീരാസ്പദമായ സൗന്ദര്യസങ്കല്പം സമൂഹത്തിൽ നിലനില്ക്കുന്നുണ്ടെന്ന രീതിയിൽ സ്ത്രീശരീരത്തിന്റെ വ്യാഖ്യാനശാസ്ത്രങ്ങളായി മാന്ത്രികനോവൽ പലപ്പോഴും മാറുന്നുണ്ട്. ശരീരത്തെ കേന്ദ്രീകരിക്കുന്ന അധികാരത്തിന്റെ സൂക്ഷ്മതന്ത്രങ്ങൾ പ്രയോഗിക്കപ്പെടുന്ന മേഖലയാണ് ഭാഷ. മാന്ത്രികനോവലിൽ ഇത്തരം ഭാഷയുടെ ധാരാളിത്തം പ്രകടമാണ്.

ദൃശ്യാഖ്യാനം പകരുന്ന കല്പനകൾ, പ്രേതങ്ങൾ, ശവംതീനിപിശാചുക്കൾ, ഭൂതങ്ങൾ, മായാരൂപികൾ, കുട്ടിച്ചാത്തന്മാർ, രാത്രിസമയത്ത് പ്രത്യക്ഷപ്പെടുന്ന നല്ലതും തീയതുമായ ശക്തികൾ, വാസ്തവാതീതമോ ഇന്ദ്രിയവേദ്യാതീതമോ ആയ വസ്തുക്കൾ, പേടിയും പരിഭ്രമവും ജനിപ്പിക്കുന്നവ, ഭൂതാവിഷ്ടവും അലൗകികമായവ, വാസ്തവവിരുദ്ധശക്തികളുടെ അനുഭവം പകരുന്നവ തുടങ്ങിയ കാര്യങ്ങളെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊ-

രുതരത്തിൽ പ്രയോജനപ്പെടുത്തുന്ന പ്രമേയത്തെയാണ് മാന്ത്രികനോവലുകൾ പതിവായി സ്വീകരിക്കാറുള്ളത്.

### 1. 4. 2. 4. സാക്ഷാത്കാരതലം – ജനപ്രിയമൂലകങ്ങൾ

ജനപ്രിയം, വരേണ്യം എന്നിങ്ങനെയുള്ള രണ്ടുതരം സാഹിത്യസാംസ്കാരികപാരമ്പര്യത്തിൽ ധാരാളം കൊടുക്കൽ വാങ്ങലുകൾ നടന്നിട്ടുണ്ട്. ഉത്തമസാഹിത്യത്തിന്റെ അടയാളങ്ങളായി നാം ഇന്നു വാഴ്ത്തുന്ന പല കൃതികളും ഒരുകാലത്ത് ജനപ്രിയസാഹിത്യത്തിന്റെ ഉത്തമമാതൃകകളായിരുന്നു. പലപ്പോഴും വർത്തമാനകാല സംസ്കാരത്തിന് അനുരൂപമായ രീതിയിൽ ഭൂതകാലസംസ്കാരത്തെ വായിച്ചെടുക്കുകയോ പുനരുത്പാദിപ്പിക്കുകയോ ആണ് സാംസ്കാരികചരിത്രം ചെയ്യുന്നത്.

ഒരു സമൂഹത്തിലെ ജനങ്ങൾ പൊതുവെ പങ്കുവെക്കുന്ന മൂല്യങ്ങളുടെയും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ഇതര പ്രതീകാത്മകവൃത്തികളുടെയും സമുച്ചയമാണ് ജനപ്രിയസംസ്കാരം. ജനകീയതയാണതിന്റെ അടിസ്ഥാനം. സാംസ്കാരികോത്പന്നങ്ങൾ എങ്ങനെ സമൂഹത്തിൽ വിനിമയം ചെയ്യപ്പെടുന്നു എന്നതും അർത്ഥോത്പാദനത്തെ നിയന്ത്രിക്കുന്ന സാമൂഹികഘടകങ്ങൾ ഏതൊക്കെയാണെന്നതുമാണ് ജനപ്രിയസംസ്കാരം പഠനവിധേയമാക്കുന്നത്. കലാമൂല്യങ്ങളെക്കുറിച്ചുള്ള മുൻധാരണകൾ ഒഴിവാക്കിക്കൊണ്ട് ജനപ്രീതിനേടുന്ന സിനിമകളും നോവലുകളും ടെലിവിഷൻ പരമ്പരകളും വിശകലനം ചെയ്താൽ വ്യക്തമാകുന്ന കാര്യം വരേണ്യകലകളിൽനിന്നു വ്യത്യസ്തമായി, സമൂഹത്തിനുള്ളിൽതന്നെ നിലയുറപ്പിച്ചു കൊണ്ടാണ് അവ അനുവാചകന്റെ കർതൃത്വങ്ങളെ രൂപപ്പെടുത്തുന്നതെന്നതാണ്. ഒരേ കൃതി വ്യത്യസ്ത സാഹിത്യചരിത്രഘട്ടങ്ങളിൽ വായിക്കപ്പെടുമ്പോൾ വ്യത്യസ്തമായ അർത്ഥം ലഭിക്കുന്നത് കൃതികളുടെ ചരിത്രപരതയെയാണ് സൂചിപ്പിക്കുന്നത്. സമൂഹത്തിൽ നിലനില്ക്കുന്ന യഥാർത്ഥസംഘർഷത്തെ അയഥാർത്ഥമായ ഒരു തലത്തിൽ പരിഹരിക്കുകയാണ് സാഹിത്യകൃതികൾ ചെയ്യുന്നത്.

"സാമാന്യജനങ്ങൾ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന സംസ്കാരത്തെയാണ് ജനപ്രിയസംസ്കാരം എന്നു വിളിക്കുന്നത്. ഉന്നത സംസ്കാരിക സങ്കല്പനങ്ങളുടെ അപചയമായിട്ടാണ് ആധുനികത ജനപ്രിയസംസ്കാരത്തെ നോക്കി കാണുന്നത്..." (ഭാഷാപോഷിണി, 2005:ലക്കം63). ബഹുജന(Mass)ത്തിന്റേത്, ജനങ്ങൾക്കു പ്രിയപ്പെട്ടത് (Popular) എന്നിങ്ങനെയും അതിനർഥം പറയാം. ഒരുപാടുപേർ ഇഷ്ടപ്പെടുന്നത്, താഴ്ന്ന തരം സൃഷ്ടികൾ, ജനങ്ങളുടെ പ്രീതി പിടിച്ചുപറ്റാൻ പടച്ചുണ്ടാക്കുന്നത്, ജനങ്ങൾ അവർക്കുവേണ്ടി രൂപപ്പെടുത്തുന്ന സംസ്കാരം എന്നിങ്ങനെ ജനപ്രിയ സംസ്കാരത്തിന് ലഭ്യമായ അർത്ഥവൈവിധ്യം മനസ്സിലാക്കാൻ കഴിയും. (1976; 237).

ജനപ്രിയസംസ്കാരത്തിൽ ജനങ്ങളുടെ അഭിരുചികൾ സോപാധികമായി നിർമ്മിക്കപ്പെടുകയും നിവർത്തിക്കപ്പെടുകയും ചെയ്യുന്നു. നിലനില്ക്കുന്ന സാമൂഹ്യക്രമത്തിന്റെ അനുശീലനത്തിലൂടെയാണ് ഇതു നിർമിക്കപ്പെടുന്നത്. സാമൂഹ്യസാംസ്കാരികനിർമിതിയായ അഭിരുചിയുമായി ബന്ധപ്പെട്ടാണ് ജനപ്രിയത നിലനില്ക്കുന്നത്. ഈ നിർമിതിക്കാവശ്യമായ സാംസ്കാരികവസ്തുക്കളെ പ്രത്യയശാസ്ത്രഉത്പന്നങ്ങളായാണ് സംസ്കാരപഠനങ്ങൾ നോക്കിക്കാണുന്നത്.

ബഹുജനം ബഹുജനസമൂഹം എന്നീ സംജ്ഞകളിലൂടെയാണ് ബഹുജനസംസ്കാരത്തിലേക്ക് നാം എത്തുന്നത്. മുതലാളിത്തം, വ്യവസായവത്കരണം, നഗരവത്കരണം എന്നിവയ്ക്ക് സമാന്തരമായാണ് ബഹുജനസംസ്കാരത്തിന്റെ വളർച്ച. വലിയൊരു വിഭാഗം ജനങ്ങളുടെ സൗന്ദര്യാനുഭവവും ഭാവുകത്വവും സൃഷ്ടിക്കുന്നതും അവരെ തൃപ്തിപ്പെടുത്തുന്നതും ബഹുജനകലകളും സംസ്കാരവുമാണ്.

പാശ്ചാത്യലോകത്ത് ജനപ്രിയസംസ്കാരികപഠനത്തിന്റെ സൈദ്ധാന്തികപശ്ചാത്തലം വിവരിക്കുന്ന ഗ്രന്ഥമാണ് ജോൺ സ്റ്റോറിയുടെ Cultural Theory and Popular Culture: An Introduction. ആധുനികതയുടെ സാംസ്കാരികരൂപമെന്ന നിലയിൽ തുടക്കമിടുകയും ഉത്തരാധുനികഘട്ടത്തിൽ ലോകക്രമത്തിന്റെ സാംസ്കാരികഭാവുക-

ത്വമാവുകയും ചെയ്ത ജനപ്രിയസംസ്കാരം ആൾക്കൂട്ടകല (Mass Art) അഥവാ ജനപ്രിയകല ഇന്ന് ഗൗരവമുള്ള വിഷയമാണ്.

ഒരു സമൂഹത്തിലെ ജനങ്ങൾ പൊതുവെ പങ്കുവയ്ക്കുന്ന മൂല്യങ്ങളുടെയും ആചാരങ്ങളുടെയും വിശ്വാസങ്ങളുടെയും ഇതരപ്രതീകാത്മകവൃത്തികളുടെയും സാമാന്യമായ ആവിഷ്കാരമാണ് ജനപ്രിയസാഹിത്യം (പി.പി.രവീന്ദ്രൻ, 2013:62). ജനപ്രിയസാഹിത്യത്തിന്റെ സൈദ്ധാന്തികവിശകലനമാതൃക പാശ്ചാത്യമാണ്. ഈ മാതൃകകൾ അതേപടി സ്വീകരിച്ചുകൊണ്ട് നമ്മുടെ സാഹിത്യകൃതികളെ വിലയിരുത്താൻ പൂർണമായി കഴിയില്ല. അച്ചടിപ്പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് പാശ്ചാത്യസിദ്ധാന്തങ്ങൾ ജനകീയസാഹിത്യത്തെ മനസ്സിലാക്കാൻ ശ്രമിച്ചത്. പോൾ ദുഗെ വികസിപ്പിച്ചെടുത്ത സംസ്കാരശൃംഖല (Circuit of Culture) എന്ന സങ്കല്പനം ജനപ്രിയസംസ്കാരചർച്ചയിൽ കടന്നുവരാറുണ്ട്. ജനപ്രിയസംസ്കാരം ഉത്പാദനവും ഉപഭോഗവും' (Popular Culture: Production and Consumption, 2011) എന്ന കൃതിയിൽ സി. വി. ഹാരിങ്ടൻ, ഡീസ് ബൽബി എന്നിവർ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്.

ജനപ്രിയസാഹിത്യം എന്ന സങ്കല്പനം തന്നെ സൗന്ദര്യശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവും രാഷ്ട്രീയവുമായ വിവക്ഷകൾ ഉൾക്കൊള്ളുന്നതാണ്. പാഠങ്ങൾ എന്ന നിലയിലല്ല, ഒരു പാരായണരീതി, ഭാവുകത്വം, കഥാപാത്രങ്ങളുടെയും സന്ദർഭങ്ങളുടെയും തലത്തിൽ ആവർത്തിച്ചുവരുന്ന സ്ഥിരരൂപങ്ങൾ എന്നീ നിലകളിലാണ് ജനപ്രിയസാഹിത്യം സാംസ്കാരികചരിത്രത്തിൽ നിലനില്ക്കുന്നത്. കാലത്തെ അതിജീവിക്കുന്നുവെന്നു കരുതുന്ന വരേണ്യസാഹിത്യതത്ത്വങ്ങൾ ഇത്തരം കൃതികളിൽ ദുർലഭമാണ്. കമ്പോളവും ചരിത്രവും ഇത്തരം കൃതികളെ ഏറ്റു വാങ്ങുന്നു. പ്രമേയത്തിന്റെ ലളിതവത്കരണം ഇത്തരം കൃതികളെ 'പൈങ്കിളി'യായി മുദ്രകുത്തി (ഷാജി ജേക്കബ്, 2009: 69).

ജനപ്രിയസാംസ്കാരികപഠനത്തെ ഉത്തരാധുനികത എന്ന തലക്കെട്ടിനു കീഴിലാണ് കേരളത്തിലെ അക്കാദമിക് രംഗം പ്രതിഷ്ഠിക്കുന്നത്. എന്നാൽ ജനപ്രിയസംസ്കാരത്തെക്കുറിച്ചുള്ള പഠനങ്ങളും സൈദ്ധാന്തികസംവാദങ്ങളും വിക്ടോറിയൻ കാലഘട്ടത്തിൽത്തന്നെ ഇംഗ്ലണ്ടിൽ ആവിർഭവിച്ചുവെന്നതാണ് വാസ്തവം. കവിയും വിമർശകനുമായ മാത്യു ആർനോൾഡ് (1822-88) എഴുതിയ 'സംസ്കാരവും അരാജകത്വവും' (1869) എന്ന ഗ്രന്ഥം 1860 മുതൽ 1960 വരെയുള്ള ഒരു നൂറ്റാണ്ടുകാലം ജനപ്രിയതയെ സംബന്ധിച്ച യൂറോപ്പിലുണ്ടായ സാംസ്കാരികസംവാദങ്ങളുടെ അടിയൊഴുക്കുകളെ സ്വാധീനിച്ച കൃതിയാണ്. ആർനോൾഡിനുശേഷം, എഫ്. ആർലീവിസ്, റിച്ചാർഡ് ഹോഗ്ഗഡ്, പാഡി വെയ്നൽ, ഇ. പി. തോംസൻ, സ്റ്റുവർട്ട് ഹാൾ എന്നിവർ ആർനോൾഡിന്റെ ചിന്തകളെ വിമർശിക്കുന്നുണ്ടെങ്കിലും ചില കാര്യങ്ങളിൽ ആർനോൾഡിനോട് ഐക്യപ്പെടുന്നതുകാണാം. ജനപ്രിയസംസ്കാരത്തെക്കുറിച്ചാണ് പഠിച്ചതെങ്കിലും ജനപ്രിയസംസ്കാരം(Popular Culture) എന്ന പ്രയോഗം അദ്ദേഹം സ്വീകരിച്ചിരുന്നില്ല.

ആർനോൾഡിന്റെ നിലപാടുകൾ സംസ്കാരത്തെയും അതിന്റെ അപരങ്ങളെയും കൃത്യമായി വിഭജിക്കുന്ന തരത്തിലാണ്. സംസ്കാരമെന്നത് ആർനോൾഡിനെ സംബന്ധിച്ച് ലോകത്തിൽ ഇന്നേവരെ പറയപ്പെട്ടതിലും ചിന്തിക്കപ്പെട്ടതിലും ഏറ്റവും മികച്ചവയുടെ സാകല്യമാണ്. ജനപ്രിയസാഹിത്യത്തെക്കുറിച്ച് പറയുമ്പോഴെല്ലാം 'Addictive' എന്ന വാക്കാണ് ലീവിസൈറ്റുകൾ മുന്നോട്ടുവയ്ക്കുന്നത്(F R Levis, DenisThomson,1933) വരേണ്യസംസ്കാരം (Class Culture) നല്ലതെന്നും ജനപ്രിയ സംസ്കാരം (Popular Culture) മോശമാണെന്നുമുള്ള വിധി യുക്തിഭദ്രമല്ല. നല്ലതും തീയതും രണ്ടു സംസ്കാരത്തിലുമുണ്ട്. അക്കാദമികലോകത്ത് ജനപ്രിയസംസ്കാരത്തെ രണ്ടു രീതിയിലാണവതരിപ്പിച്ചത്. ഒന്ന് ചീത്ത സംസ്കാരമാണെന്നു കാണിക്കൽ, രണ്ട്, ആദ്യം ജനപ്രിയസംസ്കാരത്തിലേക്ക് കുട്ടികളെ എത്തിച്ചാൽ കാലക്രമേണ അവർ അതിനെക്കാൾ മികച്ച സംസ്കാരത്തിലെത്തുമെന്ന ദീർഘവീക്ഷണം. ഈ

അഭിപ്രായം വിരുദ്ധാർഥമാണ് നല്കുന്നത്. നാടൻകലയും (Folk Art) ജനപ്രിയകലയും തമ്മിൽ വ്യത്യാസമുണ്ട്. നാടൻകലയിൽ കലയവതരിപ്പിക്കുന്ന കലാകാരന് കർതൃത്വമില്ല. വ്യക്തിക്കുപകരം സമൂഹമാണവിടെ. എന്നാൽ ജനപ്രിയകലയിൽ കലാകാരനുണ്ട്. അയാൾ സാധാരണ മനുഷ്യരെക്കാൾ ഉയർന്ന തലത്തിൽ നിൽക്കുന്ന വ്യക്തിയാണ്. ആ നിലയ്ക്ക് ജനപ്രിയ കലയ്ക്ക് നാടൻകലയോടല്ല ക്ലാസിക്കൽ കലയോടാണ് സാമ്യം.

ജനപ്രിയസംസ്കാരത്തിന്റെ ചരിത്രാത്മകതയെ നിർണ്ണയിച്ച ഏറ്റവും പ്രധാനപ്പെട്ട ഘട്ടമാണ് ആധുനികത. സംസ്കാരവ്യവസായത്തിൽനിന്നു കലയെ ശുദ്ധീകരിക്കാൻ ശ്രമിച്ചവരാണ് ആധുനികതയുടെ വക്താക്കൾ. പോപ് സംഗീതം മുതൽ ബഹുരാഷ്ട്ര കുത്തകമുതലാളിത്തംവരെയുള്ള മേഖലകളിൽ ആധുനികാനന്തര പഠനസമ്പ്രദായങ്ങൾ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 1870 മുതൽ സംസ്കാര ചിന്തയിൽ Post Modern എന്ന സംജ്ഞ പ്രചാരത്തിലുണ്ടെങ്കിലും 1960 കളിലാണ് ഇന്നു വിവക്ഷിക്കുന്ന തരത്തിലുള്ള ആധുനികാനന്തരത പ്രകടമാകുന്നത്. നവഭാവുകത്വം (New Sensibilty) എന്നു വിളിക്കുന്ന ഈ പ്രവണത ആധുനികതയുടെ സ്ഥാപനങ്ങളെ ചോദ്യം ചെയ്യുന്നു. ആർനോൾഡിയൻ സംസ്കാരചിന്തയിലൂന്നി ഉന്നതം -അധമം എന്ന ദ്വന്ദ്വത്തിൽ സംസ്കാരത്തെ കണ്ട ആധുനികതയുടെ ഭാവുകത്വം അർത്ഥത്തിനതീതമായി തീർന്നുവെന്നതാണ് ആധുനികാനന്തര ജനപ്രിയസംസ്കാരത്തിന്റെ അടിസ്ഥാനം.

സാഹിത്യകൃതികളുടെ ജനപ്രീതി കൂടുതൽ പേർ വായിക്കുന്നതിലൂടെയാണോ?, കൂടുതൽ ദേശങ്ങളിൽ പ്രചരിക്കുന്നതുമൂലമാണോ? എന്നത് ചിന്താവിഷയമാണ്. സാമാന്യമായി പറഞ്ഞാൽ കൂടുതൽ പേർ വായിക്കുക എന്നതും പ്രധാനമാണ്. വായന, സമൂഹം, സൗന്ദര്യാംശം, ഭാഷ എന്നിവ ഒരു കൃതിയുടെ ജനപ്രിയതയുടെ ഘടകങ്ങളായി കാണാം. സാക്ഷരതയുടെ വ്യാപനത്തിൽ ജനപ്രിയസാഹിത്യത്തിനുള്ള പങ്കിനെ-

ക്കുറിച്ച് ലോകമെങ്ങും സാമാന്യമായും സ്വാതന്ത്ര്യാനന്തരകേരളസാഹചര്യത്തിൽ വിശേഷിച്ചും പറയാറുണ്ട്.

അനുവാചകരുടെ അഭിപ്രായവും ജനങ്ങളുടെ നാഡിമിടിപ്പുമറിഞ്ഞ് സാഹിത്യസൃഷ്ടി നടത്തുന്ന രീതി യൂറോപ്പിലുണ്ടായിരുന്നു. ഇംഗ്ലീഷ് നോവലിസ്റ്റായ ചാൾസ് ഡിക്കൻസിന്റെ (1812-1870) 'പിക്ക് വിക് പേപ്പേഴ്സ്' എഴുതപ്പെട്ട രീതി (1836) ശ്രദ്ധേയമാണ്. ആസ്വാദകന്റെ രുചിഭേദങ്ങൾക്കനുസരിച്ച് പുസ്തകങ്ങൾ വിപണിയിലിറക്കുക എന്ന വിപണനതന്ത്രത്തിന്റെ ഭാഗമായി രചയിതാവും പുസ്തകവും പ്രസാധകനും അനുവാചകനും വിപണിയിൽ നിയന്ത്രിതനിർമ്മിതികളായി സ്ഥാപനവത്കരിക്കപ്പെട്ടു. പ്രസാധകന്റെ ആവശ്യത്തിനനുസരിച്ച് അവർ യാന്ത്രികമായി രചനയിൽ ഏർപ്പെടുകയും ചെയ്തു. മലയാളമാന്ത്രികനോവൽ ഈ പാരമ്പര്യമൂശയിൽ വാർന്നുവീണവയാണ്. ലോഭനീയമായ ശൈലി, വികാരവത്തായ കഥ, ഉദ്വേഗം നിറഞ്ഞ അവതരണം, സ്വപ്നാടകമായ വാക്യഭംഗി, ആഴവും സങ്കീർണ്ണതകളുമില്ലാത്ത എഴുത്ത് എന്നിവയെല്ലാം പൈങ്കിളിയെന്നു വിളിച്ച രചനകളെ ജനപ്രിയമാക്കി. ജനപ്രിയസാഹിത്യശാഖയിൽ ഉൾക്കൊള്ളിക്കാവുന്ന ഒട്ടേറെ വിഭാഗങ്ങളുണ്ട്. പൈങ്കിളിനോവലുകൾ, ശാസ്ത്രകഥകൾ, കാല്പനികനോവൽ, കുറ്റാന്വേഷണനോവൽ, മാന്ത്രികനോവൽ, സാഹസികകഥകൾ, അശ്ലീലസാഹിത്യം, ഭീകരകഥകൾ, കോമിക് കഥകൾ, നാടോടിസാഹിത്യം, ഐതിഹ്യങ്ങൾ തുടങ്ങിയവയെല്ലാം ജനപ്രിയസാഹിത്യസംവർഗ്ഗത്തിൽ ഉൾപ്പെടുന്നുണ്ട്.

മലയാളത്തിൽ പൈങ്കിളിസാഹിത്യം എന്ന പേരിലറിയപ്പെടുന്ന കൃതികളും വ്യാപാരസിനിമകളും മാത്രമല്ല, തെരുവുനാടകങ്ങൾ, പരസ്യങ്ങൾ തുടങ്ങി ജനസാമാന്യത്തിന്റെ ഇടയിലുള്ള എന്തും ജനപ്രിയസംസ്കാരപഠനത്തിന്റെ ഭാഗമാണ്. ജനപ്രിയസാഹിത്യം എന്ന സങ്കല്പനം സൗന്ദര്യശാസ്ത്രപരവും സാമൂഹ്യശാസ്ത്രപരവുമായ വിവക്ഷകൾ നിറഞ്ഞതാണ്. ഒരു ചരിത്ര-സാംസ്കാരിക-സാമൂഹിക സന്ദർഭത്തിൽ സൃഷ്ടിക്കപ്പെടുന്ന സാഹിത്യരൂപങ്ങൾ, പാഠങ്ങൾ, സാഹിത്യപ്രസ്ഥാനങ്ങൾ സാഹിത്യ-

പാഠങ്ങൾ രചിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയും ചെയ്യുന്ന രീതികൾ, സാഹിത്യത്തിൽ ആരോപിക്കപ്പെടുന്ന ഉത്തമം, അധമം എന്നുള്ള വർഗ്ഗീകരണം, സാഹിത്യം ഒരു സാമൂഹികസ്ഥാപനമാണെന്ന തിരിച്ചറിവ് ഇവയുടെയെല്ലാം അടിസ്ഥാനത്തിൽ മാത്രമേ ജനപ്രിയസാഹിത്യത്തെ നിർവചിക്കാനാകൂ. ജനപ്രീതി എന്ന ആശയത്തെ സഹായിക്കുന്ന വർഗ്ഗങ്ങളെയും ഘടകങ്ങളെയും തിരിച്ചറിയുകയാണ് ജനപ്രിയസാംസ്കാരികപഠനമേഖലയിലെ പ്രഥമലക്ഷ്യം.

സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ കേരളത്തിന്റെ പൊതുമണ്ഡലത്തിൽ വന്ന മാറ്റം, ആനുകാലികപത്രമാസികകളുടെ പ്രചാരം, എന്നിവ ജനപ്രിയവായനാസംസ്കാരത്തിന് ആക്കം കൂട്ടി. നാട്ടുലൈബ്രറികളുടെ പ്രവർത്തനത്തിനും ഇതിൽ സവിശേഷസ്ഥാനമുണ്ട് അപസർപ്പകനോവലും ഡിറ്റക്ടീവ് കഥകളും ചാരക്കഥകളും നോവലിന് വിഷയമായി കൊണ്ടാടിയിരുന്ന ഘട്ടത്തിൽത്തന്നെയാണ് ഡ്രാക്കുളപോലുള്ള ക്രൈസ്തവപ്രേതകഥകളുടെ അരങ്ങേറ്റം സാധ്യമായത്. ക്രൈസ്തവതയുടെ വ്യാപനത്തിന് ഡ്രാക്കുളയെ സൂക്ഷ്മമായി ഉപയോഗിക്കുകയായിരുന്നുവെന്നു പറയാം. എഴുത്തിലും വായനയിലും രചനയിലും ജനകീയസ്വഭാവം കടന്നുവരുന്നതും ഈ പ്രകരണത്തിൽ കാണാം.

"കുറ്റാന്വേഷണകഥകൾപോലുള്ള ആസ്വാദനലഹരി വളർത്തുന്ന കൃതികൾക്ക് അടിമപ്പെട്ടാൽ ഗൗരവതരമായ വായനയെ ബാധിക്കുമെന്ന ഒരു ധാരണയുണ്ട്. ഇതിന് ഒട്ടും അടിസ്ഥാനമില്ല" എന്ന് എനിക്ക് സ്വന്തം അനുഭവം മുൻനിർത്തി വാദിക്കാനാകും. ഞാൻ ചെറുപ്പം തൊട്ടേ കവിതകളും സാഹിത്യമാസികകളും തത്ത്വചിന്തയും രാഷ്ട്രതന്ത്രവും ശ്രദ്ധിക്കാറുണ്ട്. ഡിറ്റക്ടീവ് കഥകൾ വായിക്കുന്നതിലും തത്പരനായിരുന്നു. വായന ഞാൻ പരിമിതപ്പെടുത്തിയിരുന്നില്ല. ഉപനിഷത്തിനോടൊപ്പം ഷെർലക് ഹോംസ് കഥകളും ഞാൻ വായിച്ചു രസിച്ചിരുന്നു. ധൈഷണികവ്യാപാരത്തിലേർപ്പെട്ടിരുന്ന പലരും കുറ്റാന്വേഷണകഥകളിൽ ആകൃഷ്ടരായിരുന്നു (പി. കെ. ഹരികുമാർ, 2011: 25-27).

സിനിമപോലുള്ള ബഹുജനമാധ്യമങ്ങൾ മാന്ത്രികനോവലുകളെ ധാരാളമായി അനുവർത്തനത്തിനു വിധേയമാക്കുന്നുണ്ട്. നോവലിലെ വരകളും ചിത്രങ്ങളും വായനക്കാരന്റെ ഭാവനയെ ഉത്തേജിപ്പിക്കുന്നു. പ്രേക്ഷകർക്ക് വൈകാരികമായ ഉണർവ്വ് നല്കി വായനയുടെ ഒഴുക്കിനെ ത്വരിതപ്പെടുത്തുന്ന ഇനമാണ് നോവൽ. ജനപ്രിയമാസികകളിലും ആനുകാലികങ്ങളിലും ഇത്തരം സംവർഗങ്ങളാണ് സ്വീകരിച്ചുവരുന്നത്. യൂറോപ്യൻ ഗോഥിക് നോവലിന്റെ പശ്ചാത്തലവർണ്ണനകൾ, കഥാപാത്രരചനകൾ തുടങ്ങിയവ കേരളീയർക്ക് അപ്രാപ്യമായ അനുഭവമാണ് നല്കിയത്. മായികവും വിഭ്രമാത്മകവുമായ ഇത്തരം കാഴ്ചകൾക്ക് വാക്കുകളിലൂടെ നൽകുന്ന ചിത്രങ്ങൾ പുതിയൊരു ആസ്വാദനലോകം വായനക്കാരിൽ സൃഷ്ടിക്കുന്നു. ഈ വൈകാരികോഷ്മളതയാണ് ചലച്ചിത്രങ്ങൾ സ്വീകരിക്കുന്നത്. ഡ്രാക്കുളയുടെ രംഗപ്രവേശത്തോടെ വായനയും കാഴ്ചയും വേറിട്ട അനുഭവമായി. എഴുത്തുകാരന്റെ സർഗ്ഗാത്മകബോധം വരകളായി രൂപാന്തരപ്പെടുമ്പോൾ വായനക്കാരന്റെ ഉദ്വേഗം മാനംമുട്ടെ വളരുന്നു. മലയാളിക്ക് അപരിചിതമായ ഈ പ്രേതലോകം വരകളിലൂടെയാണ് മിഴിവാർന്ന രൂപത്തിൽ പ്രകടമാകുന്നത്. മാന്ത്രികനോവലിന്റെ ഇത്തരം സാധ്യതകളാണ് സിനിമ സ്വീകരിക്കുന്നത്.

ഇതിവൃത്തഘടനയിലും പ്രമേയാവതരണത്തിലും കഥാപാത്രസൃഷ്ടിയിലും ബാഹ്യപ്രപഞ്ചകല്പനയിലുമെല്ലാം വരയുടെ സൂക്ഷ്മരചനാതന്ത്രം മാന്ത്രികനോവൽ പ്രയോഗിക്കുന്നുണ്ട്. പ്രതീതിയാഥാർഥ്യത്തിനപ്പുറത്തുള്ള ഭാവനയുടെ ലോകത്തെ നോവലിൽ അവതരിപ്പിക്കുമ്പോൾ ഉള്ളിൽ ഉരുവം കൂടിയ വിശ്വാസവും മതപാരമ്പര്യവും ആചാരവിശ്വാസങ്ങളുമെല്ലാം ഉയിർത്തെഴുന്നേൽക്കുന്നു. ജീവിതത്തിന്റെ നിഗൂഢസ്ഥലികളിൽ സ്പർശിച്ച് മനുഷ്യന്റെ ദമനം ചെയ്യപ്പെട്ട വികാരങ്ങൾക്ക് വിമലീകരണം സാധ്യമാക്കുന്നു. അവ സൃഷ്ടിക്കുന്ന സാമൂഹ്യബോധം കലാപകലുഷിതമായേക്കാം. എങ്കിലും കേരളീയരുടെ സാംസ്കാരികജീവിതത്തിന്റെ ഒരു തരത്തിലുള്ള അടയാളങ്ങൾ ഈ നോവലുകളിൽ കാണാം. നിഗൂഢമനസ്സിന്റെ സഞ്ചാരം മാന്ത്രിക നോവൽവായനയിൽ ഉയിർകൊള്ളുന്നുണ്ട്. പാഠങ്ങൾ എന്ന നിലയിലല്ല ഒരു പാരായണരീതി എന്ന നില-

യിലാണ് ഇവയെ കാണേണ്ടത്. കാലത്തെ അതിജീവിക്കുമെന്ന് വരേണ്യസാഹിത്യ-തത്ത്വങ്ങൾ അനുശാസിക്കുന്ന കൃതികൾ ഈ രംഗത്ത് വിരളമാണ്. കമ്പോളം ഇത്തരം കൃതികളെ ഏറ്റുവാങ്ങുന്നുവെന്നതും ശ്രദ്ധേയമാണ്.

ദേശഭാവനയുടെ വിശാലമായ ഭൂപടമാണ് സിനിമ. ദേശത്തെയും ജനസംസ്-കാരത്തെയും രൂപപ്പെടുത്തുന്ന, സ്വാധീനിക്കുന്ന ഏതൊരാശയവും സിനിമയുടെ കാഴ്ചയ്ക്ക് വിരുന്നൊരുക്കാറുണ്ട്. ആചാരങ്ങൾ, വിശ്വാസങ്ങൾ, മിത്ത് എന്നിവയുടെയെല്ലാം സ്വാധീനം സിനിമയിൽ കാണാവുന്നതാണ്. കുടുംബകഥകൾ, നായകകേന്ദ്രിതകഥ-കൾ സംഭവകഥകൾ, ഭാവനാത്മകകഥകൾ എന്നിങ്ങനെ വൈവിധ്യം നിറഞ്ഞ പ്രമേ-യങ്ങൾ സിനിമ ധീരമായി സ്വീകരിക്കാറുണ്ട്. മലയാള സിനിമാലോകത്ത് ജനപ്രിയ-തയുടെ തരംഗം സൃഷ്ടിക്കുവാൻ മാന്ത്രികസിനിമകൾക്ക് കഴിഞ്ഞിട്ടുണ്ട്. ഭീതി പടർ-ത്തുന്ന യക്ഷി, പ്രേതമാന്ത്രികകഥകൾ മലയാളമനസ്സിനെ കീഴടക്കിയതുപോലെ മല-യാള സിനിമയെയും കീഴടക്കിയിട്ടുണ്ടെന്നു പറയാം. ഭാവനയിൽ മാത്രം ദർശിച്ച യക്ഷികളും ഗന്ധർവ്വരും പ്രേതങ്ങളും മലയാളിയുടെ ദൃശ്യബോധത്തിൽ മൂർത്തരൂപിക-ളായി മാറിയതാണ് മാന്ത്രികസിനിമയുടെ സവിശേഷത. പ്രതികാരദാഹിയായ സ്ത്രീ, കാമാർത്തയായ സ്ത്രീ എന്നീ ദ്വന്ദ്വങ്ങൾ മാന്ത്രികസിനിമയിൽ ആവർത്തിച്ചുവരുന്നു. സ്ത്രീയുടെ ബലഹീനത, ലൈംഗികദാഹിയായ പുരുഷന്റെ മുന്നേറ്റം എന്നിങ്ങനെ ആവർത്തിക്കുന്ന സ്ത്രീവിരുദ്ധനിലപാടുകൾ സിനിമ സ്വീകരിക്കുന്നു. ഇത്തരം ചലച്ചി-ത്രങ്ങളിലെല്ലാം പുരുഷനായ പ്രേക്ഷകൻ സവർണതയുടെ കോട്ടകൾക്കകത്ത് സ്വയം അടയാളപ്പെടുത്തിക്കൊണ്ട് സുഖലോലുപനാവുകയാണ്.

### 1. 5. സംഗ്രഹം

മലയാളസാഹിത്യചരിത്രങ്ങളിൽ പരാമർശിക്കപ്പെടാതെ പോയ ജനപ്രിയസാ-ഹിത്യരൂപമായ മാന്ത്രികനോവൽ മലയാളിയുടെ ലോകബോധത്തെയും കാല്പനിഭാവ-നയെയും ചലിപ്പിച്ച ആഖ്യാനങ്ങളാണ്. കേരളീയമായ മന്ത്രവാദപാരമ്പര്യത്തെ ഉൾ-

ക്കൊണ്ട്, തീർത്തും കല്പിതമായ പ്രമേയത്തെ, അപസർപ്പകരചനകളുടെ മൂശയിലൂടെ അവതരിപ്പിക്കുന്ന രചനകളാണവ. മലയാളിയുടെ ജനപ്രിയവായനാസംസ്കാരത്തിലെ ശ്രദ്ധേയമായ ഒരിടമായി മാന്ത്രികനോവലുകളെ കാണാം. അലങ്കാരശബളിതമായ വർണനാരീതി, ചിത്രീകരണത്തിലെ യഥാതഥസമ്പ്രദായം തുടങ്ങിയവ ജനപ്രിയമാധ്യമമായ സിനിമ ഏറ്റെടുത്തതോടെ കമ്പോളത്തിൽ കാര്യമായ ചലനങ്ങൾ സൃഷ്ടിക്കുവാൻ മാന്ത്രികനോവലുകൾക്ക് കഴിഞ്ഞു. നോവലും അതിനെ ആസ്പദമാക്കിയ സിനിമയും വിപണി വിജയം നേടുന്ന ചരിത്രനാൾവഴികളാണ് പിന്നീട് നമുക്ക് കാണാനാവുന്നത്. എഴുത്തുകാരന്റെ സാങ്കല്പികമായ അനുഭവലോകാഖ്യാനത്തിന് വായനക്കാരിൽ യഥാർഥാനുഭവപ്രതീതി സൃഷ്ടിക്കുന്ന കലാപരമായ പ്രയോഗവൈദഗ്ധ്യം ജനകീയസ്വഭാവമുള്ള മാന്ത്രികനോവലിൽ കാണാവുന്നതാണ്. പാരമ്പര്യമൂലകങ്ങളായ വിശ്വാസം, ചരിത്രം, മിത്ത്, ഐതിഹ്യം എന്നിവയുടെ പ്രതീതിലോകങ്ങളുമായി സംവദിക്കുന്നതോടൊപ്പം ശുദ്ധമായ ലാവണ്യാനുഭവത്തിലേയ്ക്ക്  വായനക്കാരൻ പ്രവേശിക്കുകയും ചെയ്യുന്നു. ലാളിത്യം, സുതാര്യത, കളിമട്ട്, അലങ്കാരശബളത, തന്മയീഭാവം ആഴക്കുറവ്, ധ്വനിനിരാസം എന്നുതുടങ്ങിയ ആധുനികാനന്തര കലാവീക്ഷണങ്ങളോടു പല വിതാനങ്ങളിലും മാന്ത്രികനോവലുകൾ ചേർന്നു നില്ക്കുന്നു. മലയാളിയുടെ സാഹിത്യഭാവനകൾക്കു കൂടുതൽ വ്യാപ്തിയും വൈവിധ്യവും നല്കിയ ആഖ്യാനങ്ങളായി മന്ത്രവാദനോവലുകളെ പരിഗണിക്കേണ്ടതാണ്.

# അദ്ധ്യായം 2

# മലയാളത്തിലെ മാന്ത്രികനോവലുകളുടെ വിവരണാത്മകചരിത്രം

## 2. 0. ആമുഖം

മാന്ത്രികതയുടെ ഇംഗ്ലീഷ് വാക്കായ Occult, ലാറ്റിൻ പദമായ Occultus എന്ന വാക്കിൽനിന്നാണ് രൂപം കൊണ്ടത്. ഈ വാക്കിനർത്ഥം രഹസ്യാത്മകം, മറഞ്ഞുനില്ക്കുന്ന, നിഗൂഢം എന്നൊക്കെയാണ്. മാന്ത്രികത പ്രധാനമായും കേന്ദ്രീകരിക്കുന്നത് നിഗൂഢശക്തി, ദുർമന്ത്രവാദികൾ, ആഭിചാരകൻ, മന്ത്രവാദി (Sorcery), യക്ഷി, പ്രേതങ്ങൾ, ആഭിചാരകർമ്മങ്ങൾ, ഹിപ്നോട്ടിസം, വശീകരണം, ജ്യോതിഷി തുടങ്ങിയവയിലാണ്. സമൂഹവും മതവും അനുശാസിക്കുന്ന വിശ്വാസങ്ങളും പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും സ്വാഭാവികമായും സാഹിത്യത്തിലേയ്ക്കു പ്രവേശിക്കും. ഈ പശ്ചാത്തലമാണ് മാന്ത്രികനോവലിന് കേരളത്തിൽ സാഹചര്യം ഒരുക്കിയത്. ലോകത്തെല്ലായിടത്തും പത്തൊമ്പതാം നൂറ്റാണ്ടോടുകൂടിയാണ് ജനകീയസാഹിത്യം രൂപം കൊണ്ടത്. വൈകാരികതയുടെ ആവിഷ്കാരമായി മാറിയ ജനപ്രിയസാഹിത്യരൂപത്തിന്റെ ലക്ഷ്യം വായനക്കാരെ ഉല്ലാസഭരിതരാക്കുക എന്നതായിരുന്നു. ഫ്യൂഡൽ ഗൃഹാതുരത (Feudal Nostalgia) രൂപപ്പെടുത്തിയ സ്ഥലകാലരാശികളെ നിരുപാധികമായി സ്വീകരിക്കുന്ന സമീപനം മാന്ത്രികനോവലുകളിൽ കൃത്യമായി കാണാം. മതാത്മകമൂലകങ്ങൾ ഉൾച്ചേർന്ന മതേതരനോവൽ എന്ന് അവയെ വിശേഷിപ്പിക്കാം.

മാന്ത്രികനോവലുകളെക്കുറിച്ച് മലയാളത്തിലെ സാഹിത്യചരിത്രഗ്രന്ഥങ്ങളിലോ നോവൽപഠനപുസ്തകങ്ങളിലോ മറ്റ് വിശകലനങ്ങളിലോ പരാമർശങ്ങളില്ല. മലയാളമാന്ത്രികനോവലുകളുടെ ചരിത്രം ജനപ്രിയാഖ്യാനങ്ങളുടെ ഉത്ഭവചരിത്രവും പരിണാമചരിത്രവും രാഷ്ട്രീയചരിത്രവും കൂടിയാണ്. പ്രാദേശികസംസ്കാരം, ചരിത്രം, നാട്ടറിവുകൾ, പ്രാദേശികവിശ്വാസവഴക്കങ്ങൾ തുടങ്ങിയവ എന്നും നോവലിന് വളക്കൂറുള്ള മണ്ണാണ്. നോവലിന്റെ ആഖ്യാനകല വെളിപ്പെടുത്തുന്ന ഏറ്റവും പ്രധാനപ്പെട്ട സൗന്ദര്യസങ്കല്പം ഭാവനയുടെ ചരിത്രാത്മകതയാണ്. നാടോടിവിജ്ഞാനത്തിന്റെ അക്ഷയമായ കലവറയിൽ നിന്നാണ് മാന്ത്രികപാരമ്പര്യം മലയാളജനപ്രിയസാഹിത്യം സ്വീ-

കരിച്ചത്. പാശ്ചാത്യലോകത്ത് വ്യത്യസ്തങ്ങളായ ജനകീയസാഹിത്യരൂപങ്ങളുണ്ട്. അവയിൽ പ്രധാനം ഭീതിജനകസാഹിത്യമാണ്. അവ വായനക്കാരെ താത്കാലികമായ ഭീതിയിലേയ്ക്കു നയിക്കുന്നു. പലതരം അത്ഭുതസിദ്ധികളുടെയും രഹസ്യങ്ങളുടെയും കലവറയായ നാടോടിക്കഥകളുടെയും സമൂഹത്തിൽ വേരോടിയ വ്യത്യസ്തങ്ങളായ വിശ്വാസങ്ങളെയും കൂട്ടുപിടിച്ചാണ് ഭീതിജനകസാഹിത്യത്തിലെ ഇതിവൃത്തകല്പന നിർവഹിക്കുന്നത്. ഇംഗ്ലീഷ്, തമിഴ്, ഹിന്ദി ഭാഷകളിൽ ഇത്തരം ആഖ്യാനങ്ങൾ ധാരാളം കാണാം. മാന്ത്രികത എറ്റവും കൂടുതൽ ഉപയോഗിച്ചു കാണുന്നത് ഭീതിജനകസാഹിത്യത്തിലാണ്.

## 2. 1. മലയാളിയുടെ മാന്ത്രികലോകഭാവന

1961 ജൂലായിലാണ് ഡ്രാക്കുള കെ. വി. രാമകൃഷ്ണൻ 'രക്തരക്ഷസ്സ്' എന്ന പേരിൽ മലയാളത്തിലേക്കു വിവർത്തനം ചെയ്തത്. നോവൽവായനയെ ഭയനുവിറയ്ക്കുന്ന സുഖാനുഭൂതിയാക്കി മാറ്റുന്നതിൽ 'രക്തരക്ഷസ്സ്' വഹിച്ച പങ്ക് നിസ്തുലമാണ്. മലയാളിയുടെ വായനയിൽ ക്രൈസ്തവപ്രേതങ്ങൾ, ചെകുത്താൻകോട്ടകൾ, ഭീകരാന്തരീക്ഷം എന്നിവ അതോടെ കടന്നുവരികയായി. വായന ജനകീയമായിത്തീർന്ന കാലഘട്ടമായിരുന്നു അത്. ഡ്രാക്കുളയുടെ അനുകരണത്തിലൂടെ ധാരാളം ഭീകരപ്രേതനോവലുകൾ 1960-കൾക്കു ശേഷം മലയാളത്തിലുണ്ടായി. മലയാളമാന്ത്രികനോവലുകളുടെ ചരിത്രം അന്വേഷിക്കുമ്പോൾ അപസർപ്പകനോവലുകളുടെയും ഡിറ്റക്ടീവ് നോവലുകളുടെയും ചരിത്രംകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഡ്രാക്കുളയുടെ വിവർത്തനത്തിനുശേഷം അതിനെ മാതൃകയാക്കി ഏറ്റവും കൂടുതൽ ഹൊറർ നോവലുകൾ രചിച്ചത് കോട്ടയം പുഷ്പനാഥാണ് (1937-2018). കോട്ടയത്തുനിന്നാണ് ഇത്തരം നോവലുകൾ അധികവും പ്രസിദ്ധീകരിച്ചത്.

നമ്മുടെ വിസ്തൃതമായ നാടോടിപാരമ്പര്യത്തിന്റെ കലവറയിൽ മാന്ത്രികനോവലിന്റെ സങ്കല്പങ്ങൾക്ക് പൂർവ്വമാതൃകകൾ ഉണ്ട്. ഐതിഹ്യമാല, നാടോടിക്കഥകൾ,

നാടൻപാട്ടുകൾ, ഐതിഹ്യങ്ങൾ, പുരാവൃത്തങ്ങൾ തുടങ്ങിയവയിൽ മാന്ത്രികസ്പർശ മുള്ള കഥകൾ ധാരാളം കാണാം. കടമറ്റത്തു കത്തനാർ കഥകൾ, സൂര്യകാലടി ഐതിഹ്യം, കാക്കശ്ശേരി ഭട്ടതിരിയുടെ കഥ, നാടോടിക്കഥാഗാനപാരമ്പര്യത്തിലെ 'നീലികഥ' തുടങ്ങിയവ ഈ വിഭാഗത്തിൽ ശ്രദ്ധേയങ്ങളാണ്. കോട്ടയത്തിനടുത്ത് മാടായിലെ ദുർഗ്ഗാക്ഷേത്രത്തിൽ യക്ഷിയമ്മയ്ക്ക് കളംപാട്ട് നടത്തി വരുന്നുണ്ട്. ഗന്ധർവ്വൻപാട്ട് എന്നൊരുവിഭാഗം അനുഷ്ഠാന ഗാനശേഖരത്തിലുമുണ്ട്. മതപാരമ്പര്യത്തിലുള്ള ആചാരാനുഷ്ഠാനങ്ങളിൽ ഭൂതപ്രേതപിശാചുക്കൾ നിറയുന്ന കാഴ്ചകൾ ധാരാളം കാണാൻ കഴിയും. വൈദികകാലത്താരംഭിച്ച് ബുദ്ധജൈനതാന്ത്രികമതങ്ങളിലൂടെ വികാസം പ്രാപിച്ച യക്ഷിസങ്കല്പത്തിന്റെ വിവിധ പരിണാമതലങ്ങൾ വി. വി. ഹരിദാസ് 'യക്ഷിസങ്കല്പം'(2016) എന്ന കൃതിയിലൂടെ അവതരിപ്പിക്കുന്നുണ്ട്. വിവിധ മലയാളസാഹിത്യകൃതികളിൽ മന്ത്രവാദത്തിന്റെയും നിഗൂഢശക്തികളുടെയും സ്വാധീനം പ്രകടമായി കാണാവുന്നതാണ്.

കേരള സ്കോട്ട് എന്ന വിശേഷണമുള്ള സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികയിൽ കുറ്റാന്വേഷണത്തിന്റെയും  മാന്ത്രികതയുടെയും നിഗൂഢഭാഷ കാണാം. 'ധർമ്മരാജ' (1999) എന്ന ചരിത്രാഖ്യായികയിലെ കുട്ടിക്കോന്തിശ്ശൻ, 'രാമരാജാബഹാദൂറി'ലെ 'പറപ്പാണ്ട' എന്നീ കഥാപാത്രങ്ങളെ ഇവിടെ ഓർക്കാം. മലയാളത്തിൽ പ്രണയ, കുടുംബകഥകൾ  കഴിഞ്ഞാൽ ജനപ്രിയസാഹിത്യത്തിന്റെ അനൗദ്യോഗികചരിത്രം പൂരിപ്പിക്കുന്നത് കുറ്റാന്വേഷണനോവലുകളാണ്. അമ്പാടി കെ. സി. നാരായണപ്പൊതുവാളിന്റെ 'ഉളി പിടിച്ച കൈ', അപ്പൻ തമ്പുരാന്റെ 'ഭാസ്കരമേനോൻ' എന്നിവ കുറ്റാന്വേഷണത്തിന്റെ ഹോംസിയൻ മാതൃകകളാണ്. 1950-കളുടെ അവസാനത്തിൽ ഹിന്ദി നോവലിസ്റ്റായ ദുർഗ്ഗാപ്രസാദ് ഖത്രിയുടെ നോവലുകൾ മോഹൻ ഡി. കങ്ങഴ 'മൃത്യകിരണങ്ങൾ 'എന്ന പേരിൽ വിവർത്തനം ചെയ്തതു മുതൽ മലയാളത്തിൽ അപസർപ്പകനോവലുകൾ എന്ന ജനുസ്സും രംഗപ്രവേശം ചെയ്തു.

മലയാളത്തിൽ കുറ്റാന്വേഷണനോവലിന്റെ ചുവടുപിടിച്ചാണ് മാന്ത്രികനോവൽ ഉദയം ചെയ്തത്. ഹോംസിന്റെ മാതൃക സ്വീകരിച്ച കുറ്റാന്വേഷണനോവലുകൾ, ഡ്രാക്കുളയെ തുടർന്നുള്ള രക്തരക്ഷസ്സുകളുടെ നോവൽ, കേരളീയപശ്ചാത്തലത്തിലുള്ള ഭൂതപ്രേതപിശാചുക്കൾ മുഖ്യകഥാപാത്രങ്ങളാകുന്ന നോവലുകൾ എന്നിങ്ങനെ ജനകീയസാഹിത്യം ഏറെ വളർച്ച പ്രാപിച്ച ചരിത്രമാണ് 1960-കൾക്കുശേഷമുള്ളത്. അയഥാർഥമായ ഇതിവൃത്തകല്പനകൾ, അമാനുഷികരായ കഥാപാത്രങ്ങൾ, വിഭ്രമാവസ്ഥ സൃഷ്ടിക്കുന്ന സ്ഥലകാലങ്ങൾ എന്നിവ മാന്ത്രികനോവലിന്റെ ജനപ്രിയത വർദ്ധിപ്പിച്ചു. കൃതിയുടെ അവസാനം വരെ കാത്തു സൂക്ഷിക്കുന്ന ജിജ്ഞാസ എഴുത്തുകാരന്റെ കൈയൊതുക്കത്തിന്റെ സവിശേഷതയാണ് പ്രകടമാക്കുന്നത്.

പ്രേതം, ചെകുത്താൻ, കുട്ടിച്ചാത്തൻ എന്നിവയിൽ അന്ധമായി വിശ്വാസമർപ്പിക്കുന്ന അതിരാണിപ്പാടത്തുകാരെ ഒരു ദേശത്തിന്റെ കഥയിൽ എസ്. കെ. പൊറ്റെക്കാട് പരിചയപ്പെടുത്തുന്നു. ഓരോ വിശ്വാസവും ഓരോ കഥയുടെ പിൻബലത്തിലാണ് അദ്ദേഹം അവതരിപ്പിക്കുന്നത്. രാത്രിയിലെപ്പോലെ പകലും കൂളികൾ വിഹരിക്കുന്ന സ്ഥലമാണ് 'ചെകുത്താൻ കയം'. പണ്ടത്തെ നാടുവാഴിത്തമ്പുരാൻ കുറ്റവാളികളുടെ കഴുത്ത് വെട്ടി അവരെ കൊല ചെയ്യുന്നത് ഈ കയത്തിൽ വച്ചാണെന്ന് ജനം വിശ്വസിക്കുന്നു. കടുംചുവപ്പ്, കടുംമഞ്ഞ, കടുംനീല തുടങ്ങിയ നിറങ്ങളിൽ കയത്തിലെ വെള്ളം കാണപ്പെടുന്നു. ചെകുത്താൻമാരുടെ മായാജാലമാണിതിനു പിന്നിലെന്നാണ് ജനങ്ങളുടെ വിശ്വാസം. അതിരാണിപ്പാടത്തിന് ഒരു മൈൽ തെക്കുള്ള കുട്ടിച്ചാത്തൻ കാവിനെക്കുറിച്ചും പാലമരത്തെക്കുറിച്ചും നോവലിൽ പറയുന്നുണ്ട്. കല്ലേറ്, കൊള്ളിവെപ്പ് തുടങ്ങിയവയാണ് കുട്ടിച്ചാത്തൻ ചെയ്യുന്ന പ്രധാന ഉപദ്രവങ്ങൾ. വെള്ളിയാഴ്ച പാതിരാത്രിക്ക് കാവിൽ ചെന്നാൽ പാലകൊമ്പത്ത് തലകീഴായി തൂങ്ങികിടക്കുന്ന കുട്ടിച്ചാത്തനെ കാണാമെന്നാണ് നാട്ടുകാരുടെ വിശ്വാസം. പ്രേതങ്ങളെ നിഷ്പ്രയാസം തുരത്തുന്ന കണാരൻ എന്ന പാണരെ പൊറ്റെക്കാട് പരിചയപ്പെടുത്തുന്നുണ്ട്. ഭൂതപ്രേതപിശാചുക്കളും, കാളികൂളികളും കൂത്താടുന്ന പൂതപറമ്പിലൂടെ പാതിരാനേരത്ത് ഏകനായി

സഞ്ചരിക്കാൻ ധൈര്യമുള്ളവനാണ് കണാരൻ. പൂതപ്പറമ്പിൽവച്ചും ഉഗ്രപിശാചുക്കളെ പിടിച്ചുകെട്ടിയതു കണാരൻ നാട്ടുകാർക്ക് രസകരമായി വിവരിച്ചു കൊടുക്കാറുണ്ട്. പൂതപ്പറമ്പിലും ആൾപെരുമാറ്റമില്ലാത്ത ഗ്രാമമൂലകളിലും കാണുന്നതുപോലെ പട്ടണത്തിന്റെ നടുവിലും പ്രേതങ്ങളെ കാണാമെന്ന് കണാരൻ നാട്ടുകാരെ വിശ്വസിപ്പിക്കുന്നുണ്ട്. ആഫ്രിക്കയിലെ ആദിമമനുഷ്യവർഗ്ഗമായ കാപ്പിരികൾ കണാരന്റെ അഭിപ്രായത്തിൽ പാതിരിയുടെ പ്രേതമാണ്. നാട്ടുകാരിലുള്ള പ്രേതവിശ്വാസത്തെ ദൃഢപ്പെടുത്തുന്ന കഥാപാത്രമാണ് കണാരൻ.

മന്ത്രവാദത്തിൽ വിശ്വസിക്കുന്നവരാണ് അടിയാന്മാർ എന്ന് 'നെല്ല് '' എന്ന നോവലിൽ പി. വത്സല വ്യക്തമാക്കുന്നു. മലങ്കരിയെ സേവിച്ച മന്ത്രവിദ്യ വശത്താക്കിയവളാണ് കുറുമാട്ടി. മാരണം ചെയ്ത ഭക്ഷണം നല്കിയാണവൾ മല്ലനെ വശത്താക്കാൻ ശ്രമിക്കുന്നത്. മാരിയമ്മ കുറുമാടിക്ക് ഉപദേശിച്ചു നല്കുന്ന പല ഒറ്റമൂലികളും കുറുമാട്ടിയ്ക്കറിയാം. മന്ത്രവാദത്തിന്റെയും നാട്ടുവൈദ്യത്തിന്റെയും സഹായത്തോടെയാണവൾ മല്ലന്റെ അസുഖം ഭേദമാക്കുന്നത്.'.അടിയാളന്മാർ 'വെളുത്ത തമ്പുരാൻ' എന്നു വിശേഷിപ്പിക്കുന്ന രാഘവൻനായർ അവരുടെ കണ്ണിൽ മന്ത്രവാദിയാണ്. തമ്പുരാൻ നട്ട മത്തൻ മോഷ്ടിച്ച മാനി അദ്ദേഹത്തിന്റെ മാരണവിദ്യ ഭയന്ന് വയറു വീർത്ത് മരിക്കാനിടയാകുന്നു. തമ്പുരാന്റെ പറമ്പിൽ നിന്ന് ആരും കാണാതെ മത്തനില പറിച്ച ചെമ്പി പേടിച്ചുവിറച്ച് മരിക്കുന്നുണ്ട്. തമ്പുരാന്റെ ഭംഗിയുള്ള പേനാക്കത്തി മോഷ്ടിച്ച പുലയൻ പനിയും ഛർദ്ദിയും പിടിച്ചു കിടപ്പിലായപ്പോളേ  സത്യം അപ്പനോട് തുറന്നു പറയുന്നു. മലങ്കാരിയുടെ കോപത്തെയും ഗുളികന്റെ ശാപത്തെയും ഭയന്ന അപ്പൻ പേനാക്കത്തി രാഘവൻനായർക്കു തിരിച്ചു നല്കിയപ്പോഴാണ് പുലയന്റെ പനി മാറുന്നത്. മന്ത്രവാദം ചൊല്ലിയാട്ടതിനെ ഗദ്ദിക എന്നാണ് അടിയാന്മാർ പറയുന്നത്. മന്ത്രവാദിയായ തമ്മാടിയാണ് ഗദ്ദിക ആടുന്നത്. പരേതാത്മാക്കളെ പ്രീതിപ്പെടുത്താനാണ് ഇത് അനുഷ്ഠിക്കുന്നത്. ഒരു പടല പഴം, ഒരു കോഴി, നാഴി മലർ, ഉണക്കലരി, ചന്ദനത്തിരി, കുന്തിരിക്കം എന്നീ സാധനങ്ങൾ ഗദ്ദികയ്ക്ക് ആവശ്യമുണ്ട്. ആകാശം, ഭൂമി, സൂര്യൻ, കാമദേവൻ,

വെള്ളിദേവൻ, ന്യറ്റാൻ, പാണ്ടാൻ എന്നിങ്ങനെയുള്ള പന്തീരായിരം ഭഗവാന്മാരെ രക്ഷയ്ക്കു വിളിച്ചുകൊണ്ടാണ് ഗദ്ദിക ആടുന്നത്. ഗദ്ദികയുടെ അവസാനം കുരുതിയും നടത്തുന്നു. കോഴിച്ചോരയാണ് കുരുതിയ്ക്ക് ഉപയോഗിക്കുന്നത്. ഗദ്ദിക ആടുന്ന രീതി നെല്ലിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

'പൊന്നി' എന്ന നോവലിലെ മുഡുഗരും മന്ത്രവാദവിശ്വാസികളാണ്. അത്ഭുതങ്ങളുടെ കലവറയായ മുത്തിക്കുളത്തിന്റെ രഹസ്യങ്ങൾ അറിയാവുന്ന ഏകവ്യക്തി മന്ത്രവാദി ബൊമ്മനാണ്. കുഞ്ഞ് മരിച്ച സ്ത്രീകളുടെ മുലപ്പാലിൽ ഒരു പ്രത്യേക മരത്തിന്റെ വേര് ഊറയ്ക്കിട്ടെടുത്താണ് ബൊമ്മൻ ഭൂതങ്ങളെ കീഴടക്കുന്നത്. ഈ ഭൂതങ്ങളിൽ നിന്നാണ് മുത്തിക്കുളത്തിന്റെ രഹസ്യങ്ങൾ ബൊമ്മൻ മനസ്സിലാക്കുന്നത്. ചത്ത മുഡുഗനെ ജീവിപ്പിക്കാനും ആനകളെ കരിമ്പാറകളാക്കാനും നിർത്തിപ്പൊരിച്ച മയിലിനെ നൃത്തം ചെയ്യിക്കാനും കഴിവുള്ള ബൊമ്മന്റെ പരുതി വിട്ട ഭൂതങ്ങളും മല്ലീശ്വരനും നടക്കുകയില്ലെന്ന് ഊരിലുള്ളവർ കരുതുന്നു.

വൈക്കം ചന്ദ്രശേഖരൻനായരുടെ പഞ്ചവൻകാട് മാന്ത്രികനോവലുകളുടെ സമീപനരീതി സ്വീകരിച്ചിട്ടുള്ള രചനയാണ്. കള്ളിയങ്കാടിന്റെ കിഴക്കേയറ്റത്ത് തീക്ഷ്ണകിരണനായ സൂര്യനെപ്പോലും പുറത്തുനിർത്തി കൈകാലിട്ടടിക്കുന്ന ഒരു മഹാവനം. പടിഞ്ഞാറ് കരിമ്പനകൾ ഉയർന്നു നില്ക്കുന്നു. കിഴക്കോട്ടുള്ള പ്രയാണത്തിൽ ഈ വനം കണ്ട് ഭയന്നുനിന്നുപോയതുപോലെ ഭൂമിയിൽ ഇരുട്ടിന്റെ ഒരു മഹാകൂടാരം താവളമടിച്ചിരിക്കുകയാണെന്നു തോന്നും. ഗന്ധർവ്വൻകാട് എന്നാണ് അതിനെ വിളിക്കുന്നത്. കള്ളിയങ്കാട് നീലി ദുഷ്ടരക്ഷസ്സാണ്. തക്കലയ്ക്കൽ ഉള്ള ഗന്ധർവ്വൻ കാട്ടുമായനും പഞ്ചവൻകാട്ടുനീലിയും തമ്മിലുള്ള ശത്രുത, നീലിയുടെ അതിക്രമത്തിൽ നിന്ന് അവരെ രക്ഷിക്കാൻ പ്രാപ്തിയുള്ളത് മായനാണെന്നുള്ള വിശ്വാസം കാരണം ചെറുപ്പക്കാരികൾ മായനെ ഭക്തിയോടെ ഉപാസിക്കുന്നതു കാണാം.

ഭ്രമാത്മകഭാവനയുടെയും അലൗകികാനുഭവങ്ങളുടെയും പാർശ്വികാഖ്യാനങ്ങൾ മലയാളത്തിലെ പല നോവലുകളിലും കാണാം. പി. പത്മരാജന്റെയും സേതുവിന്റെയും നോവലുകൾ പരിശോധിക്കുമ്പോൾ ഇക്കാര്യം ബോദ്ധ്യപ്പെടും. എന്നാൽ ഒരു ജനുസ്സെ-ന്ന നിലയിൽ മാന്ത്രികനോവലുകൾക്ക് പ്രസക്തിയുണ്ടായതും പ്രശസ്തിയുണ്ടായതും 1960-കൾക്കുശേഷമാണ്. ഈ രചനകളെ ഒരു സംവാദസംവർഗമായി തിരിച്ചറിയുന്ന-താകട്ടെ ആധുനികാനന്തരകാലത്തുമാണ്.

## 2. 3. മലയാളത്തിലെ മാന്ത്രികനോവലുകൾ

സുദീർഘമായ ചരിത്രം മലയാളമാന്ത്രികനോവലുകൾക്ക് അവകാശപ്പെടാൻ കഴിയില്ല. 1960-കളുടെ അവസാനത്തോടെയും 1970-കളുടെ തുടക്കത്തോടെയും ഉത്ഭ-വിച്ച നോവൽവിഭാഗമാണിത്. ദൃശ്യമാധ്യമങ്ങളുടെ ആധിപത്യത്തോടെ അവയ്ക്ക് പു-തിയ വിതാനവും ലഭിച്ചു. പ്രഥിതങ്ങളായ മലയാളനോവലുകളോടൊപ്പം മാന്ത്രികനോ-വലുകൾ പുറത്തുവന്ന കാലം, അതിലെ പ്രധാനപ്പെട്ട എഴുത്തുകാർ, ആഖ്യാനരീതിയുടെ സവിശേഷതകൾ, പ്രധാനകൃതികൾ തുടങ്ങിയവ മുൻനിർത്തി മൂന്നു ഘട്ടങ്ങളായി തി-രിച്ച് മലയാളത്തിലെ മാന്ത്രികനോവലുകളുടെ ചരിത്രം വിശകലനം ചെയ്യാവുന്നതാണ്. രചനാകാലത്തെ ആധാരമാക്കി പ്രാരംഭകാലം, മധ്യകാലം, സമകാലികരചനകൾ എന്നിങ്ങനെ മാന്ത്രിക നോവലുകളുടെ ചരിത്രത്തെ സാമാന്യമായി വിഭജിക്കാം. പാ-ശ്ചാത്യ മാന്ത്രികനോവലിൽ നിന്നും വ്യത്യസ്തമായി നമ്പൂതിരി-ബ്രാഹ്മണ ഇല്ലങ്ങളി-ലെയും മനകളിലെയും ഗോപ്യമാക്കപ്പെട്ട കാമനകളുടെ നേർസാക്ഷ്യമാണ് മലയാളമാ-ന്ത്രികനോവൽ. ഉപാസന, ദേവതാപ്രീതി, ആഭിചാരകർമ്മങ്ങൾ, വിശ്വാസാരൂഢമായ ജീവിതം, സന്മന്ത്രവാദം, ദുർമന്ത്രവാദം തുടങ്ങിയവ തമ്മിലുള്ള സംഘട്ടനം എന്നിങ്ങ-നെയുള്ള പൊതു ഘടകങ്ങളുടെ ആവർത്തനം മലയാള മാന്ത്രികനോവലിൽ കാണാം.

### 2. 3. 1. പ്രാരംഭഘട്ടം

മലയാള മാന്ത്രികനോവലിന്റെ പ്രാരംഭകാലം 1970-കളുടെ തുടക്കത്തിലാരംഭിക്കുന്നു. പ്രാരംഭഘട്ടത്തിലെ പ്രധാനപ്പെട്ട മാന്ത്രികനോവലെഴുത്തുകാർ, മോഹനചന്ദ്രൻ, പി. ജി. തമ്പി, പി. വി. തമ്പി, ജോൺ ആലുങ്കൽ എന്നിവരാണ്. 1960 മുതൽ 1980 വരെയുള്ള കേരളത്തിന്റെ സാംസ്കാരികാന്തരീക്ഷം ഭാവുകത്വപരമായി പലമാറ്റങ്ങൾക്കും വിധേയമായി. അച്ചടിപ്രസാധന രംഗത്തുണ്ടായ വികാസം, ഗ്രന്ഥശാലാപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ എന്നിവമൂലം ധാരാളം ജനപ്രിയപ്രസിദ്ധീകരണങ്ങൾ ഇറങ്ങുകയുണ്ടായി. കേരളീയ സാമൂഹിക-സാംസ്കാരികമണ്ഡലത്തിലെ ഈ മാറ്റം അക്കാലത്തെ സാഹിത്യസൃഷ്ടികളിൽ പ്രതിബിംബിച്ചു കാണാം.

രണ്ടു രീതിയിലുള്ള നോവൽവിഭാഗങ്ങൾ ഈ ഘട്ടത്തിൽ സാധാരണക്കാരായ വായനക്കാരെ ആകർഷിച്ചിരുന്നു. ഒന്ന്, പ്രമേയത്തിന്റെ ലാളിത്യം കൊണ്ട് ശ്രദ്ധേയമായവയാണ്. ദാർശനികഭാരമില്ലാത്ത ജീവിതത്തിന്റെ ലളിതമായ ആവിഷ്കാരങ്ങളിൽ ഇത്തരം എഴുത്തുകാർ ശ്രദ്ധപുലർത്തി. ലളിതമായ ഭാഷയിലൂടെ സാധാരണക്കാരന്റെ സാധാരണജീവിതാവസ്ഥകളെ നോവലിലൂടെ പകർത്തുന്നതിൽ അവർ വിജയിച്ചു. പ്രമേയത്തിന്റെ ലാളിത്യം അത്തരം കൃതികളെ പൈങ്കിളിയായി മുദ്രകുത്തുന്നതിനു കാരണമായി. മുട്ടത്തുവർക്കി സാഹിത്യം എന്ന് അത്തരം എഴുത്തുകാർ പരക്കെ മുദ്രകുത്തപ്പെട്ടു. രണ്ട്, പാശ്ചാത്യ ഡിറ്റക്ടീവ് നോവൽ, ഭീകരനോവൽ,അപസർപ്പകനോവൽ, വാംപയർ നോവൽ എന്നിവയുടെ സ്വാധീനം മൂലം മലയാളത്തിൽ ഉദയം കൊണ്ട ഡിറ്റക്ടീവ്-അപസർപ്പകനോവലുകളാണ്. 1980 കളുടെ ഒടുക്കംവരെ അരങ്ങു വാണിരുന്നത് ഇത്തരം കുറ്റാന്വേഷണ നോവലുകളായിരുന്നു. പാശ്ചാത്യമാതൃകയിലുള്ള കുറ്റാന്വേഷണനോവലുകൾ  മലയാളവായനക്കാരെ സാഹിത്യാഭിരുചിയുള്ളവരാക്കി മാറ്റി. മാമാങ്കം, കുങ്കുമം, മനോരാജ്യം, മലയാളമനോരമ, മംഗളം, സഖി, ജനനി, സുനന്ദ മുതലായ ആനുകാലികപ്രസിദ്ധീകരണങ്ങളിലാണ് ഇത്തരം നോവലുകൾ അധികവും പ്രസിദ്ധീ-

കരിക്കപ്പെട്ടത്. മുഖ്യധാരാ എഴുത്തുകാർക്ക് കിട്ടാത്തത്ര വായനാസ്വാധീനം കുറ്റാന്വേ-ഷണ, അപസർപ്പകനോവലുകൾക്കു ലഭിക്കുകയുണ്ടായി. കോട്ടയം പുഷ്പനാഥ്, ബാറ്റൻ-ബോസ്, തോമസ് ടി. അമ്പാട്ട് തുടങ്ങിയ എഴുത്തുകാർ തുടർച്ചയായി എഴുതിക്കൊണ്ടി-രുന്ന കാലഘട്ടത്തിൽ തന്നെയാണ് മലയാളത്തിൽ മന്ത്രവാദനോവൽ എന്ന പുതിയ സാഹിത്യജനുസ്സ് രൂപം കൊള്ളുന്നത്.

കുറ്റാന്വേഷണ അപസർപ്പകനോവലുകളിലെ കഥാപാത്രങ്ങൾ, സന്ദർഭങ്ങൾ സ്ഥലവർണ്ണനകൾ എന്നിവയിൽ മിക്കപ്പോഴും പാശ്ചാത്യസ്വാധീനമാണ് കാണാൻ കഴിഞ്ഞിരുന്നത്. കൃതിയുടെ ആദ്യം മുതൽ അവസാനം വരെ കാത്തുസൂക്ഷിക്കുന്ന ജി-ജ്ഞാസ, സംഭവങ്ങളിലൂടെ, വർണ്ണിക്കുന്ന സ്ഥലകാലങ്ങളിലൂടെ വായനക്കാരനെയും അനുയാത്ര ചെയ്യിക്കാനുള്ള കഴിവ്, രചനാപരമായ കൈയൊതുക്കം എന്നിവ ഏതുത-രം വായനക്കാരനെയും ആകർഷിക്കാൻ പര്യാപ്തമായിരുന്നു.

1980-കളുടെ തുടക്കം നോവൽസാഹിത്യത്തിൽ പുതിയ പരീക്ഷണത്തിന് സാ-ഹചര്യമൊരുങ്ങി. പാശ്ചാത്യമാതൃകയിലുള്ള ഡിറ്റക്ടീവ് നോവൽ വിരസമായി തുടങ്ങി-യപ്പോൾ എഴുത്തുകാർ പുതിയ പരീക്ഷണങ്ങൾക്കു മുതിർന്നു. സാഹിത്യസൃഷ്ടികളുടെ വളർച്ചയും വായനയുടെ ജനകീയവികാസവും മുന്നിൽക്കണ്ട് തദ്ദേശീയ പ്രമേയങ്ങൾ നോവലിനു സ്വീകരിച്ചു തുടങ്ങി. അപസർപ്പകമായിരിക്കെത്തന്നെ മനുഷ്യസഹജമായ ജിജ്ഞാസ, സാഹസികത എന്നിവയെ കൂട്ടുപിടിച്ച് അടിസ്ഥാനവികാരങ്ങളിലൊ-ന്നായ ഭയത്തെ, കേരളീയമായ മന്ത്രവാദത്തിന്റെ ആഖ്യാനത്തിൽ കൊണ്ടുവരാൻ ശ്ര-മിച്ചുതുടങ്ങി. അങ്ങനെ മാന്ത്രികനോവൽ എന്ന ജനുസ്സ് കുറ്റാന്വേഷണനോവലിനെ പിൻപറ്റി പെട്ടെന്നുതന്നെ ജനശ്രദ്ധയാകർഷിച്ച നോവൽ സ്വരൂപമായി മാറി. അപ-സർപ്പകനോവലുകളുടെ പൊതുസ്വഭാവം ആദ്യകാല മലയാളമാന്ത്രികനോവലുകളിൽ കാണാം. പ്രാക്തനമായ വിശ്വാസങ്ങൾ മനുഷ്യവികാരങ്ങൾ എന്നിവ പങ്കുവയ്ക്കൽ, ഭയ-

ത്തെ അനുഭവിപ്പിക്കൽ എന്നിവ മാന്ത്രികനോവലിന്റെ സവിശേഷതയായി സാമാന്യ-മായി സ്വീകരിച്ചു.

**2. 3. 1. 1. മോഹനചന്ദ്രൻ**

ഐ. എഫ്. എസ് ഉദ്യോഗസ്ഥനായി സർവ്വീസിൽ നിന്നു വിരമിച്ച മോഹനച-ന്ദ്രൻ ശാസ്ത്രയുക്തിയുടെ ലോകത്തു നിന്നുകൊണ്ടാണ് മനുഷ്യനു പിടിതരാത്ത അത്ഭുത-ജീവിത സമസ്യകളെ നോവലിലേയ്ക്ക് അടുപ്പിച്ചത്. 'കലിക' (1977), 'സുന്ദരി ഹൈമവതി' (1983), 'കാക്കകളുടെ രാത്രി'(1989), 'ഗന്ധകം', 'വേലൻചടയൻ' (1982) എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാന നോവലുകൾ. നിഗൂഢമായ ജീവിതസമസ്യകളെ അഴിച്ചെടു-ക്കുന്ന കുറ്റാന്വേഷകന്റെ ബോധമണ്ഡലത്തിൽനിന്നാണ് മോഹനചന്ദ്രൻ മാന്ത്രികനോ-വലുകൾ എഴുതിയിരുന്നത്. ശാസ്ത്രത്തെ അതിൽത്തന്നെ മനശ്ശാസ്ത്രത്തെ, വിശ്വാസങ്ങ-ളിൽ കോർത്തെടുത്ത് ആഖ്യാനനിർവ്വഹണം നടത്താനാണദ്ദേഹം ശ്രമിച്ചിരുന്നത്.

**2. 3. 1. 1. 1. കലിക**

മലയാളത്തിലെ ആദ്യത്തെ മാന്ത്രികനോവലായി വിശേഷിപ്പിക്കപ്പെടുന്നത് മോഹനചന്ദ്രൻ രചിച്ച കലികയാണ്. 1977-78 കാലഘട്ടത്തിൽ കുങ്കുമം വാരികയിൽ പരമ്പരയായി പ്രസിദ്ധീകരിച്ച മാന്ത്രികനോവലാണത്. അതുവരെ പ്രേതഭാവനയുടെ-യും ക്രൈസ്തവമതബോധത്തിന്റെയും കുറ്റാന്വേഷണത്തിന്റെയും തണലിലായിരുന്ന മലയാളനോവലിന്റെ ഘടനയെ മാറ്റിപ്പണിയാൻ കലികയ്ക്കു സാധിച്ചു. ഭീതിജനകത, കുറ്റാന്വേഷണം, അപസർപകത്വം എന്നീ മേഖലകളിൽ ഒതുങ്ങിനിന്ന നോവൽ ഭാവു-കത്വത്തെയാണ് കലിക മാറ്റിപ്പണിയാൻ ശ്രമിച്ചത്. പ്രസിദ്ധ സിനിമാസംവിധായക-നായ ബാലചന്ദ്രമേനോൻ അതേകാലത്തുതന്നെ കലിക സിനിമയാക്കി അഭ്രപാളിയി-ലെത്തിച്ചു.

മലയാളവും തമിഴും തെറിഭാഷയും തിക്കിത്തിരക്കുന്ന ആഖ്യാനശൈലിയാണ് മോഹനചന്ദ്രൻ കലികയ്ക്കു സ്വീകരിച്ചത്. ക്രൂരപീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ആര്യ എന്ന പെൺകുട്ടിയുടെ പ്രതികാര കലികയിലേക്കുള്ള പരിവർത്തനമാണ് തന്ത്ര-യോഗത്തിന്റെയും ശക്തിപൂജയുടെയും യോനീപൂജയുടെയും സവിശേഷദൃശ്യങ്ങൾ കൊ-ണ്ട് ആവിഷ്ക്കരിച്ചിരിക്കുന്നത്. പുരുഷാധികാര സമൂഹം, സ്ത്രീ ലൈംഗികത എന്നീ സമ-വാക്യം കൊണ്ട് പരസ്പരം ബന്ധിതമാണ് നോവലിൻ്റെ ഇതിവൃത്തഘടന. കലിക-യുടെ മന്ത്രവാദവും താന്ത്രികാനുഷ്ഠാനങ്ങളും തമ്മിലുള്ള സംഘട്ടനം മുഖ്യപ്രമേയമാകുന്ന ഈ നോവലിൽ ലളിതാസഹസ്രനാമം, സൗന്ദര്യലഹരി എന്നീ താന്ത്രിക കൃതികളുടെ ആത്മസത്ത ഉൾച്ചേർത്തിരിക്കുന്നു. പ്രമേയത്തിൽ അപസർപ്പകനോവലിന്റെ ജനകീ-യസ്വഭാവം സ്വീകരിക്കുന്നുണ്ടെങ്കിലും ഭാഷ, ആഖ്യാനം എന്നിവയിൽ നവീനത സ്വീ-കരിക്കുവാൻ മോഹനചന്ദ്രൻ പരിശ്രമിക്കുന്നുണ്ട്.

മന്ത്രവാദനോവൽ മാത്രമല്ല, വിചിത്രമായ മനുഷ്യബന്ധങ്ങൾ ചിത്രീകരിക്കുന്ന ആധുനികനോവൽകൂടിയാണ് കലിക. ഫാന്റസിയുടെയും റിയാലിറ്റിയുടെയും അതിർ-വരമ്പുകൾ പലപ്പോഴും കലികയിൽ ഭേദിക്കുന്നതു കാണാം. കലികയുടെ ആമുഖത്തിൽ എഴുത്തുകാരൻ തന്നെ പറയുന്നതു നോക്കുക; "...കഥയും കഥാപാത്രങ്ങളും തികച്ചും സാങ്കല്പികമാണ്. തന്നെയല്ല, വിശ്വസിക്കുന്നത് അപകടകരം കൂടിയാണ്. പേരെടുത്തു പറയാൻ നിവൃത്തിയില്ലെങ്കിലും ഇതിൽ വരുന്ന സ്തോത്രമന്ത്രതന്ത്രാദികൾ ഉപദേശി-ച്ചുതന്ന താന്ത്രികനോടുള്ള കടപ്പാട് രേഖപ്പെടുത്തുന്നതിനൊപ്പം ഇതിലെ മന്ത്രപ്രയോ-ഗങ്ങൾ വായനക്കാർ പരീക്ഷിച്ചു നോക്കുന്നത് അവരുടെ സ്വന്തം ഉത്തരവാദിത്വത്തിൽ മാത്രമായിരിക്കും". കാവിന്റെ വർണ്ണനയ്ക്ക് ഉളിയന്നൂർ ക്ഷേത്രപുരാണവും ആലുവ ചീര-ക്കടഭഗവതിക്കഥയും കൂടിച്ചേർത്തിട്ടുണ്ട്. നോവൽ രചനയ്ക്ക് പ്രാദേശികചരിത്രത്തെയും വാമൊഴിപാരമ്പര്യത്തെയും നോവലിസ്റ്റ് കൂട്ടുപിടിക്കുന്നു.

### 2. 3. 1. 1. 2. വേലൻ ചെടയൻ

കലിക മലയാളത്തിലെ ആദ്യത്തെ മന്ത്രവാദനോവൽ ആയിരുന്നെങ്കിലും ആര്യബൗദ്ധതാന്ത്രികമുറകളുടെയും മറുനാടൻ കഥാപാത്രങ്ങളുടെയും ആധിക്യം ബ്രോം സ്റ്റോക്കർ, ദ്യൂമാ, സ്റ്റീവൻസൺ, മേരിഷെല്ലി തുടങ്ങിയവരുടെ ക്ലാസിക്കുകളുടെ സ്വാധീനവും കലികയെ ബാധിച്ചിരുന്നതായി എഴുത്തുകാരൻതന്നെ വേലൻ ചെടയന്റെ ആമുഖത്തിൽ പരാമർശിക്കുന്നുണ്ട്. വേലൻ ചെടയൻ കേരളത്തിന്റെ തനതുപാരമ്പര്യത്തിൽ അധിഷ്ഠിതമായി രചിച്ച ആദ്യത്തെ മാന്ത്രികനോവലായി നോവലിസ്റ്റ് തന്നെ വിശേഷിപ്പിക്കുന്നു. "കേരളത്തിന്റെ മാത്രം തനതായ പാരമ്പര്യത്തിൽ അധിഷ്ഠിതമായ ആദ്യത്തെ മന്ത്രവാദനോവൽ (വേലൻ ചെടയൻ) എഴുതിയ കുറ്റവും എന്റെ പിരടിയ്ക്കു തന്നെയിരുന്നോട്ടെ. അന്യർക്ക് ദുഷ്കരമായ കാര്യങ്ങൾ കൗതുകത്തോടെയും ലളിതമായും ഞാനിതു ചെയ്യുന്നത് ഒന്നാമതോ, രണ്ടാമതോ ആയിട്ടല്ലതാനും" (1982: 5).

പുലയന്റെ ഗോത്രവീര്യം വേലൻ ചെടയൻ എന്ന മാന്ത്രികനോവലിൽ കറുത്ത അഗ്നിയായി പടരുന്നതു കാണാം. അദൃശ്യശക്തികളെ കൂട്ടുപിടിച്ച് വേലൻ പടനയിക്കുമ്പോൾ ദൃശ്യലോകവും അദൃശ്യലോകവും ഭാഷയിലൂടെ കരുത്തു നേടുന്നു. യക്ഷികളുടെ താഴ്‌വര, സൂര്യകാലടിയുടെ പ്രതികാരം, ഉഴുന്നുവടചെയ്ത കുഴപ്പം, റബർ കുറുപ്പ്, പുല്ലൂർ, ഗ്രാമം ഗ്രാമത്തിനക്കരെ, ഒരു കൂട്ടപ്പലായനത്തിന്റെ കഥ, ഇന്ദ്രിയങ്ങൾക്കുപരി, കാലിച്ചാൻ സാക്ഷി, പരമ്പരയുടെ തുടക്കം, വനം, വനത്തിനക്കരെ, തീക്കണ്ണുകൾ, നീയെന്തറിഞ്ഞു, അമ്പലവാസിപ്പോലീസ്, കരുനീക്കം, തൊണ്ടച്ചന് പറ്റിയ തെറ്റ്, മാരാന്റെ കൂത്തുപാട്ട്, പിണി തീർന്നൊഴിക, കേളികൊട്ട്, ഊഞ്ഞാലാട്ടം, കറുത്ത കുതിരകൾ, ചെങ്കൊമ്പ്, പുലിമറഞ്ഞ തൊണ്ടച്ചൻ, ചോരയോട്ട യക്ഷി, കാകോളം, കുറുമ്പി, കുറുപ്പുള്ള കളരി, വിശ്വാസപ്പൊൻവള, അടിതെളി, ഭദ്രകാളിത്തോറ്റം, വേലൻപാട്ട് തുടങ്ങിയ മുപ്പത്തിയൊന്ന് ചെറിയ അധ്യായങ്ങളിലായി നോവൽ പരന്നുകിടക്കുന്നു. ഓരോ അധ്യായവും അദ്ധ്യാത്മരാമായണം, നമ്പ്യാർകൃതികൾ, പാനപ്പാട്ടുകൾ, ഭദ്രകാളിപ്പാട്ട്, അടി-

തെളിപ്പാട്ട്, വടക്കൻപാട്ട്, പടനായർപാട്ട്, ഊഞ്ഞാൽപാട്ട്, വേലൻപാട്ട് ,മാരാന്റെ കത്തുപാട്ട്, ഐതിഹ്യമാല തുടങ്ങിയവയിലെ ഉദ്ധരണികൾ കൊണ്ട് നോവൽ സവിശേഷമായി അലങ്കരിച്ചിട്ടുണ്ട്.. കഥാഘടനയിലേക്ക് വായനക്കാരെ എളുപ്പത്തിൽ കുട്ടിക്കൊണ്ടുപോകാനുള്ള ലളിതസമവാക്യമായി ഇത്തരം ശീർഷകോദ്ധരണികളെ നോക്കിക്കാണാവുന്നതാണ്,

### 2. 3. 1. 1. 3. സുന്ദരിഹൈമാവതി

കുങ്കുമം വാരികയിൽ 1981-82 ൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ച സുന്ദരിഹൈമാവതി നാഗകൃഷ്ണ പബ്ലിക്കേഷൻസ് ആണ് പ്രസാധനം ചെയ്തിട്ടുള്ളത്. സ്ത്രീയും പുരുഷനും പ്രപഞ്ചത്തിന്റെ ബിന്ദുവിൽ ലയിക്കാനൊരുങ്ങുന്ന പ്രണയത്തിന്റെ സുഗന്ധമാണ് സുന്ദരിഹൈമാവതി വായനക്കാർക്ക് നൽകുന്നത്.മൺമറഞ്ഞുപോയ പല കലകളുടെയും ശാസ്ത്രത്തിന്റെയും വിലപ്പെട്ട ജ്ഞാനശേഖരമാണീ നോവൽ. നോവലിലെ ദേവദാസൻ ചോമാതിരിപ്പാട് നമ്പൂതിരി സംസ്കാരത്തിന്റെയും തറതി വല്യമ്മ നസ്രാണി സംസ്കാരത്തിന്റെയും മിഴിവാർന്ന ചിത്രങ്ങളാണ്. തമശ്ശക്തികളുടെ വാഴ്ചക്കിടയിൽ പ്രകാശത്തിന്റെ ഭരണം പുനഃസ്ഥാപിക്കാൻ സദ്ഭാവങ്ങളുടെ ആത്മീയായുധങ്ങളുമായി ഇവിടെ ജയയും ഉണ്ണിനമ്പൂതിരിയും പൊരുതുകയാണ്. പാപത്തിന് അനശ്വരത കല്പിക്കാനാകില്ലെന്ന് ദൃശ്യാദൃശ്യലോകങ്ങളുടെ ദൈവികനിയമങ്ങളിലൂടെ ഒടുവിൽ സ്ഥാപിക്കുന്നു. ഈ നോവൽ മനുഷ്യരും ദേവതകളും ഒരുപോലെ പങ്കെടുക്കുന്ന മനുഷ്യാനുഭവങ്ങളുടെ വിസ്മയം സൃഷ്ടിക്കുന്നുണ്ട്. വിശ്വാസിക്കും അവിശ്വാസിക്കും ഇടയിലുള്ള മനുഷ്യാവസ്ഥയുടെ സങ്കീർണ്ണസമസ്യകളെയാണ് നോവൽ അന്വേഷിക്കുന്നത്.

താന്ത്രികവിദ്യകളുടെ സൂക്ഷ്മതയിൽ ഘടിതമായ നോവൽ അസാധാരണമായ വികാരത്തള്ളലാൽ വീർപ്പുമുട്ടിക്കുന്നു. മാന്ത്രികമായ അന്തരീക്ഷത്തിൽ ഏറെ ശ്രദ്ധേയമാണിതിലെ ഭാഷ. മനശ്ശാസ്ത്രത്തിന്റെ പ്രയോഗമാണ് സുന്ദരി ഹൈമവതിയെ ശ്രദ്ധേയമാക്കുന്നത്. നിർല്ലജ്ജമായ ദേവീസ്ത്വമാണ് സുന്ദരി ഹൈമവതിയെന്ന് നോവ-

ലിസ്റ്റ് തന്നെ ആമുഖത്തിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. യോഗശാസ്ത്രവും ലളിതാസഹസ്ര-നാമവും ദേവീവർണ്ണനയ്ക്ക് വേണ്ടി മോഹനചന്ദ്രൻ സ്വീകരിച്ചിരിക്കുന്നു. സംസ്കൃതപ-ണ്ഡിതന്മാരായ ബ്രാഹ്മണരുടെ അപ്രമാദിത്വം ഉറപ്പിക്കുന്ന ആഖ്യാന രീതിയിൽ ശ്ലോ-കങ്ങളും, വേദങ്ങളും തുടരെത്തുടരെ പ്രമേയത്തോടു ചേർത്ത് വ്യാഖ്യാനിക്കുന്നതിൽ നോവലിസ്റ്റ് അസാമാന്യമായ പാടവമാണ് കാഴ്ചവയ്ക്കുന്നത്. തികഞ്ഞ ഒരു കവികൂടി-യാണ് മോഹനചന്ദ്രൻ എന്നു തെളിയിക്കുന്നവയാണ് സുന്ദരിഹൈമവതിയിലെ കാ-വ്യഭാഗങ്ങൾ. വൈദികപാരമ്പര്യത്തിന്റെ അപ്രമാദിത്വം പങ്കുവയ്ക്കുമ്പോഴും ജാതീയമായ പുതിയ കാഴ്ചപ്പാടുകളും നോവലിൽ അവതരിപ്പിക്കുന്നത് പ്രസക്തമാണ്. പ്രധാനകഥാ-പാത്രമായ ചോമാതിരിയുടെ വാക്കുകൾ നോക്കുക. "... ശൂദ്രസ്ത്രീകളുമായി സംവർഗ്ഗം ആകാമെന്ന് വെച്ചാല് അവർണ്ണർക്കെന്താണ് അപാകത? ഒരു പക്ഷേ പാണ്ഡിത്യ-ത്തില് അവരായിരിക്കും മുമ്പിട്ടുള്ളത്. തച്ചുശാസ്ത്രം അവരുടെ കുത്തകയല്ലേ? ഇപ്പോഴ-ത്തെ കാലത്ത് ഡോക്ടർക്കും എഞ്ചിനീയർക്കും ഇത്ര മതിപ്പ് കൊടുക്കാച്ചാല് വൈദ്യ-നും ആശാരിക്കും എന്താ പോരായ്ക?" (1983:166) അറിവധികാരത്തിന്റെ യഥാർത്ഥ ഉറ-വിടങ്ങൾക്ക് അർഹിക്കുന്ന പരിഗണന ലഭിക്കേണ്ടതുണ്ടെന്ന കാഴ്ചപ്പാട് നോവലിസ്റ്റി-ന്റെ പുരോഗമനചിന്താഗതിയാണ് പ്രകടമാക്കുന്നത്. "തലമുറ തലമുറയായ് നമ്മള് പൂ-ജിക്കണത് ദുർഗ്ഗയേയല്ലേ? അവളുടെ ജാതിയേതാ? കുലമേതാ? (...: 166). ഇത്തരം വി-പ്ലവാത്മകമായ സമീപനം നോവലിന്റെ പലയിടത്തും കാണാൻ കഴിയുന്നു. താന്ത്രിക വിദ്യയുടെ മാസ്മരികത നോവൽവായന സുഖമുള്ള അനുഭൂതിയാക്കി മാറ്റുന്നു.

### 2. 3. 1. 1. 4. കാക്കകളുടെ രാത്രി

ഒരുതരത്തിൽ പറഞ്ഞാൽ കലികയുടെ സ്വീക്വൻസുകൾ ആണ് സുന്ദരീഹൈമ-വതി, കാക്കകളുടെ രാത്രി, ഗന്ധകം, വേലൻചടയൻ എന്നീ നോവലുകൾ. നോവലിസ്റ്റു പറയുന്നു;"ജന്മരഹസ്യങ്ങളുടെ നിശ്ചലസമുദ്രങ്ങൾക്കുമേൽ വട്ടമിട്ടു പറക്കുന്ന കാക്കകൾ. അവ, ത്രികാലജ്ഞാനികളാണ്. പരേതാത്മാക്കളുടെ മുറിഞ്ഞ വാക്കുകളെ കറുത്ത കര-

ച്ചിൽ കൊണ്ട് അവ തോറ്റിയുണർത്തുകയാണ്". വിഭ്രമാത്മകമായ അന്തരീക്ഷം വായനയിൽ നിറയ്ക്കുന്ന നോവലുകളാണ് മോഹനചന്ദ്രന്റെ കാക്കകളുടെ രാത്രി.

പ്രമേയപരമായിപരമായി സാദൃശ്യമുണ്ടെങ്കിലും വ്യത്യസ്തമായ ആഖ്യാനശൈലിയും ഭാഷയും സ്വീകരിക്കുന്നതിൽ മോഹനചന്ദ്രൻ വേറിട്ടു നില്ക്കുന്നു. നോവലിലെ അന്തരീക്ഷസൃഷ്ടി, കഥാപാത്രനിർമ്മിതി, നാടകീയമായ അവതരണം എന്നിവയിലൂടെ അയഥാർത്ഥമായ സംഗതിയെ യാഥാർത്ഥ്യമാക്കി അവതരിപ്പിക്കുന്നതിൽ അദ്ദേഹത്തിന്റെ നോവലുകൾ കലാപരമായ വിജയം നേടിയിട്ടുണ്ടെന്നു കാണാം.

## 2. 3. 1. 2. പി. വി. തമ്പി

മലയാളമാന്ത്രികനോവൽ പരാമർശിക്കുന്നിടത്ത് എടുത്തു പറയേണ്ട രണ്ടുപേരാണ് സഹോദരങ്ങളായ പി. വി. തമ്പിയും പി. ജി. തമ്പിയും. മാന്ത്രികത്തറവാട്ടിൽ ജനിച്ചുവളർന്ന ഇവർ മന്ത്രതന്ത്രങ്ങളുടെ സമർത്ഥമായ പ്രയോഗത്തിലൂടെ നോവൽവായനയെ ഒരനുഭൂതിയാക്കി മാറ്റുന്നു. കൃഷ്ണപ്പരുന്ത് (1984), പള്ളിവേട്ട (1991), സൂര്യകാലടി (രണ്ടുഭാഗം) എന്നിവയാണ് പി. വി. തമ്പിയുടെ പ്രധാനപ്പെട്ട മാന്ത്രികനോവലുകൾ. മന്ത്രവിദ്യയുടെ പൗരാണികമായ രീതിഭേദങ്ങൾ ക്രമമായി തമ്പിയുടെ നോവലിൽ കാണാം. സന്മന്ത്രവാദവും ദുർമ്മന്ത്രവാദവും തമ്മിലുള്ള സംഘട്ടനമാണ് പി. വി. തമ്പി തന്റെ നോവലുകൾക്ക് പ്രമേയമായി സ്വീകരിച്ചു വരാറുള്ളത്. മാന്ത്രികനോവൽ ജനപ്രിയമാകുന്നതിന്റെ ആദ്യചലനം തമ്പിയുടെ നോവലുകളിൽ കാണാം.

### 2. 3. 1. 2. 1. കൃഷ്ണപ്പരുന്ത്

നിരവധി താന്ത്രികകൃതികളുമായുള്ള പരിചയത്തിൽനിന്നും നമ്പൂതിരിഇല്ലങ്ങളിലെ മന്ത്രവാദികളുമായി കൂടിക്കാഴ്ച നടത്തിയതിൽനിന്നുമാണ് കൃഷ്ണപ്പരുന്ത് രചിച്ചതെന്ന് ജയചന്ദ്രൻ ടി. എൻ. കൃതിയുടെ അവതാരികയിൽ പറയുന്നുണ്ട്. കല്ലൂർ, കാട്ടുമാടം, കാലടി, കുഞ്ചുമൺ എന്നീ ബ്രാഹ്മണകുടുംബങ്ങളെയും തലപ്പുറത്ത് നമ്പി, നാലേക്കാ-

ട്ടിൽ പിള്ള, കടമറ്റത്ത് കത്തനാർ എന്നീ പേരുകൾ മാന്ത്രികവിദ്യയിൽ പറഞ്ഞ് കേൾക്കാറുണ്ട്. ഇന്നും പലതരം മാനസികരോഗങ്ങൾക്കുള്ള ചികിത്സയായി ബലികളുടെയും ഉഴിഞ്ഞുകളയലും മന്ത്രവാദവും അഭ്യസ്തവിദ്യർപോലും ഉപയോഗിച്ചു വരുന്നത് അംഗീകരിക്കപ്പെടാത്ത വസ്തുതയാണ്. നോവലിന്റെ ആമുഖത്തിൽ തമ്പി പറയുന്നത് "- മാന്ത്രികന്മാരും യക്ഷികളും ഭൂതപ്രേതപിശാചുക്കളും കഥാപാത്രങ്ങളായുള്ള കലാസൃഷ്ടികളെ യക്ഷിക്കഥകളെന്നോ, മന്ത്രവാദക്കഥകളെന്നോ പറഞ്ഞ് പുച്ഛിക്കുന്നവർ കണ്ടേക്കാം. അവർക്ക് വേണ്ടി പ്രശസ്തനായ സി.ജി.യുങിന്റെ വാക്കുകൾ ഞാനിവിടെ ഉദ്ധരിക്കുന്നു...... ഓരോ വ്യക്തിക്കുമുള്ളതുപോലെ സമൂഹത്തിനു മൊത്തത്തിൽ ഒരു അബോധമണ്ഡലം (Collective Unconcious)ഉണ്ട്. മനുഷ്യചേദനയുടെ മൗലികഭാവവുമായി പൊരുത്തപ്പെട്ടിരിക്കുന്ന ഇത്തരം കലാസൃഷ്ടികൾ സമൂഹ ബോധമനസ്സിന്റെ സൃഷ്ടികളാകുന്നു. ഇവ സാർവ്വകാലികവും സാർവ്വജനീനവുമാണ്......"(1984: 11 ).

മാന്ത്രികനോവൽ ജനപ്രിയമാകുന്നതിൽ കൃഷ്ണപ്പരുന്തിന് സവിശേഷ സ്ഥാനമുണ്ട്. സന്മന്ത്രവാദത്തിൽനിന്നും ദുർമന്ത്രവാദത്തിലേക്ക് വഴുതിവീണ കുമാരൻ തമ്പിയാണ് കൃഷ്ണപ്പരുന്തിലെ പ്രധാന കഥാപാത്രം. ദുർമന്ത്രവാദവും സന്മന്ത്രവാദവും തമ്മിലുള്ള സംഘട്ടനം നോവലിന്റെ പ്രമേയത്തെ ശക്തിപ്പെടുത്തുന്നു. തനിക്കുപരിചിതമായ, കേട്ടുകേൾവി മാത്രമായ ഒരു കാലഘട്ടത്തെ പഠനമനനാദികൾകൊണ്ട് ആഖ്യാനത്തിന്റെ, മനോഹാരിതയാൽ വിശ്വസനീയമായി അവതരിപ്പിക്കാൻ തമ്പിക്കു കഴിഞ്ഞു. സുലഭമായി മന്ത്രങ്ങൾ ഉദ്ധരിക്കുമ്പോഴും മന്ത്രപ്രയോഗങ്ങൾ വിവരിക്കുമ്പോഴും വായനക്കാർക്ക് ഒട്ടും വിരസത അനുഭവപ്പെടുന്നില്ലെന്നതാണ് നോവലിന്റെ ശ്രദ്ധേയമായ വസ്തുത.

മന്ത്രവാദം സാർവത്രികമായി പ്രയോഗത്തിലുണ്ടായിരുന്ന, ജനങ്ങൾ മന്ത്രവാദത്തിൽ വിശ്വസിച്ചിരുന്ന ഒരു കാലഘട്ടമാണ് തമ്പി കൃഷ്ണപ്പരുന്തിൽ അനാവരണം ചെയ്യുന്നത്. ഈ നോവൽ രചനയ്ക്ക് ഒട്ടേറെ ത്യാഗങ്ങൾ സഹിച്ചതായി ഗ്രന്ഥകാരൻ തന്നെ

ആമുഖത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ഒരു വർഷക്കാലത്തെ വിശ്രമരഹിതമായ ഗവേഷണപ്രവർത്തനത്തിനിടയിൽ മൺമറഞ്ഞ ഒട്ടേറെ മാന്ത്രിക-താന്ത്രിക കർമ്മികളുടെ വീടുകൾ സന്ദർശിച്ച് താളിയോലകൾ പരിശോധിക്കുകയുണ്ടായി. യന്ത്രസാരം, പ്രയോഗസാരം, മാന്ത്രികതന്ത്രം, യോഗശാസ്ത്രം, മനുസ്മൃതി മുഖദർശനം, ലളിതാസഹസ്രനാമം, വിവിധ സ്തോത്രകൃതികൾ എന്നിവ പഠനവിധേയമാക്കിയിട്ടുണ്ട്. വെട്ടം മാണിയുടെ പുരാണിക് എൻസൈക്ലോപീഡിയ, ഉള്ളൂരിന്റെ സാഹിത്യചരിത്രം, എം.വി.-വിഷ്ണുനമ്പൂതിരിയുടെ ലേഖനങ്ങൾ എന്നിവയുടെ പരിശോധന അദ്ദേഹം നടത്തിയിട്ടുണ്ട്.. മനോരാജ്യം വാരികയിലാണ് കൃഷ്ണപ്പരുന്ത് ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചത്.

### 2. 3. 1. 2. 2. പള്ളിവേട്ട

കൃഷ്ണപുരം യക്ഷിയെ തളയ്ക്കാൻ വരുന്ന മാർത്താണ്ഡപിള്ള എന്ന മഹാമാന്ത്രികന്റെ അതി സാഹസികമായ മാന്ത്രികയാത്രയാണ് പള്ളിവേട്ട എന്ന നോവലിനെ ശ്രദ്ധേയമാക്കുന്നത്. കായംകുളം കൊട്ടാരത്തിലെ ഉദയവർമ്മൻ രാജാവ് അനുഭവിക്കുന്ന ഭരണപ്രതിസന്ധിയും അവ നിർദ്ധാരണം ചെയ്യുന്ന രീതിയും വായനക്കാരെ ആകാംക്ഷയിലാക്കുന്നു. താഴ്ന്ന ജാതിക്കാരനായ തോനക്കാട്ടുദേശത്ത് കളരിക്കൽ മാർത്താണ്ഡപിള്ളയാണ് കൃഷ്ണപുരം യക്ഷിയെ തളയ്ക്കുന്നത്. മന്ത്രസാരം എന്ന താളിയോല ഗ്രന്ഥത്തിലെ നിർദ്ദേശപ്രകാരം മാർത്താണ്ഡപിള്ള യക്ഷിയെ ഒഴിപ്പിക്കുന്നു. ആഭിചാര വിഷയത്തിൽ ശത്രുപ്രേക്ഷിതമായ ബാധാമൂർത്തികളെ ഉച്ചാടന മാരണകർമ്മാദികൾ കൊണ്ട് ഒഴിപ്പിക്കുക. അല്ലെങ്കിൽ കർമ്മാന്തരങ്ങളാൽ ബന്ധനാദികൾ ചെയ്യുക. ഇവയ്ക്കുപകരം സാത്വികകർമ്മം ചെയ്യുന്ന പക്ഷം ബാധാമൂർത്തികളെ സന്തോഷിപ്പിച്ചയയ്ക്കാൻ കഴിയും. പത്മനാഭപുരം കൊട്ടാരത്തിലെ പന്ത്രണ്ട് കൂത്തച്ചികളുടെ നായികയായിരുന്ന ഉണ്ണിമങ്ക വേണാട്ടു രാജാവിന്റെ പള്ളിയറയിൽ രാജപത്നിയുടെ പദവി അലങ്കരിച്ച ഭാഗ്യവതി, ദുർനിമിത്തംകാരണം ദുർമ്മരണം സംഭവിച്ച് രക്തയക്ഷിയായി, പത്മനാഭപുരംയക്ഷിയായി പ്രതികാരം ചെയ്യാൻ തുടങ്ങുന്നു. മാന്ത്രികവിജ്ഞാനത്തി-

ന്റെ ആഹാര്യശോഭയാൽ അത്ഭുതപ്പെടുത്തുന്ന ആഖ്യാനനിർവഹണമാണിവിടെ അദ്ദേഹം നടത്തിയത്.

### 2. 3. 1. 3. പി. ജി. തമ്പി

പി. ജി. തമ്പിയുടെ മുഴുവൻ പേര് അഡ്വ. പി. ഗോപാലകൃഷ്ണൻതമ്പിയെന്നാണ്. മലയാളമാന്ത്രികനോവലിൽ ഹരിതവർണ്ണനകൾകൊണ്ട് സമ്പന്നമായ ആഖ്യാനം നിർവഹിച്ചത് തമ്പി പി. ജി. ആണ്. സാലഭഞ്ജിക (1993), സന്നിവേശം (2009), സർപ്പസത്രം (2009) എന്നീ മാന്ത്രികനോവലുകൾ പാരിസ്ഥിതികകല്പനകൾകൊണ്ട് ശ്രദ്ധേയമാണ്.

#### 2. 3. 1. 3. 1. സാലഭഞ്ജിക

സാലഭഞ്ജിക (1993) മന്ത്രം, തന്ത്രം, പൗരോഹിത്യം എന്നിവകളാൽ വ്യത്യസ്തമായ നോവലാണ്. വിക്രമാദിത്യരാജാവിനെ എതിരേറ്റ സാലഭഞ്ജികമാർ സ്ത്രീകളാണ്. രമണമഹർഷിയുടെ ആശ്രമത്തിൽ മന്ത്രദീക്ഷയ്ക്കും അധ്യാത്മപഠനത്തിനും ചെന്ന ഒരാൾ അദ്ദേഹത്തിന്റെ നിശ്ശബ്ദത കണ്ട് നേരെ കയറിവന്നത് അരവിന്ദമഹർഷിയുടെ അടുത്തേക്കാണ്. സാലം എന്നാൽ കോട്ട, അതിനെ തകർക്കുന്നത് 'സാലഭഞ്ജിക'. പൗരോഹിത്യം നോവലിൽ സടകുടഞ്ഞു നില്ക്കുന്നതും ഒളിവിലും തെളിവിലുമായി അധികാരം നടത്തുന്നതും അരൂപാനന്ദൻ എന്ന കഥാപാത്രത്തിലാണ്. ബീഭത്സമായും ഭയാനകമായും പ്രത്യക്ഷപ്പെട്ട അരൂപാനന്ദന്റെ മന്ത്രോച്ചാരണങ്ങളും ആഭിചാരക്രിയകളും വശീകരണമന്ത്രതന്ത്രങ്ങളും രോഗശമനശക്തികൾക്കു മറയായ പ്രകടനങ്ങളും എല്ലാംതന്നെ നമ്മുടെ കേരളക്കരയിലും വെളിയിലും ഒരുകാലത്ത് നടമാടിയിരുന്നതും ഇപ്പോഴും ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെടുന്നതുമാണ്.

പൗരോഹിത്യവും അതിന്റെ സാമൂഹ്യചൂഷണസമ്പ്രദായവും കഴിഞ്ഞ 8 നൂറ്റാണ്ടുകളിലായി കേരളത്തെ ഗ്രസിച്ചു കൊണ്ടിരുന്ന പ്രേതബാധയായിരുന്നു. സമൂഹമന-

സ്സിലും ക്ഷേത്രാചാരങ്ങളിലും അത് കുടിയിരുപ്പുണ്ട്.  പല രൂപത്തിലും അത് തലപൊക്കുന്നു. ഇഹലോകസുഖ നിവൃത്തമായ സന്യാസത്തിന്റെ രൂപത്തിൽ മന്ത്രങ്ങളുടെയും തന്ത്രങ്ങളുടെയും ആഭിചാരത്തിന്റെയും സദാചാരത്തിന്റെയും ഭക്തിയുടെയും രൂപത്തിൽ അത് പ്രത്യക്ഷപ്പെടുന്നുണ്ട്. അരൂപാനന്ദനും അയാളുടെ ഗുരുവും സത്യാനന്ദനും ഒരുപോലെ പൗരോഹിത്യംകൊണ്ട് ലാഭം ഉണ്ടാക്കാൻ വന്നവരാണ്. വർത്തമാനകാല പൗരോഹിത്യജീവിതത്തെ നോവൽ വിമർശനാത്മകമായി സമീപിക്കുന്നു

### 2. 3. 1. 3. 2. സന്നിവേശം (2009)

വായനക്കാരന്റെ യുക്തിബോധമുണർത്തുന്ന ചോദ്യങ്ങളെ നിരർത്ഥകമാക്കാൻ പോന്ന കലാപരമായ വിശ്വസനീയത സന്നിവേശം എന്ന മാന്ത്രികനോവലിൽ കാണാം. കേവലം യക്ഷികളുടെയും മന്ത്രവാദികളുടെയും കഥയായല്ല, വായനക്കാരനിലേക്ക് സംക്രമിക്കുന്ന നന്മയുടെയും തിന്മയുടെയും ആത്യന്തിക സംഘട്ടനമായി 'സന്നിവേശം'  മാറുന്നുണ്ട്. ശക്തി ദൗർബല്യങ്ങൾ പ്രകടിപ്പിക്കു സാധാരണ മനുഷ്യർ തന്നെയാണിതിലെ കഥാപാത്രങ്ങൾ. ഒരു മന്ത്രവാദനോവലിന്റെ അസാധാരണവും ആകാംക്ഷനിറഞ്ഞതുമായ അന്തരീക്ഷം തുടക്കം മുതൽ ഒടുക്കംവരെ നിലനിർത്താൻ നോവലിസ്റ്റിന് സാധിച്ചിട്ടുണ്ട്.

### 2. 3. 1. 3. 3. സർപ്പസത്രം (2009)

മാന്ത്രികനോവലിലെ ഹരിതലാവണ്യകല്പനകളുടെ സാകല്യമാണ് 'സർപ്പസത്രം' എന്ന നോവൽ. "... നാലുവഴികൾ ഒന്നുചേർന്ന കവല; അതിന്റെ മധ്യത്തിൽ വർഷങ്ങളായി പടർന്നുപന്തലിച്ചുനിൽക്കുന്ന ആൽമരം. ജരാനരകൾ ബാധിച്ച് വയോവൃദ്ധനെപോലെ നിലനിൽക്കുന്നു. നിസ്സഹായനായി തീർന്ന വേരുകളെ വേർപ്പെട്ടുപോകാതെ ആലിംഗനം ചെയ്തു നിർത്തിയിട്ടുള്ള ആൽത്തറ...'സർപ്പസത്രം' തുടങ്ങുന്നതിങ്ങനെയാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ലയലീന സംസർഗ്ഗത്തിന്റെ അനാദി-

യായ സാംസ്കാരികാനുഭൂതി 'സർപ്പസത്രം' നൽകുന്നുണ്ട്. വൃക്ഷങ്ങൾ മിത്തുക്കൾ ഉല്പാദിപ്പിക്കുന്ന മഹാവൃക്ഷങ്ങളായി വായനക്കാരനിൽ നിറയുന്നു. സർപ്പയക്ഷി എന്ന കേരളീയ സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ രചിച്ച നോവലാണിത്. സിരാപടലത്തിലൂടെ ഭീതിയുടെ കണികകൾ പാഞ്ഞുകയറുന്ന രചനാവൈഭവം കൊണ്ട് ശ്രദ്ധേയമാണീ നോവൽ. ആചാരാനുഷ്ഠാനങ്ങളിലൂടെയും മന്ത്രതന്ത്രാദികളിലൂടെയും സംഭ്രമജനകമായ അന്തരീക്ഷത്തിലേക്ക് വായനയെ നയിക്കുവാൻ മുൻ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ കൂടിയായ തമ്പിക്ക് കഴിഞ്ഞിട്ടുണ്ട്.

### 2. 3. 1. 4. ജോൺ ആലുങ്കൽ

മാന്ത്രികനോവലിൽ ക്രൈസ്തവമതബോധത്തെയും വിശ്വാസത്തെയും കൂട്ടിയിണക്കിയത് ജോൺ ആലുങ്കലാണ്. പാശ്ചാത്യ പ്രേതനോവലുകളുടെ പ്രകടമായ സ്വാധീനം അദ്ദേഹത്തിന്റെ നോവലുകളിൽ കാണാം. ജോൺ ആലുങ്കൽ എഴുതിയ മാന്ത്രികമഷി എന്ന ചെറുനോവലാണ് മലയാളത്തിലെ ആദ്യ മാന്ത്രികനോവൽ എന്ന് സി. ഐ. സി. സി. ജയചന്ദ്രൻ അവകാശപ്പെടുന്നുണ്ട്. കേരളീയമായ താംബൂലമാന്ത്രികമാണ് നോവലിന്റെ പ്രമേയം. ചെകുത്താൻ തുരുത്ത് (2011), മരിച്ചിട്ടും മരിക്കാത്തവൾ (2008) എന്നിവയാണ് മറ്റ് പ്രധാന മാന്ത്രിക ഭീകരനോവലുകൾ. ഡിറ്റക്ടീവ് നോവൽ സ്വഭാവവും ക്രൈസ്തവ മതത്തിലധിഷ്ഠിതമായ പ്രമേയവും സ്വീകരിക്കുകവഴി മറ്റു മാന്ത്രികനോവലിൽനിന്നും ജോൺ ആലുങ്കലിന്റെ ആഖ്യായികൾ വേറിട്ടുനിൽക്കുന്നു.

'മരിച്ചിട്ടും മരിക്കാത്തവൾ' എന്ന നോവൽ പാശ്ചാത്യ ക്രൈസ്തവ സംസ്കാരത്തിന്റെ കേരളീയമായ ആഖ്യാനമാണ് നിർവഹിക്കുന്നത്. ബ്രാംസ്റ്റോക്കറുടെ ഡ്രാക്കുളയുടെ സ്വാധീനം അദ്ദേഹത്തിന്റെ മാന്ത്രികനോവലുകളിൽ കാണാം.

### 2. 3. 2. മധ്യഘട്ടം

മലയാളമാന്ത്രികനോവലിന്റെ സുവർണ്ണഘട്ടം, ജനപ്രിയഘട്ടം എന്നൊക്കെ വിശേഷിപ്പിക്കാൻ കഴിയുന്ന കാലഘട്ടമാണ് 1985 മുതൽ 1995 വരെയുള്ള പത്ത് വർഷക്കാലം. മലയാള നോവൽ സാഹിത്യത്തിന്റെ വളർച്ചയുടെ ഘട്ടമാണിത്. അപസർപ്പകനോവലുകൾ കുറ്റാന്വേഷണനോവലുകൾ എന്നിവ പാശ്ചാത്യ അനുകരണത്തിൽ നിന്ന് മുക്തമായി ക്രമേണ, കേരളീയമായ പരിസ്ഥിതിയും സമൂഹവും കൂടുതലായി നോവലിലേക്ക് കടന്നുവരുന്നു. ദാർശനിക ഭാരമില്ലാതെ സാധാരണ മനുഷ്യരുടെ സാധാരണ സംഭവത്തെ അസാധാരണമായി അവതരിപ്പിക്കാൻ ഈ ഘട്ടത്തിലെ എഴുത്തുകാർക്ക് കഴിഞ്ഞു. സമൂഹത്തിലെ അധികാരസ്ഥാനങ്ങൾ, സ്ത്രീ-പുരുഷനോട്ടം, ലിംഗപദവി, നിയമവ്യവസ്ഥ വിശ്വാസപ്രമാണങ്ങൾ തുടങ്ങിയ സാമൂഹ്യജീവിതത്തിന്റെ വിഭിന്ന ഘടകങ്ങൾ നോവൽ പ്രമേയത്തെ സ്വാധീനിച്ച ഘട്ടമായിരുന്നു അത്. ഭാഷ കുറേക്കൂടി ലളിതമായി. ഒറ്റവായനയിലൂടെ വായനക്കാരൻ നോവലിസ്റ്റിനെ പിന്തുടരാൻ തുടങ്ങി. ഈ ഘട്ടത്തിലെ പ്രസിദ്ധരായ രണ്ട് എഴുത്തുകാരാണ് ഏറ്റുമാനൂർ ശിവകുമാറും, കോട്ടയം പുഷ്പനാഥും. ഈ രണ്ട് എഴുത്തുകാരിലൂടെയാണ് മലയാള മന്ത്രവാദനോവൽ കൂടുതൽ ജനപ്രിയമായത്. ശുദ്ധമായ കാല്പനിക ഭാവനകൾക്ക് ആഖ്യാനത്തിന്റെ യുക്ത്യധിഷ്ഠിത ഭാഷ്യം ചമയ്ക്കാനാണിവർ ശ്രമിച്ചത്. ആദ്യകാല മാന്ത്രികനോവലിസ്റ്റായ മോഹനചന്ദ്രന്റെ കലികയുടെ സ്വാധീനത്തിലാണിവർ മാന്ത്രികനോവൽ രചിച്ചിരുന്നത്.

#### 2. 3. 2. 1. ഏറ്റുമാനൂർ ശിവകുമാർ

മലയാളത്തിൽ ഏറ്റവും കൂടുതൽ മന്ത്രവാദനോവൽ എഴുതിയത് ഏറ്റുമാനൂർ ശിവകുമാറാണ്. മാന്ത്രികനോവലിനെ ജനപ്രിയമാക്കി, എല്ലാവരെയും വായനയുടെ മാർഗ്ഗത്തിലേക്ക് തിരിച്ചുവിടാൻ അദ്ദേഹത്തിനു കഴിഞ്ഞു. മോഹനചന്ദ്രന്റെയും പി.വി.തമ്പിയുടെയും സ്വാധീനം ഏറ്റുമാനൂർ ശിവകുമാറിൽ കാണാം.

സ്വർണ്ണരുദ്രാക്ഷം(2013), അഷ്ടമംഗല്യം, ആയില്യം കാവ്(2012), സൂര്യനയനങ്ങൾ(2010), ആകാശഗംഗ(2010), ഗരുഡപഞ്ചമി (2014), കലിയാട്ടം, സന്ധ്യാവന്ദനം (2011), ചന്ദനമണ്ഡപം, നാലാംയാമം, ഗന്ധർവ്വൻകാട് (2006), അസുരജന്മം (2013), തമ്പുരാൻകുന്ന്, രാജാവുറങ്ങാത്ത രാവുകൾ (2011), രൗദ്രതാളം, തിരുവാതിര ആറാട്ടുകടവ് (2013), ആരണ്യഹൃദയം (2009), വലംപിരിശംഖ്, ശ്യാമയാമങ്ങൾ, ദേവയാമങ്ങൾ, കാലം കലിയുഗം (2013), കറുത്ത പൗർണ്ണമി (2011), ശുഭമുഹൂർത്തം എന്നിവ ഏറ്റുമാനൂർ ശിവകുമാറിന്റെ പ്രധാനപ്പെട്ട നോവലുകളാണ്.

### 2. 3. 2. 1. 1. സ്വർണ്ണരുദ്രാക്ഷം

ആഭിചാരം, ദുർമ്മരണം തുടർന്നുള്ള അന്വേഷണം എന്നിവയാണ് സ്വർണ്ണരുദ്രാക്ഷ (2007)ത്തിന്റെ പ്രമേയം. താളിയോലയിൽനിന്നും മന്ത്രങ്ങൾ ഹൃദിസ്ഥമാക്കി എല്ലാം നേടുന്ന ജയന്തൻ എന്ന യുവാവിന്റെ സംഭവബഹുലമായ ജീവിതത്തെ ഡിറ്റക്ടീവ് നോവലിനെ വെല്ലുന്ന ആഖ്യാനചടുലതയാൽ അവതരിപ്പിക്കുന്നു. പൂർവ്വപാരമ്പര്യത്തിലെ കണ്ണിയായ കാരണവന്മാർ ചെയ്ത പാപത്തിന്റെ തിക്തഫലം അനുഭവിക്കാൻ വിധിക്കപ്പെട്ട പുതിയ തലമുറ. ആനന്ദവല്ലി എന്ന നർത്തകിയോടുള്ള ഭ്രമം പൂർത്തീകരിക്കാൻ വേണ്ടി ചെയ്തുപോയ പാപം ചുളൂമാനൂർ കോവിലകത്തെ ജഗനാഥനെ വേട്ടയാടുന്നത്. ഒരു കുഞ്ഞിന് ജന്മം നൽകിയ ആനന്ദവല്ലിക്ക് ദുർമ്മരണം സംഭവിക്കുന്നു. ആനന്ദവല്ലിയുടെ മകൾ ദുർഗ്ഗ തറവാടിന്റെ സർവ്വനാശത്തിനായി പ്രതികാരം ചെയ്യാൻ തുനിഞ്ഞിറങ്ങുന്നു. പൂർവ്വകാലത്ത് ചെയ്ത പാപത്തിൽ മനംനീറി വിലപിക്കുന്ന മനുഷ്യരുടെ ചിത്രമാണ് നോവലിൽ കാണുന്നത്. ഭീതിയുടെ അന്തരീക്ഷകല്പന ഒരുക്കുന്നതിൽ നോവലിസ്റ്റ് ശ്രദ്ധാലുവാണ്. "... കത്തിനിൽക്കുന്ന രണ്ടുകണ്ണുകൾ! അണപ്പിന്റെ ശബ്ദം. അസാമാന്യവലിപ്പമുള്ള ഒരു ജന്തുവാണതെന്ന് ആ അണപ്പിൽ നിന്നുതന്നെ വ്യക്തമായതാണ്. ഇരുളിൽ പഴകിയ പഴഞ്ചൻ കണ്ണുകൾക്ക് നായയുടെ നിറം ഇരുട്ടിന്റെ നിറംതന്നെയാണ്.... കാലിന്റെ പെരുവിരലിൽനിന്ന് വിദ്യുത്പ്രവാഹം സി-

രകളിലാകെ. നാവുണങ്ങുന്നു. കണ്ണുകളിൽനിന്ന് ആവി പറക്കുന്നു. ഹെൻ്റെ ചാമുണ്ഡേശ്വരീ! ..." (2007: 113, 114).

ഭയത്തിന്റെ അരിച്ചരിച്ചുള്ള വരവ് വായനക്കാരനെ അനുഭവിപ്പിക്കുന്നു. അഗ്നിമുഖൻ എന്ന മൂർത്തിയുടെ ക്രൗര്യഭാവം ശത്രുവിനെപോലും സ്തുതിച്ചു കൊണ്ട് പ്രതിരോധം ചെയ്യുകയെന്ന മാന്ത്രികതന്ത്രത്തിന്റെ പ്രയോഗം, കൂടുവിട്ട് കൂടുമാറൽ ക്രിയയുടെ അത്ഭുതലോകം എന്നിവ നോവലിന്റെ ഇതിവൃത്ത ഘടനയോട് ചേർത്ത് വെച്ചുകൊണ്ട് ആകാംക്ഷ പൂരിപ്പിക്കുവാൻ ആഖ്യായികാകാരന് സാധിച്ചിട്ടുണ്ട്. ചതിയും വഞ്ചനയും ഏകമുഖമായി അനുഭവിക്കേണ്ടിവരുന്നത് സമൂഹത്തിൽ സ്ത്രീ തന്നെയാണെന്ന് ദുർഗ്ഗയിലൂടെ നോവലിസ്റ്റ് ഓർമ്മപ്പെടുത്തുന്നു.

### 2. 3. 2. 1. 2. ആകാശഗംഗ

പൂർവ്വകാലത്തുചെയ്ത പാപത്തിൽ മനംനീറി കഴിയുന്ന മനുഷ്യരെ ആകാശഗംഗ (2009) യിൽ കാണാം. രാത്രിയുടെ നിശ്ശബ്ദതയെ ഭേദിച്ചുകൊണ്ട് പടഹധ്വനിപോലെ കേൾക്കുന്ന കുളമ്പടിശബ്ദം കോവിലകത്തിന്റെ സർവ്വനാശത്തിനെത്തിയ മരണദൂതന്റെ കാലൊച്ചയായി അനുഭവപ്പെട്ടു. വലിയൊരു ആൽമരംപോലെ പടർന്നു പന്തലിച്ച ശ്രീമംഗലം കോവിലകത്തെ ചുറ്റിപ്പറ്റിയാണ് നോവൽ വികസിക്കുന്നത്. ഗംഗതമ്പുരാട്ടി, കറുത്തകുതിര, പെരുമാൾ തുടങ്ങിയ കഥാപാത്രങ്ങൾ അനുവാചകന്റെ ശ്രദ്ധയാകർഷിക്കുന്നതാണ്. " ബ്രഹ്മഗിരി താഴ്‌വരയിലൂടെ ഒഴുകുന്ന ചിന്നൻപുഴയുടെ ഉത്ഭവസ്ഥാനത്തുള്ള തമ്പുരാട്ടിപാറയിലെ ഗുഹയിലാണ് ഭൈരവൻ എന്ന മഹാമാന്ത്രികൻ താമസിക്കുന്നത്. ആറടി ഉയരവും അതിനൊത്ത വണ്ണവും കരിവീട്ടി കടഞ്ഞെടുത്തതുപോലുള്ള ദേഹത്തു നിറയെ കറുകറുത്ത രോമങ്ങൾ. കുട്ടപുരികങ്ങൾക്കു താഴെ സദാ ചുവന്ന കണ്ണുകൾ......." (2009: 9). കഥാപാത്രത്തിന്റെ സൂക്ഷ്മവർണ്ണനാപാടവം കൊണ്ട് ശ്രദ്ധേയമാണ് ആകാശഗംഗ. രതിയും മാന്ത്രികതയും സമന്വയിക്കുന്ന ആഖ്യാനരീതിയാണിവിടെ ഏറ്റുമാനൂർ പരീക്ഷിക്കുന്നത്. പ്രാദേശിക ചരിത്രത്തിന്റെ കാല്പനികമായ വർണ്ണ-

നയാണീ നോവൽ. "മലബാർദേശത്ത് ഭരണമുണ്ടായിരുന്ന എട്ടു രാജകുടുംബങ്ങളിലൊന്നാണ് ശ്രീമംഗലം..."(2009:8). നാട്ടു രാജാക്കന്മാരുടെ പൂർവ്വ ചരിത്രത്തിന്റെ പിൻബലത്തിൽ അധികാരശക്തി പ്രയോഗിക്കുന്ന പ്രതാപികളായ മനുഷ്യർ ചെയ്യുന്ന കൊടും ക്രൂരതകൾക്ക് ഇരയാകേണ്ടിവന്ന ചിലർ. അവരുടെ അതിജീവനവും പകയും നിറയുന്ന കാഴ്ചകളാണ് ആകാശഗംഗയെ മനോഹരമാക്കുന്നത്.

### 2. 3. 2. 1. 3. ശുഭമുഹൂർത്തം

ശുഭമുഹൂർത്തം(1998) എന്ന മാന്ത്രികനോവൽ കുറ്റാന്വേഷണ മാന്ത്രികനോവൽ എന്നു വിശേഷിപ്പിക്കാവുതാണ്. തെക്കംകൂർ ആയില്യംതിരുനാൾ രാമവർമ്മരാജയുടെ ഷഷ്ട്യബ്ദപൂർത്തി ആഘോഷിക്കു ന്ന ദിവസം രാമവർമ്മരാജയുടെ സഹോദരി രേവതിഭായിത്തമ്പുരാട്ടിയും ഭർത്താവ് ചന്ദ്രശേഖരവർമ്മയും കൊല്ലപ്പെടുന്നു. അതിനുപിന്നാലെ കോവിലകത്തെ അംഗങ്ങൾ ഓരോരുത്തരായി കൊല്ലപ്പെടുന്നു. രക്ഷയ്ക്കായി പ്രസിദ്ധ ജ്യോതിഷപണ്ഡിതൻ രാഘവവാര്യർ എത്തുന്നു. ഉപാസനാമൂർത്തികളെ വിളിപ്പുറത്തെത്തിക്കുന്ന ഉഗ്രമാന്ത്രികൻ മഴമംഗലത്ത് മാനവേദൻ കർത്തായുമായി ഏറ്റുമുട്ടുന്നു. സന്മന്ത്രവാദവും ദുർമ്മന്ത്രവാദവും തമ്മിലുള്ള സംഘ ട്ടനമാണ് നോവലിന്റെ പ്രധാന പ്രമേയം. കൊലപാതകങ്ങളുടെ ചുരുൾ നിവർത്താനായി അന്വേഷണ ഉദ്യോഗസ്ഥൻ കൂടി എത്തുന്നതോടെ കുറ്റാന്വേഷണനോവലിന്റെ ഹരംകൊള്ളിക്കുന്ന ആകാംക്ഷ വായനക്കാരനിൽ നിറയുന്നു. തുടർന്ന് രഹസ്യങ്ങളുടെ ചുരുൾ നിവരുകയാണ്. ശാസ്ത്രയുക്തിയും ജീവിതയുക്തിയും രണ്ടാണെന്ന്  അഭിപ്രായപ്പെടുന്നുണ്ടിവിടെ. ദുരന്ത സൂചനകൾക്ക് പ്രകൃതിബിംബകല്പനകൾ ഉപയോഗിച്ചുകൊണ്ട് അനുഭവാവിഷ്ക്കാരം നൽകിയിട്ടുണ്ട് നോവലിൽ.

സന്ധ്യാവന്ദനം (2004) സമാനമായ പ്രമേയത്തെ തന്നെയാണവതരിപ്പിക്കുന്നത്. മാന്ത്രികനോവലിലെ സ്ഥലകാല വർണ്ണനകൾക്ക്, കഥാപാത്രനിർമ്മിതിയിൽ ഏകതാന സ്വഭാവം നിരീക്ഷിക്കാവുന്നതാണ്. സന്ധ്യാവന്ദനം നോവലിൽ കിങ്ങി-

ണിക്കാട് തറവാട്ടിലെ കാരണവരായ പത്മനാഭപ്പണിക്കരുടെ ഷഷ്ടിപൂർത്തി ആഘോ-ഷവേളയിൽ വന്നുചേരുന്ന ദുരന്തങ്ങൾക്ക് മൂകസാക്ഷ്യം വഹിക്കുന്ന തറവാട് ചിത്രീക-രിച്ചിരിക്കുന്നു. അടിച്ചുതളിക്കാരിയുടെ മകളായ ഭദ്രയെന്ന സ്ത്രീയുടെ ദുർമ്മരണവും അവൾ പ്രേതാത്മാവായി നടത്തുന്ന പ്രതികാരവുമാണ് ഭീതിതാന്തരീക്ഷ കല്പനയിലൂടെ നോവലിസ്റ്റ് അനുഭവിപ്പിക്കുന്നത്. ഭദ്രയുടെ വേഷപ്പകർച്ച ഓരോ നിമിഷത്തിലും ഉൾ-ക്കിടിലമുണ്ടാക്കുന്നു. ചിത്രപ്പണികൾകൊണ്ട് അലങ്കരിച്ച കത്തിയിൽ പ്രേതാത്മാവി-നെ ആവാഹിച്ച് ശവശരീരം മറവ്ചെയ്തിടത്ത് ആഞ്ഞുകുത്തുന്നതിലൂടെ ബാധാശല്യം ഒഴിവാക്കുകയും അബദ്ധത്തിൽ ആ കത്തി വലിച്ചൂരുന്നതിലൂടെ പ്രേതാത്മാവ് പ്രതി-കാരനിർവ്വഹണം നടത്താൻ പൂർവ്വാധികം ശക്തിയോടെ എത്തുന്നതുമാണ് നോവലി-ന്റെ പ്രമേയം. ജിജ്ഞാസയും ഭയവും നിറയുന്ന ആഖ്യാനശൈലിയിലൂടെ നോവൽവാ-യന ഭയത്തെ സുഖമുള്ള അനുഭൂതിയാക്കി മാറ്റുന്നു.

### 2. 3. 2. 1. 4. വലംപിരിശംഖ്

പ്രകൃതിയിലെ അത്യപൂർവ്വമായ വലംപിരിശംഖ് കഥാഘടനയിലെ പ്രധാന വസ്തുവാകുന്നതാണ് വലംപിരിശംഖ് (2016) എന്ന മാന്ത്രികനോവൽ. ഒരു കഥയുടെ ആഖ്യാന അനുഭവം ഈ നോവൽ പ്രധാനം ചെയ്യുന്നു. ആദിത്യപുരം കോവിലകമാണ് വർണ്ണനാവിഷയം. അവിടുത്തെ അളവില്ലാത്ത സ്വത്തുക്കൾ കൊട്ടാരത്തിലെ നിലവറ-യിൽ ഉണ്ട്. യഥാർത്ഥ വലംപിരിശംഖുമായി വരുന്നവർക്കു മുമ്പിൽ മാത്രമേ നിലവറ തുറക്കപ്പെടുകയുള്ളൂ. യഥാർത്ഥ അവകാശികൾ ചമഞ്ഞ് പലരും എത്തിയെങ്കിലും അവരെല്ലാം കൊട്ടാരമണ്ണിൽ ദുർമ്മരണം വരിക്കുകയാണ് ചെയ്തത്. വലംപിരിശംഖി-ന്റെ അലൗകികമായ നാദവീചികൾ കോവിലകമാകെ അലയടിക്കുമ്പോൾ യഥാർത്ഥ അവകാശിയുടെ കൈയ്യിൽ വലംപിരിശംഖ് എത്തിയിരിക്കും. സമയമാകുമ്പോൾ അത് തനിയെ അർഹതപ്പെട്ടവരുടെ കൈകളിൽ എത്തിച്ചേരും എന്നതാണ് വിശ്വാസം. ദുർ-

മന്ത്രവാദത്തിലെ ഷഡ്കർമ്മങ്ങളിൽ പ്രധാനമായ മാരണത്തിന്റെ ഭീകരത നോവ-ലിൽ കാണാം.

### 2. 3. 2. 1. 5. ഗരുഡപഞ്ചമി

ക്രൈസ്തവ വിഭാഗത്തിന്റെ ഇടയിലുള്ള അന്തവിശ്വാസത്തിന്റെ വേരോട്ടം എത്ര-യുണ്ടെന്ന് ബോധ്യപ്പെടുത്തുന്ന നോവലാണ് ഗരുഡപഞ്ചമി (2014). ബ്രഹ്മരക്ഷസിന്റെ പിടിയിൽ നിന്ന് രക്ഷനേടാൻ ശ്രമിക്കുന്ന കുഞ്ഞോനച്ചൻ-മറിയാമ്മ ദമ്പതികളുടെ കഥ പറയുന്നതിനോടൊപ്പം ദുർമ്മന്ത്രവാദവും സന്മന്ത്രവാദവും തമ്മിലുള്ള സംഘട്ടനം നോവലിന് കരുത്തുപകരുംവിധം അവതരിപ്പിച്ചിരിക്കുന്നു. "ആദ്യം ത്രികോണം, പി-ന്നെ ഷഡ്കോണം അതിനുപുറമേ അഷ്ടദളം, അതിനും പുറമെ ഷോഡദളം, എല്ലാറ്റി-നും പുറത്ത് ഭൂപുരം. ഈ പൂജനയന്ത്രത്തിൽ ധ്യാനപ്രകാരം നിർമ്മിച്ച ബഗലാമുഖീ വി-ഗ്രഹം വെച്ചിരുന്നു."

"ഓം ഹ്രീം ബഗലാമുഖീ സർവ്വദുഷ്ടനാം വാചം
മുഖം പദം സ്തംഭയ ജിഹ്വാം കീലയബുദ്ധീം
വിനാശയ ഹ്രീം ഓം സ്വാഹാ." (2014:6)

ബ്രഹ്മരക്ഷസിനെ ഉച്ചാടനം ചെയ്യാനുള്ള മന്ത്രത്തിൽ നോവൽ ആരംഭിക്കുന്നു. ശത്രു സ്തംഭന മന്ത്രമാണിവിടെ വിശദമാക്കുന്നത്. പൈശാചികശക്തിയുടെ മേൽ വിജ-യം നേടാൻ ഈശ്വരചൈതന്യമുപയോഗിക്കുക എന്ന വിരുദ്ധ ഉപാസനകൾ നോവ-ലിൽ പലയിടത്തും കാണാം. വിഷ്ണുസഹസ്രമന്ത്രം, ലളിതാസഹസ്രമന്ത്രം എന്നിവയുടെ ചുവടുപിടിച്ചാണ് മാന്ത്രികതയുടെ മാസ്മരികാന്തരീക്ഷം നോവലിൽ സൃഷ്ടിക്കുന്നത്. ചില മന്ത്രക്രിയകൾ വായനക്കാരനെ ആകാംക്ഷയിലേക്ക് നയിക്കുന്നു. "... തിരുമേനി തിടുക്കത്തിൽ നിലവിളക്കുകൊളുത്തി. ആവണപ്പലകയിൽ ചമ്രംപടിഞ്ഞിരുന്നു. ഏതോ മന്ത്രങ്ങൾ മനസ്സിൽ നിന്നതിദ്രുതം ഉറവെടുക്കാൻ തുടങ്ങി. മന്ത്രം ചൊല്ലലിന-വസാനം പൂജാദ്രവ്യങ്ങളിലേതോ ഒന്നു പൊതിഞ്ഞുകെട്ടികൊണ്ടുവന്ന ഒരു ചാക്കു-

നൂൽക്കഷ്ണം കയ്യിൽ നിവർത്തിപ്പിടിച്ചു. ചുണ്ടോട്ചേർത്ത് പിടിച്ച് ആ നൂലിലേക്ക് അദ്ദേഹം മൂന്നുവട്ടം ഊതി. പിന്നെ ഇരുകൈകളും കൂട്ടി, നൂല് നിലവിളക്കിനു മുന്നിലേ-ക്ക്, നിലത്തേക്ക് മെല്ലെ വെച്ചു.

വലതു വശത്തിരിക്കുന്ന കിണ്ടിയിൽനിന്ന് വിരൽമുക്കി മൂന്ന് വട്ടംനീര് വീഴ്ത്തി. പൊടുന്നനെ നൂലിന് ജീവൻവെക്കുന്നു. അനുനിമിഷം തടിച്ചു വളരുന്നു. അതുപിന്നെ ഒരു സർപ്പത്തെപോലെ പൂജാമുറിയിൽനിന്ന് കുതിച്ച് പുറത്തേക്കിഴയുന്നു. വാതിൽ കടന്ന് അത് മുറ്റത്തേയ്ക്കും പിന്നെ പുതിയ പുരയിടത്തിലേക്കും ഇഴഞ്ഞുനീങ്ങാൻ തുട-ങ്ങി. ഒന്നുമറിയാത്ത ഭാവത്തിൽ തിരുമേനി പുറത്തേയ്ക്ക് വീണ്ടുമിറങ്ങുനിന്നു. തെല്ലുനേ-രമേ കഴിഞ്ഞുള്ളൂ. പുരയിടത്തിൽനിന്നും ലാലിയുടെ ഒരാർത്തനാദം ഉയർന്നു. കുഞ്ഞോ-നാച്ചനും കറിയാച്ചനും നടുക്കത്തോടെ തിരിഞ്ഞുനോക്കുമ്പോൾ ലാലി കാലിൽച്ചുറ്റിയ പാമ്പിനെ കുടഞ്ഞെറിയാൻ തത്രപ്പെടുകയാണ്" (2014: 93).

ലളിതമായ ഭാഷയിൽ വായനക്കാരന്റെ ഉദ്വേഗത്തെ മാനം മുട്ടെ വളർത്തുന്ന-തിൽ ആഖ്യായികാകാരനുള്ള കഴിവ് പ്രകടമാണ്. മഷിനോട്ടവും വശീകരണമന്ത്രവും പലയിടത്തായി സ്വീകരിക്കുന്നുണ്ട്. അഗ്നിമന്ത്രം ചൊല്ലി തിളച്ച വെള്ളത്തിന്റെ മഴ-പെയ്യിക്കുന്ന ജാലവിദ്യ, വായുമന്ത്രത്തിന്റെ പ്രയോഗം. രസകരമായി നോവലിൽ അവതരിപ്പിക്കുന്നു. ധർമ്മത്തിനും സത്യത്തിനും വേണ്ടി നിലകൊണ്ട ഒരുമാന്ത്രികന്റെ (മാധവൻ) വിജയവും അധർമ്മത്തിനു കൂട്ടുനിൽക്കുന്ന രുദ്രൻ എന്ന മഹാമാന്ത്രികന്റെ പതനവും ആത്യന്തികമായി നന്മയ്ക്കുമാത്രമേ വിജയം വരിക്കാനാകൂ എന്ന് ഓർമ്മപ്പെടു-ത്തുന്നു. പലപ്പോഴും ദുരന്തങ്ങളിലൂടെ മനസ്സിനെ സഞ്ചരിപ്പിച്ച് സമചിത്തത കൈവരു-ത്തി ശുഭപര്യന്തങ്ങളായി മാന്ത്രികനോവൽ അവസാനിക്കുന്നതു കാണാം.

### 2. 3. 2. 1. 6. അഷ്ടമംഗല്യം

അഷ്ടമംഗല്യം എന്ന നോവൽ ഭീകരതയും മാന്ത്രികതയും ഒത്തുചേർന്ന നോവ-ലാണ്. 'രാജാവുറങ്ങാത്ത രാവുകൾ ' (2011) മറ്റു മാന്ത്രികനോവലിൽനിന്നും വ്യത്യസ്തമാ-

കുന്നത് പ്രതികാരനിർവ്വഹണം നടത്തുന്നത് പുരുഷനാണെന്നുള്ളതിലാണ്. മുത്തശ്ശി കഥയെ അനുസ്മരിപ്പിക്കും വിധമുള്ള നോവലിന്റെ ശീർഷകം ത ന്നെ ഭാഷയുടെ ലാളിത്യത്തെ സൂചിപ്പിക്കുന്നു.

ഭയത്തിന്റെ ആവരണം നോവലിലുടനീളം ദർശിക്കാം. തികച്ചും സാങ്കല്പികമായ ഒരു ഇതിവൃത്തത്തെ യഥാതഥയമായ ആഖ്യാനവിശേഷത്താൽ അനുഭവിപ്പിക്കുവാനാണ് നോവലിസ്റ്റ് പരിശ്രമിക്കുന്നത്. ഏതോ മാന്ത്രികകഥയുടെ മാസ്മരിക ലോകത്ത് വായനക്കാരനെ സഞ്ചരിപ്പിക്കാൻ പര്യാപ്തമാണീ നോവൽ. ദിവസവും ഓരോ മനുഷ്യന്റെ രക്തം പാനം ചെയ്യാൻ ആഗ്രഹിച്ച് കാത്തുകിടക്കുന്ന ഭീകരരൂപിയായ ആദായിയുടെ ഭീകരനിമിഷങ്ങളാണ് നോവലിനെ ഭ്രമാത്മകതയിലേക്ക് നയിക്കുന്നത്.

## 2. 3. 2. 1. 7. സൂര്യനയനങ്ങൾ

ദുർമന്ത്രവാദംകൊണ്ട് അഗ്രഗണ്യനായിതീർന്ന പാലയ്ക്കൽ മനയ്ക്കലെ ഭവത്രാതൻ നമ്പൂതിരിയുടെ മന്ത്രതന്ത്രങ്ങളിലൂടെയാണ് സൂര്യനയനങ്ങൾ (2010) എന്ന മാന്ത്രികനോവൽ ചുരുൾനിവരുന്നത്. കൊടുങ്കാറ്റും ഇടിമിന്നലും ആജ്ഞാനുവർത്തിയായി അദ്ദേഹം മാറ്റി. ശാന്തി, വശ്യം, സ്തംഭനം, വിദ്വേഷണം, ഉച്ചാടനം മാരണം തുടങ്ങി മന്ത്രകർമ്മത്തിലെ ഷഡ്കർമ്മങ്ങളും ഒരുമിച്ച് ചെയ്യാൻ പ്രാപ്തിയുള്ളവനായി നോവലിൽ ഭവത്രാതനെ അവതരിപ്പിക്കുന്നു.

സ്ഥലകാല വർണ്ണനകൾകൊണ്ട് വായന. അനുഭൂതിയാക്കി മാറ്റുന്ന മാജിക്കൽ രീതിയാണ് ശിവകുമാർ പലപ്പോഴും പ്രയോഗിക്കാറ്. "കറുത്ത കടൽപോലെ ഇരുട്ടലയടിക്കുന്ന പാലയ്ക്കൽ മനയുടെ ഉമ്മറത്ത് പാനീസ് വിളക്ക് കാറ്റിലിളകി.... ആ കറുകറുത്ത ഇരുട്ടിന്റെ ഹൃദയത്തിലൂടെ ഭീതിജന്യമായ ഒരു ചിറകടി അടുത്തടുത്ത് വന്നു... ഇല്ലപ്പുരയിടത്തിലെ മാമരങ്ങൾ മുടിയഴിച്ചാടാൻ തുടങ്ങി... (2010: 12)

തികച്ചും നാടകീയമായ ആഖ്യാനമാണ് ഏറ്റുമാനൂരിന്റെ മാന്ത്രികനോവലുകളെ വ്യത്യസ്തമാക്കുന്നത്. ആയില്യം കാവിൽ (2009) "..... ഇരുട്ട് ഒരു ഭീകരനായ ദുർമൂർത്തിയെപ്പോലെ ലോകമപ്പാടെ മെയ്യോടെ ചേർത്തുപുണരാൻ ആവേശത്തോടെ ഒരുങ്ങിനിന്നു." (2009:3) ..... ഇരുട്ടിൽ വന്നുചേരുന്ന ഭീകരതയുടെ ചിത്രം നോവലിന്റെ തുടക്കംമുതൽ തന്നെ കിട്ടുന്നുണ്ട്. നായർ തറവാട്ടുകളിലെ ചില വിലക്ഷണ ആചാരമര്യാദകൾ നോവലിന്റെ ഘടനയിലേക്ക് കൊണ്ടുവരാൻ ഏറ്റുമാനൂർ ശിവകുമാർ പരിശ്രമിക്കുന്നു. സ്വന്തം ഭർത്താവിനൊപ്പം ഉറങ്ങിക്കിടക്കുമ്പോഴും നമ്പൂതിരി വിളിച്ചാൽ അയാളുടെ ഇംഗിതത്തിനു നിൽക്കണം എന്ന നാട്ടാചാരം, അത് മറികടക്കാൻ ശ്രമിക്കുന്ന ശേഖരപിള്ളയുടെയും മകൾ നാണിക്കുട്ടിയുടെയും ജീവിതദുരന്തത്തിന്റെ യഥാതഥചിത്രം നോവലിൽനിന്ന് കിട്ടുന്നു. മഹാമാന്ത്രികനായ കരിക്കാട്ട് അഗ്നിശർമ്മൻ നടത്തു ക്രൂരവും പൈശാചികവുമായ ദുർമ്മന്ത്രങ്ങൾകൊണ്ട് ശ്രദ്ധേയമാണ് നോവൽ. ഒടി, മാരണം, സ്തംഭനം, വശ്യം തുടങ്ങിയ ദുർമന്ത്രവാദത്തിലെ ഷഡ്കർമ്മങ്ങളുടെ ഭീകരത അനുഭവഭേദ്യമാകുന്നുണ്ടിവിടെ നാടകീയതയും കാവ്യാത്മകയും മുറ്റിനിൽക്കുന്ന ഭാഷാശൈലി നോവലിനെ വ്യതിരിക്തമാക്കുന്നു. ഹൈന്ദവസമുദായങ്ങൾക്കിടയിൽ മാത്രമല്ല അന്ധവിശ്വാസങ്ങൾ ഉള്ളതെന്നും വ്യത്യസ്ത ജാതി മത സമൂഹത്തിൽ പിടിതരാത്ത പല വിശ്വാസങ്ങൾ ഇന്നും നിലനിൽക്കുന്നുണ്ടെന്ന് തിരിച്ചറിയാം. ഏറ്റുമാനൂർ ശിവകുമാറിന്റെ മാന്ത്രികനോവൽ മന്ത്രതന്ത്രങ്ങളുടെ മാസ്മരികവലയം സൃഷ്ടിക്കുന്നവയാണ്. ശക്തരായ മാന്ത്രികർ തമ്മിലുള്ള തുറന്നപോരാട്ടം പല മാന്ത്രികനോവലിലും കാണാൻ കഴിയും. സ്തോത്രങ്ങളും, മന്ത്രങ്ങളും സന്ദർഭോചിതമായി കോർത്തിണക്കാനുള്ള അസാമാന്യമായ വൈഭവം അദ്ദേഹത്തിന്ററെ നോവലിനെ വ്യത്യസ്തമാക്കുന്നു. ലളിതമായ ഭാഷയിൽ തികച്ചും കാല്പനികമായ പ്രമേയത്തെ യഥാതഥമാം വണ്ണം ആവിഷ്കരിക്കുക, എന്ന ഉദ്യമത്തിൽ വിജയിച്ച എഴുത്തുകാരനാണ് ശിവകുമാർ.

### 2. 3. 2. 2. കോട്ടയം പുഷ്പനാഥ്

1970-കളുടെ തുടക്കത്തിൽ കോട്ടയം പുഷ്പനാഥിന്റെ രൂപത്തിൽ നാടൻ അപസർപ്പകരെ അരികു നിർത്തി, പാശ്ചാത്യ പശ്ചാത്തലമുള്ള കഥകൾ ആവിർഭവിച്ചപ്പോൾ മലയാളികളുടെ ഡിറ്റക്ടീവ് നോവൽ സങ്കല്പംതന്നെ ഉടച്ചുവാർക്കപ്പെട്ടു. ചരിത്രാധ്യാപകൻ കൂടിയായ പുഷ്പനാഥിന്റെ കൃതികളിൽ ചരിത്രം ഇഴകോർക്കുന്നതു കാണാം. കുറ്റാന്വേഷണനോവലിന്റെ നാടകീയതയും ഹൊറർനോവലിന്റെ ഭീകരതയും കൂട്ടിയിണക്കി മലയാളിയെ ജനപ്രിയ നോവലിന്റെ സവിശേഷമായൊരു മണ്ഡലത്തിലേക്ക് അദ്ദേഹം കൂട്ടികൊണ്ടുപോയി. മനുഷ്യമനസ്സിന്റെ അതിരില്ലാത്ത ആകാംക്ഷയ്ക്ക് അക്ഷരങ്ങളിലൂടെ അതിശയിപ്പിക്കുന്ന ആഖ്യാനം നിർവഹണം നടത്തിയതിലൂടെ സാധാരണക്കാരന്റെ വായനാശേഷി വർദ്ധിപ്പിക്കുകയാണുണ്ടായത്.

കുറ്റാന്വേഷണവും മാന്ത്രികതയും ഇടകലർന്ന നോവലുകളാണ് മാന്ത്രികവിഭാഗത്തിൽ അദ്ദേഹം രചിച്ചത്. ബ്രഹ്മരക്ഷസ് (2010), ഗന്ധർവ്വയാമം (2014), അപ്സരസ് (2013), വരുമോ വസന്തം (2010), പഞ്ചമി (2013), ദേവപ്രിയ, മേഘഗർജ്ജനം, ദേവഭ്രുതിക (2010), ദേവഗന്ധർവ്വൻ (2010) എിവയാണ് അദ്ദേഹത്തിന്റെ പ്രധാന മാന്ത്രിക നോവലുകൾ.

### 2. 3. 2. 2. 1. അപ്സരസ്

യക്ഷിമലയുടെ താഴ്വരയിൽ സ്ഥിതിചെയ്യുന്ന യക്ഷിയമ്പലം, അവിടുത്തെ ആരാധനാമൂർത്തിയായ ദേവിയുടെ ദ്വാരപാലിക മനുഷ്യജന്മം കൊള്ളുന്ന വിഭ്രമാത്മകമായ നോവലാണ് അപ്സരസ് (2013). പുനർജ്ജന്മത്തിന്റെ വിസ്മയങ്ങൾ സൃഷ്ടിക്കുന്ന നോവലാണ് പഞ്ചമി (2013). ദേവദത്തൻ എന്ന ദേവശില്പിയുടെ പുനർജന്മമായ ബാലഗോപാലൻ താൻ കൊത്തിയ ശിലാവിഗ്രഹത്തിന് ജീവൻ വെച്ചവളാണ് പഞ്ച-

മിയെന്ന് തിരിച്ചറിയുന്നു. സൃഷ്ടാവിനെ തേടിയെത്തുന്ന സൃഷ്ടിയുടെ വരവ് ഏറെ ആസ്വാദ്യമാണ്.

### 2. 3. 2. 2. 2. മേഘഗർജ്ജനം

രാത്രികളിൽ രക്തദാഹിയായി മാറുന്ന മന്ദാകിനിയുടെ കഥ പറയുന്ന നോവലാണ് 'മേഘഗർജ്ജനം' മന്ദാകിനി ഡ്രാക്കുളയെ അനുസ്മരിപ്പിക്കുന്നു. കാഞ്ഞിരക്കാട്ടു മന എന്നു കേട്ടാൽ ഗ്രാമവാസികൾ ഭയന്നു  വിറയ്ക്കും. കരിംകൂവളവും കാഞ്ഞിരവൃക്ഷവും കരിമ്പനയും നിറഞ്ഞുനിൽക്കുന്ന ആ പുരയിടത്തിലേക്ക് പകൽപോലും നോക്കാൻ ഭയമാണ്. മരണത്തെ അതിജീവിച്ച രുദ്രൻ ഭട്ടതിരി എന്ന മികവുറ്റ കഥാപാത്രം നോവലിനെ വ്യത്യസ്തമാക്കുന്നു.

പാശ്ചാത്യപ്രേതഭാവനയുടെ മലയാളീകരണമാണ് പുഷ്പനാഥ് നിർവഹിച്ചത്. എപതുകളിൽ പുഷ്പനാഥ് ഡിറ്റക്ടീവ് നോവലുകൾ കൊണ്ട് വായനക്കാരെ ഭ്രമിപ്പിച്ചിരുന്നെങ്കിൽ തൊണ്ണൂറുകളിൽ മാന്ത്രിക നോവൽ കൊണ്ട് മറ്റൊരു ഭാവതലം അനുഭവവേദ്യമാക്കി. പാശ്ചാത്യ ഗോഥിക് സങ്കല്പവും ഡ്രാക്കുള കഥകളിലെ രക്തദാഹികളും മലയാളത്തിൽ പുഷ്പനാഥിലൂടെയാണ് പുനർജനിച്ചത്.

### 2. 3. 2. 2. 3.  യക്ഷിമന

യക്ഷിമന എന്ന നോവൽ ആഭിചാര കർമ്മങ്ങൾക്ക് വേണ്ടി ദുർമന്ത്രവാദത്തെ കൂട്ടുപിടിക്കു ന്ന നോവലാണ്. വ്യത്യസ്ത മതവിഭാഗത്തിൽപ്പെട്ട കഥാപാത്രങ്ങളെ സൃഷ്ടിക്കുകയാൽ വ്യത്യസ്ത സമൂഹത്തിലെ ആചാരവിശ്വാസങ്ങളെ തിരിച്ചറിയാനാകുന്നു.

കേരളീയമായ മാന്ത്രികപാരമ്പര്യം മനോഹരമായി പ്രമേയത്തോട് ഇഴചേർത്ത് അവതരിപ്പിച്ചിട്ടുണ്ട് 'യക്ഷിമന'യിൽ. മഷിനോട്ടം മൃഗബലി, ആഭിചാരകർമ്മങ്ങൾ, വശീകരണമന്ത്രങ്ങൾ അഭീഷ്ടവരദായിനിയായ ഭദ്രകാളിയുടെ  അവതരണം എന്നിവ-

യാൽ ശ്രദ്ധേയമാണ് നോവൽ.രണ്ടേക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന വള്ളിക്കാട്ടു മനയും യക്ഷിയമ്പലവും നിഗൂഢത നിറഞ്ഞതാണ്.

"വളർന്നുമുറ്റിയ മേദസ്സുചാടിയ കരിക്കാഞ്ഞിരത്തിൽ ഓടലുകൾ പടർന്നു കിടക്കുന്നതാണ് സർപ്പക്കാവ്" (1994: 5). കുലാചാരങ്ങൾ നിറവേറ്റുന്ന മനയുടെ തകർച്ചയും അവിചാരിതമായി സംഭവിക്കുന്ന ദുരന്തങ്ങൾക്കു മുമ്പിൽ പകച്ചുനിൽക്കുന്ന ഒരുകൂട്ടം മനുഷ്യരുടെയും ജീവിതത്തിന്റെ റിയലിസ്റ്റിക് ചിത്രം നോവലിൽ നിന്നു ലഭിക്കുന്നു. കഥാപാത്ര സൃഷ്ടിയിൽ നോവലിസ്റ്റ് ചെലുത്തുന്ന സൂക്ഷ്മത. പ്രത്യേകം നിരീക്ഷിക്കേണ്ടതാണ്. "... പാദംവരെ അഴിച്ചിട്ടിരിക്കുന്ന തലമുടി കൂട്ടുപുരികങ്ങൾ, തുറിച്ചുചുവന്ന കണ്ണുകൾ, കടവായിൽനിന്നും പുറത്തേക്ക് തള്ളിനിൽക്കുന്ന ദംഷ്ട്രകൾ, കൂർത്ത നഖങ്ങൾ..." (1994: 51)

അബ്ദുറഹ്മാൻ, ഡിക്കോസ്റ്റിൻ, ശശിധരൻ എന്നിവർ മൂന്നു മതവിഭാഗത്തെയാണ് നോവലിൽ പ്രതിനിധീകരിക്കുന്നത്. മാന്ത്രികവിദ്യയുടെ മാസ്മരിക വലയം സൃഷ്ടിച്ച് വായനക്കാരനെ ആകാംക്ഷയിലൂടെ നോവലിന്റെ അവസാനംവരെ കൈപിടിച്ചുകൊണ്ടുപോകാൻ ആഖ്യാനശക്തിയാൽ സാധിക്കുന്നു.

### 2. 3. 2. 2. 4. ദേവദൂതിക

ദേവദൂതിക (2010) തേയിലത്തലപ്പുകൾ പച്ചപരവതാനി വിരിച്ച എസ്റ്റേറ്റിന്റെ പശ്ചാത്തലത്തിൽ ആഖ്യാനം ചെയ്യുന്ന മാന്ത്രികനോവലാണ്. എസ്റ്റേറ്റ് തൊഴിലാളികളുടെ ജീവിതപ്രശ്നപരിസരത്തെ ഒട്ടും അതിശയോക്തിയില്ലാതെ വിശകലനം ചെയ്യാൻ ശ്രമിച്ചിട്ടുണ്ട് നോവലിൽ. ദുർമ്മരണം സംഭവിച്ച പൊന്നി എന്ന സ്ത്രീയുടെ പ്രതികാരത്തിന്റെ കഥയാണ് ദേവദൂതിക. എസ്റ്റേറ്റ് മാനേജരായെത്തിയ ഉണ്ണികൃഷ്ണനെ വധിക്കാൻ ഗൂഢനീക്കം നടത്തുന്ന ചിലർ, അവരിൽ നിന്നെല്ലാം രക്ഷപ്പെടുകമാത്രമല്ല ഉപദ്രവിക്കാൻ ശ്രമിച്ചവരൊക്കെ തൊട്ടടുത്ത ദിവസം ചത്തുമലച്ചു കിടക്കുന്നു. പൊന്നി-

യുടെ അദൃശ്യമായ സാന്നിധ്യം ഓരോ മരണത്തിനുപിന്നിലുമുണ്ടെന്ന് ഉണ്ണികൃഷ്ണൻ തിരിച്ചറിയുന്നു. മലവേടരുടെ ആചാരവിശ്വാസങ്ങളും, ജീവിതരീതിയും നോവലിൽ സൂക്ഷ്മമായി അവതരിപ്പിച്ചിട്ടുണ്ട്. പൊന്നി മലവേടരുടെ ദേവിയാണെന്ന് നോവലിൻ്റെയവസാനമാണറിയുന്നത്. പുഷ്പനാഥ്, മാജിക് റിയലിസത്തിന്റെ സൂക്ഷ്മതലം ആഖ്യാനത്തിൽ സ്വീകരിക്കുന്നു.

ശാസ്ത്രം ഏറെ പുരോഗമിച്ചിരിക്കുന്ന ഈ കാലഘട്ടത്തിലും ദുഷ്ടശക്തികളെ വരുതിയ്ക്ക് നിർത്താൻ ദുർമന്ത്രവാദത്തെ കൂട്ടുപിടിക്കുവർക്കു മേൽ സത്യവും ധർമ്മവും നേടുന്ന വിജയം അവതരിപ്പിക്കുന്ന മാന്ത്രിക നോവലാണ് ഗന്ധർവ്വയാമം (2014). പകയുടെയും പഴമയുടെയും ലോഹക്കൂട്ടിനുള്ളിൽ പ്രതികാരത്തിന്റെ പുത്തൻ അധ്യായം രചിക്കുവാനാണ് കോട്ടയം പുഷ്പനാഥ്, പരിശ്രമിക്കുന്നത്. ദുർമ്മന്ത്രവാദത്തിന്റെ ഭീകരത വാങ്മയ ദൃശ്യങ്ങളായി നോവലിൽ കാണാം.

... കണ്ഠാകർണ്ണനെ അഭീഷ്ടകാര്യത്തിനായി പ്രീതിപ്പെടുത്തുന്ന വാസുദേവക്കുരുക്കൾ മന്ത്രമുരുവിടാൻ തുടങ്ങി.

"ഓം കണ്ഠാകർണ്ണാ പിശാചുക്കളുമെക്ഷിയും
ആയിരം തിരുമുഖവും രണ്ടായിരം തൃക്കണ്ണും
മൂന്നരക്കോടി രോമാദികളും
തലയിൽ നെരിപ്പോടണിഞ്ഞും
വായിൽ അഗ്നിയും അങ്ങനെനിന്ന് മേലാകെ
നോക്കിയപ്പോൾ മേൽ ആകാശം തിരിഞ്ഞ്
അടിയരിഞ്ഞ് മുടിയരിഞ്ഞ് അഗ്നികോൺ കൂട്ടിയരി
ബ്രഹ്മധൂളി ധൂളി വിഷ്ണുധൂളി ധൂളി ഈശ്വരധൂളി ധൂളി ...( 2014: 105)

"...വലിയകോയിക്കൽ കേശവൻനായർ അത്ഭുതസ്തംബ്ധനായി ആ പൈശാചികമന്ത്രം കേട്ടുകൊണ്ട് അഗ്നി നാളത്തിലേക്ക് നോക്കി ക്കൊണ്ടിരിക്കെ ഒരു പിശാചിനെപ്പോലെ വാസുദേവക്കുരിക്കൾ കൊടുവാൾ കൈയിലേന്തി, കൊഴുത്തുരുണ്ട ആ കാളക്കിടാ-

വിന്റെ പിൻകാലുകൾ ഇടതുകൈകൊണ്ട് കൂട്ടിപ്പിരിച്ച് ഒരു പൂച്ചക്കുട്ടിയെന്നവിധം പൊക്കിയെടുത്ത് അഗ്നി കുണ്ഡത്തിലേക്ക് നീട്ടിപ്പിടിച്ച് അതിന്റെ കഴുത്തിൽ ആഞ്ഞു-വെട്ടി...ഉയർന്നുനിന്ന അഗ്നിജ്വാലകളുടെ തലപ്പ് താഴേക്ക് അമർന്നതോടൊപ്പം ഭയാ-നകവും ബീഭത്സവുമായ ഒരു രൂപം അവിടെ പ്രത്യക്ഷപ്പെട്ടു. വായിൽനിന്നും പുറത്തേ-ക്കുചാടിയ കൂർത്തുമൂർത്ത ദംഷ്ട്രങ്ങൾ തലയിൽ ഇരുവശവും ഉയർന്നു നിൽക്കുന്ന കൊ-മ്പ്, സർപ്പക്കുഞ്ഞുങ്ങൾപോലെ ചലിക്കുന്ന നീണ്ട തലമുടി. കഴുത്തിലും അരക്കെട്ടിലും മനുഷ്യാസ്ഥികൾ കൊണ്ട് കൊരുത്ത മാലയും അരഞ്ഞാണവും ഇരുകൈകളിലും രണ്ട് ഘോരസർപ്പങ്ങൾ..... "(2014:106). ഭീകരവർണ്ണനകൾ വാങ്മയ ബിംബങ്ങളായി വായ-നക്കാരന്റെ ബോധമണ്ഡലത്തിൽ നിറയുന്നതുകാണാം.

ദുർമ്മരണവും തുടർന്നു നടക്കുന്ന ഭയവിഹ്വലമായ നിമിഷങ്ങളും കുറ്റാന്വേഷണ-വും ദുർമ്മന്ത്രവാദത്തിന്റെ കിരാതത്ത്വവും കോട്ടയം പുഷ്പനാഥിന്റെ മാന്ത്രികനോവലുക-ളെ വേറിട്ട അനുഭവമാക്കുന്നു. ഏറ്റുമാനൂർ ശിവകുമാർ സ്തോത്രാവലിയിലൂടെ മന്ത്രോ-ച്ചാരണം നടത്തുമ്പോൾ കോട്ടയം പുഷ്പനാഥ് ആഭിചാര കർമ്മങ്ങളുടെ നിഗൂഢതയെ ആസ്വാദ്യകരമാക്കി മാറ്റുകയാണ് ചെയ്യുന്നത്. രണ്ട്പേരും ഭാഷയെ നിഗൂഢവൽക്കരി-ക്കാതെ നേരിട്ട് സംഭവങ്ങളിലേക്ക് നടന്നേറുന്ന രീതിയാണ് അവലംബിച്ചുകാണുന്ന-ത്. കുറ്റവും ശിക്ഷയും പാപവും മോചനവും ധർമ്മവും അധർമ്മവും വിശ്വാസവും അവി-ശ്വാസവും പരസ്പരം പോരടിക്കുന്ന കാഴ്ചകൾ ഇരുവരുടെയും നോവലിൽ നിന്നും അനു-ഭവിക്കാവുന്നതാണ്. അലങ്കാരശബളിമമായ വർണ്ണനകൾ, പ്രകൃതികല്പനകൾ, ശാ-ക്തേയ പൂജകളുടെ ആഹാര്യഭംഗി, മുഴുനീളെയുള്ള ജിജ്ഞാസ എന്നിവ വായനക്കാരെ മാന്ത്രിക നോവലിന്റെ പ്രിയവായനക്കാരായി മാറ്റി. മനോരാജ്യം, മലയാള മനോരമ, മംഗളം, തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ വായനക്കാരുടെ അഭ്യർത്ഥന മാനിച്ച് കൂടുതൽ അധ്യായങ്ങൾ ഖണ്ഡശ്ശയായി പ്രസിദ്ധീകരിച്ച ചരിത്രം ഏറ്റുമാനൂർ ശിവകുമാറിനും, കോട്ടയംപുഷ്പനാഥിനും അവകാശപ്പെടാവുന്നതാണ്. മാന്ത്രിക നോവലിന്റെ മധ്യഘട്ടം ഇവരിലൂടെ ജനപ്രിയഘട്ടമായി മാറുന്നു.

## 2. 3. 3. സമകാലികഘട്ടം

ഒരു സംസ്കാരം എന്ന നിലയിൽ നമുക്കുള്ള സ്വത്വത്തെ ഏതെങ്കിലും വിധത്തിൽ സ്പർശിക്കുന്ന പ്രതിരൂപങ്ങളെ വായനാമാതൃകയായി സ്വീകരിക്കാവുന്നതാണ്. പുരാവൃത്തം ഗൂഢശാസ്ത്രം എന്നിവ ഇത്തരം സംസ്കാരത്തിന്റെ പ്രതിരൂപങ്ങളാണ്. മാന്ത്രിക നോവലിൽ ഇത്തരം സംസ്കാരത്തിന്റെ പ്രതിരൂപങ്ങളുടെ പാരസ്പര്യമാണ് കാണുന്നത്. 1990 കൾക്കുശേഷം മലയാള നോവൽ ചരിത്രം പരിശോധിക്കുമ്പോൾ ബൃഹത്തായ ഭൂമികയാണ് നോവലിന്റേതെന്ന് കാണാം. കുടുംബം, വ്യക്തികൾ, സമൂഹം എന്നിവയുടെ അനുഭവവൈചിത്ര്യം കൊണ്ട് അത്ഭുതപ്പെടുത്തുന്ന ബൃഹദാഖ്യാനങ്ങളായി നോവൽ മാറുന്നുണ്ട്. അതൊടൊപ്പം നോവലിന് ജനകീയ സ്വഭാവം കൈവരുന്നതും ശ്രദ്ധേയമാണ്.

മലയാളമാന്ത്രികനോവൽ ഈ ഘട്ടത്തിൽ മുഖ്യധാരാഎഴുത്തിന്റെ അരികുപറ്റി സഞ്ചരിച്ചവയാണ്. മലയാളനോവൽ ആധുനികതാപ്രസ്ഥാനത്തിന്റെ തണലിൽ പുതിയ പുതിയപരീക്ഷണങ്ങൾക്കു വിധേയമായിക്കൊണ്ടിരുന്നു. പാശ്ചാത്യലോകത്തെ പല നൂതന പ്രവണതകളും ഇവിടെ പരീക്ഷിച്ചിട്ടുണ്ട്. മനശ്ശാസ്ത്രവും നവചരിത്രവാദവും മാജിക്കൽ റിയലിസവും നോവലിന്റെ ആഖ്യാനത്തിൽ വൈവിധ്യങ്ങൾ കൊണ്ടുവന്നിരുന്ന കാലഘട്ടത്ത് മലയാളനോവൽ സാഹിത്യത്തിന് സമാന്തരമായി ചരിക്കുകയും സ്വന്തമായി ഒരു ഭാവനാലോകം പണിയുവാനും ഈ ഘട്ടത്തിൽ മാന്ത്രികനോവലിസ്റ്റുകൾ പരിശ്രമിച്ചു. ദൃശ്യമാധ്യമങ്ങളുടെ ജനങ്ങൾക്കിടയിലുള്ള സ്വാധീനം, ബഹുജനമാധ്യമമായ സിനിമയുടെ ആകർഷകത്വം എന്നിവ മാന്ത്രികനോവലിന്റെ വിപണിവിജയത്തിന് കാരണമായി തീർന്നു.

പ്രസിദ്ധ മാന്ത്രികനോവലായ കലിക, ശ്രീകൃഷ്ണപരുന്ത്, തുടങ്ങിയ കൃതികൾ സിനിമയായി മാറിയതോടെ ബഹുജനങ്ങൾ മാന്ത്രിക സിനിമയുടെയും മാന്ത്രികനോവലിന്റെയും ആസ്വാദകരായി മാറി. നമ്മുടെ നാടകതിയേറ്റർ, അരങ്ങത്ത് പുതിയ വി-

പ്ലവം സൃഷ്ടിച്ചുകൊണ്ട് ഡ്രാക്കുള ദൃശ്യവിസ്മയമായി അവതരിപ്പിച്ചതോടെ നാടക രംഗത്തും ഇത്തരം ജനപ്രിയതരംഗമുണ്ടായി. എം.കൃഷ്ണൻ നായരുടെ ഉടമസ്ഥതയിലുള്ള 'കലാനിലയം' ആണ് നാടകത്തിൽ പുതിയ പരീക്ഷണങ്ങൾ കൊണ്ടുവന്നത്.

പ്രമേയത്തിന്റെ ആവർത്തനം പലപ്പോഴും വിരസതയുളവാക്കുമെങ്കിലും ഭാഷയുടെ ലളിതവൽക്കരണവും സൂക്ഷ്മതയും ദൃശ്യപരതയും വായനക്കാരെ മന്ത്രവാദനോവലിലേക്കടുപ്പിച്ചു. സുനിൽപരമേശ്വരൻ, സ്വാമി അശ്വതി തിരുനാൾ, ദിനേശ് തിരൂർ, ഇഗ്നേഷ്യസ് വാര്യത്ത് സുദീപ് തെക്കെപാട്ട്, അഖിൽ പി ധർമ്മജൻ എന്നിവർ സമകാലിക ഘട്ടത്തിലെ മാന്ത്രിക നോവലെഴുത്തുകാരിൽ ശ്രദ്ധേയരാണ്.

### 2. 3. 3. 1. സുനിൽ പരമേശ്വരൻ

മാന്ത്രികനോവലിൽ ദൃശ്യവിസ്മയലോകം സൃഷ്ടിക്കുന്നത് സുനിൽപരമേശ്വരനാണ്. ആഭിചാരമാന്ത്രികത്തിന്റെ ശക്തിയും സൗന്ദര്യവും ആലങ്കാരികമായ ഭാഷയിൽ പൊതിഞ്ഞ് അനുഭവിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള കഴിവ് അസാമാന്യമാണ്. ശാസ്ത്ര സാങ്കേതിക യുഗത്തിൽ മന്ത്രതന്ത്രങ്ങൾക്കുള്ള ശക്തിയും സ്വാധീനവും തെളിയിക്കുവാനുള്ള പരിശ്രമം അദ്ദേഹം നോവലിലൂടെ നടത്തുന്നുണ്ട്. സന്മന്ത്രവാദവും ദുർമ്മന്ത്രവാദവും തമ്മിലുള്ള സംഘട്ടനം തന്നെയാണ് നോവലിന്റെ മുഖ്യപ്രതിപാദ്യവിഷയം. സാഹിത്യവും ശാസ്ത്രവും ഇടകലർന്ന രീതിയിലാണ് ആഖ്യാനനിർവ്വഹണം അദ്ദേഹം നടത്തിയിട്ടുള്ളത്.

രതിയും ലൈംഗികതയും കൂടികലർന്ന മാന്ത്രികാന്തരീക്ഷ കല്പനയാണ് മിക്ക നോവലിലും സ്വീകരിച്ചത്. പലപ്പോഴും ഭക്തിയും രതിയും ദ്വന്ദ്വഭാവത്തിൽ അവതരിപ്പിച്ചിട്ടുണ്ട്. സ്ത്രീയെ സൗന്ദര്യമൂർത്തീരൂപമായും, ശക്തിയുടെയും കാമത്തിന്റെയും അടങ്ങാത്ത പ്രതികാരത്തിന്റെയും ചിഹ്നമായി നോവലിൽ സ്വീകരിക്കുന്നു. പ്രാക്തനജനതയുടെ വിശ്വാസപ്രമാണങ്ങളെ പിൻപറ്റികൊണ്ട് കടുത്ത ആഭിചാരക്രിയകളിലൂടെ ഭ്ര-

തകാല സംസ്കൃതിയെ നോവലിലൂടെ പുനർജ്ജനിപ്പിക്കുന്നു. കൗളയോനീ പൂജ, അഘോരശാസ്ത്രം, ശവഭോഗവർണ്ണന, കോടങ്കിശാസ്ത്രം തുടങ്ങി കേവലം കേട്ടുകേൾവി മാത്രമായ പ്രാക്തന മന്ത്രവാദത്തിന്റെ ഏട്ടുകൾ സുനിൽ പരമേശ്വരന്റെ മാന്ത്രികനോവലിൽ കാണാവുന്നതാണ്. 2010-ൽ പ്രശസ്ത മാന്ത്രിക തറവാടായ സൂര്യകാലടിമനയിലെ സൂര്യൻ സുബ്രഹ്മണ്യൻ ഭട്ടത്തിരിപ്പാടിൽ നിന്ന് "മന്ത്രദീക്ഷ സ്വീകരിച്ച് അദ്ദേഹം കന്തസ്വാമിയെന്ന നാമത്തിൽ ദേവീ ഉപാസകനായി സ്വയം പ്രഖ്യാപിച്ചു.

ഒരു പ്രേതാന്വേഷകന്റെ നിഗൂഢ രഹസ്യങ്ങൾ (2012) ഭ്രമണദേവത (2012), വെള്ളിമന (2009), ക്ഷുന്ദ്രർമഠം (2010), അനന്തഭദ്രം (2004), ഭദ്രാസനം (2005), മാടൻകൊല്ലി (2009), രൗദ്രതാളം (2011), സെവന്റീൻ എ (2011) എന്നിവയാണദ്ദേഹത്തിന്റെ പ്രശസ്ത മാന്ത്രികനോവലുകൾ.

## 2. 3. 3. 1. 1. ക്ഷുന്ദ്രർമഠം

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അമാനുഷിക കഥകളും ഉറങ്ങുന്ന മഠത്തെ ആധാരമാക്കിയാണ് ക്ഷുന്ദ്രർമഠം എന്ന നോവലിന്റെ പ്രമേയം വികസിക്കുന്നത്. തികച്ചും ഭയവിഹ്വലമായ അന്തരീക്ഷം. ഒടുങ്ങാത്ത കാമവും പകയും, വാസനാവിശേഷം എന്നിവയുടെ പശ്ചാത്തലത്തിൽ നിഗൂഢശക്തികളും പ്രേതാത്മാക്കളും, ജീവിച്ചിരിക്കുന്ന ഒരുകൂട്ടം മനുഷ്യരുടെ ജീവിതയാത്രയിൽ വരുത്തിതീർത്ത, വിധിയുടെ വിഭ്രമാത്മകമായ അന്തരീക്ഷമാണ് 'ക്ഷുന്ദ്രർമഠം' പങ്കുവെക്കുന്നത്. മാന്ത്രിക ശക്തികൊണ്ടും ഉപാസനകൊണ്ടും ജഗത്തിന്റെ നിയാമകശക്തികളെ അടക്കിഭരിക്കുന്ന സൂര്യനാരായണന്റെയും ശക്തൻ ഭാട്ടിയയുടെയും കല്ലേരി കറുപ്പൻ എന്ന മാന്ത്രികന്റെയും വൈഭവം നോവലിൽ പ്രകടമായി കാണാം. മന്ത്രവും ശാസ്ത്രവും ഏക രൂപത്തിൽ ഇണക്കിച്ചേർത്ത് കാലത്തിന്റെ ചലനത്തെ ആവാഹിച്ചെടുത്ത കല്ലേരികറുപ്പൻ കണ്ണപ്പൻ എന്ന മഹാമാന്ത്രികൻ സുനിൽപരമേശ്വരന്റെ കഥാപാത്ര സൃഷ്ടിയിലെ അനശ്വര കഥാപാത്രമായി മാറുന്നു. മനുഷ്യന് വിധിയിലുള്ള വിശ്വാസത്തെ ഊട്ടിയുറപ്പിക്കാൻ പര്യാപ്ത-

മാണീ നോവൽ. സാധാരണക്കാരന്റെ വിശ്വാസസംഹിതകൾക്കു നേരെയുള്ള മനഃശാസ്ത്ര സമീപനമാണ് എഴുത്തുകാരൻ സ്വീകരിച്ചിരിക്കുന്നത്.

### 2. 3. 3. 1. 2. അനന്തഭദ്രം

ശിവപുരം ഗ്രാമത്തിലെ അനന്തന്റെയും ഭദ്രയുടെയും കഥയാണ് അനന്തഭദ്രം. മുത്തശ്ശിക്കഥകളെ, കെട്ടുകഥകളെ വിസ്മയിപ്പിക്കും വിധമുള്ള ആഖ്യാനരീതിയാണ് നോവലിസ്റ്റ് അനന്തഭദ്രത്തിന് സ്വീകരിച്ചിട്ടുള്ളത്. ദിഗംബരൻ എന്ന ബ്രഹ്മചാരി ആഭിചാരകർമ്മത്തിലൂടെ യുവാവായ അനന്തന്റെ ശരീരത്തിലേക്ക് ഗന്ധർവനെ ആവാഹിച്ച് കുലം നശിപ്പിക്കാൻ പരിശ്രമിക്കുന്നു. ഭദ്രയെന്ന പെൺകുട്ടി പ്രസവിക്കുന്ന ആറുവിരലുള്ള അത്ഭുതശിശു ദിഗംബരനോട് പ്രതികാരം ചെയ്യുന്നു. ബ്രഹ്മചര്യം നശിച്ച്, സ്ത്രീ ശാപമേറ്റ് പുരുഷത്വം നഷ്ടപ്പെട്ട് ശിവപുരത്ത് മരണവും കാത്തുകിടക്കുന്ന ദിഗംബരൻ വായനക്കാരന്റെ മനസ്സിൽ അസ്വസ്ഥതകൾ ഉളവാക്കുന്ന ദുർമൂർത്തിയുടെ അവതാരമായി വളരുന്നതു കാണാം.

ആഭിചാരകർമ്മങ്ങളുടെ മാസ്മരികതയും ശവഭോഗരതി, പര കായപ്രവേശം, മാന്ത്രികകർമ്മത്തിലെ ഷഡ്ക്രിയകൾ തുടങ്ങിയവ ഉപയോഗിച്ച് ഭയാനകമായ ഭാവനാലോകം പണിയുവാനാണദ്ദേഹം പരിശ്രമിക്കുന്നത്. ഇംപ്രഷണലിസ്റ്റ് ചിത്രകാരനെ അനുസ്മരിപ്പിക്കുന്ന വാങ്മയദൃശ്യങ്ങളാണ് നോവലിൽ ചിതറിക്കിടക്കുന്നത്.

### 2. 3. 3. 1. 3. ഭദ്രാസനം

അനന്തഭദ്രം നോവലിന്റെ വിപണി വിജയമാണ് ഭദ്രാസനമെഴുതാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. അനന്തഭദ്രത്തിന്റെ തുടർച്ചതന്നെയാണ് 'ഭദ്രാസനം' പരകായപ്രവേശവും ആഭിചാരക്രിയകളും സ്വായത്തമാക്കിയ ദിഗംബരന്റെ പുനർജന്മമാണ് നോവലിനുവിഷയം. നിഗൂഢതയും ഭയാനകതയും നിറഞ്ഞനിരവധി മുഹൂർത്തങ്ങളിലൂടെ വായനക്കാരന്റെ ജിജ്ഞാസയെ വാനോളമുയർത്തുന്നു'. ശാസ്ത്രവും മന്ത്രവും മുഖാമുഖം

നിർത്തി ജീവിതത്തിന്റെ യുക്തിയും അയുക്തിയും വേർതിരിക്കാൻ നോവൽവായന പ്രേരിപ്പിക്കുന്നു. മന്ത്രത്തെ ശാസ്ത്രത്തിന്റെ അടിവേരായാണദ്ദേഹം കാണുന്നത്. എല്ലാ ചലനങ്ങൾക്കും ഒരു പ്രതിചലനം ഉണ്ടാകുമെന്നതുപോലെ നന്മയുള്ളിടത്ത് തിന്മയുടെ പ്രഖ്യാപനം നടത്തുന്നു നോവലിൽ. മനുഷ്യന്റെ തലച്ചോറ്കൊണ്ട് ഉപഗ്രഹങ്ങൾ കീഴടക്കുമ്പോൾ ഭൂമിയിലെ മനുഷ്യരിലേക്കു പകരുന്ന വിശ്വാസത്തിന്റെ വിത്തുകളെ നിലയ്ക്കുനിർത്താൻ ശാസ്ത്രത്തിനു കഴിയാറില്ല. ശാസ്ത്രത്തിന്റെ തലച്ചോറും മന്ത്രത്തിന്റെ കരുത്തുമായാണ് ദിഗംബരൻ പ്രതികാരത്തിനിറങ്ങുന്നത്. പുനർജ്ജന്മവും സർപ്പമന്ത്രങ്ങളും ശവപൂജയും കൊണ്ട് ഒരു മജീഷ്യനെവെല്ലുന്ന മാസ്മരികമായ അനുഭവാഖ്യാനം നിർവഹിക്കുവാൻ ആഖ്യായികാകാരന് സാധിച്ചിട്ടുണ്ട്. സ്ത്രീലൈംഗികതയെ പ്രതികാരത്തിന്റെ ചിഹ്നമായി സ്വീകരിക്കുന്നിവിടെ ഹിപ്നോട്ടിസവും മനഃശാസ്ത്രതത്വങ്ങളും പ്രമേയത്തിന്റെ ദൃഢതയ്ക്കുവേണ്ടി നോവലിസ്റ്റ് സ്വീകരിക്കുന്നു. മലയാളത്തിൽ ദൃശ്യഭാഷയുടെ സൗന്ദര്യവും കരുത്തും പ്രകടമാകുന്നുവെന്നതാണ് സുനിൽ പരമേശ്വരന്റെ മാന്ത്രികകൃതികളെ വേറിട്ടു നിർത്തുന്ന ഘടകം.

### 2. 3. 3. 1. 4. സെവന്റീൻ എ

മരണാനന്തര ജീവിതത്തിന്റെ അവ്യക്ത പ്രതിബിംബങ്ങളിലൂടെ യഥാർത്ഥ ജീവിതപരിസരത്തെ അടയാളപ്പെടുത്തുന്ന നോവലാണ് 'സെവന്റീൻ എ'. ഫ്യൂഡൽ കാലത്തിന്റെ പ്രതിബിംബം കണക്കെ പൂജയും കർമ്മങ്ങളുമില്ലാതെ ദ്രവിച്ച് യക്ഷിപ്രതിമകൾ തലങ്ങും വിലങ്ങും കിടക്കുന്ന വർണ്ണനകൾ, മൺമറഞ്ഞ സവർണ്ണകാലഘട്ടത്തിന്റെ ഓർമ്മകൾ സമ്മാനിക്കുന്ന അപസർപ്പകഭാവനയാൽ സമ്പന്നമാണീനോവൽ. ഭീകരത, ഭക്തി, പ്രതികാരം എന്നിവയുടെ സമ്മിശ്രവികാരം വായനയിലൂടെ അനുഭവവേദ്യമാകും.

മിത്തും പുരാവൃത്തവും ആഖ്യാനത്തിൽ സ്വീകരിച്ചുകൊണ്ട് ഭാവനയുടെ പുരാഗർത്തത്തിലേക്ക് വായനക്കാരെ കൈപിടിച്ചു കൊണ്ടു പോകാൻ പര്യാപ്തമാണ് രൗദ്ര-

താളം. ആശരീരം ആണധികാരം തുടങ്ങിയ സാമൂഹ്യകാഴ്ചപ്പാടിനെ ഉറപ്പിക്കു ന്ന സാമ്പ്രദായിക വീക്ഷണമാണ് ഇവിടെ നോവലിസ്റ്റിനുള്ളത്. ജനപ്രിയ സാഹിത്യം പൊതുവെ സ്വീകരിക്കുന്ന ഫോർമുലയായി ഇതിനെ കണക്കാക്കാം. സ്ത്രീയെ പുരുഷന്റെ ഭോഗതൃഷ്ണയ്ക്കുവേണ്ടി ഉപയോഗിക്കേണ്ട ഒന്നാണെന്ന യാഥാസ്ഥിതിക സാമൂഹ്യബോധത്തിന്റെ ബഹിർഗമനമാണീനോവൽ. മനവത്തൂർകോവിലകവും ഹൈമവതിതമ്പുരാട്ടിയും വിരേന്ദ്രപട്ടേരിയും പൂർണ്ണരൂപത്തിൽ വായനക്കാരന്റെ മനസ്സിൽ ഇടം നേടുന്നു. ആവർത്തിച്ചുകൊണ്ടിരിക്കുന്ന ശരിതെറ്റുകൾ, ജനനമരണങ്ങൾക്കിടയിലൂടെ അശാന്തമായി ഒഴുകുന്ന രൗദ്രജീവിതത്തിന്റെ ഭീകര താളങ്ങൾ വായനക്കാരനിൽ നിറയുന്നു. ഗതകാലത്തുനിന്ന് ഭൂതകാലത്തിലേക്ക് ഊളിയിടാൻ വായനക്കാരെ പര്യാപ്തമാക്കുന്നുണ്ട് നോവൽ.

### 2. 3. 3. 1. 5. മാടൻകൊല്ലി

മാടൻകൊല്ലി എന്ന ദുർമന്ത്രവാദിയുടെ ആജ്ഞാനുവർത്തിയായി ജീവിതത്തിൽ പാപങ്ങൾമാത്രം ചെയ്തു കൂട്ടിയ ചെമ്പുള്ളിമനയിലെ ദേവദത്തൻ നരസിംഹന്റെ ആഭിചാര മന്ത്രത്തിന്റെ ഭയവിഹ്വലമായ ആഖ്യായികയാണ് മാടൻകൊല്ലിയെ ന്ന മാന്ത്രികനോവൽ. പൂർവ്വകാലത്ത് ആരൊക്കെയോ ചെയ്തുപോയ തെറ്റിന് ശിക്ഷയനുഭവിക്കേണ്ടിവരുന്നത് ജീവിച്ചിരിക്കുന്നവരാണ്. അവിചാരിതമായി ജീവിതത്തിൽ വന്നുപോകുന്ന ചില സംഭവങ്ങൾക്ക് ആരാണ് സമാധാനംപറയുക. തിന്മയുടെ വഴിയെ താളംതെറ്റി നടക്കുമ്പോഴും നന്മയുടെ വെളിച്ചം മനസ്സിൽ കാത്തുസൂക്ഷിക്കുന്ന ശുദ്ധമനുഷ്യരെ നോവലിൽ കാണാം.

കരിമ്പന, പാല തുടങ്ങിയ വൃക്ഷങ്ങൾ നൽകുന്ന പ്രകൃതിവർണ്ണനയുടെ മനോഹാരിത നോവലിന്റെ അനുഭവതലമാണ്. യക്ഷിയോടൊപ്പം സഹശയനം നടത്തി ആജ്ഞാനുവർത്തിയാക്കി മാറ്റുന്ന ആഭിചാരത്തിന്റെ തീക്ഷ്ണമായ പാഠങ്ങൾ നോവലി-

ലുണ്ട്. കുറ്റാന്വേഷണവും അപസർപ്പകഭാവനയും ഒത്തുചേർന്ന 'മാടൻകൊല്ലി' ലളിതമായ ഭാഷയിലാണ് ആഖ്യാനം നിർവഹിച്ചിരിക്കുന്നത്.

"... ശാസ്ത്രം കൈവിട്ടാൽ പിന്നെ ഇത്തിരി മന്ത്രം നോക്കുന്നതിൽ തെറ്റില്ല. മരുന്ന് ഏൽക്കാത്തിടത്ത് ചിലപ്പോൾ മന്ത്രം ഫലിക്കും."(2009: 118). കഠിനവ്രതത്തോടെ, ഉച്ചാരണ ശുദ്ധിയോടെ അർപ്പിക്കുന്ന മന്ത്രങ്ങൾക്ക് ശക്തിയുണ്ടെന്ന് നോവൽ തെളിയിക്കുന്നു

ഭാരതീയസംസ്കാരത്തിന്റെ മന്ത്രവാദഘടകങ്ങളിൽ കേരളത്തിൽ അധികം കേട്ടുകേൾവിയില്ലാത്ത ഒരു മാന്ത്രികകർമ്മമാണ് കൗളമാർഗ്ഗം. കൗളമാർഗ്ഗത്തിന്റെ യഥാർത്ഥ ഉൾക്കാമ്പ് അറിയാതെ സ്ത്രീയെ നഗ്നയായി യോനീപൂജ നടത്തി രതിക്കുപയോഗിക്കുന്ന പ്രാകൃത മന്ത്രവാദരീതിയെ പശ്ചാത്തലമാക്കി നടത്തിയ രചനയാണിത്. ലൈംഗിക ആഭിചാര കർമ്മമായ 'രതിർദ്ധ മദഗ്നി' മന്ത്രത്തിന്റെ പ്രയോഗം നോവലിൽ വർണ്ണിക്കുന്നുണ്ട്. വാത്സ്യായനൻ കാമസൂത്രത്തിൽ വിട്ടുകളഞ്ഞ കടുത്ത രതി ലീലകൾ പ്രതികാരത്തിനായി സ്വീകരിക്കുന്ന (2009: 134) മായൻ, അമൃതം നികുംഭില എന്നീ ദുഷ്ടമാന്ത്രികരുടെ ചിത്രം നോവലിൽ നിറഞ്ഞു നിൽക്കുന്നു. രതിവർണ്ണന നോവലിനെ ജനപ്രിയമാക്കി മാറ്റുന്നു.

### 2. 3. 3. 1. 6. വെള്ളിമന

ആന്തരികലോകത്ത് അടിഞ്ഞുകൂടിയ ആദിമ ഭീതികളെ പുറത്തെടുത്തുസംസ്കരിക്കുന്നതാണ് 'വെള്ളിമന' (2009) എന്ന മാന്ത്രിക നോവൽ. മലയാള മനോരമയിൽ പ്രസിദ്ധീകരിച്ച 'ആർദ്ര' എന്ന നോവൽ പരകായ പ്രവേശനത്തിന്റെ ചടുല വർണ്ണനകൾകൊണ്ട് ശ്രദ്ധേയമാണ്. ഹിമാലയ യാത്രയിൽ സംഭവിച്ച യഥാർത്ഥ അനുഭവവുമായി കോർത്തുവെച്ചാണ് 'മണികർണ്ണിക' എന്ന നോവൽ രചിച്ചത്. സർപ്പങ്ങളുടെ നിതാന്ത സാന്നിധ്യം നോവലിൽ ഭീതി നിറയ്ക്കുന്നു. ദൃശ്യലോകവുംഅദൃശ്യലോകവും ഒരേ-

സമയം അനുഭവിപ്പിക്കാൻ കരുത്തുള്ള കലാപരമായ സവിശേഷതകൾ നിറഞ്ഞവയാണ് സുനിൽപരമേശ്വരന്റെ മാന്ത്രികനോവലുകൾ. ഭൂതകാലത്തിന്റെ സവർണ്ണ പാരമ്പര്യത്തിന്റെയും കുലമഹിമയുടെയും ആചാരവിശ്വാസങ്ങളുടെയും വളക്കൂറുള്ള മണ്ണാണ് അദ്ദേഹം നോവലിനുവേണ്ടി സ്വീകരിക്കുന്നത്. വർണ്ണനാ ശബളമായ ആഖ്യാനരീതി, കഥാപാത്ര സൃഷ്ടിയിലുള്ള സൂക്ഷ്മത, തികച്ചും കാല്പനികമായ ഇതിവൃത്തത്തിന്റെ യഥാതഥമായ അനുഭവതലം, കാവ് സംസ്കൃതിയുടെ അടയാളപ്പെടുത്തൽ തുടങ്ങിയവ സുനിൽ പരമേശ്വരന്റെ മാന്ത്രിക നോവലിന്റെ പൊതു ധാരയാണ്.

### 2. 3. 3. 2. അശ്വതിതിരുനാൾ

മനുഷ്യന്റെ അടിസ്ഥാന വികാരമായ ഭയത്തിന്റെ അനുഭവപരകോടിയാണ് സ്വാമി അശ്വതി തിരുനാളിന്റെ മാന്ത്രിക നോവൽ. ആഖ്യാനത്തിൽ പൗരാണിക സാംസ്കാരികതയുടെ അടയാളങ്ങൾ സംയോജിപ്പിച്ചുകൊണ്ട് അശ്വതി തിരുനാൾ മാന്ത്രികനോവൽ എഴുതുന്നത്. ഭൂതകാലത്തിന്റെ ശക്തമായ അനുഭവം വായനക്കാരന് നൽകാൻ അദ്ദേഹത്തിന്റെ നോവലിൽ കഴിയുന്നു. ഭൂതകാല സാംസ്കാരികതയിൽ അഭിരമിക്കുകയും അവ വർത്തമാനകാലത്ത് വ്യക്തികളിൽ എത്രത്തോളം അന്തഃസംഘർഷത്തിനു കാരണമാകുന്നുവെന്നതും അശ്വതി തിരുനാളിന്റെ നോവലിലൂടെ അറിയാം. വിജനവീഥി (1987) ഗ്രന്ഥയക്ഷി (2004) പുതിയ പതിപ്പ് അദ്ദേഹത്തിന്റെ പ്രധാന മാന്ത്രികനോവലുകൾ. നോവലിസ്റ്റിനെകുറിച്ചുള്ള വിവരങ്ങൾ വേണ്ടത്ര ലഭ്യമല്ലാത്തതിനാൽ അശ്വതി തിരുനാളിന്റെ കാലഘട്ടം കൃത്യമായി നിർണ്ണയിക്കാനാകുന്നില്ല. നോവലിലെ കലാപരമായ മഹത്വം കണ്ടില്ലെന്ന് നടിക്കാനാകില്ല.

#### 2. 3. 3. 2. 1. വിജനവീഥി

മനശ്ശാസ്ത്രത്തിന്റെ പിൻബലത്തോടെ ആഖ്യാനനിർവ്വഹണം നടത്തിയ നോവലാണ് 'വിജനവീഥി' പൗരാണിക കാലഘട്ടത്തിന്റെ സ്മൃതികൾ വ്യക്തിമനസ്സിൽ സൃ-

ഷ്ടിക്കുന്ന ചലനങ്ങൾ ഏതളവിലാണെന്ന് നോവൽ വായനയിലൂടെ പ്രകടമാക്കുന്നു. പ്രാദേശിക ചരിത്രവും സംസ്കാരവും കഥാപാത്രസൃഷ്ടിയിലും ഇതിവൃത്ത ഘടനയിലും ആഴത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്.

മനഃശാസ്ത്ര ഗവേഷകവിദ്യാർത്ഥിയായ ഗൗരി നാട്ടിൽപോയി വരുമ്പോഴാണ് കവടിയാർ റോഡിൽവെച്ച് വിചിത്രവും ഭയാനകവുമായ സംഭവം നടക്കുന്നത്. അർദ്ധരാത്രി ബസ്സിറങ്ങി തനിയെ ഹോസ്റ്റലിലേക്ക് നടക്കു ഗൗരി വിജനമായ വീഥിയിൽ കപ്പലണ്ടി വിൽക്കുന്ന വൃദ്ധയെ കാണുന്നു. ആദ്യമൊന്നമ്പരന്നെങ്കിലും സമചിത്തത കൈവിടാതെ അടുത്തെത്തിയപ്പോൾ മനസ്സിലാക്കാൻ കഴിഞ്ഞത് അതൊരു സ്ത്രീയല്ല, പുരുഷനാണെന്നാണ്. 18-ാം നൂറ്റാണ്ടിലെ സ്ത്രീകളുടെ വേഷമായിരുന്നു ആ രൂപത്തിന്. മുഖം പുരുഷന്റേതായിരുന്നു, രോമാവൃതമായ കൈ അവൾക്കു നേരെ ഉയർന്നപ്പോൾ അവൾ വിജനമായ റോഡിലൂടെ ഓടാൻ തുടങ്ങി. കവടിയാർ റോഡിലെത്തിയപ്പോൾ ഒരു ഓട്ടോയിൽ കയറി രക്ഷപ്പെടാൻ ശ്രമിക്കുന്നു. ഓട്ടോഡ്രൈവറെ അവൾ ശ്രദ്ധിച്ചപ്പോൾ ഞടുക്കമാണുണ്ടായത് അവൾ കണ്ട രോമാവൃതമായ കൈകളായിരുന്നു അയാൾക്കുണ്ടായിരുന്നത്.

... രാത്രി ഡ്യൂട്ടി കഴിഞ്ഞുവരുന്ന ഇൻസ്പെക്ടറും സംഘവും റോഡിൽ അബോധാവസ്ഥയിൽ കിടക്കുന്ന ഗൗരിയെ ആശുപത്രിയിലെത്തിക്കുന്നു. ബോധം തെളിഞ്ഞ ഗൗരി അസാധാരണമാം വിധം പെരുമാറുകയും ഭയന്നു വിറയ്ക്കുകയും ചെയ്യുന്നു. ഗൗരിയുടെ അബോധമനസ്സ് തുറന്നപ്പോൾ മാർത്താണ്ഡവർമ്മയുടെ കാലത്തെ ചില ചരിത്രസംഭവങ്ങൾ ചുരുൾ നിവരുന്നു. ഗൗരി കുട്ടൻപിള്ളയുടെ അനന്തിരവൾ ആയ സുഭദ്രയാകുന്നു. എട്ടുവീട്ടിൽ പിള്ളമാരുടെ നീക്കങ്ങൾ മാർത്താണ്ഡവർമ്മയെ അറിയിച്ചതിനാൽ അമ്മാവനാൽ കൊലചെയ്യപ്പെട്ട സുഭദ്ര നൂറ്റാണ്ടുകൾക്കുശേഷം ഗൗരിയിലൂടെ പുനർജ്ജനിക്കുകയാണ്. ഭീതിയും സംഭ്രമവും ജിജ്ഞാസയും ഒരുപോലെ ഭരിക്കുന്ന നോവലിൽ. മന്ത്രവാദത്തിന്റെയും മനഃശാസ്ത്രത്തിന്റെയും വെളിച്ചത്തിൽ ഓജസ്സാർന്ന

ആഖ്യാനമാണ് നോവലിസ്റ്റ് നിർവഹിക്കുന്നത്. ചരിത്രവും മിത്തും, സമകാലിക സാമൂഹികതയും ഇടകലർ രൂപത്തിലാണ് നോവൽ പ്രമേയത്തെ അവതരിപ്പിക്കുന്നത്. കേരളീയചരിത്രത്തിലെ നിറംമങ്ങാത്ത തിരുവിതാംകൂർ രാജവംശചരിത്രവും മാർത്താണ്ഡവർമ്മരാജാവിന്റെ ഭരണകാലവും എട്ടുവീട്ടിൽ പിള്ളമാരുടെ ചരിത്രവും നോവലിസ്റ്റ് സ്വീകരിക്കുന്നുണ്ട്. സി. വി. രാമൻപിള്ളയുടെ ചരിത്രാഖ്യായിക ആയ മാർത്താണ്ഡവർമ്മയിലെ കഥാസന്ദർഭത്തെയെടുത്തുകൊണ്ടാണ് നോവൽ അവിസ്മരണീയ വായനാനുഭവമാക്കി തീർക്കുന്നത്. സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മയെന്ന ചരിത്രാഖ്യായികയിലെ സുഭദ്ര ചരിത്രപുസ്തകത്താളുകൾ വിട്ടിറങ്ങി വരുന്ന കാഴ്ച അത്ഭുതകരമാണ്.

കല്പിതമെങ്കിലും യഥാതഥമായ ആവിഷ്കരണത്തിന്റെ തലത്തിൽ നോവലിലെ പ്രശ്നങ്ങൾ യഥാതഥമായി അനുഭവിപ്പിക്കുവാൻ എഴുത്തുകാരന് കഴിഞ്ഞിട്ടുണ്ട്. സയൻസിന്റെയും ടെക്നോളജിയുടെയും വികാസത്തിന്റെ കാലഘട്ടത്തിലും മനുഷ്യമനസ്സിനെ പൂർണ്ണമായി നിർണ്ണയിക്കാൻ കഴിഞ്ഞിട്ടില്ലെന്ന സത്യം ബോധിപ്പിക്കുന്നുണ്ടിവിടെ. ശാസ്ത്രസത്യത്തെക്കാൾ മികച്ച ചില ജീവിതസത്യങ്ങൾ ഉണ്ടെന്നും അവയാണ് വ്യക്തികളുടെ ചോദനകളെ ഭരിക്കുന്നതെന്നും നോവലിസ്റ്റ് പറയുന്നു.. മനഃശാസ്ത്രവും അതിന്റെ സാങ്കേതിക ചികിത്സാപദ്ധതിയായ ഹിപ്നോട്ടിസവും നോവലിൽ പ്രയോഗസാധ്യമാക്കുന്നു. അപസർപ്പക നോവലുകൾക്കുള്ള പൊതുസ്വഭാവം അവ അജ്ഞാതമായ ചില കാര്യകാരണങ്ങൾ അന്വേഷിക്കുന്നുവെന്നതാണ്. 'വിജനവീഥി' എന്ന നോവൽ അത്തരം അപസർപ്പകസ്വഭാവം ഉൾക്കൊള്ളുന്ന ഫിക്ഷനായി അംഗീകരിക്കാവുന്നതാണ്.

### 2. 3. 3. 2. 2. ഗ്രന്ഥയക്ഷി

ഗ്രന്ഥയക്ഷി എന്ന മാന്ത്രികനോവൽ അപൂർവ്വാനുഭവമാണ് പങ്കുവെക്കുന്നത്. മന്ത്രവാദത്തിന്റെ നിഗൂഢതയും മാസ്മരികതയും ശക്തിസൗന്ദര്യവും അനുഭവിപ്പിക്കുന്ന നോവൽ ഭീതി ജനകമാന്ത്രികനോവലായി പരിഗണിക്കാവുന്നതാണ്.

ഗ്രന്ഥത്തിൽ ആവാഹനം ചെയ്യപ്പെട്ട യക്ഷി നടത്തുന്ന പൈശാചിക കൊലപാതകങ്ങളും തുടർന്നുള്ള അന്വേഷണവും ഉദ്വേഗം നിറഞ്ഞ അന്തരീക്ഷത്തിൽ അവതരിപ്പിക്കാൻ അശ്വതി തിരുനാളിന് കഴിഞ്ഞിരിക്കുന്നു. മനുഷ്യമനസ്സിന്റെ നിഗൂഢമായ അന്തരീക്ഷത്തെ പകർത്തിവെക്കുന്നുണ്ട് നോവൽ.

മഹാമാന്ത്രികനായ കരിവണ്ണൂർ മനയിലെ പരമേശ്വരൻ നമ്പൂതിരിപ്പാടിന്റെ മരണശേഷം മനയിലെ ദുർഗ്ഗാക്ഷേത്രത്തിന്റെ നിലവറയിൽ നിന്ന് സ്വാമി സത്യചിത്തൻ ഗ്രന്ഥയക്ഷിയെ എടുത്ത് ആവാഹനപ്പുരയിൽ വെക്കുന്നുണ്ട്. മാൻതോലുകൊണ്ട് അലങ്കരിച്ച പുറംചട്ടയുള്ള ആ ഗ്രന്ഥത്തിന്റെ വക്കിൽ രക്തം പറ്റിപ്പിടിച്ചിരിക്കുന്നു. ഗ്രന്ഥത്തിന്റെ ആദ്യത്തെ 12 പുറം മാത്രമേ വായിക്കാവൂ എന്ന് ആമുഖത്തിൽ എഴുതിവെച്ചിട്ടുണ്ട്. 13–ാം പുറം ഒരു കാരണവശാലും വായിക്കരുതെന്നും അത് വായിച്ചാൽ ഉണ്ടാകുന്ന അനുഭവത്തെ താങ്ങാൻ ആർക്കും കഴിയില്ലെന്നുമുള്ള മുറിയിപ്പ് നൽകുന്നുണ്ട്.

നമ്മുടെ നാട്ടിലുള്ള പരമ്പരാഗതമായ ചില യുക്തിനിരതമായ വിശ്വാസങ്ങളെ, നോവലിൽ അവതരിപ്പിക്കുന്നു. മനസംയമനമില്ലാത്ത ഒരാളുടെ പക്കലാണ് ഈ ഗ്രന്ഥമെത്തുന്നതെങ്കിൽ അത് അയാൾക്കും പിന്നീട് ലോകത്തിലും അപകടകരമായി തീരും. മനുഷ്യമനസ്സിന്റെ സങ്കല്പങ്ങൾക്ക് അതീതമായ അത്ഭുതസിദ്ധിയുള്ള ഗ്രന്ഥമായാണ് നോവലിസ്റ്റ് അതിനെ വിഭാവനം ചെയ്യുന്നത്.

ശാസ്ത്രത്തിന് പിടികിട്ടാത്ത അതീന്ദ്രിയ ശക്തികളെ നിലയ്ക്കു നിർത്താൻ സ്വാർത്ഥമോഹത്താൻ തന്റേതാക്കാൻ പരിശ്രമിക്കുന്ന മനുഷ്യർ സാമ്പത്തിക നേട്ടത്തിനുവേണ്ടി പൗരാണികതയെ വിലകല്പിക്കാതെ മോഷ്ടിക്കുന്നവർക്കുള്ള താക്കീതായി നോവലിലെ സംഭവങ്ങളെ കോർത്തുവെക്കാം. വിവേകമില്ലാതെ പെരുമാറുന്ന മനുഷ്യന് ഒടുക്കം പ്രകൃതിതന്നെ ശക്തമായ മറുപടി നൽകുമെന്നുള്ള സൂചനയാണ് ഇവിടെ നൽകുന്നത്.

"... മുകൾ നിലയിലെ ഷെൽഫിനുള്ളിലൊന്നിൽ നിന്ന് ഒരു തടിച്ച ഗ്രന്ഥം താഴേക്കുർന്നുവീണു. അതിന്റെ പുറം ചട്ടയിൽ രണ്ട് തീക്കണ്ണുകൾ തെളിഞ്ഞു. പേജുകൾക്കിടയിൽ നിന്ന് ഒരു ചോരച്ച നാവ് പുറത്തേയ്ക്ക് നീണ്ടുവരുന്നു.. ഗ്രന്ഥത്തിന്റെ വക്ക് നക്കിത്തുടച്ചു. പിന്നെ അനേകം ആരക്കാലുകളിൽ അത് മുന്നോട്ട് നീങ്ങി. ഇടയ്ക്കിടെ നാവുനീട്ടി കോണിപ്പടികൾ ഇറങ്ങിയ ഗ്രന്ഥം കറിയാച്ചന്റെ കസേരയുടെ പിന്നിലെത്തി. ഉറങ്ങാൻ തുടങ്ങുകയായിരുന്ന കറിയാച്ചന് അസഹ്യമായ ചോരമണം അനുഭവപ്പെട്ടു. ആ മണത്തിന്റെ ഉത്ഭവം തിരഞ്ഞ് അയാൾ പിന്നിലേക്ക് നോക്കി. അഴുകിയതും കൂർത്ത നഖങ്ങളുള്ളതുമായ രണ്ട് കൈകൾ നീണ്ടുവരുന്നത് അയാൾ കണ്ടു. ഞെട്ടിത്തരിച്ചുപോയ കറിയാച്ചന് നാവുയർത്താനായില്ല. അടുത്തക്ഷണം ആ കൈകൾ അയാളെ കഴുത്തിന് പിടിച്ച് തന്നിലേക്ക് വലിച്ചടുപ്പിച്ചു. കൂർത്ത ദംഷ്ട്രകളാൽ രക്തധമനി കടിച്ചുപൊട്ടിച്ചു..." (2004: 102).

ഭീകരതയുടെ വർണ്ണനകൾ ചടുലമായി വിവരിക്കുവാൻ ആഖ്യായികാകാരന് കഴിഞ്ഞിട്ടുണ്ട്. ചരിത്രത്തെ സത്യവും മിഥ്യയും ഇടകലർത്തി ആഖ്യാനം നിർവഹിക്കാനാണ് എഴുത്തുകാരൻ പരിശ്രമിച്ചത്.

### 2. 3. 3. 3. തിരൂർ ദിനേശ്

പ്രാദേശികചരിത്രത്തിന്റെ പിൻബലത്തോടെ യുക്തിയും അയുക്തിയും വിശകലനം ചെയ്ത് യുക്തിഭദ്രമായ ജീവിതത്തിൽ ആകസ്മികമായി വന്നുചേരുന്ന സംഭവപരമ്പരകളെ മാന്ത്രികനോവലിനു ഇതിവൃത്തമായി സ്വീകരിക്കുകയാണ് തിരൂർ ദിനേശ് ചെയ്യുന്നത്. താനൂർ തിരൂർ ദേശത്തെ നാടോടി വാമൊഴി ചരിത്രവും മിത്തും വിശ്വാസവും അദ്ദേഹത്തിന്റെ നോവലിന് വളക്കൂറുള്ള മണ്ണാണ്.

### 2. 3. 3. 3. 1. ദമ്പതി രക്ഷസ്സ്

ദമ്പതി രക്ഷസ് (2006) എന്ന മാന്ത്രികനോവൽ ദുർമ്മരണം സംഭവിച്ച ദമ്പതിമാർ പ്രേതരൂപികളായി പ്രതികാരനിർവഹണം നടത്തുന്ന കഥയാണ് ആഖ്യാനം ചെയ്യുന്നത്. ആധുനികകാലഘട്ടത്തിലെ മനുഷ്യന്റെ വിശ്വാസങ്ങളെ പ്രബലമാക്കുതോടൊപ്പം അത്തരം വിശ്വാസങ്ങൾക്കു പിന്നിലെ യുക്തി അന്വേഷിച്ച് കണ്ടെത്താനുള്ള വിഫലശ്രമവും അദ്ദേഹം നടത്തുന്നുണ്ട്..

തിരൂരിനടുത്തുള്ള തൃക്കണാപുരം മനയുടെ രക്ഷകനായി എത്തുന്ന കാളിയാട്ട് മാധവൻ നായർ, ആഭിചാര കർമ്മങ്ങൾ കൊണ്ട് പേരെടുത്ത മാന്ത്രികനാണ്. അയാളിലൂടെ മന്ത്രവാദത്തിന്റെ മാസ്മരികലോകം വായനക്കാർക്കു മുന്നിൽ തുറന്നിടുവാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. സ്ത്രീവിരുദ്ധമായ നിലപാടുകൾ പലപ്പോഴും നോവലിൽ കാണാം. പുരുഷാധികാരത്തിന്റെ സാമൂഹികതയാണ് മാന്ത്രിക നോവലിൽ പൊതുവെ ഉയർന്നുവരുന്ന അധികാരതലം. "പെണ്ണ് തുള്ളിയാൽ എത്രത്തോളം തുള്ളുമെന്ന് എനിക്കറിയാം." (2006: 58) കാളിയാട്ട് മാധവൻനായർ ദമ്പതി രക്ഷസിലെ സ്ത്രീ രക്ഷസ്സിനുനേരെ ആക്രോശിക്കുമ്പോൾ അയാളുടെ ഉള്ളിലുള്ള ആൺകോയ്മ വെളിവാകുന്നുണ്ട്.

രക്ഷസ്സുകളെ ബന്ധിക്കേണ്ടത് ഉത്തമകർമ്മത്തിലാണെന്നും അധമരീതി അവലംബിച്ചാൽ നാശമാണ് ഫലമെന്നും ചന്തുവിലൂടെ ഓർമ്മിപ്പിക്കുന്നു. നോവലിലെ സ്ഥലകാലങ്ങൾ ദൃശ്യബിംബങ്ങളായി വായനയിൽ നിറയുന്നുണ്ട്. "... തൂങ്ങികിടക്കുന്ന വള്ളികളും ചിത്രോടക്കല്ലുകളുമുള്ള സർപ്പക്കാവ്, ചീവിടുകളും വെരുകും ഉഗ്രസർപ്പങ്ങളും രാപാർക്കുന്ന പെരുംകാവിൽ . നാഗങ്ങളുടെ കരിങ്കൽ പ്രതിമകൾ സ്ഥാപിച്ച നാഗത്തറകൾ..."

ഭീതിതമായ അന്തരീക്ഷകല്പനകൾ നിറഞ്ഞ 'ദമ്പതിരക്ഷസ്' അത്ഭുതവും ഉദ്വേഗവും നിറഞ്ഞതാണ്. മരണത്തിനുശേഷവും വിടാതെ പിന്തുടരുന്ന പാപചിന്ത ചില

മനുഷ്യരെ ആഴത്തിൽ ഭരിക്കുന്നുണ്ട്. അത്തരം പാപചിന്ത, ഭീതിതമായ ജീവിതാന്തരീക്ഷമാണ് അത്തരക്കാരിൽ നിറയ്ക്കുന്നത്. സമൂഹം അനുശാസിക്കുന്ന ധാർമ്മികബോധത്തിനകത്തുനിന്നാണ് നോവലിസ്റ്റ് ആഖ്യാനം നിർവഹിക്കുന്നത്. ആത്യന്തികമായി നന്മയുടെ പക്ഷത്ത് സഞ്ചരിക്കാനുള്ള പരിശ്രമം അദ്ദേഹം നടത്തുന്നുണ്ട്.

### 2. 3. 3. 3. 2. തമ്പുരാട്ടിക്കല്ല്

"തമ്പുരാട്ടിക്കല്ല്" (2005) തികച്ചും കല്പിതമായ ഒരു ഇതിവൃത്തത്തിന്റെ യഥാതഥമായ ആവിഷ്ക്കാരമാണ് നിർവഹിക്കുന്നത്. ജനപ്രിയാഖ്യാനത്തിന് ശക്തിപകരുന്ന ഭാഷയും പ്രമേയവുമാണ് ഇവിടെ സ്വീകരിച്ചിരിക്കുന്നത്. കഥ നടക്കുന്ന സ്ഥലകാലപശ്ചാത്തലം പ്രസക്തമല്ല. ആലിശ്ശേരി കോവിലകത്തെ അശ്വതിതമ്പുരാട്ടിയ്ക്കു നേരിടേണ്ടിവരുന്ന ദുരന്താനുഭവങ്ങളാണ് ഇതിവൃത്തം. തിരൂരിനടുത്ത ആലിശ്ശേരി കോവിലകവുമായി ബന്ധപ്പെട്ട കാല്പനികമായ ഇതിവൃത്തം മെനഞ്ഞെടുക്കുവാനാണ് തിരൂർ ദിനേശ് പരിശ്രമിക്കുന്നത്.

### 2. 3. 3. 4. സുദീപ് തെക്കേപ്പാട്ട്

കോഴിക്കോട് ജില്ലയിലെ പുതിയറയിലാണ് സുദീപ് ജനിച്ചത്.  സർഗാത്മകതയ്ക്കു ജനകീയ മുഖം നഷ്ടപ്പെട്ടതാണ് വായനയുടെ അകൽച്ചയ്ക്കു ഒരു പരിധിവരെ കാരണമെന്ന് അദ്ദേഹം വിശ്വസിക്കുന്നു. ജീവിതപരിമിതികളാൽ അറിവിന്റെ ബാലപാഠങ്ങൾ മാത്രം സ്വായത്തമാക്കാൻ സാധിച്ച സാധാരണ ജനതയിൽ വായനാസംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിൽ ജനകീയ സാഹിത്യങ്ങൾക്ക് നിസ്തുലമായ പങ്കുണ്ട്.

### 2. 3. 3. 4. 1. ദേവമനോഹരി

ദേവമനോഹരി (2012) എന്ന മാന്ത്രികനോവലിലൂടെ ഉദ്വേഗജനകമായ നിമിഷങ്ങൾ വായനക്കാർക്കു സമ്മാനിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. പരകായ പ്രവേശത്തിന്റെ അത്ഭുതലോകം നോവലിൽ വിവരിക്കുന്നുണ്ട്. 'കാലങ്ങൾക്കപ്പുറം ജീവിച്ച

മരിച്ച ആത്മാവാണ് അനന്തപത്മനാഭന്റേത്. സന്നിവേശത്തിലൂടെ മറ്റാരുടെയോ ശരീരത്തിൽ കയറിക്കൂടി ആകാരമാറ്റം നടത്തിയാണ് അയാൾ ഭൂമിയിൽ എത്തിയത്. ( 2012: 127)

ഉദയപുരം തറവാട്ടിൽ വെച്ച് അപമൃത്യു വരിച്ച മനോഹരിയെ അവിടുത്തെ കാരണവർ ചെമ്പുകുടത്തിൽ ആവാഹിച്ച് തറവാടിന്റെ വടക്കുവശത്തുള്ള ആൽമരത്തിനു ചുവട്ടിൽ കുഴിച്ചിടുന്നു. കാലങ്ങൾക്കുശേഷം കുടത്തിൽ നിന്നും മോചിപ്പിക്കപ്പെട്ട അവൾ പ്രതികാരനിർവഹണം നടത്തുന്നു. പല ആപത്ഘട്ടത്തിലും ഗൗളിയുടെ രൂപത്തിൽ വന്ന് സ്വന്തം പിതാവ് തന്നെയാണ് ദേവദത്തന് രക്ഷയാകുന്നത്. പ്രതിഷ്ഠാപീഠം, ഗന്ധർവ്വൻ കോട്ട തുടങ്ങി തറവാടിന്റെ നിഗൂഢസ്ഥലങ്ങൾ ചുറ്റിപ്പറ്റിയാണ് നോവൽ പ്രമേയമവതരിപ്പിക്കുന്നത്. യക്ഷി മാന്ത്രികകഥകളുടെ പാരമ്പര്യ മൂശയിൽ വാർന്നു വീണ നോവൽ. തറവാട്, ബ്രാഹ്മണ്യം, താന്ത്രികം എന്നിവയിൽ ഊറ്റംകൊള്ളുന്ന ഒരു ഭൂതകാലത്തെ നോവലിലൂടെ ഉയർത്തി കൊണ്ടുവരുവാനുള്ള ശ്രമം നോവലിസ്റ്റ് നടത്തുന്നുണ്ട്..

## 2. 3. 3. 5. ഇഗ്നേഷ്യസ് വാര്യത്ത്

എറണാകുളത്ത് തൃപ്പൂണിത്തുറയിൽ ജനിച്ചു. ദോഹയിൽ എഞ്ചിനീയറായി പ്രവർത്തിക്കുന്നു. രുദ്രാംഗന, മൃത്യുഞ്ജയ എന്നീ മാന്ത്രികനോവലുകൾ അദ്ദേഹം രചിച്ചു. തികച്ചും സാങ്കല്പികമായ ഇതിവൃത്തമാണ് രുദ്രാംഗന എന്ന ആഖ്യായികയ്ക്കുവേണ്ടി സ്വീകരിച്ചത്. ലളിതമായ ഭാഷയിലൂടെ കഥപറയുന്നരീതി ആദ്യം മുതൽ അവസാനം വരെ വായനക്കാരെ മുഷിപ്പിക്കാതെ കൊണ്ടുപോകാൻ സാധിക്കുന്നതാണ്.

### 2. 3. 3. 5. 1. രുദ്രാംഗന

വിദ്യാസമ്പന്നനായ വിഷ്ണുദത്തൻ നമ്പൂതിരി ആലങ്ങോട്ട് മനയിൽ കെയർ ടേക്കറായി ജോലിക്കെത്തുന്നു. മനയിലെ ചില അദൃശ്യശക്തികൾക്കു മുന്നിൽ പിടിച്ചു നിൽ-

ക്കാൻ കഴിയാതെ പലരും മരണം വരിച്ചിട്ടുണ്ട്. സൂര്യകാവ് ഇല്ലത്തെ ഏക ആൺ സന്തതിയായ വിഷ്ണുദത്തനു മുന്നിൽ മനയിലെ കാവൽ യക്ഷിയായ രുദ്രയെന്ന ശ്രീ-പാർവ്വതിയുടെ തോഴിയായ ദേവാംഗന പ്രത്യക്ഷയാകുന്നു. രുദ്രവിഷ്ണുവുമായി സൗഹൃദം സ്ഥാപിക്കുന്നു. തന്റെ ലക്ഷ്യം ആലങ്ങോട്ടെ കണക്കറ്റ സ്വത്തുക്കൾ യഥാർത്ഥ അവ-കാശികൾക്കു എത്തിച്ചു നൽകുക എന്നതാണെന്ന് വെളിപ്പെടുത്തുന്നു.

രുദ്രയിലൂടെ ആലങ്ങോട്ട് മനയുടെ ചരിത്രം മനസ്സിലാക്കിയ വിഷ്ണുദത്തൻ രുദ്ര-യെ സഹായിക്കുന്നു. മന കൈക്കലാക്കാൻ വരുന്ന മാനുഷിക ശക്തികൾക്കും പൈശാ-ചിക ശക്തികൾക്കുമെതിരെ രുദ്രയും വിഷ്ണുവും നടത്തുന്ന യുദ്ധങ്ങൾക്കും തന്ത്രങ്ങൾക്കും ശുഭകരമായ പര്യവസാനം നൽകി മന അതിന്റെ യഥാർത്ഥ ഉടമയ്ക്ക് നൽകുന്നു. മുത്തി-ശ്ശിക്കഥയുടെ കെട്ടുംമട്ടും വായനയെ ജനപ്രിയമാക്കുന്നതാണ്. തികച്ചും കാല്പനികമായ പ്രമേയത്തെ കലാപരമായ വിശ്വസനീയതയോടെ അവതരിപ്പിക്കാൻ ഇന്ദേഷ്യസ് വാര്യത്തിന് സാധിച്ചിട്ടുണ്ട്.

### 2. 3. 3. 5. 2. മൃത്യുഞ്ജയ

മൃത്യുഞ്ജയ (2016) എന്ന മാന്ത്രികനോവൽ മാന്ത്രികതാന്ത്രികവിദ്യകളുടെ സമ-ന്വയത്തിന്റെ സൗന്ദര്യമാണ് പങ്കുവെക്കുന്നത്. ചതിയും വഞ്ചനയും സാത്വികമായ ജീ-വിതത്തിനുമേൽ എങ്ങനെയെല്ലാം കരിനിഴൽ വീഴ്ത്താനാകും എന്ന് 'മൃത്യുഞ്ജയ' ചൂണ്ടി-ക്കാണിക്കുന്നു. ആര്യങ്കോട് ഗ്രാമത്തിലെ മാന്ത്രിക പാരമ്പര്യമുള്ള ഇല്ലത്തെ ഋഗ്വേദി-യായ വാസുദേവൻ നമ്പൂതിരിയെയും കുടുംബത്തെയും സർവ്വനാശത്തിലേക്കു തള്ളിയിട്ട കരപ്രമാണിയായ വർക്കിച്ചൻ മുതലാളി കൂട്ടിപിടിച്ചത് ദുർമന്ത്രവാദിയായ നാറാണത്ത് കൈമളെയാണ്. ആര്യങ്കോട് ഇല്ലത്തെ സർവ്വശക്തിയും ഐശ്വര്യവുമായ നാഗമാണി-ക്യം സ്വന്തമാക്കിയ നാറാണത്തു കൈമൾ തനിക്കു വരാനിരിക്കുന്ന ദുർവിധി അറിയു-ന്നില്ല. വാസുദേവൻ നമ്പൂതിരിയുടെ മകൻ ദേവനാരായണൻ പ്രതികാര മനസ്സുമായി

ശക്തിപ്രാപിച്ച തിരിച്ചുവരുന്നതോടെ ദുർമ്മന്ത്രവാദവും സന്മന്ത്രവാദവും തമ്മിലുള്ള സംഘട്ടനം ആരംഭിക്കുന്നു.

മന്ത്രങ്ങൾക്ക് ശക്തിപ്രഭാവമുണ്ട്. പ്രയോഗിക്കുന്നതിന്റെയും അനുഷ്ഠിക്കുന്നതി-ന്റെയും രീതിഭേദമനുസരിച്ചാണ് അതിൻ്റെ ഫലം ലഭിക്കുക. ഉപാസനാമൂർത്തികളുടെ വിധേയത്വം അടിമത്തമല്ലെന്ന് മനസ്സിലാക്കുന്നിടത്താണ് ഒരു മാന്ത്രികന്റെ വിജയം ആരംഭിക്കുന്നത്. നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനത്തിൽ ആത്യന്തികമായി നന്മതന്നെ ജയിക്കണമെന്ന് നോവലിസ്റ്റിന് നിർബന്ധമുണ്ട്. യഥാർത്ഥത്തിൽ 'മൃത്യ-ഞ്ജയ' ഒരു മാന്ത്രിക യുദ്ധമാണ് വായനക്കാർക്ക് നൽകുന്നത്.

**2. 4. സംഗ്രഹം**

ലോകത്തുള്ള ഏതു ഭാഷയിലും സംസ്കാരത്തിലും മനുഷ്യാതീതശക്തികളുടെ നിഗൂഢമായ ലോകത്തിന് സാഹിത്യഭാഷ്യം രചിക്കപ്പെട്ടിട്ടുണ്ട്. പ്രാക്തനമനുഷ്യന്റെ ജീവിതക്രമം, ആചാരം, അനുഷ്ഠാനം എന്നിവയിൽ മാന്ത്രികതയുടെ സ്വാധീനം കാ-ണാവുന്നതാണ്.

ജനപ്രിയസാഹിത്യത്തിന്റെ വികാസം വായനയുടെ വളർച്ചയുടെ ഘട്ടം കൂടിയാ-യിരുന്നു. 1960-കൾക്കുശേഷം ഭാരിച്ച ജീവിതദർശനങ്ങൾ ആഖ്യാനത്തിൽ കൊണ്ടുവ-രുന്നതിനുപകരം ജീവിതത്തെ വിനോദപരമായി സമീപിക്കുവാനാണ് എഴുത്തുകാർ ശ്രമിച്ചത്. മനുഷ്യന്റെ ജിജ്ഞാസയെ ശമിപ്പിക്കുന്നതിനുവേണ്ടി, ഡിറ്റക്ടീവ്, പോലീസ് കഥകൾ നോവലിന്റെ പ്രമേയത്തിൽ കടന്നുവന്നു. മനുഷ്യന്റെ സഹജമായുള്ള കൗതുക-ത്തെയും ആകാംക്ഷയെയും ജിജ്ഞാസയെയും ത്വരിതപ്പെടുത്തി സാഹസികതപുല്കുന്ന-വരായി വായനക്കാരെ മാറ്റാൻ ഈ ഘട്ടത്തിലെ കൃതികൾക്കു സാധിച്ചു.

സാധാരണത്വത്തിൽ അസാധാരണത്വം കണ്ടെത്തുന്ന രീതിയാണ് പൊതുവെ ആ കാലഘട്ടത്തിൽ എഴുത്തുകാർ സ്വീകരിച്ചിരുന്നത്. പാശ്ചാത്യ ഹൊറർ, ഡിറ്റക്റ്റീവ്

നോവലുകളുടെ സ്വാധീനത്തിൽ ധാരാളം കുറ്റാന്വേഷണനോവലുകൾ രചിക്കപ്പെട്ടു. പലതും നമ്മുടെ മണ്ണിന്റെതായിരുന്നില്ല. കുറ്റാന്വേഷണനോവലിന്റെ ഉപവിഭാഗം എന്നനിലയിലാണ് മാന്ത്രിക നോവൽ ഉദയം ചെയ്തത്. കേരളീയമായ പ്രകൃതി, കാലം, സ്ഥലം എന്നിവ മലയാള മാന്ത്രിക നോവലുകളിൽ അവതരിപ്പിച്ചു. മോഹനചന്ദ്രൻ, പി ജി തമ്പി, പി വി തമ്പി, കോട്ടയംപുഷ്പനാഥ്, ഏറ്റുമാനൂർ, ജോൺആലുങ്കൽ, സുനിൽപരമേശ്വരൻ, സ്വാമി, അശ്വതിതിരുനാൾ, തിരുർദിനേശ്, ഇഗ്നേഷ്യസ് വാര്യത്ത് എന്നിവരുടെ മാന്ത്രികനോവലുകളാണ് ഇവിടെ വിവരിച്ചത്. മലയാളത്തിലെ ആദ്യത്തെ മാന്ത്രികനോവൽ മോഹനചന്ദ്രന്റെ കലികയാണെന്ന് പറയപ്പെടുമ്പോഴും ജോൺ ആലുങ്കലിന്റെ മാന്ത്രികമഷിയെ ഒന്നാമത്തെ മാന്ത്രികനോവലായി സിഐസിസി ബാലചന്ദ്രൻ അവരോധിക്കുന്നത് അദ്ദേഹവുമായി നടത്തിയ അഭിമുഖഭാഷണത്തിൽ അത് വിതർക്കമായി അംഗീകരിക്കുന്നുണ്ട്. പ്രൊഫസർ ഷാജിജേക്കബ്. തന്റെ മലയാള നോവൽ ഭാവനയുടെഭൂപടം എ ഗ്രന്ഥത്തിൽ ഇതേ അഭിപ്രായം തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

1980-കളിൽ തുടങ്ങു ന്ന ചരിത്രപാരമ്പര്യമാണ് മലയാള മാന്ത്രികനോവലുകൾക്ക് അവകാശപ്പെടാനുള്ളത്. ജനപ്രിയാഖ്യാനത്തിന്റെ വികാസം സംഭവിച്ച ഘട്ടമായിരുന്നു അത്. പ്രധാനമായും കേരളീയമായ സന്ദർഭത്തിലേക്ക് പാശ്ചാത്യ ഭീതിജനകമായ ഭാവനയെ പകർത്തിവെക്കാനാണ് മാന്ത്രികനോവലിസ്റ്റുകൾ പരിശ്രമിച്ചത്. ചരിത്രപരമായി - നോവലിനെ വിശകലനം ചെയ്യുമ്പോൾ ജനപ്രിയ സാഹിത്യ മാതൃകകളെയാണ് ആധാരമാക്കേണ്ടത്. ചരിത്രം എന്നു പറയുമ്പോൾ നോവലിലെ ചരിത്രം, നോവലിന്റെ ചരിത്രം എന്ന് രണ്ട് ഘടകങ്ങളെ സ്വീകരിക്കേണ്ടതായി വരും. ഇന്നലെയുള്ള വസ്തുതകളുടെ സമാഹാരമാണ് പലപ്പോഴും ചരിത്രമായിമാറുന്നത്. മലയാള നോവൽ ചരിത്രത്തിൽ മാന്ത്രികനോവലിന് എവിടം മുതൽ സ്വാധീനിക്കാനായിട്ടുണ്ട്, ആരെല്ലാമാണ് ഈ ഘട്ടത്തിലെ എഴുത്തുകാർ, എഴുത്തുകാരുടെ ആഖ്യായികകളുടെ സവിശേഷതകൾ, പ്രധാനപ്പെട്ടകൃതികൾ, പ്രമേയം, ആഖ്യാനം എന്നിവയുടെ

വെളിച്ചത്തിൽ വർഗ്ഗീകരിക്കുകയാണ് ഇവിടെ ചെയ്തത്. നിലവിൽ മാന്ത്രിക നോവൽ പ്രസാധകരിൽ നിന്ന് അന്യം നിന്നുപോയിരിക്കുന്നു. അതിനാൽ തന്നെകൂടുതൽ നോവലുകൾ ശേഖരിക്കുവാനുള്ള മാർഗ്ഗങ്ങൾ ഇല്ലാതായിരിക്കുന്നു. നമ്മുടെ ഗ്രന്ഥസൂചികളിൽ വളരെ വിരളമായാണ് മാന്ത്രികനോവൽ അടയാളപ്പെടുത്തിയിരിക്കുന്നത്. അതിനാൽ തന്നെ മാന്ത്രികനോവൽ മിക്കതും എഴുതിയ യഥാർത്ഥ കാലം അല്ല ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. കിട്ടിയ നോവലുകളിലെ എഡിഷനുകൾ നോക്കിയാണ് വർഷം അടയാളപ്പെടുത്തിയിരിക്കുന്നത്.

മാന്ത്രികനോവലിൽ കേരളീയ സവർണ്ണ സംസ്കാരത്തിന്റെ ഭൂതകാല ചരിത്രം ഉൾച്ചേർന്നിട്ടുണ്ട്. കേരളീയമായ പ്രകൃതിയുടെയും കാവ് സംസ്കാരത്തിൻ്റെയും പാരിസ്ഥിതികമായ ചരിത്രംകൂടി ഇഴചേർന്നിട്ടുണ്ട്. ആഭിജാത്യം, തറവാട്, അന്തസ്സ് എിങ്ങനെയുള്ള സാമൂഹ്യശ്രേണീഘടകങ്ങൾ നോവലിന്റെ ചരിത്രത്തോടൊപ്പം നിൽക്കുന്ന ഘടകങ്ങളാണ്. ചതി, വഞ്ചന, പാപബോധം തുടങ്ങി ആധുനിക മനുഷ്യജീവിതത്തെ സാരമായി ബാധിക്കുന്ന അപരങ്ങൾ തന്നെമാന്ത്രികനോവലിന്റെ സവിശേഷതയായി സ്വീകരിക്കാവുന്നതാണ്. പ്രാദേശിക ദേശചരിത്രവും, വാമൊഴി ചരിത്രവും മാന്ത്രിക നോവലുകളിൽ നിന്നു വായിച്ചെടുക്കാവുന്നതാണ്. 1980-കളിൽ തുടങ്ങുന്ന മലയാളിയുടെ പൊതു ബോധഘടനയും, സ്ത്രീ-പുരുഷ, ലിംഗ ബോധവും നിഴലിക്കുന്ന ആഖ്യാനമായി മാന്ത്രിക നോവൽ മാറുന്നത് കാണാം.

ഒരു സംസ്കാരം എന്ന നിലയിൽ നമുക്കുള്ള സ്വത്വത്തെ ഏതെങ്കിലും വിധത്തിൽ സ്പർശിക്കുന്ന പ്രതിരൂപങ്ങളെ വായനാമാതൃകകളായി സ്വീകരിക്കാവുന്നതാണ്. ഉദാഹരണമായി പുരാവൃത്തം, ഗൂഢശാസ്ത്രം എന്നിവ മാന്ത്രിക നോവലുകളിൽ ഇത്തരം സംസ്കാരത്തിന്റെ പ്രതിരൂപങ്ങളുടെ പാരസ്പര്യമാണ് സൃഷ്ടിക്കുന്നത്. ആത്മസദൃശ്യമെന്ന നിലയിൽ മുഴുവൻ മാന്ത്രികനോവലിലും ഇത്തരം സദൃശഘടകങ്ങൾ കാണാൻ കഴിയുന്നതാണ്.

## അദ്ധ്യായം 3

# പാരമ്പര്യം,
# നാട്ടറിവ്,
# ആധുനികത

### 3. 0. ആമുഖം

ജനപ്രിയാഖ്യാനരൂപമായ മാന്ത്രികനോവലിൽ നാടോടിപാരമ്പര്യത്തിന്റെ ശക്തമായ സ്വാധീനമുണ്ട്. സമൂഹത്തിന്റെ വിശാലസാംസ്കാരികതലത്തെ പ്രതിനിധാനം ചെയ്യുന്ന നോവൽ അതേ സാംസ്കാരികതലത്തിലെ മറ്റൊരു ജ്ഞാനസരണിയിലെ പാരമ്പര്യഘടകങ്ങളുടെ കലവറയായി മാറുന്നുണ്ട്. ജനതയുടെ അറിവുകൾ പങ്കുവയ്ക്കാനുള്ള അർത്ഥപൂർണ്ണമായ വഴിയായി ഒരുതരത്തിൽ നോവലിനെ വായിക്കാം. ഒരാളുടെ ബോധപൂർവമായ സൃഷ്ടിയാണത്. സമൂഹത്തിന്റെ സംഘസ്വഭാവത്തെ നാട്ടറിവ് പാരമ്പര്യം പങ്കുവെക്കുന്നു. ഒരു സംസ്കാരത്തിന്റെ അനുഭവത്തിലൂടെ ആർജ്ജിച്ചെടുത്ത അറിവ് മറ്റൊരു തലമുറയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്ന സാംസ്കാരികസംക്രമണമാണ് നാട്ടറിവുപാരമ്പര്യത്തിന്റെ സന്നിവേശത്തിലൂടെ എഴുത്തുകാർ നിർവഹിക്കുന്നത്. മാന്ത്രികനോവലുകളിലൂടെ നാട്ടറിവുസംസ്കാരത്തിന്റെ ജനകീയമായ പകർന്നുവയ്ക്കലാണ് നടക്കുന്നത്. അതിന്റെ പിന്നിൽ വ്യത്യസ്തതയ്ക്കും ജനപ്രിയതയ്ക്കും വേണ്ടിയുള്ള എഴുത്തുകാരന്റെ ആഗ്രഹം പ്രവർത്തിക്കുന്നു. ലാളിത്യം നാട്ടറിവുപാരമ്പര്യത്തിന്റെ ഘടനയാണെങ്കിൽ അത്തരം അയത്നലളിതമായ ആഖ്യാനത്തിലൂടെ ജനപ്രിയസ്വഭാവം കൈവരിച്ച രചനകളാണ് മലയാളത്തിലെ മാന്ത്രികനോവലുകൾ. നോവലുകളിൽ വിനിമയം ചെയ്യപ്പെടുന്ന നാടോടിപാരമ്പര്യത്തെയും സംസ്കാരത്തെയും തിരഞ്ഞെടുത്ത മാന്ത്രികനോവലുകളെ അടിസ്ഥാനമാക്കി വിശകലനം ചെയ്യാം.

### 3. 1. പാരമ്പര്യം, നാട്ടറിവ്, ആധുനികത–മാന്ത്രികനോവലുകളുടെ ഉത്പത്തിസ്രോതസ്സുകൾ

മാന്ത്രികനോവലുകളുടെ ഉത്ഭവസങ്കല്പനത്തിലെ ശ്രദ്ധേയമായ അടിയടരുകളായി നില്ക്കുന്നത് പാരമ്പര്യവും നാട്ടറിവും ആധുനികസന്ദർഭവുമാണ്. ആധുനികമായ കലാലോകവീക്ഷണം മലയാളത്തിൽ പ്രചലിതമായ ചരിത്രഘട്ടത്തിലാണ് ഈ നോവൽജനുസ്സിന്റെ ഉത്പത്തി. അവ സംവഹിച്ചതാകട്ടെ പാരമ്പര്യത്തിന്റെയും അതിനു-

ള്ളിലെ നാട്ടറിവിന്റെയും ബഹുലമായ സാദ്ധ്യതകളെയും. അങ്ങനെ മാന്ത്രികനോവലുകൾ സൗന്ദര്യശാസ്ത്രപരമായും രാഷ്ട്രീയമായും പുതിയൊരു സംവാദമണ്ഡലം തുറന്നിട്ടു. പാരമ്പര്യത്തോട് ഇടഞ്ഞും ഇണചേർന്നുമാണ് ആധുനികത മലയാളത്തിൽ പ്രവർത്തിച്ചത്. എന്നാൽ പാരമ്പര്യാംശങ്ങളെയും അതിനുള്ളിലെ നാട്ടറിവുരൂപങ്ങളെയും സമൃദ്ധമായി സന്നിവേശിപ്പിച്ചുകൊണ്ട് നോവലിനെ കൂടുതൽ ആളുകളുടെ ശ്രദ്ധയിലേയ്ക്കു കൊണ്ടുവരാനാണ് മാന്ത്രികനോവലിസ്റ്റുകൾ ശ്രമിച്ചത്. ആധുനികത ഉന്നയിച്ച സൗന്ദര്യാത്മകമായ ആസൂത്രണമോ ദാർശനികമായ അഗാധതയോ അർഥപരമായ ആഴമോ അല്ല, വിനോദോന്മുഖം മാത്രമായ വിഭവപ്രദാനവും ലീലാപരതയും ആഴമില്ലായ്മയുമാണ് ഈ നോവൽവിഭാഗത്തിൽ നാം കാണുന്നത്.

### 3. 1. 1. പാരമ്പര്യം

പാരമ്പര്യം എന്നാൽ പരമ്പരയായുള്ളത് എന്നർഥം. ഒരു തലമുറയിൽനിന്ന് അടുത്ത തലമുറയിലേയ്ക്ക് കൈമാറിവരുന്ന അറിവുരൂപങ്ങളും അനുഭവലോകങ്ങളും ആവിഷ്കാരസമ്പ്രദായങ്ങളുമെല്ലാം അതിൽ വരും. പാരമ്പര്യത്തിന് ജനിതകം എന്നും സാമൂഹികം എന്നും രണ്ടു വിഭാഗങ്ങളുണ്ട്. ജനിതകപാരമ്പര്യം ജീവശാസ്ത്രപര(Biological)മാണ്. അതിൽ ജ്ഞാനവിനിമയം ജീനുകളിലൂടെയാണ് സംഭവിക്കുന്നത്. അവ പലപ്പോഴും പൂർവനിർണീതമായ ക്രമവും വഴിയും സ്വീകരിക്കുന്നു. സാമൂഹികപാരമ്പര്യം മനുഷ്യന്റെ സൃഷ്ടിയാണ്. സംസ്കാരത്തിന്റെ വ്യവഹാരമണ്ഡലത്തിനുള്ളിൽ മനുഷ്യൻ നിർമിച്ചെടുക്കുന്ന അറിവുരൂപങ്ങളുടെ ഒഴുക്കിനെ സൂചിപ്പിക്കുന്ന പദമാണത്. നിരന്തരപരിണാമിത്വവും ബഹുപാഠഘടനയും അതു കാത്തുസൂക്ഷിക്കുന്നു. പാരമ്പര്യഘടകങ്ങളുടെ നിലനില്പ് ധർമപരത(Functionality)യെ ആശ്രയിച്ചുനില്ക്കുന്നു. പാരമ്പര്യഘടകങ്ങളുടെ ഉത്പാദനത്തിലും ഉപഭോഗത്തിലും അധികാരബന്ധങ്ങൾ പ്രവർത്തിക്കുന്നുമുണ്ട്.

ഒരു സമൂഹത്തിന്റെ ലോകവീക്ഷണത്തിൽ ആ സമൂഹത്തിന്റെ വൈവിധ്യമേറിയ പാരമ്പര്യധാരണകൾക്ക് നിർണായകസ്ഥാനമുണ്ട്. പാരമ്പര്യഘടകങ്ങൾ സമൂഹത്തിലെ ഓരോ തലത്തിലും ഏറ്റവുമധികം സ്വാധീനം ചെലുത്തുന്നു.

### 3. 1. 2. നാട്ടറിവ് – ഘടനയും രാഷ്ട്രീയവും

ഒരു ജനസാമാന്യത്തിന്റെ ഭൗതികവും ആത്മീയവുമായ ജീവിതസമ്പ്രദായമാണ് ഫോക്‌ലോർ. നാട്ടറിവിന് തത്തുല്യമായ വാക്കാണ് ഫോക്‌ലോർ. 'ജനസമൂഹം' എന്നർത്ഥം വരുന്ന 'ഫോക്', 'അറിവ്' എന്നർത്ഥം വരുന്ന 'ലോർ' എന്നീ വാക്കുകൾ ചേർന്നാണ് ഫോക്‌ലോർ എന്ന സമസ്തപദം ഉണ്ടായത്. നാട്ടുവഴക്കം, നാടൻകല, നാട്ടറിവ് എന്നീ പദങ്ങളും ഫോക്‌ലോറിന് സമാനമായി സ്വീകരിച്ചുവരുന്നുണ്ട്. എം.വി.-വിഷ്ണുനമ്പൂതിരിയുടെ 'നാടോടിവിജ്ഞാനീയം' എന്ന പദം ഏറെ പ്രസിദ്ധമാണ്.

'ഫോക്‌ലോർ' ഒരു ജനതയുടെ ജീവിതാനുഭവമാണ്, സ്വത്വാവിഷ്കാരമാണ്, ചെറുത്തുനില്പിന്റെ സമരരൂപമാണ്, വാങ്മയചരിത്രമാണ്, കാലത്തിന്റെ അടയാളപ്പെടുത്തലാണ്. ബോധപൂർവ്വമല്ലാത്ത ചിന്തകളുടെയും വികാരങ്ങളുടെയും അനുഭൂതികളുടെയും ആവിഷ്കാരമാണ്. ജനപ്രിയസംസ്കാരത്തിന്റെ അക്കാദമികനിർവ്വചനം ഫോക്‌ലോറിനെക്കൂടി ഉൾപ്പെടുത്തികൊണ്ടുള്ളതാണ്.  സാമാന്യജനങ്ങൾ ആചരിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന സംസ്കാരത്തെയാണ് ജനപ്രിയസംസ്കാരം എന്നു പറയുന്നത്. അനൗപചാരികതയാണ് ജനപ്രിയസംസ്കാരത്തിന്റെ മുഖമുദ്ര. ജനങ്ങളുടെ ഓരോ ആവിഷ്കാരത്തെയും ഉത്സവമാക്കി മാറ്റുകയാണിവിടെ. നാടോടിപാരമ്പര്യപഠനം ദൈനംദിനജീവിതത്തിന്റെ ഭാഗമായ സംസ്കാരഘടകങ്ങളെ ആഴത്തിൽ മനസ്സിലാക്കാൻ ശ്രമിക്കുന്നു.  ജനപ്രിയസംസ്കാരത്തെ പഠനവിധേയമാക്കാൻ അതത് കൂട്ടായ്മയുടെ നാട്ടറിവുപാരമ്പര്യത്തെ പഠനവിധേയമാക്കുകയാണു വേണ്ടത്. പരസ്പരപൂരകമായ ബന്ധമാണ് നാട്ടറിവുപാരമ്പര്യത്തിനും ജനപ്രിയസംസ്കാരത്തിനുമുള്ളതെന്നു പറയാം.

ഒരു ജനസാമാന്യത്തിന്റെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ ഘടകങ്ങളും നാട്ടറിവ് രൂപങ്ങളാണ്. വാമൊഴിപാരമ്പര്യം, നാടോടികലാപാരമ്പര്യം, വാസ്തുവിദ്യ, തൊഴിൽ, ആചാരം, അനുഷ്ഠാനം തുടങ്ങി ജനജീവിതത്തിന്റെ സമസ്തമേഖലകളുടെയും പ്രതിനിധാനങ്ങളാണവ. മിത്ത്, ഐതിഹ്യം, പുരാവൃത്തം, പഴഞ്ചൊല്ല്, നാടൻപാട്ട്, നാടോടിക്കഥ, കടംകഥകൾ, നാടൻഭാഷ തുടങ്ങിയവയെല്ലാം ശ്രദ്ധേയങ്ങളായ വാമൊഴിഘടകങ്ങളാണ്. പൊതുമണ്ഡലത്തിന്റെ വ്യാകരണത്തെയും സൗന്ദര്യശാസ്ത്രത്തെയും ചോദ്യം ചെയ്തുകൊണ്ട് പ്രത്യക്ഷപ്പെടുന്ന അറിവുരൂപങ്ങളാണിവ. പാരമ്പര്യത്തിന്റെ പിൻബലത്തോടെയാണ് സമൂഹത്തിൽ വിശ്വാസം രൂപപ്പെടുന്നത്. വ്യക്തിയുടെ ആചാരം, അനുഷ്ഠാനം, വിശ്വാസങ്ങൾ, ആരാധനാക്രമം, മന്ത്രതന്ത്രങ്ങളിലും ജ്യോതിഷത്തിലുമുള്ള വിശ്വാസങ്ങൾ തുടങ്ങിയവയെല്ലാം നാട്ടറിവുപാരമ്പര്യത്തിൽ ഉൾപ്പെടുത്താം. ഒരു ജനപദത്തിന്റെ ജീവനോപായങ്ങളും ആഹ്ലാദനോപാധികളുമാണ് ഗൃഹനിർമ്മാണം, വസ്ത്രനിർമ്മാണം, ഗൃഹോപകരണങ്ങൾ, മരംകൊണ്ടുള്ള ഉത്പന്നങ്ങൾ, കൃഷി, നാടോടിവൈദ്യം, ഭക്ഷണം, നാടോടിനാടകം, നൃത്തരൂപങ്ങൾ, വാസ്തുവിദ്യ തുടങ്ങിയവ. അവയും നാട്ടറിവുപാരമ്പര്യത്തിലെ നിർണായകമായ ഘടകങ്ങളാണ്.

നാടോടിസാഹിത്യം ഒരു ലോകവീക്ഷണമാണെന്നാണ് ഗ്രാംഷി നിരീക്ഷിക്കുന്നുണ്ട്. 1950-ൽ നാടോടിസാഹിത്യത്തെക്കുറിച്ച് ഗ്രാംഷി എഴുതിയ കുറിപ്പുകൾ നാടോടിസാഹിത്യത്തെ കാല്പനികസങ്കല്പങ്ങളിൽനിന്നു വിടുതൽ നല്കി. കീഴാളജനതയുടെ പ്രതിനിധാനമായി അദ്ദേഹം നാടോടിപാരമ്പര്യത്തെ നോക്കിക്കണ്ടു. നാടോടിസാഹിത്യത്തെ മുഴുവൻ ഒരൊറ്റ വിതാനമായി അദ്ദേഹം കാണുന്നില്ല. ജനങ്ങളുടെ ഏകീഭാവമുള്ള ഒരൊറ്റ സാംസ്കാരികതലം അതിനുണ്ട്. ഔപചാരികസംസ്കാരത്തെയും സദാചാരത്തെയും നാടോടിസാഹിത്യം നിരന്തരം വെല്ലുവിളിക്കുന്നു. ജനങ്ങൾക്കിടയിൽ അനുസ്യൂതം നീണ്ടുനില്ക്കുന്ന, ജീവിതത്തിന്റെ യഥാർത്ഥവസ്ഥകളുടെ പ്രേരണയിൽ നിരന്തരം നവീകരിക്കപ്പെടുന്ന, ഒരാളുടെ അവകാശങ്ങളെക്കുറിച്ചുള്ള അഭിപ്രായവ്യത്യാസങ്ങളുടെ ആകെത്തുകയാണ് ജനകീയ ലോകവീക്ഷണമായി മാറുന്നത്.

നാട്ടറിവുപാരമ്പര്യം ഒരു സാംസ്കാരികധാരണയാണ്. പൊതുബോധത്തിൽ ആഴത്തിൽ പതിഞ്ഞിട്ടുള്ള മിത്തുകളും സങ്കല്പങ്ങളും സംസ്കാരത്തിന്റെ ഭാഗമാണ്. ഇവയാണ് മാന്ത്രികനോവലുകളിൽ ഉൾച്ചേരുന്നത്. ഇവിടുത്തെ പ്രകൃതിയും ജന്തുജീവ-ജാലങ്ങളും മനുഷ്യരോടും കാലാവസ്ഥയോടുമൊക്കെ സ്വാഭാവികമായി എങ്ങനെ സമ-രസപ്പെട്ടു നിൽക്കുന്നു എന്നതിന്റെ അടയാളമായി നാട്ടറിവുകളെ കാണേണ്ടതുണ്ട്. ഒരു സംസ്കാരത്തിന്റെ രൂപവത്കരണത്തിൽ തലമുറകളിലൂടെ കൈമാറ്റം ചെയ്തു പാകത നേടിയ നാട്ടറിവുകളെ പ്രധാനമായും പരിഗണിക്കേണ്ടതുണ്ട്. മുമ്പേ കടന്നുപോയ മനു-ഷ്യസമൂഹത്തിന്റെ വിചാരതരംഗങ്ങളും പ്രയോഗരീതികളും അനുഷ്ഠാനങ്ങളും സമകാ-ലികസമൂഹത്തിന് ഫലപ്രദമായി ഉപയോഗിക്കേണ്ടതുണ്ട്. മാനുഷികവും പ്രകൃതിപര-വും അമാനുഷികവും പ്രകൃത്യാതീതവുമായ എല്ലാ അറിവുകളും ഫോക്‌ലോറാണ്. ഒപ്പം ഒരു സംസ്കാരത്തിന്റെ അടിസ്ഥാന ഘടകങ്ങൾ കൂടിയാണത്.

പ്രാദേശികമായ സൗന്ദര്യശാസ്ത്രം വിരചിക്കുന്നവയാണ് നാട്ടറിവുപാരമ്പര്യം. ഓരോ ജനസമൂഹത്തിന്റെയും സാമാന്യവും വിശേഷവുമായ ജീവിതസംസ്കാരത്തിന്റെ അടരുകൾ അതിന്റെ ഭാഗമാണ്. വ്യത്യസ്തസന്ദർഭങ്ങളിൽ ഒരു സമൂഹത്തിലെ മനുഷ്യർ അനുഷ്ഠിക്കുന്ന ആചാരവിശ്വാസങ്ങൾക്ക് സാന്ദർഭികമായ ധർമ്മങ്ങൾ നിറവേറ്റാനു-ണ്ട്. ഇത്തരം ധർമ്മങ്ങളുടെ ആകെത്തുകയാണ് സഞ്ചയിക്കപ്പെട്ട നാട്ടറിവുപാരമ്പര്യം. ഓരോ സമൂഹത്തിനും വ്യത്യസ്തമായ ധർമ്മമാണ് അനുഷ്ഠിക്കാനുള്ളത്. അതുകൊണ്ടു-തന്നെ നാടോടിപാരമ്പര്യം ബഹുപാഠനിഷ്ഠതയുള്ളതാണെന്നു പറയാം. ഒരേ ആചാര-വിശ്വാസങ്ങളെത്തന്നെ വ്യത്യസ്തസമൂഹങ്ങൾ വ്യത്യസ്തമായി സമീപിക്കുന്നു. പ്രദേശം, ജാതി, മതം, ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ എന്നിങ്ങനെയുള്ള ഒട്ടേറെ ഘടക-ങ്ങൾകൊണ്ട് വ്യതിരിക്തമാക്കപ്പെടുന്ന ഒരു സമൂഹമാണ് മലയാളിപൊതുസമൂഹം. അവിടെയാണ് മാന്ത്രികനോവൽ ചലനങ്ങൾ സൃഷ്ടിച്ചത്.

നാട്ടറിവുപാരമ്പര്യത്തിന്റെ സാംസ്കാരികത, പ്രായോഗികത, ധർമപരത, ബഹു-പാഠനിഷ്ഠത, സാന്ദർഭികത, ഭിന്നാത്മകത, പ്രാദേശികത എന്നീ സവിശേഷതകളെ യുക്തിപൂർവം ആഖ്യാനത്തിൽ ഉപയോഗിച്ചുകൊണ്ട് മാന്ത്രികനോവലിൽ വ്യതിരിക്ത-മാക്കാൻ ശ്രമിക്കുന്നു.

### 3. 1. 3. ആധുനികതയുടെ ചരിത്രസന്ദർഭം

അധിനിവേശകാലത്ത് കേരളത്തിന്റെ സ്ഥലകാലങ്ങളിൽ വേരൂന്നിയ ആധു-നികത (Modernity) കലയെയും മനുഷ്യാവിഷ്കാരങ്ങളെയും പുതിയ രീതിയിൽ അഭിവീ-ക്ഷിക്കാൻ മലയാളിയെ നിർബന്ധിച്ചു. 19-ാം നൂറ്റാണ്ടിന്റെ അവസാനദശകങ്ങളിൽ പൊടിച്ചുവളർന്ന ഈ സാമൂഹ്യാവസ്ഥ 20-ാം നൂറ്റാണ്ടിന്റെ പകുതിയാവുമ്പോഴേയ്ക്കും കലാദർശനങ്ങളുടെതന്നെ ഭാഗമായിത്തീർന്നു. അയുക്തികത, ദാർശനികത, ദുരന്ത-ബോധം, അസ്തിത്വദർശനം, ബിംബാത്മകത, ചിന്താപരമായ ആഴം, പുതിയ സൗന്ദര്യ-ദർശനം തുടങ്ങിയവ അത്തരം കലാസമീപനങ്ങളുടെ സവിശേഷതകളായിരുന്നു. ഈ പരിണതാന്തരീക്ഷത്തിന്റെ സംഘർഷഭരിതമായ അന്തരീക്ഷത്തിലാണ് മാന്ത്രിക-നോവലുകൾ ഉത്ഭവിക്കുന്നത്. ആധുനികതയോടുള്ള നിരന്തരമായ സംവാദത്തിലൂടെ-യാണ് അതിന്റെ സ്വരൂപവും സ്വഭാവവും പരുവപ്പെട്ടുവന്നതെന്ന് വ്യക്തമാണ്. പാരമ്പ-ര്യത്തോടുള്ള സമീപനത്തിലും അതിന്റെ ഉപഭോഗത്തിലും ആധുനികതാവാദ(Mod-ernism)രചനകളും മാന്ത്രികനോവലുകൾ പോലുള്ള ജനപ്രിയാഖ്യാനങ്ങളും വ്യത്യസ്ത-നിലപാടുകൾ സ്വീകരിക്കുന്നു.

എഴുത്തുകാരൻ രചനയ്ക്കുവേണ്ടി ശേഖരിക്കുന്ന ഭൗതികവും അല്ലാത്തതുമായ ഒരു-ക്കുകളിൽ പ്രധാനം പാരമ്പര്യമൂലകങ്ങളും നാട്ടറിവുകളുമാണെന്നു പറയാം. എഴുത്ത് എന്ന പ്രക്രിയയെക്കുറിച്ച് പുതിയ അവബോധങ്ങൾ ഉരുത്തിരിഞ്ഞുവന്ന കാലമാണ് ആധുനികതയുടേത്. വിഷയസ്വീകാരം, ഭൗതികരചനാസാമഗ്രികളുടെ വിനിയോഗം, കൃതി, എഴുത്തുകാരൻ, സംവേദനം തുടങ്ങിയവയെക്കുറിച്ചെല്ലാം പുതിയ അറിവുകൾ

അക്കാലത്ത് രൂപംകൊണ്ടു. അതേ വ്യവസ്ഥയുടെ നിയമാവലികളോട് കലഹിച്ചുകൊണ്ടാണ് ജനപ്രിയകല വികസിച്ചുവന്നത്. അങ്ങനെ ആധുനികതയുടെ ഉത്പന്നവും അതിനോടുള്ള കലഹവുമാണ് മാന്ത്രിനോവലുകളുൾപ്പെടെയുള്ള ആഖ്യാനങ്ങൾ എന്നു വരുന്നു.

## 3. 2. പാരമ്പര്യവും നാട്ടറിവും – ആധുനികസന്ദർഭത്തിലെ പ്രതിരോധരാഷ്ട്രീയം

ജനജീവിതകലയായ നോവൽ നാട്ടറിവുപാരമ്പര്യഘടകങ്ങളുടെ സമൃദ്ധമായ കലവറയാണ്. വർത്തമാനകാലജീവിതമനോഭാവങ്ങളുടെ അടയാളങ്ങളായും ഉപകരണങ്ങളായുമാണ് നോവലിൽ നാട്ടറിവുമാതൃകകൾ പ്രവർത്തിക്കുന്നത്. നാട്ടറിവുഘടകങ്ങളുടെ വിശകലനത്തിലൂടെ ഒരു കാലഘട്ടത്തിന്റേയോ സമൂഹത്തിന്റെയോ വർഗ്ഗത്തിന്റെയോ സ്വത്വത്തെ അനാവരണം ചെയ്യാൻ സാധിക്കുന്നു. മാന്ത്രികനോവലുകളിലെ പ്രധാന നാട്ടുപാരമ്പര്യമൂലകം മന്ത്രവാദം തന്നെ. നാടോടിക്കഥകൾ, പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, നാട്ടുവിശ്വാസങ്ങൾ, ആരാധനാവിശേഷങ്ങൾ, അനുഷ്ഠാനസങ്കല്പങ്ങൾ, നാട്ടുഭാഷാവഴക്കങ്ങൾ എന്നിവയുടെയൊക്കെ ക്രിയാംശങ്ങൾ കൊരുത്തുചേർത്ത് ഒരു പ്രതിരോധശില്പം ഒരുക്കുകയാണ് മാന്ത്രികനോവലുകൾ ചെയ്യുന്നത്. പ്രത്യക്ഷത്തിൽ ഒന്നിനൊന്ന് ഭിന്നങ്ങളായി അനുഭവപ്പെടുന്ന മാന്ത്രികനോവലുകൾ നാട്ടറിവുരൂപങ്ങളുടെ രൂപഘടന ബോധപൂർവം സ്വീകരിച്ച് ആന്തരികമായി സമാനമായിത്തീരുന്നു.

### 3. 2. 1. ഭാഷയെന്ന പ്രതിബോധശില്പം–വാമൊഴിവഴക്കങ്ങളുടെ സന്നിവേശവിശേഷം

ജനസമാന്യത്തിനിടയിൽ എളുപ്പത്തിൽ വ്യാപിക്കാൻ പുരാവൃത്തങ്ങൾ, ഐതിഹ്യങ്ങൾ, പഴഞ്ചൊല്ലുകൾ, നാടൻപാട്ടുകൾ, നാടോടിക്കഥകൾ തുടങ്ങിയ വാമൊഴിവഴക്കങ്ങൾക്കു കഴിയും. പ്രമേയപ്രതിപാദനതലങ്ങളിൽ പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും നാടോടിക്കഥകളുമാണ് മാന്ത്രികനോവലുകളെ ശക്തമായി സ്വാധീനിച്ചിട്ടുള്ളത്.

ഏതെങ്കിലും പ്രകൃതിപ്രതിഭാസത്തെ വിശദീകരിക്കുവാൻ സഹായിക്കുന്നതും ഒരു വർഗ്ഗത്തിന്റെയോ വംശത്തിന്റെയോ ദേശത്തിന്റെയോ അംഗങ്ങൾക്ക് പൊതുസ-മ്പത്തായുള്ളതും പ്രകൃത്യതീതമായ അംശം ഉൾകൊള്ളുന്നതുമായ ഒരു പരമ്പരാഗതമായ കഥയാണ് പുരാവൃത്തം. 'കൂട്ടായ്മയുടെ പ്രാപഞ്ചികവും പ്രകൃത്യതീതവുമായ പരമ്പരാഗത-വിശ്വാസങ്ങൾ, അവരുടെ ദൈവങ്ങൾ, മതവിശ്വാസങ്ങൾ, വീരപുരുഷന്മാർ, സാംസ്-കാരികസവിശേഷതകൾ തുടങ്ങിയവ വിശദീകരിച്ചുകൊണ്ട് പ്രാചീനകാലത്തു നടന്ന കഥയാണ് പുരാവൃത്തം എന്ന് മരിയ ലീച്ച് പുരാവൃത്തത്തെ വ്യാഖ്യാനിക്കുന്നു. ബാഹ്യ-ലോകത്തേക്കുള്ള മനസ്സിന്റെ തള്ളലുകളാണ് പുരാവൃത്തം (എ. എം. ശ്രീധരൻ, 2015: 32). പുരാവൃത്തത്തിലെ കഥാപാത്രങ്ങൾ മനുഷ്യരല്ല. അവർ മനുഷ്യസൃഷ്ടികളാണ്. സാധാരണജീവിതത്തിൽ മനുഷ്യനു കഴിയാത്തവ, വീരാരാധനയിലൂടെ ഭാവനയിൽ സാക്ഷാത്കരിക്കുന്ന വാമൊഴിരൂപങ്ങളാണ് പുരാവൃത്തങ്ങൾ. അവയെ താഴെ കാ-ണുംവിധം സമവാക്യപ്പെടുത്താം.

പുരാവൃത്തം = കഥ +ഭാവന+ഉത്പത്തി+പാവനത+സന്ദേശം

പഴയകാലത്തുനിന്ന് തലമുറകളിലൂടെ കൈമാറി വരുന്നതും ചരിത്രാംശമുള്ളതെന്നു സാമാന്യമായി കരുതാവുന്നതുമായ കഥയാണ് ഐതിഹ്യം. പ്രാദേശികമായി രൂപവ-ത്ക്രമാവുകയും വളരുകയും ചെയ്യുന്ന ഇത്തരം കഥകൾ പ്രദേശപരിധിക്കപ്പുറം അസം-ബന്ധമോ അപ്രസക്തമോ ആകാം. പ്രാദേശികയുക്തികളും കാഴ്ചപ്പാടുകളുമാണ് ഐതി-ഹ്യങ്ങൾക്കടിസ്ഥാനം. സാംസ്കാരികവും സാമൂഹികവും അധികാരപരവും പാരിസ്ഥി-തികവുമായ സവിശേഷതകളെല്ലാം ഐതിഹ്യത്തിന്റെ രൂപവത്കരണത്തിൽ സ്വാ-ധീനം ചെലുത്തുന്നു. ചരിത്രം പോലെ ഐതിഹ്യവും കൃത്യമായ സ്ഥലകാലോപാധിക-ളോടെ സംഭവങ്ങളെ വിശ്വസനീയമായ രീതിയിൽ നിരത്തിവെക്കുന്നു. ഐതിഹ്യ-ത്തിന്റെ സമവാക്യം താഴെ കാണും വിധമാകാം.

ഐതിഹ്യം = കഥ + ഭാവന + ഉത്പത്തി + ചരിത്രം + പ്രാദേശികത + സന്ദേശം

വാമൊഴിയിലൂടെ തലമുറകൾ തോറും കൈമാറ്റം ചെയ്യപ്പെടുന്ന ഭാവനാനിഷ്ഠങ്ങളും രസികത നിറഞ്ഞവയുമായ ആഖ്യാനങ്ങളാണ് നാടോടിക്കഥകൾ. വിനോദപരതയാ-ണ് അവയുടെ മുഖ്യധർമം.

നാടോടിക്കഥ= കഥ + ഭാവന + ഉത്പത്തി + രസികത + സന്ദേശം

ഈ രചനാമൂലകങ്ങളുടെ ഏറിയും കുറഞ്ഞുമുള്ള സ്വാംശീകരണം മാന്ത്രികനോവലുകളെ കൂടുതൽ ആസ്വാദനക്ഷമങ്ങളാക്കി. ജനസമൂഹത്തിന്റെ വാമൊഴിരൂപങ്ങൾ അങ്ങനെ-തന്നെയോ പരിഷ്കരിച്ചോ മറ്റൊരു പ്രതലത്തിൽ പ്രത്യക്ഷപ്പെടുമ്പോൾ അതിന്മേലുള്ള ആകാംക്ഷ ഓരോ മനുഷ്യനിലുമുണ്ടാവുക സ്വാഭാവികമാണ്.

മോഹനചന്ദ്രൻ എഴുതിയ വേലൻ ചെടയൻ എന്ന നോവലിൽ പുലിമറിഞ്ഞ-തൊണ്ടച്ചന്റെ പുരാവൃത്തം അതേപടി സ്വീകരിച്ചിട്ടുണ്ട്. കേരളത്തിന്റെ തനതുപാരമ്പ-ര്യത്തിൽ അധിഷ്ഠിതമായ ആദ്യമാന്ത്രികനോവലെന്ന് നോവലിസ്റ്റുതന്നെ ആമുഖ-ത്തിൽ അഭിപ്രായപ്പെടുന്ന 'വേലൻ ചെടയൻ' നാടോടിക്കഥയുടെ ഘടന സ്വീകരിക്കുന്ന രചന കൂടിയാണ്.

"പുലി വേഷത്തിൽ പിഴവുപറ്റി ആൾരൂപത്തിലേക്ക് മാറാൻ കഴിയാതെ കാടു-കയറി തൊണ്ടച്ചൻ. അയാളുടെ പൂർവ്വികർ നോവലിൽ വരെ നിൽക്കുന്നു. എത്ര ശ്രമി-ച്ചിട്ടും പാറയുടെ അഗ്നി കെടുത്തുവാൻ തൊണ്ടച്ചന്റെ ചെറുമക്കൾക്ക് കഴിയുന്നില്ല" (1984: 134). "മാടായിക്കളരി ഉൾപ്പടെ പതിനേഴ് കളരിയിൽ നിന്ന് പഠിക്കാവുന്നതെ-ല്ലാം പഠിച്ചിട്ട് പതിനെട്ടാമതായി ചോതിയൻ കളരിയിൽ ആൾമാറ്റവും മറുതയും പഠി-ച്ച് മന്ത്രവാദിക്കുരിക്കൾ എന്ന പട്ടവുമായി മാടായിക്കളരിയിൽ ആശാനായി കുഞ്ഞമ്പു എളങ്ങേലിന്റെ തണലിൽ വെള്ളച്ചി എന്ന കിടാത്തിയെ മങ്ങലം കഴിച്ച് ഗൃഹസ്ഥജീ-വിതമാരംഭിച്ച കാരി... പാതിസ്വത്ത് നൽകാമെന്ന് അള്ളടം കോവിലകത്തിന്റെ കരാ-റിൽ പ്രേതം പിടിച്ച തമ്പുരാന്റെ ബാധയൊഴിപ്പിക്കാൻ കാരിയെ അങ്ങോട്ടയച്ച കു-

ഞ്ഞമ്പു. ബാധയൊഴിച്ചിട്ടും പാതിസ്വത്ത് നൽകുന്നതിനുപകരം പുലിപ്പാലും നരിച്ചിടയും കൊണ്ടുവരണമെന്ന് കല്പിച്ച് കോലോത്തുള്ളോർ. വെള്ളച്ചിയോട് പ്രത്യേകം പറഞ്ഞു കാരി. ആൾമാറാട്ടം നടത്തി പുലിയായി കാട്ടിലേക്ക് പുറപ്പെട്ടു. രാത്രി അതേ വേഷത്തിൽ മടങ്ങിയെത്തും. ഭയപ്പെടരുത്. കുറച്ച് വെള്ളം മുഖത്ത് തളിക്കുകയും പച്ച കലക്കിയ വെള്ളത്തിൽ മുക്കിയ ചൂരാർ മുഖത്ത് കുടയുകയും ചെയ്താൽ മതി മനുഷ്യരൂപം തിരിച്ചു കിട്ടി കൊള്ളും" (1984: 134, 135). കാരിക്കു സംഭവിച്ച ദുരന്തം തലമുറയുടെ പകയായി മാറി. പൂർവ്വികർക്കു സംഭവിച്ച ഈ ചതിയ്ക്കെതിരെ നടത്തുന്ന പ്രതികാരനിർവഹണത്തിന്റെ പലരീതികൾ നോവലിലുടനീളം കാണാനാകും.

ഐതിഹ്യത്തിന്റെ പിൻബലം ആഖ്യാനത്തിന് കെട്ടുറപ്പു പകരുന്നതും 'വേലൻ ചെടയനിൽ' കാണാം. കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ 'കാലടിമനയിലെ ഭട്ടതിരിപ്പാടിനെ യക്ഷി കടിച്ചുകീറി ചോരകുടിച്ച യക്ഷിപ്പറമ്പ് പൂല്ലൂർ ആണെന്ന് നോവലിൽ വ്യക്തമാക്കുന്നുണ്ട്. കേരളചരിത്രത്തിലെ ഐതിഹ്യാംശങ്ങളെ ഉറപ്പിക്കുവാൻ നോവലിസ്റ്റ് പരിശ്രമിക്കുന്നുണ്ടുവിടെ. പ്രാദേശികചരിത്രത്തെയും നോവലിന്റെ ഇതിവൃത്തഘടനയിലേക്ക് സ്വീകരിക്കുന്നുണ്ട് മോഹനചന്ദ്രൻ. "തുളു-കേരളസംസ്കാരങ്ങൾ ഇടകലർന്ന മാടായി ഗ്രാമത്തിൽ ഭൂതാരാധനയുമായി കഴിഞ്ഞുപോന്ന ഹൊലയർ അഥവാ പുലയർ കോലത്തിരിയുടെ കാക്കത്തൊള്ളായിരം അടിയാന്മാർ കുടിപ്പകയൊഴികെ മറ്റൊരു മത്സരവും അറിയാതിരുന്ന ജാതിയും ചാതുർവർണ്ണ്യവും നിലവില്ലാതിരുന്ന ദ്രാവിഡവ്യവസ്ഥ. വിധേയരും (ചേകവർ) നായരും പുലയരും ഒന്നിച്ച് കുടിക്കുകയും ഉണ്ണുകയും ചെയ്തിരുന്ന കാലം. അവരുടെ ഭാഷയും ചരിത്രവും വീരനായകരും വസ്ത്രധാരണരീതിയുമെല്ലാം ഒന്നായിരുന്നു. മതനിരപേക്ഷമായ മൺമറഞ്ഞ ഒരു കാലത്തിന്റെ ഓർമ്മ നോവലിൽ കൊണ്ടുവരുന്നു. കോളനിവൽക്കരണത്തിനും നൂറ്റാണ്ടുകൾക്കുമുമ്പ് ദ്രാവിഡപാരമ്പര്യത്തിൽ എല്ലാ മനുഷ്യരും ഒന്നാണെന്ന ബോധത്തിൽ കഴിഞ്ഞിരുന്ന ഭൂതകാലത്തെ ഓർത്തെടുക്കുന്നുണ്ട് നോവൽ. ദ്രാവിഡസംസ്കാരത്തിന്റെ വരവോട്ടുകൂടിയാണെന്ന് ഐതിഹ്യത്തിലൂന്നി അദ്ദേഹം പറയുന്നു-

ണ്ട്. മാടായിക്കാവിൽ പൂജനടത്തിയിരുന്നത് ബ്രാഹ്മണരായിരുന്നില്ലെന്നും ദേവി ആവശ്യത്തിലേറെ ഉഗ്രമൂർത്തിയാണെന്നും സാത്വിക രീതിയിൽ ബ്രാഹ്മണ പൂജകൊണ്ടുമാത്രമെ ശാന്തമാകൂ എന്നും വ്യാജം പറഞ്ഞ് കാവിലെ ശാന്തി അവർ കയ്യടക്കുകയാണുണ്ടായത്. ശാക്തേയരീതിയിലുള്ള പൂജാവേളകളിൽപോലും പുലയരെ അകറ്റി നിർത്തി. പാവങ്ങൾ കണ്ടെടുത്ത് ഉയിരുകൊടുത്ത ശ്രീകോവലിൽ അവർക്ക് കയറാൻ പറ്റാതെയായി. ബ്രാഹ്മണസവർണ്ണപാരമ്പര്യത്തിന്റെ കടന്നുവരവ് എത്രത്തോളം ജാതീയമായ വേർതിരിവുകൾ സമൂഹത്തിൽ സൃഷ്ടിച്ചുവെന്നതിന്റെ ചരിത്രം നോവലിൽ അടയാളപ്പെടുത്തുന്നുണ്ട് (1984: 65).

കാസർഗോഡുള്ള മധുർക്ഷേത്രമൂർത്തിയുടെ ഐതിഹ്യം ഈ നോവലിൽ പരാമർശിക്കുന്നുണ്ട്. "മധുർക്ഷേത്രത്തിലെ ഗണപതിവിഗ്രഹം തീണ്ടാപ്പാടകലെ നിന്ന് തൊഴുതു. നിത്യവും ഉയർന്ന് വളരുന്ന വിഘ്നേശ്വരനോട് ഉയരത്തിൽ വളർന്നാൽ മേൽക്കൂര തകരുമെന്നും അതിനാൽ വീതിയിൽ വളരാൻ ഒരു സ്ത്രീ  അപേക്ഷിക്കുകയും തുടർന്ന് ഭൂതസേവിതനായ മൂർത്തി പിന്നീട് വീതിയിൽ വളർന്നുവത്രെ" (1984: 68). അവിടുത്തെ ശിവവിഗ്രഹം കണ്ടെത്തി ആരാധിച്ചിരുന്നത് അവരുടെ ഒമ്മീരൊമ്മി (അമ്മൂമ്മ) യായിരുന്നു. ഒരുനാട് നഷ്ടപ്പെടുന്നതിൻ്റെ വേദന അനുഭവിച്ച മനുഷ്യരുടെ ദുരന്തചിത്രം നോവലിലുണ്ട്. 'ആചാരവും വിശ്വാസവും സംസ്കാര'വുമെല്ലാം പുഴയിൽ ഒഴുകിപ്പോയ ദിനങ്ങളെ അവർ ഓർത്തെടുത്തു (1984: 69).

'കാലിച്ചാൻസാക്ഷി' എന്ന ഒമ്പതാം അധ്യായത്തിൽ വടക്കൻപാട്ടുകഥയായ കടാങ്കോട്ട് മാക്കത്തിന്റെ കഥയും നോവലിൽ വിശദീകരിക്കുന്നു. 'മാക്കം കിണർ', 'മാക്കം തോറ്റം' മാക്കം ഭഗവതി എന്നിവയുടെ ഐതിഹ്യത്തെ നോവലിൽ സവിസ്തരം പ്രതിപാദിക്കുന്നതു കാണാം. "ജ്യേഷ്ഠത്തിയമ്മമാരുടെ തലയണമന്ത്രത്തിനു വഴങ്ങി പതിനൊന്ന് ഏട്ടന്മാർ കുത്തിക്കൊന്ന് മാക്കത്തെ തള്ളിയിട്ട പാഴ് കിണർ- പിന്നെയെപ്പോഴോ ആ കിണറ്റിലേക്ക് എത്തിനോക്കിയ ഒരു ചേകവനെ ചാമുണ്ഡി നാവുപി-

ടിച്ചു വലിച്ചു ഉള്ളിലേക്ക് എടുത്തിട്ട് കടിച്ചു കീറി. കിണറ്റുവെള്ളം ചോരയിൽ കലങ്ങി..." (1984: 82). കൂടൽമാണിക്യക്ഷേത്രത്തെക്കുറിച്ചുള്ള മറ്റൊരു ഐതിഹ്യവും നോവലിൽ പ്രമേയവിശകലനത്തിന് സ്വീകരിച്ചിരിക്കുന്നു. 'കലിയുഗത്തിനുമുമ്പുണ്ടായ ദേവാലയമാണെന്നും കലീപനീമഹർഷിയുടെ യജ്ഞകുണ്ഡലത്തിൽ നിന്ന് അവതരിച്ച തേജഃപ്രതിഷ്ഠയാണെന്നും 'ഇരുന്നുശാലകൂടെ' എന്ന അന്നത്തെ വാക്കാണ് ഇരിങ്ങാലക്കുട എന്നായി മാറിയതെന്നും നോവൽ സൂചിപ്പിക്കുന്നു (1984: 145). 'തൃക്കണാമതിലകം ബുദ്ധവിഹാരം തകർക്കാനായി വാക്കേക്കയ്മൾ, കുമാരക്കുറുപ്പ് തുടങ്ങിയ സ്ഥാനി നായന്മാർ പുരോഹിതന്മാരുടെ സഹായത്തോടെ കടലിൽനിന്ന് ഒരു വിഗ്രഹം പൊക്കിയെടുത്തതും ഭരതനോ ശ്രീരാമനോ വിഷ്ണുവോ തന്നെയാകട്ടെ എന്ന് കരുതി പ്രതിഷ്ഠിച്ചതും രണ്ട് പുഴകളുടെ സംഗമം എന്നർത്ഥത്തിലുള്ള 'ഇരും കാൽകൂടൽ' എന്നത് മാണിക്യമണിഞ്ഞ പ്രതിഷ്ഠയുടെ മഹിമയേറ്റാനായി ഇരിങ്ങാലക്കുട എന്നാക്കി മാറ്റിയതും പ്രതിഷ്ഠ ജൈനേശ്വരനോ, ശിവനോ എന്നതിനെ ചൊല്ലി സംഘർഷമുണ്ടായതു(1984: 145)മെല്ലാം നോവലിൽ പരാമർശിച്ചിട്ടുണ്ട്. പ്രാദേശികമായ ദേശചരിത്രത്തെ ഐതിഹ്യത്തിൽ പൊതിഞ്ഞ് അവതരിപ്പിക്കാനുള്ള നോവലിസ്റ്റിന്റെ കഴിവ് ഇവിടെ പ്രകടമാണ്. ഓരോ അധ്യായവും കഥയും ഉപകഥയും ഐതിഹ്യം കൊണ്ടു മെനഞ്ഞെടുക്കുന്ന ആഖ്യാനതന്ത്രമാണ് വേലൻ ചെടയനിൽ മോഹനചന്ദ്രൻ പരീക്ഷിക്കുന്നത്.

പി. വി. തമ്പി എഴുതിയ പള്ളിവേട്ട എന്ന മാന്ത്രികനോവലിൽ ചെങ്ങന്നൂർ ക്ഷേത്രത്തെക്കുറിച്ചുള്ള പുരാവൃത്തം സന്ദർഭഭദ്രമായി വിശദീകരിച്ചിരിക്കുന്നു. കൃഷ്ണപുരം യക്ഷിയെ തളയ്ക്കാൻ കായകുളം കൊട്ടാരത്തിലെത്തിച്ചേരുന്ന മഹാമാന്ത്രികനായ മാർത്താണ്ഡപിള്ളയുടെ സഹായത്തിനെത്തുന്ന അദൃശ്യയായ ചെങ്ങന്നൂർ ദേവിയുടെ പുരാവൃത്തം നോവലിൽ പ്രതിപാദിക്കുന്നു. "... വഴിയരികിൽ വെച്ച് ദേവീധ്യാനം നടത്തുന്ന മാർത്താണ്ഡപ്പിള്ളയുടെ മനസ്സിൽ ചെങ്ങന്നൂർദേവിയുടെ രൂപം തെളിഞ്ഞു വന്നു. 'വാദ്യമേളങ്ങളും വായ്ക്കുരവകളും കേൾക്കുന്നതായി മാർത്താണ്ഡവർമ്മ പിള്ളയ്ക്കു തോന്നി.

ചെങ്ങന്നൂർ ക്ഷേത്രോത്സവത്തെക്കുറിച്ച് അയാൾ ഓർക്കുന്നു... തൃപ്പൂത്താറാട്ട് കഴിഞ്ഞ് ഒരു പിടിയാനപ്പുറത്ത് എഴുന്നള്ളുകയാണ് ശ്രീ പരമേശ്വരൻ. ദേവിദേവന്മാർ പ്രദക്ഷിണം ആരംഭിക്കുകയാണ്. തൃപ്പൂത്തു കാരണം മൂന്ന് ദിവസങ്ങളായി അശുദ്ധി ആചരിച്ചിരുന്ന ദേവി നാലാം ദിവസം നീരാട്ടു നടത്തിയിട്ട് പടിഞ്ഞാറേ നടയിലെ വാസസ്ഥലത്തേക്ക് ഭർത്താവിന്റെ അകമ്പടിയോടെ എഴുന്നള്ളുന്നു. മാന്ത്രികനായ മാർത്താണ്ഡപിള്ളയ്ക്ക് പ്രതിസന്ധിഘട്ടത്തിൽ തുണയായി 'വള്ളിക്കാട്ടിലമ്മ'യും എത്തുന്നു.

"ആണ്ടിൽ നാലോ അഞ്ചോ തവണ ചെങ്ങന്നൂർഭഗവതി തൃപ്പൂത്താകുന്നു (ഋതുവാകുന്നു). വിഗ്രത്തിൽ ചാർത്തുന്ന ഉടയാടയിൽ തൃപ്പൂത്തിന്റെ അടയാളം കാണുമ്പോഴാണ് ദേവി ഋതുവായതായി ശാന്തിക്കാരൻ മനസ്സിലാക്കുന്നത്. അദ്ദേഹം ഉടനെ തന്നെ ദേവിയെ മൂലവിഗ്രഹത്തിൽ നിന്ന് അർച്ചനാവിഗ്രഹത്തിലേക്ക് ആവാഹിച്ച് ഒരു പ്രത്യേക മുറിയിലിരുത്തുന്നു. നാലാമത്തെ ദിവസം രാവിലെയാണ് തൃപ്പൂത്താറാട്ട്" (1991: 80).

നോവലിന്റെ പ്രധാനഘടനയിൽനിന്നു വ്യതിചലിച്ചുകൊണ്ട് ഇത്തരം പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും ക്ഷേത്രപാരമ്പര്യം വിളംബരംചെയ്യുന്ന കഥകളും വർണ്ണിക്കുന്ന രീതി മാന്ത്രികനോവലിന്റെ പൊതുസവിശേഷതയാണ്. ചെങ്ങന്നൂർ ക്ഷേത്രോത്സവവുമായി ബന്ധപ്പെട്ട പുരാവൃത്തം നോവൽഗതിയിൽ നിന്നു വ്യത്യചലിച്ച് വർണ്ണിക്കാനും തമ്പിക്കു മടിയില്ല. കൂടാതെ ചെട്ടിക്കുളങ്ങര ക്ഷേത്രഐതിഹ്യവും നോവലിൽ മുഖ്യസന്ദർഭത്തോടുചേർന്നു പരാമർശിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട ഭഗവതിക്ഷേത്രങ്ങളുടെ പ്രതിഷ്ഠയെ സംബന്ധിച്ച ഐതിഹ്യങ്ങൾ മാന്ത്രികനോവലിന് പൊതുവെ സ്വീകാര്യമായ വിഷയമാണ്. വള്ളിക്കാട് ഭഗവതിയുടെ ഉല്പത്തികഥയും നോവലിൽ വിവരിക്കുന്നുണ്ട്.

"... ദേവിയുടെ ഉത്ഭവം എപ്രകാരമായിരുന്നുവെന്ന് ജനമേജയരാജാവ് വ്യാസനോടു ചോദിച്ചു. വ്യാസൻ പറഞ്ഞു; ദേവി അനാദിയാണ്. അനാദിയായ ദേവി ആദ്യ-

മായി പ്രത്യക്ഷപ്പെട്ടത് മഹാവിഷ്ണുവിന്റെ മുന്നിലാണ്. നാലു തൃക്കൈകളോടും ശംഖ- ചക്ര ഗദാപത്മായുധങ്ങളോടും ദിവ്യവസ്ത്രാഭരണങ്ങളോടും കൂടി രതി, ഭൃതി, ബുദ്ധി, മതി, കീർത്തി, ധൃതി, സ്മൃതി, ശ്രദ്ധ, മേധാ, സ്വാഹാ, യുധ, നിദ്ര, ദയഗതി തുഷ്ടി, പുഷ്ടി, ക്ഷമ, ലജ്ജ, ജൃംഭ, തന്ത്രി എന്നീ ശക്തികളാൽ ആവൃതയായിട്ടാണ് ദേവിയുടെ വരവ്" (1991: 105). ഇത്തരം വർണ്ണനകൾ ക്ഷേത്രകേന്ദ്രിതമായതും വിശ്വാസത്തിലധിഷ്ഠിതമായതു- മായ ഒരു സാമൂഹ്യജീവിതക്രമത്തിന്റെ വീണ്ടെടുപ്പ് സാധ്യമാക്കുന്നതിനോ ഓർമപ്പെടു- ത്തലിനോ ആണ് മാന്ത്രികനോവലിൽ ബോധപൂർവ്വമായി ചേർക്കുന്നത്. മുഖ്യപ്രമേയ- ത്തിൽനിന്നു തെന്നിമാറി ഇത്തരം ക്ഷേത്രപുരാവൃത്തകേന്ദ്രിതമായ വിവരണങ്ങൾ വാ- യനക്കാരെ ഭക്തിരസത്തിലേക്കും വിശ്വാസത്തിലേക്കും നയിക്കാൻ പര്യാപ്തമാകുന്നു. ഭക്തിയിലധിഷ്ഠിതമായ സവർണ്ണജീവിതത്തിന്റെ പുനരാനയനം സാധ്യമാക്കാനുള്ള ശ്രമം ഇത്തരം നോവലുകളിൽ കാണാവുന്നതാണ്.

പള്ളിവേട്ടയിൽ പ്രാദേശികചരിത്രവും കടന്നുവരുന്നുണ്ട്. "വെട്ടുവേനി അഥവാ കാർത്തികപള്ളി എന്ന ദേശം കായംകുളത്തിന്റെ വടക്കൻ ഭാഗങ്ങൾക്കും പുറക്കാടിന്റെ തെക്കൻഭാഗങ്ങൾക്കും ഇടയ്ക്കുള്ള ചെറിയൊരു ദേശമായിരുന്നു. കായംകുളം രാജാവിന്റെ മേൽക്കോയ്മ അംഗീകരിച്ചുകൊണ്ട് ഈ ദേശം ഭരിച്ചിരുന്നത് ക്ഷത്രിയനായ ബാലര- വിവർമ്മ എന്ന ദേശവാഴിയാണ്. കോയിക്കൽ കൊട്ടാരമെന്നറിയപ്പെടുന്ന എട്ടുകെട്ടി- ലാണദ്ദേഹം താമസിച്ചിരുന്നത്. മുന്നൂറ്റിയൊന്നു നായർ ഭടന്മാരടങ്ങിയ ചെറിയ സൈ- ന്യമാണ് ദേശത്തെ കാത്തുപോന്നത് "(1991: 141).

ഏറ്റുമാനൂർ ശിവകുമാറിന്റെ 'ആകാശഗംഗ' എന്ന മാന്ത്രികനോവലിൽ പരാമർ- ശിക്കുന്ന ശ്രീമംഗലം തറവാട്, ശ്രീമംഗലം ദുർഗ്ഗാക്ഷേത്രം എന്നിവ പ്രാദേശികമായ ഐതിഹ്യചരിത്രത്തെ കൂട്ടുപിടിച്ചാണ് വർണ്ണിച്ചിരിക്കുന്നത്. 'കേരളത്തിലെ പ്രധാന- പ്പെട്ട നൂറ്റിയെട്ട് ദുർഗ്ഗാക്ഷേത്രങ്ങളിലൊന്നാണ് മലബാറിലെ ശ്രീമംഗലം ദുർഗ്ഗാക്ഷേ- ത്രം എന്നു പറഞ്ഞുകൊണ്ടാണ് ഐതിഹ്യമുറങ്ങുന്ന ചരിത്രത്തെ നോവലിസ്റ്റ് രേഖ-

പ്പെടുത്തുന്നത്. "പണ്ട് പണ്ട് ദക്ഷയാഗക്കാലത്ത് യാഗശാലയിലേക്കു പോയ സതി യാഗശാലയിൽ വെച്ച് അപമാനിതയായി. അവൾക്കത് സഹിക്കാനാകുമായിരുന്നില്ല. യാഗാഗ്നി കത്തി ഉയർത്തിക്കൊണ്ടിരുന്നു. ആത്മാവിനെ ആത്മാവിൽ ലയിപ്പിച്ച് ഭൗതികശരീരം സതി യാഗാഗ്നിയിൽ ഹോമിച്ചു. കഥയറിഞ്ഞെത്തിയ പരമശിവൻ സതിയുടെ കത്തിക്കരിഞ്ഞ ജഡവും തലയിലേന്തി ലക്ഷ്യമില്ലാതെ അലഞ്ഞു. ശ്രീ പരമേശ്വരന്റെ ശിരസ്സിൽ സ്ത്രീ ഗാത്രം ഇരിക്കുന്നിടത്തോളം കാലം അദ്ദേഹം ശാന്തനാകില്ലെന്ന് മനസ്സിലാക്കിയ വിഷ്ണു പള്ളിവില്ലിൽ അമ്പെടുത്ത് കത്തിക്കരിഞ്ഞ സതി ഗാത്രത്തിനുനേരെ തൊടുത്തു. ആ ബാണം പരമശിവന്റെ നിറുകയിലിരുന്ന സതിഗാത്രത്തെ പല കഷ്ണങ്ങളായി തെറുപ്പിച്ചു കളഞ്ഞു. നൂറ്റിയെട്ട് ഖണ്ഡങ്ങളായി തെറിപ്പിച്ചു കളഞ്ഞു. നൂറ്റിയെട്ട് ഖണ്ഡങ്ങളായി ചിതറിതെറിച്ച അവ നൂറ്റിയെട്ട് സ്ഥലങ്ങളിൽ ചെന്നുപതിച്ചു. ആ നൂറ്റിയെട്ടു സ്ഥലങ്ങളിലും ദുർഗ്ഗാദേവിയുടെ ക്ഷേത്രങ്ങൾ രൂപം കൊണ്ടു. അതിലൊന്നാണ് ശ്രീമംഗലം ദുർഗ്ഗാക്ഷേത്രം" (2009: 22). ജലപ്പിശാചിനെക്കുറിച്ച് 'ആകാശഗംഗ'യിൽ പരാമർശിക്കുന്നതും ശ്രദ്ധേയമാണ്. 'ജലത്തിനടിയിൽവച്ച് എത്ര ശക്തിമാനെയും നിർവീര്യനാക്കാനും അടിത്തട്ടിലേക്ക് വലിച്ചിഴച്ച് കൊണ്ടുചെല്ലാനും കെല്പുള്ള ഉഗ്രമൂർത്തി" (2009: 63). ഐതിഹ്യവും പ്രാദേശികചരിത്രവും ഇടകലർത്തിയ രചനാരീതി തന്നെയാണ് ആകാശഗംഗയിൽ ഏറ്റുമാനൂർ ശിവകുമാർ നടത്തിയിട്ടുള്ളത്.

വേലൻ ചെടയൻ എന്ന നോവലിലെ രക്തയക്ഷിത്താഴ്‌വരയുടെ വർണ്ണന നാടോടിക്കഥാനിർമ്മാണമൂലകങ്ങളുടെ സന്നിവേശംകൊണ്ട് ശ്രദ്ധേയമായിരിക്കുന്നു. "അഭൗമമായ രാഗത്തിന് വശംവദനായി നമ്പ്യാർ തിരിഞ്ഞു. അവളുടെ പാദങ്ങൾ തറയിൽ തൊട്ടിരുന്നില്ല. വിടർന്ന കണ്ണുകളിൽ വൈരപ്പൊടി തിളങ്ങി. പനങ്കുലപോലെ ഇടതൂർന്ന കാർമുടി ഇളംകാറ്റിൽ ആടിയുലഞ്ഞു. മനോഹരമായ കൈപ്പത്തിയുയർത്തി അവൾ മുടിയുഴിഞ്ഞപ്പോൾ തീജ്ജ്വാലകൾ പാറി. ഒന്നേ നോക്കിയുള്ളൂ. കണ്ടതു കണ്ടു ബാക്കി എന്തെന്നറിഞ്ഞില്ല. നമ്പ്യാരുടെ രോമങ്ങൾ എഴുന്നു നിന്നു. ഏതോ അജ്ഞാ-

തമായ ഭീതിയുടെ രക്താഭമായ രസന തന്നെ ആകെ നക്കിത്തുടച്ച് ചോരമഞ്ഞുകട്ടയാക്കിമാറ്റുന്നതുപോലെ അയാൾക്കു തോന്നി... അവൾ പുഞ്ചിരിച്ചപ്പോൾ ചിതറിയ മുത്തുകൾക്കിടയിൽ രക്താഭമായ ആ രസന സ്വന്തം കണ്ണുകൾ കൊണ്ട് തന്നെ അയാൾ കണ്ടു. അവൾ പുല്ലുകളുടെ മീതേക്കൂടെ മീതേക്കൂടെ മെല്ലെയൊഴുകി. ഒന്നു തിരിഞ്ഞു നിന്ന് വീണ്ടും ഒന്നു പുഞ്ചിരിച്ചുകൊണ്ട് 'വരുന്നോ, വരുന്നോ, വരുന്നോ...' നിശ്ശബ്ദമായ ആഹ്വാനം. മരണത്തിന്റെ മാടിവിളിയോ? അയാളുടെ കണ്ണുകൾക്കു മുമ്പിൽ കരിമ്പനകളുടെ ഒരു നിര ഉയർന്നു വന്നു..."(1984: 19). നാടോടിക്കഥകളിലെ യക്ഷീസങ്കല്പത്തിന്റെ ത്രിമാനദൃശ്യം വായനക്കാർക്ക് ലഭ്യമാകും വിധത്തിലുള്ള വർണ്ണനയാണിവിടെ സ്വീകരിച്ചിരിക്കുന്നത്.

നാട്ടുഭാഷയുടെ മൊഴിഭേദങ്ങൾ മോഹചന്ദ്രന്റെ ഈ മാന്ത്രികനോവലിനെ ഏറെ ശ്രദ്ധേയമാക്കുന്നു. നിരവധി പ്രാദേശികപദങ്ങൾ നോവലിസ്റ്റ് ആഖ്യാനത്തിൽ സ്വീകരിക്കുന്നുണ്ട്. നട്ടപ്ര വെയിലത്ത്, ചെമ്മാരി, പൊള്ള തുടങ്ങിയ പ്രാദേശികപദങ്ങളും നോവൽ  സ്വീകരിച്ചിട്ടുണ്ട്. "നട്ടപ്രവെയിലത്ത് ഒരു തോർത്തും തലയിൽ കെട്ടി ബാലൻ നമ്പ്യാർ വലിഞ്ഞു നടന്നു"(1984: 13). ചെമ്മാരി വെറും തലവൻ ആചാരം കാട്ടണമെങ്കിൽ നാട്ടുവാഴിവരെ പൊള്ള എന്നുവിളിക്കും (1984: 13). വീച്ച് (തമ്പ്), ക്രാണി (ഉദ്യോഗസ്ഥൻ), ത്രുവാൻ (മുതലാളി) തുടങ്ങിയ  പഴയ ഭാഷാപദങ്ങളും നോവലിൽ കാണാം. "സിങ്കപ്പൂരിലെ വെറുമൊരു വീച്ചിൽ കൂലിയായി ജീവിതം രണ്ടാമതും തുടങ്ങിയവനാ സാറേ ഞാൻ. കുറുപ്പു പറയും "പിന്നെയാ ക്രാണിയും ത്രുവാനുമൊക്കെയായത്" (1984: 42). ആദിവാസിഗോത്രഭാഷയുടെ പ്രയോഗം നോവലിന് പ്രത്യേക ചാരുത നൽകുന്നു.

"എളങ്ങേല് സുഗമോ? ചെമ്മാരിയും ഉപചാരം ഒട്ടും കുറച്ചില്ല..എത്തിരകാലോമായി കണ്ടിറ്റ്"! 'നിങ്ങ ചൊല്ലിൻ വേലാ' (1984: 13). 'തലച്ചോളയുടെ നിഴലിൽ നിഴലിലെ ഇരുട്ടിന്റെ വ്യാപനം പോലെ നീണ്ടു മെലിഞ്ഞ വേലൻ നിന്നു' (1984: 14).

എന്താൺടാ അന്റെ പേര്?

'ചെടയൻ ന്നാ എളങ്ങേല!'

എളങ്ങേല് വാ

'എങ്ങോട്ട്'

'കക്കുടിമന്ന് '

ഓലയും പുല്ലും കൊണ്ട് കൂര മേഞ്ഞ കുടിലിനെയാണ് കക്കുടി മന്ന് എന്ന മദ്യ-ശാലയെ വിളിച്ചിരുന്നത് (1984: 14). 'മൺതറയിൽ അവർതന്നെ കൈതച്ചെടിയുടെ ഓലകളിൽ നിന്ന് തെരഞ്ഞെടുത്ത് പാകപ്പെടുത്തിയ വൃത്തിയും ഭംഗിയുമുള്ള തഴപ്പായ-കൾ വിതച്ചിരുന്നു." പാതിരാത്രിയിൽ പനങ്കള്ളും കുടിച്ച് അതിന്റെ ലഹരിയിൽ നട-ത്തുന്ന യാത്ര നോവലിൽ വിവരിക്കുന്നുണ്ട്. പരേതരുടെ കോലങ്ങൾ കെട്ടിയാടുന്നതു-പോലെ മരങ്ങൾ അവിടവിടെ കാറ്റിൽ ഉലഞ്ഞു നിന്നു. തണുപ്പും വിചിത്രഗന്ധവും കലർന്ന കാറ്റ് അയാളെ വിടാതെ തഴുകികൊണ്ടിരുന്നു (1984: 17). യക്ഷിണിയുടെ ആവാസസ്ഥാനത്തിന്റെയും ചുടലയുടെയും ഭീകരത ഭ്രമാത്മകവർണ്ണനകളിലൂടെ വായ-നക്കാരുടെ മനസ്സിൽ ചിത്രമുദ്ര സാധ്യമാക്കുന്നു.

"നാവുകൊണ്ട് നക്കിയമ്മ തീയും കെടുത്തി
മുടികൊണ്ട് വീശിയമ്മ വെണ്ണീരും പാറ്റി
മുപ്പത്തിരു കുലം വന്നു കൊണ്ടാലും
എല്ലാരടയസ്ഥിയും നക്കുമല്ലമ്മേ"

കടുംതുടിയുടെയും പറയുടെയും താളത്തിൽ കാട്ടുപൂക്കളും പുല്ലുകളും നിന്നു ത്രസിച്ചു. ചുട-ലയുടെ തീയിൽ ചുട്ടു പഴുത്ത അസ്ഥിയിൽ നാവുകൊണ്ട് തുടച്ചു തണുപ്പിക്കുന്ന ചുടല ഭദ്രകാളിയുടെ ഭീകരഗാഥ. പകൽപ്പോലും ആരും കയറാൻ മടിക്കുന്ന ഈ പൂതക്കാട്ടിൽ, കാഞ്ഞിര തണലുകൾ തോറും കാലിച്ചേകാൻ ദൈവങ്ങൾ കൂട്ടുകെട്ടിയിട്ടുള്ള കാളികൂളി-കളുടെ ഈ വനത്തിൽ ഒടിയും മുഷ്ടിയും മാരണവും മറിയും നടത്തുന്ന മന്ത്രവാദികൾ കൊടികുത്തി വാഴുന്ന ഈ കോട്ടത്തിൽ ഞാൻ നേരിമില്ലാത്ത ഈ നേരത്ത് എന്തിനു കടന്നുവന്നു " (1984: 19).

ഐതിഹ്യകഥകളിലും പുരാവൃത്തങ്ങളിലും നാടൻപാട്ടുകളിലും വാസ്തവാതീതലോകം അതിശക്തമായി നിലനിൽക്കുന്നുണ്ട്. യക്ഷീ-പ്രേതസങ്കല്പങ്ങൾ ഇത്തരം വാസ്തവാതീതലോകത്തിന്റെ മാനസികാവിഷ്ക്കാരങ്ങളാണെന്നു പറയാം. വാമൊഴിവഴക്കങ്ങളുടെ സന്നിവേശംകൊണ്ട് മാന്ത്രികനോവലുകൾക്ക് ഉത്പത്തിപരമായ അസ്തിത്വവും പ്രമേയപരമായ പുതുമയും പ്രതിപാദനപരമായ ലഘുത്വവും ആഖ്യാനപരമായ വൈവിധ്യവും ലഭിക്കുന്നുണ്ട്. ഈ ജനസ്സിനെ ജനാഭിലാഷങ്ങളോടു ചേർത്തുനിർത്തുന്ന സുപ്രധാനതത്ത്വവും ഇതുതന്നെ.

### 3. 2. 2. മന്ത്രവാദത്തിന്റെ നാട്ടുവഴി

പ്രകൃതിപ്രതിഭാസങ്ങളെകുറിച്ചുള്ള അജ്ഞതയിൽനിന്നാണ് മന്ത്രവാദം ഉടലെടുക്കുന്നതെന്ന് ജോർജ് ഫ്രെയ്സർ 'ദ ഗോൾഡൻ ബോ' എന്ന ഗ്രന്ഥത്തിൽ നിരീക്ഷിക്കുന്നു. പ്രകൃതിനിയമത്തെക്കുറിച്ചുള്ള സാങ്കല്പികമായ ഒരു ചിന്താപദ്ധതിയും കൃത്രിമശാസ്ത്രവും നിഷ്ഫലമായ കലയുമാണ് അദ്ദേഹത്തിന് മന്ത്രവാദം. മന്ത്രവാദത്തെ മതവുമായി ബന്ധപ്പെടുത്തിയാണ് ഫ്രെയ്സർ പഠിക്കുന്നത്.

മാന്ത്രികകർമ്മങ്ങൾക്ക് ഷഢ്കർമ്മങ്ങളെയാണ് മന്ത്രവാദികൾ ആശ്രയിക്കുന്നത്. ശാന്തി, വശ്യം, സ്തംഭനം, വിദ്വേഷണം, ഉച്ചാടനം, മാരണം എന്നിവയാണ് മന്ത്രവാദത്തിലെ ഷഢ്കർമ്മങ്ങൾ. രോഗം തുടങ്ങിയവ ശമിപ്പിക്കുന്നതിനും ആരോഗ്യം ഉണ്ടാക്കുന്നതിനും വേണ്ടി ചെയ്യുന്ന പ്രവൃത്തിയായ ശാന്തി, വശീകരിക്കുന്നത് സംബന്ധിച്ചുള്ളത് വശ്യം (എന്തുപറഞ്ഞാലും അത് അനുസരിക്കാനുള്ള മന്ത്രപ്രയോഗങ്ങളാണിതിലുള്ളത്), വാതം പിടിച്ചാൽ ഒന്നും ചെയ്യാൻ കഴിയാതെ എങ്ങനെ കിടക്കുന്നുവോ അതുപോലെ ഒന്നും പ്രവർത്തിക്കാൻ സാധിക്കാതെ നിന്ന നിൽപ്പിൽനിന്നുപോകുന്ന സ്തംഭനം, ഒരിക്കലും പിരിയാത്ത രണ്ടുപേരിൽ വിദ്വേഷം ജനിപ്പിച്ച് പരസ്പരം ശത്രുക്കളാക്കുന്ന വിദ്വേഷണം, സ്ഥാനഭ്രംശം ഉണ്ടാക്കുന്ന ഉച്ചാടനം (സ്വന്തം സ്ഥലവും താമസസ്ഥലവും വിട്ട് ഓടേണ്ടിവരുന്ന ക്രിയ), കൊല്ലുക/ശത്രുനാശം എന്ന

ഉദ്ദേശ്യത്തോടെ നടത്തുന്ന കർമ്മമായ മാരണം എന്നിവയാണ് ഷഡ്കർമങ്ങൾ (എം. ആർ. രാജേഷ്, 2013: 41). വേണ്ടരൂപത്തിൽ ഉപയോഗിച്ചാൽ ആർക്കും ഇവ സിദ്ധമാക്കാൻ കഴിയുമെന്നാണ് വിശ്വാസം. ഇഷ്ടമൂർത്തിയെ ചൊൽപ്പടിക്കുനിർത്തുവാൻ മാന്ത്രികൻ തന്നെത്തന്നെ സമർപ്പിക്കേണ്ടിവരുമെന്ന് കലികയിൽ മോഹനചന്ദ്രൻ നിരീക്ഷിക്കുന്നു. ലൈംഗികതയെ മന്ത്രവാദവുമായി ബന്ധപ്പെടുത്തി ആഖ്യാനനിർവ്വഹണം നടത്തുകയാണിവിടെ. ജനപ്രിയനോവലിന്റെ മുഖ്യ ആകർഷണഘടകങ്ങളിലൊന്ന് അവ ലൈംഗികതയെ അലങ്കാരങ്ങളില്ലാതെ പ്രകടമാക്കുന്നു എന്നതാണ്. ബ്രാഹ്മണ്യത്തിന് മേന്മ കല്പിക്കുന്ന പൊതുരീതി മാന്ത്രികനോവലുകൾക്കുണ്ട്. "പവിത്രമായ ബ്രാഹ്മണ്യത്തിനൊന്നിനേ കലികയെ കീഴ്പ്പെടുത്തിവെച്ചിട്ടുള്ള ദുർദേവതകൾക്കെതിരെ പൊരുതാൻ പറ്റൂ... അവളുടെ മലിനദുർമന്ത്രവാദത്തെ തോല്പിക്കാൻ കുറച്ചെങ്കിലും കഴിവ് ആചാര്യക്രമങ്ങളിൽ ഇമ്മിണി വ്യത്യാസം വരുത്താതെ യൗവ്വനവും ജ്ഞാനവും ഒന്നിച്ചുചേർന്ന ദ്വിജനേ കാണൂ..."(1981: 230). ജ്ഞാനത്തിന്റെയും ഉപാ സനയുടെയും സമഗ്രത ബ്രാഹ്മണ്യത്തിലാണെന്ന് പ്രത്യക്ഷമായിത്തന്നെ അംഗീകരിക്കുന്ന ഇത്തരം എഴുത്തുകൾ സവർണ്ണ സാംസ്കാരികതയുടെ ഭൂതകാലമുദ്രകൾ പുതുസമൂഹത്തിൽ ഉറപ്പിക്കാൻ പരിശ്രമിക്കുന്നതാണ്.

വശ്യപ്രയോഗത്തെക്കുറിച്ച് കൃഷ്ണപ്പരുന്തിൽ പി. വി. തമ്പി സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. മഷിനോട്ടം, വശീകരണം തുടങ്ങിയവയിൽ നാടോടിസമൂഹത്തിനുണ്ടായിരുന്ന വിശ്വാസത്തെ നോവലിലേക്ക് അതേപ്രകാരം തന്നെ സ്വീകരിക്കുവാൻ നോവലിസ്റ്റുകൾ പരിശ്രമിക്കുന്നുണ്ട്. ചൂരക്കാട് ഭട്ടതിരി, മീനാക്ഷിയെ ഉപയോഗിച്ച് കുമാരൻതമ്പിയെ വശീകരിക്കാനുള്ള ശ്രമം നടത്തുന്നു. "ചകോരത്തെ പിടിച്ച് വിധിപ്രകാരം ഇരുമ്പുതട്ടാതെ അതിനെക്കൊണ്ട് ഒരു തുള്ളി ചോരപോലും പോകാതെ തുവൽകളഞ്ഞ് അതിന്റെ നാക്ക് അറുത്തെടുത്ത് ചെറുതേനും കൂട്ടിയരച്ചാണ് മഷി ഉണ്ടാക്കിയത്. എന്നിട്ട് നഗ്നനായിനിന്ന് കാമവികാരത്തോടെ മദനകാമേശ്വരീ മന്ത്രം ജപിക്കുക. ഓം ഹ്രീം ഈം നമോ ഭഗവതീ മദനകാമേശ്വരീ സർവ്വജനസ്യ മദനക്ഷോഭം വർദ്ധയ

വർദ്ധയ ശീഘ്രം മാം പ്രത്യാകർഷയാകർഷയ സ്വാഹാ" (1984: 110). വിശ്വാമിത്രമഹർഷി മേനകയിൽ അനുരക്തനായത് വശ്യമരുന്നുപ്രയോഗത്താലാണെന്ന പൗരാണികകഥ ഇതിനു പിൻബലമായി നോവലിസ്റ്റ് നൽകുന്നുണ്ട്. മാന്ത്രികവിജ്ഞാനത്തിലുള്ള തന്റെ അവഗാഹത്തെ ആഖ്യാനത്തിൽ ഉപയോഗിക്കുന്നത് പള്ളിവേട്ടയിലും കാണാം. മൈലോശികവും കാട്ടുകോയിര മുള്ളും അരച്ച് ശരീരത്തിൽ പൂശുന്നത് സർവ്വവശ്യമാണ്. കൊട്ടം കുപ്പമഞ്ഞൾ, വെള്ളടമ്പിൻ വേര് വെള്ളെരിക്കിൻവേര്, ഗോരോചനം, ചന്ദനം എന്നിവ സമം ഓരുനിറമായ പശുവിൻ പാലിൽ അരച്ച് നിഴലിൽ ഉണക്കി അരിക്കാടിവെള്ളത്തിൽ ചാലിച്ച് തിലകം തൊട്ടാൽ സർവ്വവശ്യം സാധിക്കുമത്രേ. അശോകത്തിന്റെ വടക്കോട്ടുപോയ വേരും കർപ്പൂരവും തേനിലരച്ച് ലിംഗലേപനം ചെയ്താൽ ബ്രാഹ്മണ സ്ത്രീകൾപോലും വശമാകും. തൊട്ടാവാടി ഉരിയാടാതെ പറിച്ചെടുത്ത് നന്നായി അരച്ച് ചുണ്ണാമ്പു കലർത്തി നെറ്റിക്ക് പൊട്ടു കുത്തുന്നതും സ്ത്രീകളെ വശീകരിക്കാനുള്ള ഉപാധിയാണ്. കറുകയും മയിലോശികവും കൂട്ടിയരച്ച് ഇടത്തെ കൈയിൽ പുരട്ടി ശത്രുവിന്റെ തലയിൽ തൊട്ടാൽ ശത്രുവും സ്ത്രീയുടെ തലയിൽ തൊട്ടാൽ സ്ത്രീയും വശമാകും (1991: 15). പന്നിയുടെ വലത്തെ തേറ്റയും ഗോരോചനവും കുങ്കുമവും വിഷ്ണുക്രാന്തിയും രസവും ചന്ദനവും പൊന്നും കൂടെ വെള്ളെരിക്കിലയുടെ നീരിലരച്ച് ഗുളികയാക്കി അതുകൊണ്ട് ഏത് കതകിൽ തൊട്ടാലും സാക്ഷ താനേ തുറക്കുമെന്നു മാത്രമല്ല ഏതു പെണ്ണും വശമാകും "(1991: 15).

മാന്ത്രികമഷിയേക്കാൾ വീര്യം കൂടിയതാണ് മാന്ത്രികലേപനം. മാന്ത്രികലേപന നിർമ്മാണത്തെക്കുറിച്ച് നോവലിൽ പറയുന്നത് ഇങ്ങനെയാണ്. "കവുങ്ങിൻ പശയും ചൂടൻ കർപ്പൂരവും തിപ്പലിയും ഇന്തുപ്പും കാമനീരും ചെറുതേനിൽ അരച്ചാണ് ലേപനമുണ്ടാക്കുന്നത്. പിന്നീട് ആ ലേപനം പനിനീരിൽ ചാലിച്ച് കാമബാണമന്ത്രം ജപിക്കുക (1984: 110). 'ഒരു സ്ത്രീ ഈ ലേപനം രഹസ്യഭാഗത്തു മാത്രം പുരട്ടിക്കൊണ്ട് അവൾ ആഗ്രഹിക്കുന്ന പുരുഷനെ ഒരേയൊരു പ്രാവശ്യം സൂക്ഷിച്ചുനോക്കിയാൽ മതി അവളിൽ അയാൾ അനുരക്തനാകും. പുരുഷനാണ് ആ ലേപനം ഉപയോഗിക്കുന്നതെങ്കിൽ

അയാൾ സമീപിക്കുന്ന ഏത് സ്ത്രീയും അയാൾക്ക് വശമാകും. യോനീലേപനവശ്യം, ലിംഗലേപനവശ്യം എന്നിങ്ങനെ രണ്ടുതരം വശ്യമുണ്ട്" (1984: 111). മന്ത്രസിദ്ധി ആര്യവംശത്തിന്റെ സവർണ്ണാധികാരത്തിന്റേതുമാത്രമാണെന്ന ധാരണ നോവലിലുണ്ട്. ചൂരക്കാട് തിരുമേനി അത് ഉറക്കെ പ്രഖ്യാപിക്കുന്നുണ്ട്. "അബ്രാഹ്മണന്റെ മന്ത്രസിദ്ധി എത്രകാലത്തേക്ക് നിലനിൽക്കാനാണ്?"(1984: 112). അറിവുകളെല്ലാം ബ്രാഹ്മണപാരമ്പര്യത്തിന്റെ മുദ്ര ചാർത്തപ്പെടുന്നതിന്റെ ചില നിമിഷങ്ങൾ നോവൽ പകർത്തുന്നുണ്ട്.

ശത്രുവിനെ വാക്സ്തംഭനത്തിലൂടെ കീഴടക്കുന്ന രീതി പി. വി. തമ്പിയുടെ പള്ളിവേട്ടയിലും കാണാം.  ഇര അവിടെ ഊമയെപ്പോലെയാകും. കുഞ്ഞുണ്ണിക്കൈമളെ വാക്സ്തംഭനത്തിലൂടെ മാർത്താണ്ഡപിള്ള കീഴടക്കുന്നു. (1991: 43) സാത്വികകർമ്മങ്ങളിലൂടെ ശത്രുവിനെ പരാജയപ്പെടുത്താനാകാതെ വരുമ്പോഴാണ് സ്തംഭനാദികർമ്മങ്ങൾ നടത്തേണ്ടതെന്നാണു പ്രമാണം.

ശത്രുവിന്റെ ബാധയൊഴിച്ച് ഇല്ലാതാക്കുന്നതാണ് ഉച്ചാടനകർമ്മം. ദുർമന്ത്രവാദത്തിന്റെ രീതിയാണിത്. മോഹനചന്ദ്രന്റെ കലികയിൽ ഉച്ചാടനക്രിയ വിവരിക്കുന്നുണ്ട്. "വായുകോണിൽ വജ്രാസനത്തിൽ ആട്ടിൻതോലിന്മേലിരുന്ന് കടുകെണ്ണയിൽ മുക്കിയ മാവിൻ ചമതകൊണ്ട് ഹോമിച്ച്, പച്ചനിറത്തിലുള്ള പൂവുകൊണ്ട് ദുർഗ്ഗയെ പൂജിച്ചു. പതിനഞ്ചു കുരുക്കളുള്ള ജപമാലയാണുപയോഗിച്ചത്. സ്വർണ്ണത്തകിടിനു പുറമെ കോലം ചമച്ചത് ശ്മശാനത്തിലെ കരിക്കട്ട ഉപയോഗിച്ചാണ്. പൊതുവെ ഗോതമ്പും നൈവേദ്യവും മാത്രം ഭക്ഷിച്ചു. അന്യഭക്ഷണം പ്രതിക്രിയയ്ക്കുശേഷമാണ് കഴിച്ചിട്ടുള്ളത്. വിധിപ്രകാരം തർപ്പിച്ചത് ആടിന്റെ ചോരകലക്കിയ വെള്ളം. ഉപയോഗിച്ച പാത്രം ഇരുമ്പിന്റേത്" (1981:  172).

രങ്കയ്യ എന്ന കഥാപാത്രം ആഭിചാരത്തിന്റെ അഴുക്കുപൊതി കുഴിച്ചെടുക്കുന്ന രംഗമുണ്ട് നോവലിൽ. മാരണക്രിയയുടെ ഭീതിജനകവർണ്ണന ഇവിടെ നിർവ്വഹിച്ചിരിക്കുന്നു. "... നഖം വളർന്നുകിടക്കുന്ന വെറും കൈകൊണ്ട് രങ്കയ്യ കുളപ്പുരയ്ക്കു മുകളിലെ പൊ-

ടിമണ്ണ് മാന്താൻ തുടങ്ങി. രണ്ടു വശത്തേക്കും മുകളിലെ പൊടിമണ്ണ് പറന്നു. അടിയിൽ നനഞ്ഞ മണ്ണ്. രങ്കയ്യയുടെ കൈയ്യിൽ എന്തോ തടഞ്ഞതുപോലെ വിജയോന്മാദം കലർന്ന അലറൽ. അട്ടഹാസത്തിന്റെ അവസാനം ഒരു പൊതി വലിച്ച് പുറത്തിട്ടു. കറുത്ത തുകിൽ, ഉള്ളിൽ കറുത്ത പട്ട്, അതിന്റെയും ഉള്ളിൽ എന്തൊക്കെയോ അഴുക്കുകൾ. രോമം, എല്ല്, കറുത്തപൊടി. അമേധ്യത്തിന്റെ അവശിഷ്ടമോ അതോ ഉണങ്ങിക്കരിഞ്ഞ പൂക്കളോ, അസഹ്യമായ ദുർഗന്ധം, ഒരായിരം ഓവുചാലിന്റെ കെട്ടവാട പൊതിയിലാക്കി ഇവിടെ കുഴിച്ചിട്ട് പുറത്തെടുത്തു തുറന്നതുപോലെ... നിലവിളക്കിനുമുമ്പിൽ മന്ത്രംചൊല്ലി പൊതിക്കെട്ട് തീയിൽ ഹോമിച്ച് നിശ്ശേഷം ചാരമാകുന്നതുവരെ രങ്കയ്യൻ പ്രലാപം തുടർന്നു. ഒടുവിൽ കത്തുന്ന തീയുടെ വെള്ളത്തിലെന്നതുപോലെ കൈയ്യിട്ട് ഒരുപിടി ചാരമെടുത്ത് തെക്കുവശത്തേക്ക് വായ്കൊണ്ട് ശക്തിയായി ഊതി..." (1981: 95).

ശാന്തികർമ്മത്തിന് വെളുത്തപ്പൂക്കൾ കൊണ്ട് അർച്ചന നടത്തി രതീദേവിയെ വണങ്ങണമെന്നാണ് വിശ്വാസം. വശ്യത്തിന് ചുവന്ന പുഷ്പമർപ്പിച്ച് സരസ്വതിയെ വണങ്ങണം. സ്തംഭനത്തിന് മഞ്ഞനിറത്തിലുള്ള പുഷ്പങ്ങൾ കൊണ്ടു ലക്ഷ്മീദേവിയെയാണ് ആരാധിക്കേണ്ടത്. വിദ്വേഷണത്തിന് പലനിറത്തിലുള്ള പൂക്കൾ സ്വീകരിക്കാം. അതിനായി ജ്യേഷ്ഠാഭഗവതിയെ ഉപാസിക്കണം. ഉച്ചാടനത്തിന് പാംസുനിറമുള്ള പൂക്കൾ കൊണ്ട് ദുർഗ്ഗാദേവിയെയാണ് ഉപാസിക്കേണ്ടത്. മാരണത്തിന് ധൂസരനിറത്തിലുള്ള പുഷ്പങ്ങൾകൊണ്ട് കാളിയെ പൂജിക്കണം (1991: 45, 46). ഓരോ കർമ്മത്തിനും വ്യത്യസ്ത ആസനവും നോവലിൽ നിഷ്കർഷിക്കുന്നു. പത്മാസനം (ശാന്തി), സ്വസ്തികാസനം (വശ്യം), കുക്കുടാസനം (വിദ്വേഷണം), വജ്രാസനം (ഉച്ചാടനം), ഭദ്രാസനം (മാരണം) എന്നിങ്ങനെയാണവ (1991: 46).

തീവ്രവും ആത്മാർത്ഥവുമായ ഭക്തിയും ഉപാസനയുമാണ് മന്ത്രപ്രയോഗത്തിനുവേണ്ടതെന്ന് കലികയിൽ മോഹനചന്ദ്രൻ പറയുന്നുണ്ട്. ഹിന്ദുമതത്തിലെ ഏറ്റവും

ശക്തമായ നാമകീർത്തനമാണ് ലളിതാസഹസ്രനാമം. ലളിതാസഹസ്രത്തിലെ ദേവീസ്തോത്രങ്ങൾ ദേവ്യുപാസനയ്ക്കുവേണ്ടി നോവലിൽ ഗ്രന്ഥകർത്താവ് സ്വീകരിച്ചിരിക്കുന്നു. മന്ത്രപ്രയോഗങ്ങൾ നടത്താനുള്ള കാലത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ നോവലിൽ നൽകുന്നുണ്ട്." ആഷാഢം തൊട്ട് കാർത്തികയുൾപ്പെടെയുള്ള അഞ്ച് മാസങ്ങൾ വേണം മന്ത്രപ്രയോഗം നടത്താൻ. മറ്റുമാസങ്ങളിൽ മന്ത്രപ്രയോഗം നടത്തിയാൽ പത്തിലൊന്നു ഫലംകൂടി കിട്ടുകയില്ല" (1981: 170).

ശത്രുസംഹാരത്തിനുവേണ്ടി ആര്യയെന്ന 'കലിക' നേടിയ ആദ്യത്തെ കുത്സിതശക്തി അഗ്നിമുഖനാണ്. മകരമത്സ്യത്തിന്റെയോ അതുപോലെ ഭീകരമായ മറ്റേതെങ്കിലും ജലജന്തുവിന്റെയോ തുകൽ, ശക്തമായ മന്ത്രത്തോടും കൂടി ജപിച്ചെറിഞ്ഞാൽമാത്രം അലിഞ്ഞില്ലാതാവുന്ന പ്രചണ്ഡശക്തി. ഒരിക്കൽമാത്രം നിലത്തുന്നി വ്രതഭംഗമില്ലാതെ നാല്പത്തൊന്നുദവസം. ബ്രാഹ്മണമുഹൂർത്തം തൊട്ട് ഉദയംവരെ ക്ഷമയോടെ ആദിത്യഭഗവാനെ പ്രാർത്ഥിച്ച് ആര്യയ്ക്കുകിട്ടിയ സമ്മാനം (1981: 190). ഛിന്നമസ്ത, വാർത്താളി, യക്ഷിണി എന്നീ ദുർദേവതകളെ മന്ത്രോപാസനയിലൂടെ കലിക അധീനതയിലാക്കുന്നു. വാർത്താളിയെക്കുറിച്ചുള്ള ഭീകരവർണ്ണന നോവലിലുണ്ട്. "ചെന്താമരപ്പൂവിൽ, ശവത്തിൽ മനുഷ്യത്തലകൾ കഴുത്തിലണിഞ്ഞ് ഉലക്കയും കരിയും അഭയമുദ്രയും വരദമുദ്രയും നാലു കൈയിലേന്തി, തടിച്ച മുലയോടും കറുത്ത ദേഹത്തോടും ചുവന്ന വസ്ത്രം ധരിച്ച് പന്നിയുടെ മുഖവുമായി പ്രത്യക്ഷപ്പെടുന്ന വാർത്താളി" (1981: 192). ഉച്ചാടനത്തിന്റെ സവിശേഷതകൾ വർണ്ണിക്കുന്നതു നോക്കുക. "ശ്മശാനത്തിൽ നിന്നുമെടുത്ത കരിക്കട്ട മൂലമന്ത്രം ചൊല്ലി ശത്രു താമസിക്കുന്നിടത്തിട്ടാൽ ശത്രു നാടുവിട്ടോടും"(1981:194).

സന്മന്ത്രവാദം, ദുർമ്മന്ത്രവാദം എന്നീ മന്ത്രവാദവിഭാഗങ്ങളുടെ നിരന്തരസംഘർഷമാണ് മാന്ത്രികനോവലുകളുടെ സ്ഥിരം പ്രമേയം. സാധാരണ മനുഷ്യരിൽനിന്നു വ്യത്യസ്തമായി അലൗകികശക്തികളെ സ്വാധീനിക്കാൻ കഴിയുന്നവരാണ് മാന്ത്രികർ അല്ലെങ്കിൽ മന്ത്രവാദികൾ. അവർ സമൂഹത്തിൽ ഏറെ മഹത്വം കല്പിക്കപ്പെടുന്നവരാ-

ണ്. അദൃശ്യശരീരികൾക്കും മനുഷ്യർക്കുമിടയിലുള്ള മധ്യസ്ഥരാണിവർ. സ്ത്രീയും പുരുഷനും മന്ത്രവാദികളാകാറുണ്ട്. ഒരാൾ മാന്ത്രികനാകണമെങ്കിൽ അയാൾക്ക് അദൃശ്യശക്തികളുടെ പിന്തുണ ലഭിക്കണം. ആത്മാക്കളെ നിലയ്ക്കു നിർത്തണം. ഇഷ്ടശക്തികളോട് സംവദിക്കണം. അവരെ പ്രീതിപ്പെടുത്താൻ മാന്ത്രികകർമ്മങ്ങൾ, ഉപാസനകൾ എന്നിവ അഭ്യസിക്കണം. എത്ര മൂർത്തികളെ ഇച്ഛാനുസാരിയാക്കി മാറ്റുന്നുവോ അത്രയും മഹത്വം ആ മാന്ത്രികനുണ്ടാകുന്നു. ദുർദേവതകളെ കാര്യസാധ്യത്തിനു വേണ്ടി ആശ്രയിക്കുന്നതും പ്രീതിപ്പെടുത്തുന്നതും ദുർമന്ത്രവാദികളുടെ ലക്ഷണമാണ്. സന്മന്ത്രവാദി ലോകക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവരാണ്. ഇവരുടെ പ്രതിരൂപങ്ങളാണ് മാന്ത്രികനോവലിലെ മന്ത്രവാദികൾ.

സ്ത്രീമന്ത്രവാദികളിൽ മികവുറ്റു നിൽക്കുന്ന ആഖ്യാനം മോഹനചന്ദ്രന്റെ 'കലിക' എന്ന നോവലിലെ 'കലിക' എന്ന കഥാപാത്രമാണ്. സ്വന്തം അച്ഛനാൽ ക്രൂരപീഡനത്തിനിരയായ ആര്യ എന്ന പെൺകുട്ടിയുടെ കലികയിലേക്കുള്ള പരിവർത്തനമാണ് നോവലിന്റെ പ്രമേയം. തന്നെ ക്രൂരമായി പീഡിപ്പിച്ച മനുഷ്യരോടുള്ള അടങ്ങാത്ത പകയാണ് ആര്യയെ 'കലിക'യായി മാറാൻ പ്രേരിപ്പിച്ചത്. ഇഷ്ടമൂർത്തികളെ അധീനതയിലാക്കി അവൾ പ്രതികാരനിർവ്വഹണം നടത്തുന്നു.

മന്ത്രവാദം സാർവ്വത്രികമായി പ്രയോഗത്തിലുണ്ടായിരുന്ന, ജനങ്ങൾ വിശ്വസിച്ചിരുന്ന ഒരു കാലഘട്ടത്തെയാണ് കൃഷ്ണപ്പരുന്ത് അനാവരണം ചെയ്യുന്നത്. പഴയകാലജീവിതത്തിലെ തന്റെ നാട്ടുകാരുടെ വിശ്വാസങ്ങളെയും കർമ്മങ്ങളെയും കലാപരമായി ആവിഷ്കരിക്കുകയാണ് തമ്പി ചെയ്തത്. മന്ത്രവാദത്തെ കേരളത്തിൽ ചികിത്സാസമ്പ്രദായമായി ഉപയോഗിച്ചിരുന്നു. ആഭിചാരം, കൂടോത്രം, ഒടി, മൃഗബലി, നരബലി എന്നീ രീതിഭേദങ്ങൾ പലയിടത്തും പലകാലത്തും പരീക്ഷിച്ചിരുന്നു. ശത്രുസംഹാരം, സ്ത്രീപുരുഷവശ്യം എന്നിവയ്ക്ക് പ്രധാനമായും മന്ത്രവാദത്തെ കൂട്ടുപിടിച്ചിരുന്നു. കേരളത്തിൽ കല്ലൂർ, കാട്ടുമാടം, കാലടി, കുഞ്ചുമൺ തുടങ്ങിയ ബ്രാഹ്മണകുടുംബങ്ങളും തലപ്പ-

റത്ത് നമ്പി, നാലേക്കാട്ടിൽ പിള്ള, കടമറ്റത്ത് കത്തനാർ എന്നിവരും മാന്ത്രികവിദ്യ-യിൽ പ്രസിദ്ധി നേടിയവരാണ്.

'മുറ്റത്തെ തുളസിത്തറയിൽ സന്ധ്യാദീപം കൊളുത്തി നിൽക്കുന്ന കുഞ്ഞിക്കുട്ടി-ത്തങ്കച്ചിയുടെ തലയിൽ പക്ഷിരാജനായ ഗരുഡൻ വട്ടമിട്ടു പറക്കുന്നതോടെയാണ് 'കൃ-ഷ്ണപ്പരുന്ത്' എന്ന നോവൽ ആരംഭിക്കുന്നത്. മന്ത്രവാദിയായ പപ്പുതമ്പി പുത്തൂർ തറവാ-ട്ടിലെ കാരണവരാണ്. തറവാടിന്റെ കുലദൈവവും ആരാധനാമൂർത്തിയുമാണ് കൃഷ്ണപ്പ-രുന്ത്. ദുർനടപ്പുകാരനായ കുമാരൻതമ്പിക്കാണ് അനന്തരവകാശിയായി അയാൾ മന്ത്ര-ദീക്ഷ നൽകിയത്. മന്ത്രവാദി ബ്രഹ്മചാരിയായിരിക്കണമെന്ന നിബന്ധന കുമാരൻത-മ്പി തെറ്റിച്ചു. അയാൾ ദുർദേവതകളുടെ ഉപാസകനായി മാറി. കേട്ടുകേൾവി മാത്രമു-ണ്ടായിരുന്ന, മൺമറഞ്ഞ ഒരു കാലഘട്ടത്തെ മാന്ത്രികനോവലിലൂടെ കലാത്മകമായി ആവിഷ്കരിക്കാനാണ് തമ്പി പരിശ്രമിച്ചത്. മന്ത്രച്ചരടിലുള്ള വിശ്വാസം നോവലിൽ പ്രതിപാദിക്കുന്നുണ്ട്. തറവാട്ടുമാന്ത്രികർ ജപിച്ചുനൽകിയ കറുത്ത ചരട് അരയിൽ കെ-ട്ടിയാൽ ഒരു ഭയവും വ്യക്തിയെ ബാധിക്കില്ലെന്ന വിശ്വാസമാണത്. ദുർദേവതകൾക്ക് സമീപിക്കാൻ കഴിയാത്തവിധം അതു രക്ഷ നൽകുമത്രേ. ആനന്ദലഹരി എന്നറിയപ്പെ-ടുന്ന 'സൗന്ദര്യലഹരി' എന്ന ഗ്രന്ഥം മാന്ത്രികരുടെ നിധിയും മന്ത്രപ്രധാനവുമാണെന്ന് പി. വി. തമ്പി നോവലിൽ പറയുന്നു (1984: 84).

മന്ത്രവാദസംബന്ധിയായ വിപ്ലവചിന്തകൾ പലതും കൃഷ്ണപ്പരുന്തിൽ കടന്നുവരു-ന്നു. മന്ത്രവാദം ബ്രാഹ്മണർക്കുമാത്രം കല്പിതമായതാണെന്ന സാമൂഹികതയെ നോവ-ലിസ്റ്റ് ചോദ്യം ചെയ്യുന്നതു നോക്കുക. '... ശൂദ്രന് മന്ത്രതന്ത്രങ്ങൾ വിലക്കപ്പെട്ടവയാ-ണോ? ജാതിവ്യത്യാസങ്ങൾ ധർമ്മാചരണത്തിന്റെ വ്യത്യാസം കൊണ്ടുണ്ടായതല്ലേ, ധർമ്മത്തെ നോക്കിയല്ലേ, ഒരാളുടെ ജാതി നിർണ്ണയിക്കേണ്ടത്. ധർമ്മാചരണത്തിന്റെ വ്യത്യാസം മൂലമായ ബ്രാഹ്മണർ ക്ഷത്രിയനും ക്ഷത്രിയൻ ബ്രാഹ്മണനും വൈശ്യർ ശൂ-ദ്രനും ശൂദ്രർ ബ്രാഹ്മണനുമൊക്കെയാകാം" (1984: 85). മന്ത്രവാദകഥയെക്കാൾ മാന്ത്രി-

കകാലഘട്ടത്തിനാണ് അദ്ദേഹം പ്രാധാന്യം നൽകുന്നത്. മാന്ത്രികപാരമ്പര്യത്തെ നിഷേധിക്കാനും തകർത്തെറിയാനുള്ള ശ്രമവും കുമാരൻതമ്പിയുടെ ഭാഗത്തുനിന്നുണ്ടാകുന്നുണ്ട്. ബ്രഹ്മചര്യവ്രതഭംഗം വരുത്തി മാന്ത്രികസ്ഥാനം ഒഴിയാതെ ഭയലേശമന്യേ മുന്നോട്ടുപോകുന്ന കുമാരൻതമ്പി ഉൾക്കരുത്താർന്ന കഥാപാത്രമാണ്. അഞ്ച് മാന്ത്രികഗ്രന്ഥങ്ങളിൽ നാലെണ്ണം അയാൾ മനഃപാഠമാക്കി. അഞ്ചാമത്തെ ഗ്രന്ഥം ദുർദേവതകളെ ഉപാസിക്കുന്നവയാണ്. വിവാഹാനന്തരം അഞ്ചാമത്തെ ഗ്രന്ഥത്തെ ഉപാസിച്ച് ജീവിതവിജയം കൈവരിക്കുവാനാണ് കുമാരൻതമ്പി തയ്യാറെടുക്കുന്നത്. ഗരുഡസേവയിലൂടെ വിഷബാധകളകറ്റുന്ന ശാന്തികർമ്മമാണ് പുത്തൂർ തറവാട്ടിലെ കാരണവർ നടത്തിയിരുന്നത്. കുമാരൻതമ്പി ആ വഴിയിൽനിന്നു മാറിനടക്കാൻ ശ്രമിക്കുന്നു.

മന്ത്രവാദത്തിന്റെ മുഖ്യമായ ഒരുവശമാണ് യന്ത്രപ്രയോഗം. പി. വി. തമ്പിയുടെ പള്ളിവേട്ടയിൽ ഈ അറിവുകൾ വിശദമായി ചിത്രീകരിച്ചിരിക്കുന്നു. മന്ത്രത്തെക്കാൾ ചിലപ്പോൾ ഫലം ചെയ്യുക യന്ത്രമാകും. ശ്രീയന്ത്രം, ശ്രീസൂക്തയന്ത്രം, അശ്വാരൂഢയന്ത്രം, അന്നപൂർണ്ണേശ്വരിയന്ത്രം, സ്വയംപരയന്ത്രം സമൃദ്ധിയന്ത്രം, വരാഹയന്ത്രം, ഗോവിന്ദയന്ത്രം മൃതസഞ്ജീവനിയന്ത്രം, ത്രിപുരസുന്ദരീയന്ത്രം എന്നിവ ഐശ്വര്യ സിദ്ധിക്ക് ഉത്തമം. ധന്വന്തരീയന്ത്രം, നരസിംഹയന്ത്രം, പഞ്ചാക്ഷരീയന്ത്രം, മൃത്യുഞ്ജയയന്ത്രം, ജ്വരനാശകയന്ത്രം എന്നിവ രോഗശമനത്തിന് ഉത്തമം. ഭയനാശത്തിന്, അഘോരയന്ത്രം, സമ്മോഹനയന്ത്രം, ഭൂതപ്രേതപിശാചുബാധയിൽ നിന്നും രക്ഷനേടാൻ മഹാസുദർശന യന്ത്രം, മഹിഷാമർദ്ദിനി യന്ത്രം, ശൂലിനി യന്ത്രം, ശക്തിഭൈരവി യന്ത്രം, ത്വരിതാ യന്ത്രം, നരസിംഹയന്ത്രം. ചെമ്പ്, ഈയം, വെള്ളി, സ്വർണ്ണം എന്നീ ലോഹത്തകിടുകൾ, മരത്തൊലി, ഓല മൃഗത്തോൽ ഇലകൾ, മനുഷ്യാസ്ഥികൾ, എന്നിവയിൽ യന്ത്രങ്ങൾ തയ്യാറാക്കിവരുന്നു (1991: 146).

ഏറ്റുമാനൂർ ശിവകുമാറിന്റെ ആയില്യം കാവിൽ നാട്ടുമന്ത്രവാദങ്ങളിൽ വ്യാപകമായ മഷിനോട്ടം പരാമർശവിധേയമാകുന്നുണ്ട്. കരീക്കാട്ടു തിരുമേനി നിലവിളക്ക-

കൾക്കു മുന്നിലെ പീഠത്തിൽനിന്ന് ഒരു തളിർ വെറ്റിലയെടുത്തു. വെറ്റിലച്ചുവട് ഉത്തര-ദിക്കിലേക്ക് വരത്തക്കവിധം പീഠത്തിൽ വെച്ച് അഞ്ജനവും പിന്നെ അഞ്ചു മഷികളും ചാലിച്ച മിശ്രിതം ആ വെറ്റിലയുടെ കതത്തിൽ തേച്ചു പിടിപ്പിച്ചു. പീഠത്തിനു മുന്നിലെ ചാണകം മെഴുകിയ വെറും തറയിൽ പത്മാസനമിട്ടിരിക്കുമ്പോൾ പിന്നെയും ചുണ്ടിൽ നിന്നിടതടവില്ലാതെ മന്ത്രങ്ങളുടെ ആവർത്തനം.. ചുണ്ടിൽ മന്ത്രങ്ങളുമായി വലുത കൈയുടെ ചൂണ്ടുവിരൽ മഷി വെറ്റിലയുടെ അഗ്രഭാഗത്ത് സ്പർശിച്ചു. കൈപ്പടത്തോളമു-ള്ള വെറ്റിലയിൽ ചേലക്കരയുടെ ഹൃദയമായ പാടശേഖരം തെളിഞ്ഞു വന്നു..." (2009: 25). അരനാഴികനേരം കൊണ്ട് ശത്രുവിനെക്കുറിച്ചും ശത്രുവിന്റെ നീക്കത്തെക്കുറിച്ചും ചെവികളിൽവന്നു രഹസ്യമന്ത്രണം നടത്തുന്ന ദുർദേവതയാണ് കർണ്ണപിശാചിനി. ഹൈന്ദവസമൂഹത്തിൽ വേരോടിയ ഇത്തരം വിശ്വാസങ്ങളുടെയും ആചാരങ്ങളുടെയും നേർപകർപ്പാണ് ആയില്യംകാവ് പോലുള്ള മാന്ത്രികനോവലുകളിൽ കാണുന്നത്. അവാസ്തവികമായ ഭാവനാലോകത്തുനിന്നാണ് പ്രമേയത്തെ അവതരിപ്പിക്കുന്നതെങ്ക-ലും പറയപ്പെടുന്നവയ്ക്ക് ഭൂതകാലജീവിതത്തിന്റെ ചൂടും ചൂരും പലപ്പോഴായി വന്നുചേരു-ന്നുവെന്നതും നോവലിനെ വിശേഷമാക്കുന്നു.

കേരളീയ ഹൈന്ദവഗൃഹസ്മൃതികളിലില്ലാത്ത കീഴാളചരിത്രത്തിലെ, ചില കെട്ടു-കഥകളുടെ പിൻബലത്തിൽ നടത്തുന്ന ആഭിചാരകർമ്മങ്ങൾ മാന്ത്രികനോവലിന്റെ പ്രമേയതലത്തിൽത്തന്നെ കടന്നുവരുന്നതിനുദാഹരണമാണ് സുനിൽപരമേശ്വരന്റെ 'ക്ഷുന്ദ്ര മഠം'. കല്ലേരി കറുപ്പൻ എന്ന കഥാപാത്രം തമസ്കരിക്കപ്പെട്ട കീഴാളജനതയുടെ ഉയിർത്തെഴുന്നേല്പിന്റെ സാക്ഷ്യമാണ്. കണ്ണപ്പൻ എന്ന മാന്ത്രികൻ നടത്തുന്ന പരകാ-യപ്രവേശത്തിന്റെ ഭാവനാകഥനമാണ് ഈ നോവൽ. "എന്റെ കയ്യാൽ മരണപ്പെടുന്ന നിന്റെ ആത്മാവിനെ ഈ ചെമ്പകം ക്ഷുന്ദ്ര മഠത്തിനുള്ളിൽ ഭസ്മവും വേപ്പിലയും കൊ-ണ്ട് മൂടും. എന്റെ മാന്ത്രികശക്തിയാൽ നിന്റെ ആത്മാവ് ഒരു കെടാവിളക്കാകും. പകരം തൽക്കാലം ഞാനെന്റെ ശരീരം ഈ പ്രകൃതിയിൽ ലയിപ്പിച്ച് നിന്റെ ശരീരം കടം വാ-ങ്ങും. കണ്ണപ്പന്റെ ആത്മാവും നിന്റെ ശരീരവും" (2012: 27). "... ക്ഷുന്ദ്ര മഠത്തിലെ ജീർ-

ണ്ണിച്ച തറയിൽ ആവാഹിച്ച നിർത്തിയ ജീവപ്രകാശം ഒരു മൺകുടംകൊണ്ട് മൂടി. രാത്രിയുടെ രണ്ടാംയാമത്തിൽ കഠിനമന്ത്രങ്ങളിലൂടെ നഗ്നരൂപിണിയായി ജഗന്റെ ആത്മാവിനു ചുറ്റും ഭസ്മവും വേപ്പിലയും കൊണ്ട് അതിർത്തി കെട്ടിനിർത്തി..." ( 2012: 29). അമവാസി നാളിൽ ജനിച്ചാൽ കുഞ്ഞിന് അപകടം.. സന്ധ്യകളിൽ പുറത്തിറങ്ങരുത്. രണ്ട് അരളിപ്പൂഹാരവും സാമ്പ്രാണിത്തിരിയും ഇത്തിരി കർപ്പൂരവും ഒരു കാൽകുപ്പി എണ്ണയും ക്ഷേത്രത്തിൽ അമാവാസി ദിവസം അർപ്പിക്കണം (2012: 49).

സന്മന്ത്രവാദം ധാർമ്മികതയുടെയും ദുർമ്മന്ത്രവാദം അധർമ്മത്തിന്റെയും ചിഹ്നമായി നോവലിൽ മാറുന്നു. നന്മയ്ക്കുവേണ്ടി നിലനിൽക്കുന്ന മനുഷ്യരും തിന്മ പ്രവർത്തിക്കുന്ന മനുഷ്യരും ഒരേ സംസ്കാരികതയുടെ ഭാഗമാണ്. ആത്യന്തികമായി നന്മ നിലനിന്നു കാണണമെന്ന മതദർശനത്തെ നോവൽ ഉയർത്തിക്കാട്ടുന്നു. ആധുനികകാലത്തിലും മനുഷ്യന് മതത്തിലും മന്ത്രവാദത്തിലുമുള്ള മേൽക്കൈ വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് അത്തരം സാംസ്കാരിക മുദ്രകൾ പേറുന്ന സമൂഹത്തിൽ മാന്ത്രികനോവൽ ചലനം സൃഷ്ടിക്കുന്നുണ്ട്. സന്മന്ത്രവാദവും ദുർമ്മന്ത്രവാദവും തമ്മിലുള്ള സംഘർഷം നോവലിലെ പ്രധാന ഘടകമാണ്. നാടോടിക്കഥയുടെ ഘടന നവീകരിച്ചുകൊണ്ട്, നാടോടിവിശ്വാസത്തെ പ്രബലപ്പെടുത്തി, മാന്ത്രികതയുടെ ഉദ്വേഗജനകമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടാണ് മാന്ത്രിക നോവൽ ആഖ്യാനം നിർവഹിക്കുന്നത്. ആഭിചാരകർമ്മങ്ങളിൽ വിശ്വസിക്കുന്ന ഒരു തലമുറയുടെ സംഘർഷം നോവലിൽ നിറയുന്നതു കാണാം.

വ്യക്തികളുടെ  പ്രത്യേക പ്രവർത്തനങ്ങളെ നിയന്ത്രിക്കുക, അന്യരെ വശീകരിക്കുക, ശത്രുക്കളെ നശിപ്പിക്കുക തുടങ്ങിയ ആഭിചാരകർമ്മങ്ങൾ മന്ത്രവാദത്തിന്റെ  ഭാഗമാണ്.  മാന്ത്രികവിദ്യയെ നന്മയ്ക്കും തിന്മയ്ക്കും ഉപയോഗപ്പെടുത്താം. രോഗശാന്തിക്കും ദേഹസുഖത്തിനും ദോഷനിവാരണത്തിനും മറ്റുമായി അവ ഉപയോഗപ്പെടുത്താറുണ്ട്. നാടോടിജനതയിൽ കൂടുതൽ പ്രചാരത്തിലുള്ളത് ആഭിചാരദുർമ്മന്ത്രവാദകർമ്മങ്ങളാ-

ണ്. മന്ത്രവാദത്തെ ആക്രമണം, പ്രത്യാക്രമണം, പ്രതിരോധം, പ്രതിവിധി എന്നിവയ്ക്കാ-യി ജനത ഉപയോഗിച്ചിരുന്നു, ഇപ്പോഴും ഉപയോഗിച്ചുവരുന്നു. പ്രസ്തുത കർമ്മങ്ങളുടെ വൈവിധ്യമേറിയ ഉപാസനാവിധികളുടെ വിവരണങ്ങളാണ് മാന്ത്രികനോവലിന്റെ ഭയാനകസൗന്ദര്യത്തിനു നിദാനം. യന്ത്രസാരം, പ്രയോഗസാരം, മാന്ത്രികതന്ത്രം, യോഗശാസ്ത്രം, മനുസ്മൃതി, മുഖദർശനം, ലളിതാസഹസ്രനാമം, വിവിധ സ്ത്രോത്രകൃതി-കളും മറ്റ് പൗരാണികതാന്ത്രിക-മാന്ത്രികഗ്രന്ഥങ്ങളും പഠനവിധേയമാക്കിയിട്ടാണ് ഓരോ നോവലിസ്റ്റും മാന്ത്രികവ്യവഹാരങ്ങൾ നോവലിൽ സ്വീകരിക്കുന്നത്. പി. വി. തമ്പിയുടെ പള്ളിവേട്ടയിലെ മുപ്പത്തിമൂന്നാം അധ്യായത്തിൽ 'മാരണദശകം' എന്ന മാ-ന്ത്രികഗ്രന്ഥത്തെക്കുറിച്ച് പരാമർശിക്കുന്നു. ഉദ്ദിഷ്ടഫലം ചെയ്യുന്ന പത്ത് മാരണപ്രയോ-ഗത്തെ വിവരിച്ചിട്ടുള്ള ഈ അപൂർവ്വഗ്രന്ഥത്തിന്റെ കർത്താവാരെന്ന് എഴുത്തുകാരൻ വ്യക്തമാക്കുന്നില്ല. ഒന്നാം പ്രയോഗമായി നല്കിയിട്ടുള്ളത് ഇങ്ങനെയാണ്; "പത്ത് മാ-സം ഗർഭം തികഞ്ഞിരിക്കുന്ന ഒരു സ്ത്രീയെക്കൊണ്ട് കാഞ്ഞിരമരത്തിന്റെ തെക്കോട്ടു-പോയ ഒരു വേര്  പറിപ്പിച്ച് വാങ്ങി വലതുകരത്തിൽ പിടിച്ച് ഓം ഹ്രീം പ്രേതഭൈരവ സ്വാഹാ" എന്ന മന്ത്രം ലക്ഷംതവണ ജപിക്കുക. മന്ത്രജപാനന്തരം കൈവശമുള്ള കാ-ഞ്ഞിരവേര് എരുമപ്പാലിൽ അരച്ചെടുത്ത് ഭക്ഷണത്തിൽ കലർത്തി ശത്രുവിനു നൽകി-യാൽ ശത്രു അടിമയാകും. ഇങ്ങനെ പത്തുപ്രയോഗങ്ങൾ നോവലിൽ വിവരിക്കുന്നു (1991: 138, 139). ലോകത്തിൽ മന്ത്രവാദത്തിന് പേരുകേട്ട രാജ്യമാണത്രേ നമ്മുടെ ചേ-രരാജ്യം. ചേരരാജ്യം പലനാട്ടുരാജ്യങ്ങളായി തീർന്നുവെങ്കിലും മന്ത്രവാദത്തിന്റെ ശക്തി മലയാള മണ്ണിൽ വേരുറച്ച് നില്പുണ്ടെന്ന് അദ്ദേഹം നോവലിൽ പരാമർശിക്കുന്നു (1991: 23). തന്റെ മുത്തശ്ശിയിൽനിന്ന് കേട്ടറിഞ്ഞ യക്ഷിക്കഥകളും മന്ത്രവാദചരിത്രക-ഥകളും തമ്പി നോവലിനുപയുക്തമാക്കി.

മാന്ത്രികപാരമ്പര്യത്തിന്റെ മഹത്വത്തെ ഊട്ടിയുറപ്പിക്കുന്ന പി. വി. തമ്പിയുടെ നിരീക്ഷണം നോക്കുക:  "'മന്ത്രവും തന്ത്രവുമൊന്നും പഴഞ്ചനാണെന്നു പറഞ്ഞ് പുച്ഛിച്ച് തള്ളാനാവില്ല. ഇന്നത്തെ കാലത്ത് അത് ആർക്കും അത്രപെട്ടെന്ന് അംഗീകരിക്കാൻ

കഴിഞ്ഞില്ലെന്നവരും. എന്നാലും മന്ത്രം ഒരു സത്യമാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ഇവിടെ ഭിഷഗ്വരന്മാരും വൈദ്യന്മാരുമൊന്നും ഉണ്ടാകാൻ ഇടയില്ലാത്ത ഒരു കാലത്ത് രോഗചികിത്സയ്ക്ക് മന്ത്രമായിരുന്നു മരുന്ന്. നമ്മുടെ അട്ടപ്പാടി പ്രദേശത്തെ ആദിവാസികൾ അടുത്ത കാലംവരെ അവരുടെ മന്ത്രംകൊണ്ടല്ലേ രോഗശുശ്രൂഷ നടത്തിപ്പോരുന്നത്" (1991: 36). 'വൈദ്യുതിയുടെ നിറമെന്തെന്ന് ആരെക്കൊണ്ടെങ്കിലും പറയിക്കാമോ'? 'നിറമില്ലാത്തതും ആരും കണ്ടിട്ടില്ലാത്തതുമായ ആ സാധനം യഥാർഥത്തിൽ ഉള്ളതാണല്ലോ'? 'അതാരും കാണുന്നില്ല'. അനുഭവിക്കുന്നേയുള്ളൂ. അതുതന്നെയാണ് മന്ത്രത്തെക്കുറിച്ചും പറയാനുള്ളത്. മന്ത്രം സത്യമാണ്. അത് അനുഭവിച്ചറിഞ്ഞവരേ അതു സമ്മതിക്കൂ"(1991: 36). ആകർഷണമന്ത്രം, ജലപ്പിശാച്, സ്ഥലരക്ഷ, ദേഹരക്ഷ, ജീവവാഹനമന്ത്രം, മാരണപ്രയോഗം തുടങ്ങിയ സങ്കല്പങ്ങളെക്കുറിച്ചുള്ള വിസ്തൃതവിവരണം പള്ളിവേട്ട എന്ന നോവലിലുണ്ട്.

ജനസ്സിന്റെ പേരിനുതന്നെ നിദാനമായ മാന്ത്രികത അതിന്റെ സകലവിധ വൈഭിന്യങ്ങളോടുംകൂടി മാന്ത്രികനോവലുകളിൽ കാണാം. മാന്ത്രികത ധ്വനിതലത്തിലോ സൂചനാരൂപത്തിലോ അല്ലാതെ, പ്രത്യക്ഷതലത്തിൽ വ്യവസ്ഥപ്പെടുന്നതുനിമിത്തം വായനക്കാരന് അപൂർവമായ ഭാവനാനുഭവമായി അതു പരിണമിക്കുന്നു.

### 3. 2. 3. വിശ്വാസങ്ങളുടെ വൈവിധ്യവും സമൃദ്ധിയും

സാമൂഹികാംഗീകാരവും മനുഷ്യനിൽ നിർണായകസ്വാധീനശക്തിയുമുള്ള മനോഭാവങ്ങളും ആന്തരികകല്പനകളുമാണ് വിശ്വാസങ്ങൾ. ഓരോ ജനസമൂഹത്തിന്റെയും സംസ്കാരസ്വഭാവങ്ങൾ വ്യക്തമാക്കുന്ന പ്രധാന ഘടകങ്ങളാണവ. വിശ്വാസങ്ങൾ മതപരമോ സ്വതന്ത്രമോ ആകാം. മതപരമായവ മനസ്സിൽ കൂടുതൽ ആഴത്തിൽ പടരുന്നു. സ്വതന്ത്രമായവയ്ക്കാണ് പെട്ടെന്നു പരിണാമം സംഭവിക്കുന്നത്. അവയ്ക്ക് മതത്തെക്കാൾ പഴക്കമുണ്ട്. പലപ്പോഴും മതം അനുശാസിക്കുന്ന നിയമങ്ങൾക്ക് വഴങ്ങുന്നതായിരിക്കില്ല മതപരമായ വിശ്വാസങ്ങൾപോലും. ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ, ഉപ-

ചാരങ്ങൾ, മാന്ത്രികക്രിയകൾ, വസ്ത്രധാരണം, ചികിത്സ, ശകുനം, ശപഥം തുടങ്ങി ജീ-വിതത്തിന്റെ പല മേഖലകളുമായി ബന്ധപ്പെട്ട് വിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. ദേവതാവിശ്വാസങ്ങൾ, യക്ഷികളിലും ആത്മാക്കളിലുമുള്ള വിശ്വാസം, നിമിത്താദിക-ളിലുള്ള വിശ്വാസം, പ്രകൃതിശക്തികളിലുള്ള വിശ്വാസം എന്നിങ്ങനെ ഈ മണ്ഡലം ഏറെ വിപുലമാണ്. ഈ വഴികളിലൂടെയെല്ലാം സഞ്ചരിക്കുന്ന മനുഷ്യമനസ്സ് അനേകം സങ്കല്പങ്ങളും രൂപവത്കരിച്ചിട്ടുണ്ട്.

യക്ഷികളുടെയും പൂർവ്വികരുടെയും ആത്മാക്കളെ ഭീതിപൂർവമോ സ്വാർഥതാപൂർ-വമോ  പരിചരിക്കുന്നവരുണ്ട്. ജീവിച്ചിരിക്കുന്ന മനുഷ്യരോട് ഈ അതീന്ദ്രിയസ്വത്വ-ങ്ങൾക്ക് അതീവ താത്പര്യമുണ്ടത്രേ. അവർ ഗുണവും ദോഷവും ചെയ്യുന്നുണ്ട്. മനുഷ്യ-രോട് കൂടുതൽ മമത കാണിക്കുകയും അവരുടെ വൈകാരികതയിൽ പങ്കുചേരുകയും ചെയ്യുന്നവരാണ് ആത്മാക്കൾ. ഇവർ ഭൂതപ്രേതാദികളിൽനിന്നു വ്യത്യസ്തരാകുന്നു. സത്യാനന്തരസംസ്കാരത്തിന്റെ ആധിപത്യമുള്ള ഇക്കാലത്തുപോലും ഇത്തരം വി-ശ്വാസങ്ങൾ പ്രബലമാണ്. ഭൂതപ്രേതാദികൾ ദുർമ്മരണം സംഭവിച്ചവരുടെ ആത്മാക്ക-ളാണ്. സമൂഹം അവയെ ഭയത്തോടെ നോക്കിക്കാണുന്നു. ഭയത്തിന്റെ ഈ മനഃശാസ്ത്ര-ത്തെ സൗന്ദര്യശാസ്ത്രപരമായി വികസിപ്പിക്കുകയാണ് മാന്ത്രികനോവലിസ്റ്റുകൾ ചെയ്യു-ന്നത്.

ദേവതകളിൽ സദ്ദേവതകളും ദുർദേവതകളുമുണ്ട്. യക്ഷി, പ്രേതം, പിശാച്, ചാ-ത്തൻ എന്നിവ ദുർദേവതകളാണ്. ദുർമ്മമരണം പ്രാപിക്കുന്ന മനുഷ്യനും ശ്രാദ്ധം ക്രിയ ലഭിക്കാത്ത പരേതാത്മാക്കളും ദുർദേവതകളായി പുനർജ്ജനിക്കുമെന്നാണ് വിശ്വാസം. അപമൃത്യു പ്രാപിച്ചത് സ്ത്രീയാണെങ്കിൽ അവൾ യക്ഷിയായും പുരുഷനാണെങ്കിൽ ചാ-ത്തനായും പ്രത്യക്ഷപ്പെടുന്നു. യക്ഷി-പ്രേതാദികളിലുള്ള ഈ വിശ്വാസത്തെ ഒരു തര-ത്തിൽ പ്രബലപ്പെടുത്തുകയാണ് മാന്ത്രികനോവലെന്ന ജനപ്രിയനോവൽ വിഭാഗം

ചെയ്യുന്നത്. നാടോടിപ്രകൃതിയും സാമൂഹ്യജീവിതവും ഈ മാന്ത്രികനോവലിന്റെ ആഖ്യാനത്തിൽ സ്വീകരിക്കുന്നു.

മോഹനചന്ദ്രന്റെ 'കലിക'യിൽ 'ആര്യ' എന്ന പെൺകുട്ടിയാണ് പിന്നീട് കലിക എന്ന ഭീകരരൂപിണിയായി രൂപാന്തരം പ്രാപിക്കുന്നത്. തന്നെ ജീവിതത്തിൽ പീഡിപ്പിച്ച അപ്പനടക്കമുള്ള മുഴുവൻ പേരോടും അവൾ പ്രതികാരം നിർവഹിക്കുന്നു. രക്തയക്ഷിയായാണ് നോവലിൽ 'കലിക'യെ ചിത്രീകരിക്കുന്നത്. 'കലിക'യ്ക്കു ചുറ്റുമുള്ള പഞ്ചദുർദ്ദേവതകൾ 'ധൂമാവതി', 'ഛിന്നമസ്ത', 'വാർത്താളി', 'യക്ഷിണി', 'താര' എന്നിവരാണ് (1981: 209). വടയക്ഷിണിയുമായുള്ള സഹശയനവും ഭീതിദമായ ശൈലിയിൽ നോവലിൽ വർണ്ണിക്കുന്നു (1981: 227, 228). "വടവൃക്ഷത്തിനു ചുവട്ടിൽ സുരതസുഖം കഴിഞ്ഞ് തളർന്ന കണ്ണുകളും നിറഞ്ഞ ചേതനയുമായി എണീക്കുന്ന സുരസുന്ദരിയായ വടയക്ഷിണി, ഏതു വരപ്രസാദത്തിനും തയ്യാറായി ആത്മാർത്ഥഭക്തനെ കടാക്ഷിക്കുകയാണ്..." (1981: 230).

കരാളരൂപംപൂണ്ട യക്ഷി ഗ്രാമീണജനസംസ്കാരത്തിൽ വിശ്വാസത്തിന്റെ വേരുകൾ പതിപ്പിച്ചവളാണ്. ജനപ്രിയാഖ്യാനമായ മാന്ത്രികനോവൽ ഇത്തരം വിശ്വാസഘടകങ്ങളെ വായനക്കാരന്റെ മനസ്സിൽ ചലനങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ബോധപൂർവ്വം സ്വീകരിച്ചുവരുന്നു. യക്ഷിണിയെ ഉപാസിക്കുന്നത് നടുക്ക് വൃത്തത്തിൽ കർണ്ണികയും ചുറ്റും അഷ്ടദളവും പുറത്തും ഭൂപുരമായി യന്ത്രമുണ്ടാക്കി അതിലാവാഹിച്ച് രണ്ട് ലക്ഷം വട്ടം യക്ഷിണിമന്ത്രം ജപിച്ച് ഓരോ ദിശ മന്ത്രത്തിനും ഉച്ചമലരിപ്പൂവുകൊണ്ട് ഹോമിച്ച് ആറ് രാത്രികൾ ഏകാന്തമായി പേരാലിൻ ചുവട്ടിൽ ധ്യാനിച്ച് യക്ഷിണിയെ പ്രത്യക്ഷമാക്കണമെന്നാണ് പ്രമാണം (1981: 221). കലികയിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുന്നുണ്ട്. കാവിൽ അർദ്ധരാത്രിയിലാണ് മന്ത്രോപാസന നടത്തുന്നത്. വടയക്ഷിണിയെ പ്രസാദിപ്പിക്കാൻ 'ഏഹ്യേഹി യക്ഷീയക്ഷീ മഹായക്ഷീ വടവൃക്ഷ നിവാസിനി ശീഘ്രം മേ സർവ്വ സൗഖ്യം കുരു കുരു സ്വാഹാ... മന്ത്രം

ലക്ഷക്കണക്കിന് ഉരുവിടണം' (1981: 221). മനുഷ്യസഞ്ചാരമില്ലാത്ത കാട്ടിൽപോയി പേരാൽ വൃക്ഷച്ചുവട്ടിൽ ഇരുന്ന് ആയിരം വീതം ആദ്യം ജപിക്കണം. ഏഴാം ദിവസം ആ സ്ഥലം വൃത്തിയാക്കി ചന്ദനം കലക്കി തെളിച്ചുമെഴുകി അവിടെ നെയ്വിളക്ക് വെക്കുക. ആ വിളക്കിൻമേൽ യക്ഷിണിയെ പൂജിച്ച് അവിടെയിരുന്ന് അർദ്ധരാത്രിവരെ ഭയപ്പെടാതെ യക്ഷിയെ ധ്യാനിച്ചുകൊണ്ട് മന്ത്രം ജപിക്കുക. അപ്പോൾ കാൽച്ചിലമ്പിന്റെയും താളമേളത്തിന്റെയും ശബ്ദം കേൾക്കാം. പിന്നെയും അവളെത്തന്നെ സ്മരിച്ച് മന്ത്രം ജപിക്കുക. അവൾ അടുത്തുവന്ന് സംഭോഗത്തിനാവശ്യപ്പെടും. അവളുടെ ഇഷ്ടത്തിനനുസരിച്ച് കാമപൂർത്തി വരുത്തിയാൽ അവൾ സന്തോഷിച്ച് എല്ലാ ഇഷ്ടങ്ങളും സാധിപ്പിക്കും (1981: 227,228).

പി. വി. തമ്പിയുടെ നോവലായ കൃഷ്ണപ്പരുന്തിലെ കുമാരൻതമ്പിയ്ക്ക് എന്നും തുണയായി നിൽക്കുന്നത് പപ്പുത്തമ്പിയുടെ ആത്മാവാണ്. മാന്ത്രികക്രിയകളിൽ വേണ്ട പുരോഗതി കാണാതിരിക്കുന്നിടത്ത് കുമാരൻതമ്പിക്കുവേണ്ട നിർദ്ദേശങ്ങൾ നൽകി അയാളെ കൈപ്പിടിച്ചുയർത്തുന്നത് പപ്പുത്തമ്പിയാണ്. മരണശേഷവും തറവാടിനോടും കുലത്തിനോടുമുള്ള മമത വെച്ചു പുലർത്തുന്ന പപ്പുതമ്പിയുടെ ആത്മാവ് ഏത് ആപത്ഘട്ടത്തിലും കുമാരന്റെ രക്ഷയ്ക്കെത്തുന്നത് നോവലിൽ കാണാം.

അപമൃത്യുവിന്നിരയാകുന്ന സ്ത്രീകൾ യക്ഷികളാകുന്നു. അഞ്ചുതലനാഗത്തിന്റെ ദംശനമേറ്റ് മരണമടഞ്ഞ ലക്ഷ്മിക്കുട്ടി കൃഷ്ണപ്പരുന്തിൽ യക്ഷിയായി മാറുന്നു. "കുമാരൻ ബ്രഹ്മചാരിയായി കഴിയുന്നിടത്തോളം കാലം ഞാൻ ശല്യം ചെയ്യുകയില്ല" (1991: 37) എന്ന് കുമാരൻ തമ്പി യക്ഷിയെക്കൊണ്ടു സത്യം ചെയ്യിക്കുന്നു. യക്ഷിയുടെ സത്യം അലംഘനീയമാണെന്ന വിശ്വാസത്തെ ഉറപ്പിക്കുന്നതോടൊപ്പം ദേവ്യുപാസകരായ മാന്ത്രികർ ബ്രഹ്മചര്യവ്രതം അനുഷ്ഠിക്കേണ്ടതാണെന്ന ഓർമ്മപ്പെടുത്തലും ഈ നോവൽ നൽകുന്നു. കുമാരൻതമ്പിയെ പ്രണയപൂർവ്വം പിന്തുടരുന്ന കാമോദ്ദീപകപ്രതീകമായി ആ യക്ഷി പിന്നീടു മാറുകയാണ്. യക്ഷിയെ പ്രാപിക്കുന്ന മാന്ത്രികന് ദേവിയുമായു-

ള്ള ബന്ധം പിരിയേണ്ടി വരും. അയാൾ ദുർമന്ത്രവാദിയായി അധഃപതിക്കും. കുമാരൻ-തമ്പിക്ക് സംഭവിച്ച വിപര്യയമാണിത്. 'മഹാമാന്ത്രികനായ ചൂരക്കാട് ഭട്ടതിരി കർണ്ണ-പിശാചിനിയെയും ധൂമാവതിയെയും വടയക്ഷിണിയെയും വരുതിയിൽ നിർത്തി ആജ്ഞാനുവർത്തികളായി കൊണ്ടുനടക്കുകയാണ് (1991: 112). "യക്ഷിയുമായുള്ള സഹ-ശയനത്തിൽ മനഃശക്തിയും കായശേഷിയും ഇല്ലാത്തവനാണെങ്കിൽ ആദ്യപ്രാവശ്യം തന്നെ അവൻ മൃതനാകും" (1991: 173) എന്ന് ഓർമ്മിപ്പിക്കുന്നുണ്ട് നോവലിസ്റ്റ്. യക്ഷി-കൾ പലതരമുണ്ട്. അവയുടെ സവിശേഷതകൾ സവിസ്തരം പ്രതിപാദിക്കാൻ നോവ-ലിസ്റ്റ് അവസരം വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. 1. മാന്ത്രികരെ തന്ത്രപൂർവ്വം വശ-ത്താക്കിയ ശേഷം അവരെ നശിപ്പിക്കുന്ന യക്ഷികൾ, 2. ലൈംഗികസംതൃപ്തി നൽകുന്ന പുരുഷന്മാരെ സഹായിക്കുന്ന യക്ഷികൾ, 3. മാന്ത്രികരെയും അല്ലാത്തവരെയും വശീക-രിച്ച് അവരുടെ രക്തം കുടിക്കുന്ന യക്ഷികൾ, 4.ഗന്ധർവ്വന്മാരെ മാത്രം ഭർത്താക്കന്മാ-രായി സ്വീകരിച്ച് മനുഷ്യരുമായി ബന്ധപ്പെടാതെ കഴിയുന്ന യക്ഷികൾ. 5. സേവിക്കു-ന്നവർക്ക് അനുഗ്രഹം നൽകാനുള്ള കഴിവുള്ള ദേവി തുല്യയായ യക്ഷികൾ (1984: 199). തുളസിച്ചെടികൾ വളർന്നുനിൽക്കുന്ന നടുമുറ്റമുള്ളതിനാൽ ധൂമാവതിയക്ഷിക്ക് പു-ത്തൂർ തറവാട്ടിൽ പ്രവേശിക്കാനാകില്ല. തുളസിയുടെ മഹത്വവും ഔഷധഗുണവും ഇവി-ടെ ഓർമ്മിപ്പിക്കുന്നുണ്ട്. വടയക്ഷി വെള്ളിയാഴ്ച ദിവസം മാത്രമേ യക്ഷിക്കാവിൽ നി-ന്നും പുറത്തുവരൂ. അർദ്ധരാത്രി കാവിൽ തിരിച്ചെത്തുകയും ചെയ്യും. യക്ഷിയെക്കുറിച്ചു-ള്ള സൂക്ഷ്മവർണ്ണനകൾ കൃഷ്ണപ്പരുന്തിൽ ധാരാളം കാണാം. ഒരു യക്ഷിയെ എവിടെയെ-ങ്കിലും ബന്ധിച്ചാൽ നാല്പത്തിയൊന്നു ദിവസങ്ങൾക്കകം അവളെ ശിലാവിഗ്രഹത്തി-ലേക്ക് ആവാഹിച്ച് പ്രതിഷ്ഠിക്കണമെന്നാണ് തത്ത്വം. ഇത് മറന്നതുകൊണ്ടാണ് കുമാ-രൻതമ്പിക്ക് ലക്ഷ്മിക്കുട്ടിയുടെ പുനർജ്ജന്മമായ യക്ഷിയിൽ സ്വാധീനമില്ലാതെ പോയ-ത്.

പി. വി. തമ്പിയുടെ പള്ളിവേട്ടയിലും സ്വഭാവത്തിനനുസരിച്ച് യക്ഷികളെ വർ-ഗ്ഗീകരിക്കുന്നുണ്ട്. യക്ഷികൾ പലതരമുണ്ട്. മനുഷ്യരക്തം കുടിക്കുക എന്ന ലക്ഷ്യവുമാ-

യി ജനബാഹുല്യം കുറഞ്ഞ സ്ഥലങ്ങളിൽ പതിയിരിക്കുന്ന യക്ഷികളാണ് ഏറ്റവും അപകടകാരികൾ. രക്തദാഹികളായ ഈ യക്ഷികൾ പകൽ സമയത്ത് ഒളിഞ്ഞിരിക്കുകയും രാത്രിയാകുമ്പോൾ സ്വൈരവിഹാരം ആരംഭിക്കുകയും ചെയ്യുന്നു. കാമപൂരണം പ്രധാന ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള യക്ഷികളുമുണ്ട്. രാത്രികാലങ്ങളിൽ സുന്ദരിയായ മനുഷ്യസ്ത്രീയുടെ വേഷത്തിൽ സഞ്ചരിച്ച് പുരുഷന്മാരെ വശീകരിച്ച് കൊണ്ടുപോകുന്ന ഈ യക്ഷികൾ തങ്ങൾക്ക് കാമസംതൃപ്തിയുണ്ടാകുന്നില്ലെങ്കിൽ മാത്രമാണ് ഇരകളെ കൊണ്ട് രക്തപാനം നടത്തുകയുള്ളൂ (1991: 26). "പരിശുദ്ധമായ ഹവിസ്സുമാത്രം ഭക്ഷിച്ചുകൊണ്ട് കാളീമന്ത്രം ലക്ഷംവീതം ദിവസേന ജപിച്ചാൽ പന്ത്രണ്ടു ദിനംകൊണ്ട് മന്ത്രവിധി ലഭിക്കും. പൂച്ച, ആട്, പോത്ത് ഇവയിലൊന്നിന്റെ രോമം, തോൽ, എല്ല്, മാംസം എന്നിവ യോജിപ്പിച്ച് മന്ത്രജപത്തോടെ കറുത്ത അഷ്ടമിനാളിൽ കാളിക്കു ബലികൊടുക്കുന്നതിലൂടെ മാന്ത്രികന്റെ ശക്തികൂടും" (1991: 198). ഭദ്രകാളീദാസന് ബ്രഹ്മചര്യം ആവശ്യമില്ല.

പള്ളിവേട്ടയിലെ കൃഷ്ണപുരം യക്ഷിയെക്കുറിച്ചുള്ള വർണ്ണനയും നാട്ടുപാരമ്പര്യത്തിന്റെ സവിശേഷകഥാഖ്യാനരീതി ഓർമിപ്പിക്കുന്നു. "ഭീകരരൂപിണിയും രക്തദാഹിയുമായ ഈ യക്ഷി രാത്രികാലങ്ങളിൽ സർവ്വാംഗ സുന്ദരിയായ ഒരു മനുഷ്യസ്ത്രീയുടെ രൂപത്തിലും വേഷത്തിലും സഞ്ചരിക്കും. ആ സമയത്ത് ഒറ്റയ്ക്ക് നടന്നുപോകുന്ന ഒരു പുരുഷനെ കണ്ടാൽ 'ഒന്നു മുറുക്കാൻ തരുമോ'? എന്ന ചോദ്യവുമായി അവൾ അടുത്തുകൂടും. അതിസുന്ദരിയായ അവളുടെ പുഞ്ചിരിയും പെരുമാറ്റവും കണ്ടാൽ ഏതു പുരുഷനും അവളുടെ വലയിൽ വീഴും. കാപ്പിൽ പ്രദേശത്തെ വനത്തിലേക്കായിരിക്കും അവൾ അതിഥിയെ കൊണ്ടുപോവുക. ജനവാസമില്ലാത്ത കൊടുംകാട്ടിലെത്തി ഒഴിയുമ്പോൾ സുന്ദരി അവളുടെ യഥാർത്ഥരൂപം പ്രദർശിപ്പിക്കും. അതോടെ അതിഥി ബോധം കെട്ടുവീഴും. നിർഭാഗ്യവാനായ അയാളുടെ ചുടുചോര കുടിക്കുകയാണ് യക്ഷിയുടെ പിന്നത്തെ പണി. കൃഷ്ണപുരം യക്ഷിയെന്നറിയപ്പെടുന്ന ഈ ഭയങ്കരിയുടെ ആക്രമണമേറ്റ് നൂറുകണക്കിന് മനുഷ്യർ ഇതിനോടകം കൊല്ലപ്പെട്ടിട്ടുണ്ട്" (1991: 6, 7). ഈ വർണ്ണനകൾ സൂക്ഷ്മമായി

നിരീക്ഷിച്ചാൽ നാടോടിക്കഥയിലും വിശ്വാസത്തിലും കാണുന്ന കരാളരൂപം പൂണ്ട രക്തദാഹിയായ യക്ഷിയുടെ രൂപം വായനക്കാരുടെ മനസ്സിൽ നിറഞ്ഞു നിൽക്കും. ഒരു ഭ്രമാത്മകചിത്രം കണക്കെ ആസ്വാദകരുടെ മനസ്സിൽ യക്ഷിയുടെ ഭീകരരൂപം പതിയുന്നതാണ്.

കൃഷ്ണപ്പരുന്തിൽ ഒരു നാട്ടുവിശ്വാസത്തിന്റെ സങ്കീർണ്ണതകൾ പി. വി. തമ്പി വിശദീകരിക്കുന്നുണ്ട്. പൂത്തൂർ തറവാട്ടിന്റെ കുലദൈവമാണ് കൃഷ്ണപ്പരുന്ത്. തറവാടിന്റെ ആരംഭകാലം മുതൽ ഗരുഡ ദാസനായി ഒരു ആൺസന്തതി സ്വജീവിതം ഗരുഡസേവയ്ക്കായി ഉഴിഞ്ഞുവെച്ച പാരമ്പര്യമാണ് തറവാടിനുള്ളത്. ഗരുഡസേവ അനുഷ്ഠിക്കുന്ന വ്യക്തി സസ്യഭുക്കും ബ്രഹ്മചാരിയും നിഷ്കാമകർമ്മിയുമാകണം. ഗരുഡപ്രീതിമൂലം കൈവരുന്ന സിദ്ധികൾ നിലനിൽക്കണമെങ്കിൽ ആചാരാനുഷ്ഠാനങ്ങളിൽ അപാകം വരാൻ പാടില്ല. ബ്രഹ്മചര്യം ലംഘിക്കുന്ന മാന്ത്രികനുണ്ടായാൽ തറവാടിന്റെ മാന്ത്രികസിദ്ധി നഷ്ടപ്പെടുമെന്ന് പരക്കെയുള്ള വിശ്വാസം നോവലിൽ വേരോടിയിരിക്കുന്നു. മാന്ത്രികൻ ഉപരിപഠനം ആരംഭിക്കുന്ന ഘട്ടംമുതൽ ദുർനിമിത്തം കാണുമെന്ന വിശ്വാസത്തെ ബലപ്പെടുത്തുന്ന സൂചനകൾ നോവലിൽ കാണുന്നുണ്ട്. മന്ത്രോപദേശം ലഭിച്ച ദിവസം രാത്രിയിൽ വീട്ടുമുറ്റത്തുവെച്ച് എങ്ങുനിന്നോ വന്ന ഒരു പോത്ത് ആങ്ങളയെ ആക്രമിക്കാൻ ശ്രമിച്ചതും തക്കസമയത്ത് കൃഷ്ണപ്പരുന്ത് എത്തിച്ചേർന്നതും മറ്റൊരു ദിവസം നട്ടുച്ചയ്ക്ക് ഒരു രക്തരക്ഷസ്സ് സുന്ദരിയുടെ വേഷത്തിൽ വന്ന് ഭ്രമിപ്പിച്ചസമയത്ത് ഗരുഡസേവയാൽ സുന്ദരി മായികയായി നിഷ്ക്രമിച്ചതും നോവലിൽ വിവരിക്കുന്നുണ്ട്.

കലികയിൽ പ്രത്യക്ഷപ്പെടുന്ന കാവും മലയാളിയുടെ പാരമ്പര്യബോധത്തിലെ നിത്യസാന്നിധ്യമാണ്. 'അമ്മൻകാവി'നെ വർണ്ണിക്കുന്നതു നോക്കുക; "ചുറ്റും കണ്ണോടിച്ചപ്പോൾ, രാത്രിയിൽ രാക്ഷസന്മാരെപ്പോലെ വളർന്ന മരങ്ങൾ, ജീവനറ്റ പ്രേതങ്ങൾ, കുറ്റൻ കന്മതിൽ ചുറ്റിയ കാവ്..."(1981: 161). കൃഷ്ണപ്പരുന്തിൽ ചൂരക്കാട്ടില്ലത്തെ യക്ഷി-

ക്കാവ് സൂക്ഷ്മമായി വർണ്ണിക്കുന്നു. ദുർദേവതകളുടെയും ഭൂതപ്രേതപിശാചുക്കളുടെയും വാസസ്ഥാനമെന്നറിയപ്പെടുന്ന കാവിനുള്ളിൽ  പടുകൂറ്റൻ വടവൃക്ഷത്തിനു ചുറ്റുമായി കെട്ടിപ്പൊക്കിയ ആൽത്തറ. "... സർപ്പക്കാവിലെ പടുകൂറ്റൻ പാലമരത്തിലേക്ക് അയാളുടെ ദൃഷ്ടികൾ പതിഞ്ഞു. മരമുകളിൽ നിന്നും പൂക്കൾ കൊഴിഞ്ഞു വീണുകൊണ്ടിരിക്കുന്നു... എന്തൊരു സുഗന്ധമാണ്. പാലപ്പൂക്കൾക്ക് ഇത്രയും മണമുണ്ടെന്ന് ഇപ്പോഴാണറിയുന്നത്. മൂക്കിലേക്ക് തുളച്ചു കയറുന്ന പൂമണം ലഹരിപ്പിടിപ്പിക്കുന്നു" (1991: 32).

നാടൻവിശ്വാസത്തെ ബലപ്പെടുത്തുന്ന ചിഹ്നമാണ് പള്ളിവേട്ട എന്ന നോവലിൽ ആവർത്തിച്ചുപയോഗിക്കുന്ന കാവ് എന്ന നിത്യഹരിതവനമേഖല. സർപ്പക്കാവുകൾക്ക് കേരളസംസ്കാരത്തിലുള്ള സ്വാധീനം എടുത്തുപറയേണ്ട ഒന്നാണ്. കാവിന്റെ വനനിഗൂഢത ഒരുതരം യോഗാത്മകാന്തരീക്ഷം നോവലിൽ നിറയ്ക്കുന്നുണ്ട്. ഇടതൂർന്ന സർപ്പക്കാവുകൾ ഭയത്തിന്റെ കേന്ദ്രമാകുന്നു. വിജനമായ ഈ ഇടങ്ങൾ ഭയത്തിന്റെ സൗന്ദര്യമാണ് നോവലിൽ പങ്കുവയ്ക്കുന്നത്. ചിത്രക്കൂടകല്ല്, സർപ്പപ്രതിഷ്ഠ തുടങ്ങിയവകൊണ്ട് ഭയം ജനിപ്പിക്കുന്ന കാവിൽ പാല, അരയാൽ, പന തുടങ്ങിയ വൃക്ഷങ്ങൾ പൂത്തുലഞ്ഞു നിൽക്കുന്നതു കാണാം. യക്ഷികളുടെയും ദുഷ്ടാത്മാക്കളുടെയും വാസസ്ഥാനമായി നോവലിൽ കാവിനെ വർണ്ണിക്കുന്നു. മന്ത്രവാദികൾ തങ്ങളുടെ ശക്തിപൂജകൾ നടത്തുന്നതിനുള്ള ഇഷ്ട ഇടമായി തെരഞ്ഞെടുക്കുന്നത് കാവുകളാണ്.

'പള്ളിവേട്ട'യിൽ വിവരിക്കുന്ന മറുതക്കാവ്, കാവുകളെ സംബന്ധിച്ച് ഇവിടുത്തെ ജനത വച്ചുപുലർത്തുന്ന വിശ്വാസസംഹിതകളുടെ വൈവിധ്യത്തെ വിളിച്ചുപറയുന്നു. മറുത മോചനം ലഭിക്കാത്ത പിശാചാണ്. വിനാശകാരിയ ഈ പിശാച് ഒരു മനുഷ്യശരീരത്തിൽ കയറിയാൽ വിട്ടുപോകുക ചുരുക്കം. ഇരയെ നിരന്തരം പീഡിപ്പിച്ചു കൊന്നതിനുശേഷമേ മറുത പോകുകയുള്ളൂവെന്നാണ് വിശ്വാസം. അതിനാൽ മറുതക്കാവിനടുത്തുകൂടെ അസമയങ്ങളിൽ കൃഷ്ണപുരം ഗ്രാമക്കാർ നടക്കാറില്ല. നോവലിൽ പരാമർശിക്കുന്ന മറ്റൊരു കാവാണ് 'വെട്ടുവേനിക്കാവ്'. ഭയത്തിന്റെ സങ്കേതമായി കാ-

വിനെ മാന്ത്രികനോവലിൽ വർണ്ണിക്കുന്നു. വെട്ടുവേനിക്കാവിനു സമീപം വെച്ചാണ് വെള്ളിയാഴ്ചതോറും യുവാക്കളെ കാണാതാകുന്നത്. വെള്ളിയാഴ്ചകളിൽ പൊതുനിരത്ത് വിജനമാകുന്നു. "... പട്ടുകുറ്റൻ കരിമ്പനകളും അരയാലുകളും പാലകളും ഇടതൂർന്നു നിൽക്കുന്ന ഘോരവനത്തിനു തുല്യമാണ് വെട്ടുവേനിക്കാവ്" (1991: 11).

സമൂഹത്തിലെ സാധാരണരായ മനുഷ്യരുടെ ജീവിതത്തോട് അത്യന്തം അടുത്തുനില്ക്കുന്ന വിശ്വാസപദ്ധതികളും സങ്കല്പങ്ങളും ചിത്രീകരിക്കുമ്പോഴും എഴുത്തിലും ഭാവനയിലും പ്രതീതിബോധനിഷ്ഠമായ ലോകങ്ങളെയും അനുഭവങ്ങളെയുമാണ് മാന്ത്രികനോവലിസ്റ്റുകൾ മുന്നോട്ടുവയ്ക്കുന്നത്. ഇങ്ങനെ യാഥാർഥ്യത്തിന്റെ മിഥ്യാപ്രതീതിയോ അല്ലെങ്കിൽ പുതിയൊരു യാഥാർഥ്യശില്പമോ സൃഷ്ടിക്കുന്ന മാന്ത്രികനോവലുകൾ മലയാളിയുടെ വിശ്വാസഭ്രമികയെ സർഗാത്മകമായി ചൂഷണം ചെയ്യുന്നു. സൗന്ദര്യതലത്തിൽ ഈ വിധമുള്ള ക്രമബദ്ധവും ആസൂത്രിതവുമായ രചനാനീക്കം ആധുനികമാണെന്നു തോന്നുമെങ്കിലും വിപണിയെ കേന്ദ്രീകരിച്ചുള്ള ആധുനികാനന്തരമുന്നേറ്റമായി അതിനെ കാണാൻ പ്രയാസമില്ല.

### 3. 2. 4. ആരാധനാനുഷ്ഠാനങ്ങളെന്ന ദൃശ്യാനുഭവം- പരിചരണത്തിലെ പുതുമകൾ

നോവലിന്റെ ആഖ്യാനവും പ്രമേയാഖ്യാനവും സൂക്ഷ്മാർഥത്തിൽ അനുഷ്ഠാനസ്വഭാവമുള്ളവയാണ്. ശാസ്ത്രോക്തമായ കർമം ചെയ്യൽ എന്ന അർഥത്തിലല്ല, സർഗാത്മകവൃത്തി എന്ന താത്പര്യത്തിലാണ് അവ സമാനമാകുന്നത്. മനുഷ്യന്റെ വികാരലോകത്തെ സ്പർശിക്കുന്ന മതാത്മകമൂല്യങ്ങളെയും മാന്ത്രികനോവലിസ്റ്റുകൾ തന്ത്രപരമായി ഉപയോഗപ്പെടുത്തുന്നുണ്ട്.

'കലിക' ആഭിചാര-മാന്ത്രിക കർമ്മങ്ങളുടെ മാസ്മരികതയാൽ വായനക്കാരെ വിഭ്രമിപ്പിക്കുന്ന നോവലാണ്. 'സ്വന്തം അപ്പനാൽ പീഡനങ്ങൾ ഏൽക്കേണ്ടി വരുന്ന 'ആര്യ' എന്ന പെൺകുട്ടി ആധുനികകാലത്തെ സൂചകം കൂടിയാണ്. അവൾ ദുർമന്ത്രവാ-

ദത്തെ കൂട്ടുപിടിച്ചാണ് പ്രതികാരനിർവഹണത്തിനൊരുങ്ങുന്നത്. 41 ദിവസത്തെ ആർത്തവരക്തം ഹോമിച്ച് നഷ്ടപ്പെട്ട കന്യകാത്വം തിരിച്ചുപിടിക്കുന്ന കലിക ദുർമന്ത്രവാദത്തിലൂടെ ശത്രുക്കളെ കൊന്നൊടുക്കുന്നു. മംഗലത്ത് തറവാട്ടിലെ പ്രേതബാധ അന്വേഷിക്കാൻ വരുന്ന സംഘത്തിന് ഓരോരുത്തർക്കായി അവിടെ ജീവൻ നഷ്ടപ്പെടുന്നു. രങ്കയ്യ എന്ന മാന്ത്രികന്റെ രംഗപ്രവേശം നോക്കുക: "... ളുണിൽ കെട്ടിയിട്ട രണ്ടു കോഴികളെയും മാറി മാറി തൊട്ടുകൊണ്ട് രങ്കയ്യ മന്ത്രവാദമാരംഭിച്ചു. എന്റെ കണ്ണുകൊണ്ട് കണ്ട കാഴ്ച. ക്രിയയുടെ അവസാനത്തിൽ കറുത്ത കോഴിയുടെ നിറം ചാരമായി മാറാൻ തുടങ്ങി. പുകപോലെ അതിന്റെ ഇരുട്ടുനിറം അതിനെ വേർപ്പെട്ടു. ആ പുക മെല്ലെ മെല്ലെ വെളുത്ത കോഴിയെ സമീപിച്ചു. ഇപ്പോൾ അതിന് ചാരനിറം. കുറച്ചുകഴിഞ്ഞപ്പോൾ കറുത്ത കോഴിയുടെ ഓരോ തൂവലും വെള്ളനിറമായി. വെള്ളക്കോഴി കറുത്തുതുടങ്ങി" (1981: 83).

കേരളത്തിലെ യക്ഷീസങ്കല്പത്തിന് രണ്ടു ഭാവങ്ങളുണ്ട്. സുന്ദരയക്ഷിയും രക്തയക്ഷിയും. മോഹിപ്പിക്കുന്ന സുന്ദരയക്ഷിയും ചതിച്ചുകൊല്ലുന്ന രക്തയക്ഷിയും ചേർന്ന സങ്കല്പം കേരളത്തിൽ പ്രധാനമായും പാലമരവുമായി ബന്ധപ്പെട്ടാണ് കാണുന്നത് (വിജയകുമാർമേനോൻ, 2002: 244). കേരളത്തിൽ ഇന്നും നിലവിലുള്ള വൃക്ഷാരാധന, പ്രേതാരാധന എന്നിവ ദുർദേവതാ വിശ്വാസത്തിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഇത്തരം യക്ഷീ ദുർദേവതകളെ അമ്മ ദൈവപാരമ്പര്യത്തിൽ പെടുത്തി ആരാധിക്കുന്ന സമ്പ്രദായവും കേരളത്തിലുണ്ട്. സാഹിത്യകൃതികളിൽ ഉഗ്രമൂർത്തിയായും യക്ഷിയെയാണ് അവതരിപ്പിക്കുന്നത്. പാലമരത്തിലും പനങ്കുരലിലും കുടിയിരിക്കുന്ന യക്ഷി പകൽ സമയത്ത് പാറയിടുക്കിൽ പതുങ്ങിയിരിക്കുകയും അന്തിക്ക് സുന്ദരിയുടെ രൂപം ചമഞ്ഞ് ഒറ്റയ്ക്ക് പോകുന്ന വഴിപോക്കരെ ആകർഷിച്ച് ചോരകുടിച്ചുകൊല്ലുകയും ചെയ്യുന്നു. കണ്ടാൽ കരൾ കവരുന്ന കന്യക. കൊണ്ടാലോ കൊതിമൂത്ത കൊടും പിശാച്. ഇതാണ് നാമറിയുന്ന യക്ഷി (രാഘവവാര്യർ, 1994: 104). പൈശാചികരൂപംപൂണ്ട ദുർദേവതകളായി പ്രത്യക്ഷപ്പെടുന്ന യക്ഷികൾ ദുർദേവതകളും കാമാർത്തരും പ്രതികാര-

ദാഹികളുമാണ്. ഈ പൂർവ്വമാതൃകകൾ മലയാളിയുടെ മനസ്സിൽ സൃഷ്ടിച്ച ബോധത്തിന്റെ സാക്ഷ്യപ്പെടുത്തലാണ് മാന്ത്രികനോവലുകളിലെ യക്ഷി.

ശങ്കരാചാര്യരുടെ സൗന്ദര്യലഹരിയിലെ ശ്ലോകങ്ങൾ ദേവ്യുപാസനയ്ക്കും മാന്ത്രികകർമ്മങ്ങൾക്കും അവലംബമായി സ്വീകരിക്കുന്നതു കാണാം. കലികയ്ക്കുവേണ്ടി സ്വീകരിച്ച മന്ത്രങ്ങളെക്കുറിച്ചുള്ള ഗവേഷണം സാമാന്യം ആയാസകരവും സുദീർഘവുമായിരുന്നെന്ന് കലികയുടെ ഉത്തരഭാഗത്ത് ഗ്രന്ഥകർത്താവ് തന്നെ വെളിപ്പെടുത്തുന്നുണ്ട്. ലളിതാസഹസ്രനാമത്തെ പതിനാറായി വിഭജിച്ച് നൽകിയ പഠനം കലികയിൽ അദ്ദേഹം സ്വീകരിക്കുന്നുണ്ട്. പൊതുവെ കുറുമർ, പണിയർ, മലയർ, പാണർ, കണിശർ, പുള്ളുവർ, വേലർ, പറയർ, പുലയർ, മാവിലർ തുടങ്ങിയ സമുദായക്കാരാണ് ദുർമ്മന്ത്രവാദ-ആഭിചാരകർമ്മങ്ങൾ ചെയ്യുന്നതിൽ പ്രബലർ. ആഭിചാരകർമ്മങ്ങളും കൂടോത്രങ്ങളും ഇന്നും നഗര-ഗ്രാമവ്യത്യാസമില്ലാതെ സമൂഹത്തിൽ ഒളിഞ്ഞും തെളിഞ്ഞും നിലനിൽക്കുന്നുണ്ട്.

കേരളീയരുടെ ആരാധനാക്രമത്തിൽ ഒന്നാണ് നാഗാരാധന. മണ്ണാറശ്ശാലയിൽ പാമ്പിന് നൂറും പാലും നൽകുന്ന ചടങ്ങ് ഇന്നും നടത്തിവരുന്നു. സർപ്പദോഷം മാറാൻ പുള്ളോർപാട്ടും സർപ്പബലിയും കളമെഴുത്തുപാട്ടും ആചാരാനുഷ്ഠാനത്തിന്റെ ഭാഗമായി കേരളത്തിൽ നടത്തിവരുന്നുണ്ട്. മാന്ത്രികനോവലിൽ സർപ്പവുമായി ബന്ധപ്പെട്ട വിശ്വാസങ്ങൾക്കും ആരാധനാസമ്പ്രദായത്തിനും അതിപ്രാധാന്യം നൽകുന്നതു കാണാം. "കടിച്ച പാമ്പിനെകൊണ്ട് വിഷമിറക്കുക' എന്ന ശൈലി കേരളസമൂഹത്തിൽ പ്രചുരപ്രചാരത്തിലുണ്ട്. കേരളസമൂഹജീവിതത്തിൽ സർപ്പവിശ്വാസത്തിനുണ്ടായിരുന്ന വേരോട്ടം ഇവിടെ പ്രകടമാണ്. കൃഷ്ണപ്പരുന്തിൽ കുമാരൻതമ്പി കടിച്ച പാമ്പിനെക്കൊണ്ട് വിഷമിറക്കുന്നതിന്റെ വർണ്ണനയുണ്ട്. തറവാടിന് അതോടെ സർപ്പദോഷം വരുന്നതും-നോവലിൽ പരാമർശിക്കുന്നു. ഗരുഡമൂർത്തിയുടെ ആവാസസ്ഥാനമായ നിലവറയുടെ സൂക്ഷിപ്പുകാരനായി അഞ്ചുതലനാഗത്തെ പ്രതിഷ്ഠിക്കുന്നുണ്ട്. അഞ്ചുതലനാഗം തറവാ-

ട്ടിൽ എത്തിയ കഥ ഈ നോവലിൽ വിവരിക്കുന്നുണ്ട്. "മണ്ണാറശ്ശാല നാഗക്ഷേത്രത്തിൽ ദർശനം നടത്താൻ പോയ പ്രസിദ്ധ മാന്ത്രികനായ ദേവനാരായണൻതമ്പി ഇഴഞ്ഞു നീങ്ങുന്ന സർപ്പത്തെ കാണാനിടയാകുന്നു. അതിന്റെ തലയിൽ തറച്ചമുള്ള് അയാൾ എടുത്തുമാറ്റുന്നു. മാന്ത്രികൻ തിരിച്ച് തറവാട്ടിലെത്തിയപ്പോൾ അഞ്ചുതല നാഗവും അദ്ദേഹത്തെ അനുഗമിച്ചു. തന്റെ കൂടെവന്ന നാഗത്തിന് ഉചിതമായ സ്ഥാനം നൽകുന്നതിനുവേണ്ടി നിലവറയുടെ കാവൽക്കാരനായി നിയോഗിച്ചു. ചിത്രക്കൂടക്കല്ല്, മാന്ത്രിവടി, സർപ്പക്കാവ് എന്നിവയിലുള്ള വിശ്വാസത്തെ നോവൽ അടയാളപ്പെടുത്തുന്നു. "വർണ്ണപ്പൊടികൾ കൊണ്ട് വരയ്ക്കപ്പെട്ട അഞ്ചും ഏഴും പത്തികളുള്ള സർപ്പക്കളം. കുളിച്ചു തുള്ളാൻ തയ്യാറായി പന്തലിനുള്ളിൽ കൈകൂപ്പി നിൽക്കുന്ന പിണിയാൾ. വീണ, കുടം എന്നീ വാദ്യോപകരണങ്ങളുടെ അകമ്പടിയോടെ പാടാനൊരുങ്ങുന്ന പുള്ളോർദമ്പതികൾ" (1991: 194) എന്നിങ്ങനെയുള്ള നോവലിലെ വർണ്ണനകൾ ശ്രദ്ധേയങ്ങളാണ്. ഗരുഡസേവയിലൂടെ വിഷചികിത്സ നടത്തുന്ന തറവാടായിരുന്നു പൂത്തൂർ. കുമാരൻ തമ്പി തറവാടിന്റെ ആഭിജാത്യത്തെയും പാരമ്പര്യത്തെയും ചോദ്യം ചെയ്തുകൊണ്ട് ബ്രഹ്മചര്യം ലംഘിച്ച് ദുർദ്ദേവതകളെ ഉപാസിക്കുന്നു. സർപ്പശാന്തിക്കുവേണ്ടി അഷ്ടനാഗക്കളം വരച്ച് പ്രാർത്ഥിക്കുന്ന കുമാരൻതമ്പിയെ കൃഷ്ണപ്പരുന്തിൽ കാണാം.

ദേവിപ്രസാദമെന്ന വിശ്വാസത്തെ കേന്ദ്രമാക്കി രൂപപ്പെടുന്ന ആചാരാനുഷ്ഠാനങ്ങളെക്കുറിച്ച് പി. വി. തമ്പി തന്റെ കൃഷ്ണപ്പരുന്തിൽ വിശദമായി പ്രതിപാദിക്കുന്നുണ്ട്. ബഗളാമുഖീദേവി പ്രസാദിച്ചാൽ ഏത് ദുർദ്ദേവതയും നിമിഷങ്ങൾക്കകം ഒഴിവാക്കാം. മഞ്ഞവസ്ത്രമുടുത്ത് വരമഞ്ഞൾ കൊണ്ടുണ്ടാക്കിയ ജപമാല കൈയിലേന്തി കണക്കുപിടിച്ച് പതിനായിരം തവണ മന്ത്രജപം നടത്തുകയും മഞ്ഞനിറമുള്ള പൂക്കൾ നൂറ്റിയൊന്നുപ്രാവശ്യം ഹോമിക്കുകയും ചെയ്താൽ ബഗളാമുഖി പ്രസാദിക്കും (1984: 129). ദേവീധ്യാനം ഉദ്ദിഷ്ടകാര്യത്തിനായി നടത്തണമെന്ന വിശ്വാസം. വശീകരണം നടത്തുമ്പോൾ ദേവിയെ ചുവന്നനിറമായും സ്തംഭനത്തിന് സ്വർണ്ണനിറമായും മാരണത്തിന് കറുത്ത നിറമായും ഉച്ചാടനത്തിന് പുകയുടെ നിറമായും ശാന്തികർമ്മത്തിന് വെളുത്ത

നിറമായും ധ്യാനിക്കണം (1984: 154). മഹിഷമർദ്ദിനീയന്ത്രം എല്ലാ ശത്രുക്കളെയും ഭൂ-തപ്രേതരക്ഷസ്സുകളുടെ ബാധകളെയും സകലവിധ അപസ്മാരങ്ങളെയും നശിപ്പിക്കുക-യും സർവ്വ ആപത്തുകളെയും അകറ്റിനിർത്തുകയും ചെയ്യും (1984: 155).

അതീതശക്തികൾക്കു മുന്നിൽ വിനമ്രനാകുന്ന മനുഷ്യന്റെ, വിശേഷിച്ച് കേരളീ-യന്റെ മനസ്സിനെ ചലിപ്പിക്കുന്ന സാംസ്കാരികമൂലകങ്ങളായി ആചാരാനുഷ്ഠാനലോക-ങ്ങളെ മാന്ത്രികനോവലിസ്റ്റുകൾ ഉപയോഗിക്കുന്നു.

### 3. 2. 5. നാട്ടുജീവിക(Folk Livelihood)യുടെ തുറസ്സുകൾ

ജനപദങ്ങളുടെ ജീവനോപായങ്ങളും ആഹ്ലാദോപാധികളുമൊക്കെയാണ് നാട്ടു-ജീവിക എന്നതുകൊണ്ട് ലക്ഷ്യമാക്കുന്നത്. വാസ്തുവിദ്യ, ഭക്ഷണം, വൈദ്യം, കളികൾ, വിനോദോപാധികൾ, കരവിരുത്, കരവിരുത് തുടങ്ങിയ ഘടകങ്ങളെല്ലാം ജീവിക-യിൽ ഉൾപ്പെടുന്നുണ്ട്.

മാന്ത്രികനോവലുകളിൽ നാടോടിവാസ്തുവിദ്യയുടെ സൂക്ഷ്മവിവരണങ്ങൾ സമൃദ്ധ-മായി കാണാം. മിക്ക മാന്ത്രികനോവലും തറവാട്ടു വീടുകളെ കേന്ദ്രീകരിച്ചുള്ളതാണ്. ഇല്ലം, മന, തറവാട്, നാലുകെട്ട്, എട്ടുകെട്ട് തുടങ്ങിയ കേരളീയഗൃഹസംബന്ധിയായ വാസ്തുവിദ്യയുടെ മനോഹാരിത മാന്ത്രികനോവിലുകളിൽ വ്യാപകമായി കാണാം. നി-ലവറയും പൂജാമുറിയും നിഗൂഢ അറകളും ചേർന്ന രഹസ്യസങ്കേതങ്ങൾ ഇത്തരം ഗൃഹ-ങ്ങളിൽ ദർശിക്കാം. 'കലിക' യിലെ മംഗലത്ത് തറവാടിനെക്കുറിച്ച് രങ്കയ്യ വർണ്ണിക്കു-ന്നത് നോക്കുക:

"വലിയ രണ്ടുനില കെട്ടിടം... ചെറിയ മുറികളുള്ള വടക്കുവശം, തെക്കുവശത്ത് വിശാലമായ ഊണുമുറിയും അനുബന്ധങ്ങളും. വീടായാൽ വടക്കുവശവും തെക്കുവശവും കാണാം. കേരളത്തിലെ മിക്കവീടുകളിലും അമിതമായ ചൂടു കരുതി കിഴക്കോട്ടോ, പടിഞ്ഞാട്ടോ, ദർശനമാക്കി ആരും പണിയാറില്ല. രണ്ടു വശത്തേയും ബന്ധിപ്പിക്കുന്ന

പോർട്ടിക്കോ, വീതിയിലുള്ള വരാന്ത മുകളിൽ രണ്ട് വശത്തും ഓരോ വിസ്താരമേറിയ കിടപ്പുമുറി നടുവിൽ മൂന്ന് തലമുറകളുടെ ചിത്രം തൂങ്ങുന്ന പരവതാനി വിരിച്ച വിശ്രമമുറി..." (1981: 91). ഇത്തരം ഗൃഹസംബന്ധമായ വർണ്ണനകൾ നോവലിലെ കേരളീയവാസ്തുവിദ്യയുടെ പ്രതിനിധാനമായി കാണാം.

കഥകളും ഐതിഹ്യവും പുരാവൃത്തവും വിശ്വാസങ്ങളും വേരോടിയ ഗ്രാമത്തെക്കുറിച്ചുള്ള ഗൃഹാതുരസ്മരണകൾ വേലൻ ചെടയൻ എന്ന നോവലിൽ നിറഞ്ഞുനില്ക്കുന്നുണ്ട്. "വല്ലപ്പോഴും കല്പനയെടുത്ത് നാട്ടിൽ പൊയ്ക്കൂടെ?" എന്ന അപ്പുവിന്റെ ചോദ്യത്തിന് 'ഒഴിവ് കിട്ടിയിട്ട് വേണ്ടേ?' വെളുത്തേടൻ അലക്കു കഴിഞ്ഞ് കാശിക്കു പോകുന്നതുപോലെയാണ്. എന്റെ മനസ്സിലും നിറഞ്ഞു നിൽക്കുന്നുണ്ട് തറവാട്ടും കുളവും ക്ഷേത്രവും, നമ്മൾകളിച്ചു നടന്ന തൊടിയും - കണ്ണൻ വിഷാദിക്കും" (1984: 31). വായനക്കാരന്റെ ദമനം ചെയ്യപ്പെട്ടതോ അപ്രാപ്യമായതോ ആയ വികാരങ്ങളെ തോറ്റിയുണർത്തുന്ന വ്യവഹാരമാതൃകയായി മാന്ത്രികനോവൽ ഉൾപ്പെടെയുള്ള ജനപ്രിയാഖ്യാനരൂപങ്ങൾ മാറുന്നുവെന്നു പറയാം. പ്രകൃതിയിലെ നിശ്ശബ്ദവും നിഗൂഢവും നിത്യവിസ്മയവുമായ അനുഭവങ്ങളെ ഭയത്തിൽ പൊതിഞ്ഞ ലാവണ്യാനുഭവമാക്കി മാറ്റുവാനുള്ള അസാമാന്യമായ കരവിരുതാണ് മാന്ത്രികനോവലെഴുത്തുകാർക്കുള്ളത്.

നാട്ടുചികിത്സയിൽ അഭൗമസമ്പ്രദായം എന്നൊരു സരണിയുണ്ട്. ഗരുഡസേവ, സർപ്പവിഷചികിത്സ എന്നിവ മന്ത്രവാദത്തിന്റെ ഭാഗമായി നടത്തിവരുന്ന ചില ക്രിയകളാണ്. കൃഷ്ണപ്പരുന്തിൽ പുത്തൂർ ഗരുഡസേവയിലും സർപ്പവിഷചികിത്സയിലും പേരുകേട്ട തറവാടായാണ് അവതരിപ്പിക്കുന്നത്. തികഞ്ഞ ഉപാസനയും ബ്രഹ്മചര്യനിഷ്ഠയും മാന്ത്രികചികിത്സകന് അനിവാര്യമാണവിടെ. മൗലികമായ മന്ത്രങ്ങളുടെ സുലഭമായ ഉദ്ധാരണംകൊണ്ടും മന്ത്രപ്രയോഗങ്ങളുടെ വിവരണങ്ങൾകൊണ്ടും ചികിത്സയിൽ പുത്തൂർ തറവാട്ട നേടിയ പ്രശസ്തിയും പ്രസക്തിയും യാഥാർത്ഥ്യപ്രതീതിയോടെ ചിത്രീകരിക്കാൻ തമ്പിക്കു കഴിഞ്ഞിട്ടുണ്ട്. കൃഷ്ണപ്പരുന്തിന്റെ ആമുഖത്തിൽ എഴുത്തുകാരൻ പറ-

യുന്നു. "യുങ്ങിനെ ഉദ്ധരിച്ചുകൊണ്ട് ഓരോ വ്യക്തിക്കുമുള്ളതുപോലെ സമൂഹത്തിൽ മൊത്തത്തിൽ ഒരു അബോധതല(Collective Unconscious)മുണ്ട് മനുഷ്യചേതനയുടെ മൗലികഭാവവുമായി പൊരുത്തപ്പെട്ടിരിക്കുന്ന ഇത്തരം കലാസൃഷ്ടികൾ സമൂഹബോധമണ്ഡലത്തിന്റെ സൃഷ്ടികളാണ്. സർവ്വകാലികവും സാർവ്വജനീനവുമാണ്" (1984: 11).

ജീവിക്കുന്ന ചുറ്റുപാടുകളിലെ അതിസൂക്ഷ്മങ്ങളും അതിപരിചിതങ്ങളുമായ വിശദാംശങ്ങളെ സ്വാഭാവികമെന്നു തോന്നിപ്പിക്കുന്ന നിർമാണവൈദഗ്ധ്യത്തോടെ മാന്ത്രിനോവലിസ്റ്റുകൾ രചനകളിൽ സ്വീകരിക്കുന്നു.

### 3. 3. സംഗ്രഹം

ഒരു ജനതയുടെ സാംസ്കാരികജീവിതത്തെ നിർണ്ണയിക്കുന്നതിലും നിലനിർത്തുന്നതിലും വിവിധ നാട്ടറിവുകൾക്ക് പ്രസക്തിയുണ്ട്. അതിശയോക്തിപരമായി, ഭാവനയെ കൂട്ടുപിടിച്ച്, സാങ്കല്പികസംഭവങ്ങൾക്കും അതീതലോകങ്ങൾക്കും സമൂഹം രൂപം നൽകുന്നുണ്ട്. ഇത്തരം കെട്ടുകഥകളും പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും വിശ്വാസങ്ങളും ലോകത്തെല്ലായിടത്തുമുണ്ട്. സാമാന്യജനങ്ങൾക്കിടയിൽ പ്രചരിക്കുന്ന ഇത്തരം കഥകളിലെല്ലാം അതീതയാഥാർത്ഥ്യത്തിന്റെയും സാങ്കല്പികാനുഭവത്തിന്റെയും അംശങ്ങളുണ്ടാകും.

അസാധാരണമായ മനുഷ്യപ്രകൃതങ്ങൾ മനുഷ്യേതരവും അതേ സമയം മനുഷ്യപ്രകൃതത്തോടുകൂടിയതുമായ കഥാപാത്രങ്ങൾ, പ്രേത-യക്ഷി കഥാപാത്രങ്ങൾ എന്നിവ നാടോടിക്കഥകളിൽ കാണാം. ഇത്തരം നാടോടിക്കഥാപാരമ്പര്യത്തിലെ സങ്കല്പങ്ങൾ, കഥാപാത്രങ്ങൾ, വർണ്ണനകൾ, മാന്ത്രികനോവലിന്റെ ആഖ്യാനത്തിൽ കടന്നുവരുന്നു. കേരളീയമായ സാമൂഹിക സാംസ്കാരികജീവിതാന്തരീക്ഷത്തിന്റെ പകർത്തിവയ്പാണ് മാന്ത്രികനോവലിലെ ഇതിവൃത്തം. കേരളത്തിലെ നാട്ടുപ്രകൃതിയും ആചാരാനുഷ്ഠാനങ്ങൾ, വിശ്വാസങ്ങൾ, ഐതിഹ്യം, മിത്ത് തുടങ്ങി ഭൂതകാല ജീവിതത്തിന്റെ സമ്പന്ന-

മായ സാംസ്കാരിക വിനിമയ ഇടങ്ങളാണ് മാന്ത്രികനോവലിൽ കാണുന്നത്. നാട്ടറിവുകളുടെ പാരമ്പര്യാനുകല്പനം മാന്ത്രികനോവലുകളിൽ സാധ്യമായിട്ടുണ്ട്. ജനപ്രിയമായ സംസ്കാരത്തിന്റെ വ്യതിരിക്തമായ സാമൂഹ്യാന്തരീക്ഷം നോവലിൽ കാണുന്നുണ്ട്. മതവും മന്ത്രവാദവും തമ്മിലുള്ള അഭേദ്യമായ ബന്ധവും മന്ത്രവാദത്തിലുള്ള ജനതയുടെ വിശ്വാസവും മനുഷ്യന്റെ ബലഹീനതയും ജനപ്രിയാഖ്യാനമായ മാന്ത്രികനോവലിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

വാമൊഴിയിലൂടെ നിലനിന്നുപോരുന്ന സാംസ്കാരികപാരമ്പര്യമാണ് നാട്ടറിവുകൾ. നാട്ടുജീവിതത്തെ സ്പർശിക്കുന്ന എന്തെല്ലാമുണ്ടോ അതെല്ലാം നാട്ടറിവായി പരിഗണിക്കാം. വാമൊഴിവഴക്കങ്ങൾ, ആരാധനാനുഷ്ഠാനങ്ങൾ, ജീവിതവഴക്കങ്ങൾ എല്ലാം അതിൽ ഉൾപ്പെടും. മന്ത്രവാദനോവലിൽ ഇത്തരം നാട്ടറിവുരൂപങ്ങളുടെ മിശ്രിതരൂപങ്ങൾ പ്രമേയതലത്തിലും പ്രതിപാദനതലത്തിലും ധാരാളമായി പ്രത്യക്ഷപ്പെടുന്നു.

# അദ്ധ്യായം 4

# ഭാവന,
# ഭാഷ,
# ഭാവുകത്വം

## 4. 0. ആമുഖം

ആധുനികതാവാദത്തിന്റെ ദാർശനികവും നിർവ്യക്തിപരവും അയുക്തികവും ബിംബാത്മകവും ദുരന്തബോധമയവുമായ രചനാ/മൂല്യവ്യവസ്ഥകളിൽ മലയാളനോവൽ അഭിരമിച്ചുകൊണ്ടിരുന്ന കാലത്താണ് അതിനു വിപരീതദിശയിൽ സഞ്ചരിക്കുന്ന മാന്ത്രികനോവലുകൾ പിറക്കുന്നത്. അപസർപ്പകനോവലുകൾ വിപണിവിജയവും വായനാവിജയവും ഉണ്ടാക്കിയിരുന്ന സാംസ്കാരികസന്ദർഭത്തിൽ മാന്ത്രികനോവലുകളുടെ പെട്ടെന്നുള്ള  രംഗപ്രവേശം പുതിയൊരു ഊർജപ്രസരം തന്നെ ഉണ്ടാക്കി. യക്ഷിക്കഥയിലൂടെയും ഐതിഹ്യമാലയിലൂടെയും കേട്ടറിഞ്ഞ ഭ്രമാത്മകലോകം പുതിയൊരു പ്രതലത്തിൽ, വായനക്കാർക്കിടയിൽ ചലനങ്ങൾ സൃഷ്ടിച്ചു. പുതിയൊരു ചരിത്രസാഹചര്യത്തിലുള്ള ഭൂതകാലാഭിരതി അങ്ങനെ രൂപപ്പെടുകയായിരുന്നു. ആ അർഥത്തിൽ ദമനം ചെയ്യപ്പെട്ട വികാരങ്ങൾക്കുള്ള ബഹിർഗ്ഗമനമാർഗ്ഗമായി ഈ ജനപ്രിയസാഹിത്യരൂപം മാറി. ഗൗരവമേറിയതെന്ന് സ്വയം അവകാശപ്പെടുന്നതും നാം വിധിക്കുന്നതുമായ നോവലുകളിലെ ഭാഷയെക്കാൾ ഋജുവും ലളിതവും അലങ്കാരശബളവുമായ ഭാഷ ഈ എഴുത്തുകാർ സ്വീകരിച്ചു. മലയാളിയുടെ പ്രാദേശികവും ഗൃഹാതുരവും ബഹുസ്വരവുമായ ഭാവനയെ വർണശബളമായ ഭാഷകൊണ്ട് യാഥാർത്ഥ്യമാക്കി പരിണമിപ്പിക്കുന്ന മാന്ത്രികതയാണ് ഇവർ പരീക്ഷിച്ചത്. ആ ഭാവനയും ഭാഷയും പുതിയൊരു ഭാവുകത്വത്തെ മലയാളികൾക്കിടയിൽ ഉത്പാദിപ്പിച്ചെടുത്തു.

## 4. 1. രചനാശില്പം– നിർമാണവിദ്യയും സർഗാത്മകതയും

നിർമ്മാണപരമായ വൈദഗ്ധ്യം (Craftmanship) എഴുത്തുകാരന് അത്യന്താപേക്ഷിതമായ സിദ്ധിയാണ്. അത് രചനയുടെ രൂപഘടനയെ നിർണയിക്കുന്നു. അതോടൊപ്പം താൻ സ്വരൂപിക്കുന്ന രചനാസാമഗ്രികളെ സവിശേഷാനുപാതത്തിൽ, ക്രമത്തിൽ മിശ്രണം ചെയ്യുകയും ഒരു സൃഷ്ടിക്കു രൂപം നല്കുകയും ചെയ്യുന്ന സർഗാത്മ-

കത(Creativity)യും പ്രധാനമാണ്. "ബുദ്ധിയും ഭാവനയും വികാരവും സാങ്കേതികവൈദഗ്ധ്യവുമെല്ലാം ആവശ്യമുള്ള അതീവസങ്കീർണ്ണമായ ഒരു പ്രവർത്തനമാണ് കലാസൃഷ്ടി" (പി. ടി. ചാക്കോ, 1986: 12). കലാശില്പങ്ങൾ മൂർത്തമായ ഒരു പ്രതലത്തിൽനിന്നുകൊണ്ട് പ്രത്യക്ഷത്തിലില്ലാത്ത, മറ്റുചില യാഥാർഥ്യങ്ങളെക്കൂടി പ്രപഞ്ചനം ചെയ്യുന്നുണ്ട്. നിത്യോപയോഗത്തിലുള്ള ഭാവനയെയും ഭാഷയെയും ഉപയോഗപ്പെടുത്തിക്കൊണ്ട് എഴുത്തുകാരൻ പുതിയൊരു ലോകം സൃഷ്ടിക്കുകയാണ്; പുതിയൊരു ഭാവുകത്വത്തിന് രൂപംകൊടുക്കുകയാണ്. മാന്ത്രികനോവലുകളുടെ രചനാശില്പത്തിൽ ഭാവനയും ഭാഷയും എങ്ങനെ പ്രവർത്തിക്കുന്നുവെന്നും അതിലൂടെ പുതിയൊരു ഭാവുകത്വം എങ്ങനെ ഉരുവപ്പെട്ടുവെന്നും അന്വേഷിക്കേണ്ടത് വളരെ പ്രധാനമാണ്.

### 4. 1. 1. ഭാവന-ഘടനയും ഉപയോഗവും

എഴുത്തുകാരന്റെ സർഗ്ഗപ്രക്രിയയിലെ ആദ്യപടിയാണ് ഭാവന. അനുഭവത്തിലൂടെ സ്വാംശീകരിച്ച യഥാർത്ഥപ്രകൃതിയെ മറ്റൊന്നായി സൃഷ്ടിക്കാൻ പര്യാപ്തമായ ചിന്തോദ്ദീപകഘടകമാണ് ഭാവന. ജർമ്മൻ തത്ത്വജ്ഞാനിയായ കാന്റ് 1781-ൽ പ്രസിദ്ധീകരിച്ച The Critique of Pure Reason എന്ന ഗ്രന്ഥത്തിൽ കലയുടെ അന്തരംഗരഹസ്യങ്ങളിലേക്കുള്ള സഞ്ചാരം അപഗ്രഥിക്കുന്നുണ്ട്. അഭിരുചി, പ്രതിഭ എന്നീ രണ്ട് പരികല്പനകൾ കലാസൗന്ദര്യത്തിന്റെ അടിസ്ഥാനമായി കാന്റ് വിലയിരുത്തുന്നു. സുന്ദരവസ്തുവിന്റെ വിലയിരുത്തലിന് ആവശ്യമായ ഒന്നാണ് അഭിരുചി. അതിന്റെ നിർമ്മിതിക്ക് ആവശ്യമായത് പ്രതിഭയും. പ്രകൃതിസൗന്ദര്യം ഒരാളിലുണ്ടാക്കിയ ചലനങ്ങളാണ് സൗന്ദര്യനിർമ്മിതിക്ക് കാരണം, പ്രകൃതി സുന്ദരവസ്തുവാകുമ്പോൾ കലാസൗന്ദര്യം ആ വസ്തുവിന്റെ സൗന്ദര്യാത്മക പ്രതിനിധാനമാകുന്നു. ഇത് വാസ്തവത്തിൽ ഒരു സങ്കല്പനത്തിന്റെ അവതാരം മാത്രമാണെന്ന് കാന്റ് പറയുന്നു(നെല്ലിക്കൽ മുരളീധരൻ, 2011: 15). മനുഷ്യന്റെ ഈ കലാപ്രതിനിധാനങ്ങൾ രൂപാന്തരപ്രാപ്തി മാത്രമാണ്. മനുഷ്യന്റെ എല്ലാ അറിവുകളും അന്തർബോധത്തിനു വിധേയമായിരിക്കും. ഈ അന്തർബോധത്തെ

കാന്റ് കാലം എന്നാണ് വിശേഷിപ്പിക്കുന്നത്. യഥാർത്ഥത്തിൽ ജ്ഞാനവിചാരത്തിന്റെ മാതൃകയായാണ് അദ്ദേഹം ഭാവനയെ അവതരിപ്പിക്കുന്നത്. ബനഡിക്ടോ ക്രോച്ചേ (1866-1952) അന്തർജ്ഞാനപരമായ അറിവ് (Intluitive Knowledge) യുക്തിശാസ്ത്രപരമായ അറിവ് (Logical Knowledge) എന്നിങ്ങനെ രണ്ടുതരം അറിവുകളുണ്ടെന്ന് പറയുന്നു(1967: 368). ഇതിൽ അന്തർജ്ഞാനപരമായ (Intuitive Knoledge) അറിവിനെയാണ് അദ്ദേഹം ഭാവന എന്നു പറയുന്നത്. അന്തർജ്ഞാനത്തിലധിഷ്ഠിതമായ ഭാവന വ്യക്തിപരവും യുക്ത്യധിഷ്ഠിത അറിവ് ലോകസാമാന്യവുമാണ്. ഒറ്റയൊറ്റ വസ്തുക്കളിലൂന്നിയാണ് ഭാവന പ്രവർത്തിക്കുന്നത്. പ്രതിമാനകല്പനകൾ സൃഷ്ടിക്കാൻ പര്യാപ്തമാണത്. സ്ഥലകാലങ്ങൾക്കതീതമായാണ് ഭാവന പ്രവർത്തിക്കുന്നത്. യാഥാർത്ഥ്യവുമായി അതിന് യാതൊരു ബന്ധവുമില്ല. കാല്പനികകവിയും നിരൂപകനുമായ വില്യം വേർഡ്സ് വർത്ത് (1770-1850) Preface to Lyrical Ballads (1815) എന്ന കൃതിയിൽ സർഗ്ഗവ്യാപാരത്തിന്റെ ആറ് (6) ഹേതുക്കൾ വിവരിക്കുന്നിടത്ത് ഭാവനയും മനോധർമ്മവും വ്യാഖ്യാനിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ബാഹ്യവസ്തുക്കളുടെമേൽ കവിചേതന നടത്തുന്ന വ്യാപാരമാണ് ഭാവന. സർഗ്ഗപ്രക്രിയയെ സൂചിപ്പിക്കുന്ന ഒരു സംജ്ഞയായാണ് വേർഡ്സ്വർത്ത് ഭാവനയെ കാണുന്നത്. ഭാവനയും മനോധർമ്മവും തമ്മിലുള്ള വ്യത്യാസമായി അദ്ദേഹം പറയുന്നത് ഭാവന രൂപവത്കരണക്ഷമമായ കഴിവും മനോധർമ്മം സംയോജനത്തിനുള്ള കഴിവുമാണെന്നാണ് (1815: 292).

സാമുവൽ ടെയ്ലർ കോളറിഡ്ജ് (1772-1834) ഭാവന (Imagination) മനോധർമ്മം (Fancy) എന്നീ പദങ്ങൾ പര്യായപദങ്ങൾ പോലെയാണ് ഉപയോഗിക്കുന്നത്. ഭാവന വൈകാരികോഷ്മളത പകരുന്ന പരികല്പനയായി അദ്ദേഹം സ്വീകരിക്കുന്നു. മനോധർമ്മം അവിശ്വാസ്യതാവിലാസമുള്ള കല്പനാലോകത്തെ വ്യഞ്ജിപ്പിക്കുന്ന പരികല്പനയായി അറിയപ്പെടുന്നു (2011:154). മൗലികാവസ്ഥയെ വിശ്വാസ്യമായി അനുകരിക്കുന്ന കൃതിയെ ഭാവനാസൃഷ്ടിയെന്ന് കോളറിഡ്ജ് വിശേഷിപ്പിക്കുന്നു. ഭാവനയെ കോളറിഡ്ജ് രണ്ടായി തരംതിരിക്കുന്നുണ്ട്. ഒന്ന്, പ്രാഥമിക ഭാവന (Primary Imagination), രണ്ട്,

ദ്വിതീയ ഭാവന  (Secondary Imagination). മനുഷ്യന്റെ എല്ലാ തരത്തിലും പെട്ട ഇന്ദ്രിയപ്രത്യക്ഷങ്ങളുടെ പ്രഥമകാരകശക്തിയും ജീവശക്തിയുമായാണ് പ്രാഥമികഭാവനയെ വിലയിരുത്തുന്നത്. അബോധവൃത്തിയാണത്. ഇന്ദ്രിയങ്ങളിലൂടെയുള്ള വസ്തുസ്വീകാര്യത മാത്രമല്ല, അവയുടെ വ്യക്തമായ ചിത്രങ്ങളുടെ സ്വരൂപണവും പ്രാഥമികഭാവനയുടെ ജോലിയാണ്. പ്രാഥമികഭാവനയുടെ അനുരണനമാണ് ദ്വിതീയഭാവന. ബോധമനസ്സിന്റെ ഇച്ഛാശക്തിയോടു ചേർന്നാണ് അത് നിലനിൽക്കുന്നത്. പ്രാഥമികഭാവന എല്ലാവരിലും ഉള്ളപ്പോൾ ദ്വിതീയഭാവന കലാകാരന്മാരിൽ കേന്ദ്രിതമാണ്. പ്രാഥമികഭാവനയിലൂടെ സ്വരൂപിച്ചെടുത്ത ഇന്ദ്രിയാനുഭവങ്ങളാണ് ദ്വിതീയഭാവനയുടെ അസംസ്കൃതവസ്തുക്കൾ. സാഹിത്യസൃഷ്ടിയുടെ ബീജമായാണ് ദ്വിതീയഭാവനയെ കോളറിഡ്ജ് വിശേഷിപ്പിക്കുന്നത്. ഭാരതീയസാഹിത്യചിന്തകന്മാർ കവിപ്രതിഭയായ 'കാരയിത്രി' എന്ന വിവക്ഷകൊണ്ടർത്ഥമാക്കുന്നതെന്തോ അതുതന്നെയാണ് കോളറിഡ്ജ് ദ്വിതീയഭാവനകൊണ്ട് അർത്ഥമാക്കുന്നത്(2011: 156).

എഴുത്തുകാരന്റെ ഭാവനയെ ഉത്തേജിപ്പിക്കുന്ന ഘടകങ്ങൾ പലതാണ്. സംസ്കാരം, സമൂഹം, ചുറ്റുപാട്, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, സൗന്ദര്യബോധം, സാമ്പത്തികബന്ധങ്ങൾ, സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ, ജാതിമതശ്രേണീകരണം എന്നിവയെല്ലാം വ്യക്തിയെ സ്വാധീനിക്കുന്ന ഘടകങ്ങളാണെങ്കിൽ ഒരാളുടെ കലാത്മകബുദ്ധിയെയും ഈ  ഘടകങ്ങൾ സ്വാധീനിക്കും. ബൃഹദാഖ്യാനരൂപമാണ് നോവൽ. കാലം, സ്ഥലം എന്നീ പരികല്പനകളെ ഭാവനാത്മകമായി കീഴ്മേൽമറിക്കുവാൻ അതിനു സാധിക്കും. നിലവിലുള്ള ജൈവപ്രകൃതി കലാകാരനിലുണ്ടാക്കിയ അനുഭൂതിയോടുള്ള പ്രതികരണമാണ് സർഗ്ഗാത്മകാവിഷ്കാരങ്ങളാകുന്നത്. കേവലപ്രകൃതിയെന്നത് സത്യത്തിൽ നിന്നുമകലെയാണ്. ആ കേവലപ്രകൃതിയുടെ നിലനില്പാകട്ടെ, കാണുന്നവന്റെ വീക്ഷണകോണിലുമാണ്. അതിനാൽ പ്രകൃതിസത്യവും കലാസത്യവും രണ്ടാണ് (2011: 154).

മാന്ത്രികനോവലെഴുത്തുകാർ ഈ കലാദർശനമാണ് സ്വീകരിക്കുന്നത്. മനുഷ്യപ്രകൃതിയെയോ സാമൂഹികപ്രകൃതിയെയോ ഭാവനാത്മകമായി ചിത്രീകരിക്കാനാണ് ഏതൊരു നോവലിസ്റ്റിനെയുംപോലെ അയാളും ശ്രമിക്കുന്നത്. നിഗൂഢവിദ്യകളുടെ സഹായത്തോടെ ചുറ്റുപാടുകളെ കീഴടക്കാനുള്ള മനുഷ്യാഭിലാഷമാണ് മന്ത്രവാദത്തിൽ പ്രകടമാകുന്നത്. മാന്ത്രികതയിൽ അധിഷ്ഠിതമായൊരു ലോകവീക്ഷണം മനുഷ്യന്റെ സ്വാഭാവികാവസ്ഥ(Crude) യായി മനസ്സിലാക്കാനാവും. ഈ സാമൂഹികമൂലകത്തെ സംസ്കാരപരവും പാഠപരവും ധർമപരവുമായ പ്രതലങ്ങളിൽ വിന്യസിച്ച്, കഥാഖ്യാനത്തിന്റെ മായികാന്തരീക്ഷം സൃഷ്ടിക്കുകയാണ് മാന്ത്രികനോവലിസ്റ്റുകൾ ചെയ്യുന്നത്. ഓരോ നോവലും ഓരോ യാഥാർഥ്യത്തെ ഉണ്ടാക്കിയെടുക്കുന്നു. സാമൂഹികഘടനകളുടെ വ്യത്യസ്തതകൾക്കനുസരണമായി ഭിന്നങ്ങളായ ഭാവനാസൂചകങ്ങളാണ് ഓരോ എഴുത്തുകാരനും സ്വീകരിക്കുന്നത്. പ്രാദേശികരചനാമൂലകങ്ങളുടെ സന്നിവേശംകൊണ്ടും ക്രമീകരണസ്വഭാവംകൊണ്ടും സാക്ഷാത്കാരവിശേഷംകൊണ്ടും വൈവിധ്യംകൊണ്ടും നിർമാണഘടകങ്ങളുടെ ബഹുലത/വിപുലതകൊണ്ടും നാടകീയതകൊണ്ടും മാന്ത്രികനോവലുകളിലെ ഭാവനാമണ്ഡലം സംവാദക്ഷമ(Dialogic)വും സുഗമ(Simple)വും സ്പഷ്ടാർഥകവുമായി നിലകൊള്ളുന്നു.

### 4. 1. 2. ഭാഷയുടെ വ്യവഹാരപഥങ്ങൾ

മനുഷ്യന്റെ ആശയവിനിമയത്തിനുള്ള പല ഉപാധികളിലൊന്നാണ് ഉച്ചരിതഭാഷ. ഭാഷാവ്യവഹാരത്തിൽ വക്താവും ശ്രോതാവുമുണ്ട്. പറയുന്ന ആൾ വക്താവാകുന്നു, കേൾക്കുന്ന ആൾ ശ്രോതാവാകുന്നു. ഇവർക്കിടയിൽ മധ്യസ്ഥനായി നിലകൊള്ളുന്നത് വക്താവ് തിരഞ്ഞെടുക്കുന്ന മാധ്യമമാണ്. വക്താവിന്റെ വിവക്ഷിതങ്ങൾ ഉചിതഭാഷാപ്രയോഗത്താലാണ് ശ്രോതാവിൽ ചലനങ്ങൾ സൃഷ്ടിക്കുന്നത്. ഓരോ ഭാഷകസമൂഹത്തിനും അവർക്കുമാത്രം സ്വീകാര്യമായ ഭാഷയുടേതായ ചില ചട്ടക്കൂടുകൾ ഉണ്ട്. അതുകൊണ്ടാണ് ഒരു ഭാഷകസമൂഹത്തിന്റെ അർത്ഥോത്പാദനം മറ്റൊന്നിനു സാധ്യ-

മാകാതെ വരുന്നത്. പ്രാദേശികമായ വ്യതിരിക്തകളാൽ സൗന്ദര്യം നിറയുന്ന ഭാഷ ഓരോരുത്തരും എങ്ങനെ ഉപയോഗിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് ഭാഷ-യുടെ ലാളിത്യവും ഗരിമയും ചർച്ച ചെയ്യപ്പെടുന്നത്. എഴുത്തുകാർ ആദ്യകാലത്ത് എല്ലാ ഭാഷകസമൂഹത്തെയും ഉൾക്കൊള്ളുന്ന പൊതുഭാഷ രൂപീകരിച്ചുകൊണ്ടാണ് തങ്ങളുടെ രചനകൾ നിർവ്വഹിച്ചിരുന്നത്. ഇത്തരം മാനകഭാഷ അച്ചടിപുസ്തകങ്ങളുടെ പൊതു ഏകകമായി സ്വീകരിച്ചിരുന്നു. എന്നാൽ പ്രാദേശികതയ്ക്ക് പ്രാധാന്യം വന്നതോടെ ഭാഷ ദേശീയതയെ അടയാളപ്പെടുത്തുന്നതായി. ദേശീയം എന്ന വിവക്ഷ ഒരു ദേശ-ത്തെ സംബന്ധിച്ചത് എന്നതാണ്. കേരളദേശത്തിന്റെ സാംസ്കാരിക വൈവിധ്യങ്ങ-ളെ അടയാളപ്പെടുത്താൻ ഈ ദേശഭാഷതന്നെയാണ് ഉചിതം.

അനുഭവങ്ങളിൽനിന്നും നൈസർഗ്ഗികവികാരങ്ങളിൽനിന്നും പാര്യന്തികമായി നിർമ്മാണകലാവൈദഗ്ധ്യത്തിൽനിന്നുമാണ് സാഹിത്യഭാഷ രൂപംകൊള്ളുന്നത്. അമൂർത്തമായ ഭാവനകൾക്ക് മൂർത്തത കൈവരിക്കാനാകുന്നത് ഭാഷയിലൂടെയാണ്. എഴുത്തുകാരൻ അവന്റെ സാമൂഹ്യാനുഭവപരിസരത്തെയാണ് പലപ്പോഴും എഴുത്തിൽ കൊണ്ടുവരുന്നത്. അവന്റെ ഭാവനയെ ഈ സാമൂഹ്യജീവിതം സ്വാധീനിക്കുന്നുണ്ടാ-കാം. അതുകൊണ്ട് സാമൂഹ്യാനുഭവജ്ഞാനമണ്ഡലത്തെ ഭാവനയിലൂടെ അമൂർത്തമായി സ്വീകരിക്കുകയും ഭാഷയിലൂടെ അതിന് മൂർത്തത നല്കുകയുമാണ് എഴുത്തുകാരൻ ചെ-യ്തിരുന്നത്.

മലയാളമാന്ത്രികനോവലിലെ സ്ഥലകാലങ്ങൾ എഴുത്തുകാരന്റെ സാമൂഹ്യാനുഭ-വങ്ങളിൽനിന്ന് വ്യുത്പാദിച്ചെടുത്ത ഭാവനാലോകങ്ങളാണ്. തികച്ചും കാല്പനികമായ കഥാഘടനയെ യഥാർഥപ്രതീതിയിൽ അവതരിപ്പിക്കുകയാണ് ചെയ്യുന്നത്. അതിന് എഴുത്തുകാരൻ കൂട്ടുപിടിക്കുന്നത് യഥാതഥഭാഷയെയാണ്. സാമാന്യജനങ്ങൾക്ക് അനുഭവപ്പെടാത്ത സമാന്തരലോകത്തെ ഭാവനയിലൂടെ വിശകലനവിധേയമാക്കു-മ്പോൾ അമൂർത്തഭാവനയെ മൂർത്തരൂപത്തിൽ പ്രകാശിതമാക്കണം. സാഹിത്യഭാഷ-

യുടെ കരുത്തിലാണ് ഭാവനയുടെ യാഥാർത്ഥ്യാനുഭവപരിസരം വായനക്കാരന് ലഭിക്കുകയുള്ളൂ. ഭാഷയുടെ അയത്നലളിതത്വം അവിടെ പ്രധാന സമീപനരീതിയായി മാറുന്നു.

നിലവിലുള്ള സാമൂഹ്യവ്യവഹാരഭാഷ മാന്ത്രികനോവലിൽ അലംകൃതവും മാനകവും ഗൂഢവുമായിത്തീരുന്നു. എഴുത്തുകാരൻ ഇവിടെ ഭാഷയിലൂടെ ചില മാന്ത്രികലോകങ്ങൾ പണിതെടുക്കുകയാണ്. അവയ്ക്ക് യഥാർത്ഥാനുഭവപരിസരത്തോട് ചിലപ്പോൾ സാദൃശ്യം കണ്ടേക്കാം. അത്തരമൊരു പ്രതീതിയാഥാർത്ഥ്യം അവതരിപ്പിക്കുന്നതിനു സമർഥമായ പുതിയൊരു വിഭൂഷിതഭാഷ (Ornamented Language) ഓരോ നോവലിസ്റ്റും നിർമിച്ചെടുക്കുന്നുണ്ട്. ഇതാണ് ഏറ്റവും പ്രധാനം. ഭാഷ അധിവസിക്കുന്നത് സ്ഥലപരമായി അപരത്തിലും കാലപരമായി ഭൂതത്തിലുമാണെന്ന് മിഖായിൽ ബക്തിൻ (1895-1975) പറയുന്നുണ്ട് (1997: 500). ഭൂതകാലത്തിന്റെ മുദ്രകളെ അത് പ്രതിനിധാനം ചെയ്യുന്നു. ഏതൊരു ഭാഷയ്ക്കുള്ളിലും അനേകം ഉപഭാഷകൾ പ്രവർത്തിക്കുന്നുണ്ട്. ഭാവനയിലെ അദൃശ്യപ്രപഞ്ചത്തെ ഭാഷയും ഉപഭാഷയുംകൊണ്ട് സംസ്കാരികമായി മൂർത്തത കൈവരുത്തുവാനാണ് എഴുത്തുകാരൻ ശ്രമിക്കുന്നത്. എഴുത്തുകാരന്റെ സർഗ്ഗാത്മകഭാവന ഭാഷകൊണ്ട് മൂർത്തരൂപം കൈവരിക്കുന്നു. ഒരു ജനവിഭാഗത്തിന്റെ ഭാഷയിൽ അവരുടെ സംസ്കാരം ഘനീഭവിച്ചിരിക്കുന്നു. അതിനാൽ കലാകാരന്റെ അദൃശ്യമായ ഭാവനയെ സാംസ്കാരികമായി അടയാളപ്പെടുത്തുകയാണ് ഭാഷയിലൂടെ ചെയ്യുന്നത്. മാന്ത്രികനോവലിലെ ഭാഷ ഭൂതകാലസംസ്കാരത്തെ അടയാളപ്പെടുത്തുവാൻ പര്യാപ്തവുമാണ്.

### 4. 1. 3. ഭാവുകത്വം- സ്ഥിതിയും ഗതിയും

സംവേദനശേഷി എന്ന് ലളിതമായി ഭാവുകത്വത്തെ പറയാവുന്നതാണ്. വ്യക്തിയുടെ കർതൃത്വത്തെയും ആത്മവത്തയെയും പൊതിഞ്ഞുനില്ക്കുന്ന ഭാഷയുടെയും ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും അനുഭവത്തിന്റെയും മറ്റും അനസ്യൂതി കൂടി-

യാണ് ഭാവുകത്വം. ഈ അനസ്യൂതിയിലൂടെ രൂപപ്പെട്ടുവരുന്നതും വ്യവഹാരനിഷ്ഠവും പ്രത്യയശാസ്ത്രനിർഭരവുമായ കർതൃലോകമാണ് ഭാവുകത്വത്തിന്നടിസ്ഥാനം. സംസ്കാ-രപഠനത്തിന്റെ സൈദ്ധാന്തികന്മാരിൽ പ്രമുഖനായ ഫ്രഞ്ച് ദാർശനികൻ പിയർ ബോർദ്യൂ, വ്യക്തിയെ സാമൂഹ്യജീവിതത്തിനു സജ്ജമാക്കുന്ന ജൈവപ്രകൃതത്തെക്കുറി-ച്ച് പറയുന്നുണ്ട്. ഈ ജൈവപ്രകൃതമാണ് കർതൃലോകം. ഭാവുകത്വത്തിന്റെ ഉറവിടം ഈ കർതൃലോകത്തിലധിഷ്ഠിതമാണ്. വിശിഷ്ടമാതൃകകൾ മാത്രം സാഹിത്യത്തിന്റെ-യും സംസ്കാരത്തിന്റെയും ഗണത്തിൽപ്പെടുത്തുന്ന വരേണ്യചിന്തയുടെ നിരാകരണ-മാണ് സാംസ്കാരികപഠനരംഗത്തുണ്ടായ വികാസത്തിന്റെ ചരിത്രം. അവിശിഷ്ടവും സർവസാധാരണവുമാണ് സംസ്കാരം എന്ന് റെയ്മണ്ട് വില്യംസ് പറയുന്നത് (2009: 11) ശ്രദ്ധേയമാണ് ജനസാമാന്യത്തിന്റെ അശിക്ഷിതവും ക്രമരഹിതവുമായ അവിശി-ഷ്ടപ്രതികരണത്തെ അടയാളപ്പെടുത്തുവാൻ വരേണ്യസങ്കല്പങ്ങൾക്ക് കഴിഞ്ഞിരുന്നില്ല.

ഭാവുകത്വത്തെ സംബന്ധിച്ച വിചിന്തനങ്ങളിൽ പ്രധാനപ്പെട്ട ദ്വന്ദമാണ് രു-ചി/കാഴ്ച. പരമ്പരാഗത സാഹിത്യസമീപനത്തിൽ ഭാവുകത്വത്തെ വിസ്തരിക്കാൻ 'രുചി' എന്ന രൂപകമാണുപയോഗിച്ചിരുന്നത്. എന്നാൽ ഇന്ദ്രിയാനുഭവം പകരുന്ന കാഴ്ച രു-ചിയോളം പ്രധാനമാണെന്ന് പാരമ്പര്യവാദികൾ അംഗീകരിച്ചിരുന്നില്ല. കാഴ്ചയെ രസ-വിചാരചർച്ചയിൽ കൊണ്ടുവരാൻ ശ്രമിച്ചിരുന്നില്ല. എന്നാൽ ഈ സാമാന്യത്തിന്റെ സൗന്ദര്യസങ്കല്പഘടകങ്ങളിൽ കാഴ്ചയ്ക്കാണ് പ്രഥമസ്ഥാനം. സമൂഹമനസ്സിലേക്കും സം-ഘഭാവനയിലേക്കും പ്രത്യയശാസ്ത്രമണ്ഡലത്തിലേക്കും നടന്നുകയറാൻ വ്യക്തിയെ അനുവദിക്കുന്ന ഘടകമാണ് കാഴ്ച. കാഴ്ചയെ അപേക്ഷിച്ച് രുചി വ്യക്തിനിഷ്ഠമാണ്. മാ-ന്ത്രികനോവൽ, വ്യക്തിപരതയ്ക്കല്ല സാമൂഹികപരിതയ്ക്കാണ് പ്രാമുഖ്യം കല്പിച്ചിരുന്നത്. സാംസ്കാരികപഠനരംഗം രുചിയോടൊപ്പം, അതിനെക്കാൾ പ്രധാനമായി കാഴ്ചയെ ഭാവുകത്വചർച്ചയിൽ സ്വീകരിച്ചുവരുന്നു. ബാഹ്യലോകത്തിന്റെ ദൃശ്യവിസ്മയവും വർണ്ണ-ശബളിമയും കേന്ദ്രാനുഭവങ്ങളായി മാറുന്ന ആധുനികാനന്തരസമൂഹത്തിന്റെ സാഹി-ത്യഭാവുകത്വത്തെ നിർവ്വചിക്കാനുള്ള കഴിവ് കാഴ്ചയ്ക്കുണ്ട്. താൻ ജീവിക്കുന്ന സമൂഹ-

ത്തിന്റെ ആശങ്കകളും ആസക്തികളും വ്യാമോഹങ്ങളും രചനയിൽ കൊണ്ടുവരിക എന്നതാണ് എഴുത്തുകാരന്റെ ധർമ്മം. ഭാവനയും ഭാഷയും ഒരു സമൂഹത്തിന്റെ ഭാവുകത്വത്തെ നിർണ്ണയിക്കുന്നു.

ആധുനികതാവാദകലകളുടെ ശക്തിപ്രതാപങ്ങളുടെ കാലത്താണ് മാന്ത്രികനോവലുകൾ രംഗപ്രവേശം ചെയ്യുന്നത്. ഭാവുകത്വപരമായി ആ വഴിയിൽനിന്ന് ഏറെ ഭിന്നമായ സമീപനരീതിയാണ് ഈ ജനുസ്സ് സ്വീകരിച്ചത്. ഈ വിച്ഛേദത്തെ പില്ക്കാലത്തു മാത്രമാണ് വായനാസമൂഹം തിച്ചറിഞ്ഞതെന്ന കാര്യം ശ്രദ്ധേയമാണ്. നോവലിലെ വൈചാരികമായ ഔദ്യോഗികധാരയ്ക്കു സമാന്തരമായി ഒരു വികാരസരണി നിർമ്മിക്കുകയാണ് ജനപ്രിയനോവലുകൾ പൊതുവെയും മാന്ത്രികനോവലുകൾ വിശേഷിച്ചും ചെയ്തതെന്നു പറയാം. നിലവിലുള്ള വ്യവഹാരമാതൃകകളെ മാറ്റിനിർത്തി പുതിയ സമാന്തരയാഥാർഥ്യങ്ങളെ ഉത്പാദിപ്പിക്കാനുള്ള ശ്രമമാണ് മാന്ത്രികനോവലിലുള്ളത്. ആധുനികതാവാദഭാവനയുടെ പ്രക്രിയാലോകങ്ങളെ ഉദ്വസിച്ച് വായനക്കാരനെ പുതിയൊരു ജനായത്തഭാവുകത്വത്തിലേയ്ക്ക് ചലിപ്പിക്കുകയാണ് മാന്ത്രികനോവലിസ്റ്റുകൾ ചെയ്തത്. എഴുത്തുകാരന്റെ കർതൃത്വവും ഭാഷയും പുതിയ ഭാവുകത്വത്തെ ഇവിടെ ഉത്പാദിപ്പിക്കുന്നു.

## 4. 2. മാന്ത്രികനോവലുകൾ – കലയും നിർമാണവിദ്യയും

എഴുത്തുകാരൻ തന്റെ സർഗശേഷിയും സാങ്കേതികജ്ഞാനവും ഇണക്കിച്ചേർത്ത് ഒരു രചനയ്ക്ക് പിറവി നല്കുമ്പോൾ അയാൾക്കു ചുറ്റുമുള്ള യാഥാർഥ്യങ്ങൾ സുന്ദരവും മനുഷ്യവത്കൃതമാകുന്നു. ഇങ്ങനെ മനുഷ്യവത്കൃതമാകുന്ന യാഥാർഥ്യങ്ങളുടെ ലോകത്തെയാണ് മാന്ത്രികനോവലുകൾ അഭിസംബോധന ചെയ്യുന്നത്. കഥകൾ, വിശ്വാസം, ആരാധന, ആചാരം, അനുഷ്ഠാനം, അതീതസങ്കല്പങ്ങൾ തുടങ്ങിയ സാംസ്കാരികമൂലകങ്ങളുടെ സവിശേഷസന്നിവേശത്തിലൂടെ ഒരു വിഭാവിതസമൂഹ(Imagined Community)ത്തെ എഴുത്തുകാരൻ ഉത്പാദിപ്പിക്കുന്നു.

വസ്തു, പരമാർത്ഥലോകത്തിന്റെ ടൈപ്പ് അല്ല. എഴുത്തുകാരന്റെ അനുഭവം നിർവചനാതീതമാണ്. അത് ഒരേസമയം യാഥാർത്ഥ്യവും സ്വപ്നവും ബാഹ്യവും ആന്തരികവും സാമൂഹികവും വൈയക്തികവുമൊക്കെമാണ്. തന്റേതായ യാഥാർത്ഥ്യമാണ് എഴുത്തുകാരൻ ഓരോ സൃഷ്ടിയിലൂടെയും ആവിഷ്കരിക്കുന്നത്. സ്വപ്നത്തിന്റെ ഭ്രമാത്മകാംശങ്ങളെയും അയുക്തികളെയും എഴുത്തുകാരൻ ഇവിടെ കൂട്ടുപിടിക്കുന്നു. വർത്തമാനകാലത്തോട് ബന്ധിപ്പിച്ച് ഭൂതകാലത്തെ വിലയിരുത്തുകയാണ്. ഭൗതികലോകത്തിന്റെ ക്രമരാഹിത്യത്തെയും അനിശ്ചിതത്വത്തെയുമാണ് മാന്ത്രികനോവലിൽ അവതരിപ്പിക്കുന്നത്. നമുക്ക് പരിചിതമായ ഭൗതികക്രമത്തിനപ്പുറമാണ് മാന്ത്രികനോവലിന്റെ സ്ഥലരാശി. നോവലിൽ പ്രവേശിക്കുന്നതിലൂടെ പുതിയൊരു സ്ഥലരാശിയിലാണ് വായനക്കാർ പ്രവേശിക്കുന്നത്. അത് യാഥാർത്ഥ്യത്തിന്റെയും യുക്തിയുടെയും ലോകമല്ല. എന്നാൽ കലാത്മകമായ ആവിഷ്കാരത്താൽ സംഭവ്യതാപ്രതീതിയുളവാക്കാനാകുന്നു. യഥാതഥഭാഷയാണ് അതിന് ഊർജ്ജമായി സ്വീകരിക്കുന്നത്. അനിശ്ചിതങ്ങളും അനിയത(Indeterminate)ങ്ങളുമായ യാഥാർഥ്യങ്ങൾക്ക് നിയതരൂപം നല്കുവാൻ കലയ്ക്കുള്ള കഴിവിനെപ്പറ്റി അഡോർണോ സൂചിപ്പിക്കുന്നുണ്ട് (പി. ടി. ചാക്കോ, 1986: 44).

ഭാഷയുടെ പരിധി അവസാനിച്ചാലും അനുഭവത്തിന്റെ പരിധി അവസാനിക്കുന്നില്ല. അനുഭവം നിർവചനാതീതവും ക്രമരഹിതവുമാണ്. നിലവിലുള്ള യാഥാർത്ഥ്യത്തെ തന്റെ യാഥാർത്ഥ്യത്തിലേക്ക് മാറ്റിപ്പണിയാനാണ് എഴുത്തുകാരൻ പരിശ്രമിക്കുന്നത്. അങ്ങനെ സൃഷ്ടിക്കപ്പെടുന്ന യാഥാർത്ഥ്യം തീക്ഷ്ണസൗന്ദര്യാനുഭവമായി മാറുന്നതിന് സ്വപ്നത്തെയും ഭ്രമകല്പനയെയും അയുക്തികതയെയും എഴുത്തുകാരൻ കൂട്ടുപിടിയ്ക്കുന്നു. ഇത്തരം ഭൗതികക്രമരാഹിത്യത്തെയാണ് ഫാന്റസി എന്നു വിളിക്കുന്നത്.

ഭാഷാപണ്ഡിതരെയോ അഭിജ്ഞരെയോ തൃപ്തിപ്പെടുത്തുവാനുള്ളതല്ല ജനപ്രിയനോവലുകൾ. ഈ ഗണത്തിൽ വരാത്ത നോവലുകൾ എഴുതുന്നവർ അതിന്റെ ഉദ്ദേശ്യ-

ലക്ഷ്യങ്ങളെക്കുറിച്ച് പുലർത്തുന്ന നിലപാടുകളും ശ്രദ്ധേയമാണ്. ഇറ്റലിയിലെ ബൊ-ക്കാച്ചിയോ (1313-1375) തന്റെ 'ഡെക്കാമറോൺ കഥകൾ' അലസരായ സ്ത്രീകൾക്കുവേ-ണ്ടിയാണത്രേ സമർപ്പിച്ചത് (ഷാജി ജേക്കബ്, 2014: 87). ഒ. ചന്തുമേനോൻ (1846-1899) നോവലെഴുതിയതും സ്ത്രീകളുടെ വിശ്രമവേളകളെ മുന്നിൽ കണ്ടാണ്. ജനസാമാ-ന്യത്തിനുവേണ്ടിയാണ് നോവലെഴുതുന്നതെന്ന വാദം ഉന്നയിച്ചുകൊണ്ട് ജനസാമാന്യ-ത്തിന്റെ അഭിരുചികളെ പടിക്കുപുറത്തു നിർത്തുന്ന രീതിയാണ് ഇവിടയെല്ലാം കാണു-ന്നത്. നോവൽ ഉൾപ്പെടുന്ന സാഹിത്യസംവർഗങ്ങൾ ജനസാമാന്യത്തിന്റെ ഇച്ഛകളെ ഉത്പാദിപ്പിക്കുകയും പൂരിപ്പിക്കുകയും ചെയ്യുന്നു. മാന്ത്രികനോവലുകളുടെ രചനയിൽ എഴുത്തുകാർ ഈ തത്ത്വങ്ങൾ എത്രമാത്രം സാക്ഷാത്കരിക്കുന്നുവെന്ന അന്വേഷണവും പ്രധാനമാണ്. മോഹനചന്ദ്രൻ, പി. വി. തമ്പി, എന്നിവരുടെ തിരഞ്ഞെടുത്ത നോവലു-കളെ ആസ്പദമാക്കി ഇക്കാര്യം പരിശോധിക്കാം.

#### 4. 2. 1. ഭ്രമാത്മകഭാവനയുടെ നിഗൂഢലോകങ്ങൾ

ഭാവനയെ വൈദ്യശാസ്ത്രഗവേഷകർ എട്ടായി തിരിച്ചു കാണുന്നു. ലഭ്യമാകുന്ന ദത്തങ്ങളെ ഫലവത്തായി സംയോജിപ്പിച്ച് പുതിയ ധരണകളും ആശയങ്ങളും ഉത്പാ-ദിപ്പിക്കുന്ന ഭാവന (Effectuative Imagination), ബൗദ്ധികമണ്ഡലത്തിലെ ദത്തവിശകല-നങ്ങൾക്കും മറ്റും സഹായകമാകുന്ന ബൗദ്ധിക(നിർമ്മാണാണാത്മക)ഭാവന (Intellec-tual (or Constructive) Imagination), നിഗൂഢകഥകളും കവിതകളും മറ്റും രചിക്കുന്നതിനു-തകുന്ന ഭ്രമാത്മകഭാവന (Imaginative Fantasy Imagination), പരാനുഭൂതി തമായ ഭാവന (Empathy Imagination), ദത്തങ്ങളുടെ ഭൗതികപരിമാണവും പ്രയോജനവും ഗ്രഹിച്ച് ഭാ-വി വിഭാവനം ചെയ്യുന്ന ആസൂത്രിതഭാവന (Strategic Imagination), വൈകാരികഭാവന (Emotional Imagination), സ്വപ്നഭാവന (Dreams), സ്മൃതിനിർദ്ധാരിതഭാവന (Memory Reconstruction) എന്നിവയാണ് അവ (https://www.teachthought.com/learning/8-types-of-imagination/). ഇവയിൽ എഴുത്തുകാരൻ എന്ന നിലയിൽ എല്ലാ മാന്ത്രിക-

നോവലിസ്റ്റുകളും ആസൂത്രിതഭാവനയുടെ ഉടമസ്ഥരാണ്. ഭ്രമാത്മകഭാവനയുടെ ഉത്പന്നമാണ് മാന്ത്രികനോവലുകൾ. അതീന്ദ്രിയശക്തികൾ, യക്ഷി-ഭൂത-പ്രേതപിശാചുക്കൾ, പുരാവൃത്ത/നാടോടിക്കഥാപശ്ചാത്തലം തുടങ്ങിയ ഘടകങ്ങളുടെ സാന്നിധ്യം മാന്ത്രികനോവലുകളുടെ ഭാവനാമണ്ഡലത്തെ സംഘർഷഭരിതമാക്കുന്നു.

മനസ്സിന്റെ ദ്വിതീയതലത്തിൽ ഉറങ്ങിക്കിടക്കുന്ന പ്രാഥമികവികാരങ്ങളുടെ ആവിഷ്കാരമാണ് മാന്ത്രികനോവലുകൾ പൊതുവെ നിർവഹിക്കുന്നത്. ഇതേ മണ്ഡലത്തിലാണ് ഭാവനയുടെയും നില. ജനസാമാന്യത്തിനിടയിൽ ഇടം നേടിയ ചില ഭൂതകാലവിശ്വാസങ്ങളുടെ അകമ്പടിയോടെയുള്ള കഥാകഥനമാണ് മാന്ത്രികനോവലുകളിലുള്ളത്. സാധാരണമനുഷ്യരുടെ ദുരന്തവിധികളും അവയിൽനിന്നു രക്ഷനേടുന്നതിനുള്ള പരിശ്രമങ്ങളുടെ വിവരണവും കൂടിക്കലർന്ന ഭാവനാലോകം തന്നെയാണത്.

മന്ത്രവാദവും ആഭിചാരവും കൂടിക്കലർന്ന ഭാവനാസ്ഥലമാണ് കലികയുടേത്. സ്വന്തം അപ്പനാൽ പീഡനങ്ങൾ ഏറ്റുവാങ്ങിയ ആര്യയുടെ പ്രതികാരം 'കലിക'യിലേക്കുള്ള ഭാവമാറ്റത്തിലൂടെ നോവലിസ്റ്റ് ചിത്രീകരിക്കുന്നു. 41 ദിവസത്തെ വ്രതം അനുഷ്ഠിച്ച് ആർത്തവരക്തം ഹോമിച്ച് നഷ്ടപ്പെട്ട കന്യകാത്വം തിരിച്ചുപിടിക്കുന്ന 'കലിക' സ്ത്രീയുടെ പരമ്പരാഗതമായ ഭാഗധേയത്വത്തെയാണ് വിശദീകരിക്കുന്നത്. നോവലിൽ പ്രത്യക്ഷപ്പെടുന്ന 'മംഗലത്ത് കാവ്' നിഗൂഢതയുടെയും ഭയത്തിന്റെയും സൗന്ദര്യമാണ് പങ്കുവെക്കുന്നത്. "നാലുചുറ്റും ഇടിഞ്ഞുകിടക്കുന്ന മതിലുകൾക്കുള്ളിൽ കൂരയില്ലാത്ത വനദുർഗ്ഗയുടെ പ്രതിഷ്ഠയ്ക്കുമുമ്പിൽ അനാഥമായിക്കിടക്കുന്ന അമ്പലമുറ്റം. മുറ്റത്തിന്റെ മധ്യത്തിൽ വെളിയിലുള്ള കൂരിരുട്ട് പെറ്റുപോലിരിക്കുന്ന കാരിരുമ്പിൽ ജ്വലിക്കുന്ന പന്തം" (1981: 16). എന്നിങ്ങനെയാണ് വർണന.

നുരയുന്ന വീഞ്ഞുപോലെ ജീവിതം ആസ്വദിച്ച നാല് ചെറുപ്പക്കാരുടെ ജീവിതത്തിൽ സംഭവിക്കുന്ന ആകസ്മികമായ സംഭവങ്ങളിലേയ്ക്കാണ് വായനക്കാരന്റെ ഭാവനാമയമായ ജിജ്ഞാസയെ മോഹനചന്ദ്രൻ ഉണർത്തുന്നത്. വിദേശത്ത് ഉന്നതപഠനം

നടത്തിയ സദൻ, ജമാൻ, ജോസഫ്, സക്കറിയ എന്നിവർ ശാസ്ത്രയുക്തികൾകൊണ്ട് ജീവിതത്തെ മനസ്സിലാക്കാൻ ശ്രമിക്കുന്നവരാണ്. അവർ ഒരിക്കൽ സദന്റെ മംഗലത്ത് തറവാട്ടിൽ എത്തുന്നു. അവിടെ നടക്കുന്ന സംഭവങ്ങൾ അവരുടെ ശാസ്ത്രയുക്തിയുമായി ഇണങ്ങുന്നതല്ല. എന്നാൽ അവയ്ക്ക് ഭ്രമാത്മകഭാവനായുക്തിയിൽ വളരെയേറെ കർമങ്ങ-ളനുഷ്ഠിക്കാനുണ്ടെന്ന് നോവൽശില്പം തെളിയിക്കുന്നുണ്ട്. എന്നാൽ ചില സംഭവങ്ങ-ളിൽ പകച്ചുനില്ക്കുന്ന അവർ പിന്നീട് യുക്തിബോധത്തോടെ പ്രവർത്തിക്കുന്നതായി നാം കാണുന്നു.

പ്രാദേശികചരിത്രത്തിന്റെ പിൻബലത്തോടെ ഭാവനാത്മകമായ ഒരു സ്ഥലപ-രിസരം സ്വീകരിച്ചുകൊണ്ട് ഉദ്വേഗപൂർണ്ണമായി കഥപറയുന്ന നോവലാണ് മോഹന-ചന്ദ്രന്റെ വേലൻ ചെടയൻ. കുടിപ്പകയൊഴികെ മറ്റൊരു മത്സരവും അറിയാതിരുന്ന, ജാതിയും ചാതുർവർണ്ണ്യവും നിലവിലില്ലാതിരുന്ന ഗോത്രപാരമ്പര്യത്തിന്റെ വിദൂരസ്മര-ണകളെ നോവലിസ്റ്റ് അവലംബമായി സ്വീകരിച്ചിരിക്കുന്നു. വില്ലവരും നായരും പുല-യരും ഒന്നിച്ച് കുടിക്കുകയും ഉണ്ണുകയും ചെയ്തിരുന്ന കാലത്തിന്റെ ഓർമ്മ പങ്കുവെക്കു-ന്നുണ്ടവിടെ. മെല്ലെമെല്ലെ ബ്രാഹ്മണസംസ്കാരം നുഴഞ്ഞുകയറി ആ വ്യവസ്ഥിതിക്ക് ഭംഗം വരുത്തി. ഒരുമിച്ചുകഴിഞ്ഞ വർഗ്ഗങ്ങളെ ഭിന്നിപ്പിച്ച് ഭരണം തുടങ്ങി. മാടായി-ക്കാവിൽ പൂജ നടത്തിയിരുന്നത് ബ്രാഹ്മണരായിരുന്നില്ല. ദേവി ഉഗ്രമൂർത്തിയാകയാൽ ബ്രാഹ്മണപൂജ കൊണ്ടേ ശാന്തയാകൂ എന്ന് വ്യാജം പറഞ്ഞ് ക്ഷേത്രഭരണം അവർ കയ്യടക്കുകയാണുണ്ടായത്. പഴയ ഫ്യൂഡൽ പാരമ്പര്യത്തിന്റെ, ശീലവഴക്കങ്ങളിൽ ഒന്നാണ്; അതിരുകവിഞ്ഞ വിധേയത്വവും അന്ധമായ ആരാധനയും. ഇവ രണ്ടിനെയും ആഖ്യാനത്തിനുള്ളിൽ നിബന്ധിച്ച് ഭാവനാമയമായ ഒരു രാഷ്ട്രീയചരിത്രം എഴുതുകയാ-ണ് മോഹനചന്ദ്രൻ.

ഐതിഹ്യവും പുരാവൃത്തവും ചരിത്രവും ഇടകലർത്തുന്നതോടെ ഭൂതകാലസ്മൃതി-കളിലൂടെ വായനക്കാരൻ സഞ്ചരിക്കുകയും അവന്റെ സ്മൃതിനിർദ്ധാരിതമായ ഭാവനകൾ

ഉണരുകയും ചെയ്യുന്നു. ശക്തമായൊരു ജീവിത-സ്ഥലപരിസരത്തെ ഓർമ്മപ്പെടുത്തുന്ന-താണ് 'വേലൻ ചെടയൻ'. ദേശപ്പെരുമ കാണിക്കാൻ ഓരോ ദേശക്കാരും അവരവരുടെ ദേശത്തെ ഐതിഹ്യങ്ങളാൽ സമ്പന്നമാക്കാറുണ്ട്. 'മധൂർ ക്ഷേത്ര'ഐതിഹ്യം നോവൽ ഘടനയിലേക്ക് കൊണ്ടുവരുന്നത് ദേശപ്പെരുമയുടെ അടയാളമാണ്. മാക്കം കിണറിനെക്കുറിച്ചുള്ള ഐതിഹ്യപ്പെരുമ പ്രാദേശികചരിത്രത്തിന്റെ മിത്തിക്കൽസ്വഭാവത്തെ എടുത്തുകാണിക്കുന്നതാണ്. യഥാർത്ഥ കേരളപശ്ചാത്തലത്തിന്മേൽ ഭാവനയുടെ സ്ഥലരാശികളാണ് മോഹനചന്ദ്രൻ ഇവിടെയെല്ലാം സൃഷ്ടിക്കുന്നത്.

യഥാതഥവും കാല്പനികവുമായ മൂശയിൽ ഉരുവപ്പെട്ട മലയാളിയുടെ യാഥാസ്ഥിതിക സ്ഥലബോധങ്ങളെ ബൗദ്ധിക-ആസൂത്രിതഭാവനകളുടെ അടിത്തറയിൽ പരുവപ്പെടുത്തി പുതിയ ഒന്ന് സൃഷ്ടിച്ചെടുക്കുകയാണ് വേലൻ ചെടയൻ. 'ചുട്ടെടുത്ത കിഴങ്ങുകളും കാട്ടുതേനും കായ്കളും പഴങ്ങളും മാത്രം കഴിച്ചാണ് ചെടയൻ വളർന്നത്' (1982: 90) എന്ന പരാമർശം സാധാരണഭിന്നമായ ഒരു ഗോത്രജീവിതത്തെയും പ്രകൃതിയോടുള്ള പ്രതിപത്തി കാത്തുസൂക്ഷിക്കുന്ന ഒരു മനുഷ്യസൃഷ്ടിയെയും ഭാവന ചെയ്യുന്നു. മാടായിക്കളരി ഉൾപ്പെടെ പതിനേഴ കളരികളിൽനിന്നും പതിനെട്ടാമതായി ചോതിയാൻ കളരിയിൽനിന്നും ആൾമാറാട്ടവും മറുകയ്യും പഠിച്ച് മന്ത്രവാദിക്കുരിക്കൾ എളങ്ങേലിന്റെ തണലിൽ വെള്ളച്ചിയെന്ന കിടാത്തിയെ മംഗലം കഴിച്ച് ഗൃഹസ്ഥജീവിതം ആരംഭിച്ചവനാണ് കാരി. പാതിസ്വത്ത് തരാമെന്ന് പറഞ്ഞു പ്രലോഭിപ്പിച്ച് കോവിലകത്തെ കാരണോരുടെ പ്രേതബാധയകറ്റാൻ പോയ കുഞ്ഞനൂവിന് ബാധയൊഴിച്ചിട്ടും അവ നല്കാതിരിക്കുക മാത്രമല്ല, പുലിപ്പാലും നരിച്ചിടയും കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ്തു കോലോത്തുള്ളോർ. പുലിയായി വേഷം മാറി കാട്ടിലേക്കുപോയ കാരിക്ക് പിന്നീടൊരിക്കലും മനുഷ്യരൂപത്തിൽ തിരിച്ചുകേറാനായില്ല. പുലിമറിഞ്ഞ തൊണ്ടച്ചൻ പുരാവൃത്തത്തിന്റെ അതിപരിചിതകഥ പറഞ്ഞ് മോഹനചന്ദ്രൻ വായനക്കാരെ പുതിയൊരു ഭാവനാസ്ഥലത്തേക്കു കൈപിടിച്ചുകയറ്റുന്നു. പുരാവൃത്തകഥാപാത്രങ്ങളെല്ലാം അതിപരിചിതരാകുമ്പോൾ ഭാവനാപാത്രമായ ചെടയനെ സ്വീകരിക്കാൻ വായന-

ക്കാർക്ക് ബുദ്ധിമുട്ടുണ്ടാകില്ല. ഇപ്രകാരം ഭാവനാമണ്ഡലത്തിൽ നടക്കുന്ന ആസൂത്രിതമായ അഴിച്ചുപണിയിലൂടെ നോവലിസ്റ്റ് രചനയെ കൂടുതൽ പാരായണക്ഷമ(Readable)മാക്കുന്നു.

പി. വി. തമ്പിയുടെ കൃഷ്ണപ്പരുന്ത് മാന്ത്രികവിദ്യ പ്രബലമായിരുന്ന ഒരു ഭൂതകാലത്തിന്റെ ബൗദ്ധിക-ഭ്രമാത്മകഭാവനയാണ്. സമൂഹത്തിലെ സുരക്ഷിതവും സുനിശ്ചിതവും സുവ്യക്തവുമായ ഉപരിലോകങ്ങളുടെ വ്യാവഹാരികജീവിതം ചിത്രീകരിക്കുന്നതിന് ബൗദ്ധികഭാവനാധാരയാണ് സഹായകമാവുക. വിശ്വാസങ്ങളെല്ലാം യുക്തിഭദ്രമാണെന്നും അവ ഊട്ടിയുറപ്പിക്കേണ്ടതാണെന്നുമുള്ള ധാരണ ഈ നോവൽ പങ്കുവയ്ക്കുന്നു. നന്മതിന്മയെക്കുറിച്ചുള്ള ഭാവന പ്രതിരൂപാത്മകസ്വഭാവത്തിൽ നോവലിൽ അവതീർണമാവുകയാണ്. അതായത്, സന്മന്ത്രവാദവും ദുർമന്ത്രവാദവും തമ്മിലുള്ള സംഘർഷം. അതാകട്ടെ മാന്ത്രികനോവലുകളുടെ ഭാവനാശില്പത്തിൽ ആവർത്തിച്ചുവരുന്ന ഏകകവുമാണ്.

മന്ത്രതന്ത്രങ്ങളുടെ സമാന്തരഭാവനാലോകമാണ് തമ്പി ഈ നോവലിൽ സൃഷ്ടിക്കുന്നത്. മാന്ത്രികലേപനനിർമ്മാണത്തെക്കുറിച്ച് നോവലിൽ പറയുന്നത് നോക്കുക: "കവുങ്ങിൻ പശയും ചൂടൻ കർപ്പൂരവും തിപ്പല്ലിയും ഇന്തുപ്പും കറമനീരും ചെറുതേനിൽ അരച്ചാണ് ലേപനമുണ്ടാക്കുന്നത്. പിന്നീട് ആലേപനം പനിനീരിൽ ചാലിച്ച് കാമബാണമന്ത്രം ജപിച്ചു" (1984: 110). ഒരു സ്ത്രീ ഈ ലേപനം രഹസ്യഭാഗത്ത് പുരട്ടിക്കൊണ്ട് അവൾ ആഗ്രഹിക്കുന്ന പുരുഷനെ ഒരേയൊരു പ്രാവശ്യം നോക്കിയാൽ മതി, അയാൾ അവളിൽ അനുരക്തനാവും. പുരുഷനാണ് ഉപയോഗിക്കുന്നതെങ്കിൽ സ്ത്രീകൾ വശീകരിക്കപ്പെടും (1984: 111). ദുർമൂർത്തികളെ ഉപാസിച്ച് പ്രകൃതിയിലെ അദൃശ്യശക്തികളെ വരുതിയിൽ നിർത്താനുള്ള മനുഷ്യന്റെ മോഹങ്ങളുടെ കഥകൂടിയാണ് കൃഷ്ണപ്പരുന്ത്. സമ്മർദിതമോഹങ്ങളാണ് അബോധമണ്ഡലത്തിൽനിന്നു സ്വപ്നങ്ങളായി വിരിഞ്ഞുയരുന്നത്. വിശാലമായൊരു വിതാനത്തിൽ മനുഷ്യന്റെ പൂർത്തീകൃതമാകാത്ത വി-

കാരങ്ങളുടെയും ആഗ്രഹങ്ങളുടെയും സാക്ഷാത്കാരത്തിനായുള്ള പരിശ്രമമാണ് മന്ത്രവാദം. വിശേഷാൽപൂജകളിലൂടെ പ്രീണിപ്പിക്കപ്പെടുമ്പോൾ ആ മൂർത്തികൾ കർമ്മനിരതരാകും; അനുഗ്രഹദായകരായി മാറും. ഭാവനയുടെ അബോധപാഠമായി സ്വപ്നങ്ങളെ നിരീക്ഷിക്കാൻ ഇതു നമ്മെ പ്രേരിപ്പിക്കുന്നു. ആര്യവംശത്തിന്റെ സവർണ്ണാധികാരഘടനയ്ക്കു മാത്രം സ്വീകാര്യമാക്കിക്കൊണ്ട് മന്ത്രസിദ്ധിയെ അവതരിപ്പിക്കുമ്പോൾ ദ്രാവിഡപാരമ്പര്യത്തെ ഇവിടെ ബോധപൂർവ്വം തമസ്കരിക്കുന്നതു കാണാം. ആര്യദ്രാവിഡവംശീയതയിലധിഷ്ഠിതമായ ഭൂതകാലത്തെയാണ് ഭ്രമാത്മകമായി ഇവിടെ അവതരിപ്പിക്കുന്നത്. കൈമോശം വന്ന മന്ത്രസിദ്ധി നഷ്ടപ്പെട്ട അറിവധികാരത്തിന്റെ സൂചന കൂടിയാണ്.

മലയാളികൾ ഭാവനയിലൂടെ കണ്ടിരുന്ന യക്ഷികളെ നോവലിലേക്കിറക്കിക്കൊണ്ടുവന്ന് മനുഷ്യനെപ്പോലെ സംസാരിപ്പിക്കുന്നു. ദുർമ്മരണം സംഭവിച്ച സ്ത്രീകളാണ് യക്ഷികളായി അവതരിക്കുന്നത്. ദുർമ്മരണം സംഭവിച്ച പുരുഷനെക്കുറിച്ച് നോവലിൽ പ്രതിപാദിക്കുന്നില്ല. ലൈംഗികശമനം കൈവരിക്കാത്ത സ്ത്രീ പ്രതിരൂപമായി ഇത്തരം യക്ഷിക്കഥാപാത്രങ്ങൾ നോവലിൽ നിറയുന്നു. പുരുഷന്റെ നഗ്നത വടയക്ഷിക്ക് പ്രിയമാണെന്ന് ( 1984: 171) നോവലിൽ പറയുന്നു. 'യക്ഷിയുമൊത്ത് സഹശയനം നടത്തുന്നത് വിശദീകരിക്കുന്നുണ്ട്. "കായികശേഷിയും മനഃശക്തിയുമില്ലാത്തവനാണ് യക്ഷിയെ പ്രാപിക്കുന്നതെങ്കിൽ അയാൾ മൃതനാകും" (1984: 173).

പാരമ്പര്യത്തെ നിഷേധിക്കുന്ന തലമുറയുടെ പ്രതീകമാണ് കുമാരൻതമ്പി. ഗരുഡനെ അയാൾ കുലദേവതയായി ആരാധിക്കുന്നു. ഗരുഡസേവയിലൂടെ വിഷബാധകളെ അകറ്റുന്ന ശാന്തികർമ്മങ്ങൾക്കാണ് പുത്തൂർ തറവാട് പ്രാധാന്യം കല്പിച്ചത്. കേരളത്തിന്റെ പ്രാക്തനചികിത്സാസംവിധാനമായ മന്ത്രവാദത്തെ ജീവിതചര്യയാക്കിത്തീർത്ത ഒരു കൂട്ടം മനുഷ്യരുണ്ട് ഈ നോവലിൽ. മനുഷ്യചേതനയുടെ മൗലികഭാവവുമായി പൊരുത്തപ്പെട്ടിരിക്കുന്ന മന്ത്രവാദകഥകൾ സമൂഹബോധമണ്ഡലത്തിന്റെ സൃഷ്ടികളാ-

ണ്. നാടോടിവിജ്ഞാനീയത്തിന്റെ കാതലായ ഭാഗമാണ് മാന്ത്രികവിദ്യ. നമ്മുടെ പൂർവ്വികരുടെ കലാസംസ്കാരം, ആചാരം, അനുഷ്ഠാനം തുടങ്ങിയവയെക്കുറിച്ചുള്ള അറിവ് വരുംതലമുറയ്ക്കു പങ്കുവെയ്ക്കുകയെന്ന ഉദ്ദേശ്യം കൂടി ഈ നോവൽ രചനയ്ക്കു പിന്നിലുണ്ടെന്ന് തമ്പി തന്നെ നോവലിന്റെ ആമുഖത്തിൽ പറയുന്നുണ്ട് (1984: 7). പൈങ്കിളിനോവലുകൾ വായിച്ചു മടുത്ത മലയാളികൾക്ക് പുതിയ വായനാനുഭവം നൽകുകയെന്ന ബോധപൂർവ്വമായ ലക്ഷ്യം കൂടെ തനിക്കുണ്ടായിരുന്നുവെന്ന് തമ്പി വെളിപ്പെടുത്തുന്നു (1984: 8). മുത്തശ്ശിക്കഥകളിലൂടെ ഭാവനാലോകത്തേക്കുയർത്തപ്പെടുന്ന ഓരോ വായനക്കാരനും കൃഷ്ണപ്പരുന്ത് ജിജ്ഞാസപൂർണ്ണമായ അനുഭവമാണു നൽകുന്നത്.

അന്തരീക്ഷസൃഷ്ടിയിൽ ഭ്രമാത്മകഭാവനയ്ക്ക് നിർണായകമായൊരു സ്ഥാനമുണ്ട്. മാന്ത്രികവിജ്ഞാനത്തെക്കുറിച്ചും അതിന്റെ പ്രയോഗത്തെക്കുറിച്ചും കൃഷ്ണപ്പരുന്തിലുള്ള വിവരണങ്ങളിൽ ഈ ഭാവനാരേഖകളുടെ സാന്നിധ്യം കാണാം. പാരമ്പര്യവഴിയിൽ അഭ്യസിക്കേണ്ട അറിവാണ് മാന്ത്രികവിദ്യ. പപ്പുതമ്പി അനന്തരവനായ കുമാരനാണ് മന്ത്രവിദ്യ പകർന്നുനൽകുന്നത്. തറവാടിന്റെ കാരണവർസ്ഥാനം മന്ത്രസ്ഥാനം ലഭിച്ചവർക്കാണ് കരഗതമാവുക. അറിവധികാരത്തിന്റെ സുസൂക്ഷ്മമായ രാഷ്ട്രീയം ഈ വിജ്ഞാനവിതരണവ്യവസ്ഥയിൽനിന്നു വായിച്ചെടുക്കാം.

പ്രകൃതിയിലെ വൃക്ഷങ്ങളും പൂക്കളും ഭ്രമാത്മകകല്പനയ്ക്കുപയുക്തമാക്കുന്ന പതിവ് മാന്ത്രികനോവലിസ്റ്റുകൾക്കുണ്ട്. പാല, പന, ആൽ, പാലപ്പൂ തുടങ്ങിയ ഭാവനയുടെ നിറഭേദങ്ങൾ ചമയ്ക്കുന്ന സാമഗ്രികളാണ്. പാലമരത്തിലെ പൂക്കളുടെ മൂക്കിലേക്ക് തുളച്ചുകയറുന്ന ഗന്ധം, യക്ഷികൾക്ക് പാലപ്പൂ ഗന്ധമാണെന്ന മുത്തശ്ശിക്കഥയിലെ അറിവ് തുടങ്ങിയവയൊക്കെ ഈ നോവലിൽ ഭ്രമകല്പനയ്ക്കായി സ്വീകരിച്ചിരിക്കുന്നു. വിധിയിലുള്ള മനുഷ്യന്റെ വിശ്വാസത്തെ ബലപ്പെടുത്തുന്നുണ്ട് മാന്ത്രികനോവൽ. വികാരത്തിന്നടിമപ്പെടുന്ന മനുഷ്യർ സ്വയം തീർത്ത പാപഭാരത്തിൽ മുഴുകി ജീവിക്കുകയും അതിൽനിന്ന് മുക്തിനേടാൻ വ്യഗ്രതപ്പെടുകയും ചെയ്യുന്നു.

വെള്ളിയാഴ്ച, കറുത്ത വാവ് ദിനങ്ങൾ എന്നിവ ഭീതിയുടെ കാലങ്ങളായി അംഗീകരിക്കുന്നു. ധൂമാവതീദേവിക്ക് പ്രിയപ്പെട്ട ദിനമാണ് കറുത്തദിനമെന്നും വടയക്ഷിണിക്ക് വെള്ളിയാഴ്ചയാണെന്നും നോവലിൽ പരാമർശിക്കുന്നു. ഓരോ കഥാപരിസരത്തോട് ചേർന്നുനിന്ന്, പുരാണപ്രഖ്യാതങ്ങളായ കഥാസന്ദർഭങ്ങൾ നോവൽ ഘടനയിൽ ആസൂത്രിതമായി ഇണക്കിച്ചേർക്കുവാൻ പി. വി. തമ്പി വിശേഷശ്രദ്ധ പുലർത്തിയിരുന്നെന്നു പറയാം.

കൃഷ്ണപ്പരുന്തിലെ ഭീകരരംഗങ്ങളുടെ വർണ്ണനകൾ മായാലോകങ്ങളെക്കുറിച്ചുള്ള ഭാരതീയഭാവനയുടെ നേർസാക്ഷ്യങ്ങളാണ്. അവ വായനക്കാരനു മുന്നിലെത്തുമ്പോൾ അയാളുടെ അനുഭവങ്ങളുമായി കലർന്ന് പുതിയൊരു പ്രതലത്തിലേയ്ക്കു പ്രവേശിക്കുന്നു. "മാന്ത്രികവടി ഇരുകൈകളിലുമായി മുറുകെ പിടിച്ചുകൊണ്ട് ദേവീധ്യാനം നടത്തിയ കുമാരൻതമ്പിയുടെ മുന്നിൽ വടയക്ഷിണിയുടെ ഘോരരൂപം തെളിഞ്ഞുവന്നു. പിളർന്ന വായിൽനിന്നും മുന്നോട്ടു നീണ്ടുനിൽക്കുകയാണ് രക്തവർണ്ണമായ നാക്ക്. അറപ്പുളവാക്കുന്ന ദംഷ്ട്രങ്ങൾ, ഭയമുളവാക്കുന്ന വട്ടക്കണ്ണുകൾ, കൂർത്ത മൂക്ക്, വലിയ ചക്കയാൾപോലുള്ള സ്തനങ്ങൾ, അഴിഞ്ഞുലഞ്ഞുകിടക്കുന്ന ചകിരിനാരുപോലുള്ള തലമുടി. കുടവയറും പൊക്കംകുറഞ്ഞ കാലുകളും, പരിപൂർണ്ണ നഗ്നയായി നിൽക്കുകയാണ് ദുർദേവത. നഗ്നതയ്ക്കു മനംമടുപ്പിക്കുന്ന വൈരൂപ്യമാണുള്ളതെന്നു തെളിയിക്കുന്ന പ്രദർശനം" (1984: 77). ഭീതിജനകമായ ഇത്തരം വർണ്ണനകൾകൊണ്ട് സമ്പന്നമാണ് 'കൃഷ്ണപ്പരുന്ത്.' ഭയത്തിന്റെയും വിഭ്രമത്തിന്റെയും സൗന്ദര്യാനുഭൂതിയാണ് ഇത്തരം സന്ദർഭങ്ങൾ വായനക്കാർക്കു നൽകുന്നത്. ആനന്ദലഹരിയെന്നറിയപ്പെടുന്ന സൗന്ദര്യലഹരി മാന്ത്രികരുടെ മന്ത്രപ്രധാനമായ ഗ്രന്ഥമാണ്. അതിലെ കാവ്യാത്മകമായ മന്ത്രങ്ങൾ ഉരുവിട്ട് ഭയത്തിൽനിന്ന് മനസ്സിനെ മുക്തമാക്കുവാൻ സാധിക്കുമത്രേ. സൗന്ദര്യലഹരിയുടെ കാവ്യഭാവനാവിതാനങ്ങളെ അനുഷ്ഠാനത്തിന്റെ ക്രിയാംശത്തിൽ സമർഥമായി ഉപയോഗിക്കുന്നത് കൃഷ്ണപ്പരുന്തിൽ കാണാം.

പുരുഷഭാവനയുടെ അധികാരബന്ധങ്ങൾ പ്രതിധ്വനിക്കുന്ന രചനാശില്പം മാന്ത്രികനോവലുകളുടെ അടിയടരാണ്. ഗോപ്യമാക്കി വെയ്ക്കപ്പെട്ട ലൈംഗികതയുടെ തുറന്നുവിടലാണ് ഈ ഗണത്തിൽപെട്ട കൃതികളുടെ പ്രമേയപരിസരത്തിലെ മുഖ്യഘടകം. കൃഷ്ണപ്പരുന്തിൽ കുമാരൻതമ്പിയുടെ സഹശയനത്തിന് വിധേയയാകുന്ന നാണിക്കുട്ടി, മീനാക്ഷി, ലക്ഷ്മിക്കുട്ടി തുടങ്ങിയ സ്ത്രീകളെ ലൈംഗികബിംബങ്ങളായാണ് നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത്. പുരുഷകാമനയാൽ അടക്കിയെടുക്കാൻ വെമ്പൽകൊള്ളുന്ന ലൈംഗികവാഞ്ഛ മനസ്സിൽ കൊണ്ടുനടക്കുന്ന സ്ത്രീ കഥാപാത്രങ്ങളാണിവയിൽ മിക്കതും. ലൈംഗികവേഴ്ചയിൽ പുരുഷൻ ദ്രവ്യത്വം പ്രാപിക്കുന്നതും സ്ത്രീ വ്യഭിചാരിണിയായി മുദ്രകുത്തുകയും ചെയ്യുന്ന രീതിതന്നെയാണ് ഈ നോവലിലും സ്വീകരിച്ചിരിക്കുന്നത്. ഭാവനയിലൂടെ ഭൂതകാലത്തെ ജീവിതപരിസരം പ്രമേയത്തിൽ സ്വീകരിക്കുമ്പോഴും സ്ത്രീയെക്കുറിച്ചും പുരുഷനെക്കുറിച്ചുമുള്ള നിലവിലുള്ള പൊതുബോധത്തെ അതേപോലെ മാറ്റമില്ലാതെ നോവലിനകത്തു സ്ഥാനം നല്കാനാണ് മാന്ത്രികനോവലിസ്റ്റുകൾ ശ്രമിക്കുന്നത്. കൃഷ്ണപ്പരുന്തിലെ കുമാരൻ തമ്പി മഹാനായ മാന്ത്രികനാകുമ്പോൾ അയാളുമായി വേഴ്ചയിൽ ഏർപ്പെട്ട സ്ത്രീകൾ ദുർമ്മരണം പ്രാപിക്കുന്നതാണ് കാണാനാവുക.

മാന്ത്രികവിദ്യകൾ ബ്രാഹ്മണർക്കു മാത്രം കല്പിച്ചുകൊടുക്കുന്ന, അബ്രാഹ്മണനായ ഒരാൾ മന്ത്രവാദകർമ്മങ്ങളിൽ ഏർപ്പെട്ടാൽ എന്തു വിലകൊടുത്തും അയാളെ തകർക്കുക എന്ന നയം സ്വീകരിച്ചിരുന്ന അറിവധികാരത്തിന്റെ ഉടയോന്മാരായി സ്വയം പ്രഖ്യാപിച്ചിരുന്ന സവർണ്ണപാരമ്പര്യത്തെയാണ് നോവൽ അഭിസംബോധന ചെയ്യുന്നത്. എന്നാൽ അത്തരം സവർണ്ണപാരമ്പര്യത്തിന്റെ ബോധത്തെ കീഴ്മേൽ മറിക്കേണ്ടതുണ്ടെന്ന വിപ്ലവചിന്ത പ്രദാനം ചെയ്യാനും മാന്ത്രികനോവലിസ്റ്റുകൾക്ക് കഴിയാറുണ്ട്. കൃഷ്ണപ്പരുന്തിലെ കുമാരൻതമ്പി അബ്രാഹ്മണനായതിനാലാണ് ചൂരക്കാട്ട് തിരുമേനി അയാളെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നത്. ശൂദ്രന് മന്ത്രതന്ത്രങ്ങൾ വിലക്കപ്പെട്ടതാണോ, ഒരാളുടെ ജാതി നിർണ്ണയിക്കേണ്ടത് അയാളുടെ ധർമ്മമനുസരിച്ചല്ലേ - ധർമ്മാചരണത്തിലെ വ്യത്യാസം മൂലമായി ബ്രാഹ്മണൻ ക്ഷത്രിയനും, ക്ഷത്രിയൻ ബ്രാഹ്മണ-

നം, വൈശ്യർ ശൂദ്രനം ശൂദ്രൻ ബ്രാഹ്മണനം ഒക്കെയായിത്തീരാം" (1984: 117) എന്ന് നോവലിസ്റ്റ് സൂചിപ്പിക്കുന്നു.

മാന്ത്രികർ തമ്മിലുള്ള കുടിപ്പകയും നോവലിന്റെ ആഭ്യന്തരവിഷയമാണ്. ചൂരക്കാട്ട് തിരുമേനിയും കുമാരൻതമ്പിയും തമ്മിലുള്ള ശത്രുതയ്ക്ക് കാരണം ഈ കുടിപ്പകയാണ്. വ്യക്തിമനസ്സിലുള്ള വലിപ്പച്ചെറുപ്പങ്ങളെക്കുറിച്ചുള്ള അബദ്ധധാരണകളിൽനിന്നാണ് ഇത്തരം കുടിപ്പകകൾ ഉണ്ടാകുന്നത്. ഭാവനയിലൂടെ ഇതൾവിരിയുന്ന ഇത്തരം മനുഷ്യടൈപ്പുകൾ യഥാതഥഭാഷയിലൂടെ യഥാർത്ഥമനുഷ്യരുടെ പ്രതിനിധാനമായി മാറുന്നു. ബ്രാഹ്മണ്യത്തിന്റെ അനിഷേധസ്വഭാവത്തെ ഉറപ്പിക്കുവാൻ പരശുരാമകഥയും പൗരാണിക നോവൽ കഥകളും മറ്റും ഘടനയിലേക്ക് സ്വീകരിക്കുന്നുണ്ട്.

നാടകീയത മുറ്റി നിൽക്കുന്ന വർണ്ണനകളാണ് പശ്ചാത്തലമായി നോവലിൽ സ്വീകരിച്ചുവരുന്നത് "... നിലാവിൽ മുങ്ങിക്കുളിച്ചു നിൽക്കുന്ന രാത്രി. നിശബ്ദത നിറഞ്ഞുനിൽക്കുന്ന അന്തരീക്ഷത്തിന് രക്തചന്ദനത്തിന്റെ നിറം. കാൽപ്പാദങ്ങളെ തഴുകുന്ന പഞ്ചാരമണൽത്തടികൾ, പ്രണവം ചൊല്ലുകയാണോ? ഓരോ ചുവട് മുന്നോട്ടു വെയ്ക്കുംതോറും ഈശ്വരസന്നിധിയിലേക്കുള്ള പ്രയാണത്തിന്റെ ഓരോ ഘട്ടം പൂർത്തിയാകുന്ന അനുഭവം..."(1984: 119). കാവ്യാത്മകമായ ഇത്തരം വർണ്ണനകൾ ധാരാളം നോവലിൽ കാണാം.

പി. വി. തമ്പിയുടെ പള്ളിവേട്ടയിലെ, കൃഷ്ണപുരം യക്ഷി ഭാവനയിലൂടെ വിരിഞ്ഞുവന്ന ഒരു ഭയാനകരൂപമാണ്. ഭീകരരൂപിണിയും രക്തദാഹിയുമായ യക്ഷി രാത്രികാലങ്ങളിൽ സർവാംഗസുന്ദരിയായ മനുഷ്യസ്ത്രീയുടെ രൂപത്തിൽ സഞ്ചരിക്കും. വഴിതെറ്റി വരുന്നവരെ പാട്ടിലാക്കി അവൾ ചുടുചോര കുടിക്കും. മാർത്താണ്ഡപിള്ളയെന്ന മാന്ത്രികൻ കൃഷ്ണപുരം യക്ഷിയെ തളയ്ക്കാൻ ശ്രമിക്കുന്നു. മുത്തശ്ശിക്കഥകളെ അനുസ്മരിപ്പിക്കുന്ന ആഖ്യാനം, കഥാതന്തു എന്നിവ സ്വീകരിച്ചുകൊണ്ട് ഭീതിജനകാന്തരീക്ഷം സൃഷ്ടിക്കുവാനാണ് ഇവിടെ നോവലിസ്റ്റ് പരിശ്രമിക്കുന്നത്. കേരളത്തിലെ യക്ഷിക്ക-

ഥകൾ പുലർത്തിവരുന്ന ഭ്രമാത്മകഭാവനയുടെ സ്ഥിരം സമവാക്യങ്ങളാണ് ഇവിടെയും ദൃശ്യമാകുന്നത്. ഭൂതകാലപാരമ്പര്യത്തിന്റെ ഭാവനയാണ് പള്ളിവേട്ട. രാജവംശപാരമ്പര്യത്തിന്റെ മഹത്വവും അധികാരഗർവ്വും ഇതിവൃത്തത്തിലേയ്ക്ക് അടുപ്പിക്കുന്നു. തികച്ചും കല്പിതമായ ഇതിവൃത്തം സ്വീകരിച്ചുകൊണ്ട് യഥാതഥപ്രതീതി കൈവരുത്തുവാൻ പരിശ്രമിക്കുന്നു.

പൗരാണികവും മതപരവും വിശ്വസശ്രദ്ധവുമായ സാമൂഹിക-സാംസ്കാരിക സാഹിത്യചിന്തകളെയും ചിഹ്നങ്ങളെയും സ്വീകരിച്ചുകൊണ്ടാണ് എഴുത്തുകാരന്റെ ഭാവനായുക്തികൾ പ്രവർത്തിക്കുന്നത്. പൂർവ്വജീവിതപാരമ്പര്യകാമനകളാണ് എഴുത്തുകാരന്റെ മനോമണ്ഡലത്തെ നിർണ്ണയിക്കുന്ന ഘടകം. വായനക്കാരനെ ഋജുരേഖയിലൂടെ സഞ്ചരിപ്പിച്ച് അനായാസമായി നോവൽ ശരീരത്തിലേക്ക് പ്രവേശിപ്പിക്കുവാനുള്ള പതിവുരീതികൾ എഴുത്തുകാരൻ ഇവിടെ കൈക്കൊള്ളുന്നില്ല. ദാർശനികമായ ജീവിതക്കാഴ്ചപ്പാടിൽനിന്നകന്ന് അയുക്തികമായ, വിശ്വാസജടിലമായ സാമൂഹ്യജീവിതത്തിന്റെ അകം-പുറം കാഴ്ചകളിലേക്ക് വായനക്കാരനെ ജിജ്ഞാസപൂർവ്വം എളുപ്പത്തിൽ പ്രവേശിപ്പിക്കുന്ന രചനാരീതിയാണ് ഈ നോവലിലും പി. വി. തമ്പി പള്ളിവേട്ടയിലും സ്വീകരിക്കുന്നത്.

നോവൽ ജിജ്ഞാസാശമനത്തിനുള്ള ഉപാധിയായി ഇവിടെ മാറുകയാണ്. നിലവിലുള്ള ജീവിതത്തിലെ പൊതുബോധസൃഷ്ടികളെ പുനഃസൃഷ്ടിക്കുകയോ മാറ്റിപ്പണിയുകയോ ചെയ്തുകൊണ്ടാണ് മാന്ത്രികനോവൽ പ്രവർത്തിക്കുന്നത്. കേരളത്തിലെ പ്രസിദ്ധങ്ങളായ ദുർഗ്ഗാക്ഷേത്രങ്ങളും കാവുകളും നോവൽശരീരത്തിലേക്ക് സ്വീകരിക്കുക നിമിത്തം ഭക്തിസംവർദ്ധകമായ ജീവിതരീതിയെ, സാമൂഹികജീവിതത്തെ അത് ഊട്ടിയുറപ്പിക്കുന്നു. സൗന്ദര്യലഹരിയിലെ ശ്ലോകങ്ങൾ ദേവിയുടെ ഉപാസനയ്ക്കുവേണ്ടി പതിവുപോലെ അദ്ദേഹം സ്വീകരിക്കുന്നുണ്ട്. ദേവിയുടെ ഉത്ഭവകഥ സ്വീകരിക്കുക വഴി വായനക്കാരിലേക്ക് നേരിട്ട് പ്രവേശിക്കാൻ നോവലിസ്റ്റിനു കഴിയുന്നു. പ്രമേയപരമാ-

യി നോവൽ വിശ്വാസ്യത കൈവരിക്കുന്നതിനുവേണ്ടി ചരിത്രവും ഐതിഹ്യവും മി-ത്തും നോവലിൽ സ്വീകരിച്ചുവരുന്നു. ആദ്യഘട്ടത്തിലെ മന്ത്രവാദനോവലുകൾക്കുണ്ടാ-യിരുന്ന ഭാവനാലോകനിർമാണവൈചിത്ര്യം നഷ്ടപ്പെട്ടു തുടങ്ങുന്നതിന്റെ സൂചനകൾ പി. വി. തമ്പിയുടെ ഈ രചനയിൽ കാണാം.

അദൃശ്യലോകത്തെ ഭാവനാസഞ്ചാരികളാണ് കോട്ടയം പുഷ്പനാഥിന്റെ ദേവഗ-ന്ധർവൻ എന്ന നോവലിന് സവിശേഷ ശ്രദ്ധ നല്കുന്ന ഘടകം. ശാപം കിട്ടി ഭൂമിയിൽ അവതരിച്ച ദേവഗന്ധർവ്വന്റെ കഥയാണ് ഈ നോവലിനു പറയാനുള്ളത്. ഭൂമിയിൽ ദേവയക്ഷിയെ കണ്ടെത്തി ഇവിടുത്തെ ശാപകാലം കഴിഞ്ഞ് ഗന്ധർവ്വലോകത്തേയ്ക്കു-തന്നെ തിരിച്ചുപോകുന്ന കഥയാണ് നോവലിനാധാരം. ഗന്ധർവന്മാർ സംഗീതപ്രിയ-രാണെന്ന വിശ്വാസത്തെ ഇവിടെ ഊട്ടിയുറപ്പിക്കുന്നു. ജയദേവൻ എന്ന ഗന്ധർവൻ സംഗീതാദ്ധ്യാപകനായാണ് ഇവിടെ പ്രത്യക്ഷപ്പെടുന്നത്. ഈ നോവലിലെ ഗന്ധർവ-ഭാവനയിലും പുരുഷാധികാരത്തിന്റെ സൂക്ഷ്മരേഖകൾ കാണാനാവും.

തേയിലത്തലപ്പുകൾ പച്ചപരവതാനി വിരിച്ച ഒരു എസ്റ്റേറ്റിന്റെ പശ്ചാത്തല-ത്തിൽ ആഖ്യാനം ചെയ്യപ്പെട്ട കൃതിയാണ് കോട്ടയം പുഷ്പനാഥിന്റെ ദേവദൂതിക. തേ-യില നുള്ളുന്ന മനുഷ്യർ അനുഭവിക്കുന്ന ദുരിതജീവിതത്തിന്റെ പശ്ചാത്തലത്തിലാണ് കഥ മുന്നോട്ടുപോകുന്നത്. നിർധനരായ പെൺകുട്ടികളെ ചൂഷണംചെയ്യുന്ന എസ്റ്റേറ്റ് മു-തലാളിമാരുടെ കാലം അവസാനിക്കേണ്ടതാണെന്ന് നോവലിസ്റ്റ് പറയുന്നു. അപസർ-പ്പകഭാവനയുടെ നിഗൂഢസൗന്ദര്യമുണ്ട് നോവലിന്. മോഹനചന്ദ്രന്റെയും പി. വി. തമ്പിയുടെയും ഭാവനാപരമായ പൂർവഭാരങ്ങൾ പുഷ്പനാഥിലെത്തുമ്പോൾ പരിണമിക്കു-ന്നുവെന്ന വസ്തുത ശ്രദ്ധേയമാണ്. കുറ്റാന്വേഷണനോവലുകളുടെ രൂപവിധാനം രൂഢമൂ-ലമായ ആധുനികഭാവനാമണ്ഡലമാണ് അദ്ദേഹത്തെ നിയന്ത്രിക്കുന്നത്. കഥാപാത്ര-ങ്ങൾക്കോ സംഭവങ്ങൾക്കോ പിന്നിൽ ജാതി-മതബോധങ്ങളുടെ പശ്ചാത്തലമോ പു-രാവൃത്തഘടനയോ പുഷ്പനാഥിന്റെ മാന്ത്രികനോവലുകളിൽ കാണാനില്ല.

പൊന്നിയെന്ന ദേവസ്ത്രീയുടെ പ്രതികാരനിർവ്വഹണകഥയാണ് പുഷ്പനാഥിന്റെ ദേവദൂതിക. ഭ്രമാത്മകഭാവനയുടെ ആഖ്യാനതന്ത്രത്താൽ വായനക്കാരന് ഉദ്വേഗപൂർണ്ണമായ അനുഭവം പകരുവാൻ നോവലിനു സാധിക്കുന്നു. തികച്ചും കല്പിതമായ ഇതിവൃത്തം, സ്വപ്നവസമാനമായ അവതരണരീതി എന്നിവയാൽ അതീന്ദ്രിയമായൊരു ലാവണ്യാനുഭൂതി വായനക്കാർക്കു നല്കാൻ ദേവദൂതികയ്ക്കു കഴിയുന്നു.

ശ്രീമംഗലം കോവിലകത്തു നടക്കുന്ന ദുർമ്മരണങ്ങളുടെ യഥാർത്ഥ കാരണങ്ങൾ അന്വേഷിച്ചുകണ്ടെത്തി പരിഹൃതമാക്കുന്നതാണ് ഏറ്റുമാനൂർ ശിവകുമാറിന്റെ ആകാശഗംഗയിലെ ഇതിവൃത്തം. ഫ്യൂഡൽപശ്ചാത്തലത്തിലുള്ള സാങ്കല്പികമായ ഇതിവൃത്തമാണ് നോവലിനുള്ളത്. ചതിയും വഞ്ചനയും പാപചിന്തയും പോരടിക്കുന്ന സാമൂഹികാന്തരീക്ഷത്തിന്റെ നേർച്ചിത്രം നോവലിൽ കാണാം. രാജഭരണം അവസാനിച്ചുവെങ്കിലും രാജപ്രൗഢിയോടെ കഴിയുന്ന അപൂർവ്വം കോവിലകങ്ങളിലൊന്നാണ് ശ്രീമംഗലം എന്ന് നോവലിസ്റ്റ് തുടക്കത്തിൽത്തന്നെ പരിചയപ്പെടുത്തുന്നു. രാജവാഴ്ച്ചക്കാലത്തെ സുഖാലസ്യജീവിതത്തിന്മേലാണ് ദുരന്തവിധിയുടെ കഥാഖ്യാനം നിർവ്വഹിക്കുന്നത്. താവഴിയിൽ മക്കളില്ലാതെ വന്നതിനാൽ അന്യംനിന്നുപോകുമായിരുന്ന തറവാട്ടിൽ ഗംഗയെന്ന പെൺകുട്ടിയെ ദത്തു സ്വീകരിക്കുന്നു. ശ്രീമംഗലം തറവാടിനോട് പ്രതികാരനിർവ്വഹണത്തിന്നിറങ്ങി തിരിച്ചയാളാണ് ഭൈരവൻ. ആറടിയോളം ഉയരവും ഒത്ത വണ്ണവും കരിവീട്ടി കടഞ്ഞെടുത്തതുപോലുള്ള ദേഹവും അതിൽ നിറയെ രോമങ്ങളും. കുട്ടപുരികത്തിനു താഴെ സദാ ചുവന്ന കണ്ണുകൾ. നാട്ടുവൈദ്യത്തിന്റെ കാണാപ്പുറങ്ങൾ തേടിയുള്ള യാത്രയാണ് ഭൈരവനെ ശ്രദ്ധേയനാക്കുന്നത്. പ്രമേയത്തിന്റെ വിശദമായ അവതരണത്തിന് ഇത്തരം ഭാവനാകഥാപാത്രങ്ങളെ സൂക്ഷ്മമായും ക്രമികമായും വർണ്ണിക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. നാടോടിക്കഥയുടെ ഭാവനാഗതിയും അതിലെ കഥാപാത്രങ്ങളുടെ വർണ്ണനാരീതിയുമാണിവിടെ സ്വീകരിച്ചിട്ടുള്ളത്. കറുത്ത കുതിരയെ പ്രതികാരനിർവ്വഹണത്തിനായി ഭൈരവൻ സ്വീകരിക്കുന്നു. കറുത്ത കുതിര, കറുത്തിരുണ്ട ശരീരം തുടങ്ങി കേന്ദ്രാശയങ്ങൾ കറുപ്പിന്റെ സൗന്ദര്യശാസ്ത്രവുമാ-

യി ബന്ധിപ്പിച്ചാണ് ശിവകുമാർ വർണ്ണിക്കുന്നത്. വർണ്ണവ്യവസ്ഥയിൽ വെളുപ്പിന് പ്രാമുഖ്യം ലഭിക്കുകയും കറുപ്പ് അധമവർണ്ണമായി സ്വീകരിക്കപ്പെടുകയും ചെയ്ത സാംസ്കാരികഭാവനയുടെ അടയാളമായി പ്രസ്തുത നോവലിനെ കാണാം. ചിത്തിരത്തമ്പുരാട്ടിക്ക് ചിന്നനോട് തോന്നിയ പ്രണയം രാജകൊട്ടാരത്തിന്റെ പകയുടെ കനലായി മാറുന്നു. ചിന്നനെ പൈശാചികമായി കൊലപ്പെടുത്തി കറുത്ത കുതിരയെക്കൊണ്ട് ചവിട്ടിപ്പിക്കുന്നു. ചിന്നന്റെ മൃതശരീരം അനാഥമായി ഒഴുകിയ പുഴയ്ക്ക് പിന്നീട് നാട്ടുകാർ ചിന്നൻ പുഴയെന്നു പേരിട്ടുവിളിച്ചു. മുത്തശ്ശിക്കഥകളെ സമീപിക്കുന്ന രീതിയിൽ, അത്ഭുതാദരങ്ങളോടെ ഈ രചനയെ സമീപിക്കാൻ വായനക്കാരന്റെ മനസ്സിനെ ഒരുക്കിയെടുക്കാൻ നോവലിസ്റ്റിന് സാധിക്കുന്നുണ്ട്.

ആകാംക്ഷ മുറ്റിനിൽക്കുന്ന സംഭവവർണനകൾ കുറ്റാന്വേഷണനോവലുകളെ അനുസ്മരിപ്പിക്കുന്നു. ഈ സംഘർഷത്തിന്റെ അനുക്രമമായ വികാസത്തിനുവേണ്ടിയാണ് മന്ത്രവാദത്തെ നോവലിൽ സ്വീകരിക്കുന്നത്. ദുർമൂർത്തികളെ ഉപാസിക്കുന്ന ഭൈരവനും സന്മന്ത്രകർമ്മങ്ങൾ ചെയ്യുന്ന തേവള്ളി തിരുമേനിയും തമ്മിൽ നടക്കുന്ന വിശ്വാസപരമായ സംഘട്ടനമാണ് നോവലിന്റെ ഇതിവൃത്തഘടനയിൽ പ്രധാനാംശം. നിലവിലുള്ള കേരളീയ പൊതുമണ്ഡലത്തെ ഒരിടത്തുപോലും പരാമർശിക്കപ്പെടാതെ ഭാവനയിലൂടെ കഥയുടെ ലോകം ചമയ്ക്കുവാനാണ് ശിവകുമാറിനെപ്പോലുള്ള മാന്ത്രികനോവലിസ്റ്റുകൾ ശ്രമിക്കുന്നത്.

ആകാശഗംഗ, ആയില്യംകാവ് എന്നീ നോവൽ ശീർഷകങ്ങൾ കാല്പനികഭാവനയെ സൂചിപ്പിക്കുന്നു. കാവുസാംസ്കാരികതയുടെ സമ്പന്നപാരമ്പര്യം കേരളത്തിനുണ്ട്. ഹരിതപ്രകൃതിയുടെ/ജൈവപ്രകൃതിയുടെ നേർസാക്ഷ്യങ്ങളാണ് കേരളത്തിലെ കാവുകൾ. ഒരു കൂട്ടം മനുഷ്യരുടെ വിശ്വാസങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ തുടങ്ങിയവയാൽ ബന്ധിതമായ ഒരു ജീവിതക്രമവും അവ ഓർമ്മിപ്പിക്കുന്നു. വിലക്ഷണങ്ങളായ ആചാരമര്യാദകളാൽ സമ്പന്നമായ കേരളീയബ്രാഹ്മണജീവിതങ്ങൾക്കിടയി-

ലെ അധികാരഭ്രാന്തും ലൈംഗികതയെക്കുറിച്ചുള്ള അബദ്ധധാരണകളും ചേർന്ന് നിറം-പിടിച്ച കഥകളുടെ ഭാവനാലോകമാണ് ഏറ്റുമാനൂർ ശിവകുമാറിന്റെ ആയില്യംകാവിൽ രേഖപ്പെടുന്നത്.

യൗവനയുക്തകളായ സ്ത്രീകൾ നമ്പൂതിരിയ്ക്ക് ആദ്യം കിടക്ക പങ്കിടേണ്ടവളാണെന്ന നാട്ടുശീലത്തിന്റെ അതിശയലോകം നോവൽ തുറന്നിടുന്നു. ക്രൂരമായ ലൈംഗികാഭിനിവേശം സ്ത്രീയുടെ പ്രാണനെടുക്കാൻവരെ ശക്തമാകുന്നുണ്ട്. വിവാഹം കഴിച്ച സ്ത്രീകൾക്ക് സ്വന്തം ഭർത്താവിനൊത്ത് സഹശയനം നടത്താൻ അനുവദിക്കാത്ത ബ്രാഹ്മണ്യത്തിന്റെ ധാർഷ്ട്യത്തെ നോവലിൽ വിമർശിക്കുന്നുമുണ്ട്. കേരളീയബ്രാഹ്മണഗ്രാമങ്ങളിൽ നിലനിന്നിരുന്ന അനാചാരത്തിന്റെ കൊടിയ കഥകളാണ് ആയില്യംകാവ് വായനക്കാർക്കു മുന്നിൽ തുറന്നിടുന്നത്. സ്ത്രീയെ കേവലം ഭോഗവസ്തുവായി കരുതുന്ന ഒരു സാമൂഹികതയെയാണ് ഈ നോവൽ അഭിസംബോധന ചെയ്യുന്നത്.

നിലവിലുള്ള ആചാരമര്യാദകളെ ലംഘിക്കുന്നത് മരണത്തിനു കാരണമാകുന്നുവെന്ന ഒരു കാലത്തിന്റെ യാഥാർത്ഥ്യത്തെ ഈ നോവൽ ഉറപ്പിക്കുന്നു. നമ്പൂതിരിയെ അവഹേളിക്കുന്നവർ വിഷപരീക്ഷണമുൾപ്പെടെയുള്ള ശിക്ഷകൾ ഏറ്റുവാങ്ങേണ്ടിവരുമെന്ന ഭയം സൃഷ്ടിക്കുവാൻ ബ്രാഹ്മണ്യത്തിനു സാധിച്ചിരുന്ന ഒരു കാലത്തെ സാമൂഹികനീതിക്രമങ്ങൾ നോവലിനകത്ത് സ്വീകരിക്കുന്നുണ്ട്. ഗ്രാമീണസംസ്കാരത്തെയാണ് മാന്ത്രികനോവലിസ്റ്റുകൾ സ്വന്തം സ്ഥലരാശിയായി സ്വീകരിക്കുന്നത്. നഗരപ്രദേശത്തേക്കാൾ വിശ്വാസജടിലമായ ജീവിതസംസ്കാരത്തെ പുണരുന്നവർ നാട്ടിൻപുറത്തുള്ളവരാണെന്ന സാമാന്യധാരണയെ ഉറപ്പിക്കുന്ന തരത്തിലുള്ള സ്ഥലവർണ്ണനകളാണ് ഈ മാന്ത്രികനോവലിൽ കടന്നുവരുന്നത്. തന്റെ അനുഭവകോടിയിലുള്ള ഗ്രാമസംസ്കാരത്തിന് ഭാവനാപൂർത്തി നല്കുകയാണ് യഥാർത്ഥത്തിൽ ശിവകുമാർ ചെയ്യുന്നത്. യഥാർത്ഥ കേരളീയഗ്രാമാന്തരീക്ഷമായി അതിനെ കാണാനാകില്ല. എന്നാൽ യഥാർത്ഥഗ്രാമത്തിന്റെ പ്രതീതിയുള്ള സാംസ്കാരികലോകമാണ് നോവലിൽ ആവി-

ഷ്കരിക്കപ്പെടുന്നത്. ചേലക്കരഗ്രാമത്തെ അത്തരം പ്രതീകസംസ്കാരത്തിന്റെ പ്രതി-നിധാനമായി കാണാവുന്നതാണ്. മന്ത്രത്തിന്റെ ഗൂഢഭാഷാപ്രയോഗങ്ങൾ വായനക്കാ-രന്റെ ജിജ്ഞാസയെ ഉണർത്താൻ പര്യാപ്തമാകുന്നു.

നോവലിലെ അഗ്നിശർമ്മൻ എന്ന മാന്ത്രികൻ ബ്രാഹ്മണാധികാരത്തിന്റെ ദുഷ്പ്രഭ-വാണെന്നു പറയാം. സാത്വികബ്രാഹ്മണർ എന്ന സങ്കല്പത്തെ നിരാകരിച്ചുകൊണ്ട്, അധികാരഗർവ്വും അഹങ്കാരവും മൂർത്തരൂപമാണ്ട ബ്രാഹ്മണ്യത്തെയാണ് നോവലിൽ ചിത്രീകരിക്കുന്നത്. നമ്പൂതിരിമാരുടെ സ്വാധീനവലയത്തിൽ സാധാരണക്കാർക്ക് ജീ-വിതം എങ്ങനെ ദുസ്സഹമായെന്ന ചോദ്യം ഈ രചന കൊണ്ടുവരുന്നുണ്ട്. മനുഷ്യനോ-ട്/ശത്രുവിനോട് പോരാടാൻ ദുർമ്മൂർത്തികളെ ചൊല്പടിക്കു നിർത്തുകയും ഉപാസനാ-മൂർത്തികളായി കീഴടക്കി വെക്കുകയും ചെയ്യുന്നതിന്റെ കഥകൂടിയാണ് ഈ രചന. ഊരുവിലക്ക് അധികാരഗർവ്വിന്റെയും സാമൂഹികവിവേചനത്തിന്റെയും രൂപമാണ്. നോവലിൽ ശേഖരപിള്ളയുടെ തറവാടിന് ഊരുവിലക്കു കല്പിക്കപ്പെടുന്നു. അത്തരം സാമൂഹികവഴക്കങ്ങളുടെ സൂക്ഷ്മവർണ്ണനകൾ കൊണ്ട് സമൃദ്ധമാണീ നോവൽ. അഗ്നി-ശർമ്മൻ ആയില്യം കാവിൽ വന്നപ്പോൾ കാവിനുണ്ടായ മാറ്റം നോവലിൽ പരാമർശി-ക്കുന്നുണ്ട്. "വർഷങ്ങളായി കാൽപ്പെരുമാറ്റമുയരാത്ത ആ കരിയിലകൾ പുതഞ്ഞ മണ്ണിൽ നിന്ന് നിദ്രാഭംഗം വന്ന ഏതെല്ലാമോ കൊച്ചുജീവികൾ പ്രാണരക്ഷാർത്ഥം പാഞ്ഞു. പേടിച്ചരണ്ട ആ ജീവികളുടെ നിലവിളി അഗ്നിശർമ്മന് രസനീയമായ ഒരു സംഗീതം പോലെ മധുരതരമായിരുന്നു." (2009: 41)

നോവലിലെ കഥാപാത്രങ്ങളുടെ സ്വതന്ത്രചിന്ത നോവലിസ്റ്റിന്റെ സ്വാതന്ത്ര്യപ്ര-ഖ്യാപനം തന്നെയാണ്. ശേഖരപിള്ളയുടെ പ്രതിഷേധസ്വരത്തിന് അടിച്ചമർത്തപ്പെട്ട ഒരു കൂട്ടം ആൾക്കാരുടെ സ്വരമാണുള്ളത്. തങ്ങളുടെ സമുദായത്തിൽ എല്ലാവർക്കും മോചനം വേണമെന്ന വിപ്ലവദായകമായ ചിന്ത അയാൾ നൽകുന്നുണ്ട്. ഫാന്റസിയുടെ പ്രയോഗസാധ്യത നോവലിസ്റ്റ് സ്വീകരിക്കുന്നുണ്ട്. കടുക് കുറുക്കന്മാരായി മാറുന്നതും

ചമതക്കൊമ്പ് അമ്പായും മാറുന്ന ഭ്രമാത്മകതകൾ നോവലിൽ കാണാം. ആനന്ദഗുരു തീർത്ത മാന്ത്രികമറ തകർക്കാൻ അഗ്നിശർമ്മനു കഴിയുന്നില്ല. പിന്നീട് മന്ത്രവാദികൾ മന്ത്രം കൊണ്ട് സംഘട്ടനം നടത്തുന്നു. നന്മതിന്മകൾ തമ്മിലുള്ള ഭാവനായുദ്ധങ്ങളുടെ വർണ്ണനകൾ മാന്ത്രികനോവലുകളിലെ സ്ഥിരാംശങ്ങളാണ്.

ഏറ്റുമാനൂർ ശിവകുമാറിന്റെ രചനകൾ ഭാവനാപരമായി മാന്ത്രികനോവലുകളുടെ രണ്ടാം ഘട്ടത്തെ പ്രതിനിധീകരിക്കുന്നു. പ്രമേയപരമായ ഋജുത്വം ഭാവനയ്ക്ക് നാടകീയമാനം നല്കുന്നുണ്ട്. ദേവതാഭിമുഖമായ ജീവിതത്തിന്റെ ഭാവനാനിർമ്മിതിയാണ് ഇത്തരം നോവലുകൾ. ജീവിതത്തിലെ നിഗൂഢമായ ചില സാഹചര്യങ്ങളെ/അനുഭവങ്ങളെ ബോധപൂർവ്വമായി നോവലിനു സ്വീകരിക്കുന്നതിലൂടെ നൈസർഗ്ഗികമായ ഭാവനയെ അട്ടിമറിക്കുകയാണ് ചെയ്യുന്നത്.

കല്പിതമായ ഒരു ഇതിവൃത്തത്തിന്റെ സങ്കീർണവും കാല്പനിഭാവനാമയവുമായ ആവിഷ്കാരമാണ് സുനിൽ പരമേശ്വരന്റെ അനന്തഭദ്രം. ഭയത്തിന്റെ അനുഭൂതി ആസ്വദിക്കാൻ അതു വായനക്കാരെ നിരന്തരം പ്രേരിപ്പിക്കുന്നു. കുട്ടിക്കാലത്തു കേട്ടുവളർന്ന കഥകൾ/അനുഭവങ്ങൾ എത്ര വളർച്ചയിലെത്തിയാലും അനുകൂലസാഹചര്യത്തിൽ ബോധതലത്തിൽ എത്തുക സ്വാഭാവികമാണ്. ശിവപുരത്തുനിന്നും ബാല്യകാലത്തുണ്ടായ അനുഭവത്തെയാണ് അനന്തൻ യുവാവായി തിരിച്ചുവരുമ്പോൾ തിരിച്ചുപിടിക്കാനിറങ്ങുന്നത്. മനുഷ്യന്റെ ദുരന്തജീവിതസ്വഭാവത്തെ നോവലിൽ അടയാളപ്പെടുത്തുന്നുണ്ട്.

സ്ഥലവർണ്ണനകൾ ഭൂതകാലത്തെ നിഗൂഢമായ സ്ഥലപരിസരത്തെ ഓർമ്മപ്പെടുത്തുന്നുണ്ട്. നൂറ്റാണ്ടുപഴക്കമുള്ള ആൽമരത്തിന്റെ വേരുകളിൽ ഒരു ഭീകരത അനന്തൻ കണ്ടു. പെരുമ്പാമ്പിനെപ്പോലെ വളഞ്ഞു പുളഞ്ഞവേരുകൾ. പിന്നിൽ ഒരാൾ പൊക്കത്തിൽ വളർന്നു നിൽക്കുന്ന കുതിരപ്പുല്ലുകൾ. അതിനിടയിലൂടെയുള്ള ഒരു ചെറിയ നടപ്പാത. ആൽമരത്തിന്റെ വേരുകൾക്കിടയിൽ കുരുങ്ങി ഭിത്തികൾ പിളർന്ന കാവിനു-

ള്ളിലെ അമ്പലത്തിന്റെ മുമ്പിലേക്കു ചെന്നു. അവിടെ നിറം മങ്ങിയ ജീർണ്ണിച്ച ശിവ-ലിംഗം മാത്രം. അതിൽ ഉഗ്രവിഷമുള്ള ഒരു മൂർഖൻ ചുരുണ്ടുകിടക്കുന്നു..." (2009: 14)

വിദൂരഭൂതകാലസ്മൃതികളുടെ സഞ്ചിതരൂപമായി ഇത്തരം ഭാവനകൾ വായന-ക്കാരനിലെത്തുന്നു. 'അസുരശക്തികൊണ്ട് ശിവപുരം സ്വന്തം കൈപ്പിടിയിൽ ഒതുക്കിയ മഹാമാന്ത്രികാചാര്യൻ ജഡാനന്ദയോഗിയുടെ പൗത്രൻ- ഹിമാലയശൃംഗങ്ങളിൽ കൈലാസപർവ്വതഗുഹകളിൽനിന്ന് പച്ചിലമാത്രം കഴിച്ച് ജീവിക്കുന്നവൻ - ലോകം മു-ഴുവൻ ചുറ്റി ആഭിചാരകർമ്മങ്ങളുടെ താളിയോലകെട്ടുകൾ സ്വന്തമാക്കിയവൻ- (2009: 27) ദിഗംബരന്റെ വിശേഷണങ്ങളാണ് മുകളിൽ കൊടുത്തത്. കഥാപാത്രരൂപവത്കര-ണത്തിലുള്ള സൂക്ഷ്മത സുനിൽ പരമേശ്വരനെ മറ്റു മാന്ത്രികനോവലിസ്റ്റുകളിൽ നിന്ന് വ്യത്യസ്തനാക്കുന്നു. ശ്മശാനം, ശവം/കഴുകന്മാർ, തുടങ്ങിയ വാക്കുകൾ നോവലിൽ ആവർത്തിച്ചുപയോഗിക്കുന്നുണ്ട്. ശിവൻകാവിനെ കേരളത്തിന്റെ പ്രാക്തന ആരാധ-നാസംവിധാനത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ഈറ്റില്ലമായാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്. രതിയും ലൈംഗികതയും ക്ഷുദ്രപ്രയോഗങ്ങളും യോഗാത്മക-ഭാഷയിലൂടെ അവതരിപ്പിക്കുവാൻ നോവലിസ്റ്റിനു സാധിച്ചിരിക്കുന്നു.

തറവാടിത്തം, കുലം എന്നിവയിൽ അഹങ്കരിക്കുന്ന മനുഷ്യർ അതിനു പിന്നിൽ-നിന്നു കാണിക്കുന്ന കിരാതപ്രവർത്തനങ്ങൾക്ക് ഇരയാകേണ്ടിവരുന്നവരുടെ ദീനത-യും പ്രതികാരചിന്തയും അടിസ്ഥാനപ്രമേയമായി സ്വീകരിച്ചുകൊണ്ട് മനുഷ്യമനസ്സി-ന്റെ പ്രവർത്തനത്തെ ഭാവനയിൽ കൊണ്ടുവരുവാനാണ് പരിശ്രമിക്കുന്നത്. "യക്ഷിക-ളും ഗന്ധർവ്വന്മാരും അടുക്കാൻ മടിച്ചിരുന്ന തറവാട്ടിനുള്ളിൽ ദുഷ്ടശക്തികൾ മുറുകെ പി-ടിച്ചിരിക്കുന്നു (2009: 80). പരമകായപ്രവേശം, കൂടുവിട്ടു കൂടുമാറൽ തുടങ്ങിയ മാന്ത്രിക-ക്രിയകളിലൂടെ അപസർപ്പകന്റെ മനസ്സിനെ ഉണർത്താൻ പര്യാപ്തമായ വർണ്ണനകളാ-ണ് നോവലിലുള്ളത്.

"എത്രകാലമായി ഞാനിങ്ങനെ അലയുന്നു. കാറ്റിന്റെ ഗതിക്കൊത്ത് ഋതുക്കളുടെ വരവിനൊത്ത് വയ്യ. അലയാനെനിക്കിനി വയ്യ... ഒന്നുകിൽ എന്റെ ശരീരം, ഇല്ലെങ്കിൽ എന്റെ ആത്മാവ് ഏതെങ്കിലുമൊന്ന് ഉപേക്ഷിച്ചേ മതിയാകൂ... എനിക്ക് അരുതാത്തത് പറഞ്ഞാൽ എന്നിലെ ആത്മാവ് എന്നെ വിട്ടുപോകും. ആ നിമിഷം ഞാൻ ശവമാകും. അടുത്ത നിമിഷം ജീർണ്ണിച്ച മണ്ണിനു വളമാകും....." (2009: 93)

അതിന്ദ്രീയജ്ഞാനത്തിന്റെ സൂക്ഷ്മകണിക തേടിപ്പോയ ശിവറാം നോവലിസ്റ്റിന്റെ തന്നെ ആത്മസ്വരൂപമാണ്. സന്ന്യാസിയായി ജീവിതം നയിക്കുന്ന എഴുത്തുകാരന്റെ ആത്മഭാവം. തന്റെ തന്നെ ജീവിതാവസ്ഥയുടെ ആഖ്യാനം ഭാവനയിലൂടെ നിർവഹിക്കാനാണ് നോവലിസ്റ്റ് പരിശ്രമിച്ചത്. കാശ്മീരശാക്തേയപൂജയുടെ സാന്നിധ്യം നോവലിന് പ്രത്യേക സൗന്ദര്യം നല്കുന്നുണ്ട്. അനന്തനിലുള്ള ഇരട്ടവ്യക്തിത്വം കണ്ടെത്തുവാൻ ആധുനിക വൈദ്യശാസ്ത്രത്തിന്റെയും സൈക്കോളജിയുടെയും പരീക്ഷണങ്ങൾ നോവലിൽ സ്വീകരിക്കുന്നുണ്ട്. ശാസ്ത്രയുഗത്തിലും മനുഷ്യനെ ഭരിക്കുന്ന അതീന്ദ്രിയശക്തികളുണ്ടെന്ന് സമർത്ഥിക്കുവാനുള്ള വ്യഗ്രത നോവലിസ്റ്റിലുണ്ട്.

"മാടമ്പിയിലെ മാന്ത്രികപ്പുരയിലെ താളിയോലക്കെട്ടുകളും നാഗമാണിക്യവും മാന്ത്രികക്കണ്ണാടിയും ആരൂഢവും മണ്ണോടു ചേരുന്നു" (2009: 99) തറവാട്ടുനിലവറയിലെ രഹസ്യങ്ങൾ മാന്ത്രികനോവലിന്റെ പൊതു ഇടങ്ങളാണ്. ശക്തിയുടെ കേന്ദ്രങ്ങളായി ഇത്തരം നിലവറകളെ പൂർവ്വികർ നോക്കിക്കണ്ടിരുന്നു. പൂർവ്വികസ്മരണകളിൽ നിറഞ്ഞു നിന്നിരുന്ന ഇത്തരം വിശ്വാസങ്ങളെയാണ് ഭാവനയിലൂടെ പുനരുജ്ജീവിപ്പിക്കുന്നത്.

ജീവിതാനുഭവങ്ങളുടെ വിഭിന്നതകളെ തീവ്രമായി പരിചയപ്പെടുത്തുന്ന ഭാവനാകഥനമാണ് സുനിൽ പരമേശ്വരന്റെ കുന്നർമഠം. കല്ലേരി കണ്ണപ്പൻ എന്ന ശക്തനായ കഥാപാത്രം എഴുത്തുകാരന്റെ ഭാവനാസൃഷ്ടിയാണ്. അനുഭവങ്ങളിലൂടെ രൂപം കൊണ്ട കഥാപാത്രമാണത്. ഭയവിഹ്വലതകളുടെയും കാമത്തിന്റെയും വാസനാവിശേഷങ്ങളു-

ടെയും പശ്ചാത്തലത്തിൽ നിഗൂഢശക്തികളും പ്രേതാത്മാക്കളും ജീവിച്ചിരിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെ ജീവിതയാത്രയിൽ വരുത്തിത്തീർക്കുന്ന വിധിയുടെ വിഭ്രമാത്മകമായ കഥയാണ് 'കുന്നൂർമഠം.'

സ്വേച്ഛാധിപത്യത്തിന്റെ പീഡനങ്ങൾ ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട തലമുറയിലെ അവസാനകണ്ണിയാണ് കല്ലേരി കറുപ്പൻ. സ്വന്തം പാരമ്പര്യത്തെയും ശക്തിയെയും തിരിച്ചുപിടിക്കാൻ അതിനായകനെ വിഭാവനം ചെയ്യുക സാധാരണമാണ്. നോവലിസ്റ്റ് പൂർവ്വപാരമ്പര്യത്തിന്റെ തിരിച്ചുവരവ് പ്രതീക്ഷിക്കുന്നത് ഇത്തരം അതിനായകനിലാണ്. സാധാരണക്കാർക്ക് ആശ്രയം ഇത്തരം അതിനായകസങ്കല്പമാണ്. സാധാരണക്കാരന്റെ ജീവിതകാമനയോട് സാദൃശ്യപ്പെടുന്ന ഭാവുകത്വപരിസരമാണ് നോവലിൽ സ്വീകരിക്കുന്നത്. പരകായപ്രവേശം സുനിൽപരമേശ്വരന്റെ മാന്ത്രികനോവലിന് മുഖ്യാവലംബമാണ്.

ജപിച്ചുകെട്ടിയും മന്ത്രിച്ചും കുടത്തിലടച്ചും അഭിലാഷസിദ്ധി നേടിയിരുന്ന ജനസമൂഹത്തെയാണ് ഈ നോവൽ അഭിസംബോധന ചെയ്യുന്നത്. സാധാരണക്കാരുടെ വൈകാരികതയെ ചൂഷണംചെയ്യുന്ന വ്യവഹാരലോകമായി ഇവിടെ മാന്ത്രികനോവൽ മാറുന്നു. പുതുകാലത്ത് ഏറ്റവും കൂടുതൽ വാണിജ്യപ്രാധാന്യമുള്ളത് മതവും ഭക്തിയും വിശ്വാസവുമാണ്. അത്തരം സാമൂഹ്യക്രമത്തിന്റെ ഭാവനാനിർമ്മിതിയാണ് മാന്ത്രികനോവൽ നടത്തുന്നത്.

"കുന്നൂർമഠത്തിന്റെ ജീർണ്ണിച്ച തറയിൽ ആവാഹിച്ചുനിർത്തിയ ജീവപ്രകാശം ഒരു മൺകുടംകൊണ്ട് മൂടി... രാത്രിയുടെ രണ്ടാം യാമത്തിൽ കഠിനമന്ത്രങ്ങളിലൂടെ നഗ്നരൂപിണിയായി ജഗന്റെ ആത്മാവിനു ചുറ്റും ഭസ്മവും വേപ്പിലയും കൊണ്ട് അതിർത്തി കെട്ടിനിർത്താൻ തീരുമാനിച്ചുറച്ചു" (2010: 29). നിലവിലുള്ള സ്ത്രീപുരുഷധാരണകളെ ഉറപ്പിക്കുന്ന വർണ്ണനകളാണ് നോവലിൽ സ്വീകരിച്ചുവരുന്നത്. കുന്നൂർമഠത്തിലെ പരാമർശം നോക്കുക: "പുരുഷന്റെ ശക്തി സ്ത്രീയാണ്... പക്ഷേ, സ്ത്രീക്കുവേണം ഒരു പുരു-

ഷനെ... സ്നേഹിക്കുന്ന... കാമിക്കുന്ന-ഒരു തലോടൽകൊണ്ട് സ്നേഹത്തിന്റെ കൊടുങ്കാറ്റ് സൃഷ്ടിക്കുന്ന പുരുഷനെ...." (2010: 31). പുരുഷനാൽ മെരുക്കിയെടുക്കപ്പെടേണ്ടതാണ് സ്ത്രീയുടെ ലൈംഗികതയെന്ന യാഥാസ്ഥിതികബോധത്തെ അതേപ്പോലെ നോവലിൽ സ്വീകരിക്കുന്നു. അന്ധവിശ്വാസവും അമാനുഷികകഥകളും ഉറങ്ങിക്കിടക്കുന്ന കുന്നൂർ മഠം - പ്രേതഭാവനയാൽ സമ്പന്നമാണ്. അമാവാസിനാളിൽ ജനിക്കുന്ന കുട്ടികൾ കടുത്ത ദോഷത്തെ അഭിമുഖീകരിക്കേണ്ടിവരും. സരിതയുടെ ജന്മം അമാവാസിയിലായതിനാൽ അനേകം വെല്ലുവിളികൾ അവൾ നേരിടേണ്ടിവരുന്നു. ഇത്തരം ദുർബലപ്പെട്ട വിശ്വാസങ്ങളുടെ ലോകം ഈ മാന്ത്രികനോവൽ തുറന്നിടുന്നുണ്ട്. തഞ്ചാവൂരിലെ വൈദീശ്വരം കോവിലിലെ നാഡീജ്യോതിഷത്തെക്കുറിച്ച് നോവലിൽ പരാമർശിക്കുന്നുണ്ട്. കുടുംബത്തിന്റെ ജന്മരഹസ്യം തേടിയുള്ള ജഗന്റെ യാത്ര. വൈദീശ്വരം കോവിലിലാണ് അവസാനിക്കുന്നത്. വിധിയിലുള്ള വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നുണ്ട് നോവൽ. പുനർജ്ജന്മത്തിലുള്ള വിശ്വാസവും പ്രബലപ്പെടുന്നു.

ഭാവനാലോകനിർമാണവൈദഗ്ധ്യംകൊണ്ട് ഈ നോവൽ അനന്തഭദ്രത്തോടു ചേർന്നുനില്ക്കുന്നു. ഭാവനാലോകരചനയിൽ പുതിയ കാലത്തിന്റെ സംവേദനശീലങ്ങളെ തൃപ്തിപ്പെടുത്താനുള്ള ശ്രമം മുന്നിട്ടു കാണാം. ആ അർഥത്തിൽ സുനിൽ പരമേശ്വരൻ മലയാളമാന്ത്രികനോവലിന്റെ മൂന്നാം ഘട്ടത്തിലെ എഴുത്തുകാരനാണെന്ന് നിസ്സംശയം പറയാം.

### 4. 2. 2. അലങ്കൃതവും ഉപചാരരഹിതവുമായ കൃത്രിമഭാഷ

അലങ്കാരശബളവും അമാനകീകൃതവും കൃത്രിമവുമായ ഭാഷയാണ് മാന്ത്രികനോവലുകളിൽ പ്രത്യക്ഷപ്പെടുന്നത്. ഭാഷ സ്വാഭാവികമോ ശുദ്ധമോ അല്ലെന്നും അത് കൃത്യമായൊരു രാഷ്ട്രീയോപകരണമാണെന്നും ഉള്ള ആശയം ഇവ മുന്നോട്ടു വയ്ക്കുന്നു.

മാന്ത്രികഭാവനയും അനുഷ്ഠാനാന്തരീക്ഷവും ധ്വനിക്കുന്ന പ്രകാശനപരമായ അർഥതലങ്ങൾ ദ്യോതിക്കുന്ന കൃത്രിമഭാഷയിലാണ് കലിക ഒരുക്കിയിട്ടുള്ളത്. കെട്ടു-കഥകൾക്ക് യാഥാർത്ഥ്യപ്രതീതി നല്കാനുതകുന്ന ആഖ്യാനരീതി മോഹനചന്ദ്രൻ ഇവി-ടെ പരീക്ഷിക്കുന്നു. യഥാതഥഭാഷ സ്വീകരിക്കുകയും അതിനുള്ളിൽ അതിഭീതിയുടെ ലാവണ്യാനുഭവം ആലങ്കാരികപ്രയോഗങ്ങളിലൂടെ പകരുകയും ചെയ്യുന്ന രീതിയാണ് ഈ രചനയിൽ എഴുത്തുകാരൻ പരിചയപ്പെടുത്തുന്നത്. "കഥയും കഥാപാത്രങ്ങളും തി-കച്ചും സാങ്കല്പികമാണ്. അവശ്വസനീയവും. തന്നെയുമല്ല വിശ്വസിക്കുന്നത് അപകടക-രംകൂടിയാണ്" എന്ന് നോവലിന്റെ തുടക്കത്തിൽ എഴുത്തുകാരൻ തന്നെ വ്യക്തമാക്കുന്നു (1981: 5). നോവലിലെ ഭാവനാലോകങ്ങളുടെ സൃഷ്ടിക്ക് ഉചിതമായ ഭാഷയും ഇവിടെ ഉപയോഗിച്ചിരിക്കുന്നു.

പ്രതിഷേധവും നിഷേധവും അമർഷവും കൂടപ്പിറപ്പുകളായിത്തീർന്ന നാലു സുഹൃ-ത്തുക്കളിലൂടെയാണ് നോവൽ വികസിക്കുന്നത്. അവരുടെ സംഭാഷണവും ചിന്തയും വിശുദ്ധീകരിക്കാതെ, മാനകീകരിക്കാതെ തനതുരീതിയിൽത്തന്നെ അവതരിപ്പിക്കാ-നാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. പരുക്കനും പ്രാദേശികവുമായ ഭാഷ സ്വീകരിക്കുന്ന-തിലൂടെ കഥാപാത്രങ്ങളെ എളുപ്പം ഉൾക്കൊള്ളാൻ വായനക്കാർക്ക് കഴിയുന്നു. ഭാഷ-കൊണ്ട് മഹത്വീകൃതമായിരുന്ന ചില പ്രയോഗസന്ദർഭങ്ങളെ തകർത്തുകളയാനും നോവലിൽ ശ്രമിക്കുന്നുണ്ട്. "പുറപ്പെടുന്നതിനുമുമ്പ് തന്നെ നല്ല ശ്രുതിയുണ്ടെന്നു തോ-ന്നിച്ച ഒരു അധോവായു സമീപത്തുകൂടെ ഒരു പതിനേഴുകാരി നടന്നുപോയപ്പോൾ, നാ-ണിച്ച് അമുക്കിക്കളഞ്ഞു. ശിശുഹത്യ പോലെ തോന്നി" (1981: 65). ഇത്തരം ഭാഷാപ്ര-യോഗങ്ങളെ ഗ്രാമ്യം എന്നോ സഭ്യേതരം എന്നോ വിളിച്ച്, അകറ്റിനിർത്തിയിരുന്ന കാലത്തോടും വ്യവസ്ഥയോടും ജനപ്രിയനോവലുകൾ പൊതുവെ കലഹിക്കുന്നതായി കാണാം. മാന്ത്രികനോവലുകൾ ഈ വിഷയത്തിൽ മറ്റ് ജനപ്രിയനോവലുകളോടൊപ്പം എത്തുന്നില്ലെന്ന യാഥാർഥ്യവും ഇവിടെ ഓർക്കാം.

സൗഹൃദങ്ങൾക്കിടയിൽ ഔപചാരികത ആവശ്യമില്ലെന്നു കരുതുന്ന നാലു സുഹൃത്തുക്കളുടെ ജീവിതത്തിലേക്കു നേരിട്ടു വെളിച്ചം വീശുന്ന രീതിയാണ് നോവലിൽ സ്വീകരിച്ചിട്ടുള്ളത്. യുവത്വം കാണുന്ന ലോകത്തെ തീക്ഷ്ണമായ വൈകാരികതയിൽ ആവിഷ്കരിക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. പ്രണയത്തെക്കുറിച്ചും കാമത്തെക്കുറിച്ചും സാമാന്യമായി സ്ത്രീയെക്കുറിച്ചും പുതിയ സാമൂഹികസന്ദർഭത്തിൽ എങ്ങനെ പ്രസ്താവനകൾ രൂപപ്പെടുന്നുവോ അതങ്ങനെതന്നെ നോവലിൽ പ്രത്യക്ഷപ്പെടുകയാണ്. അങ്ങനെ പല സന്ദർഭങ്ങളിലും കലിക സ്ത്രീവിരുദ്ധഭാഷ ആഘോഷപൂർവം സ്വീകരിക്കുന്നതു കാണാം. മാത്രമല്ല, വിപണിമൂല്യത്തിന്റെ വിനിമയഭാഷയിലൂടെയാണ് സ്ത്രീയെ ഈ നോവലിലും അടയാളപ്പെടുത്തുന്നത്. സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്ന സാംസ്കാരികതയുടെ തനിപ്പകർപ്പാണിത്. പരമ്പരാഗത ആണധികാരത്തിന്റെ ബോധമാണിവിടെ ഉണർന്നു പ്രവർത്തിക്കുന്നത്.

ശാസ്ത്രയുഗത്തിലും അയുക്തികഭാവനയുടെ സ്വാധീനം എത്രത്തോളമുണ്ടെന്നുള്ള അന്വേഷണവും ജീവിതം യുക്തിരഹിതമാണെന്ന തിരിച്ചറിവുമുണ്ട് കലികയിൽ. ഇതിന് സാധാരണ വ്യവഹാരഭാഷയെ ഉല്ലംഘിച്ച് ഭാഷയ്ക്കുള്ളിലെ ഭാഷയെന്നോ ഭാഷയെക്കുറിച്ചുള്ള ഭാഷ(Meta language)യെന്നോ വിളിക്കാവുന്ന ഒരു ഭാഷ സൃഷ്ടിക്കാൻ നോവലിസ്റ്റ് ശ്രമിക്കുന്നു. അമൂർത്തഭാവനയെ യുക്തിഭദ്രമായി ആവിഷ്കരിക്കുന്ന ഭാഷ നിലവിലുള്ള സാമൂഹികവ്യവഹാരഭാഷതന്നെയാണ്. എന്നാൽ മാനകപ്പെടുത്തിയ ഭാഷയുടെ ആവരണങ്ങൾ പലപ്പോഴും മറികടന്ന് പ്രസ്തുതനോവലിൽ ഒരുതരം നിഗൂഢഭാഷ ഉത്പന്നമാകുന്നു. സൗന്ദര്യലഹരിയിലെയും ലളിതാസഹസ്രനാമത്തിലെയും ശ്ലോകങ്ങൾ സ്വീകരിച്ചുകൊണ്ട് മതാത്മകവും അനുഷ്ഠാനപരവും യോഗാത്മവുമായ ഒരു ഭാഷാമണ്ഡലം കലിക ഒരുക്കുന്നു. ലൈംഗികതയും അനുഷ്ഠാനവും ദേവതാസങ്കല്പവും ഇടകലർത്തി പ്രതിപാദിക്കാനും വായനക്കാരെ അതിൽ വിലയിപ്പിക്കാനും സംസ്കൃതവും മലയാളവും കലർന്ന കൃത്രിമമിശ്രഭാഷ എഴുത്തുകാരൻ സൃഷ്ടിക്കുന്നു.

മാന്ത്രിക-താന്ത്രിക ജീവിതത്തിന്റെ ഓർമ്മപ്പെടുത്തൽ വായനക്കാർക്ക് സമ്മാനിക്കുന്നതിന് മാന്ത്രികതയുടെ മന്ത്രവാദത്തിൽ നിലനില്ക്കുന്ന ഭാഷക്രമങ്ങളും സങ്കല്പങ്ങളും സമൃദ്ധമായി മോഹനചന്ദ്രൻ സ്വീകരിക്കുന്നുണ്ട്. കലിക എന്ന പദത്തിന്റെ നിഷ്പത്തി രസകരമായി നോവലിസ്റ്റ് നിർമ്മിച്ചെടുക്കുന്നു. ദേവനാഗരിയിലെഴുതിയ കാളികയാണത്രേ കലികയായത്. ദേവനാഗരിലിപിയിൽ രണ്ടാമത്തെ കകാരം ദീർഘിക്കും. തിരിച്ചുവായിച്ചാൽ കാലിക/കാളിക. ലളയോരഭേദം -ലയും ളയും തമ്മിൽ വ്യത്യാസമില്ലെന്ന സങ്കല്പം- ഇവിടെ ഓർക്കാം. കാളികയായി ദേവിയെ കളിപ്പിക്കുന്നത് തന്ത്രവിദ്യയിലെ ഒരു തന്ത്രമാണ് (1981: 175). ഇത്തരത്തിൽ വാക്കുകളെയും അവയുടെ വ്യവഹാരസന്ദർഭങ്ങളെയും സാധാരണയുക്തിക്കു വിരുദ്ധമായി പരിചരിച്ച് പുതിയൊരു ലാവണ്യാനുഭവം പകരാൻ നോവലിസ്റ്റ് ശ്രമിക്കുന്നുണ്ട്. ഒരുതരം ഭാഷാകേളിയിലാണ് എഴുത്തുകാരൻ ഏർപ്പെടുന്നത്. ഭയത്തെ ഉണർത്തുന്ന ഭാവനയ്ക്ക് വർണശബളമായ ഭാഷയിലൂടെ അനുഭവപൂർത്തി നല്കുന്നു. ഭാഷകൊണ്ട് സർറിയലിസ്റ്റിക് എന്നു പറയാവുംവിധമുള്ള ചിത്രം വരച്ചുവയ്ക്കാനുള്ള നോവലിസ്റ്റിന്റെ കഴിവാണ് ഇവിടെയൊക്കെ വെളിപ്പെടുന്നത്.

ദ്രാവിഡസംസ്കാരത്തിന്റെ ഉയിർത്തെഴുന്നേല്പിന് ഭാവനാത്മകമായ ആവിഷ്കാരം നിർവ്വഹിച്ച മോഹനചന്ദ്രന്റെ നോവലാണ് വേലൻചെടയൻ. ചെടയൻ ജടയനാണ്, അത് ശിവനാണ്. വേലൻ ഒരു ജനവംശവും. ഗോത്രസ്മൃതിയുടെ നാട്ടുതാളവും ഭാഷയും ഈ നോവലിനെ വേറിട്ട അനുഭവമാക്കുന്നു. പ്രവാസിത്വം അനുഭവിക്കുന്നവർക്ക് പൂർവ്വഗേഹസ്മരണയുണർത്താൻ പര്യാപ്തമാണീനോവൽ. നവസംസ്കാരത്തിന്റെ ആധിപത്യത്തിൽ കടപുഴകിയ ഒരു പ്രാക്തനസംസ്കാരത്തിന്റെ തിരിവെട്ടം കാത്തുസൂക്ഷിക്കുന്ന വേലൻചെടയൻ മനുഷ്യജീവിതത്തെക്കുറിച്ച് പലതും ഓർമ്മിപ്പിക്കുന്നു.

നാട്ടുഭാഷയുടെ/പ്രാദേശികഭാഷയുടെ ശക്തിസൗന്ദര്യത്തെ വർണ്ണനകളിൽ ആവാഹിച്ചുവയ്ക്കുവാൻ ഈ രചനയിൽ എഴുത്തുകാരനു ശ്രമിക്കുന്നുണ്ട്.

"എന്താൺടാ ചെടയാ കുന്തം വിഴുങ്ങിയ ചേലക്ക് നിൽപ്പ്?...

അന്റെ മനസ്സില് എന്ന നിനപ്പോ?

ഓറും നമ്മെപ്പോലെ വടക്കരാ. ആരെ നിങ്ങന്റെ കളി മേണ്ടാ വേലാ..." (1982: 15).

വ്യവഹാരഭാഷയുടെ മനോഹാരിതയുണ്ട് മിക്ക പ്രയോഗങ്ങൾക്കും. പരേതരുടെ കോലങ്ങൾ കെട്ടിയാടുന്നതുപോലെ മരങ്ങൾ അവിടെയവിടെ കാറ്റിൽ ഉലഞ്ഞുനിന്നു. തണുപ്പും വിചിത്രഗന്ധവും കലർന്ന കാറ്റ് അയാളെ വിടാതെ തഴുകിക്കൊണ്ടിരുന്നു" (1982: 19) എന്ന മട്ടിലുള്ള പ്രകൃതിവർണ്ണനകളിലാകട്ടെ കാല്പനികഭാഷാസങ്കേതമാണ് എഴുത്തുകാരൻ ഉപയോഗിച്ചിരിക്കുന്നത്.

"മനോഹരമായ കൈപ്പത്തിയുയർത്തി അവൾ മുഷ്ടിയുഴിഞ്ഞപ്പോൾ തീജ്വാലകൾ പാറി... നമ്പ്യാരുടെ രോമങ്ങൾ എഴുന്നുനിന്നു. ഏതോ അജ്ഞാതമായ ഭീതിയുടെ രക്താഭമായ രസനതന്നെ. ആകെ നക്കിത്തുടച്ച് ചോര മഞ്ഞുകട്ടിയാക്കി മാറ്റുന്നതുപോലെ അയാൾക്കുതോന്നി. അവൾ പുഞ്ചിരിച്ചപ്പോൾ ചിതറിയ മുത്തുകൾക്കിടയിൽ രക്താഭമായ ആ രസന സ്വന്തം കണ്ണുകൾകൊണ്ടുതന്നെ അയാൾ നേരിൽ കണ്ടു" (1982: 19).

ഭയത്തെ അഭികാമ്യമായ അനുഭൂതിയാക്കി സ്വീകരിക്കാൻ പ്രലോഭിക്കുന്ന ഭാഷയാണ് ഇവിടെ മോഹനചന്ദ്രൻ ഒരുക്കുന്നതെന്നു കാണാം. പുരാവൃത്തഭാഷയുടെ പാവനത ഉപയോഗിച്ച് ഭയത്തെ ഉദ്ദീപ്തമാക്കുന്നതിലും അദ്ദേഹം ശ്രദ്ധിക്കുന്നു. 'സൂര്യകാലടിയുടെ പ്രതികാരം', 'പുലി മറിഞ്ഞ തൊണ്ടച്ചൻ' തുടങ്ങിയ പുരാവൃത്തത്തെ നോവലിന്റെ കേന്ദ്രാശയത്തോട് ചേർത്തുകൊണ്ട് ആഖ്യാനനിർവ്വഹണം നടത്തിയിരിക്കുന്നതിന്റെ പിന്നിലുള്ള യുക്തി അതാണ്.

"താഴ്‌വരയുടെ മാറിൽനിന്ന് സന്ധ്യ 'വ്രീളാവിവശയായി മെല്ലെ എഴുന്നേറ്റ് പിൻവാങ്ങിയതോടെ ഇരുട്ടിന്റെ വരവായി. ഉറഞ്ഞുവരുന്ന തണുപ്പിൽനിന്ന് രക്ഷിക്കാനെന്നപോലെ അന്ധകാരം താഴ്‌വരയെ ആപാദചൂഡം പൊതിഞ്ഞു" (1982: 35). "നര-

യെ വകഞ്ഞുമാറ്റിക്കൊണ്ട് ഒഴുകിവരുന്ന കടലലപോലെ സാമാന്യഗന്ധങ്ങളെ വീശി-യകറ്റിക്കൊണ്ട് പാലപ്പൂ പരിമളം പടർന്നു."....പൂമണവും തണുപ്പും കലർന്ന കാറ്റ് വീ-ശിയപ്പോൾ കരിമ്പനകൾ ആടിയുലഞ്ഞു (1982: 35).

സ്പർശിച്ചനുഭവിക്കാവുന്ന വൈകാരികമുഹൂർത്തങ്ങൾക്ക് ശക്തമായ വാങ്മയബിംബ-ങ്ങളാണ് ഇവിടെയൊക്കെ സ്വീകരിച്ചിരിക്കുന്നത്. യക്ഷിയ്ക്ക് പാലപ്പൂ മണമാണെന്ന് ഗ്രന്ഥകാരൻ സൂചിപ്പിക്കുന്നത് നിലവിലുള്ള സാമൂഹ്യവിശ്വാസങ്ങളിൽനിന്നാണ്. ഒരു ദേശത്തിന്റെ ചരിത്രഭൂപടങ്ങൾ വർണ്ണനയിൽ പ്രകടമാകുന്നതിന് ഭാഷയെ ഒരു പ്ര-ധാന സാമഗ്രിയാക്കി മാറ്റുകയാണ് മോഹനചന്ദ്രൻ ചെയ്യുന്നത്. നാട്ടുഭാഷയുടെ സൗന്ദ-ര്യമാണ് ഈ രചനയെ വ്യത്യസ്തമാക്കുന്നത്. ഭാഷ ഒരു ജനതയുടെ സ്വത്വത്തെയും അവരുടെ ഭാവനാലോകങ്ങളെയും വെളിപ്പെടുത്തുന്നുണ്ടെന്ന് ഈ നോവലിലെ സംഭാ-ഷണങ്ങൾ തെളിയിക്കുന്നു. ജനപ്രിയനോവലുകൾ ഉന്നയിക്കുന്ന ഭാഷാരാഷ്ട്രീയത്തി-ന്റെ മാതൃകയായി വേലൻചെടയൻ മാറുന്നു.

മന്ത്രവാദത്തിലെ ഗൂഢഭാഷാപ്രയോഗങ്ങളുടെ വിനിവേശം കൃഷ്ണപ്പരുന്ത് എന്ന രചനയെ മറ്റുള്ളവയിൽനിന്നും വ്യത്യസ്തമാക്കുന്നു. ഗരുഡപൂജയ്ക്കുള്ള മന്ത്രങ്ങൾ ഗരുഡപ-ഞ്ചാക്ഷരീമന്ത്രം തുടങ്ങിയവ വിഭ്രാമകമായ അന്തരീക്ഷസൃഷ്ടിക്ക് പര്യാപ്തമാണ്.

'ഓം ഹ്രീം ബഗളാമുഖീ
സർവ്വദുഷ്ടനാം വാചം മുഖം
പദം സ്തംഭയ ജിഹ്യാം കീലയ
ബുദ്ധീം വിനാശയ ഹ്രീം ഓം
സ്വാഹാ - ഓം- ഹ്രീം ഹും ഹ്രീം ഫട് തുടങ്ങിയ ബഗളാമുഖി മന്ത്രം.
മൃത്യോ, സ്തുല്യാ തിലോകിം ഗ്രസിതു മതിരസാ
ന്നിഃ സൃതാഃ കിംനു ജിഹ്വാഃ
കിംവാ കൃഷ്ണാംഘ്രി പദ്മദ്യുതിഭി തരുമിതാ
വിഷ്ണു പദ്യാഃ പദവ്യാഃ

പ്രാപ്താസ്സന്ധ്യാ സ്മാരേ സ്വലയമൃതനഭിതി
സ്ഥിസ്രിത ശ്രിഹ്യമാനാ
ദേവൈർദ്ദേവ്യാ സ്ത്രീശൂലക്ഷത മഹിഷ ജൂഷോ
രക്തധാരാ ജയന്തി

എന്ന മഹിഷമർദ്ദിനീമന്ത്രശ്ലോകം (1984:155)സവിശേഷമന്ത്രഭാഷയുടെ പ്രയോഗത്തിന് ഉദാഹരണമാണ്. യക്ഷിയുമായുള്ള ലൈംഗികവേഴ്ച, മാന്ത്രികന്റെ ഉദ്ദിഷ്ടകാര്യസാധനയ്ക്കുപയോഗിക്കുമ്പോഴും അമർത്തിവെയ്ക്കപ്പെട്ട ലൈംഗികതയുടെ പ്രകടനപരതയായി ഇത്തരം വർണ്ണനകളെ മാന്ത്രികനോവലിൽ കാണാവുന്നതാണ്. വ്യക്തിയുടെ ലൈംഗികതയെക്കുറിച്ചുള്ള ഭാവനാത്മകമായ വ്യാഖ്യാനങ്ങൾ നോവലിനകത്തേയ്ക്ക് സ്വീകരിക്കപ്പെടുമ്പോൾ വായനക്കാരൻ വായനയിലൂടെ ലൈംഗികാനന്ദം പരോക്ഷമായി ലഭിക്കുന്നു. മാന്ത്രികനോവലിന്റെ ഭാവുകത്വ പരിസരം, കാമവും ലൈംഗികതയും ചതിയും വഞ്ചനയും മാന്ത്രികതയും കൊണ്ട് അടയാളപ്പെടുത്താവുന്നതാണ്. ദാർശനികഭാരമില്ലാതെ, അയത്നലളിതമായി ജീവിതത്തിന്റെ സ്വപ്നസാക്ഷാത്കാരം സാധ്യമാകുന്ന ഇത്തരം രചനകൾ ഉത്പാദിപ്പിക്കുന്ന ഭാവുകത്വബോധം സമൂഹമനസ്സിന്റെ സൃഷ്ടിയാണെന്നു പറയാം. അലിഖിതമായ സാമൂഹ്യ അധികാരമണ്ഡലത്തിൽ വ്യക്തികൾ അവരുടെ ജീവിതത്തിന്റെ നിറംപിടിപ്പിച്ച ലോകം സാക്ഷാത്കരിക്കുന്നത് മാന്ത്രികനോവലിലൂടെയാണെന്നു പറയാം.

ഉപയോഗിച്ചു തേഞ്ഞുതുടങ്ങിയ ഭാവനയും ഭാഷയുമാണ് പി. വി. തമ്പിയുടെ പള്ളിവേട്ടയിൽ കാണുന്നത്. എന്നിരിക്കിലും മന്ത്രവാദത്തിന്റെ നിഗൂഢതയും പ്രക്രിയാവിശേഷവും ഭാഷയിൽ ആവാഹിച്ച നോവലാണത്. മിത്തിലും ഐതിഹ്യത്തിലും പൗരാണികതയിലും അഭിരമിച്ചിരുന്ന ഒരു ജനതയുടെ ജീവിതക്രമത്തെയാണ് പള്ളിവേട്ടയിലൂടെ യാഥാർത്ഥ്യമാക്കാൻ നോവലിസ്റ്റ് പരിശ്രമിക്കുന്നത്. യക്ഷിയുമായി ബന്ധപ്പെട്ട മലയാളികളുടെ വിശ്വാസത്തെ പ്രബലപ്പെടുത്തുന്ന ആഖ്യാനരീതിയാണ് നോവലിനുള്ളത്.

തമ്പിയുടെ മാന്ത്രികനോവലുകൾക്ക് ഏകതാനസ്വഭാവമുണ്ട്. മന്ത്രവാദികൾ തമ്മിലുള്ള സംഘർഷവും ബലപരീക്ഷണവും തറവാടിത്തം ആഭിജാത്യം എന്നിവയുള്ള മഹത്വം കല്പിക്കലും അവയിൽ ധാരാളം കാണാം. സവർണ്ണപാരമ്പര്യമുദ്രകളെ നോവലിൽ കൂടുതലായി സ്വീകരിക്കുന്നു, ഭാഷയെ സംസ്കൃതീകരിക്കുന്നു. കഥാപാത്രങ്ങൾ പ്രാമാണികഭാഷയിലാണ് അവയിൽ സംവദിക്കുന്നത്. ആഭിചാരകർമ്മങ്ങൾക്ക് സമൂഹത്തിലുള്ള സ്ഥാനവും മന്ത്രവാദത്തിലെ ഷഡ്കർമ്മങ്ങളിലുള്ള ഒരു കാലഘട്ടത്തെ ജനതയുടെ വിശ്വാസവും നോവലിൽ പ്രധാന വിഷയമായി സ്വീകരിക്കുന്നു. എന്നാൽ ആര്യവും ആര്യേതരവുമായ മാന്ത്രികപാരമ്പര്യങ്ങളെ അദ്ദേഹം നോവലിൽ കൊണ്ടുവരുന്നുണ്ട്. നിരന്തരമായ ഉപയോഗവും പരീക്ഷണവുംകൊണ്ട് പ്രവർത്തനോർജം നഷ്ടപ്പെട്ട പ്രതീക/അനുഷ്ഠാനഭാഷയും വർണനാരീതിയും അവതരണസങ്കേതവും ഭാവുകത്വപരിണാമത്തിന്റെ സൂചന നല്കുന്നു.

അപസർപ്പകസ്വഭാവം മാന്ത്രികനോവലിലേയ്ക്കു ചേർത്തുവെച്ച ജനപ്രിയ എഴുത്തുകാരനാണ് കോട്ടയം പുഷ്പനാഥ്. മലയാളത്തിൽ ഏറ്റവും കൂടുതൽ ഡിറ്റക്ടീവ് നോവൽ എഴുതിയിട്ടുള്ള അദ്ദേഹവും വിപണിവിജയം നേടിയ മാന്ത്രികനോവലെഴുത്തിലും ശ്രദ്ധേയനാണ്. പുഷ്പനാഥിന്റെ ദേവഗന്ധർവൻ എന്ന നോവൽ ഭാഷാതലത്തിൽ മാന്ത്രികനോവലുകളുടെ ഒന്നാം ഘട്ടം ഉത്പാദിപ്പിച്ച ഭാവുകത്വത്തോടു ചേർന്നു നില്ക്കുന്നു. കഥയെ ബാഹ്യമായി സംഭവാവരണങ്ങൾകൊണ്ട് സങ്കീർണ്ണമായി പൊതിയുമ്പോഴും ആന്തരികമായി അതു പുലർത്തുന്ന അയത്നലളിതത്വവും ഋജുവായ ഭാഷാശൈലിയും ഏറെ ആകർഷകമാണ്.

കോട്ടയം പുഷ്പനാഥിന്റെ ദേവദൂതിക തമിഴും മലയാളവും കലർന്ന മിശ്രഭാഷയിലാണ് എഴുതിയിട്ടുള്ളത്. അദ്ദേഹത്തിന്റെ മാന്ത്രികകൃതികൾ ഈ ജനുസ്സിലെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുന്നവയാണ്. ഭാഷകൊണ്ടും ഭാവനയുടെ തലത്തിലും അവ ജനപ്രിയനോവലുകളുടെ പുഷ്കലകാലത്തെ പ്രതിനിധീകരിക്കുന്നു.

ഐതിഹ്യങ്ങളുടെയും ചരിത്രപാഠങ്ങളുടെയും ഭാഷാഘടന സ്വീകരിച്ചുകൊണ്ട് കാല്പനികമായ ഒരു കഥാതന്തുവിന് വാസ്തവികാനുഭൂതി പ്രദാനം ചെയ്യുന്ന രചനയാണ് ഏറ്റുമാനൂർ ശിവകുമാറിന്റെ ആകാശഗംഗ. പരിണാമഗുപ്തി നിറഞ്ഞ യഥാതഥഭാഷയിലൂടെ ഇതിൽ ഒരു മാന്ത്രികകഥ ഉരുത്തിരിഞ്ഞുവരുന്നു. മരണം ഒരോന്നായി കൺമുമ്പിൽ നടക്കുമ്പോൾ അടുത്ത ഇര താനായിത്തീരുമെന്ന തറവാട്ടംഗങ്ങളുടെ ഭീതിനിറഞ്ഞ നിശ്വാസമാണ് വായനക്കാരെ അനുഗമിക്കുന്നത്. ആ അനുഭൂതി നിരന്തരം നിലനിർത്താൻ ശക്തമായ ഭാഷയാണ് ശിവകുമാർ ഉപയോഗിക്കുന്നത്. അതിശയോക്തികൊണ്ട് സങ്കീർണമായ ഉള്ളടക്കമാണെങ്കിലും അവതരണത്തിലെ വ്യത്യസ്തത കൊണ്ട് അപൂർവത കൈവരിക്കുവാൻ ഈ നോവലിനു സാധിച്ചിട്ടുണ്ട്.

ഏറ്റുമാനൂർ ശിവകുമാറിന്റെ രചനകൾ മാന്ത്രികനോവലുകളുടെ ചരിത്രത്തിലെ ഭാവനാപരവും ഭാഷാപരവുമായ പരിണാമത്തിന്റെ സൂചന നല്കുന്നവയാണ്. മോഹനചന്ദ്രനും പി. വി. തമ്പിയും ഉൾപ്പെടുന്ന തലമുറയുടെ പരിചരണരീതിയിൽനിന്ന് കൂടുതൽ ലളിതവും ഋജുവും നാടകീയവുമായ പ്രമേയങ്ങളിലേയ്ക്കും പ്രതിപാദനരീതികളിലേയ്ക്കും മാന്ത്രികനോവലുകൾ പരിണമിക്കുന്നത് ഇവിടെ വ്യക്തമായി കാണാനാവും. കൃത്രിമമായി സൃഷ്ടിക്കപ്പെടുന്ന കേവലം ഭാവനാനിർമ്മിതികളായ ഇത്തരം നോവലുകൾ ഭാഷകൊണ്ട് യഥാതഥമായ അനുഭവപശ്ചാത്തലത്തെ സൃഷ്ടിക്കുവാൻ പര്യാപ്തമാണ്. ഏറ്റുമാനൂരിന്റെ നോവൽഭാഷ കൂടുതൽ ജനകീയമാകുന്നതും ഈ പ്രകരണത്തിൽ കാണാനാവും.

സുനിൽ പരമേശ്വരൻ എഴുതിയ അനന്തഭദ്രം മാന്ത്രികനോവലെന്ന ജനുസ്സ് കൂടുതൽ ദൃശ്യപരമായ സാധ്യതകൾ ആരായുന്നതിന്റെ പ്രകടലക്ഷണങ്ങളുള്ള രചനയാണ്. ശിവപുരം ഗ്രാമത്തിലെ അനന്തന്റെയും ഭദ്രയുടെയും കഥയാണ് ഈ നോവൽ. ദിഗംബർ എന്ന ബ്രഹ്മചാരി അയാളുടെ ആഭിചാരകർമ്മത്തിലൂടെ യുവാവായ അനന്തന്റെ ശരീരത്തിലേക്ക് ഗന്ധർവ്വനെ ആവാഹിച്ച് കുലം മുടിക്കാൻ പരിശ്രമിക്കുന്നു. കെട്ടുകഥ-

യെ അനുസ്മരിപ്പിക്കുന്ന നാടകീയാംശങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ട് വായനക്കാരന്റെ ഉള്ളിലുള്ള അപസർപ്പകനെ കെട്ടഴിച്ചുവിടുവാൻ പ്രേരിപ്പിക്കുന്ന മാന്ത്രികനോവലാണ് അനന്തഭദ്രം. യോഗാത്മകമായ മന്ത്രതന്ത്രങ്ങളും രതിവിരതികളുടെയും സങ്കലനത്തിലൂടെ നോവലിനുടനീളം താന്ത്രികമായ അന്തരീക്ഷം നിലനിർത്തുവാൻ അതിലെ ഭാഷയ്ക്കു സധിച്ചിരിക്കുന്നു. അനന്തഭദ്രത്തിലെ ഭാഷ ദൃശ്യബിംബങ്ങളുടെ സന്നിവേശംകൊണ്ട് തിങ്ങിനിറഞ്ഞുനില്ക്കുന്നു. പാശ്ചാത്യ ഭീകരകഥകളുടെ രചനാമൂലകങ്ങളെ സ്വീകരിക്കുന്ന എഴുത്തുകാരനെയും ഇവിടെ നാം കണ്ടുമുട്ടുന്നുണ്ട്.

### 4. 2. 3. ഭാവുകത്വപരിണതി

നടപ്പുശീലങ്ങളിൽനിന്നുള്ള വേർതിരിയലാണ് ഭാവുകത്വത്തിന്റെ മുഖ്യഭാവം. അത് രൂപപരവും ഭാവപരവുമായ പുതുമ കൊണ്ടുവരുന്നു. നിലനിന്നിരുന്ന നോവൽരചനാപ്രവണതകളോടുള്ള വിപ്രതിപത്തി പ്രകടിപ്പിക്കുന്നവയായിരുന്നു മാന്ത്രികനോവലുകൾ. ജനപ്രിയജനുസ്സിലെ തന്നെ മറ്റിനങ്ങളോട് അവ കലഹിച്ചു. സമൂഹജീവിതത്തിന്റെ ചില വൈകാരികസന്ദർഭങ്ങളിലേയ്ക്കുള്ള എത്തിനോട്ടമാണ് എല്ലാ കലാവിഷ്കാരങ്ങളും. ജനപ്രിയകലയിൽ വീക്ഷണം പലപ്പോഴും ഒളിഞ്ഞുനോട്ട(Voyeurism)മായി പരിണമിക്കുന്നു. സമൂഹത്തിന്റെ ആവശ്യമെന്ന നിലയിൽത്തന്നെയാണ് അത്തരം ചലനങ്ങളെയും കാണേണ്ടത്. ഔദ്യോഗികവും പ്രാമാണികവുമായ ആഖ്യാനങ്ങളുടെ ശൃംഖലയിൽനിന്നും ജനപ്രിയസരണിയിൽനിന്നും മാന്ത്രികനോവലുകൾ വേറിട്ടു സഞ്ചരിക്കുന്നു.

മോഹനചന്ദ്രനും പി. വി. തമ്പിയും ഉരുവപ്പെടുത്തിയ നോവൽഘടന സവർണഭാവനാമയവും സംവൃതസമൂഹകേന്ദ്രിതവും പുരാവൃത്തബദ്ധവുമായിരുന്നു. അവ ഈ ജനുസ്സിന്റെതന്നെ ഒന്നാം മണ്ഡലത്തെ വിളംബരം ചെയ്തു. രണ്ടാം ഘട്ടത്തിൽ മാന്ത്രികനോവലിന്റെ അഭിസംബോധനാംശങ്ങൾക്ക് നിർണായകമായ മാറ്റം സംഭവിച്ചു. അവ കൂടുതൽ സമീപസ്ഥങ്ങളും യഥാതഥങ്ങളുമാണെന്ന പ്രതീതി സൃഷ്ടിച്ചു. കോട്ടയം പുഷ്പ-

നാഥിന്റെ രചനകൾ ഉദാഹരണം. മൂന്നാമത്തെ ഘട്ടത്തിലാണ് ഈ ജനസ്സ് അന്നേയ്ക്ക് മുഖ്യകലാവിഷ്കാരമായി മാറിയ ചലച്ചിത്രത്തോട് വ്യക്തമായി അടുത്തത്. സുനിൽ പരമേശ്വരനാണ് അതിനുള്ള ഉചിതമായ സാക്ഷ്യം. ഇങ്ങനെ മാന്ത്രികനോവൽ എന്ന ഇനം അതിനുള്ളിൽത്തന്നെ ഭാവുകത്വപരമായി പരിണമിച്ചുകൊണ്ടിരിക്കുന്നുവെന്നതാണ് ശ്രദ്ധേയമായ വസ്തുത.

**4. 3. സംഗ്രഹം**

മാന്ത്രികനോവലുകളുടെ ഭാവനാതലവും ഭാഷാമണ്ഡലവും ഭാവുകത്വപരിസരവും മറ്റു ജനപ്രിയനോവൽജനസ്സുകളുടേതിൽനിന്ന് ചില അംശങ്ങളിൽ വേറിട്ടു നില്ക്കുന്നു. മന്ത്രവാദത്തിന്റെ ഉച്ചനീചഭേദങ്ങളെ കേന്ദ്രീകരിച്ചാണ് ഇതിവൃത്തത്തെത്തന്നെ വിഭാവന ചെയ്തിട്ടുള്ളത്. അതിൽ ഉച്ചം സ്വാഭാവികമായും അധികാരക്ഷേത്രങ്ങളോടു ചേർന്നു നില്ക്കുന്നവ തന്നെ. അതിനാൽ അവയുടെ ഭാവനാമണ്ഡലത്തെ വരേണ്യജനപ്രിയം എന്നു പറയാം. മലയാളവും സംസ്കൃതവും തമിഴും കലർന്ന ഒരു കൃത്രിമഭാഷ, ജനപ്രിയാഖ്യാനങ്ങളിൽ മാന്ത്രികനോവലുകളിൽ മാത്രം കാണുന്ന ഭാഷ, അവയിൽ വ്യാപകമായി കാണാം.

എഴുത്തുകാരന്റെ തികച്ചും കാല്പനികമായ ഭാവനാലോകത്തിന് ഭാഷയിലൂടെ മൂർത്തത കൈവരുന്നത് മാന്ത്രികനോവലിൽ കാണാം. മനുഷ്യജ്ഞേയമല്ലാത്ത സംഭവപരമ്പരകളെ പ്രമേയത്തിനകത്തേക്ക് കൊണ്ടുവന്ന് ഭ്രമാത്മകമായ ആഖ്യാനരീതിയാൽ അത്തരം സംഭവപരമ്പരകളെ വായനക്കാർക്കു മുന്നിൽ അവതരിപ്പിക്കുന്ന രീതിയാണ് അവയിലുള്ളത്. പ്രതീതിയാഥാർത്ഥ്യം സൃഷ്ടിക്കുന്ന കലാനുഭവമാണ് മാന്ത്രികനോവൽ മുന്നോട്ടുവെയ്ക്കുന്നത്. മനുഷ്യാനുഭവത്തിന്റെ ചെറുകണികപോലും ഇതിവൃത്തത്തിലില്ലെങ്കിലും കലാപരമായ സത്യസന്ധതയാൽ അവാസ്തവികമായ ലോകത്തെ വാസ്തവികമായി അനുഭവിപ്പിക്കാനുള്ള സവിശേഷസിദ്ധി മാന്ത്രികനോവലിസ്റ്റുകൾക്ക് കരഗതമാണ്. സാധാരണ വായനക്കാരുടെ സ്വപ്നസഞ്ചാരമാണ് മാന്ത്രികനോവൽ

എന്നു പറയാം. വിശ്വാസവും യുക്തിയും നേർക്കുനേരെ നിർത്തി യുക്തിയേക്കാൾ വിശ്വാസങ്ങൾ ജീവിതത്തിൽ ബലിഷ്ഠമാണെന്ന് നോവലിസ്റ്റുകൾ ഇവിടെ പറയാൻ ശ്രമിക്കുന്നുണ്ട്. അതിനിടയിൽ വിശുദ്ധി കല്പിക്കപ്പെടുന്ന ചില മനുഷ്യരൂപങ്ങളെ കാണാം. മനുഷ്യത്വത്തെ മഹത്വവത്കരിക്കുന്നതിനുവേണ്ടി അത്തരം കഥാപാത്രങ്ങൾക്ക് അമാനുഷികസിദ്ധികൾ ആരോപിക്കുന്നത് സർവ്വസാധാരണമാണ്. കൃത്രിമമായ ജീവിതപശ്ചാത്തലം സൃഷ്ടിക്കുന്നതിലൂടെ ഭാവുകത്വപരമായി ഋജുവാണ് മാന്ത്രികനോവൽ. ദാർശനികഭാരമില്ലാതെ, ആധുനികജീവിതപ്രശ്നപരിസരത്തിന്റെ സൈദ്ധാന്തിക അടിത്തറയൊന്നുമില്ലാതെ ഭാവുകത്വപരമായി നോവലിനെ ജനപ്രിയമാക്കി തീർക്കുന്നതിൽ മാന്ത്രികനോവൽ വിജയിച്ചുവെന്നു പറയാം.

പ്രാദേശികരചനാമൂലകങ്ങൾ ഉപയോഗിക്കുന്നതു നിമിത്തം ചില നോവലുകൾക്ക് തനിക്കേരളീയമുഖം, ഭാഷാപരമായി ലഭിക്കുന്നുണ്ട്. ഭാഷാതലത്തിലെ നാടകീയതയും ദൃശ്യപരതയും ഒന്നാം ഘട്ടത്തിൽനിന്ന് രണ്ട്, മൂന്ന് എന്ന ക്രമത്തിൽ വർദ്ധിച്ചുവരുന്നതായി കാണാം. ജനപ്രിയാഖ്യാനങ്ങളുടെ പൊതുരീതിയായ സുഗമതയും ഋജുത്വവും ഇവ കാത്തുസൂക്ഷിക്കുന്നു. ലൈംഗികത പോലുള്ള വിഷയങ്ങളെ ഭാഷയുടെ ആലങ്കാരികഘടനയ്ക്കുള്ളിൽ ഒളിപ്പിച്ച് നോവലിസ്റ്റുകൾ അവതരിപ്പിക്കുന്നു. വായനക്കാരെ ഒരുതരത്തിൽ ഒളിഞ്ഞുനോട്ടക്കാരായി മാറ്റുന്ന കലാതന്ത്രമാണത്. വിഭൂഷിതഭാഷ(Ornamented Language)യുടെ ഉള്ളിലൂടെ ഈ തന്ത്രം സമർഥമായി മാന്ത്രികനോവലിസ്റ്റുകൾ ഉപയോഗിക്കുന്നു.

## അദ്ധ്യായം 5

# സമൂഹം,
# ചരിത്രം,
# രാഷ്ട്രീയം

## 5. 0. ആമുഖം

എഴുത്തുകാരന്റെ സാമൂഹികവീക്ഷണവും ലോകബോധവും രാഷ്ട്രീയവും നോവലിൽ ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷപ്പെട്ടേക്കാം. നോവലിലുള്ള കർതൃത്വം ആവിഷ്കർത്താവിന്റേതാകണമെന്ന നിഷ്കർഷ ഇല്ലതാനും. പരീക്ഷണാത്മകതയാണ് ഓരോ രചനയെയും വ്യത്യസ്തമാക്കുന്ന ഘടകങ്ങളിലൊന്ന്. ഔദ്യോഗികചരിത്രങ്ങളെ അട്ടിമറിക്കുക എന്ന നിയോഗമാണ് പലപ്പോഴും നോവലിനുള്ളത്. മറ്റു സാഹിത്യരൂപങ്ങളെക്കാൾ നോവലിന് അപരങ്ങളെ ഉൾക്കൊള്ളാനും വിവരിക്കാനും കഴിഞ്ഞിട്ടുണ്ട്. അധിനിവേശത്തിന്റെയും സാമ്രാജ്യത്വത്തിന്റെയും സന്ദർഭത്തിലാണ് ഇന്ത്യയിൽ നോവൽ ഉരുത്തിരിയുന്നത്. ചരിത്രവൈജാത്യവും സാംസ്കാരികഭൂമിശാസ്ത്രവും ആഖ്യാനപാരമ്പര്യവും ഓരോ ഭാഷയിലും വ്യത്യസ്തപ്പെട്ടു കിടക്കുന്നതിനാൽ ഓരോയിടത്തും നോവൽ വ്യത്യസ്തമായ സംസ്കാരത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. സംസ്കാരത്തിന്റെ സങ്കീർണ്ണമായ രാഷ്ട്രീയപശ്ചാത്തലത്തിൽ വേണം നോവലിന്റെ സ്വീകാര്യതയെ നിർണയിക്കേണ്ടത്. യഥാർത്ഥലോകത്തിന്റെ പ്രതിച്ഛായയെന്നു തോന്നിക്കത്തക്കവണ്ണം സ്ഥലകാലവർണ്ണന ചെയ്തു സംഭവങ്ങളെ ഘടിപ്പിച്ചും ജനസാമാന്യത്തിന് പൂർവ്വാധികം ലോകപരിചയം സമ്പാദിക്കുവാൻ ഉതകുന്നതുമായ സാഹിത്യരൂപമാണ് നോവൽ (എം. പി. പോൾ, 1963: 43).

## 5. 1. മാന്ത്രികനോവലിലെ സമൂഹം, ചരിത്രം, രാഷ്ട്രീയം

മാന്ത്രികനോവൽസ്വരൂപം സംസ്കാരത്തെ പലമാതിരി ആവിഷ്കരിക്കുന്നുണ്ട്. പൊതുജീവിതമണ്ഡലത്തിനകത്താണ് എല്ലാ നോവൽസംവർഗങ്ങളും പ്രവർത്തിക്കുന്നത്. മാന്ത്രികനോവലിനുള്ളിലെ സമൂഹം, ചരിത്രം, രാഷ്ട്രീയം എന്നിവയുടെ അന്വേഷണത്തിലൂടെ ഒരു പ്രതിലോകം/സമാന്തരലോകം എങ്ങനെയാണ് അവയിൽ ഉള്ളടങ്ങിയിരിക്കുന്നതെന്ന് കണ്ടെത്താവുന്നതാണ്. ദാർശനികപാരമ്പര്യമുള്ള നോവലുകൾ

ധാരാളമായി എഴുതിക്കൊണ്ടിരുന്ന കാലത്തുതന്നെയാണ് മലയാളത്തിൽ സമാന്തരമായി മാന്ത്രികനോവൽ ഉദയം കൊള്ളുന്നത്. ജനപ്രിയാഖ്യാനരൂപമായ മാന്ത്രികനോവൽ ഗോപ്യമാക്കപ്പെട്ട സമൂഹമനസ്സിനെയാണ് അഭിസംബോധന ചെയ്യുന്നത്. കല്പിതമായ കഥാതന്തുവിനെ പ്രതീതിയാഥാർത്ഥ്യമികവോടെ ആവിഷ്കരിക്കുന്നതിനുള്ള ശ്രമം മാന്ത്രികനോവലെഴുത്തുകാരിൽ കാണാം. തിരഞ്ഞെടുത്ത മലയാള മാന്ത്രികനോവലുകളിലെ സമൂഹം, ചരിത്രം, രാഷ്ട്രീയം എന്നീ ഘടകങ്ങൾ പരിശോധിച്ച് അവയെ വിമർശനാത്മകമായി സമീപിക്കാനും അപഗ്രഥിക്കാനുമാണിവിടെ ശ്രമിക്കുന്നത്.

### 5. 1. 1. സമൂഹം

വ്യക്തികളുടെ സവിശേഷമായ കൂട്ടായ്മയാണ് സമൂഹം. അമ്പരിപ്പിക്കുന്ന വൈവിധ്യമുള്ളവരാണ് വ്യക്തികൾ എന്നതിനാൽ സങ്കീർണ്ണബന്ധങ്ങളുടെ ശൃംഖലയായി നിലകൊള്ളുന്ന സമൂഹത്തെ എളുപ്പത്തിൽ ഒരു നിർവചനത്തിലാക്കുക പ്രയാസമാണ്. വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളാൽ ക്രമീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെയും ഘടകങ്ങളുടെയും സംഘാതമാണ് സമൂഹം. കൂടുതൽ വ്യക്തമാക്കിയാൽ സവിശേഷസംസ്കാരവും സ്ഥാപനഘടനയും കൊണ്ട് നിയന്ത്രിക്കപ്പെടുന്ന പരസ്പരവിനിയമുള്ള വ്യക്തികളുടെ ഏറെക്കുറെ തുടർച്ചയായ ബന്ധം കൂടിയാണ് സമൂഹം.

ഒട്ടേറെ ആളുകൾ പരസ്പരം ബന്ധപ്പെട്ട് താമസിക്കുന്നതും അവരുടെ ബന്ധങ്ങളും സ്ഥാപനങ്ങളും അടങ്ങിയ ഘടനയാണ് സമൂഹത്തിനുള്ളത്. വ്യക്തിഭിന്നമായി സമൂഹമോ, സമൂഹഭിന്നമായി വ്യക്തിയോ ഇല്ല. സമൂഹത്തിൽ നിന്ന് വേർപെട്ടാൽ വ്യക്തിയ്ക്ക് അസ്തിത്വം തന്നെയുണ്ടാകില്ലെന്നാണ് സാമൂഹ്യശാസ്ത്രകാരന്മാരുടെ യുക്തി. ഒരു പൊതുസമൂഹത്തിനകത്തുതന്നെ വിരുദ്ധമോ വ്യത്യസ്തമോ ആയ സ്വഭാവങ്ങളോടുകൂടിയ അനേകം കൂട്ടായ്മകളുണ്ടാകും. മതം, ജാതി, വിദ്യാഭ്യാസം എന്നിവ ഉപസമൂഹരൂപീകരണത്തിന് കാരണമാണ് ഇങ്ങനെ വൈരുദ്ധ്യാത്മകമായ വ്യക്തികളുടെയും കൂട്ടായ്മകളുടെയും ആകെ തുകയായാണ് സമൂഹം നിലനിൽക്കുന്നത്. അതുകൊണ്ട് സമൂഹ-

ത്തിന്റെ നിലനില്പുതന്നെ എപ്പോഴും വ്യക്തിത്വങ്ങളിലോ ഉപസമൂഹങ്ങളിലോ ഉണ്ടാകുന്ന വൈരുദ്ധ്യാത്മകസംഘർഷങ്ങളിലൂടെയായിരിക്കും. ഒരേസമയം നിശ്ചലവും പരിണാമിയുമായിരിക്കുക എന്നതാണ് സമൂഹത്തിന്റെ അവസ്ഥ. സമൂഹത്തിന്റെ ഘടനയ്ക്കും നിയമത്തിനും പുറത്തു കടക്കാനുള്ള അഭിവാഞ്ഛ വ്യക്തിസഹജമാണ്. താൻ ജീവിക്കുന്ന സമൂഹത്തെ തന്റെ സങ്കല്പങ്ങൾക്കനുസരിച്ച് പുതുക്കാനുള്ള താത്പര്യം വ്യക്തികൾക്കുണ്ടായിരിക്കും. ഇതു സംഘർഷത്തിനു കാരണമാകും. ഇത്തരം സംഘർഷത്തിന്റെ ശക്തിയും വൈവിധ്യവും വർദ്ധിക്കുന്നതിനനുസരിച്ച് സമൂഹം അതിന്റെ നീതിബോധങ്ങളും സദാചാര സങ്കല്പങ്ങളും കൊണ്ട് വ്യക്തികളുടെ സ്വതന്ത്രേച്ഛയെ തന്നെ പരിവർത്തിപ്പിക്കുന്നു.

ചരസ്വഭാവമുള്ള കൂട്ടായ്മയാണ് സമൂഹം. സ്ഥലം, കാലം, സന്ദർഭം എന്നിവയ്ക്കനുസരിച്ച് അതു മാറ്റത്തിന് വിധേയമാകുന്നുണ്ട്. ചരിത്രപരമായ വിശകലനത്തിലൂടെ മാത്രമേ സമൂഹത്തെ വിലയിരുത്താനാകൂ. നിശ്ചിതമായ ഒരു ഘടനയും സ്വഭാവമുണ്ട്, സമൂഹത്തിന്. അതതുകാലത്തു രൂപപ്പെടുന്ന രാഷ്ട്രീയപ്രത്യയശാസ്ത്രങ്ങൾക്കനുസരിച്ച് അതിന്റെ സ്വഭാവവും ഘടനയും മാറ്റത്തിന് വിധേയമാകുന്നുണ്ട്. ഈ മാറ്റത്തിനു കാരണമായി പ്രവർത്തിക്കുന്ന ഘടകങ്ങൾ പലതാണ്. ജാതി, മതം, വർഗബോധം, സാമ്പത്തികസ്ഥിതി, മൂല്യങ്ങൾ, രാഷ്ട്രത്തിന്റെ ഭരണഘടനാമൂല്യങ്ങൾ, സാമൂഹ്യമൂല്യങ്ങൾ, വിനിമയബന്ധങ്ങൾ എന്നിവയാണ് അവയിൽ പ്രധാനം.

മതപൗരോഹിത്യ ആത്മീയമേഖലകൾ സമൂഹരൂപീകരണത്തിൽ സ്വാധീനം ചെലുത്തുന്നുണ്ട്. വരേണ്യകീഴാള ബോധത്തിനതിൽ പങ്കുണ്ട്. സാമൂഹികജീവിതം എന്നത് ഒരർത്ഥത്തിൽ പ്രത്യയശാസ്ത്രരൂപീകരണത്തിന്റെ ഫലമാണ്. പ്രത്യയശാസ്ത്രങ്ങളാകട്ടെ സമൂഹത്തിന്റെ അധികാരകേന്ദ്രത്തിൽ നിന്നും രൂപപ്പെട്ടവയുമാണ്. സാഹിതീയവും വൈജ്ഞാനികവുമായ ഉറവിടങ്ങളിൽ ഇത് അന്വേഷിച്ചു കണ്ടെത്താനാകും. ചരസ്വഭാവമുള്ള സമൂഹത്തെ ഒരു നിയന്ത്രിതചട്ടക്കൂട്ടിൽ ഒതുക്കാനുള്ള സംവിധാ-

നം ചരിത്രപരമായി എല്ലാ സമൂഹത്തിലും നടന്നിട്ടുണ്ട്. അതിനു വഴിയൊരുക്കിയ സർഗ്ഗാത്മകപ്രവർത്തനം എന്ന നിലയിൽ സാഹിത്യം ഓരോ ചരിത്രത്തിന്റെയും ഭാഗമായി തീർന്നിരിക്കുന്നു. താഴെ പറയുന്ന ഘടകങ്ങൾ ഒരുസമൂഹത്തിൽ അന്തർഹിതവും അന്തർലീനവുമായവയാണ്.

1. ഒരു സമൂഹത്തിന്റെ ഘടന മാറ്റത്തിനു വിധേയമാകുന്നതും മാറ്റം ഉൾക്കൊള്ളുന്നതുമാണ്.

2. പാരമ്പര്യവും ചരിത്രവും നിലനിർത്താൻ പറ്റുന്ന ഒരു ഘടനയുണ്ടതിന്

3. വൈവിധ്യങ്ങളുടെ സമാഹൃതരൂപമാണത്.

4. വ്യത്യസ്തസാമൂഹിക ഘടകങ്ങളുടെ വൈജാത്യങ്ങൾ ഒത്തുകൂടുന്ന ഒരു സമാഹൃതരൂപം ഒരു സമൂഹത്തിനുണ്ട്. വസ്തുപശ്ചാത്തലബന്ധത്തോടു കൂടിയ ഘടനയാണ് (ground figure) അതിനുള്ളത്.

5. പുരഃക്ഷേപണസ്വഭാവം (foregrounding) പുലർത്തുന്നുണ്ട്.

6.സാമ്പത്തികം/രാഷ്ട്രീയം/മതം/ജാതി/ അധികാരം തുടങ്ങിയ പരിപ്രേക്ഷ്യങ്ങളിലൂടെ സാമൂഹികഘടകങ്ങളെ പുരഃക്ഷേപണം ചെയ്യാൻ സാധിക്കും.

7. സമൂഹത്തിന്റെ സാമാന്യബോധത്തിൽ നിലകൊള്ളുന്ന പൊതുസ്വഭാവത്തെ പുരസ്കരിച്ചാണ് സമൂഹത്തെ നിർണ്ണയിക്കേണ്ടത്.

8. മാറിവരുന്ന പ്രത്യയശാസ്ത്രങ്ങളുടെ രൂപീകരണഫലമായാണ് സമൂഹത്തിന് മാറ്റം സംഭവിക്കുന്നത്. സമൂഹത്തിനകത്താണ് വ്യവഹാരരൂപീകരണം നടക്കുന്നത്.

9. പുറമെ ലളിതമെങ്കിലും ആഭ്യന്തരമായി സങ്കീർണ്ണതകൾ നിലനില്ക്കുന്ന ഒന്നാണ് സമൂഹം.

10. മേധാവിത്വധർമ്മം (Master Morality), വിധേയത്വധർമ്മം (Slave Morality) ഉൾക്കൊള്ളുന്ന കൂട്ടായ്മയുടെ സങ്കരസ്വഭാവമാണ്. അതുകൊണ്ട് ഓരോ സമൂഹവും അതിനുള്ളിൽ ആ അധികാരത്തിനുള്ളിൽ ആണ് നിൽക്കുന്നത് (നീച്ചെ, 1957: 9).

മാന്ത്രികനോവൽ ചരിത്രപരമായി കേരളീയസമൂഹത്തെയും ഭാവുകത്വത്തെയും വരേണ്യമേലാളസംസ്കൃതിയെയും അടയാളപ്പെടുത്തുന്നു. മലയാളിസമൂഹരൂപീകരണ-

ത്തെ കുറിച്ചുള്ള അടിസ്ഥാനപരമായ ധാരണകളും അവയുത്പാദിപ്പിക്കുന്ന ആധികളുമാണ് നോവലിന്റെ ഇതിവൃത്തഘടനയുടെ സ്വഭാവത്തെ നിർണ്ണയിക്കുന്നത്. ദേശം, അധിനിവേശം, രാഷ്ട്രഭരണകൂടം പൊതുമണ്ഡലം, പൗരസമൂഹം ദേശീയതയുടെ കീഴാളവും വരേണ്യവുമായ രൂപങ്ങൾ തുടങ്ങിയ സങ്കല്പനങ്ങൾ നോവൽ പഠനത്തിന് ആധാരമാക്കാവുന്നതാണ്. തമസ്കരിക്കപ്പെട്ട സാമൂഹ്യജീവിതാനുഭവങ്ങളെ വീണ്ടെടുക്കാൻ മേൽപ്പറഞ്ഞ ഘടകങ്ങളെ സൂക്ഷ്മമായി വിലയിരുത്തേണ്ടതുണ്ട്.

### 5. 1. 2. ചരിത്രം

സമൂഹത്തിന്റെ രണ്ടു പ്രതലങ്ങളാണ് ചരിത്രവും സംസ്കാരവും. ഒരു സമൂഹം രൂപപ്പെടുന്നത് ചരിത്രാത്മകമായും നിലനില്ക്കുന്നത് സാംസ്കാരികമായുമാണ്. അതുകൊണ്ട് ചരിത്രപരമായ വിശകലനം സാംസ്കാരികഘടകങ്ങളെ പ്രധാനമായി സ്വീകരിച്ചുകൊണ്ടാണ് നടത്താറുള്ളത്. സമൂഹത്തിന്റെ രൂപീകരണവും നിലനില്പും സ്ഥലകാലങ്ങളുടെ നൈരന്തര്യത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് സംഭവിക്കുന്നത്. അതുകൊണ്ട് സംസ്കാരത്തിന്റെ ഘടനയെ രൂപപ്പെടുത്തുന്ന പ്രധാന സാമഗ്രികൾ ചരിത്രത്തിലുൾപ്പെടുന്നു. ഒരു സമൂഹത്തിന് വിവിധ കാലങ്ങളിലുണ്ടാകുന്ന ചരിത്രഘടനങ്ങളിലൂടെയാണ്. ഈ സന്ദർഭങ്ങളെ വിശകലന വിധേയമാക്കുമ്പോൾ ഒരു സമൂഹത്തിന്റെ വളർച്ച വികസനഘട്ടങ്ങൾ വിലയിരുത്താൻ സഹായിക്കും. ഉദ്ദേശ്യപരതയും ലക്ഷ്യബോധവും ഉള്ളടങ്ങിയ ഒരു പ്രത്യയശാസ്ത്രം സമൂഹത്തെ സംബന്ധിച്ച വികസന കാഴ്ചപ്പാടിൽ ഉള്ളടങ്ങിയിട്ടുണ്ട്. ഇത് പരിശോധിക്കാൻ ചരിത്രം അത്യാവശ്യമാണ്.

സ്ഥലകാലഘടനകൊണ്ട് രൂപപ്പെടുന്ന സ്ഥലകാലബന്ധങ്ങളെ മുൻനിർത്തിയുള്ള പരികല്പനമാണ് ചരിത്രം. പ്രാകൃതം, പ്രാചീനം, ആധുനികം, ഉത്തരാധുനികം എന്നിങ്ങനെയുള്ള ശ്രേണീകരണം കലാത്മകമായി ചരിത്രത്തിലുണ്ട്. അത് പ്രത്യയശാസ്ത്രപരമായി രൂപം കൊണ്ടതാണ്. മനുഷ്യജീവിതം അതിന്റെ ക്രമത്തെ അടിസ്ഥാനമാക്കിയുള്ള വർഗ്ഗീകരണവും മറ്റൊരുതരം വർഗ്ഗീകരണവുമുണ്ട്. ഭക്ഷണം, താമസം

തുടങ്ങിയവ. മറ്റൊന്ന് വേട്ടയാടലും. പൊതുസാമൂഹ്യവ്യവസ്ഥിതിയുടെ ചരിത്രം സാംസ്കാരികമായ മനുഷ്യന്റെ വളർച്ചാഘട്ടത്തെ മുൻനിർത്തിയുള്ളതാണ്. സംസ്കാരത്തിന്റെ അടിസ്ഥാനവും അത് രൂപപ്പെടുത്തുന്നതും ചരിത്രമാണ്.

ഉത്തമ-അധമ-വരേണ്യ-കീഴാള സംസ്കാര നിലപാടുകളെ നിർണ്ണയിക്കുന്നതിൽ ചരിത്രത്തിനു പങ്കുണ്ട്. ചരിത്രം രൂപപ്പെടുന്നത് സ്വാഭാവികമാണ്. അതിന്റെ നിർമ്മിതി നടക്കുന്ന അധികാരം പ്രത്യയശാസ്ത്രപരമാണ്. അതുകൊണ്ട് സമൂഹത്തിന്റെമേൽ കീഴ് ബന്ധങ്ങളെ പഠിക്കാനുള്ള പ്രധാന ഉപാധിയാണ് ചരിത്രം. ചരിത്രം സമൂഹത്തിന്റെ അടിസ്ഥാനവർഗ്ഗത്തെ സംബോധന ചെയ്യുമ്പോൾ നിർമ്മിതി അധികാരവർഗത്തെ അഭിസംബോധന ചെയ്യുന്നു. അതുകൊണ്ട് കേരള ചരിത്രനിർമ്മിതിക്ക് ആധാരശിലയായി വർത്തിച്ച പരമ്പരാഗതവും യാഥാസ്ഥിതികവുമായ ചരിത്രനിർമ്മിതി പ്രത്യയശാസ്ത്രമാണ്. അതുകൊണ്ട് തന്നെ പ്രഭുക്കൾ, വൈദികർ, രാജാക്കന്മാർ, പുരോഹിതർ എന്നിവരുടെ മേലാള ജീവിതങ്ങളുടെ പ്രതിനിധാനങ്ങളാണ് കേരളത്തിന്റെ ചരിത്രം. ചരിത്രത്തിൽ വ്യത്യസ്തമായ കർത്തൃത്വങ്ങളുണ്ട്. ഒരു സമൂഹം രൂപം കൊള്ളുന്നതിനു പിന്നിൽ ഘടകങ്ങൾ/ ഉപഘടകങ്ങൾ ഉണ്ട്. വൈവിധ്യം നിറഞ്ഞ ഘടകങ്ങളുടെ കൂട്ടായ്മയാണ് സമൂഹം. അതിനാൽ ചരിത്രം വിശകലനത്തിനുള്ള എളുപ്പമാർഗ്ഗം സാമൂഹിക വിശകലനമാണ്. പ്രസ്തുത പരിപ്രേക്ഷ്യത്തിൽ ചരിത്രഘടകങ്ങളെ താഴെ പറയുന്നു. 1. മതം, 2. ജാതി, 3. വർഗ്ഗം. 4. സമ്പത്ത്, 5. അധികാരം, 6. മൂല്യങ്ങൾ, 7. അധിനിവേശ ആധിപത്യപ്രവണതകൾ.

### 5. 1. 3. രാഷ്ട്രീയം

രാഷ്ട്രീയം എന്ന വാക്കിന് ലോകവീക്ഷണം (World View)എന്ന അർഥമാണ് ഇവിടെ കല്പിക്കേണ്ടത്. സാമൂഹികവും ചരിത്രപരവുമായ ഉള്ളടക്കങ്ങൾ പൂർണ്ണമാകുന്നത് അതിന്റെ രാഷ്ട്രീയ പരിസരത്താണ്. സാമൂഹികവും ചരിത്രപരവുമായ ധർമ്മങ്ങൾ രൂപീകരിക്കുന്ന പ്രത്യയശാസ്ത്രമാണ് രാഷ്ട്രീയം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മനു-

ഷ്യന്റെ സാമൂഹികപ്രപഞ്ചത്തെ അതിലടങ്ങിയിട്ടുള്ള ഭൗതികസംവിധാനങ്ങൾ, ബന്ധങ്ങൾ, മനുഷ്യാവസ്ഥ, വൈരുദ്ധ്യങ്ങൾ, ചാലകശക്തികൾ എന്നിങ്ങനെയുള്ള ഘടകങ്ങളുടെ സംഘാതമെന്ന നിലയിൽ മനസ്സിലാക്കാവുന്നതാണ്. സമൂഹത്തെ വ്യ-വസ്ഥാപരമായി കാണുകയും സാഹിത്യത്തെ വ്യവസ്ഥയിൽ അധീശത്വം പുലർത്തുന്ന പ്രത്യയശാസ്ത്രവേദിയായി മനസ്സിലാക്കുകയും ചെയ്യുന്ന വിശകലനപദ്ധതിയാണ് രാ-ഷ്ട്രീയസമീപനം.

ഒരു സാമൂഹ്യവ്യവസ്ഥയുടെ പ്രത്യയശാസ്ത്രം എന്നത് ആ വ്യവസ്ഥയിലെ മനു-ഷ്യബന്ധങ്ങളെക്കുറിച്ചുള്ള യാഥാർഥ്യത്തെ ഒളിപ്പിച്ചുവയ്ക്കുന്നതാണ്. യാഥാർഥ്യത്തെ മറച്ചുവച്ചു കൊണ്ട് അയഥാർഥപരിസരത്തെ അവ വ്യാഖ്യാനക്ഷമമാക്കുന്നു. സാമൂഹി-കയാഥാർഥ്യം മറ്റൊന്നായിരിക്കെ അവയുടെ നിരാസവും വളച്ചൊടിക്കലുമാണ് പ്രത്യ-യശാസ്ത്രപരമായ ക്രിയകളിൽ അടങ്ങിയിരിക്കുക. ഇങ്ങനെ മറച്ചുപിടിക്കേണ്ടി വരുന്ന-തുകൊണ്ട് സത്യത്തിന്റെ ബദൽ രൂപമാണ് സാഹിത്യത്തിൽ സൃഷ്ടിക്കപ്പെടുന്നത്. നി-ലവിലെ കേവലയാഥാർഥ്യത്തിന്റെ മറ്റൊരു പാഠരൂപമാണ് സാഹിത്യത്തിൽ ലഭിക്കു-ന്നത്.

യാഥാർഥ്യത്തിന്റെ പ്രത്യയശാസ്ത്രപരമായ പുനരുത്പാദനം സാധ്യമാക്കിക്കൊ-ണ്ട് സാഹിത്യം സാമൂഹികവ്യവസ്ഥയെ ശക്തിപ്പെടുത്തുന്നു. സാഹിത്യം ഉൾക്കൊള്ളു-ന്ന ബന്ധങ്ങളെ അർത്ഥവത്താക്കുകയും മഹത്വവത്കരിക്കുകയും ചെയ്യുന്നത് വ്യവ-സ്ഥിതിയുടെ പുനരുല്പാദനത്തിന് വഴി തെളിക്കുന്നു. യഥാർത്ഥത്തിൽ സാഹിത്യം സത്യത്തിന്റെ പാഠഭേദങ്ങൾ സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. മലയാളമാന്ത്രികനോവൽ ഇത്തരത്തിൽ സാമൂഹ്യഘടനയെ പുനഃസൃഷ്ടിക്കുകയാണ്. എഴുത്തുകാരനെ അയാൾ അറിയാതെ ആവേശിക്കുന്ന അനേകം ഉപാധികൾ ഒരു സമൂഹവ്യവസ്ഥിതിയുടേതാ-യിട്ടുണ്ട്. ഇതിൽ ഓരോന്നും വ്യവസ്ഥയുടെ നിലനില്പ് ഉറപ്പുവരുത്തുന്ന, വ്യവസ്ഥയുടെ പുനരുത്പാദനം സുഗമമാക്കുന്ന ഉപാധികളാണ്. സമൂഹത്തിന്റെ സൗന്ദര്യസങ്കല്പ-

ങ്ങൾ, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണകൾ സാഹിത്യ-ത്തിൽ പുനഃസൃഷ്ടിക്കുകയാണ് ചെയ്യുന്നത്. ഈ സാമൂഹ്യഘടകങ്ങൾ എഴുത്തുകാരനിൽ അബോധപൂർവ്വമായോ ബോധപൂർവ്വമായോ കടന്നുവരാം. ഇതിനെക്കുറിച്ച് ടെറി ഈഗിൾടൺ, റെയ്മണ്ട് വില്യംസ് തുടങ്ങിയവർ പറയുന്നത് സാമൂഹ്യവ്യവസ്ഥയുടെ സമ്മർദ്ദത്തിൽ നടക്കുന്ന ഒരുതരം ഓടിമറിച്ചിൽ(occult) എന്നാണ് (സി. ജെ. ജോർ-ജ്ജ് (എഡി.), 1996: 140). അധികാരബന്ധത്തിലധിഷ്ഠിതമായ ശ്രേണീകരണം സമൂ-ഹത്തിന്റെ അടിസ്ഥാനഘടകമാണ്. വർഗങ്ങളുടെയോ കൂട്ടായ്മയുടെയോ ക്രമീകരണ-ത്തോടുകൂടിയ അടരുകൾ ഏതൊരു സമൂഹത്തിലുമുണ്ടാകും. ഒരു സമൂഹത്തിന്റെ സാമൂ-ഹിക ബന്ധങ്ങളുടെയും അധികാരബന്ധങ്ങളുടെയും മേൽകീഴുകളുടെ അടിസ്ഥാനത്തിലു-ള്ള അടരുകളെയാണ് സാമൂഹികശ്രേണീകരണം എന്നതുകൊണ്ടർത്ഥമാക്കുന്നത്. സാമൂഹികബന്ധങ്ങളുടെ സൂക്ഷ്മതലത്തിൽനിന്നാണ് അധികാരം പ്രസരിക്കുന്നത്. സാമൂഹിക, രാഷ്ട്രീയസന്ദർഭങ്ങളിൽ സംഭവിക്കുന്ന മേധാവിത്വം, അസമത്വം, അധി-കാരദുർവിനിയോഗം എന്നിവയും മനസ്സിലാക്കേണ്ടതുണ്ട്. ഭാഷയ്ക്കു പിന്നിൽ പലതര-ത്തിലുള്ള അധികാരം പ്രവർത്തിക്കുന്നുണ്ട്. സാമൂഹികാധികാരം ഉള്ളവർ സംസാരി-ക്കുമ്പോൾ ഉപയോഗിക്കുന്ന ഭാഷയിൽ ആവിർഭവിക്കുന്ന അധികാരമാണത്. ലിംഗം, ജാതി, സമ്പത്ത്, വിദ്യാഭ്യാസം, സാമൂഹികസ്ഥാനം എന്നീ മേഖലകളെ സാധൂകരിക്കു-ന്ന വാക്യപ്രയോഗത്തിൽ അധികാരമുണ്ട്.

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹികാന്തരീക്ഷത്തിൽ പൊതുമണ്ഡലത്തിനുള്ള പ്രസക്തിയും അതുവഴി ഭാഷയിൽ വരുന്ന മാറ്റവും ശ്രദ്ധേയമാണ്. പൊതുമണ്ഡലത്തിന് സ്വാധീനമില്ലാതിരുന്ന ജാതിസംബന്ധമായ ശ്രേണീകരണം നിലനിന്നിരുന്ന കേരള-ത്തിലെ ഭാഷാവ്യവഹാരവും പൊതുമണ്ഡലത്തിന് സ്വീകാര്യത നേടിയ സമകാലിക കേരളീയാവസ്ഥയും മലയാളഭാഷയുടെ തികച്ചും വ്യത്യസ്തമായ രണ്ട് അധികാരഘടന-യെയാണ് പ്രതിനിധാനം ചെയ്യുന്നത്. സാമൂഹികവും സാമ്പത്തികവുമായ ആവശ്യ-ങ്ങൾക്കനുസരിച്ച് ഓരോ അടരിനും ഓരോ മൂല്യസങ്കല്പമുണ്ടാകും. സവർണ്ണർക്ക് ആനു-

ക്കുള്ളമുള്ള മൂല്യസങ്കല്പങ്ങളാണ് കേരളത്തിലെ ആദ്യകാല സാമൂഹികശ്രേണീകരണത്തിൽ ഉണ്ടായിരുന്നത്. ജാതിയുടെ അടിസ്ഥാനത്തിലുള്ള ശ്രേണീകരണമായിരുന്നു ആദ്യകാല കേരളീയ സമൂഹത്തിൽ നിലനിന്നിരുന്നത്. മാന്ത്രികനോവലിൽ സ്ഥലം, കാലം, സാമൂഹ്യസ്ഥിതി, വേഷം, ഭാഷ എന്നിവയോടെല്ലാം ബന്ധപ്പെട്ട ഒട്ടേറെ ഇഴകൾ ചേർന്ന ഒരു ജ്ഞാനമണ്ഡലമുണ്ട്. കല്പിതമായ സംഭവഘടനയിൽ അടങ്ങിയിരിക്കുന്ന മനുഷ്യബന്ധങ്ങളുടെയും ജീവിതപ്രതീതിയുടെയും വൈകാരികവിതാനത്തെ വിശ്വസനീയവും യുക്തിഭദ്രവുമാക്കി മാന്ത്രികനോവൽ വർണ്ണിക്കുന്നു. എഴുത്തുകാരന്റെ അനുഭവലോകത്തിനപ്പുറമുള്ള ഭാവനയുടെ ലോകത്തെ കലാത്മകമായി ആവിഷ്കരിക്കുകയാണ് മാന്ത്രികനോവലിസ്റ്റ് ചെയ്യുന്നത്. ആഖ്യാനത്തിന്റെ വിവരണാത്മകസ്വഭാവത്തിൽ എഴുത്തുകാരന്റെ സ്വത്വം മറയ്ക്കപ്പെടുകയും അതിനപ്പുറത്ത് സാമൂഹികമനഃശാസ്ത്രം ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്നു. സാർവജനീനവും സാർവകാലികവുമായ വൈകാരികാനുഭൂതികളുടെ രൂപമാതൃകകൾ ഇവിടെ ഉത്പാദിപ്പിക്കപ്പെടുന്നുണ്ട്. സവർണഹൈന്ദവസാമൂഹികതയും ബ്രാഹ്മണാധികാരത്തിന്റെ പ്രത്യയശാസ്ത്രപശ്ചാത്തലവും വിചിത്രസമവാക്യങ്ങളായി മാന്ത്രികനോവലുകളിൽ പ്രത്യക്ഷപ്പെടുന്നു.

### 5. 2. മാന്ത്രികനോവലുകളിലെ സമൂഹ-ചരിത്ര-രാഷ്ട്രീയഘടനകൾ

മാന്ത്രികനോവലുകൾ പരിചയപ്പെടുത്തുന്ന സമൂഹത്തിന്റെ ഘടനയും ചരിത്രത്തിന്റെ പാഠരൂപവും രാഷ്ട്രീയധാരണയും ഇഴ തിരിച്ചെടുമ്പോഴാണ് സാംസ്കാരികാന്വേഷണത്തിന് പുതിയൊരു ദിശാബോധം സംജാതമാകുന്നത്. ആരൊക്കെയാണ് ആഖ്യാനത്തിന്റെ കേന്ദ്രത്തിലോ അതിരുകളിലോ സന്നിഹിതരാകുന്നവർ?, ആരൊക്കെയാണ് പിന്നിലോ മറഞ്ഞോ നില്ക്കുന്നവർ?, ആരൊക്കെയാണ് ഈ രചനകളുടെ ഉപഭോക്താക്കൾ, ചരിത്രത്തെ എങ്ങനെയാണ് ഈ ആഖ്യാനങ്ങൾ പരിചരിക്കുന്നത്?, ഇവ ഉത്പാദിപ്പിക്കുന്ന ചരിത്രപാഠങ്ങളുടെ സ്വഭാവമെന്താണ്?, ഈ നോവലുകൾ ഉന്നയിക്കുന്ന രാഷ്ട്രീയമെന്താണ് എന്നീ മട്ടിലുള്ള ചോദ്യങ്ങൾ വളരെ പ്രധാനങ്ങളാണ്.

മാന്ത്രികനോവലുകളുടെ പ്രചലിതതലത്തിലുള്ള അപഗ്രഥനം ഈ പ്രശ്നങ്ങളെയാണ് നേരിടാൻ ശ്രമിക്കുന്നത്.

### 5. 2. 1. അധികാരത്തിന്റെ സാമൂഹികപാഠങ്ങൾ

മാന്ത്രികനോവലുകളിലെ സമൂഹം പല തലങ്ങളിലുള്ള അധികാരബന്ധങ്ങളാലും അധീശത്വഘടനകളാലും സങ്കീർണമാണ്. അതുകൊണ്ടുതന്നെ അവയിൽ പ്രതിഷേധങ്ങളുടെയും പ്രതിരോധയുക്തികളുടെയും സാന്നിധ്യം ശക്തമായി കാണാം.

മലയാളത്തിലെ ആദ്യത്തെ മാന്ത്രികനോവലെന്ന വിശേഷണത്തിനർഹമായ നോവലാണ് മോഹനചന്ദ്രന്റെ കലിക. ആര്യയെന്ന പെൺകുട്ടിയുടെ കലികയിലേക്കുള്ള പരിണാമവും പ്രതികാരനിർവഹണവും മാന്ത്രികപാരമ്പര്യത്തിലൂന്നി നോവലിൽ ആവിഷ്കരിക്കുന്നു. ആഢ്യം/കീഴാളം, നാഗരികം/ഗ്രാമീണം, സവർണം/അവർണം എന്നിങ്ങനെയുള്ള അനേകം ദ്വന്ദ്വസമൂഹങ്ങളെ നോവലിൽ അവതരിപ്പിക്കുന്നുണ്ട്. സ്ത്രീയുടെ മുറിവേറ്റ അഭിമാനത്തിന് ലഭിക്കാവുന്ന സ്മാരകമാണ് കലിക. നിഗൂഢതയുടെ സൗന്ദര്യം ഉള്ളടക്കുന്ന, നാടകീയഭാഷയിലെഴുതിയ ഈ നോവലിൽ മരണവും പ്രണയവും ഇഴചേർന്നു കിടക്കുന്നു. സദൻ, സഖറിയ, ജമാൻ, ജോസഫ് എന്നീ നാലു സുഹൃത്തുക്കളുടെ ജീവിതത്തിന്റെയും സൗഹൃദത്തിന്റെയും കഥ അപസർപ്പകഭാവനയിൽ ആഖ്യാനം ചെയ്തിരിക്കുന്നു, ഇവിടെ. ദുരൂഹസാഹചര്യത്തിൽ മരണമടയുന്ന മംഗലത്ത് കാരണവരും ഭാര്യയും കഥയുടെ കേന്ദ്രസ്ഥാനത്തുനില്ക്കുന്നു. അനാഥനായ മകനെയും കൊണ്ട് അമ്മാവൻ നാടുവിടുന്നു. അന്നുമുതൽ ഭയത്തിന്റെയും ഭീകരതയുടെയും ആവാസകേന്ദ്രമായി മാറിയ മംഗലത്ത് വീട്. വർഷങ്ങൾക്കുശേഷം മംഗലത്ത് വീടിന്റെ രഹസ്യങ്ങളുടെ ചുരുളഴിക്കാൻ എത്തുന്ന സദനും കൂട്ടുകാരും അവിചാരിതമായ ദുരന്തങ്ങളിലൂടെ കടന്നുപോകുന്നു. സ്വന്തം തറവാട്ടിൽനിന്നു പീഡനങ്ങൾ ഏറ്റുവാങ്ങേണ്ടിവന്ന ആര്യയെന്ന പെൺകുട്ടിയുടെ അതിജീവനത്തിന്റെ കഥകൂടിയാണ് കലിക. കന്യാകാത്വം വലിച്ചുകീറിയ പിതൃതുല്യനായവനോടുള്ള പ്രതികാരവും പകയും വളർന്ന് സർവ്വ-

പുരുഷന്മാരോടുമുള്ള പകയായി മാറി, ശക്തിയുടെ പ്രതീകമായി, ആഭിചാരകർമ്മങ്ങളുടെ കൂട്ടുകാരിയായി കലിക നോവലിൽ നിറയുന്നു. ബ്രാഹ്മണസദാചാരത്തിന്റെ അപ്രമാദിത്വവും ലൈംഗികവിധിത്തീർപ്പും രതിഭാവനയും സ്ത്രീയെ നിർണയിച്ച ഒരു കാലഘട്ടത്തിന്റെ ചലനങ്ങൾ നോവലിൽ കാണാം. സ്ത്രീയെ പുരുഷന്റെ കാമപൂർത്തീകരണത്തിനുള്ള ഉപാധിയായി മാത്രം കണ്ടിരുന്ന സവർണ്ണസമൂഹബോധത്തെ നോവൽ വെല്ലുവിളിക്കുന്നു. ഭൂസ്വത്ത് അധികാരത്തെ നിർണയിച്ചിരുന്ന കാലത്തെയാണ് 'കലിക' പ്രതിനിധാനം ചെയ്യുന്നത്. നോവലിലെ മംഗലത്ത് വീട് കേരളത്തിലെ ഇന്നലെയുടെ ചരിത്രപശ്ചാത്തലത്തിന്റെ ബലിഷ്ഠമായ ചിലയിടങ്ങൾകൊണ്ട് അടയാളപ്പെടുത്തിയിരിക്കുന്നു. ഈഴവസാമൂഹ്യപരിവർത്തനചരിത്രത്തിൽ മായാത്ത മുദ്രപതിപ്പിച്ച രണ്ട് തലമുറയെ പെറ്റെടുത്ത ഈറ്റില്ലം (1981: 22) എന്ന പരാമർശം നോക്കുക. 1940-ലെ സി. പി.യുടെ വേട്ടക്കാലത്ത് മാളികയിൽ പലനേതാക്കളും ഒളിച്ചു താമസിച്ചിരുന്നതായി നോവലിൽ രേഖപ്പെടുത്തുന്നുണ്ട്.

ഇരുപത്തൊന്നുവർഷം കാലം കൂടുന്ന, അജയ്യതയും അമർത്യതയും നേടാനിരിക്കവെയാണ് ജമാൽ ശവഭോഗസദൃശമായ ബലാത്സംഗത്തിലൂടെ കലികയെ വീണ്ടും നശിപ്പിക്കുന്നത്. പുരുഷന്റെ സ്പർശത്താൽ അടക്കിനിർത്തേണ്ട മഹാവിപത്തുകളായാണ് സ്ത്രീലൈംഗികതയെ ഇവിടെയെല്ലാം നോക്കിക്കാണുന്നത്. സൗഹൃദത്തിന്റെ ആദ്രതയും പരിഷ്കൃതയൗവനത്തിന്റെ പുളപ്പും ആഭിചാരകർമ്മത്തിന്റെ നടുക്കവും ആക്രമണത്തിന്റെ ക്രൗര്യവും കലികയിലുണ്ട്. സമൂഹബോധത്തിൽ നിലനിന്നിരുന്ന ജാതിമതനിഷ്ഠമായ മുൻവിധികളെ കലിക തള്ളുന്നില്ല. കലികയെ നശിപ്പിച്ച ജമാൽ, ജോസഫ് എന്നിവരെ പുരുഷാക്രമണത്തിന്റെയും പുരുഷലൈംഗികോന്മാദത്തിന്റെയും പ്രതിരൂപങ്ങളായി കാണാം. കലികയുടെ ആമുഖത്തിൽ നോവലിസ്റ്റ് പറയുന്നുണ്ട്, കഥയും കഥാപാത്രങ്ങളും തികച്ചും സാങ്കല്പികമാണെന്ന്. അവിശ്വസനീയം മാത്രമല്ല, വിശ്വസിക്കുന്നത് അപകടകരമാണെന്ന മുന്നറിയിപ്പ് കൂടി അദ്ദേഹം നല്കുന്നു. തന്റെ ഉത്തരവാദിത്വം നോവൽ രചനയിലൊതുങ്ങുന്നുവെന്നും അതിനപ്പുറം ഒരു തീർപ്പ് പ്ര-

തിപാദനത്തിന് കല്പിക്കാൻ താൻ തയ്യാറല്ലെന്നും എഴുത്തുകാരൻ പ്രഖ്യാപിക്കുകയാണ്. പുരുഷാധികാരപ്രവണമായ ഭൂതകാലത്തെ അതേ സാമൂഹികക്രമം പിന്തുടരുന്ന വർത്തമാനകാലത്തിലേക്ക് അടുപ്പിക്കാനാണ് മോഹനചന്ദ്രൻ പരിശ്രമിക്കുന്നത്.

ആധുനികജീവിതപരിസരത്തിലും പ്രബലമായ വിശ്വാസക്രമം കാണാം. സദനം ജോസഫും അടങ്ങുന്ന നാല്വർസംഘം ജീവിതത്തെ സുഖലഹരിയിൽ നുണയാൻ താത്പര്യപ്പെടുന്നവരാണ്, ജീവിതസംഘർഷങ്ങൾക്കു വിരാമം നല്കി ലഹരി നുണയുന്നവരാണ്. അയുക്തിയെ പടിക്കു പുറത്തുനിർത്തി വ്യക്തിയുടെ കണ്ണിലൂടെ എല്ലാത്തിനെയും കാണുന്നവരാണ് അവർ. സ്ത്രീവിരുദ്ധത ആണധികാരവ്യവസ്ഥതിയുടെ ഭാഗമാണ്. ആണധികാരവ്യവസ്ഥിതിയിൽ ഇളക്കം തട്ടാതെയുള്ള ഉപമകൾ സ്ത്രീയെ എന്നും ഭോഗവസ്തുവായി കാണുന്ന സാമൂഹികഘടനയുടെ നേർക്കാഴ്ചയാണ്. 'ഭൂമിയുടെ കോണിലായാലും പെണ്ണു പെണ്ണു തന്നെ' (1981: 111) എന്ന സ്ത്രീയെക്കുറിച്ചുള്ള പരമ്പരാഗത കാഴ്ചപ്പാടിന് ഇളക്കം തട്ടാതെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. നിലവിലുള്ള പൊതുബോധത്തിനിളക്കം തട്ടാതെ അവയെ പുനരുലത്പാദിപ്പിക്കാനാണ് നോവലിസ്റ്റ് പരിശ്രമിക്കുന്നത്.

കേരളത്തിന്റെ തനതുമാന്ത്രികപാരമ്പര്യത്തെ അടിസ്ഥാനമാക്കി രചിച്ച മാന്ത്രിക നോവൽ എന്ന് എഴുത്തുകാരൻതന്നെ അവകാശപ്പെടുന്ന നോവലാണ് മോഹനചന്ദ്രന്റെ വേലൻചെടയൻ. ഷെക്സ്പിയർ മുതൽ കോനൽ ഡോയൽ വരെയുള്ളവർ അവരുടെ കൃതികളിൽ ഫാന്റസിയുടെ അംശങ്ങൾ ധാരാളമായി സ്വീകരിച്ചിട്ടുണ്ട്. ദുർമ്മന്ത്രവാദികൾ, ഭീകരസത്വങ്ങൾ, വിചിത്രജീവികൾ, വികലസങ്കല്പങ്ങൾ, പ്രേതങ്ങൾ തുടങ്ങിയവയെയൊക്കെ വായനക്കാരന്റെ അദൃശ്യഭാവനാലോകത്തെ ദൃശ്യവത്കരിക്കുവാൻ നോവലിസ്റ്റ് സ്വീകരിക്കുന്നു. സമൂഹത്തിന്റെ ഉപബോധമനസ്സിൽ ഉരുവം കൊള്ളുന്ന ഉപകഥകൾ പലപ്പോഴും ഇരുട്ടിന്റെ മറവിൽ ഭയപ്പെടുത്തുന്ന ഭീകരസത്വങ്ങളായി നിശ്ശബ്ദതയെ കീഴടക്കി നില്ക്കുമ്പോൾ പാരായണത്തിൽ അവ സുഖാനുഭൂതിയായി പരി-

ണമിക്കുന്ന രാസമാറ്റമാണ് മറ്റുള്ളവയിലേതുപോലെ ഈ മാന്ത്രികനോവലിലും കാണാനാവുക. സമൂഹത്തിനിടയിലെ സൂക്ഷ്മജീവിതസ്പന്ദനങ്ങൾ ഇത്തരം പിടിതരാത്ത വിശ്വാസങ്ങളാലും ഉഭയജീവിതങ്ങളാലും സമ്പന്നമാണ്. വേലൻചെടയനിൽ ഈ സമൂഹബോധമനസ്സാണുണർന്നു പ്രവർത്തിക്കുന്നത്.

നാട്ടുപച്ചയിലും ഔഷധങ്ങളിലുമുള്ള തനിദ്രാവിഡപാരമ്പര്യത്തെയാണ് വൈദികപാരമ്പര്യത്തിന്റെ വക്താക്കൾ കൈവശം വച്ചു പ്രയോഗിച്ചിരുന്നത്. അറിവധികാരത്തിന്റെ ഈ കടം കൊള്ളൽ നിലവിലുള്ള ഒരു സമൂഹത്തിന്റെ അസ്തിത്വംതന്നെ ചോദ്യം ചെയ്തു. പുല്ലൂരിലെ കക്കുടിമന്നിലെ ഔഷധസസ്യപാരമ്പര്യത്തെ അതിക്രമിച്ച് കടന്ന് കൈവശപ്പെടുത്താൻ ശ്രമിക്കുന്ന ബാലൻനമ്പ്യാർക്കുമുന്നിൽ ഗോത്രവീര്യത്തിന്റെ കരുത്തുമായി വേലൻചെടയൻ നിലകൊള്ളുന്നു. നഷ്ടപ്പെട്ടുപോകുന്ന അവസാനത്തെ തുരുത്തിന്റെയും കാവലാളായി അയാൾ നിലയുറപ്പിച്ചു. "മലേന്ന് ഒരു രക്ഷേമില്ല. മറ്റെവിടെങ്കിലും നോക്കുന്നതാ നല്ലത്. അല്ലെങ്കിൽ കോയമ്പത്തൂര് തന്നെ നട്ടുപിടിപ്പിക്കാൻ നോക്കിക്കോ" (1982:  12) എന്നുള്ള കിഴവന്റെ വാക്കുകൾ നമ്പ്യാർക്കുള്ള ഭീഷണിയാണ്. തലച്ചാളയുടെ നിഴലിൽ, നിഴലിലെ ഇരുട്ടിന്റെ വ്യാപനം പോലെയുള്ള ചെടയന്റെ നില്പ് ചെമ്മാരിയെക്കാൾ പ്രായം കുറഞ്ഞവനെങ്കിലും പേരെടുത്തു വിളക്കാതെ ബഹുമാനിക്കുന്നതിൽ നമ്പ്യാർ അത്ഭുതം കൂറുന്നുണ്ട്. ആരെയും കൂസാതെ കരിമ്പാറയ്ക്കു മുകളിൽ ഏതോ ഭീകരനായ പക്ഷി ചിറകുവിടർത്തി നില്ക്കുന്നതുപോലെ വേലൻ ചെടയൻ നില്ക്കുന്നത് കണ്ട് നമ്പ്യാർ പരിഹസിക്കുന്നു. ചുടലത്തീയിൽ ചുട്ടുപഴുക്കുന്ന അസ്ഥികൾ നാവുകൊണ്ട് തുടച്ചു തണുപ്പിക്കുന്ന ചുടലഭദ്രകാളിയുടെ ഭീകരഗാഥ കേൾക്കേ അറിയാതെ നമ്പ്യാരിലെ ധൈര്യം ചോർന്നുപോകുന്നു. മലയിൽനിന്നു കേൾക്കുന്ന പറയുടെയും കടുംതുടിയുടെയും ഉച്ചശബ്ദത്തിനിടയിലൂടെ നടന്നടുക്കുന്ന സ്ത്രീയുടെ ശബ്ദം - "ഏതോ അജ്ഞാതമായ ഭീതിയുടെ രക്താഭമായ രസന തന്നെ ആകെ നക്കിത്തുടച്ച് ചോര മഞ്ഞു കട്ടിയാക്കി മാറ്റുന്നതുപോലെ അയാൾക്കു തോന്നി (1982: 19). ബാലൻനമ്പ്യാരെ കാണ്മാനില്ലെന്ന വാർത്ത ലോകം  മുഴുവൻ അറിഞ്ഞു. പുല്ലൂർ ഗ്രാമക്കാർ ആ വാർത്ത-

യെ അവഗണിച്ചു. കാലടി ഭട്ടതിരിയെ യക്ഷി കടിച്ചുകീറി ചോരകുടിച്ചു വറ്റിച്ച യക്ഷിപ്പറമ്പ് പുല്ലൂരാണെന്നാണ് ഐതിഹ്യം. മനുഷ്യജീവിതത്തെ ഐതിഹ്യമാക്കി മാറ്റുവാനും ചരിത്രമാക്കി മാറ്റുവാനുമുള്ള സമൂഹത്തിന്റെ ആഗ്രഹത്തെ ഇവിടെ പുനർനിർമ്മിക്കുന്നുണ്ട്.

സമൂഹത്തിലെ ദായക്രമത്തിന്റെ പടിപടിയായുള്ള മാറ്റവും നോവലിൽ രേഖപ്പെടുത്തുന്നുണ്ട്. ചെമ്മാരിയുടെ ശവമടക്ക് മരുമക്കത്തായത്തിൽനിന്നുമാറി മക്കത്തായക്രമത്തിൽ നടക്കുന്ന ആദ്യ പരേതക്രിയയായി മാറുന്നു. ചരിത്രം ഒരു ജനതയോട് എത്ര ഹിംസാത്മകമായാണ് പെരുമാറിയതെന്ന് ചെടയന്റെ ഗോത്രപാരമ്പര്യത്തെ മുൻനിർത്തിപറയാം. നഷ്ടപ്പെട്ട പൈതൃകം തിരിച്ചു പിടിക്കാൻ ശ്രമിക്കുന്ന ഒരു കൂട്ടം മനുഷ്യരുണ്ട് നോവലിൽ. "എവിടെപ്പോയി കേരളത്തിന്റെ തനതായ ഞങ്ങളുടെ സംസ്കാരം? ഞങ്ങൾ എവിടെ എത്തി നില്ക്കുന്നു? അച്ചടിച്ച പുസ്തകത്തിലെ ഏതോ മൂലയിലെ പട്ടികയിലോ? ഊരാണ്മ നല്കിയ പട്ടയത്തിൽ ഞങ്ങൾ വളർത്തുകയല്ല ചെയ്തത് തളർത്തുകയാണ്" (1982: 95).

പി. വി. തമ്പിയുടെ പ്രശസ്തമായ മാന്ത്രികനോവലാണ് കൃഷ്ണപരുന്ത്(1984). ജനപ്രിയനോവലുകളുടെ കാലഘട്ടത്തിൽ അപസർപ്പകനോവലിനു വന്ന അപചയം കൃഷ്ണപരുന്തിലൂടെയാണ് വീണ്ടും നേടിയെടുത്തത്. മാന്ത്രികപാരമ്പര്യത്തിന്റെ അടിത്തറയ്ക്കുമേൽ പണിത കാല്പനികബംഗ്ലാവാണ് 'കൃഷ്ണപ്പരുന്ത്'. പുത്തൂർ തറവാട്ടിലെ കുമാരൻതമ്പിയെന്ന മന്ത്രവാദിയെ കേന്ദ്രീകരിച്ചുകൊണ്ടാണ് നോവൽ ഭാവനാഭൂപടം തീർക്കുന്നത്. കേരളത്തിലെ പ്രസിദ്ധമായ മാന്ത്രികത്തറവാട്ടിലെ അംഗമായ എഴുത്തുകാരൻ തന്റെ തറവാടിന്റെ ഭൂതകാലപാരമ്പര്യത്തിൽ നിന്നും പ്രതാപത്തിൽ നിന്നും കടമെടുത്ത ഭ്രമകല്പനയാണ് 'കൃഷ്ണപ്പരുന്ത്'.

സന്മന്ത്രവാദത്തിനു പേരുകേട്ട പുത്തൂർ മനയിലെ ദാനധർമ്മാദികളെയും മാന്ത്രിക പാരമ്പര്യത്തെയും നോവൽ വാനോളം പുകഴ്ത്തുന്നുണ്ട്. കുലദേവതയായ 'കൃഷ്ണപ്പ-

രുന്തി'നെ ആരാധിച്ചു വരുന്ന താവഴിയിലാണ് കുമാരൻതമ്പിയുടെയും ജനനം. പൂർവ്വികർ കാണിച്ചു കൊടുത്ത മാതൃകാജീവിതം നയിക്കുവാൻ കുമാരൻതമ്പി തയ്യാറാകാത്തിടത്ത് നോവലിന്റെ സംഘർഷം വളരുന്നു. 'കൃഷ്ണപ്പരുന്ത്' എഴുതിയിരുന്ന കാലഘട്ടത്തിലെ മലയാളനോവൽപ്രമേയങ്ങളെ പരിശോധിച്ചാൽ മിക്കവയും സമുദായാഖ്യായികകളായിരുന്നുവെന്നു കാണാം. കുടുംബത്തിനകത്താണ് മിക്ക നോവലുകളും വിഷയം കണ്ടെത്തിയിരുന്നത്. വ്യക്തിജീവിതത്തിലെ സംഘർഷങ്ങളും മറ്റും നോവലിന് വിഷയമാക്കിയത് ആധുനികകാലത്താണ്. പൊതുവിൽ മലയാളനോവലിന്റെ അന്വേഷണം അവനവനിൽത്തന്നെയോ അവനവൻ കേന്ദ്രമായ അനുഭവങ്ങളിലോ അവനനവൻ വ്യാപരിക്കുന്ന സ്ഥലകാലത്തിലോ പരിമിതപ്പെട്ടിരുന്നു. ഈ നോവൽ ചരിത്രത്തിനിടയിലേയ്ക്കാണ് മാന്ത്രികപാരമ്പര്യത്തിന്റെ പ്രമേയത്തെ സ്വീകരിച്ചുകൊണ്ട് ഭ്രമാത്മകതയുടെ ലോകം മലയാളികൾക്കു മുന്നിൽ തുറന്നിടാൻ പി. വി. തമ്പി പരിശ്രമിച്ചത്. നിരവധി താന്ത്രികഗ്രന്ഥങ്ങളിലൂടെയും കേരളത്തിലെ നമ്പൂതിരി മനകളിലൂടെയും നടത്തിയ യാത്രയുടെയും മന്ത്രവാദികളുമായി നടത്തിയ അഭിമുഖങ്ങളുടെയും പശ്ചാത്തലത്തിൽ കലാത്മകമായ സത്യസന്ധത പുലർത്തിക്കൊണ്ടാണ് തമ്പി 'കൃഷ്ണപ്പരുന്ത്' രചിച്ചത്. മലയാളിയുടെ നിത്യജീവിതാനുഭവപരിസരമല്ല നോവലിന്റെ വിഷയം. എഴുത്തുകാരന്റെ അനുഭവമണ്ഡലവുമല്ല. തികച്ചും കാല്പനികമായ കഥാതന്തുവിന് വിശ്വാസ്യതയുടെ മാനങ്ങൾ നൽകാൻ കഴിയുന്ന സർഗ്ഗാത്മകതയുടെ സത്യസന്ധത കൊണ്ടാണ് നോവൽ വായനക്കാർക്കിടയിൽ തരംഗമായി മാറിയത്.

മുറ്റത്തെ തുളസിത്തറയിൽ സന്ധ്യാദീപം കൊളുത്തുന്ന കുഞ്ഞിക്കുട്ടിത്തങ്കച്ചിയുടെ തലയിൽ പക്ഷിരാജനായ ഗരുഡൻ വട്ടമിട്ടുപറക്കുന്നതോടെയാണ് നോവൽ ആരംഭിക്കുന്നത്. മന്ത്രവാദിയായ പപ്പുതമ്പി പുത്തൂർ തറവാടിന്റെ കാരണവരാണ്. തറവാടിന്റെ ആരാധനാമൂർത്തിയും കുലദൈവവുമാണ് കൃഷ്ണപ്പരുന്ത്. സഹോദരിയായ കുഞ്ഞിക്കുട്ടിത്തങ്കച്ചിയുടെ മകൻ കുമാരൻ തമ്പി ദുർന്നടപടിക്കാരനാണ്. പപ്പുതമ്പി അനന്തരാവകാശിയാക്കുന്നത് കുമാരൻതമ്പിയെയാണ്. മന്ത്രോപദേശം സ്വീകരിച്ച കു-

മാരൻതമ്പി പ്രശസ്തിയിലേക്കുയരുമ്പോഴും നൈസർഗികമായ വാസനകൾ വിട്ടൊഴിയു- ന്നില്ല. മന്ത്രവാദി ബ്രഹ്മചാരിയായിരിക്കണമെന്ന നിബന്ധന അയാൾ ലംഘിച്ചു. മന്ത്ര- സിദ്ധി നഷ്ടപ്പെട്ട അയാൾ ദുർമ്മന്ത്രോപാസകനായി മാറുന്നു. സന്മന്ത്രവാദവും ദുർമ്മ- ന്ത്രവാദവും തമ്മിലുള്ള സംഘർഷമാണ് നോവലിന്റെ ജീവൻ. അസംഭവ്യമായ കഥാമു- ഹൂർത്തത്തെ സംഭവ്യമായി ചിത്രീകരിക്കുവാനുള്ള സർഗ്ഗാത്മകവൈഭവമാണ് നോവ- ലിസ്റ്റ് ഇവിടെ പ്രകടിപ്പിക്കുന്നത്. നോവൽ ദൃശ്യപരമായ ബിംബങ്ങളുടെ സാധ്യതകൾ അന്വേഷിക്കുന്ന ഒന്നായി മാറുന്നു.

യക്ഷിക്കഥകളും മന്ത്രവാദകഥകളും ചലനം സൃഷ്ടിച്ചിരുന്ന ഭൂതകാലത്തിലെ ആശയലോകത്തെയാണ് നോവലിൽ ദൃശ്യവത്കരിക്കുന്നത്. സ്വന്തം തറവാട്ടിലെ പൂർവ്വികനായ യോഗീശ്വരൻ എന്നയാളുമായി കുമാരൻതമ്പിക്ക് സാദൃശ്യമുണ്ടെന്ന് നോവലിസ്റ്റ് തന്നെ ആമുഖത്തിൽ സമ്മതിക്കുന്നുണ്ട്. മനോരാജ്യം വാരികയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചു തുടങ്ങിയ കാലത്ത് ഏറെ ചർച്ചചെയ്യപ്പെട്ട സമാന്തരമായ- നോവലായിരുന്നു ഇത്.

നിഗൂഢമായ ജീവിതരതിയും ആഭിചാരമാന്ത്രികത്തിന്റെ വശ്യശക്തിയും അട- യാളപ്പെടുത്തുന്ന രചനയാണ് സുനിൽ പരമേശ്വരന്റെ 'അനന്തഭദ്രം.' ദുർമന്ത്രവാദത്തി- ന്റെ ശക്തിസൗന്ദര്യങ്ങൾ ഒരുക്കുന്ന ഭ്രമാത്മകലോകമാണ് ദൃശ്യഭാഷയുടെ കരുത്തു- കൊണ്ട് ആഖ്യാനത്തിൽ പ്രകടമാകുന്നത്. സ്ത്രീയെ ലൈംഗികജീവിയായും ശക്തിസ്വ- രൂപിണിയായും കാമപൂർത്തിക്കുള്ള ഉപകരണമായും നോക്കിക്കാണുന്ന മാന്ത്രികനോ- വലിന്റെ പതിവുരീതിതന്നെയാണ് അനന്തഭദ്രത്തിലുമുള്ളത്. യക്ഷികളായി, രക്തദാ- ഹികളായി അവരെ നോവലിസ്റ്റ് പുനർജനിപ്പിക്കുന്നു. ശാസ്ത്രചിന്തയും ജീവിതയുക്തി- യും മുഖാമുഖം നിർത്തി സംഘർഷം സൃഷ്ടിക്കാനുള്ള ശ്രമമുണ്ട് നോവലിൽ. യോഗമാ- ന്ത്രികതയുടെ താളമാണ് നോവലിനുടനീളമുള്ളത്.

ശിവപുരം ഗ്രാമത്തിലെ അനന്തനും ഭദ്രയുമാണ് നോവലിലെ മുഖ്യകഥാപാത്ര-ങ്ങൾ. ബ്രഹ്മചാരിയായ ദിഗംബരൻ ആഭിചാരകർമ്മത്തിലൂടെ അനന്തന്റെ ശരീരത്തി-ലേക്ക് ഗന്ധർവ്വനെ ആവാഹിച്ച് കുലം നശിപ്പിക്കാൻ ശ്രമിക്കുന്നു. ഭദ്രയുടെ ആറുവിര-ലുള്ള അത്ഭുതശിശുവിലൂടെ ദിഗംബരന്റെ നാശം തുടങ്ങുന്നു. ബ്രഹ്മചര്യം നശിച്ച് സ്ത്രീ-ശാപമേറ്റ് പുരുഷത്വം നഷ്ടപ്പെട്ട് കാവിൽ മരണവും കാത്തിരിക്കുന്ന ദിഗംബരൻ ദുരന്ത-കഥാപാത്രമൂശയിൽ വാർത്തെടുത്ത കഥാപാത്രമാണ്. ആഭിചാരകർമ്മങ്ങളിലെ മാസ്മ-രികതയും ശവഭോഗരതി, പരകായപ്രവേശം തുടങ്ങിയവയും മാന്ത്രികപാരമ്പര്യത്തി-ന്റെ ഭയാനകമായ അന്തരീക്ഷം, ജിജ്ഞാസ എന്നിവ നോവലിന്റെ ആദിമധ്യാന്തം നിലനിർത്താൻ സാധിച്ചിരിക്കുന്നു. ഇതിന് സ്വീകരിച്ചത് ദൃശ്യഭാഷയുടെ സങ്കേതങ്ങ-ളാണ്.

അന്ധവിശ്വാസങ്ങൾ ആകാശത്തോളം വളർന്നുനില്ക്കുന്ന ശിവപുരം ഗ്രാമത്തിൽ നടക്കുന്ന ദുരൂഹതയാർന്ന സംഭവങ്ങളിലൂടെയും വ്യക്തികളിലൂടെയും ചുരുളഴിയുന്ന അപസർപ്പകഭാവനയാണ് പ്രസ്തുതനോവൽ. അമേരിക്കയിലെ സിനിമാലോകത്ത് അത്ഭുതം സൃഷ്ടിച്ച യുവസംവിധായകനായ അനന്തൻ വർഷങ്ങൾക്കുമുമ്പ് അമ്മ ഉപേ-ക്ഷിച്ചുപോയ ഗ്രാമത്തിൽ എത്തിച്ചേരുന്നു. മാടമ്പിമനസ്സും ശിവൻകാവും ബന്ധിപ്പിച്ചു-കൊണ്ടാണ് എഴുത്തുകാരന്റെ പ്രമേയാവതരണം. തികച്ചും കാല്പനികമായ ഇതിവൃത്ത-ത്തെ യഥാതഥമായ ആവിഷ്കാരരീതികൊണ്ട് മനോഹരമാക്കാൻ സുനിൽ പരമേശ്വ-രന് സാധിച്ചിട്ടുണ്ട്.

ശിവൻകാവിലെ ദിഗംബരന്റെ ആക്രമണത്താൽ കാഴ്ചശക്തി നഷ്ടപ്പെട്ട ചെമ്പ-ന്റെയും സഹോദരി ഭാമയുടെയും കഥയാണ് അനന്തഭദ്രം. ദിഗംബരന്റെ മരണവും കാ-ത്തിരിപ്പാണ് ചെമ്പൻ. ദിഗംബരൻ മാടമ്പി തറവാടിനോടുള്ള പ്രതികാരനിർവഹണ-ത്തിന് അവസരം കാത്തിരിക്കുകയാണ്. വഞ്ചനയുടെയും പകയുടെയും ത്രിമാനചിത്ര-മാണ് 'അനന്തഭദ്രം'. "പെണ്ണിനെ കൊതിപ്പിക്കാൻ ബ്രഹ്മാവ് സൃഷ്ടിച്ച ഉത്തമപുരുഷ-

നാണവൻ. ദേവന്മാർപോലും അത്ഭുതത്തോടെ നോക്കി നിൽക്കുന്ന മനുഷ്യജന്മം. ആസുരശക്തികൊണ്ട് ശിവപുരം തന്റെ കൈപ്പിടിയിൽ ഒതുക്കിയ മാന്ത്രികാചാര്യൻ, ജഡാനന്ദയോഗിയുടെ പൗത്രൻ ഹിമാലയ ഗിരിശൃംഗങ്ങളിൽ മറികടന്ന് കൈലാസപർവതഗുഹകളിൽ ഒരു പച്ചിലമാത്രം കഴിച്ച് കാലങ്ങൾ ജീവിക്കുന്നവൻ. ലോകം മുഴുവൻ ചുറ്റി ആഭിചാരത്തിന്റെ താളിയോലക്കെട്ടുകൾ സ്വന്തമാക്കിയവൻ" (2009: 27).

ദിഗംബരനെകുറിച്ചുള്ള ഈ വിശേഷണങ്ങൾ ധീരോദാത്തനായകസങ്കല്പത്തിന്റെ മൂശയിലാണ് എഴുത്തുകാരൻ അവതരിപ്പിച്ചിരിക്കുന്നത്. ബ്രാഹ്മണസാമൂഹ്യവ്യവസ്ഥയുടെ അകം കാഴ്ചകൾ തന്നെയാണ് ഈ നോവലിനും സ്വീകരിച്ചിരിക്കുന്നത്. മിത്തും പുരാവൃത്തവും മേളിച്ച് യഥാതഥമാർഗ്ഗത്തിൽ ആഖ്യാനനിർവഹണം നടത്താൻ സുനിൽ പരമേശ്വരന് കഴിഞ്ഞിരിക്കുന്നു. "കന്യകയായ പെണ്ണിനെ നഗ്നപൂജയ്ക്ക് ഇരുത്തിയാൽ ചുമക്കുന്നവന്റെ കുടുംബത്തിന് വിനാശമാണ് ഫലം. അഗ്നികണ്ട് മയങ്ങി വീണ പെണ്ണാണെങ്കിൽ പുരുഷബീജങ്ങൾ കരിഞ്ഞുപോകും" (2009: 112). രാമൻ ജ്യോത്സ്യരുടെ ശബ്ദം; ഭൂതകാലത്തെ വിശ്വാസസംഹിതയിലധിഷ്ഠിതമായ സാമൂഹ്യജീവിതത്തിന്റെ ശബ്ദമാണ്. മന്ത്രവും വേദാദികർമ്മങ്ങളും അനുഷ്ഠാനത്തിൽ കൊണ്ടുവന്നിരുന്ന പ്രാക്തനകാലത്തിന്റെ ഓർമ്മ പുതുക്കുന്ന ആഖ്യാനം വായനക്കാരന് അവന്റെ ഭൂതകാലത്തെ സമ്പന്നമാക്കാൻ പര്യാപ്തമാണ്.

വിഭ്രാത്മകമായ സ്ഥലകാലങ്ങളിലൂടെ നോവലിലെ കാല്പനികകഥ ലാവണ്യാനുഭൂതി പ്രദാനം ചെയ്യുന്നു. ആധുനിക വൈദ്യശാസ്ത്രത്തിന്റെയും ഹിപ്നോട്ടിസത്തിന്റെയും സഹായത്തോടെ മനസ്സിനേറ്റ മുറിപ്പാടുകൾ മായ്ച്ചു കളയാനുള്ള പരിശ്രമമാണ് നോവലിൽ. അനന്തരം ഹിപ്നോട്ടിസത്തിന് വിധേയമാക്കി അയാളിലുള്ള ഇരട്ട വ്യക്തിത്വത്തെ പുറത്തു കൊണ്ടുവരുന്നു. വിശ്വാസത്തെ വിശ്വാസം കൊണ്ട് മാത്രമെ കീഴ്പ്പെടുത്താനാകൂ എന്ന സാമാന്യതത്വത്തെ മുൻനിർത്തിയുള്ള ഒരന്വേഷണമാണ് നോവൽ. ജ്യോതിഷത്തിലുള്ള വിശ്വാസം, നാഡീജ്യോതിഷത്തിനുള്ള സ്വാധീനം തുടങ്ങി-

യവ നോവൽ പ്രതിപാദിക്കുന്നുണ്ട്. "മനുഷ്യായുസ്സിനെ നശിപ്പിക്കാനുള്ള അവകാശം നമുക്കില്ല ചെമ്പാ. ഈശ്വരൻ ഉറപ്പിച്ചതേ നടക്കൂ. ദിഗംബരൻ ഈശ്വരനെ മറക്കുന്നു. ശരി അയാൾക്കു മാത്രമെയുള്ളുവെന്നറിയുന്നു. അയാളുടെ ശരികൾ ഈശ്വരന്റെ തെറ്റാണെന്നയാൾ അനുഭവിച്ചറിയും അതിന്റെ പാപഫലം അയാൾ അനുഭവിച്ചേ തീരൂ" (2009: 228). വിധിയിലും പാപത്തിലുമുള്ള മനുഷ്യന്റെ വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നു. ദിഗംബരന്റെ അവസാനത്തെ നിലവിളി മനുഷ്യരുടെ മുഴുവൻ രോദനമായി മാറുന്നു. "അധികാരഭ്രാന്തും സിദ്ധികളും എന്നെ ഞാനല്ലാതാക്കി. ഞാൻ പ്രപഞ്ചശക്തികളെ കണ്ടില്ല. ആഭിചാരം ഒന്നിനുമൊരു പരിഹാരമല്ലെന്ന് എനിക്ക് മനസ്സിലായി. പൊറുക്കണം" (2009: 237).

പാപചിന്തയിൽ നിന്നുരുത്തിരിഞ്ഞ ദിഗംബരന്റെ വാക്കുകൾ മനുഷ്യജീവിതത്തിന്റെ അർത്ഥം തേടുന്നതിന് സഹായകരമാകുന്നു. ദാർശനികഭാരമുള്ള നോവലിൽനിന്നു വ്യത്യസ്തമായി സാധാരണക്കാരന് വായിച്ചെടുക്കാൻ പറ്റുംവിധമുള്ള ഋജുതയുടെ ഒരു തലം മാന്ത്രികനോവലിൽ ഉണ്ട്. ഇത്തരം ഘടകങ്ങളായിരിക്കും വായനക്കാരെ സമാന്തരമായ ഈ ബൃഹദാഖ്യാനങ്ങളിലേയ്ക്കു ശ്രദ്ധ തിരിച്ചിട്ടുണ്ടാവുക.

സാമൂഹികനിഷ്കാസനങ്ങളുടെ ചരിത്രമാണ് കുന്നൂർ മഠം എന്ന നോവലിനും ഉന്നയിക്കാനുള്ളത്. തഞ്ചാവൂരിലെ വൈക്കീശ്വരൻ കോവിലിലെ നാഡീജ്യോതിഷകുടുംബത്തിലെ താളിയോലകൾ മനുഷ്യന്റെ ഭാവിയെ നിർണ്ണയിക്കുന്നു. ജ്യോതിഷികളുടെ പിന്നാലെ ഓടുന്ന ഒരു വിഭാഗമാൾക്കാർക്ക് നാഡീജ്യോതിഷത്തിലുള്ള വിശ്വാസം ഊട്ടിയുറപ്പിക്കാൻ സഹായിക്കുന്നു. ജീവിതത്തോട് ക്രിയാത്മകമായ സമീപനം സ്വീകരിക്കാത്തതുകൊണ്ടാണ് ഇത്തരം വിശ്വാസങ്ങളിൽ മനസ്സ് വ്യാപരിക്കുന്നത്. മനസ്സ് എന്ന സങ്കീർണ്ണതയെ പ്രശ്നവൽക്കരിക്കുന്നവയാണ് മാന്ത്രികനോവലുകൾ. അവിടെ നടക്കുന്ന അതീന്ദ്രിയകാഴ്ചകളും മോഹവും മോഹഭംഗവും ജീവിതരതിയും പകയും വളർന്ന് രൂപം കൊള്ളുന്ന മനുഷ്യരൂപങ്ങളാണിത്തരം നോവലുകളിൽ ആവർ-

ത്തിച്ചാവർത്തിച്ച് വരുന്ന സന്ദർഭങ്ങളും കഥാപാത്രങ്ങളും സുനിൽ പരമേശ്വരന്റെ നോവലിന്റെ പ്രത്യേകതയാണ്. വ്യക്തിമനസ്സിലും സമൂഹമനസ്സിലും ഉറങ്ങികിടക്കുന്ന പ്രാക്തന വിശ്വാസങ്ങളെയും കെട്ടുകഥകളെയുമാണ് പുനഃസൃഷ്ടിക്കുവാൻ പരിശ്രമിക്കുന്നത്. സാമൂഹികപരമായ കീഴ്‌വഴക്കങ്ങൾ, ആചാരവിശ്വാസങ്ങൾ, ലൈംഗിക കാഴ്ചപ്പാട് എന്നിവയെല്ലാം സാമൂഹികശ്രേണീകരണത്തിലുള്ള മേധാവിത്വത്തെ അടിസ്ഥാനമാക്കിയാണ് വിലയിരുത്താനാവുക. പ്രകൃതിയും പ്രകൃതിഭാവങ്ങളും നിഗൂഢസൗന്ദര്യത്തിന്റെ സ്ഥലകല്പനകളായി മാറുന്നു. ആധുനികകാലത്തും മന്ത്രതകിടിലും ജപമാലയിലും വിശ്വസിക്കുന്ന മനുഷ്യർ കൂടിവരികയാണ്. സങ്കീർണ്ണപ്രശ്നങ്ങൾക്ക് പോംവഴി സാധ്യമാകാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഒരു അവലംബമെന്ന രീതിയിലാണ് മന്ത്രതന്ത്രങ്ങളിലും ആഭിചാരക്രിയകളിലും മനുഷ്യൻ വിശ്വസിക്കാൻ ശ്രമിക്കുന്നത്.

നിലവിലുള്ള ഭരണകൂടവും നീതിന്യായവും പ്രശ്നങ്ങൾക്ക് പോംവഴി കാണാതാകുമ്പോൾ വ്യക്തി സ്വയം ആസൂത്രണം ചെയ്തു നടപ്പിലാക്കുന്ന നീതിശാസ്ത്രമായാണ് മന്ത്രതന്ത്രത്തെ ഇത്തരക്കാർ നിരീക്ഷിക്കുന്നത്. നോവലിൽ സാന്ദ്രകോകിലയും ജെ. ജെ യും മന്ത്രവാദത്തിൽ വിശ്വസിക്കുന്നത് ഇത്തരം പൊതുബോധങ്ങൾക്കിടയിലാണ്. മാനുഷികമായ ദൗർബല്യങ്ങളെയാണ് മന്ത്രവാദം ചൂഷണം ചെയ്യുന്നത്. ശാന്തരൂപിണിയായ ദേവീരൂപത്തിൽ നിന്നും സംഹാരരൂപിണിയായ ദേവിയുടെ രൂപം കൈകൊണ്ട് സുമിത്രയോട് ജഗനെ യക്ഷിയിൽ നിന്ന് രക്ഷിക്കാൻ ആവശ്യപ്പെടുന്നുണ്ട്. മനുഷ്യന് യക്ഷിയെ കൊല്ലാം, ഇരുമ്പാണിയിൽ തറയ്ക്കാം. പക്ഷേ സ്നേഹമെന്ന വികാരം കൊണ്ട് തളയ്ക്കാനാണ് സുമിത്രയോട് ജെ. ജെ. ആവശ്യപ്പെടുന്നത്. മനുഷ്യന്റെ ആത്മധൈര്യത്തോടെയുള്ള പ്രവർത്തനമാണ് വിജയമന്ത്രം എന്ന് നോവലിസ്റ്റ് പ്രഖ്യാപിക്കുന്നു. പ്രകൃതിനിയമങ്ങൾക്കുള്ളിലാണ് മന്ത്രങ്ങൾ. അതിൽ താത്കാലികനേട്ടം മാത്രമേ ദുഷ്ടശക്തികൾക്ക് കൈവരിക്കാനാകൂ എന്ന സന്ദേശം ഈ നോവൽ പങ്കുവയ്ക്കുന്നു.

കോട്ടയം പുഷ്പനാഥിന്റെ ദേവഗന്ധർവ്വൻ കേരളീയക്ഷേത്രസംസ്കാരത്തിന്റെ വൈവിധ്യങ്ങളെ ആവിഷ്കരിക്കുന്ന നോവലാണ്. ക്ഷേത്രത്തിലും കാവുകളിലുമായി ഉപദേവന്മാരായി പ്രതിഷ്ഠിക്കപ്പെടുന്ന ഗന്ധർവ്വന്മാരെ ഇഷ്ടദേവതകളായി ആരാധിച്ചു-പോരുന്ന പാരമ്പര്യമുണ്ട്. സംഗീതം, നൃത്തം തുടങ്ങിയ സുന്ദരകലകൾ ഗന്ധർവ്വസിദ്ധ-മാണെന്ന ധാരണ സാമാന്യ ജനങ്ങൾക്കുണ്ട്. ഗന്ധർവ്വസംഗീതം എന്ന പരാമർശം സംഗീതത്തിലുള്ള ഗന്ധർവ്വന്റെ ദിവ്യത്വത്തെ അംഗീകരിച്ചുകൊടുക്കുന്നവയാണ്. ഇവ-യാകട്ടെ ആര്യസംസ്കാരമുദ്രകളായാണ് ചരിത്രം രേഖപ്പെടുത്തിവെച്ചിട്ടുള്ളത്. കോട്ട-യംപുഷ്പനാഥ് ഈ ചരിത്രഭൂമിയിൽ നിന്നുകൊണ്ടാണ് ദേവഗന്ധർവ്വൻ രചിച്ചത്. പ്ര-സ്തുത നോവൽ ഫാന്റസിയുടെ മനോഹരമായ ലാവണ്യാനുഭവമാണ് വായനക്കാർക്ക് പകർന്നു നൽകുന്നത്.

ജാതിവ്യവസ്ഥയുടെ സങ്കീർണവ്യവസ്ഥകളിൽപെട്ടു നിസ്സഹായരായിത്തീരുന്ന മനുഷ്യരുടെ കഥകളാണ് മാന്ത്രികനോവലുകളിൽ കാണുന്നത്. അധികാരഘടനയുടെ ഉന്നതശ്രേണിയിലുള്ളവരുടെ ദയയ്ക്കോ അനുകമ്പയ്ക്കോ പാത്രമായി ഉയിർക്കൊള്ളുന്നവ-രാണ് ആ മനുഷ്യരിലധികവും. സമൂഹത്തിനുള്ളിൽ പ്രതിരോധത്തിന്റെ ശബ്ദം മുഴങ്ങു-മ്പോഴും അവ പലപ്പോഴും ആനുകൂല്യത്തിന്റെ തണലിൽ ഉയർന്നുവരുന്ന ദീനസ്വരം മാ-ത്രമായി അവ മാറുന്നുണ്ട്.

### 5. 2. 2. ചരിത്രത്തിന്റെ പാഠരൂപങ്ങൾ

ചരിത്രം പക്ഷപാതരഹിതവും സത്യസന്ധവും നിർമലവുമാണെന്ന ധാരണ-യോടു കലഹിക്കുന്ന ആഖ്യാനങ്ങളാണ് മാന്ത്രികനോവലുകൾ. സമാന്തരമെന്നോ സൂ-ക്ഷ്മമെന്നോ പാഠാന്തരമെന്നോ വിശേഷിപ്പിക്കാവുന്ന ചരിത്രത്തെ അവ മുന്നോട്ടു വയ്ക്കു-ന്നുണ്ട്.

സവർണപാരമ്പര്യത്തിന്റെ ഭൂതകാലമഹത്വത്തെ ആഘോഷിക്കുന്ന നോവലാണ് മോഹനചന്ദ്രന്റെ കലിക. പാപം, പ്രതികാരം, സംഘർഷം, സംഘർഷപരിഹാരം, ശുഭപര്യവസാനം എന്നീ ഘടനയ്ക്കകത്താണ് നിലകൊള്ളുന്നത്. ഈ പൊതുഘടനയാണ് മാന്ത്രികനോവലുകളിൽ പൊതുവെ കാണാനാവുന്നത്. പ്രതികാരനിർവഹണം നടത്തുന്നവർ മിക്കവാറും താഴ്ന്ന കുലത്തിൽ പെട്ടവരാണ്. ബ്രാഹ്മണാധികാരവ്യവസ്ഥയിൽ അടിച്ചമർത്തപ്പെട്ട കീഴാളനാണ് പ്രതികാരനിർവ്വഹണം നടത്തുന്നത്. എന്നാൽ പ്രാമാണ്യതയുള്ള ബ്രാഹ്മണ്യത്തെ അവർക്കുമേൽ സ്ഥാപിച്ച് ആത്യന്തികവിജയം ബ്രാഹ്മണ്യത്തിനു നൽകുന്നു. ധർമ്മം, നീതി എന്നിവയെല്ലാം സവർണ്ണൻ അനുവദിച്ചു കൊടുക്കുന്ന മൂല്യങ്ങളാണ്. ഈ മട്ടിൽ അധീശസമൂഹത്തിന്റെ ദയാദാക്ഷിണ്യങ്ങൾക്കായി കാത്തുനില്ക്കുന്ന അധീനജനതയെ ഈ നോവൽ ബോധപൂർവമല്ലാതെയെങ്കിലും വിഭാവനം ചെയ്യുന്നുണ്ട്.

മുപ്പത്തൊന്ന് അധ്യായങ്ങളിലായി അനൗദ്യോഗികനാട്ടുപാരമ്പര്യവും ഔദ്യോഗികസാഹിത്യപാരമ്പര്യവും ഉൾച്ചേർത്തുള്ള ആഖ്യാനഭംഗി പ്രകടമാകുന്ന നോവലാണ് മോഹനചന്ദ്രന്റെ വേലൻചെടയൻ. ചരിത്രത്തെ സവിശേഷമായ രീതിയിൽ വ്യാഖ്യാനിക്കുന്ന ഈ രചന മറ്റു മാന്ത്രികനോവലുകളിൽനിന്ന് വ്യത്യസ്തമാണ്. പുലയന്റെ ഗോത്രവീര്യത്തെ വേലൻചെടയൻ ആവാഹിക്കുന്നു. അദൃശ്യശക്തികളുമായി പടനയിക്കുന്ന ചെടയന്റെ ഇച്ഛാശക്തിയുടെയും അതിജീവനത്തിന്റെയും കഥയാണ് പ്രസ്തുത നോവൽ. ഓരോ അധ്യായവും ഓരോ ഉപകഥയായി വിഭാവനം ചെയ്തിരിക്കുന്നു. ഐതിഹ്യകഥകളും നാടോടിവാങ്മയദൃശ്യങ്ങളും ഉൾച്ചേർത്തുള്ള ഈ നോവൽ ഭൂതകാലകേരളീയസമൂഹത്തിന്റെ വിശ്വാസത്തെ ഓർമിപ്പിക്കുന്നതാണ്. വൈവിധ്യമേറിയ ആചാരാനുഷ്ഠാനങ്ങൾ, പ്രബലമായ വിശ്വാസങ്ങൾ, വ്യതിരിക്തമായ ജനസമൂഹം, ജാതി-മതഘടനകൾ, ഉപജാതീയമായ വേർതിരിവുകൾ, നാട്ടുപാരമ്പര്യത്തിന്റെയും കലകളുടെയും മനോഹരമായ കൂടിച്ചേരൽ എന്നിവകൊണ്ട് സമ്പന്നമായിരുന്ന കേരളീയസമൂഹം. വൈദികപാരമ്പര്യത്തിന്റെ രംഗപ്രവേശത്തിനു മുമ്പ് ഇവിടുത്തെ ജനത

എന്തായിരുന്നുവെന്നും ആരായിരുന്നുവെന്നുമുള്ള ചരിത്രം നോവലിൽ നാടോടിക്കഥയുടെ ഘടനയിൽ നോവലിസ്റ്റ് രേഖപ്പെടുത്തുന്നുണ്ട്.

ഗോത്രസ്മൃതിയുടെ ചരിത്രവർത്തമാനങ്ങൾ തേടിയുള്ള യാത്രയാണ് വേലൻ ചെടയൻ. തുളു, കേരളസംസ്കാരങ്ങൾ ഇടകലർന്ന മാടായിഗ്രാമത്തിൽ ഭൂതാരാധനയുമായി കഴിഞ്ഞ ഹൊലയർ അഥവാ പുലയർ കോലത്തിരിരാജാവിന്റെ അടിയാളരിൽ ഒരു വിഭാഗമാണ്. ചാതുർവർണ്യവ്യവസ്ഥിതി നിലവിൽ വരുന്നതിനുമുമ്പുള്ള ദ്രാവിഡവ്യവസ്ഥ. വില്ലവരും (ചേകവർ) നായരും പുലയരും ഒന്നിച്ച് കുടിക്കുകയും ഉണ്ണുകയും ചെയ്തിരുന്ന കാലം. അവരുടെ ഭാഷയും ചരിത്രവും വീരനായകരും വസ്ത്രരീതിയുമെല്ലാം ഒന്നായിരുന്നു. അവർക്കിടയിലാണ് ബ്രാഹ്മണമേധാവിത്വം സ്ഥാപിക്കപ്പെട്ടത്. മാടായിക്കാവിൽ പൂജ നടത്തിയിരുന്നത് ബ്രാഹ്മണരായിരുന്നില്ല. അബ്രാഹ്മണർ ദൈവികാരാധനാക്രമത്തിൽ ഏർപ്പെട്ടിരുന്ന വിദൂരഭൂതകാലത്തെ ദേശചരിത്രം നോവലിൽ വായിച്ചെടുക്കാം. മാടായിക്കാവിലെ ദേവി ഉഗ്രമൂർത്തിയാണെന്നും സാത്വികരീതിയിലുള്ള ബ്രാഹ്മണപൂജകൊണ്ടുമാത്രമെ ദേവിയെ ശാന്തയാക്കാൻ കഴിയൂ എന്നും വ്യാജം പറഞ്ഞാണ് ബ്രാഹ്മണർ താന്ത്രികപൂജാവിധികൾ കൈയടക്കിയത്. അധികാരത്തിന്റെ മേൽകീഴ്ബോധത്തിന്റെ സാമൂഹ്യഅട്ടിമറിയെങ്ങനെ സംഭവിച്ചുവെന്നതിവിടെ വ്യക്തമാണ്. ശാക്തേയസമ്പ്രദായത്തിൽ നിന്നു പുലയർക്ക് ഭ്രഷ്ട് കല്പിച്ചു. സ്വയം പടുത്തുയർത്തിയ വിശ്വാസങ്ങളുടെ കോവിൽ അവർക്കു മുന്നിൽ കയറാൻ പറ്റാത്ത നെടുകോട്ടയായി. വിശ്വാസങ്ങൾ നഷ്ടപ്പെട്ട തലമുറയുടെ രോദനമുണ്ട് അവർക്കിടയിൽ സ്വന്തം മണ്ണിൽ നിന്നും നിഷ്കാസിതരായ അവർ ചന്ദ്രഗിരിപ്പുഴയുടെ തീരത്തുള്ള പുട്ടൂർ അഭയകേന്ദ്രമാക്കി. "ജനിച്ചു വളർന്ന മണ്ണും കിടപ്പാടവും പരിചിതരായ ദേവതകളെയും പഞ്ചഭൂതങ്ങളെയും പ്രിയതമങ്ങളായ കാടുകളെയും പുഴകളെയും വേർപ്പെടുമ്പോൾ അവരുടെ ഞരമ്പുകൾ വിങ്ങിപ്പൊട്ടി (1982: 68). പുലയരുടെ നേതാവിനെ 'പൊള്ള' എന്നു വിശേഷിപ്പിക്കുന്നു. വർഗത്തലവൻ 'ജന്മകാരി', 'ചെമ്മാരി' എന്നുള്ള പേരിൽ അറിയപ്പെട്ടു.

വൈദികപാരമ്പര്യത്തിന്റെ ദൂഷിച്ച ആചാരക്കെട്ടുകൾക്കിടയിൽ പെട്ടുപോയ പത്തുവയസ്സുകാരിയുടെ ദയനീയമായ മുഖം 'കാലിച്ചാൻ സാക്ഷി' എന്ന ഒമ്പതാം അധ്യായത്തിൽ കാണാം. പത്തുവയസ്സ കഴിഞ്ഞിട്ടും വേളി നടത്തിയില്ലെന്ന കുറ്റത്തിന് 13 വയസ്സിൽ ഋതുമതിയായപ്പോൾ കൈകാലുകൾ ബന്ധിച്ച് കാട്ടിൽ എറിയപ്പെട്ട നമ്പൂതിരി പെൺകിടാവ്. നാട്ടുവാഴിത്ത ക്രൂരതയുടെ ഇരയാണവൾ. വൃദ്ധദമ്പതികൾക്ക് വയസ്സുകാലത്ത് ജനിച്ച ഏകപുത്രി. പട്ടിണിയാണെങ്കിലും വലിയ മനയും വാർപ്പുകളും വിലപ്പിടിച്ച ഗൃഹോപകരണങ്ങളും അവരുടെ മരണശേഷം നാട്ടുവാഴിക്കു വന്നുചേരും. ഭൂസ്വത്തുക്കൾ നാട്ടുവാഴികളുടെ അധികാരപരിധിയിൽപ്പെടുന്ന സാമൂഹ്യചരിത്രത്തിന്റെ ഓർമ്മകൾ ഇവിടെ വ്യക്തമാണ്.

പ്രണയത്തെ നിഷേധിച്ച ഒരു സാമൂഹികക്രമത്തിൽ അതിനെ വെല്ലുവിളിയോടെ നേരിട്ട കഥാപാത്രവുമുണ്ട് നോവലിൽ. പ്രസിദ്ധമായ ഇല്ലത്തുപിറന്ന് ജ്യോതിഷവും ആയുർവേദവും മന്ത്രവാദവും മറ്റു ശാസ്ത്രവിദ്യകളും ചെറിയ വയസ്സിൽത്തന്നെ ഹൃദിസ്ഥമാക്കിയ ആൾ. അയാളെ പ്രണയത്തിന്റെ പേരിൽ സമൂഹത്തിൽനിന്നു ഭ്രഷ്ട് കല്പിക്കുന്നു. അടിമപ്പെണ്ണിനെ പ്രണയിച്ചതിന് വൈദികലോകം നല്കിയ ശിക്ഷ അന്ധത്വമായിരുന്നു. നമ്പൂതിരിയുടെ അധികാരഭാഷയായ 'ചൊവ്വർ' എന്ന വിളി ഉപേക്ഷിച്ച് 'മാമൻ' എന്നു പേരിൽ തന്നെ വിളിക്കണമെന്ന് ചെമ്മാരിയോട് അയാൾ പറയുന്നുണ്ട്. അധികാരം അത്രമേൽ മനുഷ്യത്വരഹിതമാണെന്ന് നോവലിസ്റ്റ് ഇവിടെ പറയാൻ ശ്രമിക്കുന്നു. വൃദ്ധന്റെ വാക്കുകൾ ശ്രദ്ധേയമാണ്. "മക്കളേ, ഒരിക്കലും പകയരുത്, വരുന്ന തലമുറകൾക്കും അതു പറഞ്ഞു കൊടുക്കണം. പക തീയാണ്. പടരും. എല്ലാം കത്തി നശിക്കും" (1982: 88). നോവലിസ്റ്റിന്റെ സാമൂഹ്യജീവിതത്തെക്കുറിച്ചുള്ള സാരോപദേശമാണത്. നാട്ടുപച്ചയുടെയും ഔഷധികളുടെയും ഗന്ധം തിരിച്ചറിഞ്ഞ് സാധുക്കൾക്ക് തുണയായിരിക്കാൻ വൃദ്ധൻ ചെമ്മാരിയെ പ്രോത്സാഹിപ്പിക്കുന്നു.

വിഷചികിത്സയ്ക്ക് മന്ത്രവിദ്യയെ സ്വീകരിച്ചിരുന്ന പൂർവ്വപാരമ്പര്യം കേരളത്തിനുണ്ട്. ഗരുഡസേവകൊണ്ട് വിഷയഹാരികളായി നാടിനെ സേവിക്കുന്നവരാണ് കൃഷ്ണപ്പരുന്തിലെ പുത്തൂർ തറവാട്ടംഗങ്ങൾ. പരമ്പരാഗതമായ മാന്ത്രികതയെ തകർത്തെറിഞ്ഞ് അതിനുമേൽ പുതിയ മൂല്യങ്ങളെ സ്ഥാപിക്കാൻ ശ്രമിക്കുന്ന കുമാരൻതമ്പി പുതിയ കാലത്തിന്റെ സന്തതിയാണ്. സർപ്പക്കാവും തറവാടും നിലവറയും രഹസ്യസങ്കേതങ്ങളും ചേർന്ന നിഗൂഢമായ സ്ഥലകല്പനങ്ങൾ മിക്ക മാന്ത്രികനോവലുകളിലും ഏകാതാനസ്വഭാവത്തിലൂടെ ആവിഷ്കരിക്കുന്നതു കാണാം.

സൗന്ദര്യവും പൈശാചികതയും വൈരൂപ്യവും ഒരാളിൽ തന്നെ ദർശിച്ചു കാണാൻ ശ്രമിക്കുന്ന ടൈപ്പ് കഥാപാത്രമായി യക്ഷികൾ നോവലിൽ പ്രത്യക്ഷപ്പെടുന്നു. പുരുഷന്റെ അധികാരത്താൽ അടക്കിയൊതുക്കി വെക്കേണ്ടതാണ് സ്ത്രീയുടെ വൈകാരികതയെന്ന കോയ്മാ മനോഭാവത്തിന്റെ പ്രത്യക്ഷനിദർശനമാണ്. ലക്ഷ്മിക്കുട്ടിയെ ഭോഗിക്കാനെത്തുന്ന കുമാരൻ തമ്പി ഈ കോയ്മയുടെ ആൾ രൂപമാണ്. ലക്ഷ്മിക്കുട്ടിയുമായുള്ള സമാഗമതത്തിൽ ബ്രഹ്മചര്യം നഷ്ടപ്പെട്ട കുമാരൻതമ്പിയെ വിശുദ്ധനാക്കാൻ ലക്ഷ്മിക്കുട്ടിയെയാണ് ഇരയാക്കുന്നത്. നിലവറക്കെട്ടിനകത്തുനിന്ന് അഞ്ചുതലനാഗത്തിന്റെ ദംശനമേറ്റ് ലക്ഷ്മിക്കുട്ടി മരണപ്പെടുന്നു. കാമപൂർത്തി നേടാത്ത ലക്ഷ്മിക്കുട്ടിയുടെ ആത്മാവ് യക്ഷിയായി രൂപാന്തരം പ്രാപിച്ച് പുത്തൂർ തറവാടിനോട് പ്രതികാരനിർവഹണത്തിന് കാത്തിരിക്കുന്നു. ലൈംഗികതയെ, സ്ത്രീയുടെ സദാചാരജീവിതത്തിന്റെ ബദലായി ചിത്രീകരിക്കുന്നു. സാമാന്യജനതയ്ക്ക് അംഗീകരിക്കാൻ കഴിയാത്ത സ്ത്രീയുടെ ലൈംഗികതാത്പര്യം പുരുഷൻ അടക്കിയെടുക്കുമ്പോൾ പവിത്രമാകുന്നു. സ്ത്രീ പ്രകടിപ്പിക്കുന്ന ലൈംഗികതാത്പര്യം സദാചാരവിരുദ്ധമായും മുദ്രകുത്തപ്പെടുന്നു. നിലവിലെ സാമൂഹ്യസദാചാരബോധത്തെത്തന്നെയാണ് എഴുത്തുകാരൻ മാതൃകയാക്കുന്നത്. ഈ കാഴ്ചപ്പാടുറപ്പിക്കാനാണ് യക്ഷിജന്മവും യക്ഷിബന്ധനവും നോവലിൽ വിശദീകരിക്കുന്നത്. മന്ത്രസിദ്ധി ആര്യവംശത്തിന്റെ കുത്തകയാണെന്നുറക്കെ പ്രഖ്യാപിക്കുവാൻ മാന്ത്രിക നോവലിസ്റ്റുകൾ പരിശ്രമിക്കുന്നുണ്ട്. കൃഷ്ണപ്പരുന്തിലും ഈ പ്രഖ്യാപന-

മുണ്ട്. "അബ്രാഹ്മണന്റെ മന്ത്രസിദ്ധി എത്ര കാലത്തേക്ക് നിലനിൽക്കാനാണ്"? (1984: 112). അറിവധികാരങ്ങളെല്ലാം ബ്രാഹ്മണപാരമ്പര്യത്തിനു മുദ്ര ചാർത്തപ്പെടുന്നതിന്റെ നിമിഷങ്ങൾ നോവലിൽ കാണാം. ശൂദ്രൻ താന്ത്രികകർമ്മങ്ങൾ നടത്തുന്നതിനോടുള്ള ബ്രാഹ്മണന്റെ കുശുമ്പ് നോവലിൽ പങ്കുവെക്കുന്നുണ്ട്. മൺമറഞ്ഞ വർണ്ണാശ്രമപരിസരത്തിലുള്ള സാമൂഹ്യവ്യവഹാരക്രമത്തെയാണ് നോവൽ പരീക്ഷിക്കുന്നത്. പുതിയ പരിസരത്തിൽ അവയെ വിമർശിക്കാനും നോവലിസ്റ്റ് മടിക്കുന്നില്ല.

"ശൂദ്രന് മന്ത്രതന്ത്ര പ്രയോഗങ്ങൾ വിലക്കപ്പെട്ടതാണോ? ജാതിവ്യത്യാസങ്ങൾ ധർമ്മാചരണത്തിന്റെ വ്യത്യാസം കൊണ്ടുണ്ടായതല്ലേ? ധർമ്മത്തെ നോക്കിയല്ലേ ഒരാളുടെ ജാതി നിർണ്ണയിക്കേണ്ടത്? ധർമ്മാചരണത്തിലെ വ്യത്യാസം മൂലം ബ്രാഹ്മണർ ക്ഷത്രിയനും ക്ഷത്രിയൻ ബ്രാഹ്മണനും വൈശ്യൻ ശൂദ്രനും ശൂദ്രൻ ബ്രാഹ്മണനുമൊക്കെയാകുന്നത്"(1984: 117). വിപ്ലവകരമായ ഇത്തരം ചിന്തകൾ നോവലിൽ പലയിടത്തായി പകരുന്നുണ്ട്. എങ്കിലും വൈദിക പാരമ്പര്യത്തിലെ കുലാചാരങ്ങളെ മഹത്വവത്കരിക്കുന്നുണ്ട്. "സ്വധർമ്മത്തെ ശരിയായി ആചരിച്ച് ദേവപൂജ നടത്തുന്നവർ ഇന്ദ്രിയത്തെ ജയിച്ച് ഈശ്വരസാക്ഷാത്കാരം നേടും" (1984: 118). വൈദികപാരമ്പര്യത്തിന്റെ അടയാളമായ ഉപാസനമന്ത്രവിധികൾ, ദേവപൂജാരാധനക്രമങ്ങൾ തുടങ്ങിയവ ഇവിടെ വിശുദ്ധവത്കരിക്കുന്നു. പാരമ്പര്യം കൈവിട്ടുപോകുന്നതിൽ ദുഃഖിതനാകുന്ന എഴുത്തുകാരനെയും കാണാം. പുതുമനതന്ത്രിയുടെ വാക്കിൽ അത് പ്രകടമാണ്. "മാന്ത്രികരുടെ കാലം അവസാനിക്കാറായി. ശാസ്ത്രവിധിയനുസരിച്ച് അനുഷ്ഠാനങ്ങൾ നടത്താൻ ആൾക്കാർ കുറവാണ്" (1984: 120). പണത്തിനുവേണ്ടി ക്ഷുദ്രകർമ്മങ്ങളിൽ ഏർപ്പെടുന്ന മാന്ത്രികന്റെ നവലോകമാണ് സമാന്തരമായി നോവലിൽ പറയുന്നത്. നിലവിലുള്ള സാമൂഹ്യക്രമത്തിൽ മാറ്റമുണ്ടാകണമെന്ന് അതിയായി ആഗ്രഹിക്കുകയും എന്നാൽ പരോക്ഷമായി അത് നഷ്ടപ്പെടുന്നതിൽ വിലപിക്കുകയും ചെയ്യുന്ന മനസ്സും ഈ പ്രകരണത്തിൽ കാണാം. വൈദികകർമ്മങ്ങളിൽ അബ്രാഹ്മണനെ സഹകർമ്മി-

യായി സ്വീകരിക്കുന്ന പുതുമന തന്ത്രി നോവലിസ്റ്റിന്റെ തന്നെ സ്വതന്ത്ര കാഴ്ചപ്പാടിന്റെ പ്രകടനമാണ്.

കൃഷ്ണപുരം യക്ഷിയുടെ ഐതിഹ്യത്തെ കൂട്ടുപിടിച്ചുകൊണ്ട് പി. വി. തമ്പി രചിച്ച നോവലാണ് 'പള്ളിവേട്ട.' കായംകുളത്തെ യക്ഷിയുടെ പിടിയിൽനിന്നു മോചിപ്പിക്കാൻ അതീന്ദ്രിയസിദ്ധിയുള്ള ഒരു മാന്ത്രികനെ പ്രതീക്ഷിച്ചിരിക്കുകയാണ് ഉദയവർമ്മരാജാവ്. വേണാട് സ്വരൂപത്തിന്റെ ഒളിയുദ്ധങ്ങൾക്കുമുമ്പിൽ പതറാത്ത ഉദയവർമ്മൻ യക്ഷിക്കു മുന്നിൽ അടിപതറുന്നു. മിത്തും ചരിത്രവും ഐതിഹ്യവും മേളിക്കുന്ന കാല്പനികാഖ്യാനമാണ് പള്ളിവേട്ട. നോവലിൽ പ്രത്യക്ഷപ്പെടുന്ന മാന്ത്രികൻ കളരിക്കൽ മാർത്താണ്ഡപിള്ള സന്മന്ത്രവാദത്തിന്റെ മൂർത്തരൂപമാണ്.

വൈദികപാരമ്പര്യത്തിന്റെ ഊർജ്ജം ഉൾക്കൊള്ളുന്ന നോവലിന്റെ പ്രമേയം ബ്രഹ്മചര്യത്തെ ഉപാസനയ്ക്ക് സ്വീകരിക്കേണ്ടതുണ്ടെന്ന ന്യായത്തെ ഉറപ്പിക്കുന്നു. സന്മന്ത്രവാദികൾ കാമക്രോധമോഹാദികളെ ജയിക്കണം. മിത്തും പുരാണവും പുരാവൃത്തവും സ്വാധീനിക്കുന്ന ഭൂതകാലസാമൂഹികമണ്ഡലമാണ് പുതിയകാലത്ത് ഗൃഹാതുരസ്മരണയോടെ പുനരാവിഷ്കരിക്കാൻ തമ്പി ശ്രമിക്കുന്നത്. നിഗൂഢതയുടെ ശക്തിസൗന്ദര്യത്തെ വാങ്മയദൃശ്യത്തിലാവിഷ്കരിക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്. മന്ത്രവാദശക്തിയെ ന്യായീകരിക്കുന്നതിനുവേണ്ടി കേരളരൂപവത്കരണകാലങ്ങൾക്കപ്പുറമുള്ള ചേരസാമ്രാജ്യത്തിന്റെ ചരിത്രത്തെ കൂട്ടുപിടിക്കുന്നു. "ലോകത്തിൽ മന്ത്രവാദത്തിന് പേരുകേട്ട രാജ്യമാണ് ചേരരാജ്യം. ചേരരാജ്യം വിഭജിക്കപ്പെട്ട് പല നാട്ടുരാജ്യങ്ങളായി തീർന്നുവെങ്കിലും മന്ത്രവാദത്തിന്റെ ശക്തി മലയാളമണ്ണിൽ വേരുറച്ച് നിൽപ്പുണ്ട്"(1991: 23).

രാജ്യാധികാരത്തിലെ ഭൂതകാലകേരളത്തിന്റെ അധികാരമണ്ഡലത്തെ പുനഃസൃഷ്ടിക്കുകയാണിവിടെ. കൃഷ്ണപുരംയക്ഷി അധികാരത്തിനിടയിലെ ബലഹീനതയുടെ പ്രതീകമാണ്. സാമ്രാജ്യത്തിന്റെ അതിർത്തികൾ വികസിപ്പിക്കാൻ യുദ്ധം നയിക്കുന്ന

രാജാവിന് സ്വന്തം സാമ്രാജ്യത്തിനകത്തെ ഭീഷണിയെ നേരിടാനാകുന്നില്ല. യക്ഷിയുടെ പിടിയിൽനിന്നും നാടിനെ രക്ഷിക്കാൻ വരുന്ന അതിനായകസങ്കല്പത്തിലാണ് മാർത്താണ്ഡപിള്ളയെ അവതരിപ്പിക്കുന്നത്. മാന്ത്രികനോവലിൽ ഇത്തരം അതിനായകകഥാപാത്രത്തിന്റെ വരവ് പതിവുള്ളതാണ്.

ദേവീകടാക്ഷമുള്ള മാർത്താണ്ഡപിള്ളയ്ക്ക് യക്ഷിയെ തളയ്ക്കാൻ കഴിയുന്നതിലൂടെ വൈദികപാരമ്പര്യത്തിലെ ദൈവകമായ ഉപാസനകൾക്ക് കരുത്ത് കൂട്ടുന്നു. വായനക്കാരനിലേക്ക് ഇത്തരം വൈദികവിധികളും മൂല്യങ്ങളും ഉദാത്തമായി സംക്രമിക്കുന്നു. മൂല്യനിരാകരണം നടക്കുന്ന 1990-കളിലെ സാമൂഹികാന്തരീക്ഷത്തിൽ രൂപംകൊണ്ട 'ഉത്തമകൃതി'കൾ എന്നു വിശേഷിപ്പിക്കുന്നവ മൂല്യങ്ങളെയും പാരമ്പര്യത്തെയും തകർക്കാൻ ആഹ്വാനം നൽകുമ്പോൾ മാന്ത്രികനോവൽ നഷ്ടപ്പെട്ടേക്കാവുന്ന സാമൂഹികമൂല്യങ്ങളെ വൈദികസംസ്കൃതിയിലൂടെ തിരിച്ചു പിടിക്കാനാണ് ശ്രമിക്കുന്നത്.

ഒരു പ്രതിയോഗിയുടെ രംഗപ്രവേശത്തിലൂടെ മാത്രമേ അധിദേവന്റെ വിജയം പൂർത്തിയാകുകയുള്ളൂ. ചാത്തൻസേവക്കാരനും ദുർമ്മന്ത്രവാദിയുമായ കുഞ്ഞുണ്ണിക്കൈമൾ പ്രത്യക്ഷപ്പെടുന്നത് പ്രതിനായകകഥാപാത്രമായാണ്. മാർത്താണ്ഡപ്പിള്ളയെ ഭയപ്പെടുത്താൻ കടത്തുകാരി മറിയയുടെ വേഷത്തിൽവന്ന 'ഛിന്നമസ്ത എന്ന ദുർദേവതയെ തിരിച്ചറിയുന്നത്. നസ്രാണിസ്ത്രീകൾ ശരീരഭാഗങ്ങൾ മുഴുവൻ മറയ്ക്കാതെ വീടിനു പുറത്തിറങ്ങുകയില്ലെന്ന കാര്യം ഓർത്തുകൊണ്ടാണ്. സ്ത്രീയെക്കുറിച്ചുള്ള കേരളസമൂഹത്തിന്റെ കാഴ്ചപ്പാടിനകത്താണ് നോവൽ പ്രവർത്തിക്കുന്നത്.

ഏറ്റുമാനൂർ ശിവകുമാറിന്റെ 'ആകാശഗംഗ' ശ്രീമംഗലം കോവിലകത്തിന്റെ വിധികർമ്മത്തെ മുൻനിർത്തിയുള്ള ഭൂതകാലപാരമ്പര്യത്തിന്റെ അന്വേഷണമാണ്. അപസർപ്പകന്റെ സമീപനരീതിയിലൂടെ വായനക്കാരെ സമീപിക്കുവാൻ നോവൽ പര്യാപ്തമാണ്. പൂർവ്വികർ ചെയ്ത പാപത്തിനു പിഴയൊടുക്കേണ്ടിവരുന്നത് പുതിയ തലമുറയിൽപ്പെട്ടവർക്കാണ്. ശ്രീമംഗലം കോവിലകം നേരിടുന്ന ദുരന്തങ്ങളാണ് നോവലി-

ന്റെ മുഖ്യപ്രമേയം. പടർന്നുപന്തലിച്ച ആൽമരംപോലെയാണ് ശ്രീമംഗലം തറവാട്. പാരമ്പര്യവും തറവാടിത്തവും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിച്ചുകൊണ്ട് മനുഷ്യന്റെ വിധിയിലുള്ള വിശ്വാസത്തെ ആവിഷ്കരിക്കുകയാണ് നോവലിസ്റ്റ്.

പഴയ ഫ്യൂഡൽ പാരമ്പര്യത്തിന്റെ ആലസ്യത്തിൽ കഴിയുന്ന ഒരു കൂട്ടം മനുഷ്യരാണ് തറവാട്ടിലുള്ളത്. അളവിൽ കവിഞ്ഞ സമ്പത്തുള്ള കോവിലകത്ത് പാരമ്പര്യം നിലനിർത്താൻ ഒരു പെൺകുഞ്ഞില്ലാതെ പോകുന്നു. തറവാട് വേരറ്റുപോകുമെന്ന ഭയം കാരണവരെ പിടികൂടുന്നു. കൂടാതെ താഴ്‌വഴിയിലോ ബന്ധുഗൃഹത്തിലോ അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങൾ തറവാട്ടംഗങ്ങളെ ഭീതിയിലാഴ്ത്തുന്നു. ഫ്യൂഡൽ പാരമ്പര്യത്തിലും അധികാരത്തിലും അഭിമാനം പ്രകടിപ്പിച്ചുകൊണ്ടാണ് നോവൽ ആരംഭിക്കുന്നത്. 'ഭൈരവൻ' ഈ പാരമ്പര്യത്തെ തകർക്കാനാണ് പിറവിയെടുത്തത്. ഭൈരവന് ശ്രീമംഗലം തറവാടിനോടുള്ള ചതിയുടെയും വഞ്ചനയുടെയും പാപത്തിന്റെയും കഥയായി 'ആകാശഗംഗ' പിന്നീട് മാറുന്നു. മനുഷ്യജീവിതത്തിൽ കർമ്മവിധികളുടെ സ്ഥാനം നിർണ്ണയിക്കുവാനുള്ള ശ്രമം നോവലിൽ എഴുത്തുകാരൻ നടത്തുന്നുണ്ട്.

കാലത്തിനുചിതമായ മാറ്റങ്ങൾ സാമൂഹ്യജീവിതത്തിൽ വരേണ്ടതുണ്ട്. "ഇന്നത്തെ കാലത്ത് ഏറ്റവും പ്രധാനം സാങ്കേതികവിദ്യാഭ്യാസമാണമ്മാവാ. കമ്പ്യൂട്ടർ സെന്റർ നടത്തുന്നത് കോവിലകത്തിന്റെ അന്തസ്സ് വളർത്തുകയേയുള്ളൂ. കാലത്തിനൊത്ത് മാറാൻ കഴിഞ്ഞതുകൊണ്ടല്ലേ ഈ കോവിലകം ഇന്നും നിലനില്ക്കുന്നത്" (2009: 14) എന്ന ഇളയതലമുറയിലെ ജയരാജ് പറയുന്ന വാക്കുകൾ പുതിയ ലോകത്തെ നാം സ്വീകരിക്കാൻ തയ്യാറെടുപ്പുകൾ നടത്തണമെന്ന് ഓർമ്മപ്പെടുത്താനാണ് ഫ്യൂഡൽ പാരമ്പര്യത്തിന്റെ സുഖാലസ്യത്തിൽനിന്ന് വിമുക്തി പ്രാപിക്കാൻ തറവാട്ടംഗങ്ങൾക്ക് കഴിഞ്ഞിട്ടില്ലെന്ന യാഥാർത്ഥ്യവും ഉൾക്കൊള്ളേണ്ടതാണ്. രാമപുരം കോവിലകത്തെ ഗംഗത്തമ്പുരാട്ടിയെ ശ്രീമംഗലത്തേക്ക് ദത്ത് നൽകൽ ചടങ്ങ് നടത്തുന്നു. സ്വത്തുക്കൾ അന്യാധീനപ്പെട്ടുപോകാതിരിക്കാൻ കാരണവന്മാർ കണ്ടെത്തിയ ഉപായങ്ങളാകാം

ഇത്തരം ദത്തുചടങ്ങുകൾ. സമ്പത്തിന്റെ വീതംവെക്കൽ അധികാരനഷ്ടത്തിനു കാരണമാകുന്നുവെന്ന ഭയമാകണം ഈ തീരുമാനത്തിനു പിന്നിൽ.

ലായവളപ്പും കുതിരാലയവും തകർന്നടിഞ്ഞ തറവാടും നോവലിലെ നിഗൂഢസ്ഥലരാശികളാണ്. "നേരിൽ കാണുന്നതുമാത്രമേ വിശ്വസിക്കൂ എന്നു പറയുന്നതിൽ അർത്ഥമില്ല. ചിലതൊക്കെ അല്ലാതെയും വിശ്വസിച്ചേ പറ്റൂ" (2009: 33) എന്ന എഴുത്തുകാരന്റെ പരാമർശം അവിശ്വസനീയമായ പലതും ജീവിതത്തിൽ സംഭവിക്കുന്നുണ്ടെന്നും എന്തുമേതും യുക്തികൊണ്ട് അളക്കാൻ കഴിയില്ലെന്നുമുള്ള ജീവിതപരിസരത്തെ ഓർമ്മിപ്പിക്കുന്നു. ശാസ്ത്രയുക്തിയേക്കാൾ ഭാവനായുക്തി വിജയിക്കുന്ന ആഖ്യാനങ്ങളായി മാന്ത്രികനോവലിനെ കാണാൻ പ്രേരിപ്പിക്കുന്ന ഇടങ്ങളാണിവ.

ആയില്യംകാവിലെ ബ്രാഹ്മണചരിത്രപാഠവും നിർണായകമാണ്. ബ്രാഹ്മണർ തങ്ങളുടെ ആധിപത്യം കേരളത്തിൽ വേരുറപ്പിച്ചത് കാർഷികവ്യാപനത്തോടെയായിരുന്നു. കാർഷികവ്യവസ്ഥിതിയുടെ വ്യാപനവും സാമൂഹികരൂപീകരണവും ജാതിവ്യവസ്ഥയുടെ രൂപീകരണത്തിന് ഇടയാക്കിയിട്ടുണ്ട്. ഈ സ്വാധീനതയും ആധിപത്യവും നിലനിർത്താനാവശ്യമായ ഉപാധികളും ആശയലോകവും നമ്പൂതിരിമാർ ഇവിടെ സൃഷ്ടിച്ചിട്ടുമുണ്ട്. പരമ്പരാഗതസമൂഹത്തിന്റെ മൂല്യബോധവും മേൽക്കോയ്മയും നിലനിർത്താൻ ഉതകുന്ന ചിട്ടവട്ടങ്ങളും അതിനനുസൃതമായ ജീവിതസമ്പ്രദായവും സമുദായഘടനയും അവർ പിന്തുടർന്നിരുന്നു. ഈ സവർണ്ണപാരമ്പര്യമാണ് 'ആയില്യം കാവിൽ' പ്രകടമാകുന്നത്.

സാമൂഹിക, സാമ്പത്തികമണ്ഡലത്തിലെ ബ്രാഹ്മണകുത്തക അവർക്ക് ജ്ഞാനത്തിന്റെ മേൽക്കോയ്മ നേടിക്കൊടുത്തു. 'ഒരു സവിശേഷ സാമൂഹികഘടനയ്ക്കുള്ളിൽ നിൽക്കുകയും വിഭജിതവും ശ്രേണീകരിക്കപ്പെട്ടതുമായ വ്യവസ്ഥയെ നിലനിർത്തുകയും ചെയ്യുന്ന ശക്തിയെ അധികാരം എന്നർത്ഥമാക്കാം' (2014: 37). സമൂഹത്തിൽ നിലനിൽക്കുന്ന അധികാരഘടനയുടെ രൂപം ഏറെ സങ്കീർണ്ണമാണ്. രാഷ്ട്രീയം, സാമ്പ-

ത്തികം, പ്രത്യയശാസ്ത്രം എന്നിങ്ങനെ വ്യത്യസ്തമായ അധികാരരൂപങ്ങളുണ്ട് സമൂഹത്തിന്. രാജാധിപത്യവും പൗരോഹിത്യവും മതത്തെയും ദൈവത്തെയും പരമാധികാരിയായി സങ്കല്പിക്കുകയും അവയുടെ അധികാരോപകരണങ്ങളായി സ്വയം പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടാണ് സാധാരണ ജനങ്ങളെ ഈശ്വരന്റെ അടിമയാക്കി മാറ്റുന്നത്. അധികാരത്തിന്റെയും ഉടമാവകാശത്തിന്റെയും പ്രത്യക്ഷമോ പരോക്ഷമോ ആയ കൂട്ടുപ്രവർത്തനങ്ങൾ ലോകത്തുടനീളം ചൂഷണവ്യവഹാരങ്ങളുടെ മേൽത്തട്ട് രൂപീകരിച്ചിട്ടുണ്ട്. നമ്പൂതിരിമനകളോട് ചേർന്നുതന്നെയാണ് ഭൃത്യവേല ചെയ്യുന്ന നായന്മാരുടെ ഭവനങ്ങൾ സ്ഥിതിചെയ്യുന്നത്. വിളിപ്പാടകലെ അവർ ആജ്ഞാനുവർത്തികളായി നിലകൊണ്ടു. നോവലിൽ പരാമർശിക്കുന്ന മഹാമാന്ത്രികനായ 'അഗ്നിശർമ്മൻ' അധികാരദുഷ്പ്രഭുത്വത്തിന്റെ ആൾരൂപമാണ്. സേവാമൂർത്തികളുടെ പിൻബലത്തോടെ അഗ്നിശർമ്മൻ ചെയ്യുന്ന നെറികേടുകൾക്കു മുന്നിൽ ഗ്രാമം മൂകസാക്ഷിത്വം വഹിക്കുകയാണ്. ആകർഷണമന്ത്രത്തിന്റെ അനന്തസാധ്യതകൾ ഉപയോഗിച്ച് അയാൾ എല്ലാം കൈപ്പിടിയിലാക്കുന്നു. ശേഖരപിള്ളയോടുള്ള പ്രതികാരം തന്റെ അധികാരത്തിനേറ്റ മുറിവായാണ് അയാൾ കരുതുന്നത്. ശേഖരപിള്ളയാകട്ടെ സ്വന്തം സമുദായത്തിന്റെ മോചനത്തിനുള്ള ശബ്ദമായാണ് പ്രതിഷേധത്തെ കാണുന്നത്. ബ്രാഹ്മണ്യത്തെ അംഗീകരിക്കാത്തതിനാൽ ശേഖരപിള്ളയുടെ കുടുംബത്തിന് സമുദായവിലക്കേർപ്പെടുത്തുന്നു. ചരിത്രപരമായി അടിമകളാക്കിവെക്കപ്പെട്ട ഒരു ജനവിഭാഗത്തിന്റെ നിസ്സഹായത ഇവിടെ പ്രകടമാണ്. ആനന്ദഗുരുവിലൂടെ അയാൾ മനുഷ്യത്വത്തിൽ പ്രതീക്ഷ കാണുന്നു. ആനന്ദഗുരുവും അഗ്നിശർമ്മനും തമ്മിലുള്ള ധർമ്മാധർമ്മ സംഘട്ടനമാണ് നോവലിന്റെ ജീവൻ. ദുർമ്മന്ത്രവാദത്തെയും സന്മന്ത്രവാദത്തെയും മുഖാമുഖം നിർത്തി, മനുഷ്യന്റെ ഇച്ഛാശക്തികൊണ്ട് ജീവിതം തിരിച്ചുപിടിക്കുന്ന മനുഷ്യരുടെ ദുരന്തജീവിതപാഠരൂപമായി 'ആയില്യംകാവ്' മാറുന്നു. വൈയക്തികനേട്ടത്തിന് മന്ത്രതന്ത്രങ്ങൾ ഉപയോഗിക്കുന്നത് തിരിച്ചടിയാകുമെന്ന് അഗ്നിശർമ്മന്റെ ദുരന്തജീവിതംകൊണ്ട് ബോധ്യപ്പെടുത്തുന്നു. ആത്യന്തികമായി നന്മയുടെ വിജയം ഘോഷിക്കുന്ന നോവൽ. ഗു-

ശനിന്ദ, നീചജീവിതം, ക്രൂരത, അധികാരമർക്കടമുഷ്ടി, അയിത്താചാരങ്ങളിലെ ജീവിതം എന്നീ പ്രശ്നങ്ങളുടെ കുരുക്കഴിക്കലായി നോവലിനെ കാണാം.

കേരളത്തിലെ സാംസ്കാരികജീവിതത്തെക്കുറിച്ചും ചരിത്രത്തെക്കുറിച്ചുമുള്ള സമാന്തരമായ പര്യാലോചനയായി മാന്ത്രികനോവലുകളെ കാണാം. ചരിത്രത്തെ താഴെനിന്നു നോക്കിക്കാണുന്ന (History from Below) സമ്പ്രദായവും സൂക്ഷ്മചരിത്ര(Micro-history)വീക്ഷണവും പ്രാദേശികചരിത്രാ(Local History)വബോധവും അവയിൽ സന്ദർഭാനുസാരം പ്രത്യക്ഷപ്പെടുന്നുണ്ട്.

### 5. 2. 3. പ്രതിരോധത്തിന്റെ/വിധ്വംസനത്തിന്റെ രാഷ്ട്രീയസത്യങ്ങൾ

പുരുഷാധികാരകേന്ദ്രിതമായ സമൂഹത്തെയാണ് കലിക പ്രതിനിധാനം ചെയ്യുന്നത്. സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്ന സാമൂഹ്യഘടനയുടെത്താണ് കലികയും നിലകൊള്ളുന്നത്. പിതൃതുല്യനായ പുരുഷനാൽ ക്രൂരപീഡനങ്ങൾക്കു വിധേയയാകേണ്ടി വന്ന ആര്യ പുതിയ സാംസ്കാരികതയോട് പ്രതികരിക്കുന്നവളാണ്. സ്ത്രീയെ അടിമയാക്കി വെക്കാനുള്ള എളുപ്പമാർഗ്ഗം അവളെ ലൈംഗികമായി അടിമയാക്കുക എന്നതാണ്. കലികയെ അത്തരം നീതിനിഷേധത്തിന്റെ ഇരയായാണ് കാണേണ്ടത്. നാല്പത്തൊന്നുനാൾ നീണ്ട വ്രതോപാസനകളിലൂടെ, നഷ്ടപ്പെട്ട കന്യാകാത്വം തിരിച്ചുപിടിക്കാൻ ശ്രമിക്കുന്ന ആര്യ (കലിക), തന്റെ സ്വകാര്യതയിലേക്ക് കടന്നുവരുന്ന കുടിയൻ തോമ, ജോസഫ് തുടങ്ങിയവരെ വകവരുത്തുന്നുണ്ട്. നോവൽ പ്രത്യക്ഷത്തിൽ പുരുഷാധിപത്യലോകത്തോടും പുരുഷകേന്ദ്രിതസാമൂഹികഘടനയോടും കലഹിക്കുകയാണ്. എന്നാൽ സ്ത്രീ കരുത്തിന്റെ പ്രതീകമാണെന്ന തോന്നലുളവാക്കുക മാത്രം ചെയ്ത് ആത്യന്തികമായി ആൺകോയ്മ വിളംബരം ചെയ്യുന്ന നോവലായി കലിക മാറുകയും ചെയ്യുന്നു.

വേളി വൈകിയ കുറ്റത്തിന് നാട്ടുവാഴിയുടെ കല്പനപ്രകാരം കൈകാൽ കെട്ടിവരിഞ്ഞു കാട്ടിൽ തള്ളിയ 13 വയസ്സുള്ള നമ്പൂതിരി പെൺകുട്ടിക്ക് അഭയകേന്ദ്രമാകുന്നത് സാമവൈദ്യൻ എന്ന തിയ്യനാണ്. അയാൾ അവൾക്ക് 'ദേയി ബൈദ്യാദി' എന്നു പേരിട്ടു. ദേയി (ദേവി) എന്നത് ബ്രാഹ്മണസ്വത്വവും ബൈദ്യദി (വൈദ്യത്തി) എന്നത് തീയസ്വത്വവും സൂചിപ്പിക്കുന്നു. 'പുലി മറിഞ്ഞ തൊണ്ടച്ചന്റെ കഥ നോവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതാകട്ടെ അധികാരത്തിനു പിന്നിലെ കൊടിയ ചതിയുടെയും വഞ്ചനയുടെയും ചരിത്രം പ്രകടമാക്കുന്നു. റബ്ബർ കുറുപ്പിന് വർഗ്ഗചരിത്രത്തിലെ ചൂഷകന്റെ പരിവേഷമാണുള്ളത്. നൂറ്റാണ്ടുകളായി നടന്ന ചൂഷണം. കാട്ടുതേനും പച്ചക്കുരുമുളകും ഏലവും കുറവപ്പട്ടയും ഗ്രാമ്പും മറ്റു മലഞ്ചരക്കുകളും കാട്ടുമരുന്നുകളും ഇവിടെ നിന്നും കടത്തി പകരം നിറമുള്ള വസ്ത്രങ്ങൾ, കൺമഷി, കളിപ്പാട്ടങ്ങൾ നൽകി ഒരു സമുദായത്തെ പ്രലോഭിപ്പിക്കുന്നു. പകലുകൾ അടിമപ്പണിയെടുക്കുക, രാത്രികളിൽ അവർ നൽകുന്ന കഞ്ചാവും കറുപ്പും വലിച്ച് ചുവന്ന വെള്ളവും കുടിച്ച് കാടിന്റെ കുളിർമ്മയിൽ മയങ്ങുക. ഒരു സമൂഹത്തിന് കല്പിച്ചു കൊടുത്ത അവകാശങ്ങൾ ഇത്രമാത്രം. നാട്ടുവാഴികളുടെ അധികാരധാർഷ്ട്യത്തിന്റെ ഇരകളായി ഒടുങ്ങുന്ന സാധാരണ മനുഷ്യരുടെ കഥയായി നോവലിനെ വായിക്കാം.

പാരമ്പര്യത്തെ നിഷേധിക്കുകയും അവയെ തകർത്തെറിയാൻ പരിശ്രമിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായാണ് കൃഷ്ണപ്പരുന്തിലെ കുമാരൻ തമ്പി ബ്രഹ്മചര്യത്തെ ലംഘിക്കുന്നത്. വ്രതഭംഗം വരുത്തി നിലവിലെ വ്യവസ്ഥയെ വെല്ലുവിളിച്ചുകൊണ്ട് ക്ഷുദ്രകർമ്മിയായി അയാൾ ഭയം കൂടാതെ മുന്നേറുന്നുണ്ട്. മന്ത്രവിധികളിൽ ആര്യപാരമ്പര്യമാണ് താന്ത്രികവിധിയിൽ അധിഷ്ഠിതമായ ദേവതാപ്രീതിക്കുപയോഗിക്കുന്നത്. മാന്ത്രിക ആഭിചാരകർമ്മങ്ങൾ ദ്രാവിഡപാരമ്പര്യത്തിന്റേതാണ്. ബ്രഹ്മജ്ഞാനം ലഭിച്ചവൻ ഉപാസനയിൽ ബ്രഹ്മചര്യം അനുഷ്ഠിക്കണമെന്ന ന്യായം വൈദികശാസ്ത്രവിധിയിൽ ഉണ്ടായതാണ്. ആര്യേതരമായ പാരമ്പര്യത്തിൽ മധ്യമപൂജയ്ക്കാണ് പ്രാധാന്യം. രക്തവും മാംസവും ഇഷ്ടദേവതാപ്രീതിക്കായി സ്വീകരിക്കുന്ന സമ്പ്രദായങ്ങൾ സംഘ-

കാലത്തെ 'കൊറ്റവൈ' എന്ന ദേവതയെ അനുസ്മരിപ്പിക്കുന്നു. ഭദ്രകാളിയെയാണ് മാന്ത്രികർ ഉപാസനാമൂർത്തിയാക്കുന്നത്. കൃഷ്ണപ്പരുന്ത് യഥാർത്ഥത്തിൽ ആര്യ-ദ്രാവിഡ-പാരമ്പര്യത്തിന്റെ സംഘട്ടനഭൂമികയാണ്.

സാമ്പ്രദായികരീതിയനുസരിച്ച് മന്ത്രമൂർത്തികളെ സത്വരജസ്തമോഗുണക്കാരായാണ് വിഭജിച്ചിരുന്നത്. അവരെ പ്രീതിപ്പെടുത്താനും നിയന്ത്രിക്കാനും സാമദാനഭേദദണ്ഡക്രിയകൾ ചെയ്യാൻ വിധിയുണ്ട്. എന്നാൽ ആര്യപ്രാചീനർ ദുർമൂർത്തികളെക്കൊണ്ടുമാത്രം ചെയ്യു മന്ത്രവാദത്തെ ബ്രാഹ്മണവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് മൂർത്തികൾക്കിടയിൽ വർണ്ണവിവേചനവും വർഗ്ഗീകരണവും നടത്തിയതെന്നുവേണം അനുമാനിക്കാൻ. കുമാരൻതമ്പിക്കു സംഭവിച്ച ദുരന്തം മൂല്യസംഘർഷങ്ങളുടേതാണ്. പാരമ്പര്യത്തെ തകർത്തു മുന്നേറാൻ ശ്രമിക്കുന്നവന് ജീവിതം പരീക്ഷണമാകുമെന്ന ധാരണ ലഭിക്കുന്നു നോവലിൽ. മാന്ത്രികവിദ്യയുടെ പ്രക്രിയാഭേദങ്ങൾ നിലവിലുണ്ടായിരുന്ന സാമൂഹികമൂല്യവ്യവസ്ഥിതിയും മേളിക്കുന്ന ഭാവനാഭൂപടമാണ് കൃഷ്ണപ്പരുന്തിൽ കാണാനാകുന്നത്.

തൊഴിൽമേഖലയിലെ കുടിപ്പകയായാണ് പള്ളിവേട്ടയിലെ സന്മന്ത്രവാദിയും ദുർമ്മന്ത്രവാദിയും തമ്മിലുള്ള സംഘർഷത്തെ കാണേണ്ടത്. ബ്രഹ്മചര്യവ്രതഭംഗം വരുത്തുവാൻ കുഞ്ഞുണ്ണിക്കൈമൾ സ്വന്തം സഹോദരിയായ ദേവമ്മയെ പ്രലോഭിപ്പിക്കുന്നുണ്ട്. ദേവമ്മയെ കേവലം പ്രണയാതുരയായ, ഭോഗതത്പരയായ സ്ത്രീയായി അവതരിപ്പിക്കുന്നു. സ്ത്രീകൾ പ്രണയത്തിനും വൈകാരികതയ്ക്കും അടിമപ്പെടേണ്ടവൾ തന്നെയാണെന്ന പൊതുബോധത്തെ ഉറപ്പിക്കുവാൻ നോവലിലെ സ്ത്രീകഥാപാത്രങ്ങളെയാണ് കൂട്ടുപിടിക്കുന്നത്. ചാതുർവർണ്ണ്യവ്യവസ്ഥിതിയുടെ ഭൂതകാല ഓർമ്മകൾ നോവലിൽ തികട്ടിവരുന്നുണ്ട്. കേന്ദ്രകഥാപാത്രമായ മാർത്താണ്ഡപിള്ള മാന്ത്രികപാരമ്പര്യം സിദ്ധിച്ചവനാണെങ്കിലും ജന്മംകൊണ്ട് ശൂദ്രനാണ്. യക്ഷിയെ കീഴ്പ്പെടുത്താൻ രാജസന്നിധിയിലെ ഹോമപ്പുരയിൽവെച്ച് യജ്ഞം നടത്താൻ പരിശ്രമിക്കുമ്പോൾ അയാളെ

സോമദത്തൻ നമ്പൂതിരി വിലക്കുന്നു. "ബ്രാഹ്മണർക്കും ക്ഷത്രിയർക്കും മാത്രം പ്രവേശനം അനുവദിച്ചിട്ടുള്ള കൊട്ടാരം ഹോമപ്പുരയിൽ ഒരു ശൂദ്രൻ പ്രവേശിച്ച് ഹോമം നടത്തുകയോ? കടുത്ത ആചാരലംഘനമല്ലേ ഇത്? മന്ത്രതന്ത്രങ്ങളിൽ പ്രാവണ്യം നേടിയവനെങ്കിലും ജാതിയിൽ അയാൾ ശൂദ്രനല്ലേ? ബ്രാഹ്മണപുരോഹിതന്മാരുടെ കർമ്മവേദിയിൽ ഒരു ശൂദ്രൻ പ്രവേശിച്ച് ഹോമകർമ്മങ്ങൾ നടത്തുന്നത് അധർമ്മമല്ലേ?" (1991: 48). മാർത്താണ്ഡപിള്ളയോട് ഇക്കാര്യം പറയാനുള്ള ധൈര്യക്കുറവ് കാരണം യാഗാവസാനം പുണ്യാഹം തളിച്ച് ഹോമപ്പുര ശുദ്ധിവരുത്താൻ ശ്രമിക്കുന്നു. നിലനിന്നിരുന്ന ജാതീയാചാരങ്ങൾ തെറ്റാതെ കാത്തുസൂക്ഷിക്കേണ്ടതാണെന്ന ബോധത്തെ തകർക്കാൻ മാന്ത്രികനോവലിൽ പ്രത്യക്ഷപ്പെടുന്നത് വേദജ്ഞനായ ശൂദ്രമാന്ത്രികനാണ്. മാർത്താണ്ഡപിള്ളയുടെ കഴിവിൽ അസഹിഷ്ണുവായ പുരോഹിതൻ പറയുന്നുണ്ട്. "ശാന്തിഹോമവും സാത്വികകർമ്മങ്ങളും മൂലമന്ത്രങ്ങളുടെ പ്രയോഗങ്ങളും ബ്രാഹ്മണർക്കുമാത്രം വിധിച്ചിട്ടുള്ളതാണെന്നും ശൂദ്രനായ മാർത്താണ്ഡപിള്ള മാതംഗീമന്ത്രജപത്തോടെ അഷ്ടഗന്ധം ഹോമിക്കുവാൻ പാടുണ്ടോ? ഗണപതിഹോമം, ഭഗവതിസേവ, വാസ്തുബലി, നാരായണബലി, സാരസ്വതബലി, പിതൃബലി, ഭൂതബലി, മാതൃബലി എന്നിവ പൗരോഹിത്യത്തിനു മാത്രം അനുഷ്ഠിക്കപ്പെടാനുള്ളതാണെന്ന കൊട്ടാരം പുരോഹിതന്റെ സംശയങ്ങൾ ഒരു കാലഘട്ടത്തെ സാമൂഹ്യബോധത്തിൽനിന്നുരുവം കൊണ്ടതാണ്. മാർത്താണ്ഡപിള്ളയുടെ പരിഹാസങ്ങൾക്കുമുമ്പിൽ ക്ഷുഭിതനായ കൊട്ടാരം പുരോഹിതൻ അയാളെ ശകാരിക്കുന്നുണ്ട്" (1991: 48). "എടാ ശൂദ്രമന്ത്രവാദീ, ബ്രഹ്മത്വമില്ലാത്ത നീ ബ്രാഹ്മണൻ നടത്തേണ്ടുന്ന മന്ത്രകർമ്മം നടത്തുന്നുവോ? നിനക്ക് ഇമ്മാതിരി ഹോമകർമ്മങ്ങൾ നടത്താനുള്ള അർഹതയില്ല" (1991: 62). കോപത്താൽ മാർത്താണ്ഡപിള്ള നടത്തിയ കഠിനപ്രയോഗത്താൽ ശരീരമാസകലം പൊള്ളലേറ്റ പുരോഹിതനെക്കുറിച്ചോർത്തപ്പോൾ അയാൾക്ക് പ്രയാസമായി. "ബ്രാഹ്മണശാപം തീർത്താൽ തീരില്ലെന്നു കേട്ടിട്ടുണ്ട്. തനിക്ക് പുരോഹിതൻ നമ്പൂതിരിയുടെ ശാപമേറ്റിട്ടുണ്ടാകുമോ?" (1991: 64). ധീരനായ മന്ത്രവാദിയുടെ വാക്കുകൾ ബ്രാഹ്മണ്യത്തിന്റെ പ്രാ-

മാണികതയെ അംഗീകരിച്ചുറപ്പിക്കുന്നതിന് തെളിവാണ്. വൈദികവിധികളെ സാമൂഹികഘടനയിൽ മേൽസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന വ്യവസ്ഥിതിയ്ക്ക് നോവലിസ്റ്റ് സാധൂകരണം നടത്തുകയാണിവിടെ.

നോവലിൽ ഫാന്റസിയുടെ തലം ഉണർന്നു പ്രവർത്തിക്കുന്നത് യക്ഷീസങ്കല്പത്തിലാണ്. കൃഷ്ണപുരം യക്ഷി, കുളനടയക്ഷി, കാർത്തികപ്പള്ളി യക്ഷി എന്നീ പേരുകളിലറിയപ്പെടുന്ന യക്ഷികൾ രക്തദാഹികളാണ്. യക്ഷീകഥകൾ ഭീതിതമാകുന്നതിന് ഒട്ടേറെ കാരണങ്ങളുണ്ട്. വിജനതയും കാടും ഒറ്റപ്പെട്ട യാത്രികരെ ഭയപ്പെടുത്തും. അത്തരം സ്ഥലത്തുകൂടി യാത്ര ചെയ്യുമ്പോൾ മനസ്സിൽ നിറയുന്ന ഭയം യക്ഷിയിലേക്കും പ്രേതപിശാചുക്കളിലേക്കും മനസ്സിനെ നയിക്കും. രാത്രിയിൽ സ്വൈരവിഹാരം നടത്തുന്ന ചിലരുടെ സൃഷ്ടിയാകാം യക്ഷികൾ. പ്രതികാരഭാവത്തോടെ പെരുമാറുന്ന യക്ഷികൾ സമൂഹത്തിൽ പ്രതികാരഭാവത്തോടെ വേട്ടയാടുന്നവരുടെ പ്രതീകവുമാകാം. ലൈംഗികാനന്ദം തേടിയിറങ്ങിയവരെ ഭയപ്പെടുത്താൻ ഇത്തരം വിശ്വാസങ്ങൾ ഒരു കാലത്ത് സമൂഹം സ്വീകരിച്ചതിന്റെ അടയാളമാകണം നോവലിലെ യക്ഷിയുടെ ആഗമം.

എം. ആർ. രാജേഷ് 'ഹിന്ദുധർമ്മരഹസ്യം' എന്ന പുസ്തകത്തിൽ യക്ഷനെയും യക്ഷിയെയും വ്യാഖ്യാനിക്കുന്നുണ്ട്. യക്ഷൻ പരമാത്മാവാണ്. സൃഷ്ടി എന്ന യജ്ഞം ചെയ്യുന്നതിനാൽ ഈശ്വരന് യക്ഷൻ എന്നു പേരുവന്നു. യജ്ഞം ചെയ്യുന്നവനാണത്രേ യക്ഷൻ. യജ്ഞം നടന്ന സ്ഥലം (യജ്ഞി) യക്ഷിയും. കർമ്മം ചെയ്തിട്ട് മനുഷ്യരക്തം ഊറ്റിക്കുടിക്കുന്നതായി യജ്ഞം അധഃപതിച്ചപ്പോൾ യക്ഷിക്ക് ഹീനാർത്ഥമുണ്ടായി എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. യജ്ഞം നടന്ന വേദിയിൽ എഴുത്തോലപ്പന നടുന്ന പതിവുണ്ടായിരുന്നു. യജ്ഞം നടന്ന സ്ഥലം യക്ഷിയും താളിയോല സംഭരണത്തിന് അവിടെ പന നടലുമായപ്പോൾ യക്ഷിയെ പതുക്കെ പനയിലേക്ക് മാറ്റി (ഡോ.വി.വി ഹരിദാസ്, 2016: 93,94: ). യക്ഷിക്ക് ഇരുമ്പു ഭയമാണെന്നു പറയുന്നതിലൂടെ ശി-

ലായുഗമനുഷ്യരുടെ ദേവതയായി യക്ഷിയെ കാണുന്നവരുണ്ട്. അങ്ങനെ നശിപ്പിച്ച, അടിച്ചമർത്തിയ വിഭാഗത്തോടുള്ള ശത്രുതയാണ് ഇത്തരം നോവലുകളിൽ യക്ഷികൾ പുറപ്പെടുവിക്കുന്നത്. അതിനാൽ നോവലിലെ ദളിത് വിഭാഗമായി യക്ഷികളെ വിലയിരുത്താം. ലൈംഗികാതിക്രമം നടത്തിയ നമ്പൂതിരിമാരെ ഏകാന്തവും വിജനവുമായ ഇടങ്ങളിലേക്ക് ആകർഷിച്ചുകൊണ്ടിരിക്കാനും അതിന് യക്ഷിയെ മറയായി ഉപയോഗിച്ചതാകാനും സാധ്യതയുണ്ട്. വർണ്ണസങ്കരം തടയാനും മറ്റു ജാതികളിലെ സ്ത്രീകളുമായി രതിയിൽ ഏർപ്പെടുന്നത് ഇല്ലാതാക്കാനും യാഥാസ്ഥിതിക ബ്രാഹ്മണർ പ്രചരിപ്പിച്ച കഥയായി യക്ഷിയെ കാണാം. കാരണം വഴിതെറ്റി വരുന്നവരെയാണല്ലോ യക്ഷികൾ ഇരയാക്കുന്നത്. മാന്ത്രികനോവലിലെ യക്ഷികൾക്ക് ദ്രാവിഡപാരമ്പര്യമല്ല കല്പിച്ചുനൽകുന്നത്. ആര്യപാരമ്പര്യത്തിന്റെ സൃഷ്ടികളാണവർ.

സന്മന്ത്ര-ദുർമ്മന്ത്രവാദസംഘട്ടനമാണ് 'പള്ളിവേട്ട'യുടെയും മുഖ്യപ്രമേയം. നിഗൂഢമായ സ്ഥലവർണ്ണനയും അനുഭവലോകവും ക്ഷുദ്രശക്തികളുടെ പോരാട്ടവും ഭയജന്യമായ ആഖ്യാനത്തിലൂടെ വായനക്കാരിലേക്ക് സംക്രമിക്കുന്നു. മാന്ത്രികജ്ഞാനബലതന്ത്രങ്ങളുടെ പരീക്ഷണശാലകളായി വ്യക്തിമനസ്സുകൾ മാറുന്നതും നോവലിന്റെ പൊതുഭാവമണ്ഡലമാണ്.

മലയാളത്തിലെ മാന്ത്രികനോവലുകളെ ജനപ്രിയമാക്കി മാറ്റിയ എഴുത്തുകാരനാണ് ഏറ്റുമാനൂർ ശിവകുമാർ. കാല്പനികഭാവപ്രപഞ്ചമാണ് ഏറ്റുമാനൂരിന്റെ മാന്ത്രികനോവലുകളുടെ പൊതുസവിശേഷത. നാടോടിക്കഥാപാരമ്പര്യത്തെ പിന്തുടർന്ന് തികച്ചും കല്പിതമായ ഇതിവൃത്തത്തെ കേരളത്തിന്റെ സാമൂഹികഘടനയ്ക്കുള്ളിൽനിന്നുകൊണ്ട് ആവിഷ്കരിക്കുവാനാണ് അദ്ദേഹം പരിശ്രമിച്ചത്.

പാടത്തു ജോലിക്കുവരുന്ന ചെറുമികളെ തന്റെ ഇംഗിതത്തിനു കീഴ്പ്പെടുത്താൻ ഭാസ്കരവർമ്മ ശ്രമിക്കുന്നുണ്ട്. 'നീലി' എന്നു പേരായ ചെറുമിപ്പെണ്ണിനെ ലൈംഗികമായി ഉപയോഗിക്കാൻ ശ്രമിക്കുന്ന അയാളും താൻ വഞ്ചിക്കപ്പെടുകയാണെന്ന് തിരി-

ച്ചറിഞ്ഞിട്ടും ഉള്ളിന്റെയുള്ളിൽ അത് അഭിമാനമായി കൊണ്ടുനടക്കുന്ന നീലിയും ഒരേ സാമൂഹികക്രമത്തിന്റെ വക്താക്കളാണ്. സ്ത്രീ, ലൈംഗികതാത്പര്യമുള്ളവളാണെന്നും ആകർഷണം തോന്നുന്നവനോട് രതിയിലേർപ്പെടാൻ അവസരം കാത്തിരിക്കുന്നവളാണെന്നുമുള്ള വ്യാഖ്യാനങ്ങൾ നോവലിൽ കടന്നുവരുന്നു. 'ചിത്തിരത്തമ്പുരാട്ടി'ക്ക് ചിന്നനോട് തോന്നുന്ന ആസക്തി ഇതിനുദാഹരണമാണ്. ഇതാണ് നോവലിൽ കൊടിയ ചതിയുടെയും പകയുടെയും കഥയായി അവശേഷിക്കുന്നത്. പ്രായവും ജാതിയും വിലക്കുകളും ജ്വലിക്കുന്ന വികാരങ്ങൾക്കു വഴിമാറിക്കൊടുക്കുന്ന മനുഷ്യവൈകാരികതയുടെ ഭാവതലം നോവലിൽ ആവിഷ്കരിക്കുന്നു. 'ചിന്നൻപുഴ', 'തമ്പുരാട്ടിപ്പാറ' എന്നീ സ്ഥലനാമങ്ങളുടെ ചുരുൾ നിവരുന്നതോടെ വായനക്കാരൻ ആകാംക്ഷയുടെ മുനമ്പിലെത്തുന്നു. ഒപ്പം അത് ഉള്ളിലെ അപസർപ്പകനെ കെട്ടഴിച്ചുവിടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

ഭൈരവൻ പ്രതികാരനിർവ്വഹണാർത്ഥമാണ് നിലകൊള്ളുന്നത്. വംശപരമ്പരയോട് ചെയ്ത അനീതിയ്ക്കെതിരെ ആഭിചാരമാന്ത്രികത്തിലൂടെ ഭൈരവൻ പ്രതികരിക്കുന്നു. പരകായപ്രവേശം, കൂടുവിട്ട് കൂടുമാറൽ തുടങ്ങിയ കർമ്മങ്ങളുടെ അത്ഭുതലോകം അങ്ങനെ നോവലിൽ തുറന്നിടുന്നു. മന്ത്രതന്ത്രങ്ങൾ പഴഞ്ചനാണെന്നും അപരിഷ്കൃതമാണെന്നും പറയുന്നവർക്കുള്ള മറുപടിയായാണ് സംഭവങ്ങളെ നോവലിൽ കോർത്തെടുക്കുന്നത്. സോപ്പുകമ്പനി ഡയറക്ടർമാരിൽ ഒരാളായ രാമകൃഷ്ണയ്യരുടെ വാക്കുകൾ നോക്കുക: "ഇന്നത്തെ കാലത്ത് ആർക്കും അത്ര പെട്ടെന്ന് അംഗീകരിക്കാൻ കഴിഞ്ഞില്ലെന്നും വരും. എന്നാലും മന്ത്രം സത്യമാണ്. അതിന്റെ ഏറ്റവും വലിയ ഉദാഹരണം ഇവിടെ ഭിഷഗ്വരന്മാരും വൈദ്യരുമുണ്ടാകുന്നതിനുമുമ്പ് ഒരു കാലത്ത് രോഗചികിത്സയ്ക്ക് മന്ത്രമായിരുന്നില്ലേ മരുന്ന്?..... 'കുറേയൊക്കെ പരാജയപ്പെട്ടെന്നുവരാം. അത് വിദഗ്ധചികിത്സയ്ക്ക് അമേരിക്കയിലോ ഇംഗ്ലണ്ടിലോ പോയാലും സംഭവിക്കില്ലേ?" (2009: 14). ഈ ദീർഘമായ സംഭാഷണം യുക്തിയെ കീഴ്മേൽ മറിക്കുന്നതാണ്. യുക്തിക്കു മുകളിൽ അയുക്തി എങ്ങനെ പ്രവർത്തിക്കുമെന് നോവലിസ്റ്റ് വിശകലനം നട-

ത്തുകയാണിവിടെ. ഇത് നിലവിലുള്ള ശാസ്ത്ര-സാമൂഹ്യബോധത്തെ നിരാകരിക്കുന്നതിന തുല്യമാണ്. കേവലയാഥാർത്ഥ്യമെന്ന, ഒന്നില്ലെന്നുള്ള ചിന്തയാണ് ഇവിടെ ഉത്പാദിപ്പിക്കുന്നത്. അനിവാര്യമായ വിധിക്ക കീഴടങ്ങുക എന്നതുമാത്രമാണ് ജീവിതത്തിൽ ചെയ്യാനുള്ളതെന്ന ജീവിതത്തിന്റെ സരളപാഠങ്ങൾ വായനക്കാരനിലേക്ക് സംക്രമിപ്പിക്കുവാൻ പര്യാപ്തമാണീ നിലപാട്. നിലവിലുള്ള പൊതുബോധത്തെ നിഷ്കാസനം ചെയ്ത് പുതുലോകത്തെ വിധിയുടെ അലംഘനീയതയിൽ തളച്ചിട്ടുകൊണ്ട് നിഷ്ക്രിയരാക്കുന്നതിന തുല്യമാണ് ഇത്തരം പൊതുബോധം സൃഷ്ടിക്കപ്പെടുന്നതും.

വൈദികാധികാരകേന്ദ്രങ്ങളോടുള്ള കലഹം എന്ന നിലയിലാണ് ഏറ്റുമാനൂർ ശിവകുമാർ 'ആയില്യം കാവി'നെ നോക്കിക്കാണുന്നത്. ഭോഗജീവിതവും ലൈംഗികാസക്തിയും സവർണ്ണജീവിതകാമനയും ആഖ്യാനത്തിൽ കൊണ്ടുവന്നു മുഖാമുഖം നിർത്തി സ്വയം വിമർശനവിധേയമാക്കുവാൻ അവ നമ്മെ പ്രേരിപ്പിക്കുന്നു. ചേലക്കര ഗ്രാമം അന്ധവിശ്വാസങ്ങളുടെ കൂത്തരങ്ങായാണ് നോവലിൽ പ്രത്യക്ഷപ്പെടുന്നത്. ബ്രാഹ്മണ്യത്തിന്റെ അപ്രമാദിത്വത്തിൻ കീഴിൽ പ്രാണഭയത്തോടെ കഴിയാൻ വിധിക്കപ്പെടുന്ന സാധാരണക്കാരായ ഒരു കൂട്ടം മനുഷ്യരുടെ അതിജീവനത്തിന്റെ കഥയായി 'ആയില്യംകാവ് മാറുന്നു.'

നായർസ്ത്രീകൾ ബ്രാഹ്മണർക്ക് സംബന്ധം കഴിക്കാൻ മാത്രമുള്ളവരാണെന്ന സാമൂഹികധാരണയ്ക്കെതിരെ നോവൽ കലാപക്കൊടിയുയർത്തുന്നു. പുടവകൊട കഴിഞ്ഞാൽ ഏതു നായർ സ്ത്രീയും നമ്പൂതിരിക്കു സ്വന്തമാണ്. താലി ചാർത്തിയ ഭർത്താവിനൊത്ത് കഴിയുമ്പോഴും നമ്പൂതിരി വന്നുവിളിച്ചാൽ അയാളുടെ ഇംഗിതത്തിന് വഴങ്ങേണ്ടിവരുന്നു. ആ വിലക്ഷണാചാരത്തിനെതിരെ നോവലിലൂടെ പടപൊരുതാനാണ് നോവലിസ്റ്റ് പരിശ്രമിക്കുന്നത്. സ്വന്തം മകളായ നാണിക്കുട്ടിയുടെ പാതിവ്രത്യസംരക്ഷണത്തിന് അച്ഛനായ ശേഖരപിള്ളയ്ക്ക് കാവൽനിൽക്കേണ്ടിവരുന്നു. നിലവിലുള്ള അധികാരകേന്ദ്രിത സാമൂഹ്യക്രമത്തെ പ്രതിക്കൂട്ടിൽ നിർത്തുന്നുണ്ട് ഏറ്റുമാ-

ന്യൂർ. "നാണിക്കുട്ടി അവൾക്ക് പുടവ കൊടുത്തവന്റെ മക്കളെയാണ് പ്രസവിക്കേണ്ടത്. അല്ലാതെ ഏതെങ്കിലും വിടൻ നമ്പൂതിരിയുടെ കുഞ്ഞുങ്ങളെയല്ല" (2012: 4). ശേഖരപിള്ളയുടെ ഈ ആത്മഭാഷണത്തിൽ അയാളുടെ പ്രതിഷേധമുണ്ട്. ബ്രാഹ്മണനമ്പൂതിരി വർഗ്ഗത്തെ ലൈംഗികാസക്തിയുടെ രൂപങ്ങളായി ഭോഗതത്പരരായാണ് നോവലിൽ ചിത്രീകരിച്ചിരിക്കുന്നത്.

ബ്രാഹ്മണ/വൈദികപാരമ്പര്യത്തിലെ ചില നാശോന്മുഖമായ പൈതൃകങ്ങളെ തിരികെക്കൊണ്ടുവന്ന് സവർണ്ണഹൈന്ദവപാരമ്പര്യത്തെയും വിശ്വാസത്തെയും ആധുനികകാലത്ത് ഊട്ടിയുറപ്പിക്കുവാനുള്ള ശ്രമം നടക്കുന്നുണ്ട്. അത്തരം ബ്രാഹ്മണസദാചാരത്തിന്റെ കാപട്യങ്ങളെ ഈ എഴുത്തുകാരൻ തുറന്നുകാട്ടുന്നു. ഭൂതകാലജീവിതത്തിൽ മതിമറന്ന ചില മനുഷ്യരുടെ വർത്തമാനകാല ഉണർച്ചയായാണ് ഇത്തരം നോവലുകളെ കാണേണ്ടത്.

മന്ത്രതന്ത്രശാസ്ത്രങ്ങളുടെ നിഗൂഢതയും വിഹ്വലതയും പ്രകടമാക്കുന്നവയാണ് സുനിൽ പരമേശ്വരന്റെ കുന്നൂർമഠം. ഭയവിഹ്വലതയുടെയും കാമത്തിന്റെയും വാസനാവിശേഷങ്ങളുടെയും പശ്ചാത്തലത്തിൽ നിഗൂഢശക്തികളും പ്രേതാത്മാക്കളും ജീവിച്ചിരിക്കുന്ന ഒരു കൂട്ടം മനുഷ്യരുടെ ജീവിതയാത്രയിൽ വരുത്തിതീർക്കുന്ന വിധിയുടെ വിഭ്രാത്മകമായ കഥപറയുന്ന നോവലാണ് കുന്നൂർമഠം. ജഗത്തിന്റെ നിയാമകശക്തികളെ വരെ അടക്കിഭരിക്കാൻ കെല്പുള്ള സൂര്യനാരായണന്റേയും ശക്തൻഭാട്ടിയയുടെയും വൈഭവം ആവേശകരമാണ്. അനിഷേധ്യമായ വിധിയുടെ/സ്വകർമ്മാനുഭവത്തെ പല വിപത്തുകളിലൂടെ നേരിടേണ്ടിവന്ന കഥാപാത്രമാണ് ജഗന്നാഥൻ. സാത്വിക ഗുണവിശേഷം കൊണ്ട് കഠിനമായ പതനത്തിൽ നിന്നും രക്ഷപ്പെട്ടവർ, സഹജവാസനയാൽ അടുത്ത ജ•ത്തിലും വിധിയിൽ നിന്നുരക്ഷപ്പെടാനാകാതെ ഉഴലുന്ന കഥാപാത്രങ്ങൾ എന്നിവയിലൂടെ ഉദ്വേഗജനകമായ യാത്രയാണ് കുന്നൂർമഠം. പഴയ ഫ്യൂഡൽ പാരമ്പ-

ര്യത്തിന്റെയും പ്രതാപത്തിന്റെയും മൺമറഞ്ഞുപോയ കാലത്തിന്റെയും പ്രതീകമാണ് കുന്നൂർമഠം.

ദുർമന്ത്രവാദത്തിൽ തകർന്ന കുന്നൂർമഠത്തിന്റെ ദുരന്ത സന്തതിയാണ് 'കല്ലേരി കണ്ണപ്പൻ'. പൂർവികർ ചെയ്ത ആഭിചാരകർമ്മത്തിന്റെ ഫലമനുഭവിക്കാൻ വിധിക്കപ്പെട്ടവനാണയാൾ. യൗവനത്തിൽ വാർദ്ധക്യമേറ്റുവാങ്ങിയവനാണവൻ കണ്ണുകൾ കുഴിഞ്ഞ്, വൃഷണങ്ങൾ ബലഹീനമായി, ജരാനരബാധിച്ച്, കാഴ്ച കുറഞ്ഞ കണ്ണപ്പൻ ദുരന്തകഥാപാത്രമാണ്. ഫ്യൂഡൽ യുഗം മനുഷ്യനിൽ ഏല്പിച്ച ജീവിതദുരന്തത്തിന്റെ ആഘാതമേറ്റ കഥാപാത്രം. സുനിൽ പരമേശ്വരന്റെ മാന്ത്രികനോവലിലെ കഥാപാത്രങ്ങൾ ഒട്ടുമിക്കതും ദുരന്തനായക പരിവേഷമുള്ളവയാണ്. സമൂഹത്തിന്റെ യാഥാസ്ഥിതികമായ കാഴ്ചപ്പാടിൽ നിന്ന് സ്ത്രീയെ മുക്തമാക്കാൻ നോവലിസ്റ്റ് ആഗ്രഹിക്കുന്നില്ല. "പുരുഷന്റെ ശക്തി സ്ത്രീയാണ്. പക്ഷേ, സ്ത്രീയ്ക്ക് വേണം ഒരു പുരുഷനെ, സ്നേഹിക്കുന്ന, കാമിക്കുന്ന ഒരു തലോടൽകൊണ്ട് സ്നേഹത്തിന്റെ കൊടുങ്കാറ്റ് സൃഷ്ടിക്കുന്ന പുരുഷനെ" (2012: 31). "പുരുഷനെ ഭരിക്കുന്ന, പുരുഷനെ അടിച്ചമർത്തുന്ന, കെട്ടുതാലിക്ക് ദിവ്യത്വം കല്പിക്കാത്ത പെണ്ണാണ് നമ്മുടെ ബലി. വിടരുത്, വിടരുത് അവളെ" (2012: 50).

ഈ രണ്ടു കാഴ്ചപ്പാടും സ്ത്രീവിരുദ്ധത അടയാളപ്പെടുത്തുന്നതാണ്. പുരുഷനിണങ്ങുന്നവളായിരിക്കുക എന്നതാണ് അവൾക്ക് ജീവിതം. ഈ സാമൂഹ്യബോധത്തിനു വിരുദ്ധമായി സഞ്ചരിക്കുന്നവളെ ബലി കൊടുക്കേണ്ടതാണെന്ന ദുർബലവിശ്വാസം നോവൽ പങ്കുവെക്കുന്നു. സ്വതന്ത്രചിന്തയുള്ള, വ്യക്തിത്വമുള്ള സ്ത്രീയെ ബലി നൽകേണ്ടതാണെന്ന അധികാരബോധത്തിൽനിന്നുമാണ് ഇത്തരം ചിന്തകൾ ഉത്പാദിപ്പിക്കപ്പെടുന്നത്. പുരുഷന്റെ തണലിൽ സ്വന്തമായ ആശയലോകങ്ങൾ നഷ്ടപ്പെട്ട് സംതൃപ്തിയടയുന്നവൾ ഉത്തമസ്ത്രീ/കുലസ്ത്രീ എന്ന സ്ത്രീവിരുദ്ധ നിലപാടും കാഴ്ചപ്പാടും കുന്നൂർമഠത്തിൽ അവതരിപ്പിക്കുന്നു. സ്ത്രീയെ ലൈംഗികാസ്തിത്വമുള്ളവളായി മാത്രം വിലയിരുത്തുവാനും വർണ്ണിക്കുവാനുമാണ് നോവലിസ്റ്റ് പരിശ്രമിക്കുന്നത്. ചെമ്പകം, സുമിത്ര

എന്നീ കഥാപാത്രങ്ങളെ വർണ്ണിക്കുന്നത് മഹിളാസ്വതങ്ങളായ മണിപ്രവാള കാവ്യപാരമ്പര്യത്തെ ഓർമ്മിപ്പിക്കുന്നു.

കോട്ടയം പുഷ്പനാഥിന്റെ ദേവഗന്ധർവ്വൻ എന്ന മാന്ത്രികനോവൽ ഭീതിയും ആകാംക്ഷയും നിറഞ്ഞ യക്ഷിക്കഥയുടെ ആകർഷകത്വം മുറ്റിനിൽക്കുന്നു. ഇളവംകോട്ടുദേശത്തെ താണികെട്ടുമനയിലെ ജയദേവൻ എന്ന ദേവഗന്ധർവ്വന്റെ ഭൂമിയിലെ ജീവിതവും ദേവയക്ഷിയെ കണ്ടെത്തി തിരികെ ഇന്ദ്രലേകത്തേക്കു പോകുന്നതുമായ ഇതിവൃത്തം മുത്തശ്ശികഥയുടെ സഹജമായ ആകാംക്ഷയോടെ, ലാളിത്യത്തോടെ ആഖ്യാനത്തിൽ കൊണ്ടുവരാൻ കഴിഞ്ഞിരിക്കുന്നു. ഗന്ധർവ്വലോകത്തെ ഭ്രമാത്മകകഥകൾ കേരളീയ സമൂഹത്തിൽ വേരോട്ടം നേടിയ ഒന്നാണ്. ബ്രാഹ്മണ്യത്തിന്റെ സവർണ്ണപാരമ്പര്യ സൃഷ്ടിയാണ് ഗന്ധർവ്വൻ. നോവലിൽ പരാമർശിക്കുന്ന സ്ഥലവർണ്ണനകൾ കേരളത്തിന്റെ പരിച്ഛേദമല്ല. എന്നാൽ ഭാവനയിലൂടെ വികസിതമായ കേരളീയ സാംസ്കാരികമുദ്രകൾ പേറുന്ന അതിലോകമായി ഈ സമൂഹത്തെ വിഭാവനം ചെയ്യുന്നു.

പുഷ്പനാഥിന്റെ ദേവദൂതികയും സമാനമായ ആശയലോകത്തിന്റെ പ്രതിനിധാനം തന്നെയാണ്. ചതി, വഞ്ചന, പക, കിടമത്സരം തുടങ്ങിയ ആധുനികജീവിതപ്രശ്നപരിസരത്തെ നോവൽ ഘടനയ്ക്കകത്ത് സ്ഥാനം നൽകുന്നു. ജയദേവനെ പരാജയപ്പെടുത്താൻ ശ്രമിക്കുന്ന ശങ്കരൻ പ്രസ്തുത പരിസരത്താണ് അവതിരിപ്പിക്കപ്പെടുന്നത്. നോവലിലെ സ്ത്രീവർണ്ണന പരമ്പരാഗതമായ ദേവതാസങ്കല്പത്തിൽ നിന്നുടലെടുത്തതാണ്. "മുട്ടിനുതാഴെയെത്തുന്ന പനങ്കുലപോലുള്ള തലമുടി, അർദ്ധവൃത്താലങ്കാരമായ നെറ്റിക്കു താഴെ ഇരുവശം വരച്ചെടുത്തപോലുള്ള കണ്ണുകൾ, ഉയർന്നു വളഞ്ഞ നാസിക, രണ്ട് താമരപ്പൂതിരളുകൾ ഒട്ടിച്ചുവെച്ചതുപോലുള്ള അധരങ്ങൾ, അഗ്രങ്ങൾ വളഞ്ഞ താടി" (2010: 48) ഗന്ധർവ്വലോകത്തെ അഭൗമ സൗന്ദര്യത്തിന് വാങ്മയദൃശ്യത്തിൽ ആവിഷ്ക്കരിക്കാൻ കഴിഞ്ഞിരിക്കുന്നു.

ഗന്ധർവ്വന്മാർ, യക്ഷികൾ തുടങ്ങിയ നാടോടിരൂപമാതൃകകൾ ഭാവനയിലൂടെ പുനർജ്ജനിക്കുമ്പോൾ വായനക്കാർ സ്വയം അത്ഭുതലോകത്തേക്ക് എത്തിപ്പെട്ട അനുഭൂതിയുണ്ടാകുന്നു. ദാർശനികവ്യഥയോ മൂല്യാവിഷ്കാരസമർത്ഥമോ അല്ലാതെ മുൻനിശ്ചയിക്കപ്പെട്ട സംഭവങ്ങളിലൂടെ അനുക്രമമായി വികസിക്കുന്ന നോവൽ ഘടന വായനക്കാരെ അനുയാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്നതാണ്.

മാന്ത്രികനോവലുകളിൽ ഭ്രഷ്ടചേതനകളെ പുനരാനയിക്കുന്നതിന്റെ രാഷ്ട്രീയവായനകൾ വ്യാപകമായി കാണാം. ബോധപൂർവമായ ഒരു ധാരണാവിശേഷമായി ഇതിനെ പരിഗണിക്കാനാവില്ല. സ്ത്രീവിരുദ്ധതയെയും ദളിത് തിരസ്കാരത്തെയും രൂക്ഷമായി വിമർശിക്കുമ്പോഴും നോവൽജനുസ്സെന്ന നിലയിൽ അവ അതേ പ്രതലങ്ങളിൽത്തന്നെ നിലയുറപ്പിക്കുന്നുവെന്ന വൈരുദ്ധ്യം ശ്രദ്ധേയമാണ്. മാന്ത്രികനോവലുകളുടെ രാഷ്ട്രീയം യാദൃച്ഛികവും ആഴം കുറഞ്ഞതും ബാഹ്യവുമാണെന്ന് അവയുടെ പ്രമേയ-പ്രതിപാദനമണ്ഡലങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

**5. 3. സംഗ്രഹം**

പ്രമേയപരമായി ഏകതാനത സ്വഭാവം പുലർത്തുന്നവയാണ് മാന്ത്രികനോവലുകൾ. വായനക്കാരെ നിലവിലുള്ള ജീവിതപ്രശ്നപരിസരത്തു നിന്ന് പലായനം ചെയ്യാൻ അവ പ്രേരിപ്പിക്കുന്നുണ്ട്. കുഴിച്ചുമൂടിയ അന്ധവിശ്വാസങ്ങളെയും പ്രാക്തനപാരമ്പര്യങ്ങളെയും ആധുനികജീവിതപ്രശ്നപരിസരത്തേക്ക് കൊണ്ടുവന്ന് യഥാതഥമായി ആവിഷ്ക്കരിക്കുന്നതിലൂടെ ഭൂതകാലാഭിരതിയിൽ മുഴുകുന്ന ഒരു വായനാസമൂഹത്തെ സൃഷ്ടിക്കുന്നു, ഈ നോവലുകൾ. അധികാരത്തിന്റെ മേൽ-കീഴ്വ്യവസ്ഥിതി നിലനില്ക്കുന്ന സാമൂഹ്യക്രമത്തെ സാധൂകരിക്കാനും ബ്രാഹ്മണ്യത്തിന്റെ സവർണ്ണമുദ്രകളെ മഹത്വവത്ക്കരിക്കാനും ഈ ആഖ്യാനങ്ങൾ ചെയ്യുന്നുണ്ട്. ജീവിതത്തിൽ സാക്ഷാത്കരിക്കാൻ കഴിയാത്ത കാമനകളെ പ്രലോഭനീയമാകുംവിധം ഈ നോവലിസ്റ്റുകൾ രചനയിലേയ്ക്കു കൊണ്ടുവരുന്നു. ഭീകരതയും ഭയവും അധികാരം നിലനിർത്താനുള്ള ഗൂഢമാർ-

ഗ്ഗമായി അവയെ സ്വീകരിക്കുകയും ചെയ്യുന്നു. സ്ത്രീയെ ലൈംഗികതയുടെയും ഭോഗജീവിതതൃഷ്ണയുടെയും അടയാളമായി തരം താഴ്ത്തി ഈ രചനകൾ അവതരിപ്പിക്കുന്നു. മണിപ്രവാളകവിതകളിലെ സ്ത്രീവർണ്ണനാരീതിയാണ് നോവലിസ്റ്റുകൾ പൊതുവെ സ്വീകരിക്കുന്നത്.

തറവാട്, നാലുകെട്ട്, മനകൾ തുടങ്ങിയ ഗൃഹചിഹ്നങ്ങൾ അധികാരകേന്ദ്രത്തിന്റെ മാതൃകകളായി നോവലിൽ കടന്നുവരുന്നു. സന്മന്ത്രവാദവും ദുർമ്മന്ത്രവാദവും നന്മതിന്മകളുടെ പ്രതീകമായി കാണുന്നു. ആത്യന്തികമായി നന്മ നിലനിന്നു കാണണമെന്നാഗ്രഹിക്കുകയും ചെയ്യുന്നു. സന്മന്ത്രവാദികൾ വൈദികപാരമ്പര്യത്തിന്റെ വക്താക്കളാണ്. മാന്ത്രികപാരമ്പര്യത്തിൽ സ്ത്രീ പ്രാതിനിധ്യം വളരെ ചുരുക്കമാണ്. കപടസദാചാരവും ജീവിതവീക്ഷണവുമാണ് നോവലിലുള്ളത്. അയത്നലളിതമായ ആഖ്യാനരീതി ഏതുതരം വായനക്കാരെയും രസിപ്പിക്കാൻ പര്യാപ്തമാണ്. മുൻനിശ്ചയിച്ച സംഭവപരമ്പരകളിലൂടെയാണ് നോവൽ വികാസം സാധ്യമാകുന്നത്. ജനസാമാന്യത്തെ സ്വാധീനിക്കുന്ന മിത്ത്, പുരാവൃത്തം, ഐതിഹ്യം എന്നിവയ്ക്ക് നോവലിൽ വേരോട്ടം സാധ്യമാകുന്നുണ്ട്.

# അദ്ധ്യായം 6

# മാന്ത്രികനോവലിലെ ജനപ്രിയമൂലകങ്ങൾ

## 6. 0. ആമുഖം

ജനസാമാന്യത്തിന്റെ അഭിരുചികളെ ഉത്പാദിപ്പിക്കുകയും പുനരുത്പാദിപ്പിക്കുകയും ചെയ്യുന്ന സാഹിത്യവ്യവഹാരരൂപമാണ് മലയാളമാന്ത്രികനോവൽ. ദാർശനികഭാരമില്ലാതെ, അയഞ്ഞ മട്ടിൽ, ലളിതമായ പ്രതിപാദനരീതിയോടെ പ്രത്യക്ഷപ്പെടുന്ന ഇവ സ്വതന്ത്രഭാവനയുടെ ലോകത്ത് അഭിരമിക്കുവാൻ വായനക്കാരെ സഹായിക്കുന്ന ആഖ്യാനരൂപമാണ്. ജനസാമാന്യത്തിന്റെ നിത്യജീവിതപരിസരത്തോട് പ്രത്യക്ഷമായും പരോക്ഷമായും എങ്ങനെ ഇടപെടാമെന്ന അന്വേഷണമാണ് മാന്ത്രികനോവലിസ്റ്റുകളെ സദാ പ്രേരിപ്പിച്ചിരുന്നത്. അന്തർഹിതമായ അഭിവാഞ്ഛക്കകത്തു സൂക്ഷിക്കുന്ന പൊതുസമൂഹത്തിന് അവന്റെ ആഗ്രഹങ്ങൾ, ചിന്തകൾ, വൈകാരികപങ്കുവെക്കലുകൾ എന്നിവയെല്ലാം പൂർണ്ണതോതിൽ വെളിപ്പെടുത്താനാകില്ല. വികാരങ്ങളെ സാമൂഹികബോധത്തിനടിയിൽ ദമനം ചെയ്യുകയാണ് പതിവ്. അതിനാൽ അനുകൂലസന്ദർഭം വരുമ്പോൾ ദമനം ചെയ്യപ്പെട്ട വികാരങ്ങൾ ഉയിർത്തെഴുന്നേൽക്കും. മനസ്സിന്റെ ഇത്തരം നിഗൂഢസ്ഥലികളിലാണ് മാന്ത്രികനോവലുകൾ ചലനം സൃഷ്ടിക്കുന്നത്. മാന്ത്രികനോവലുകളെ ജനപ്രിയമാക്കുന്ന ഘടകങ്ങളുടെ അവലോകനത്തിലൂടെ നോവലിന്റെ ജനാധിപത്യമണ്ഡലവും അതിന്റെ ഉത്പാദനോപഭോഗങ്ങളുടെ സൗന്ദര്യരാഷ്ട്രീയവും വെളിപ്പെടും.

## 6. 1. ജനപ്രിയതയുടെ സാംസ്കാരികവിവക്ഷകൾ

ഒരുപാട് പേർ ഇഷ്ടപ്പെടുന്നത്, താഴ്ന്നതരം സൃഷ്ടികൾ, ജനങ്ങളുടെ പ്രീതിപിടിച്ചുപറ്റാൻ പടച്ചുണ്ടാക്കുന്നത്, ജനങ്ങൾ അവർക്കുവേണ്ടി രൂപപ്പെടുത്തുന്ന സംസ്കാരം എന്നിങ്ങനെ ജനപ്രിയ സംസ്കാരത്തിന് വ്യത്യസ്തമായ അർത്ഥങ്ങളാണ് നല്കിക്കാണുന്നത് (Reymond Williams, 1976: 237). ജനപ്രിയസംസ്കാരത്തിൽ അഭിരുചികൾ നിർമ്മിക്കപ്പെടുകയും നിവർത്തിക്കപ്പെടുകയും ചെയ്യുന്നു. നിലനിൽക്കുന്ന സാമൂഹ്യക്രമ-

ത്തിന്റെ അനുശീലനത്തിലൂടെയാണ് അവ നിർമ്മിക്കപ്പെടുന്നത്. സാമൂഹ്യസാംസ്കാരികനിർമ്മിതിയായ അഭിരുചിയുമായി ബന്ധപ്പെട്ടാണ് ജനപ്രിയത നിലനിൽക്കുന്നത്. ജനപ്രിയമായ ആവശ്യങ്ങളെ പ്രീണിപ്പിക്കുന്നവയാണ് ജനപ്രിയകലകളും സാഹിത്യവും. ഒരർഥത്തിൽ അവ വ്യാജമായ ആവശ്യങ്ങൾ ഉത്പാദിപ്പിക്കുകയാണ് ചെയ്യുന്നത്. ജനപ്രിയ, വരേണ്യസംസ്കാരികപാരമ്പര്യത്തിൽ ധാരാളം കൊടുക്കൽ വാങ്ങലുകൾ നടക്കുന്നുണ്ട്. ഉത്തമസാഹിത്യത്തിന്റെ അടയാളമായി വാഴ്ത്തപ്പെട്ട പലകൃതികളും ഒരുകാലത്ത് ജനപ്രിയസാഹിത്യത്തിന്റെ മാതൃകകളായിരുന്നു. നമ്പ്യാർ കവിതകൾ ജനപ്രിയ പക്ഷത്തുനിന്നും ഉത്തമകലയായി രൂപാന്തരം പ്രാപിച്ചതാണ്.

ഫ്രാങ്ക്ഫർട്ട് ചിന്തകന്മാർ പിണ്ഡസംസ്കാര(Mass Culture)മായി ജനപ്രിയസംസ്കാരത്തെ കരുതി. സംസ്കാരം ഒരു വ്യവസായവും ആസ്വാദനം ഒരു വിപണനക്രിയയുമാണെന്ന് അവർ പറയുകയുണ്ടായി. മുതലാളിത്തത്തിന്റെ സാംസ്കാരികജീർണ്ണതയും സാങ്കേതികവിദ്യയുടെ കിരാതത്വവും യോജിക്കുമ്പോഴാണ് പിണ്ഡസംസ്കാരം ഉത്ഭവിക്കുന്നത്. വ്യക്തികാമനകളെ പ്രീണിപ്പിക്കുന്ന ജനപ്രിയമാധ്യമങ്ങളും ജനത്തിന്റെ ഉപഭോഗാസക്തിയെ പ്രചോദിപ്പിക്കുന്ന ജനപ്രിയമാധ്യമങ്ങളും ജനത്തിന്റെ ഉപഭോഗാസക്തിയെ പ്രചോദിപ്പിക്കുന്ന വാണിജ്യശൃംഖലകളും ഈ പിണ്ഡസംസ്കാരത്തിന്റെ അവിഭാജ്യഘടകങ്ങളാണ്. ജീവിതത്തിന്റെ ആഴങ്ങളെ ഒരു തരത്തിലും സ്പർശിക്കാത്ത യാഥാർത്ഥ്യത്തിന്റെയോ അനുഭവത്തിന്റെയോ ഉപരിതലങ്ങളെ തലോടാൻ മാത്രം കെല്പുള്ള പിണ്ഡസംസ്കാരം ഇത്തരം സമൂഹത്തിന്റെ ഉത്പന്നമാണ്. കപടമായ ആവശ്യങ്ങളെ പ്രീണിപ്പിക്കുന്നവയാണ് സാംസ്കാരികവ്യവസായത്തിന്റെ ഉത്പന്നമായ ജനപ്രിയകലകളും കൃതികളും. ജനപ്രിയ സംസ്കാരത്തിന്റെ പ്രതിലോമപരവും അധീശത്വപരവുമായ വശങ്ങളെക്കാളേറെ അതിന്റെ ജനാധിപത്യപരവും അനുവാചകോന്മുഖവുമായ വശങ്ങളാണ് ശ്രദ്ധേയമാകുന്നത്. ഒരു സമൂഹം പൊതുവെ പങ്കുവെക്കുന്ന മൂല്യങ്ങളും ആചാരങ്ങളും വിശ്വാസങ്ങളുമെല്ലാം ജനപ്രിയസംസ്കാരത്തിന്റെ ഭാഗമാണ്. ജനകീയതയാണ് അതിന്റെ പ്രമാണം. സാംസ്കാരികോത്പന്ന-

ങ്ങൾ എങ്ങനെ സമൂഹത്തിൽ വിനിമയം ചെയ്യപ്പെടുന്നുവെന്നും അർഥോത്പാദനത്തെ നിയന്ത്രിക്കുന്നുവെന്നതുമാണ് ജനപ്രിയസംസ്കാരത്തിന്റെ ഭാഗമായുള്ള പഠനങ്ങൾ വിഷയമാക്കുന്നത്.

കലാമൂല്യത്തെ സംബന്ധിച്ചുള്ള നമ്മുടെ മുൻധാരണകൾ മാറ്റിവെച്ചുകൊണ്ട് ജനപ്രീതി നേടുന്ന കലകളെ വിശകലനവിധേയമാക്കുമ്പോൾ വ്യക്തമാകുന്ന കാര്യം, വരേണ്യകലകളിൽ നിന്നും വ്യത്യസ്തമായി സമൂഹത്തിനുള്ളിൽ തന്നെ നിലയുറപ്പിച്ചു-കൊണ്ട് അനുവാചകരുടെ കർതൃത്വത്തെ രൂപപ്പെടുത്തുകയാണ് അവ ചെയ്യുന്നതെന്നാ-ണ്. ജനപ്രിയസംസ്കാരത്തിൽനിന്നു ശക്തി സംഭരിച്ച് ബൃഹദാഖ്യാനങ്ങൾ വളരുന്ന രീതിയുണ്ട്. യാഥാർത്ഥ്യവും അയാഥാർത്ഥ്യവും തിരിച്ചറിയാൻ കഴിയാത്ത വിധം ഇവിടെ അവതരിക്കുന്നു. പ്രത്യയശാസ്ത്രങ്ങൾ മാറിമാറി ഇച്ഛയ്ക്കനുസൃതമായി അവയെ പുനരുത്പാദിപ്പിക്കുന്നു. അഭിരുചികളുടെ ആശ്രിതരായി വായനക്കാരെ മാറ്റുന്ന പ്രക്രി-യയാണ് ജനപ്രിയസാഹിത്യത്തിൽ പൊതുവിൽ കാണാനാവുക. ജനപ്രിയസിനിമ സൃഷ്ടിക്കുന്ന കാഴ്ചയുടെ അധീശത്വവത്കരണം പോലെയാണ് അഭിരുചികളുടെ ആശ്രിതത്വം സൃഷ്ടിക്കുവാൻ മലയാളമാന്ത്രികനോവലുകൾക്കു കഴിയുന്നത്. കേവലവി-നോദോപാധിയെന്ന തരത്തിൽ സമീപിക്കുകയും വായനക്കാരന്റെ വൈകാരികതല-ത്തെ സ്പർശിക്കുന്ന സാംസ്കാരികാനുഷ്ഠാനമായി അവ മാറുകയും ചെയ്യുന്നു എന്ന സവിശേഷതയാണ് ഇത്തരം ജനപ്രിയസാഹിത്യങ്ങൾക്കുള്ളത്.

സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൽ കേരളത്തിലെ സാമൂഹ്യാന്തരീക്ഷത്തിൽ വന്ന സാക്ഷരതാബോധം, പൊതുബോധത്തിൽ വന്ന മാറ്റം, രാഷ്ട്രീയരംഗത്തെ മാറ്റം, അവയെ തൃപ്തിപ്പെടുത്തും വിധം സമൂഹത്തിൽ ഇറങ്ങിയ ആനുകാലികങ്ങൾ, പത്രങ്ങൾ എന്നിവ മലയാളത്തിൽ ബഹുജനവായനാസമൂഹത്തെ സൃഷ്ടിച്ചു. പൂർണ്ണ, പി. കെ. ബ്ര-ദേഴ്സ്, മംഗളോദയം, റോയൽ ബുക്സ്, വിദ്യാർഥിമിത്രം, എൻ. ബി. എസ്, കറന്റ് ബുക്സ് തുടങ്ങിയവ പ്രസാധകർ അപസർപ്പകമാന്ത്രികനോവലുകൾ ധാരാളമായി പു-

റത്തിറക്കി. പുതിയ കാലത്ത് ജനാധിപത്യം, കല എന്നിവയോടുള്ള പൊതുജനത്തിന്റെ മനോഭാവത്തിൽ മാറ്റം വന്നു. ജനാധിപത്യത്തിന്റെ വ്യാപനം സമൂഹത്തിൽ അധീശത്വമുള്ള ന്യൂനപക്ഷവരേണ്യവിഭാഗത്തിന്റെ സാംസ്കാരികമായ മേൽക്കോയ്മ ഇല്ലാതാക്കുന്നു. പുതിയ ഘട്ടത്തിൽ ജനാധിപത്യത്തിന്റെ അർത്ഥത്തിനുതന്നെ മാറ്റമുണ്ടായി. ജനപ്രിയമാധ്യമങ്ങൾക്ക് മേധാവിത്വമുള്ള ഒരു സംസ്കാരം രംഗപ്രവേശം ചെയ്തു. ഒരുതരം സംവേദനസംസ്കാരത്തിന്റെ രൂപത്തിൽ കല പുതുസമൂഹത്തിൽ സാന്നിധ്യമുറപ്പിച്ചു. മാന്ത്രികനോവൽ, വായനക്കാരന്റെ അഭിരുചികളെ ഉത്പാദിപ്പിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുന്ന ആഖ്യാനരൂപമാണ്. ജനപ്രിയവായനയുടെ സാംസ്കാരികപശ്ചാത്തലത്തിൽ പഠിക്കേണ്ട സാഹിത്യജനുസ്സാണ് മാന്ത്രികനോവൽ. ലോകത്തെല്ലായിടത്തും സ്വയംനിർമ്മിതമായ സംസ്കാരത്തിന്റെ ഭാഗമായി ജനപ്രിയാഖ്യാനങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. മാന്ത്രികകല്പനകൾ, അയഥാർത്ഥമായ പ്രശ്നപരിസരം, വിശ്വാസങ്ങളെ പ്രബലമാക്കുന്ന മൂല്യങ്ങളെക്കുറിച്ചുള്ള സവിശേഷകാഴ്ചപ്പാടുകളുടെ രൂപവത്കരണം തുടങ്ങിയ പ്രശ്നപരിസരങ്ങൾ മാന്ത്രികനോവലിന്റേതു കൂടിയാണ്. ജനപ്രിയാഖ്യാനങ്ങളുടെയും അതുവഴി മാന്ത്രികനോവലുകളുടെയും സവിശേഷതകൾ താഴെ കാണും വിധം ക്രമപ്പെടുത്താം.

### 6. 1. 1. വിനോദമെന്ന പ്രാപ്യസ്ഥാനം

പൊതുവെ നേരമ്പോക്കിന് വായിക്കാവുന്ന തരത്തിലാണ് ഈ നോവലുകളുടെ രചന വായനക്കാരനെ വിഷമത്തിലാക്കാതിരിക്കാൻ സവിശേഷശ്രദ്ധ പുലർത്തുന്നതു കാണാം. ഈ നോവലുകൾ ആസ്വദിക്കുന്നതിന് ഭാവുകത്വപരമോ ബുദ്ധിപരമോ വൈകാരികമോ മൂല്യപരമോ ആയ സിദ്ധികളൊന്നും വേണ്ട. എല്ലാവർക്കുമുണ്ടാകുന്ന ലൈംഗികതൃഷ്ണകൾ, ഭയം, വിദ്വേഷം, വെറുപ്പ്, പാപഭീതി, സുഖസൗകര്യമോഹങ്ങൾ തുടങ്ങിയവയുടെ ആഖ്യാനമായതുകൊണ്ട് മാന്ത്രികനോവലുകൾക്ക് ഒരു കാലഘട്ടത്തിൽ ജനപ്രീതി വർധിച്ചു. വ്യക്തിത്വങ്ങളുടെ ഉരസൽ, ഹിംസാത്മകമായ സംഘട്ടന-

ങ്ങൾ, സാഹസികത, ധീരത എന്നീ പ്രകടനങ്ങളോടൊപ്പം അതിനീചമായ പ്രവർത്തനങ്ങളുടെ ചിത്രീകരണവും ഇത്തരം നോവലുകളിൽ അവതരിപ്പിക്കുന്നുണ്ട്. യഥാതഥചിത്രീകരണത്തിലൂടെ സവിശേഷജീവിതമണ്ഡലങ്ങളെ പ്രമേയവത്കരിക്കുകയും അവയ്ക്കുള്ളിലേക്ക് ചുറ്റുംനിന്ന് വസ്തുതകൾ ശേഖരിക്കുകയും ചെയ്യുന്ന രീതിയാണ് രചനയിൽ അവലംബിച്ചു കാണുന്നത്.

### 6. 1. 2. വിപണിയുടെ സൗന്ദര്യശാസ്ത്രം

വില്പനയ്ക്കിണങ്ങും വിധം ഒരുക്കിയെടുക്കുവാൻ എഴുത്തുകാർ സവിശേഷ ശ്രദ്ധപുലർത്തി വരുന്നുണ്ട്. ഒരു സാഹിത്യകൃതി ആസ്വദിക്കാൻ ആവശ്യമായ ആഭിമുഖ്യമോ, ശിക്ഷണമോ, പരിചയമോ ഇല്ലാത്തവർക്കുപോലും വായിച്ച് രസിക്കാൻ പറ്റിയതാവണം നോവൽ എന്ന നിഗമനത്തിലാണ് എഴുത്തുകാരും പ്രസാധകരും എത്തിച്ചേരുന്നത്. വിപണിയാണ് ഇവിടെ താത്പര്യങ്ങൾ നിർമിക്കുന്നത്. ഭൂതകാലമാഹാത്മ്യത്തിന്റെ അവതരണംകൊണ്ട് ഏറെ ഖ്യാതി നേടിയവയാണ് മാന്ത്രികനോവലുകൾ. അതുകൊണ്ട് ഭൂതകാലജീവിതത്തിന്റെ അറിയപ്പെടുന്ന പൊതുമേഖലകളെ ഈ നോവലുമായി കൂട്ടിയിണക്കാൻ എഴുത്തുകാർ പരിശ്രമിക്കുന്നതു കാണാം. പാരമ്പര്യത്തെ മുറുകെ പുണരാൻ ശ്രമിക്കുന്ന ഈ നോവലെഴുത്തുകാർ മന്ത്രവാദത്തിന്റെ പ്രക്രിയാഭേദങ്ങൾക്കാണ് ഇതിവൃത്തഘടനയ്ക്കകത്ത് ഏറെ പ്രാധാന്യം നല്കുന്നത്. അതിനുചിതമായ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും ബോധപൂർവ്വം സൃഷ്ടിക്കുകയാണ് ചെയ്യുന്നത്. അതിനുവേണ്ടി ഈ വിഷയത്തിൽ ഗവേഷണത്തിനും നോവലിസ്റ്റുകൾ തയ്യാറാവുന്നു. മന്ത്രവാദത്തിൽ ഗവേഷണം നടത്തി അവ നോവലിൽ അവതരിപ്പിക്കാൻ പരിശ്രമിച്ച എഴുത്തുകാരാണ് മോഹനചന്ദ്രൻ, പി. വി. തമ്പി എന്നിവർ. സ്വന്തം കൃതികളുടെ ആമുഖത്തിൽ അവ പ്രകടമാക്കാനും അവർ മറക്കുന്നില്ല. അതുകൊണ്ട് ലക്ഷ്യബോധത്തോടെ ശ്രദ്ധിച്ച് തയ്യാറാക്കുന്ന ഒരു ഉത്പന്നത്തിന്റെ സ്വഭാവമാണ് അവയ്ക്കുള്ളത്.

### 6. 1. 3. വികാരപരത

വായനക്കാരെ രസിപ്പിക്കുവാനും ആകാംക്ഷ നിലനിർത്താനും ലൈംഗികതാവർണ്ണനകൾ, രതികല്പനകൾ, ഭീതിദമായ സംഘർഷരംഗങ്ങൾ, ആഴം കുറഞ്ഞ ഫലിതങ്ങൾ തുടങ്ങിയ സ്ഥിരം ഘടകങ്ങൾ ജനപ്രിയാഖ്യാനങ്ങൾ വ്യാപകമായി സ്വീകരിക്കുന്നതു കാണാം. രതിയുടെ കാര്യത്തിലും ആഭ്യന്തരസംഘർഷത്തിന്റെ കാര്യത്തിലും ഒരേ തരം സ്വഭാവമാണ് മിക്ക മാന്ത്രികനോവലുകൾക്കുമുള്ളത്. കഥാപാത്രങ്ങളെ ആഴത്തിൽ അവതരിപ്പിക്കാനോ, സവിശേഷാനുഭൂതിയിലേക്ക് വായനക്കാരുടെ അനുഭവങ്ങളെ ഉയർത്താനോ ഇത്തരം നോവലിസ്റ്റുകൾ ശ്രമിക്കാറില്ല. സവിശേഷമായ കാലഘട്ടത്തിന്റെയും സമൂഹത്തിന്റെയും ഉത്പന്നങ്ങളായ മൂല്യബോധവും സാഹിത്യാഭിരുചിയും, സ്വാഭാവികവും സനാതനവുമാണെന്ന തോന്നലുളവാക്കും വിധം പിചയപ്പെടുത്തുക എന്ന രാഷ്ട്രീയധർമ്മമാണ് ഇവിടെ സ്വീകരിച്ചുവരുന്നത്. അതുകൊണ്ടാണ് ഈ ധർമ്മത്തിന്റെ മാറിയ സാഹചര്യത്തിൽ മാന്ത്രികനോവലിന് വായനക്കാരില്ലാതെ പോയത്. ആകാംക്ഷ, ജീവിതത്തെക്കുറിച്ചുള്ള പ്രതീക്ഷ, ഭയം എന്നീ വികാരങ്ങളുടെ സഹവാസം, നിഗൂഢവത്കരിക്കപ്പെട്ട വിശ്വാസങ്ങൾ തുടങ്ങിയവ മാന്ത്രികനോവലിൽ ഉണർന്നു പ്രവർത്തിക്കുന്നു. എ. ജെ. റൗളിങ്ങിന്റെ ഹാരിപോർട്ടർ ലോകം സ്വീകരിച്ചത് ഇത്തരം മാന്ത്രികയാഥാർത്ഥ്യത്തിന്റെ സാന്നിധ്യം ആഖ്യാനത്തിലുള്ളതുകൊണ്ടു കൂടിയാണ്.

### 6. 1. 4. ദർശനവിമുഖത, സുതാര്യത

ദാർശനികനോവലുകൾക്ക് കിട്ടിയതിനെക്കാൾ ജനസമ്മിതി ഇത്തരം നോവലുകൾക്ക് കിട്ടിയിട്ടുണ്ട്. അവ പ്രസിദ്ധീകരിച്ചിരുന്ന വാരികകളുടെ ജനസമ്മിതി നിർണ്ണയിക്കപ്പെട്ടിരുന്നത് തുടർക്കഥകളുടെ എണ്ണം നോക്കിയായിരുന്നു. അതിനു സഹായകമാകുന്ന പരസ്യവാചകങ്ങൾ നോവൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് വായനക്കാർക്ക് പങ്കുവെക്കാൻ ഏറെ ശ്രദ്ധാലുക്കളായിരുന്നു പ്രസാധകവിഭാഗക്കാർ. സാധാരണനോ-

വലുകൾക്ക് പ്രസിദ്ധമായ അവതാരികകൾ കൊണ്ടും ആമുഖം കൊണ്ടും വായനക്കാരന്റെ ശ്രദ്ധയെ പിടിച്ചു നിർത്താൻ സാധിക്കും. മാന്ത്രികനോവലുകളിൽ മിക്കതിനും ആമുഖമോ അവതാരികയോ ഇല്ല. ലളിതമായി, ഋജുവായി, നേരിട്ടു കഥപറയുന്ന തന്ത്രമാണ് അവിടെ സ്വീകരിച്ചത്. പ്രമേയത്തിലേയ്ക്ക് തികച്ചും നാടകീയമായി കൂട്ടിക്കൊണ്ടുപോകാൻ ഇടയാക്കുന്ന കൃത്രിമ ആഖ്യാനരീതി പൊതുവെ മാന്ത്രിക നോവലുകളിൽ സ്വീകരിച്ചുവരുന്നതായി പറയാം.

### 6. 1. 5. പ്രാദേശികത

എല്ലാ ദേശസംസ്കാരത്തിനും അവരവരുടേതായ ഒരു പുരാവൃത്തസംഹിതയുണ്ട്. മിത്തുകൾ, സജീവമായ ഗ്രാമീണസർഗാത്മകതയുടെ പ്രതീകമായാണ് പൊതുവെ വിലയിരുത്തുന്നത്. കേരളീയസംസ്കൃതിയുടെ പകർപ്പെന്ന നിലയിലാണ് യക്ഷിഗന്ധർവ്വന്മാരെ മന്ത്രവാദനോവലുകളിൽ അവതരിപ്പിക്കുന്നത്. അലഞ്ഞുതിരിയുന്ന ദുർദേവതാഗണത്തിലാണ് യക്ഷികളെ ഉൾപ്പെടുത്തിയിരിക്കുന്നത്. കരിമ്പന, ഇലഞ്ഞി, പാല തുടങ്ങിയ വൃക്ഷങ്ങളിൽ കുടിയിരുന്ന് വഴിപോക്കരെ ആകർഷിച്ച് അവരുടെ രക്തമൂറ്റുന്ന ഭയങ്കരികളായാണ് യക്ഷികളെ നാടോടിക്കഥകളിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ നാടോടിക്കഥാഘടകങ്ങളെ അതേപോലെ മാന്ത്രികനോവലുകളിൽ സ്വീകരിച്ചിരിക്കുകയാണ്. പ്രസ്തുത വൃക്ഷങ്ങൾ ഭയോത്പാദകങ്ങളായി സമൂഹത്തിൽ മാറുകയും ചെയ്തു. വഴിപോക്കരെ ആകർഷിച്ച്, കൊന്നു തിന്നുന്ന യക്ഷികളുടെ കഥകൾ പ്രചരിപ്പിച്ചത് ബ്രാഹ്മണരിലെ മാന്ത്രികരാകാം.

'ഐതിഹ്യമാലയിൽ' വഴിതെറ്റി നടക്കുന്ന ബ്രാഹ്മണരെ ആകർഷിച്ചു കൊണ്ടുപോയി ഭക്ഷിക്കുന്ന സുന്ദരികളായ യക്ഷികളുടെ കഥകൾ ധാരാളം കാണാം. രാത്രികളിൽ പൂരപ്പറമ്പും ശൂദ്രഭവനങ്ങളും അന്വേഷിച്ച് നടക്കുന്ന നമ്പൂതിരിമാരെയാണ് യക്ഷികൾ പിടിക്കുന്നത്. ഒരുപക്ഷെ മാതൃദായക്രമത്തെയും സംബന്ധസമ്പ്രദായത്തെയും നായർ സ്ത്രീകളുടെ സ്വാതന്ത്ര്യത്തെയും ചോദ്യം ചെയ്യാൻ വേണ്ടി രൂപവത്കരിച്ച കഥ-

കളാകാം ഇവ. പുരുഷകേന്ദ്രീകൃതമായ സാമൂഹ്യവ്യവസ്ഥക്കുള്ളിൽ സ്ത്രീകളെ തളച്ചി- ടാൻ ബോധപൂർവ്വം സൃഷ്ടിച്ചെടുത്ത ഐതിഹ്യങ്ങളുമാകാം. സ്വകാര്യ/പൊതുഇടം എന്ന വിഭജനമില്ലാതെ ഏത് സമയത്തും സ്ഥലത്തും പ്രത്യക്ഷപ്പെടുന്ന, പുരുഷനെ സ്വന്തമായി കണ്ടെത്തുന്ന സ്ത്രീകളാണ് യക്ഷികൾ. അവൾ രതികാമനകളുടെ ഇരിപ്പിടം കൂടിയാണ്. സമൂഹം അവളെ എന്നും ഭയക്കുന്നു. യക്ഷികൾ പുരുഷസമൂഹത്തിന്റെ നി- യമങ്ങൾ അനുസരിച്ച് ജീവിക്കുന്ന വികാരങ്ങളില്ലാത്ത മനുഷ്യസ്ത്രീകളുടെ അപര(Other)ങ്ങളാണ്. ഈ പൊതുബോധത്തെ നോവലിലൂടെ പുനരുത്പാദിപ്പിക്കുക- യാണ് മാന്ത്രിക നോവലിസ്റ്റുകൾ ചെയ്യുന്നത്. വായനക്കാരെ ആകർഷിക്കാൻ കാഴ്ചയു- ടേതായ സാംസ്കാരിക ബിംബങ്ങൾ നോവലുകളിൽ ധാരാളമായി സ്വീകരിക്കുന്നുണ്ട്. ഹൈന്ദവസവർണ്ണതയുടെ സജീവസാന്നിധ്യം ഇത്തരം നോവലുകളുടെ സവിശേഷത- യാണ്. വായനക്കാരന്റെ ആസക്തിയെ ഉണർത്തുന്ന വർണ്ണനകൾ മാന്ത്രികനോവലി- ന്റെ പൊതുരീതിയാണ്. സമൂഹത്തിന്റെ സ്ത്രീവിരുദ്ധമായ നിലപാടുകൾ മന്ത്രവാദനോ- വലുകൾ ആവർത്തിക്കുന്നതേയുള്ളൂ.

ഗന്ധർവ്വന്മാർ പ്രണയനായകപരിവേഷത്തിലാണ് നോവലിൽ പ്രത്യക്ഷപ്പെടു- ന്നത്. സവർണ്ണനായകന്റെ രക്തത്തിനു ദാഹിച്ചു നടക്കുന്ന സ്ത്രീകഥാപാത്രങ്ങളാണ് ഏറിയകൂറും. ആ സ്ത്രീകളെ ആവാഹിച്ച്, ആണിതറച്ച്, അഗ്നിയിൽ ഹോമിക്കാനെത്തു- ന്ന വരേണ്യമാന്ത്രികർ, അശുദ്ധിയുടെ ആത്മാവിനെ ശുദ്ധീകരിച്ച് മോക്ഷം നൽകുന്ന- തിലൂടെ ബാധയകറ്റപ്പെടുന്നു. ജനപ്രിയസംസ്കാരത്തിൽ ജനങ്ങളുടെ അഭിരുചികൾ സോപാധികമായി നിർമ്മിക്കപ്പെടുകയും നിവർത്തിക്കപ്പെടുകയും ചെയ്യുന്നുണ്ട്. നില- നിൽക്കുന്ന സാമൂഹ്യക്രമത്തിൽ അനുശീലനത്തിലൂടെയാണ് ഇത് നിർമ്മിക്കപ്പെടുന്ന- തെന്ന് മനസ്സിലാക്കണം. സാമൂഹ്യ സാംസ്കാരിക നിർമ്മിതിയായ അഭിരുചിയുമായി ബന്ധപ്പെട്ടാണ് ജനപ്രിയത നിലനിൽക്കുന്നത്. ഈ നിർമ്മിതിയ്ക്കാവശ്യമായ സാംസ്- കാരിക വസ്തുക്കളെ പ്രത്യയശാസ്ത്ര ഉല്പന്നങ്ങളായാണ് സംസ്കാരപഠനങ്ങൾ നോക്കി- കാണുന്നത്.

ഒരു നിർദ്ദിഷ്ടസമൂഹത്തിൽ ഏതെങ്കിലും ഒരു വിഭാഗത്തിന്റെ സാംസ്കാരിക-വിഭവങ്ങൾക്ക് ഇതരങ്ങളെക്കാൾ ഉയർന്ന മൂല്യം ലഭിക്കുമ്പോൾ ആ വിഭാഗം കൂടുതൽ ആധിപത്യം നേടുന്നു. സാംസ്കാരികമൂലധനത്തിലുള്ള മേൽക്കോയ്മ സാമൂഹ്യാധികാ-രശ്രേണിയിലും മേൽക്കോയ്മ നേടുന്നതിന് സഹായകമാകുന്നു. വായനയുടെ ലോക-ത്തും ഇത്തരം അഭിരുചികളുടെ മേൽക്കോയ്മ സൃഷ്ടിക്കപ്പെടുന്നുണ്ട്. മാന്ത്രികനോവൽ ചലനം സൃഷ്ടിച്ചിരുന്നത് അധികാരത്തിന്റെ ഈ വ്യവഹാരികലോകത്താണ്.

ജനപ്രിയസാഹിത്യത്തിനും വരേണ്യസാഹിത്യത്തിനും ഇടയിൽ അകത്തേക്ക് കേന്ദ്രീകരിക്കപ്പെടാതെ സ്വയം പ്രവർത്തിക്കുന്ന അതിരുകളാണുള്ളത്. പരസ്പരഭിന്ന-മായിരിക്കുമ്പോഴും ഒന്നു മറ്റൊന്നിലേക്ക് സംക്രമിച്ചുകൊണ്ട് ശക്തിപ്പെടുന്നതിന്റേതായ അയഞ്ഞ അതിരുകളാണ് അവയ്ക്കുള്ളത്. അതിനാൽ ജനപ്രിയകലയും വരേണ്യകലയും സമൂഹത്തിൽ നിലനിൽക്കുന്ന വിരുദ്ധഗണങ്ങളായല്ല, ഒരേ ഗണത്തിൽപ്പെട്ട വ്യത്യസ്ത പ്രതിഭാസങ്ങളായാണ് കാണേണ്ടത്. ദാർശനികവീക്ഷണമുള്ള നോവലുകളും ജനപ്രി-യാഖ്യാനമായ മാന്ത്രികനോവലും ഒരേ സമൂഹത്തിന്റെ ആഭ്യന്തരതലത്തെയാണ് സൂ-ചിപ്പിക്കുന്നത്.

മനുഷ്യന്റെ സാമൂഹികമായ എല്ലാ ഭാവനാപ്രവർത്തനങ്ങളും മൗലികമായി ജീ-വിതത്തിന്റെ ശക്തികളെ വർദ്ധിപ്പിക്കുന്ന പ്രയോഗരൂപങ്ങളാണ്. എല്ലാ കലാരൂപങ്ങ-ളും ഭാവപ്രതിഭാസത്തെ(affects) സൃഷ്ടിക്കുന്നു. പുതിയ ഭാവപ്രതിഭാസത്തെ സൃഷ്ടിച്ചാ-ണ് കല ജീവിതത്തിന്റെ പ്രതിരോധശക്തിയും ഉപരോധശക്തിയും വർദ്ധിപ്പിക്കുന്നത്. ജീവിതത്തിന്റെ ആഴമേറിയ ധർമ്മസങ്കടങ്ങൾക്കിവിടെ പ്രസക്തിയില്ല. ജനപ്രിയാ-ഖ്യാനമായ മാന്ത്രികനോവലിനെ വിശകലനം ചെയ്യാൻ ബോർദ്യുവിന്റെ സങ്കല്പനം സഹായകമാണ്. സാമൂഹ്യാധിപത്യം മൂലധനാധിഷ്ഠിതമാണെന്ന മാക്സിയൻ കാഴ്ച-പ്പാടിനെ സാംസ്കാരികമേഖലയുമായി ബന്ധപ്പെടുത്തി വിശദീകരിക്കുകയാണ് സാം-സ്കാരിക മൂലധനമെന്ന സങ്കല്പത്തിലൂടെ ബോർദ്യു ചെയ്യുന്നത്. വ്യത്യസ്ത സാമൂഹിക-

വിഭാഗങ്ങൾ സാംസ്കാരികവിഭവങ്ങളുടെ മേൽ ആധിപത്യം നേടുന്നതിനായി കലാ-സാംസ്കാരികമണ്ഡലങ്ങളിൽ ശക്തമായ മത്സരത്തിൽ ഏർപ്പെട്ടുമെന്നും സാമ്പത്തിക-രംഗത്ത് മൂലധനത്തിനായി നടക്കുന്ന മത്സരത്തിനു സമാനമാണ് ഈ മത്സരമെന്നുമാ-ണ് അദ്ദേഹത്തിന്റെ നിരീക്ഷണം. അതുവഴി നേടുന്ന മേൽക്കോയ്മയാണ് സാംസ്കാ-രികമൂലധനം. ഈ അധികാരകേന്ദ്രത്തെ നിർണ്ണയിക്കപ്പെടുന്നവയാണ് മാന്ത്രികനോ-വൽ.

സ്ഥലത്തെക്കുറിച്ചും കാലത്തെക്കുറിച്ചുമുള്ള പൊതുബോധത്തെ കീഴ്മേൽ മറിച്ച് പുതിയ സാംസ്കാരികലോകം പണിയാൻ മാന്ത്രികനോവൽ പരിശ്രമിക്കുന്നുണ്ട്. നമുക്ക് പരിചിതമായ ഭൗതികക്രമത്തിനു പുറത്താണ് വർണ്ണിക്കപ്പെടുന്ന സ്ഥലരാശി-കൾ. ആഖ്യാനത്താൽ ഈ അയുക്തിയെ ചോദ്യം ചെയ്യാതെ സ്വീകരിക്കുവാൻ വായ-നക്കാർ നിർബന്ധിതരാകുന്നു. നോവലിൽ പ്രവേശിക്കുന്നതിലൂടെ വായനക്കാർ പുതിയ സ്ഥലരാശിയിൽ പ്രവേശിക്കുകയാണ്. ഒപ്പം സംഭവ്യതാപ്രതീതി ജനിപ്പിക്കാൻ നോ-വലിസ്റ്റ് പരിശ്രമിക്കുകയും ചെയ്യുന്നു.

ജനപ്രിയസാഹിത്യമാസികകളിലും ആനുകാലികങ്ങളിലും സൃഷ്ടിക്കപ്പെടുന്ന ജനകീയാസ്വാദനത്തിന്റെ ഘടകങ്ങളിൽ ഒന്ന് വരകളുടെ സംവേദനീയതയാണ്. മൂർ-ത്ത രൂപത്തിലുള്ള നോവൽ നാമങ്ങൾ വരകളുടെ സംവേദനീയത പ്രകടമാക്കുന്നുണ്ട്. കലിക, വേലൻ ചെടയൻ, ശ്രീകൃഷ്ണപ്പരുന്ത്, പള്ളിവേട്ട, ആയില്യം കാവ്, ആകാശ-ഗംഗ, കുന്നുർമഠം, അനന്തഭദ്രം, ദേവഗന്ധർവ്വൻ, ഗന്ധർവ്വയാമം തുടങ്ങിയ നാമങ്ങൾ മൂർത്തരൂപത്തിലുള്ളവയാണ്. ഇംപ്രഷണിസ്റ്റ് ചിത്രകാരന്റെ സമീപനത്തെ പ്രകടമാ-ക്കുന്ന വർണ്ണനകളാണ് നോവലിൽ സ്വീകരിക്കുന്നത്.

കലാകാരന്റെ ദൃശ്യാനുഭവാവിഷ്കാരത്തിനുള്ള മോടികൂട്ടലാണ് വരകൾ. വായന-ക്കാരന്റെ ഉപബോധതലത്തെ അവയും സ്വാധീനിക്കുന്നുണ്ട്. വായനക്കാരന്റെ സ്വപ്നാ-നുഭവങ്ങൾക്ക് വ്യാഖ്യാനം നൽകാനുള്ള ശ്രമമാണ് വർണ്ണനകൾ നിർവ്വഹിക്കുന്നത്.

രേഖകളും വരകളും ചിത്രങ്ങളും വായനക്കാരന്റെ ഭാവനയെ ഉത്തേജിപ്പിക്കുന്നുണ്ട്. വൈകാരികമായ ഉണർവുനൽകി വായനയുടെ ഒഴുക്കിനെ ത്വരിതപ്പെടുത്താൻ ഇത്തരം വർണ്ണനകൾക്കു സാധിച്ചിരുന്നു. മാന്ത്രികനോവൽ ഖണ്ഡശ്ശ പ്രസിദ്ധീകരിച്ചിരുന്ന കുങ്കുമം, മനോരാജ്യം തുടങ്ങിയ ആനുകാലികങ്ങൾ ആ വിപണനതന്ത്രമാണ് പരീക്ഷിച്ചിരുന്നത്. നോവൽ പ്രസിദ്ധീകരിക്കുന്നതിനു മുമ്പേ കഥാപാത്രങ്ങളെയും സന്ദർഭങ്ങളെയും വിചിത്രമായി പരസ്യ പ്പെടുത്തിക്കൊണ്ട് നോവലിന്റെ വരവിനെ ആകാംക്ഷയോടെ എതിരേൽക്കാൻ വായനക്കാരെ തയ്യാറെടുപ്പു നടത്തിക്കുവാൻ ഈ പരസ്യ വിപണന മാർക്കറ്റുകൾക്ക് സാധിച്ചിരുന്നു.

മനുഷ്യന്റെ അമർത്തിവെക്കപ്പെട്ട കാമനകൾ പ്രകൃതിയുടെ തന്നെ പരിച്ഛേദമാണ്. നോവലിലെ വർണ്ണനകൾ, കഥാപാത്രങ്ങൾ, സ്ഥലകാലങ്ങൾ എന്നിവയിൽ നിഗൂഢതയുടെ അംശം നിലനിൽക്കുന്നു. പിടി തരാതെ പോകുന്ന പ്രകൃതിയുടെ രഹസ്യാത്മകതയുടെ ദ്രുതതാളം മാന്ത്രികനോവലിന്റെ കൂടി താളമായി മാറുന്നു. പ്രകൃത്യാരാധനയുടെ പശ്ചാത്തലമുണ്ട് മിക്ക മാന്ത്രിക നോവലുകൾക്കും. ജൈവ ആവാസവ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ മനുഷ്യകാമനകളെ ചിത്രീകരിക്കുകയാണ് നോവലിൽ ചെയ്യുന്നത്.

ജനപ്രിയ സംസ്കാരത്തിന്റെ സങ്കല്പനങ്ങളിൽ പ്രധാനം അത് സാംസ്കാരിക വ്യവസായത്തിന്റെ ഉല്പന്നമാണെന്നതാണ്. വിപണി ഉപഭോഗം എന്നിവയാൽ നിയന്ത്രിക്കപ്പെടുന്ന കച്ചവട ചരക്കെന്ന നിലയിൽ സംസ്കാരം ഒരു വ്യവസായ രൂപമായി നിലനിൽക്കുന്ന അവസ്ഥ ഫോക് സംസ്കാരത്തിന്റെ ജീർണ്ണതയായും അമേരിക്കൻ കച്ചവട സംസ്കാരത്തിന്റെ അധിനിവേശങ്ങളായും ഫ്രാങ്ക്ഫർട്ട് സ്കൂൾ ചിന്തകർ ജനപ്രിയസംസ്കാരത്തെ നിർവ്വചിച്ചത് ശ്രദ്ധേയമാണ്. മാന്ത്രികനോവലിൽ ഇത്തരം വിപണി, ഉപഭോഗകേന്ദ്രിതമായ ഒരു വായനാസമൂഹത്തെ ഉല്പാദിപ്പിക്കുന്നുണ്ട്.

മാന്ത്രികനോവൽ ജനസമ്മിതി നേടിയത് 1977 കാലത്ത് കുങ്കുമം വാരികയിൽ മോഹനചന്ദ്രന്റെ 'കലിക' തുടർച്ചയായി പ്രസിദ്ധീകരിച്ചതോടെയാണ്. ഉദ്യോഗങ്ങൾക്ക് തീപിടിപ്പിച്ചുകൊണ്ട് ജനപ്രിയതയുടെ പുതുവഴിയാണ് കലി തുറന്നുവിട്ടത്. സൗഹൃദത്തിന്റെ ആർദ്രതയും പരിഷ്കൃത യൗവനത്തിന്റേ പുളപ്പും ആഭിചാരങ്ങളുടെ നടുക്കവും ഹിംസാത്മകമായ് സൗകര്യവും ഇടകലരുന്ന ആഖ്യാനമാണ് കലികയുടേത്. 'കലിക'യുണ്ടാക്കിയ ജനപ്രീതി നിലനിർത്താൻ പിൽക്കാലത്ത് വന്ന മാന്ത്രിക നോവലുകൾക്ക് കഴിഞ്ഞിട്ടില്ല. അപസർപ്പക നോവൽ രചിക്കുന്നതിൽ ശ്രദ്ധേയനായ കോട്ടയം പുഷ്പനാഥ് കുറ്റാന്വേഷണ നോവലുകൾക്ക് ജനപ്രീതി നഷ്ടപ്പെട്ടപ്പോൾ മാന്ത്രികനോവലെഴുതുന്നതിലേക്ക് തിരിഞ്ഞതും ജനപ്രീതിയുടെ അടിസ്ഥാനത്തിലായിരുന്നു. കലിക ഭൂതകാലത്തെ വർത്തമാനകാലത്തിലേക്ക് ആവാഹിക്കുവാനാണ് മുതിർന്നത്. ഗ്രാമ-നഗര വൈരുദ്ധ്യവും ഭാഷാസങ്കരതയും താന്ത്രികമതവും യോനീപൂജയും കാമശാസ്ത്രമെല്ലാം കൂടിക്കുഴയുന്ന കഥന തന്ത്രമാണ് കലിക പിന്തുടർന്നിരുന്നത്. പിൽക്കാലത്ത് വന്ന മാന്ത്രിക നോവലുകൾ വർത്തമാനകാലത്തെ വിദൂര ഭൂതകാലം കൊണ്ട് മറയ്ക്കാനാണ് ശ്രമിച്ചത്. മോഹനചന്ദ്രൻ ഒഴികെയുള്ളവർ ആഭിചാര പ്രവർത്തനത്തെയും ഭൂതപ്രേതങ്ങളെയും യാഥാർത്ഥ്യവൽക്കരിക്കുവാനാണ് പരിശ്രമിച്ചത്.

### 6. 1. 6. ലൈംഗികതയുടെ വിപണിതന്ത്രം

നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിലെ ലൈംഗികതയെകുറിച്ചുള്ള ധാരണകളെ തന്നെ പുനരുല്പാദിപ്പിക്കാനാണ് മാന്ത്രിക നോവലിസ്റ്റുകൾ ചെയ്യുന്നത്. ലൈംഗികതയെക്കുറിച്ചുള്ള നിറം പിടിപ്പിച്ച കഥകളും മറ്റും സമൂഹത്തിൽ ഗോപ്യമായ ആനന്ദമൂർച്ഛയ്ക്കു നിദാനമായി കാണുന്നവരുണ്ട്. സാമൂഹിക സദാചാരം നിഷ്കർഷിക്കുന്ന ലൈംഗിക ജീവിതം നയിക്കുമ്പോൾ തന്നെ നിഗൂഢമായ ലൈംഗികാനന്ദം തേടി യാത്രതിരിക്കുന്നവരാണ് മനുഷ്യർ. ജനപ്രിയ നോവലുകൾ മനുഷ്യന്റെ ഗോപ്യമാക്കപ്പെട്ട ലൈംഗികതൃഷ്ണകളെ സ്വപ്നാത്മകമായി ആവിഷ്കരിക്കപ്പെടുന്നുണ്ട്.

മോഹനചന്ദ്രന്റെ കലികയിൽഭക്ഷണവും ലൈംഗികതയും തമ്മിലുള്ള ബന്ധം രസകരമായി അവതരിപ്പിക്കുന്നുണ്ട്. ജമാൽ എന്ന കഥാപാത്രത്തിന് ഭക്ഷണത്തോടുള്ള ആർത്തി, ജീവിതത്തിൽ പൂർത്തീകരിക്കാൻ കഴിയാത്ത ലൈംഗിക ആർത്തിയായി മാറുന്നുണ്ട്. "അടുക്കളയിൽ കാദറ്ക്കാ കുത്തുംബാറോട്ട, ബൊറോട്ടാ, പത്തിരി, കരൾ നെയ്യിൽ വറുത്തത്, ആട്ടിറച്ചി തൈരിൽക്കുഴച്ച് കറിവെച്ചത്, പശു ചെറുതായി നുറുക്കി തേങ്ങാ കൊത്തിയിട്ട് തോരൻ, സ്റ്റൂ ഇതൊക്കെ മാറി മാറി വിളമ്പുമ്പോൾ ഓർഗാസം കിട്ടുന്ന സുഖം. നഷ്ടപ്പെട്ട രതിഭാഗ്യം ഈ രൂപത്തിലെങ്കിലും വീണ്ടും കിട്ടട്ടെ" (1981: 54). ഭക്ഷണപ്രിയത്വം അമിതമായ ലൈംഗികതയുടെ പരോക്ഷ പ്രകടനമായി നോവലിസ്റ്റ് വ്യഖ്യാനിക്കുന്നു. ലൈംഗിക ബലഹീനതയനുഭവിക്കുന്ന 'ജമാലിന്റെ ആത്മഗതം ശരാശരി മലയാളിയുടെ ലൈംഗിക തൃഷ്ണയുടെയും സന്ദേഹത്തിന്റെയും പരിച്ഛേദമാണ്. "വികാരം തോന്നാഞ്ഞിട്ടല്ല, മറ്റു പലരുടെയും പോലെ പതിന്നാലു വയസ്സിൽ വേലക്കാരിയുടെ ശിക്ഷണത്തിൻ കീഴിൽ തുടങ്ങിയതാണ്. മദ്രാസ്സിൽ എം. എ. എടുത്തില്ലേ, അതോടൊപ്പം സകല വിരുതിലും ബിരുദം നേടിയതുപോലെയായിരുന്നു. ഇപ്പോഴും സഖറിയായുടെ കൈയിൽ നിന്ന് പ്ലേബോയ്, പെന്റ്ഹൗസ് ഇതൊക്കെ വാങ്ങി വായിക്കുമ്പോൾ ഒരു വികാരം ഉണർന്നുവരും. പക്ഷേ, വികാരം ഉയർന്നാൽ മതിയോ ഉയിർത്തെഴുന്നേൽപിക്കെണ്ടേ?" ആധുനികതയുടെ സുഖജീവിതത്തിന്റെ സുരപാനവർണ്ണനകൾകൊണ്ട് സമൃദ്ധമാണ് കലിക. യൗവനത്തിലെ ലൈംഗികതയെ കുറിച്ചുള്ള നിറംപിടിപ്പിച്ച വർണ്ണനകൾ സഖറിയ, ജോസഫ്, ജമാൽ, സദൻ എന്നീ നാലു കൂട്ടുകാരുടെ ജീവിതത്തിലൂടെ വരച്ചുവെക്കുന്നത്. പി. വി.തമ്പിയുടെ കൃഷ്ണപരുന്തിന്റെ കുമാരൻതമ്പിയ്ക്ക് അടിപതറുന്നത് ലൈംഗിക അരാജകത്വത്തിലാണ്.

### 6. 1. 7. സ്ത്രീവിരുദ്ധത

മാന്ത്രികനോവലുകളിലെ പുരുഷാധിപത്യപ്രവണമായ ലൈംഗികധാരണകൾ പൊതുവെ സ്ത്രീവിരുദ്ധതഉത്പാദിപ്പിക്കുന്നുണ്ട്. അധികാരകേന്ദ്രത്തിലെ ആൺകോയ്മയുടെ

സാമൂഹ്യബോധമാണ് മാന്ത്രികനോവലിൽ പൊതുവെ പ്രവർത്തിക്കുന്നത്. 'മദിരാശി' 'മദിരാക്ഷി'യായാണ് നോവലിൽ പരിവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധേയമാണ്. "സ്ത്രീകൾ പതിനെട്ടിൽ അമേരിക്കയെപ്പോലെയാണ്. പരിചയം പോര. എല്ലാവരും ആകൃഷ്ടരാകുന്നു. മധ്യവയസ്സിൽ ഏഷ്യയെപ്പോലെയാണ്. തളർന്നു തുടങ്ങി. പക്ഷേ താല്പര്യക്കുറവില്ല. പരിചയം വേണ്ടതിനുണ്ടുതാനും. നല്ല അഭിരുചി ഉള്ളവർ തേടിചെല്ലുന്നു. വാർദ്ധക്യത്തിൽ അന്റാർട്ടിക്കയെപ്പോലെ നിശേഷം തണുത്ത് മഞ്ഞുകട്ടി. സ്ഥലം എവിടെയാണെന്ന് എല്ലാവർക്കുമറിയാം, പക്ഷേ സന്ദർശകരില്ല. ഭൂമിശാസ്ത്രബന്ധിയായ ഉപമകൾ ഓർത്തു" (1981: 109) കൂട്ടുകാർ ചേരുമ്പോൾ സ്ത്രീകൾ ലൈംഗികോപകരണമായി മാത്രം മാറുന്ന സംവാദങ്ങളുടെ/നിറം പിടിപ്പിച്ച കഥകളിലെ കഥാപാത്രമായി മാറുന്ന സ്ത്രീ വിരുദ്ധത നോവലിൽ പരക്കെ കാണാവുന്നതാണ്.

കലികയെ ജോസഫ് നോക്കികാണുന്നത് 'കുളിച്ചൊരുങ്ങി നിൽക്കുന്ന കേരളീയ ഭംഗിപോലെയാണ്. സൗദാമിനിയും കലികയും വെള്ളക്കുപ്പിയുടെ കൂടെയുള്ള മാണിക്യകല്ലാണയാൾക്ക്. പതിന്നാലുകാരിയായ ആര്യയെന്ന പെൺകുട്ടിക്ക് പിതൃസമാനനായവനിൽ നിന്നും ഏൽക്കേണ്ടിവന്ന കൊടിയ പീഡനങ്ങളിൽ നിന്നുമാണവൾ പ്രതികാരകലികയായി രൂപാന്തരം പ്രാപിക്കുന്നത്. സ്ത്രീയുടെ പ്രതിഷേധങ്ങളെല്ലാം ലൈംഗികതയിൽ തട്ടി അവസാനിക്കുന്നുവെന്ന ദുരന്തബോധം ചിന്തിക്കേണ്ട വസ്തുതയാണ്. കലികയുടെ ആത്മരോഷം വാക്കുകളിൽ കാണാം. "സ്ത്രീയെ എന്തെന്നു കരുതിയെടാ നീയെല്ലാം, നായ്ക്കളേ! കുറേ കുന്നും കുഴികളുമുള്ള മെത്തയെന്നോ? കയറി കിടക്കാനും ഭാരം ചുമക്കാനും?" (1981: 194) കൊടിയ അനീതിക്ക് വശംവദയായ ഒരു പെണ്ണിന്റെ പ്രതികാര വാഞ്ഛയിൽ നിന്നുയിർകൊണ്ട വാക്കുകളാണിവ.

പി.വി തമ്പിയുടെ 'കൃഷ്ണപരുന്തി'ൽ സ്ത്രീ ഭോഗവസ്തുവായാണ് അവതരിപ്പിക്കപ്പെടുന്നത്. മീനാക്ഷിയും ലക്ഷ്മിക്കുട്ടിയും പുരുഷന്റെ ഭോഗതാല്പര്യ ത്തിനിരയായി ജീവിതം നഷ്ടപ്പെട്ട് യക്ഷികളായി രൂപാന്തരം പ്രാപിച്ചവരാണ്. 'പള്ളിവേട്ട'യിൽ തോന്നല്ലൂർ

തമ്പാൻ എന്ന ദുർമന്ത്രവാദി സ്ത്രീകളെ ലൈംഗിക അടിമകളാക്കി മാറ്റാൻ ദുർമ്മന്ത്രവാദത്തെ കൂട്ടുപിടിക്കുന്നു. പതിനേഴ് വയസ്സുമുതൽ മുപ്പതു വയസ്സുവരെയുള്ള വിവിധ പ്രായത്തിലുള്ള, വിവിധ ജാതിക്കാരായ സ്ത്രീകളെ ലൈംഗിക അടിമകളാക്കി കൊട്ടാരത്തിൽ താമസിപ്പിക്കുന്നു. വിടനായ അയാൾ ആഭിചാരകർമ്മങ്ങളിലൂടെ ഭീഷണപ്പെടുത്തി അവരെ പ്രാപിക്കുന്നു. ഗന്ധർവ്വ സമാഗമത്തിന് സ്ത്രീകളെ വിട്ടുകൊടുക്കുന്നു. ശക്തി സംഭരിക്കാൻ ദുർദേവതകൾക്കു മുമ്പിൽ സ്ത്രീ ശരീരത്തെയാണുപയോഗിക്കുന്നത്.

സ്ത്രീയുടെ ലൈംഗികാഭിനിവേശം പുരുഷനാൽ സാക്ഷാത്കരിക്കപ്പെടേണ്ടതാണെന്ന പൊതു ബോധത്തെ നോവൽ പുനരുല്പാദിപ്പിക്കുന്നു. ദേവമ്മയ്ക്ക് മാർത്താണ്ഡപിള്ളയോടുള്ള ലൈംഗികാഭിനിവേശമാണ് 'പള്ളിവേട്ട'യിലെ പ്രധാന വിവരണം. മാർത്താണ്ഡനെ ഭർത്താവായി ലഭിക്കാൻ എന്തു നീചപ്രവർത്തനങ്ങളിലേർപ്പെടാനും അവർ മടികാണിക്കുന്നില്ല. പ്രതീകാത്മകമായി ഗന്ധർവ്വസമാഗമത്തിലൂടെ ലൈംഗികാനന്ദമനുഭവിക്കുന്നു.

ഏറ്റുമാനൂർ ശിവകുമാറിന്റെ 'ആയില്യംകാവിൽ' ശേഖരപിള്ളയുടെ കുടുംബം ബ്രാഹ്മണാധികാരത്തിന്റെ ക്രൂരതയോടു വാങ്ങുന്നവരാണ്. "പുടവ കൊടകഴിഞ്ഞാൽ-നായർ യുവതി നമ്പൂതിരിക്കു സ്വന്തമാകും. ഏത് ഏഭ്യൻ നമ്പൂതതിരിക്കും ഏതു നേരത്തും പ്രാപിക്കാനുള്ള അധികാരം. സ്വന്തം ഭർത്താവിനോടൊത്ത് അന്തിയുറങ്ങുമ്പോഴും നമ്പൂതിരി വന്നു വിളിച്ചാൽ അയാളുടെ ഇംഗിതത്തിന് വഴങ്ങണം. സ്ത്രീയുടെ സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും അനുമതിയ്ക്കും യാതൊരുവിലയും കല്പിക്കാതിരുന്ന ഇന്നലെയുടെ കേരളീയ ജീവിത പശ്ചാത്തലത്തെ ഓർമ്മയിലേക്ക് കൊണ്ടുവരാൻ സാധിക്കുന്നു.

ചേലക്കര ഗ്രാമത്തിൽ സ്വന്തം ഭർത്താവിനൊപ്പം അന്തിയുറങ്ങാൻ ഭാഗ്യം സിദ്ധിച്ച ഏകപെൺകുട്ടി ശേഖരപിള്ളയുടെ മകൾ നാണിക്കുട്ടിയായിരുന്നു. പക്ഷേ, അതിന് അവൾക്ക് വിലനൽകേണ്ടിവന്നത് സ്വന്തം ജീവിതം തന്നെയായിരുന്നു. സ്ത്രീ-

വിരുദ്ധമായ നിലപാടുകൾ കൊണ്ട് സമ്പന്നമാണ് നോവൽ 'അഗ്നിശർമ്മൻ' എന്ന ബ്രാഹ്മണമന്ത്രവാദി ലൈംഗികഅരാജകത്വത്തിന്റെ നായകപദവിയിലേക്ക് ഉയർത്തപ്പെടുന്നുണ്ട്. ചിന്നൻ എന്ന താഴ്ന്ന വിഭാഗത്തിൽപ്പെട്ടവനിൽ തമ്പുരാട്ടിയ്ക്കു തോന്നിയ ലൈംഗികഭ്രമമാണ് ചിന്നന് ജീവിതം ബലികഴിക്കേണ്ടി വന്നത്. തന്റെ പൂർവ്വികന്റെ ദാരുണാന്ത്യത്തിനുള്ള പ്രതികാര നിർവഹണത്തിനാണ് ഭൈരവൻ ദുർമ്മന്ത്രവാദത്തിലേർപ്പെടുന്നത്.

സുനിൽ പരമേശ്വരന്റെ അനന്തഭദ്രം ലൈംഗികതയും യോഗമാന്ത്രികവും ഇടകലർന്ന ആഖ്യാനമാണ്. ദിഗംബരൻ പെണ്ണിനെ കൊതിപ്പിക്കാൻ ബ്രഹ്മാവ് സൃഷ്ടിച്ച ഉത്തമ പുരുഷനാണ്. ശിവൻ കാവിമായി ബന്ധപ്പെട്ട വിശ്വാസങ്ങളുടെ നെടുങ്കോട്ടയാണ് അനന്തഭദ്രം. ആഭിചാരകർമ്മങ്ങൾക്കായി ദിഗംബരൻ ഉപയോഗിക്കുന്നത് സ്ത്രീശരീരത്തെയാണ്. കൊല്ലത്തിപ്പെണ്ണായ ഭാമയെ ലൈംഗികഅടിമയാക്കിയാണയാൾ സർവ്വവും നേടാൻ തുനിയുന്നത്. 'കുന്നൂർ മഠ'ത്തിൽ കല്ലേരി കണ്ണപ്പൻ എന്ന അദ്വിതീയ കഥാപാത്രം തന്റെ ലക്ഷ്യം നേടാൻ പരിശ്രമിക്കുന്നതും ഇതേ വഴിയിലൂടെ തന്നെയാണ്. യക്ഷിയുമായുള്ള വേഴ്ചകൾ നിറം പിടിപ്പിച്ച സ്വപ്നലോകം വായനക്കാരനു സമ്മാനിക്കുന്നു.

സ്ത്രീശരീരത്തെ ലൈംഗികോത്തേജനത്തിനുള്ള മാർഗ്ഗമായി സ്വീകരിക്കുന്ന തന്ത്രം പുതിയനാഗരികതയുടെ കച്ചവടതന്ത്രമാണ്. വിപണിസാധ്യത നേടികൊടുക്കാൻ മാന്ത്രിക നോവലിസ്റ്റുകൾ സ്ത്രീ കഥാപാത്രങ്ങളെ സൃഷ്ടിച്ചതെന്നു പറയാം. സ്ത്രീയുടെ ജീവിതത്തിന്റെ മുന്നേറ്റങ്ങളെ അടയാളപ്പെടുത്തുന്നതിൽ പലപ്പോഴും മാന്ത്രികനോവലെഴുത്തുകാർ പരാജയപ്പെട്ടുപോകുന്നുണ്ട്. വിപണിവിജയത്തിനുവേണ്ടി കൃത്രിമമായി സൃഷ്ടിക്കപ്പെട്ട സ്ത്രീകളാണ് നോവലുകളിൽ നിറയുന്നത്. നോവലിൽ ആത്മവ്യക്തിത്വമുള്ള സ്ത്രീകഥാപാത്രങ്ങൾ മരണത്തിനു കീഴടങ്ങി യക്ഷികളായി രൂപാന്തരം

പ്രാപിച്ചവരാണ്. പരജീവിതത്തിലൂടെ ആണധികാരവ്യവസ്ഥയോട് കലഹസ്വഭാവം പുറപ്പെടുവിക്കുവാനാണ് യക്ഷികൾ പരിശ്രമിക്കുന്നത്.

### 6. 1. 8. അലങ്കാരശബളമായ വർണ്ണനകൾ

സൂക്ഷ്മവർണ്ണനകൾ കൊണ്ട് മനോഹരമാണ് മാന്ത്രികനോവലുകൾ. അലങ്കാര കലപ്പകൾ വിടർത്തിയിട്ട മനോഹരമായ ഭാഷ ജനമാനസത്തെ ആകർഷിക്കുന്നതിനു നിദാനമാണ്. വായനയിൽ തുടർച്ചയും ആകാംക്ഷയും സൗന്ദര്യാനുഭൂതിയും നിറയ്ക്കാൻ ഭാഷയിലെ വർണ്ണശബളിമകൊണ്ട് സാധിക്കുന്നു.

മോഹനചന്ദ്രന്റെ കലികയിൽ മംഗലത്ത് തറവാടിനെക്കുറിച്ചുള്ള വർണ്ണന വാങ്മയദൃശ്യാനുഭൂതി പകരുന്നതാണ്. "പണ്ട് വെള്ളാരമണൽ വിരിച്ച് പൂനിലാവുപോലെ തിളങ്ങിയിരുന്ന മുടത്തിൽ പുല്ലുവളർന്നിരിക്കുന്നു. കുടുപോലെ രണ്ടടി ഉയരത്തിൽ അതിൽ ഉഗ്രവിഷമുള്ള പാമ്പുകൾ കെട്ടിപിണഞ്ഞ് ഇണചേരുന്നു. വടക്കു വശത്തുള്ള പറമ്പ് കുട്ടറ്റിക്കാടായി മാറിയിരിക്കുന്നു. രാത്രി കുറുക്കൻ ഓരിയിടുന്നു. എവിടുന്നോ വലിച്ചു കൊണ്ടു വന്നിട്ട എല്ലുംമ്പക്കുകൾ കണക്കെ കലമ്പൽ കൂട്ടുന്നു. വരാന്തയിലും മുറികളിലും സിമന്റ് ഇളകിയ ുളകളിൽ പുഴുവും പഴുതാരയും, തേളും, ഉറുമ്പും മാളികയിൽ അവിടവിടെ പ്രേതങ്ങളും ദുർദേവതകളും ഊഞ്ഞാലാടുന്നു. ഇരുട്ടിൽ ചുറ്റുന്ന വൃത്തികെട്ട ജന്തുക്കൾ മാത്രം അലയുന്ന പറമ്പും വീടും" (1981, 22). വിശാലമായ ഇത്തരം വർണ്ണനകൾ ഇംപ്രഷണിസ്റ്റ് ചിത്രകാരന്റെ മനോധർമ്മരീതിയിലുള്ളതാണ്. മൂർത്തരൂപത്തിലുള്ള വർണ്ണനകളാൽ സമൃദ്ധമാണ് ഈ നോവൽ. വായനക്കാരനിൽ ഉദ്വേഗവും അനുഭൂതിയും പെയ്തിറങ്ങുന്ന രീതിയിലുള്ള വർണ്ണനകൾ നോവലിൽ സ്വീകരിച്ചിരിക്കുന്നു. പ്രകൃതിയുടെ വന്യതയെ ഭയത്തിന്റെ ലാവണ്യാനുഭൂതി പ്രദാനം ചെയ്യുന്ന മട്ടിൽ വർണ്ണിച്ചിരിക്കുന്നു. 'അനക്കമില്ലാതെ നിൽക്കുന്ന വൃക്ഷങ്ങൾ പ്രേതങ്ങളെ അനുസ്മരിപ്പിക്കുന്നു. തലയുയർത്തി നിൽക്കുന്ന വൃക്ഷം ദേവിക്കു കുടപിടിച്ചതുപോലെയാണ്. ജിജ്ഞാസയെ ത്വരിതപ്പെടുത്താൻ വർണ്ണനയെ കൂട്ടുപിടിക്കുന്നുണ്ട്. വയൽവരമ്പത്തു കൂടെ പാഞ്ഞടു-

ക്കുന്ന തീയുണ്ടയുടെ വർണ്ണന വായനക്കാരന്റെ ഉദ്വേഗത്തെ മാനം മുട്ടെയുയർത്താൻ പര്യാപ്തമാണ്.

മാന്ത്രികവർണ്ണനയും മാന്ത്രികവിദ്യയുടെ ഗൂഢഭാഷയും കൊണ്ട് മൺമറഞ്ഞ കാലത്തെ പുനഃസൃഷ്ടിക്കുവാൻ പരിശ്രമിക്കുന്നു. അതോടൊപ്പം നഷ്ടപ്പെട്ട ഗ്രാമസംസ്കാരത്തിന്റെ ഓർമ്മ പങ്കുവെക്കുകയും ഹരിതപ്രകൃതിയിലേക്ക് മടങ്ങാനുള്ള മനുഷ്യന്റെ ഇച്ഛയെ ഉദ്ദീപിപ്പിക്കുകയും ചെയ്യുന്നു.

പി. വി. തമ്പിയുടെ 'പള്ളിവേട്ട'യിൽ ഭീകരരൂപിണിയായ യക്ഷിയെ യഥാതഥചിത്രത്തെ വെല്ലുന്ന വർണ്ണനയിലൂടെ അതിശയിപ്പിക്കുന്നുണ്ട്. "പടിപ്പുരക്കയറി വരികയാണ് സ്ത്രീരൂപത്തിലൊരു സത്വം. കറുത്ത തടിച്ച ശരീരം, ചകിരിനാരു പോലെയുള്ള തലമുടി, തീപ്പൊരി പാറുന്ന വട്ടക്കണ്ണുകൾ, കൂർത്ത മൂക്ക്, പിളർന്ന വായിലൂടെ താഴോട്ട് നീണ്ടുകിടക്കുന്ന രക്തവർണ്ണമാർന്ന നാക്ക്, കൂർത്ത പല്ലുകൾ, ചേനയുടെ ആകൃതിയിലുള്ള രണ്ട് സ്തനങ്ങൾ, വീർത്തു നിൽക്കുന്ന പെരുവയറ്, ഉരലുകൾ പോലെയുള്ള കാലുകൾ, നഖങ്ങൾ വളർന്നു നിൽക്കുന്ന നീളമേറിയ വിരലുകളോട് കൂടിയ തടിച്ച കൈകൾ. ഭയാനകമായ രാക്ഷസീയ ഭാവത്തോടെ വീട്ടുമുറ്റത്തേക്ക് ആടിയാടി നീങ്ങുന്ന ഘോരപിശാചിനി... (1991: 125).

ഭയാനകമായ അന്തരീക്ഷസൃഷ്ടി വർണ്ണനകളിലൂടെയാണ് നോവലിസ്റ്റ് സാധ്യമാക്കിയത്. ധൂമാവതീദേവിയെ സമാനമായ രൂപത്തിൽ വർണ്ണിച്ചിരിക്കുന്നു. വർണ്ണനകൾക്ക് ഏകതാനതയുണ്ട്. യക്ഷീവർണ്ണനയും ദേവതാവർണ്ണനയും ഒരേക്രമത്തിലാണാവിഷ്കരിക്കുന്നത്. ഭാരതീയപാരമ്പര്യത്തിലുള്ള ദേവീസ്തവവർണ്ണനാരീതിയെ പിന്തുടരാനാണ് നോവലിസ്റ്റ് ഇവിടെ ശ്രമിക്കുന്നതെന്നു കാണാം.

കാവ്യാത്മക വർണ്ണനകൾകൊണ്ട് സമൃദ്ധമാണ് മോഹനചന്ദ്രന്റെ 'വേലൻ ചെടയൻ'. "താഴ്‌വരയുടെ മാറിൽ നിന്ന് സന്ധ്യ വ്രീളാ വിവശയായി മെല്ലെ എഴുന്നേറ്റ്

പിൻവാങ്ങിയതോടെ ഇരുട്ടിന്റെ വരവായി. ഉറഞ്ഞുവരുന്ന തണുപ്പിൽനിന്ന് രക്ഷിക്കാനെന്നതുപോലെ അന്ധകാരം താഴ്വരയെ ആപാദചൂഡം പൊതിഞ്ഞു..."പൂമണവും തണുപ്പും കലർന്ന കാറ്റുവീശിയപ്പോൾ കരിമ്പുകൾ ആടിയുലഞ്ഞു. മലയിൽ കരിമ്പാറയുടെ മുകളിൽ മറ്റൊരു കരിമ്പാറപോലെ വേലൻ ചെടയൻ നിന്നു" (1982: 35). കാല്പനികസുന്ദരമായ ഇത്തരം വർണ്ണനകൾ മാന്ത്രിക നോവലിന്റെ വായനയെ ത്വരിതപ്പെടുത്തുവാൻ സഹായകമാണ്.

ഏറ്റുമാനൂർ ശിവകുമാറിന്റെ ആയില്യംകാവിൽ അത്ഭുതം നിറഞ്ഞ അവതരണമാണ് ഒടിയെ സംബന്ധിച്ച് നടത്തിയിട്ടുണ്ട്. കട്ടുകുമണിയിൽ നിന്നും കറുത്ത നിറത്തിലുള്ള നായകർ ജനിക്കുന്നു. കൃത്യനിർവ്വഹണത്തിനുശേഷം അവ കട്ടുകുമണിയായി മാറുന്നു. ചമതക്കമ്പ് ഭീമാകാരനായ കട്ടുകനായി ലക്ഷ്യത്തിലേക്ക് പറന്നടുക്കുന്നു. ഈയലുകൾ മൂങ്ങകളായി രൂപം പ്രാപിക്കുന്നു. വിചിത്രവർണ്ണനകൾ വായനക്കാരെ വിസ്മയലോകത്തേക്ക് കൈപിടിച്ചുയർത്തുന്നു. "വനഭൂമിയിൽ വർഷം പെയ്തു ഇലകൊഴിയും കാലം കഴിഞ്ഞ് മാമരങ്ങൾ ഇറുങ്ങെത്തവിർത്തു. വനമേഖലയിൽ പിന്നെ വസന്താഗമമായി" (2012: 99). നാടകീയമായ വർണ്ണനകളാണ് നോവലിൽ പരക്കെ സ്വീകരിച്ചിരിക്കുന്നത്.

'നാഴികമണിയുടെ സ്വപ്നതാളം പോലെ കൂടിനിൽക്കുന്നവരുടെ ഓരോരുത്തരുടെയും ഹൃദയമിടിപ്പിന്റെ ശബ്ദം കാതോർത്തു നോക്കിയാൽ വ്യക്തം 'ആകാശഗംഗ'യുടെ തുടക്കം നാടകീയവർണ്ണനയിലാണ്. നോവലിലെ സ്ഥലകാലങ്ങൾ കൃത്രിമമായി കെട്ടിയുണ്ടാക്കുന്നതാണ്. നാടോടിക്കഥയിലെ സ്ഥലകാലബന്ധത്തെത്തന്നെയാണ് എഴുത്തുകാരൻ സ്വീകരിക്കുന്നത്. ന്യൂനത്തിൽനിന്ന് അധികത്തിലേക്കുള്ള സംഭവപരമ്പരയാണ് കഥയായി രൂപാന്തരം പ്രാപിക്കുന്നതെന്ന തത്ത്വം മാന്ത്രികനോവലിൽ പ്രകടമാണ്. നാടോടിക്കഥയുടെതായ അയഞ്ഞ ഘടനയാണ് മാന്ത്രിക നോവലിന് പൊതുവെ കാണുന്നത്.

'മരക്കാട്ടുകൾ മുതൽ മുക്കുറ്റികൾ വരെ ഋതുമതികളാകുന്ന വേള. കാവുകൾ പൂക്കുന്ന കാലം. 'ആകാശഗംഗ'യിലെ കാല മാറ്റത്തെ വർണ്ണിക്കാൻ എഴുത്തുകാരൻ കൂട്ടുപിടിച്ച വർണ്ണനയാണിത്. മാന്ത്രികനോവൽ പൊതുവെ വിനിമയം ചെയ്യപ്പെടുന്ന ഹരിതമേഖല കാവുകളാണ്. ജൈവ ആവാസവ്യവസ്ഥയുടെ കേന്ദ്രമായ കാവുകൾ നിഗൂഢമായ വനസ്ഥലികളാണ്. അതിനാൽ കാവുമായി ബന്ധപ്പെട്ട ഒട്ടേറെ വിശ്വാസാചാരങ്ങൾ കേരളീയ സംസ്കാരത്തിൽ പുലർത്തിപ്പോരുന്നുണ്ട്. ഈ കാവുസംസ്കാരത്തെ നോവലിന്റെ ഭാവാന്തരീക്ഷസൃഷ്ടിക്കുവേണ്ടി സൂക്ഷമതലത്തിൽ സ്വീകരിക്കുവാൻ നോവലിസ്റ്റുകൾ ശ്രദ്ധിക്കാറുണ്ട്. സർപ്പാരാധനയുടെയും യക്ഷീഗന്ധർവ്വ വാസസ്ഥലമായും, മാന്ത്രികവിദ്യയുടെയും ആഭിചാര കർമ്മങ്ങളുടെ ഈറ്റില്ലമായും മാന്ത്രികനോവലിൽ കാവ് പ്രത്യക്ഷപ്പെടുന്നുണ്ട്. ഭയത്തിന്റേ വൃക്ഷരൂപങ്ങളാണ് കാവിന്റെ മനോഹരമാക്കുന്നത്. കുടപിടിച്ച നിൽക്കുന്ന വൃക്ഷങ്ങൾ മിത്തുല്പാദിപ്പിക്കുന്ന വൃക്ഷങ്ങളായി മാറുന്നത് കാണാം. ഹരിത പ്രകൃതിയുടെ മനോഹരവർണ്ണനകൾ കൊണ്ട് സമൃദ്ധമായ മാന്ത്രിക നോവലുകൾ പാരിസ്ഥിതിയുടെ വീണ്ടെടുപ്പിന്റെ പരോക്ഷമായ അടയാളമായി പരിഗണിക്കാവുന്നതാണ്. അലങ്കാരപ്രിയതയും വർണനകളുടെ സമൃദ്ധിയും ഈ നോവലുകളെ ആധുനികാനന്തരപ്രതലത്തിലേയ്ക്കു പരിവർത്തിപ്പിക്കുന്നുണ്ടെങ്കിലും ഈ നോവലുകളുടെ പൊതുരീതികൾ അത്തരമൊരു പരിണാമത്തെ സൂചിപ്പിക്കുന്നില്ല.

### 6. 1. 9. വ്യാജഗൃഹാതുരത (False Nostalgia)

പുരാവൃത്തങ്ങളും ഐതിഹ്യങ്ങളും പുരാണപുസ്തകങ്ങളും മറ്റും ഉപയോഗിച്ച് വ്യാജമായൊരു ഗൃഹാതുരത സൃഷ്ടിക്കാനാണ് മാന്ത്രികനോവലിസ്റ്റുകൾ ശ്രമിക്കുന്നത്. വിപണിയുടെയും വായനക്കാരുടെയും ഇംഗിതത്തിനനുസരിച്ച് അങ്ങനെയൊരു വഴി സ്വാഭാവികമായി എഴുത്തുകാർക്കു മുമ്പിൽ ഉരുത്തിരിഞ്ഞു വരുന്നതാണ്. അതിൽ പ്രതിബദ്ധതാഭംഗമോ അനൗചിത്യമോ ആരോപിക്കേണ്ടതില്ല.

മാന്ത്രികനോവലിസ്റ്റുകൾ സൗന്ദര്യലഹരി, ലളിതാസഹസ്രനാമം തുടങ്ങിയ ഗ്രന്ഥങ്ങളെ സർവസ്വാതന്ത്ര്യത്തോടെ സ്വീകരിക്കുന്നവരാണ്. ഭാരതം, ഭാഗവതം, ഗീത എന്നിവ പോലെ നാമാവലിയും ഒരു രഹസ്യഭാഷയിലാണ്. ഈ രഹസ്യഭാഷയാണ് മന്ത്രവാദികൾ സ്വീകരിച്ചിരിക്കുന്നത്. "നാമാവലിയിലെ രഹസ്യങ്ങൾ കൂടുതൽ അടങ്ങിയിരിക്കുന്നത് മന്ത്രകുണ്ഡലിനീ പഞ്ചബ്രഹ്മരൂപങ്ങളിലാണ്. ശ്രദ്ധിച്ച് പഠിച്ചാലേ ബാഹ്യാർത്ഥം - പദാർത്ഥം - പിടികിട്ടുകയുള്ളൂ. അക്ഷരാർത്ഥത്തിനു പുറമെയുള്ള ആന്തരാർത്ഥം ബ്രഹ്മാണ്ഡത്തെ തന്നെ വിശദീകരിക്കും. നമ്മുടെ ത്രിമാന ചിത്രങ്ങൾ തകിടം മറിയും (1981: 126).

അക്ഷരങ്ങൾ കൊണ്ടുള്ള കളിയാണ് സൗന്ദര്യലഹരി. കലിക എന്ന പദത്തിന്റെ നിഷ്പത്തിയെകുറിച്ച് കലികാ- കാളിക എന്നിങ്ങനെ നോവലിൽ പറയുന്നു. ഇത്തരം പദങ്ങൾക്ക് മന്ത്രശക്തിയുണ്ടത്രേ. ലളയോരഭേദഃ എന്നാണ് തത്ത്വം. അതായത്, ലയും ളയും തമ്മിൽ വ്യത്യാസമില്ല. കാളിക എന്നായി. ദേവിയെ കളിപ്പിക്കുന്നത് തന്ത്രത്തിലെ ഒരു തന്ത്രമാണ്. കലിക - കാളിക - കാപാലിക - കലി - കലിയുടെ മകൾ - കാളിയുടെ ശത്രു. - ഇത് അപകടം പിടിച്ച പേരുതന്നെ" (1981: 175). ജോസഫിനെ ആഭിചാരകർമ്മത്തിലൂടെ (ഒടി) മരണത്തിനു കീഴടക്കുന്ന കലിക സാക്ഷാൽ കാളിക തന്നെയാണ്. ഒന്നൊന്നായി ശത്രുക്കളുടെ രുധിരം പാനം ചെയ്യുന്ന കാളികയുടെ രൂപമാണവർക്കുള്ളത്.

ആനന്ദലഹരിയെന്ന സൗന്ദര്യലഹരിയെ പി.വി. തമ്പിയും വർണ്ണിക്കുന്നുണ്ട്. മാന്ത്രികരുടെ നിധിയും മന്ത്രപ്രധാനവുമാണ് ഈ ഗ്രന്ഥമെന്ന് 'കൃഷ്ണപരുന്തിൽ' പറയുന്നു. ശക്തി സ്വരൂപിണിയായ ദേവീ ഉപാസനയ്ക്ക് മാന്ത്രികർ നിധിപോലെ സംരക്ഷിക്കുന്നത് സൗന്ദര്യലഹരിയിലെ ദേവീ വർണ്ണനകളാണ്. അവ നോവലിന് സവിശേഷ മാന്ത്രിക ഭാവാന്തരീക്ഷമൊരുക്കുന്നതിൽ സഹായകമാണ്.

മന്ത്രവിദ്യയുടെ സവിശേഷമായ ജ്ഞാനമേഖലയാണ് നോവലിൽ വിനിമയം ചെയ്യുന്നത്. മന്ത്രവാദത്തിലെ ഷഡ്ക്രിയകളെ ആധാരമാക്കിയുള്ള മാന്ത്രിക - താന്ത്രിക വിദ്യകളുടെ പ്രയോഗം മാന്ത്രികനോവലിന് പൊതുവായി സ്വീകരിച്ചുവരുന്നു. അവസരോചിതമായി ഹിന്ദുപുരാണങ്ങളും, പ്രാദേശിക ചരിത്രവും മിത്തും ഐതിഹ്യവും കഥ, ഘടനയ്ക്കകത്തേക്ക് സ്വീകരിക്കുന്നതിൽ ശ്രദ്ധാലുക്കളാണ് മാന്ത്രിക നോവലെഴുത്തുകാർ. ഹൈന്ദവാചാര ക്രമത്തെ വിശുദ്ധവൽക്കരിക്കാനുള്ള ശ്രമമുണ്ട് നോവലിൽ. ക്ഷേത്ര ഐതിഹ്യങ്ങൾ നോവലിന്റെ ആധാരശിലയായ ഉപയോഗിക്കുന്നുണ്ട്. മാക്കം കിണർ, കൂടൽ മാണിക്യം ക്ഷേത്ര ഐതിഹയം, പനയന്നൂർ കാവിന്റെ ഐതിഹ്യം മധുര ക്ഷേത്ര ഐതിഹ്യം; തുടങ്ങിയ കേരളത്തിലെ പ്രസിദ്ധ ക്ഷേത്രഐതിഹ്യങ്ങളുടെ പിൻബലത്തിൽ കെട്ടിചമച്ചുണ്ടാക്കിയ ആഖ്യാനരൂപമാണ് മാന്ത്രികനോവൽ.

മാന്ത്രികൻ ദുസ്വഭാവിയായാൽ കുടുംബം നശിക്കുമെന്ന വിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതാണ് പി. വി. തമ്പിയുടെ 'കൃഷ്ണപ്പരുന്ത്'. വിലക്ഷണമായ ആചാര വിശ്വാസങ്ങളിൽ സമൂഹത്തെ പ്രതിഷ്ഠിക്കാനുള്ള അബോധപരിശ്രമമായി ഇതിനെ വായിച്ചെടുക്കാം. പാരമ്പര്യത്തെ തകർത്തെറിയുന്നവർക്ക് ജീവിതം വെല്ലുവിളി നിറഞ്ഞതായിരിക്കും എന്ന മുന്നറിയിപ്പ് നൽകുന്ന കഥാപാത്രമാണ് 'കുമാരൻതമ്പി'. ഗരുഡപൂജ, മന്ത്രോച്ചാരണം, ഹോമകർമ്മം തുടങ്ങിയ മാന്ത്രിക പാരമ്പര്യരൂപത്തിലുള്ള അനുഷ്ഠാനങ്ങളുടെ ശക്തി തെളിയിക്കുന്നു. ദൃശ്യഭാഷയുടെ സവിശേഷാനുഭൂതി പകരുന്ന വർണ്ണനകൾ കൊണ്ട് നഷ്ടപ്പെട്ട ഭൂതകാല സംസ്കാരത്തിന്റെ വീണ്ടെടുപ്പ് ഓർമ്മിപ്പിക്കുന്നു. ജനപ്രിയമായ മിത്തുകൾ നോവലിനുവേണ്ടി സ്വീകരിക്കുന്നു. കേരളം പരശുരാമൻ സൃഷ്ടിച്ചതാണെന്ന മിത്ത് സ്വീകരിക്കുന്നുണ്ട്.

മാന്ത്രികരുടെ കാലം അവസാനിക്കാറായെന്നും ശാസ്ത്രവിധികളോടെ അനുഷ്ഠാനങ്ങൾ നടത്തുന്നതിന് ആൾക്കാർ കുറവാണെന്നുമുള്ള വസ്തുത നോവലിസ്റ്റ് തുറന്നു

പറയുന്നുണ്ട്. മന്ത്രതന്ത്രങ്ങളിൽ വിശ്വാസം നഷ്ടപ്പെടുന്ന ആധുനിക സമൂഹത്തെയാണ് ഇനി വരവേൽക്കേണ്ടതെന്ന സൂചനയുണ്ടിതിൽ. പണത്തിനു വേണ്ടി നടത്തുന്ന കർമ്മങ്ങൾക്ക് ഫലം ലഭിക്കില്ലെന്ന വിശ്വാസം മൂല്യങ്ങളിൽ വിശ്വസിക്കേണ്ടത് അനിവാര്യമാണെന്നോർമ്മപ്പെടുത്തലാണ്.

വിധിവിശ്വാസങ്ങളെ വളർത്താൻ പര്യാപ്തമാണ് മാന്ത്രികനോവൽ. കൃഷ്ണപരുന്ത്, ഏറ്റുമാനൂരിന്റെ ആകാശഗംഗ, ആയില്യംകാവ്, സുനിൽ പരമേശ്വരന്റെ അനന്തഭദ്രം, ക്രൂരർമഠം, എന്നീ നോവലുകൾ വിധിവിശ്വാസത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. ജനകീയ ശൈലികളും ചൊല്ലുകളും നാടൻ ഭാഷയിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്നത് മാന്ത്രികനോവലിന്റെ ലളിത ഘടനയുടെ ലക്ഷണങ്ങളാണ്. അനുഷ്ഠാനങ്ങളുടെ ബാഹ്യാവരണങ്ങളിലാണ് മാന്ത്രികനോവലുകളുടെ സവിശേഷശ്രദ്ധ പതിയുന്നത്.

### 6. 1. 10. പ്രസാധനം

'വേലൻ ചെടയൻ' എന്ന നോവലിന്റെ ആമുഖത്തിൽ മോഹനചന്ദ്രൻ പറയുന്നത് താനെഴുതുന്നത് പുസ്തകം വിൽക്കാനല്ല എന്നാണ്. നമുക്ക് ഒരുമിച്ച് വായിക്കാനാണത്രേ (1982:7). കച്ചവടത്തിന്റെ മനോഹരമായ തന്ത്രമാണ് നോവലിസ്റ്റ് ഇവിടെ പ്രയോഗിച്ചത്. "സൂര്യനസ്തമിക്കാത്ത സാംസ്കാരികസാമ്രാജ്യം കെട്ടിപ്പടുത്തത് കൊച്ചമനസ്സുകളല്ല, ഷേക്സ്പിയർ തൊട്ടിങ്ങോട്ട് വെയിൽസ് കോമ്മൻ ഡോയൽ വരെയുള്ള അപ്രതിമ പ്രതിഭകളാണ്. അവരുടെ കൃതികളിലെ ഫാന്റസിയുടെ അംശങ്ങളും ദുർമന്ത്രവാദിനികളും ഭീകരസത്യങ്ങളും വിചിത്രദ്വീപുകൾ, വികലസങ്കല്പങ്ങൾ, പ്രേതങ്ങൾ, ഡ്രാക്കുള, അദൃശ്യമനുഷ്യർ, നീണ്ടു നീണ്ടു പോകുന്ന നിരകൾ' തുടങ്ങിയവയും ഉൾക്കൊള്ളുന്ന മായാപ്രപഞ്ചം നമ്മുടെ കുട്ടികൾക്കു നിഷേധിക്കുന്നത് അന്യായമാണെന്ന നിരീക്ഷമാണദ്ദേഹത്തിനുള്ളത്. ഫാന്റസിയെ കൂട്ടുപിടിച്ചുകൊണ്ട് ഭാവനയുടെ ലോകത്തേക്ക് നമ്മുടെ കുട്ടികളെ കൈപിടിച്ചു കൊണ്ടുപോകണമെന്നാഗ്രഹിക്കുന്ന നോവലിസ്റ്റിൽനിന്നുമാണ് മന്ത്രവാദത്തിന്റെ വിസ്മയകഥകൾ കിട്ടിയിരിക്കുന്നത്.

ആഖ്യാനവൈവിധ്യത്താൽ ശ്രദ്ധേയമാണ് വേലൻ ചെടയൻ. 'ഓരോ അധ്യായത്തിനും വ്യത്യസ്ത പേരുകൾ-പ്രസിദ്ധകാവ്യങ്ങളിലെ ഉദ്ധരണികളിൽനിന്നും പുരാണങ്ങളിൽ നിന്നും നൽകി നോവലിലെ ജിജ്ഞാസയെ ഉണർത്തുന്നു. ദ്രാവിഡന്റെ മുന്നേറ്റവും ശക്തിയുമാണ് നോവലിന്റെ പ്രതിപാദ്യം. ബ്രാഹ്മണാധികാരത്തിൽ ജ്ഞാനാധികാരവും കീഴടക്കപ്പെട്ടപ്പോൾ സാധിച്ചു.

പ്രസാധനത്തിലെ ജനപ്രിയത നിലനിർത്തുവാൻ എഴുത്തുകാർ സ്വീകരിച്ച ഏകകമാണ് യക്ഷികൾ. ചരിത്രത്തിലും ഐതിഹ്യത്തിലും വായിച്ചറിഞ്ഞ, കേട്ടറിഞ്ഞ യക്ഷികൾ കഥാഘടനയെ നിർണ്ണയിക്കുന്ന സാഹിത്യരൂപമായി മാന്ത്രികനോവലിനെ കാണാം. ഭീകരരൂപിണിയും രക്തദാഹിയുമായ യക്ഷികഥകൾ ജനസാമാന്യത്തിന്റെ ഹൃദയത്തിൽ സ്ഥാനം പിടിച്ചവയാണ്. അതുകൊണ്ട് തന്നെ ഈ ജനകീയ കഥാതന്തുവിനെ തന്നെ എഴുത്തുകാർ കൂട്ടുപിടിക്കുന്നു.

വിപണികേന്ദ്രിതമായ ഒരു വായനാസംസ്കാരത്തിന്റെ ഭാഗമായാണ് മാന്ത്രിക നോവലുകൾ രംഗപ്രവേശം ചെയ്തത്. നിത്യജീവിതത്തിൽ സാക്ഷാത്ക്കരിക്കാൻ ആഗ്രഹിക്കുന്നവ, പൊതുജീവിതധാരണകളുടെ അടിസ്ഥാനത്തിൽ നോവലിൽ അതായി തന്നെ ചിത്രീകരിക്കുമ്പോൾ വായനക്കാരന് നോവൽ അനുഭവവുമായി താദാത്മ്യം പ്രാപിക്കാനാകുന്നു. ലൈംഗികതയും ജീവിതരതിയും ഇതിവൃത്തഘടനയിൽ നിരന്തരമായി കടന്നുവരുന്നുണ്ട്.ദ നിലവിലുള്ള വ്യവസ്ഥയിൽ നിന്നുമുള്ള ഒളിച്ചോട്ടമാണ് നോവൽ നടത്തുന്നത്. വായനക്കാർ ഇത്തരം അനുഭവത്തിലൂടെ പലായന സ്വഭാവമുള്ളവരായി തീരുന്നു.

ആഖ്യാതാവ് ദൂരെനിന്ന് കാര്യങ്ങൾ നോക്കികാണുന്ന രൂപത്തിലാണ് ആഖ്യാനനിർവ്വഹണം നടത്തിയിരിക്കുന്നത്. ചില സങ്കീർണ്ണ പ്രശ്ന പരിസരത്ത് ഇറങ്ങിവന്ന് നേരിട്ട് പ്രശ്ങ്ങളിൽ ഇടപെടുന്ന രീതിയും കാണാം. മുഖ്യകഥാഗതിയ്ക്ക് തടസ്സം സൃഷ്ടിക്കുന്നതുപോലെ സന്ദർഭങ്ങളിൽ നോവലിൽ ബോധപൂർവ്വം തിരുകി കയറ്റാറുണ്ട്.

ക്ഷേത്രഐതിഹ്യത്തെ സംബന്ധിച്ച കഥകൾ പറയേണ്ടിടത്ത് കൈയൊതുക്കമില്ലാതെ ക്ഷേത്രഐതിഹ്യങ്ങൾ പറഞ്ഞുപോകുന്ന ശീലം മിക്ക മാന്ത്രിക നോവലിലും കാണാം.

സാമാന്യജനതയുടെ സ്വീകാര്യതയ്ക്കുവേണ്ടി സമൂഹത്തിലെ താഴെത്തട്ടിൽ ഭരിക്കുന്ന വികാരങ്ങളെ നോവലിൽ ചൂഷണം ചെയ്യാനും നോവലിസ്റ്റുകൾ പരിശ്രമിക്കുന്നതു കാണാം. ചുരുക്കത്തിൽ സാമാന്യജനതയുടെ മന:ശാസ്ത്രത്തെ കൃത്യമായി നോവലിൽ പ്രായോഗിക്കുകയാണ് ചെയ്യുന്നത്. യുക്തി-അയുക്തി, നന്മ-തിന്മ, വിശ്വാസം-അവിശ്വാസം തുടങ്ങിയ ദ്വന്ദ്വങ്ങളിലാണ് മാന്ത്രികനോവൽ പ്രവർത്തിക്കുന്നത്.

സാധാരണക്കാരന്റെ സ്വപ്നാനുഭവങ്ങൾക്ക് ഭാവനയിലൂടെ ആഖ്യാനം നടത്താനാണ് നോവലിസ്റ്റുകൾ പരിശ്രമിക്കുന്നത്. സ്വപ്നത്തെ നോവലിൽ പലപ്പോഴും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. പി. വി. തമ്പിയുടെ പള്ളിവേട്ടയിൽ സ്വപ്നത്തെ വ്യാഖ്യാനിക്കുന്നുണ്ട്. ദുഃസ്വപ്നം കണ്ടാൽ വീണ്ടും കിടന്നുറങ്ങുകയോ സ്നാനം ചെയ്യുകയോ വേണമെന്ന് പ്രമാണമുണ്ട്. രാത്രിയിൽ ഒന്നാം യാമത്തിൽ കാണുന്ന സ്വപനത്തിന്റെ ഫലം ഒരു വർഷം കൊണ്ടും രണ്ടാം യാമത്തിൽ കാണുന്ന സ്വപ്നത്തിന്റെ ഫലം ആറുമാസം കൊണ്ടും അരുണോദയത്തിൽ കാണുന്ന സ്വപ്നങ്ങൾക്ക് മൂന്നു മാസം കൊണ്ടും അനുഭവമുണ്ടാകുമെന്ന് അഗ്നിപുരാണത്തെ ഉദ്ധരിച്ചുകൊണ്ട് പറയുന്നു. സ്വപ്നലോകത്തിലെ ഭ്രമാത്മക ജീവിതാവസ്ഥയെ പുണരാൻ വായനക്കാരെ പ്രേരിപ്പിക്കുന്നുണ്ട്. മനസ്സിന്റെ ഉപബോധതലത്തെ തൊട്ടുണർത്താനാണ് മാന്ത്രിക നോവലിസ്റ്റുകൾ പരിശ്രമിക്കുന്നത്. കഥയും ഉപകഥയും വർണ്ണനകളും സ്വപ്നദർശന സാഹചര്യമൊരുക്കുന്ന ഘടകങ്ങളാണ്.

മന്ത്രവും തന്ത്രവും പഴഞ്ചനാണെന്നും പറയുന്ന തലമുറയോടുള്ള യുക്തിസഹമായ ചില ചോദ്യങ്ങൾ നോവലിസ്റ്റ് ചോദിക്കുന്നുണ്ട്. ഭിഷഗ്വരന്മാരും വൈദ്യന്മാരും ഉണ്ടാകുന്നതിനുമുമ്പേ മന്ത്രവാദത്തിലൂടെ രോഗചികിത്സ നടത്തിയിരുന്നു. നേരിട്ടറിയുന്നവ

മാത്രം വിശ്വസിക്കുന്ന തലമുറയോട് വിദ്യുച്ഛക്തിയുടെ നിറമെന്തെന്ന് ആരെങ്കിലും കണ്ടിട്ടുണ്ടോ? എന്ന മറുചോദ്യം ചോദിക്കുവാൻ നോവലിസ്റ്റ് തയ്യാറാണ്. ജീവിതത്തിൽ ചിലത് അനുഭവിച്ച് മാത്രമേ അറിയാനാകൂ എന്ന നിലപാട് സ്വീകരിക്കാനാകുന്നു. ഹിപ്നോട്ടിസം, ടെലിപ്പതി എന്നീ വിദ്യകൾ ഉപയോഗിച്ച് മനസ്സിന്റെ നിഗൂഢതകൾ അറിയാനുള്ള ആധുനികവിദ്യകൾ നോവലിൽ പലപ്പോഴും സ്വീകരിക്കുന്നുണ്ട്. മന്ത്രവാദികൾ ഹിപ്നോട്ടിസവും ടെലിപ്പതിയും കൊണ്ടാണ് തട്ടിപ്പ് നടത്തുന്നതെന്ന് ഹാസ്യഭാവത്തോടെ ചിലയിടങ്ങളിൽ വ്യക്തമാക്കുന്നുണ്ട്.

### 6. 1. 11. മാന്ത്രികനോവലിന്റെ സാംസ്കാരികലക്ഷ്യം

മാന്ത്രികനോവൽ വായിക്കുന്ന ഒരു വായനക്കാരന്റെ മനസ്സിൽ സംഭവിക്കുന്നത് സാംസ്കാരികമായ വിമലീകരണമാണ്. ഭീതിജനകമായ വികാരവിചാരങ്ങളുമായി നിരന്തരം സംഘർഷത്തിലേർപ്പെടുന്ന മനസ്സിൽ വികാരപരമായ ഒരു പരിവർത്തനം സംക്രമിപ്പിക്കുന്നുണ്ട്. വൈകാരികമായ ഈ പരിവർത്തനത്തെ അരിസ്റ്റോട്ടിലിന്റെ പോയറ്റിക്സിൽ പറയുന്ന കഥാർസിസുമായി ബന്ധപ്പെടുത്താവുന്നതാണ്. ദുരന്തനാടകങ്ങളെകുറിച്ച് വിശകലനം ചെയ്യുന്ന അവസരത്തിൽ സഹൃദയരായ കാണികളുടെ മനസ്സിൽ സംഭവിക്കുന്നതെന്തെന്ന് അദ്ദേഹം വിശദീകരിക്കുന്നു. കഥാർസിസ് എന്ന പദത്തിന് മതപരമായ ഒർർത്ഥവും വൈദ്യശാസ്ത്രപരമായി മറ്റൊരർത്ഥവുമുണ്ട്. വൈദ്യശാസ്ത്രസംബന്ധിയായ അർത്ഥം ഭയവികാര വിവേചനം എന്നാണ്.

ദുരന്തനാടകങ്ങൾ ദർശിക്കുന്ന സഹൃദയമനസ്സുകളിൽ ഭയവിഹ്വലതകൾ ഒഴിഞ്ഞു പോകുകയും വിശുദ്ധവികാരങ്ങൾ അവിടം നിറയുകയും ചെയ്യുന്നു. എല്ലാതരത്തിലുള്ള കഥാസ്വാദനത്തിലും ഇത്തരത്തിലുള്ള മാനസിക ശുദ്ധീകരണം നടക്കുന്നതായി കാണാം. സമാനമായ ഒരു മാനസിക പ്രക്രിയയാണ് മാന്ത്രികനോവലുകൾ വായിക്കുന്ന സഹൃദയരിലുണ്ടാകുന്നത്. അത്തരം നോവൽ വായിക്കപ്പെടുമ്പോൾ സഹൃദയരുടെ മനസ്സിൽ നിന്ന് ഭയവിഹ്വലമായ വൈകാരികത മായുകയും ശുദ്ധവികാരങ്ങൾ വന്നു

നിറയുകയും ചെയ്യുന്നു. അങ്ങനെ വായനക്കാരന്റെ മനസ്സിൽ കഥാർസിസ് സംഭവിക്കുന്നു.

### 6. 2. സംഗ്രഹം

ജനകീയമനഃശാസ്ത്രത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള കാല്പനികസൃഷ്ടികളാണ് മാന്ത്രികനോവലുകൾ. വായനക്കാരന്റെ മനസ്സിൽ നന്മ-തിന്മകളെക്കുറിച്ച് ആത്യന്തികമായ സംഘർഷം രൂപീകരിച്ച് അവ അഴിച്ചെടുക്കുന്ന രീതിയാണ് നോവൽ ഘടന സാധ്യമാക്കിയത്. ജനകീയവിശ്വാസങ്ങളും ആചാരങ്ങളും പ്രബലമായി നോവലിൽ സ്വീകരിക്കുന്നു. ജനസാമാന്യത്തിന്റെ സർഗ്ഗ സൃഷ്ടിയായി മാന്ത്രികനോവലിനെ കാണാം. സാംസ്കാരികമായ കഥാർസിസ് സാധ്യമാക്കുന്ന ബൃഹദാഖ്യാനരൂപമായി മാന്ത്രിക നോവലിനെ വിലയിരുത്താവുന്നതാണ്. വിപണിയിൽ ശ്രദ്ധേയങ്ങളായ കുങ്കുമം, മനോരാജ്യം, വാരികകളിലാണ് മാന്ത്രിക നോവൽ ഏറെയും തുടർക്കഥകളായി പ്രസിദ്ധീകരിച്ചത്. നോവൽ തുടങ്ങുന്നതിനുമുമ്പ് ഓരോ ലക്കത്തിലും പ്രസ്തുത നോവലിനെക്കുറിച്ചുള്ള പരസ്യങ്ങൾ വാരികകളിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ജനപ്രീതി കണക്കിലെടുത്ത് അധ്യായങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ എഴുത്തുകാരെ നിർബന്ധിപ്പിക്കുന്നതിന്റെ ചരിത്രം കൂടി ഇതിൽ ഉണ്ട്. സംഭവങ്ങളിലേക്ക് നേരിട്ട് നടന്നുകയറുന്ന രീതിയാണുള്ളത്. സംഭവങ്ങളുടെ ചുരുളഴിയുന്ന രൂപത്തിൽ അധ്യായത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നു. വായനക്കാരന്റെ ജിജ്ഞാസയെ ത്വരിതമാക്കുന്ന ആഖ്യാനരീതിയാണ് പൊതുവെ സ്വീകരിക്കുന്നത്. സ്ഥിരരൂപികളായ കഥാപാത്രങ്ങൾ, സ്ഥലവർണ്ണനകൾ, സന്ദർഭങ്ങൾ എന്നിവ നോവലുകളിൽ ആവർത്തിച്ചുവരുന്നു. സ്ത്രീശരീരം ജനപ്രിയാഖ്യാനമാതൃകകളാകുന്നു.

ജനപ്രിയമാതൃകകൾ അതിന്റെ സംവേദനപരതകൊണ്ടാണ് ശ്രദ്ധിക്കപ്പെടുന്നത്. ജനങ്ങൾക്ക് സമൂഹം എന്താകണമോ അങ്ങനെയാണവിടെ ചിത്രീകരിക്കപ്പെടുന്നത്. അക്രമത്തിന്റെയും ലൈംഗിക വൈകൃതങ്ങളുടെയും സ്ത്രീവിരുദ്ധതയുടെയും സമാന്ത-

രധാരകൾ നോവലിൽ പ്രത്യക്ഷപ്പെടുന്നു. വായനക്കാരന്റെ ജനാധിപത്യസ്വരമിവിടെ കേൾക്കാം. എഴുത്തിന്റെ രാഷ്ട്രീയം തീരുമാനിക്കുന്നത് വായനക്കാരാണ്. വായനക്കാരന്റെ പ്രതീക്ഷയ്ക്കൊത്തുയരാൻ എഴുത്തുകാരൻ പ്രേരിതനാകുന്നു. ആഖ്യാനത്തിലെ തിരിവുകളും മറവുകളും വരെ അനുവാചകരുടെ പ്രതീക്ഷാചക്രവാളത്തിനുള്ളിൽ നിന്നേ ഉണ്ടാകാവൂ.

# ഉപസംഹാരം

കേരളീയമായ മന്ത്രവാദസങ്കല്പങ്ങളെ കേന്ദ്രസ്ഥാനത്തുനിർത്തി, ജനപ്രിയരചനാമൂലകങ്ങളുടെ സഹായത്തോടെ, നാടോടിക്കഥകളുടെ ഘടനയിൽ, ഭ്രമാത്മകമായ അന്തരീക്ഷത്തിൽ തയ്യാറാക്കുന്ന സർഗാത്മകാഖ്യാനങ്ങളാണ് മാന്ത്രികനോവലുകൾ. വിപണിയാണ് അതിന്റെ ഘടനയും സൗന്ദര്യാത്മകതയും നിർണയിക്കുന്നത്. കേരളീയപൊതുമണ്ഡലത്തിന്റെ അബോധവാഞ്ഛകൾ പ്രകടിപ്പിക്കുന്ന മന്ത്രവാദനോവൽ ഈ ദേശത്തിന്റെ സാംസ്കാരികബഹുലതയെ അടയാളപ്പെടുത്തുകകൂടി ചെയ്യുന്നു. ജനസാമാന്യത്തെ ആകർഷിക്കും വിധമുള്ള പ്രമേയസ്വീകാരം, കഥാപാത്രചിത്രീകരണം, ഇതിവൃത്തപരിചരണം, പ്രകൃതിപശ്ചാത്തലവർണ്ണനകൾ, ഭീതിജനകമായ മന്ത്രവാദാന്തരീക്ഷം തുടങ്ങിയ ഘടകങ്ങളുടെ സാന്നിധ്യംകൊണ്ട് ശ്രദ്ധേയമാണ് ഈ നോവൽ-വിഭാഗം. മന്ത്രങ്ങളും ആഭിചാരകർമ്മങ്ങളും ക്ഷുദ്രവിദ്യകളുംകൊണ്ട് സമ്പന്നമായ ഇത്തരം നോവലുകൾ മന്ത്രവാദവിഷയത്തിൽ അഥർവ്വവേദത്തെയാണ് മാതൃകയാക്കുന്നത്. സാമൂഹ്യഘടനയിൽ പാരമ്പര്യം, തറവാടിത്തം, സവർണ്ണത എന്നിവയെ ബോധപൂർവമല്ലാതെയെങ്കിലും പിന്തുടരുവാൻ ഈ നോവലുകൾ ശ്രമിക്കുന്നു.

ഭീതിജനകകഥകൾ, കുറ്റാന്വേഷണകഥകൾ, അപസർപ്പകകഥകൾ എന്നിവയിൽനിന്ന് ഊർജം ഉൾക്കൊണ്ട് 1970 കളുടെ മധ്യകാലത്ത് ഉരുവംകൊണ്ട ജനപ്രിയരചനകളാണ് മന്ത്രവാദനോവലുകൾ. നഷ്ടപ്പെടൽ/അഭാവം (ഇല്ലായ്മ, കുറവ്), അന്വേഷണം/വിഭവസമാഹരണം, പ്രതികാരം, വളർച്ച, നന്മതിന്മകളുടെ സംഘട്ടനം അഭാവപരിഹാരം തുടങ്ങിയവ മാന്ത്രികനോവലുകളിൽ പൊതുവായി ദർശിക്കാവുന്ന ഘടകങ്ങളാണ്. രചനാസാമഗ്രികൾക്കായും ഇതിവൃത്തവ്യവസ്ഥീകരണത്തിനായും ഈ കൃതികൾ കേരളസംസ്കൃതിയുടെ പാരമ്പര്യാംശങ്ങളെയും നാട്ടറിവുകളെയും ആശ്രയിക്കുന്നു. പാരമ്പര്യവും അതിനുള്ളിലെ നാട്ടറിവുകളുമാണ് മാന്ത്രികനോവലുകളുടെ ഉത്ഭവബിന്ദുവെന്നു പറയാം. ആധുനികതയുടെ ചരിത്രസന്ദർഭം ഇത്തരമൊരു ജനപ്രിയവിച്ഛേദത്തിന് അനുകൂലമായിത്തീരുകയും ചെയ്തു. ഭ്രമാത്മകഭാവനയുടെയും ബൗദ്ധികഭാവനയു-

ടെയും സർഗാത്മകവിനിയോഗത്തിലൂടെ മാന്ത്രികനോവലുകളെ പൂർവമാതൃകകളില്ലാത്ത ആഖ്യാനരൂപങ്ങളാക്കി മാറ്റാൻ എഴുത്തുകാർക്കു സാധിച്ചു. ഈ ഭാവനാമണ്ഡലത്തിൽ-നിന്നു വിളഞ്ഞു വികസിക്കുന്ന സ്വകീയമായൊരു ഭാഷാലോകവും മാന്ത്രികനോവലു-കൾക്കുണ്ട്. ഭാവുകത്വപരമായി ആധുനികതാവാദത്തിന്റെ ദാർശനികവും ധ്വനിപ്രധാന-വും ഗഹനവുമായ സാഹിത്യദർശനത്തോടുള്ള അപ്രഖ്യാപിതകലഹമായിരുന്നു അവ നടത്തിയത്. എന്നാൽ അയുക്തികതയിലും ആസൂത്രണപടുതയിലും മാന്ത്രികനോവലു-കൾ അതിനോടു ചേർന്നുനില്ക്കുകയും ചെയ്തു. ഉപരിസമൂഹങ്ങളുടെ കഥകളാണ് അവ അധികവും പരിചയപ്പെടുത്തിയത്. ഭ്രഷ്ടരുടെ ചരിത്രവും രാഷ്ട്രീയവും ആനുഷംഗികമായി ചർച്ചചെയ്യുന്ന രചനകൾപോലും ഫ്യൂഡൽ ഗൃഹാതുരതയുടെ വാഴ്ത്തുപാട്ടായി വായനക്കാർ-ക്ക് അനുഭവപ്പെടുന്നു. ലൈംഗികത, വിനോദപരത, ഉത്സവാത്മകത തുടങ്ങിയ ജനപ്രി-യാംശങ്ങളെ മാന്ത്രികനോവലുകൾ സമൃദ്ധമായി ഉപയോഗിക്കുന്നുണ്ട്.

വൈവിധ്യമുള്ള നോവൽവിഭാഗങ്ങൾക്കിടയിൽ അടയാളപ്പെടുത്താതെ പോയ മാന്ത്രികനോവലിന്റെ ചരിത്രം മലയാളിയുടെ ലോകവീക്ഷണത്തിന്റെ രേഖകൂടിയാണ്. 1980-കളിൽ തുടങ്ങിയ മാന്ത്രികനോവലിന്റെ ജനപ്രിയതരംഗം 2000-ത്തോടെ കുറയു-ന്നതു കാണാം. മലയാളത്തിലെ ആദ്യത്തെ മാന്ത്രികനോവൽ മോഹനചന്ദ്രന്റെ *കലിക*-യാണ്. ഭൂതകാലത്തെ വർത്തമാനകാലാനുഭവത്തിലേക്ക് ഉയർത്തിക്കൊണ്ടുവരാനുള്ള ശ്രമമാണ് *കലിക*യിൽ നടന്നത്. പിൽകാലത്തു വന്ന മാന്ത്രികനോവലുകൾ വർത്തമാ-നകാലത്തെ ഭൂതകാലത്തിലേക്കിറക്കിക്കൊണ്ടു പോകാനാണ് പരിശ്രമിച്ചത്. പി. വി. തമ്പി, പി. ജി. തമ്പി, എറ്റുമാനൂർ ശിവകുമാർ, കോട്ടയം പുഷ്പനാഥ്, സുനിൽ പരമേശ്വ-രൻ എന്നിവർ ഈ രംഗത്ത് ശ്രദ്ധേയരായ എഴുത്തുകാരാണ്. ഘടനാപരമായി ഏകതാ-നതയുണ്ടെങ്കിലും ആഖ്യാനത്തിൽ വൈവിധ്യം കാത്തു സൂക്ഷിക്കുവാൻ ഈ നോവലി-സ്റ്റുകൾക്ക് സാധിച്ചിട്ടുണ്ട്. ദാർശനികഭാരമില്ലാതെയും ഭാഷാപരമായ ദുർഗ്രഹതയില്ലാ-തെയും എന്നാൽ ഉദ്വേഗവും ആകാംക്ഷയും നഷ്ടപ്പെടാതെയുമുള്ള അവതരണം പരശ്ശതം വായനക്കാരെ മാന്ത്രികനോവലിന്റെ അനുയാത്രികരാക്കി മാറ്റി.

നാടോടിക്കഥകളുടെ ആഖ്യാനതന്ത്രങ്ങൾ സ്വീകരിച്ചുകൊണ്ട് കാല്പനികവും ഭ്രമാത്മകവുമായ ഭാവനാലോകങ്ങളെ ആവിഷ്കരിക്കാൻ മാന്ത്രികനോവലിസ്റ്റുകൾ ശ്രമിക്കുന്നു. മോഹനചന്ദ്രൻ, പി. വി. തമ്പി എന്നിവർ മാന്ത്രികനോവലുകളിലെ ഭാവനാ-ഭാഷാവ്യവസ്ഥകളുടെ അടിത്തറ ഉറപ്പിച്ചവരാണ്. കലിക, വേലൻ ചെടയൻ, കൃഷ്ണപ്പരുന്ത്, പള്ളിവേട്ട എന്നീ രചനകൾ അതിനുള്ള സാക്ഷ്യങ്ങളാണ്.

ഭാവുകത്വപരമായി ലളിതവൽക്കരണം നടത്തിയിട്ടുള്ളവയാണ് മാന്ത്രികനോവലുകൾ. തികച്ചും കാല്പനികമായ ഭാവനയെ മൂർത്തമാക്കുന്ന ഭാഷയാണിവിടെ സ്വീകരിച്ചിട്ടുള്ളത്. ഒരുതരം മണിപ്രവാള ഭാഷയാണിവിടെ എഴുത്തുകാർ സ്വീകരിച്ചിട്ടുള്ളത്. കൃത്രിമമായ ഭാഷകൊണ്ട് നിറം പിടിപ്പിച്ച അനുഭവലോകം വായനക്കാർക്കു സമ്മാനിക്കുന്നുണ്ട്.

മനുഷ്യാനുഭവത്തിനപ്പുറത്തുള്ള വിഭവാത്മകമായ ലോകം നോവലിനകത്തേക്ക് കൊണ്ടുവന്ന് വായനക്കാരന്റെ സ്വപ്നസഞ്ചാരം ത്വരിതപ്പെടുത്താൻ പരിശ്രമിക്കുന്നവയാണ് മാന്ത്രികനോവലുകൾ.

മാന്ത്രികനോവലിലെ സമൂഹവും ചരിത്രവും രാഷ്ട്രീയവും വിശകലനവിധേയമാക്കുന്നതാണ് നാലാമധ്യായം. വ്യക്തിയുടെ സവിശേഷ കൂട്ടായ്മയായ സമൂഹം വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളാൽ ക്രമീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെയും ഘടനകളുടെയും സംഘാതമാണ്. ഒരു സമൂഹത്തിനകത്തു തന്നെ വ്യത്യസ്തസ്വഭാവത്തോടുകൂടിയതും, വിരുദ്ധവുമായ ഒരുപാട് കൂട്ടായ്മകളുണ്ടാകും. ജാതി, മതം എന്നിങ്ങനെയുള്ള വർഗ്ഗങ്ങൾ ഇതിലുൾപ്പെടുന്നതാണ്. ഒരു സമൂഹത്തിന്റെ ഭാവുകത്വപരിസരത്തിലൂടെയാണ് വരേണ്യ വർഗ്ഗം പ്രത്യയശാസ്ത്രത്തെ പ്രചരിപ്പിക്കുന്നത്. മാന്ത്രികനോവൽ കേരളീയ സമൂഹത്തെയും ഭാവുകത്വത്തെയും വരേണ്യ മേലാളസംസ്കൃതിയെയും അടയാളപ്പെടുത്തുന്നതാണ്. അധികാരത്തിന്റെ മേൽകീഴ് വ്യവസ്ഥിതിയുടെ സാമൂഹ്യക്രമത്തെ നോവൽ സാധൂകരിക്കുന്നുണ്ട്. ബ്രാഹ്മണ്യത്തിന്റെ സവർണ്ണമുദ്രകളുടെ അടയാളപ്പെടുത്തലുണ്ട് നോവലിൽ.

സഫലീകൃതമാകാത്ത ജീവിതകാമനകളുടെ ചിത്രീകരണമുണ്ട് നോവലിൽ. ഭീകരതയും ഭയവും അധികാരം നിലനിർത്തുന്നതിനുള്ള ഉപാധിയായി സ്വീകരിച്ചിരുന്ന രാഷ്ട്രീയതന്ത്രം തന്നെയാണ് മാന്ത്രികനോവലിൽ പരീക്ഷിക്കുന്നത്. കപടസദാചാരവും ആചാരാനുഷ്ഠാനബന്ധിതമായ ജീവിത ക്രമവുമാണ് നോവലിലുള്ളത്. അയഞ്ഞ ലളിതമായ ആഖ്യാനരീതി കൊണ്ട് ഏതുതരം വായനക്കാരെയും ആകർഷിക്കുവാൻ സാധിക്കുന്നു. മുൻനിശ്ചയപ്രകാരമുള്ള സംഭവപരമ്പരകളിലൂടെയാണ് നോവൽ വികസിക്കുന്നത്.

കേരളത്തിലെ മന്ത്രവാദപാരമ്പര്യങ്ങളുടെയും നാട്ടറിവുവഴക്കങ്ങളുടെയും ശക്തമായ സ്വാധീനം മാന്ത്രികനോവലുകളിൽ പ്രകടമാണ്. നോവലുകളുടെ പ്രമേയ-പ്രതിപാദനതലങ്ങളിൽ ഐതിഹ്യം, പുരാവൃത്തം, നാട്ടുവിശ്വാസങ്ങൾ, അനുഷ്ഠാനപദ്ധതികൾ തുടങ്ങിയ ഘടകങ്ങളുടെ പ്രത്യക്ഷസാന്നിധ്യം കാണാം. കഥകളും ഉപകഥകളും പ്രാദേശികചരിത്രവും മാന്ത്രിക-താന്ത്രികാനുഷ്ഠാനങ്ങളും നോലിനകത്തേയ്ക്കു പ്രവേശിച്ച് പുതിയ ആഖ്യാനശില്പം എഴുത്തുകാർ സൃഷ്ടിക്കുന്നു. പഠനവിധേയമായ പത്തു നോവലുകളും അതിന്റെ നേർസാക്ഷ്യങ്ങളാണ്.

മോഹനചന്ദ്രന്റെ *വേലൻ ചെടയൻ* എന്ന മാന്ത്രികനോവൽ പുലയഗോത്രവീര്യത്തിന്റെ മഹത്വം എടുത്തുപറയുന്നു. അറിവും പ്രയോഗവും അടിസ്ഥാനവിഭാഗക്കാരിൽ നിന്ന് ബ്രാഹ്മണർ കൈവശപ്പെടുത്തുന്ന അധികാരബലതന്ത്രങ്ങളും ആ നോവലിൽ വായിക്കാം. സന്മന്ത്രവാദം സവർണവും ദുർമ്മന്ത്രവാദം അവർണവുമായാണ് നോവലിൽ കടന്നുവരുന്നത്. സവർണമായതെല്ലാം മഹത്വമുള്ളവയാണെന്നും, അവർണമായവ വിലകുറഞ്ഞവയാണെന്നുമുള്ള പൊതുബോധം അവിടെ ഉത്പന്നമാകുന്നുണ്ട്. ചാതുർവർണ്യ വ്യവസ്ഥ നിലനിന്നിരുന്ന ഭൂതകാലകേരളീയസാമൂഹികജീവിതത്തോടുള്ള വൈകാരികമമത *കലിക*യിലും *കൃഷ്ണപ്പരുന്തി*ലും പ്രകടമാണ്.

ജനസാമാന്യത്തിന്റെ വൈകാരികജീവിതപ്പകർപ്പായി നോവലിനെ ജനപ്രിയ എഴുത്തുകാർ കണ്ടു. ജനതയുടെ നിഗൂഢമായ വിശ്വാസങ്ങൾക്കും ആശയാഭിലാഷങ്ങൾ-

ക്കും മാന്ത്രികനോവലുകൾക്കകത്ത് അവർ സ്ഥാനം കൊടുത്തു. ലൈംഗികതയെക്കുറിച്ചു-ള്ള നിറംപിടിച്ച കഥകൾ, യക്ഷി-ഗന്ധർവ്വസങ്കല്പങ്ങൾ, പ്രേതസങ്കല്പങ്ങൾ, മാന്ത്രികവി-ശ്വാസങ്ങൾ എന്നിവയെ നാടകീയമായും കലാത്മകമായും അവതരിപ്പിക്കുന്നതിൽ മാ-ന്ത്രികനോവലിസ്റ്റുകൾ ശ്രദ്ധിച്ചു. വിപണികേന്ദ്രിതമായി ഒരു വായനാസംസ്കാരത്തിന് രൂപം നല്കുവാനും അവർക്കു സാധിച്ചു. സാധാരണരായ വായനക്കാരുടെ അഭിരുചികളെ സൃഷ്ടിക്കുകയും തൃപ്തിപ്പെടുത്തുകയും ചെയ്യുകയാണ് മാന്ത്രികനോവലുകൾ ചെയ്തത്. അങ്ങനെ ബൗദ്ധികവും ദാർശനികവുമായ വായനയ്ക്കു സമാന്തരമായി ഒരു ആസ്വാദകവൃ-ന്ദത്തെയും കലാപരതയെയും സൃഷ്ടിക്കുന്നതിൽ മാന്ത്രികനോവലിസ്റ്റുകൾ വിജയിച്ചു.

മലയാളത്തിലെ മാന്ത്രികനോവലുകളുടെ സാംസ്കാരികവിശകലനത്തിലൂടെ ഉരുത്തിരിഞ്ഞ കണ്ടെത്തലുകൾ താഴെ കാണും വിധം ക്രോഡീകരിക്കാം.

1. സവർണ്ണജീവിതകാമനകളുടെ ഗുപ്തലോകങ്ങളെ അടയാളപ്പെടുത്തുന്നവയാണ് മാന്ത്രികനോവലുകൾ. കേരളത്തിന്റെ സവിശേഷമായ സാമൂഹികബോധവും വിശ്വാസ-കേന്ദ്രിതമായ ജീവിതപരിസരവും ഇടകലരുന്ന ഭൂമികയാണ് മാന്ത്രികനോവലിന്റേത്.

2. മലയാളിയുടെ സാഹിത്യചരിത്രരചനാരീതിശാസ്ത്രങ്ങളുടെ വരേണ്യപക്ഷപാതം മാന്ത്രികനോവലുകളെ ദത്തശേഖരണം പോലും നടക്കാത്ത തിരസ്കൃതാഖ്യാനങ്ങളുടെ കൂ-ട്ടത്തിൽ ഉപേക്ഷിച്ചു.

3. നാട്ടറിവുകളുടെ ക്രിയാംശങ്ങളെ പ്രമേയ-പ്രതിപാദനമണ്ഡലങ്ങളിലേയ്ക്കു വിള-ക്കിച്ചേർത്ത് കൃതിയെ വായനക്കാർക്കുമുമ്പിൽ അതിപരിചിതവത്കരിക്കാൻ എഴുത്തു-കാർക്കു കഴിയുന്നു. ആധുനികതാവാദരചനകൾ വായനക്കാരെ പ്രമേയത്തിൽനിന്നു വി-ച്ഛേദിപ്പിക്കുന്ന തന്ത്രം സ്വീകരിച്ചിരുന്നുവെന്ന കാര്യം ഇവിടെ ഓർക്കാം.

4. എഴുത്തുകാരന്റെ ഭ്രമാത്മകവും ബൗദ്ധികവുമായ ഭാവനകളെ നിയന്ത്രിക്കുന്ന നവഫലോത്പാദകഭാവന(Effectuative Imagination)യുടെ നിതാന്തസാന്നിധ്യം എല്ലാം

നോവലുകളിലും കാണാം. അനന്തഭദ്രം പോലെയുള്ള മാന്ത്രിനോവലുകളിലെ വിചിത്ര-സ്വഭാവികളായ മനുഷ്യരെ വിഭാവനം ചെയ്യാനും പുതുമയുള്ള കഥാസന്ദർഭങ്ങളൊരുക്കാനും എഴുത്തുകാരനെ പ്രാപ്തനാക്കുന്നത് ഈ ഭാവനയാണ്.

5. യുക്തിയും അയുക്തിയും തമ്മിലുള്ളതും നന്മയും തിന്മയും തമ്മിലുള്ളതുമായ സംഘർഷം അവതരിപ്പിക്കുന്നതിന് മാന്ത്രികനോവലുകൾ സംസ്കൃതവും മലയാളവും തമിഴും കലർന്ന കൃത്രിമമായ ഒരു ഭാഷ ഉത്പാദിപ്പിക്കുന്നു. ലാളിത്യമുള്ളതും വികാരപരവും അലങ്കാരശബളവുമായ ഭാഷയാണത്.

6. കാമം, ലൈംഗികത, ശരീരം തുടങ്ങിയവയെക്കുറിച്ച് ജനപ്രിയകഥനങ്ങൾ ഉരുവപ്പെടുത്തിയ പാഠരൂപങ്ങളെ അതേപടി പിന്തുടരുകയാണ് മാന്ത്രികനോവലുകൾ.

7. ഭ്രഷ്ടചേതനയുടെ പക്ഷത്തു നില്ക്കുവെന്ന പ്രതീതി മാന്ത്രികനോവലുകൾ നല്കുന്നുണ്ട്. എന്നാൽ അവ ഫ്യൂഡൽ ഗൃഹാതുരതയുടെ ആശയാവലികളെ ഉള്ളിൽ പേറുന്നു. ദളിത് ജനതയും സ്ത്രീയും ഒരർഥത്തിലും ഇവിടെ മുന്നണിയിൽ നിലയുറപ്പിക്കുന്നില്ല.

8. സവർണമേല്ക്കോയ്മയെ പ്രതിരോധമില്ലാതെ ഏറ്റുവാങ്ങുന്ന ദളിതനും ആണധികാരവ്യവസ്ഥയെ സ്വമനസാ ഉൾക്കൊള്ളുന്ന പരമ്പരാഗതസ്ത്രീയും മാന്ത്രികനോവലുകളിലെ നിത്യസാന്നിധ്യമാണ്.

9. മാന്ത്രികനോവലുകളുടെ രചനയെ സർവഥാ നിയന്ത്രിക്കുന്നത് കമ്പോളയുക്തികളാണ്. ഇരുപതാം ശതകത്തിലെ അവസാനത്തെ രണ്ടു ദശകങ്ങൾ അഭിദർശിച്ച പൊതുജനാഭിരുചികളെ സൃഷ്ടിക്കുന്നതിൽ മാന്ത്രികനോവലുകളും നിർണായകപങ്കു വഹിച്ചിട്ടുണ്ട്.

10. ഘടനാപരമായി ഏകതാനസ്വഭാവമാണ് മാന്ത്രികനോവലുകൾക്കുള്ളതെങ്കിലും ആഖ്യാനപരമായി വൈവിധ്യമുള്ളവയാണ് അവ.

11. മോഹനചന്ദ്രൻ, പി. വി. തമ്പി എന്നിവരുടെ നോവലുകൾ പരമ്പരാഗതവും യാഥാസ്ഥിതികവുമായ മന്ത്രതന്ത്രവിദ്യകളുടെ ചേരുവകൾ ഉപയോഗിച്ച് രചിച്ചവയാണ്. അവ ഈ നോവലുകളുടെ ചരിത്രത്തിലെ ആദ്യഘട്ടത്തിന്റെ ഉത്പന്നങ്ങളാണ്.

12. ഏറ്റുമാനൂർ ശിവകുമാർ, കോട്ടയം പുഷ്പനാഥ് എന്നിവരുടെ നോവലുകൾ ഈ ജനുസ്സിന്റെ പരിണാമഘട്ടത്തിലെ സൃഷ്ടികളാണ്.

13. സുനിൽ പരമേശ്വരന്റെ മാന്ത്രികനോവലുകൾ സിനിമയുടെ വ്യാകരണനിയമങ്ങളോട് അടുത്തുനില്ക്കുന്നു.

14. ജനപ്രിയനോവലുകളുടെ ഗണത്തിൽ ഇന്ന് പ്രചാരം കുറഞ്ഞ്, പുതിയ രചനാസങ്കേതങ്ങളിലേയ്ക്കു പരിണമിച്ച ഇനമാണ് മാന്ത്രികനോവലുകൾ.

15. മാന്ത്രികനോവലിന്റെ ചരിത്രം മലയാളമനോരമ, മംഗളം, കുങ്കുമം, മനോരാജ്യം, മാമാങ്കം, സുനന്ദ തുടങ്ങിയ ജനപ്രിയവാരികകളുടെ സമാന്തരചരിത്രം കൂടിയാണ്.

# ഗ്രന്ഥസൂചി

**മലയാളം പുസ്തകങ്ങൾ**


അച്യുതൻ, എം. 1983. *നോവൽ പ്രശ്നങ്ങളും പഠനങ്ങളും*. കോട്ടയം: നാഷണൽ ബുക് സ്റ്റാൾ.

അച്യുതമേനോൻ, ചേലനാട്ട്. 2015. *കേരളത്തിലെ കാളീസേവ*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

അനിതകുമാരി, ടി. 2008. *ഭ്രമാത്മകതയുടെ വസന്തങ്ങൾ*. തിരുവനന്തപുരം: കേരള സ്റ്റേറ്റ് ബുക്ക്മാർക്ക്.

അപ്പൻ, കെ. പി. 1992. *മലയാളഭാവന മൂല്യങ്ങളും സംഘർഷങ്ങളും*. കോട്ടയം: ഡി. സി. ബുക്സ്.

...................... 1998. *മാറുന്ന മലയാള നോവൽ*. കൊല്ലം: ഇംപ്രിന്റ് ബുക്സ്.

ആൻസി സെബാസ്റ്റ്യൻ. 2013. *പാരമ്പര്യവും ആഖ്യാനവും സമകാലികകഥയിലെ ലാവ ണ്യാനുഭവം*. കണ്ണൂർ: കൈരളി ബുക്സ്.

ഉണ്ണികൃഷ്ണൻ, ഇ. (എഡി.). 2004. *നാട്ടറിവുകൾ കാട്ടറിവുകൾ*. കോട്ടയം: ഡി. സി. ബുക്സ്.

ഓർഹാൻ പാമുക്. 2013. *നോവലിസ്റ്റിന്റെ കല*. കോട്ടയം: ഡി.സി. ബുക്സ്.

കുമാരൻ വയലേരി. 2010. *ഭാഷയും സമൂഹവും*. കണ്ണൂർ: പുസ്തകഭവൻ.

കുമാർ, ജെ. ഷിജു, കെ. (എഡി.). 2018. *ആധുനികാനന്തരമലയാളനോവൽ*. തിരുവനന്തപുരം: മാളുബൻ പബ്ളിക്കേഷൻസ്.

കേരളവർമ്മ, സി. ആർ. 2006. *മതവും മന്ത്രവാദവും*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

കൊച്ച്, കെ. കെ. 2019. *കേരളചരിത്രവും സമൂഹരൂപീകരണവും*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

കോശി, കെ. എം. 2001. *സാഹിത്യവിജ്ഞാനപ്രവേശിക*. കോട്ടയം: ഡി. സി. ബുക്സ്.

ഗണേശ്, കെ. എൻ. 2002. *കേരളസമൂഹപഠനങ്ങൾ*. പത്തനംതിട്ട: പ്രസക്തി ബുക്ഹൗസ്.

...................... 2018. *മലയാളിയുടെ ദേശകാലങ്ങൾ*. കോഴിക്കോട്: റാസ്ബറി ബുക്സ്.

ഗംഗാധരൻ, എം. 2012. *ഉണർവിന്റെ ലഹരിയിലേക്ക്*. കോട്ടയം: ഡി. സി. ബുക്സ്.

ഗിരീഷ്, പി. എം. 2001. *അധികാരവും ഭാഷയും*. കോഴിക്കോട്: പാപ്പിയോൺ.

ഗോവിന്ദൻനമ്പൂതിരി, വാരണക്കോട്ട്. 2013. *കേരളീയവൈദികപാരമ്പര്യം*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ചന്ദ്രശേഖരൻ, എം. ആർ. 2007. *മലയാളനോവൽ ഇന്നും ഇന്നലെയും*. കണ്ണൂർ: സമയം പബ്ളിക്കേഷൻസ്.

ജയചന്ദ്രൻ, ടി. എൻ. (ചീഫ് എഡി.). 1998. *അഖിലവിജ്ഞാനകോശം വാല്യം 4*. കോട്ടയം: ഡി. സി. ബുക്സ്.

ജിതേഷ്, ടി. 2017. *ആഖ്യാനശാസ്ത്രം*. കോഴിക്കോട്: ഒലിവ് പബ്ളിക്കേഷൻസ്. കോഴിക്കോട്.

ജോർജ്ജ് ഇരുമ്പയം. 1997. *മലയാളനോവൽ 19-ാം നൂറ്റാണ്ടിൽ*. തിരുവനന്തപുരം: കേരള സാംസ്കാരിക വകുപ്പ്.

ജോർജ്ജ്, കെ. എം. 2009. *ആധുനികമലയാളസാഹിത്യചരിത്രം പ്രസ്ഥാനങ്ങളിലൂടെ*. കോട്ടയം: ഡി. സി. ബുക്സ്.

ജോർജ്ജ്, സി. ജെ. 1996. *വാക്കിന്റെ സാമൂഹ്യശാസ്ത്രം*. തൃശ്ശൂർ: കറന്റ് ബുക്സ്.

...................... (എഡി.). 1996. *ആധുനികാനന്തരസാഹിത്യസമീപനങ്ങൾ*, തൃശ്ശൂർ: ബുക്ക്‌വേം.

ജോസഫ്, വി. കെ. 2013. *കാഴ്ചയുടെ സംസ്കാരവും പൊതുബോധനിർമ്മിതിയും*. കോട്ടയം: സാഹിത്യപ്രവർത്തകസഹകരണസംഘം.

തമ്പാൻ, എം. ആർ. (ജന. എഡി.). 1988. *താരതമ്യസാഹിത്യപീഠിക*. തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

തമ്പി, പി. വി. 1991. *പള്ളിവേട്ട*. കോട്ടയം: ഡി. സി. ബുക്സ്.

.......................... 2010. *കൃഷ്ണപ്പരുന്ത്*. കോഴിക്കോട്: ഡി. സി. ബുക്സ്.

തരകൻ, കെ. എം. 1978. *മലയാളനോവൽസാഹിത്യചരിത്രം*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

...................... *ആധുനികനോവൽദർശനം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

തോമസ്, ഉമ്പമൺ. 1983. *മലയാളനോവലിന്റെ വേരുകൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

ദിലീപ്കുമാർ, കെ. വി. 2000. *സാമൂഹികശാസ്ത്രദർശനം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ദിലീപ് രാജ്. 2000. *നവചരിത്രവാദം.* കോട്ടയം: ഡി. സി. ബുക്സ്.

നരേന്ദ്രൻ, കെ. എം. 2002. *സംവാദം.* തൃശ്ശൂർ: മലയാളപഠനഗവേഷണകേന്ദ്രം.

നാരായണൻ, കാട്ടുമാടം. 2002. *മന്ത്രവാദവും മനശ്ശാസ്ത്രവും.* കോട്ടയം: ഡി. സി. ബുക്സ്.

....................... 2006. *മന്ത്രപൈതൃകം.* കോട്ടയം: ഡി. സി. ബുക്സ്.

....................... 2013. *മന്ത്രവാദം കേരളത്തിൽ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

നാരായണപിള്ള, എം. പി. 2002. *വായനക്കാരെ പൂവിട്ടു തൊഴണം.* കോട്ടയം: ഡി. സി. ബുക്സ്.

പണിക്കർ, ജി. എൻ. 1990. *നോവൽ നമ്മുടെയും അവരുടെയും.* കോട്ടയം: എൻ. ബി. എസ്.

പത്മകുമാരി, ജെ. 1974. *നീലികഥ സമ്പാദനവും പഠനവും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പരമേശ്വരൻപിള്ള, എരുമേലി. 1998. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ.* കോട്ടയം: കറന്റ് ബുക്സ്.

പള്ളത്ത്, ജെ. ജെ. 1998. *സാംസ്കാരികവിശകലനത്തിന് ഒരു രീതിശാസ്ത്രം.* കണ്ണൂർ: അക്ഷരസംസ്കൃതി.

....................... 2017. *നാട്ടറിവ് ഒരു സമ്പൂർണ്ണപഠനവും രീതിശാസ്ത്രവും.* കോഴിക്കോട്: ഒലിവ് പബ്ളിക്കേഷൻസ്.

പിള്ള, ജി. എൻ. 1993. *കാളിയുടെ നാവ്.* കോഴിക്കോട് : ബോധി ബുക്സ്.

പുഷ്പനാഥ്, കോട്ടയം. 2010. *ദേവഗന്ധർവ്വൻ*, കോഴിക്കോട്: ഓറിയന്റ് ബുക്സ്.

........................... 2010. ദേവദൂതിക. കോഴിക്കോട്: ഓറിയന്റ് ബുക്സ്.

പൊറ്റെക്കാട്, എസ്. കെ. 1972. *ഒരു ദേശത്തിന്റെ കഥ.* കോട്ടയം: ഡിസി ബുക്സ്.

പ്രജിത്ത്, ജെ. പി. 2010. *തന്ത്രസാഹിത്യം.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രസന്നരാജൻ. 2018. *അധികാരം സാഹിത്യത്തിൽ സമകാലികവായനകൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

പ്രസാദ്, സി. ആർ. 2010. *ഭാഷയും ഭാവനയും പ്രതിരോധത്തിന്റെ അടയാളങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബഷീർ, എം. എം. 2013. *20 നോവലുകൾ.* കോഴിക്കോട്: ലീഡ് ബുക്സ്.

ബാബു, ഐ. വി. 2017. *കേരളീയനവോത്ഥാനവും നമ്പൂതിരിമാരും.* കോട്ടയം: സാഹിത്യപ്രവർത്തകസഹകരണ സംഘം.

ബാനർജി, ഇ. *മിത്തും മലയാളനോവലും.* തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ബാലകൃഷ്ണമേനോൻ, നെടിയംവീട്ടിൽ. വത്സലൻ വാതുശ്ശേരി (സമ്പാ.). 1989. *നോവൽപഠനങ്ങൾ.* കോട്ടയം: ഡി. സി. ബുക്സ്.

ബാലകൃഷ്ണവാര്യർ, കെ. *അനുഷ്ഠാനവിജ്ഞാനകോശം.* തിരുവനന്തപുരം: മിസ്റ്റിക് ബുക്സ്.

ബാലകൃഷ്ണൻ, പി. കെ. 1978. *നോവൽ സിദ്ധിയും സാധനയും.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

ബാലകൃഷ്ണപിള്ള, ഏ. *നോവൽപ്രസ്ഥാനങ്ങൾ.* കോട്ടയം: സ്കോളർ ബുക്സ്റ്റാൾ.

ബാലചന്ദ്രൻ വടക്കേടത്ത്. 2011. *വായനയുടെ ഉപനിഷത്ത്.* തിരുവനന്തപുരം: മാളുബൻ പബ്ളിക്കേഷൻസ്.

ബാലൻനമ്പ്യാർ. 2015. *വീരാളിപ്പട്ട്, വലംപിരിശംഖ്, കണ്ണാടിബിംബം.* കോട്ടയം: ഡി. സി. ബുക്സ്.

ബിജു, സി. എസ്. *നാട്യസിദ്ധാന്തം.* കോട്ടയം: ഡി.സി. ബുക്സ്.

ഭക്തവൽസലറെഡ്ഡി, എൻ. (എഡി.). 2014. *ഫോക്‌ലോർപഠനം സിദ്ധാന്തതലം.* കോട്ടയം: കറന്റ് ബുക്സ്.

മധുസൂദനൻ, ജി. 2015. *ഭാവനയുടെ ജലസ്ഥലികൾ.* കോട്ടയം: കറന്റ് ബുക്സ്.

...................... 2006. *ഭാവുകത്വം ഇരുപത്തൊന്നാം നൂറ്റാണ്ടിൽ.* കോട്ടയം: ഡി. സി. ബുക്സ്.

മനോജ്, എം. ഡി. 2015. *സിനിമയും നോവലും.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

മരിയ റോസ് (വിവ.). 2018. *പതിമൂന്ന് ഹൊറർ നോവലുകൾ*. കോഴിക്കോട്: ഗ്രാസ്സ്റ്റൂട്ട്.

മലയാളപഠനസംഘം. 2006. *സംസ്കാരപഠനം ചരിത്രം, സിദ്ധാന്തം, പ്രയോഗം*. കോട്ടയം: കറന്റ് ബുക്സ്.

മുകുന്ദൻകുറുപ്പ്. 2018. *കേരളസംസ്കാരചരിത്രം ബ്രാഹ്മണഗ്രാമങ്ങളിലൂടെ*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

മുരളീധരൻ, നെല്ലിക്കൽ. 2011. *വിശ്വസാഹിത്യദർശനങ്ങൾ*. കോട്ടയം: ഡി. സി. ബുക്സ്.

മോഹൻരാജ്, ഏ. ടി. 1997. *ചരിത്രത്തിന്റെ സാന്ത്വനം*. കാലിക്കറ്റ് യൂണിവേഴ്സിറ്റി: ലെഫ്റ്റ് ബുക്സ്.

മോഹനചന്ദ്രൻ. 1982. *വേലൻചെടയൻ*. തൃശ്ശൂർ: കറന്റ് ബുക്സ്.

.......................... 2013. *കലിക*. തൃശ്ശൂർ: കറന്റ് ബുക്സ്.

രവീന്ദ്രൻ, പി. പി. 2002. *മിഷേൽ ഫൂക്കോ വർത്തമാനത്തിന്റെ ചരിത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

...................... 2013. *സംസ്കാരപഠനത്തിന് ഒരാമുഖം*. കോട്ടയം: എൻ. ബി. എസ്.

...................... 2013. *എതിരെഴുത്തുകൾ ഭാവുകത്വത്തിന്റെ ഭൂമിശാസ്ത്രം*. കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

രമേഷ്, കെ. പി. 1998. *ആധുനികാനന്തരമലയാളനോവൽ*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

രാഘവൻ പയ്യനാട്. 1997. *ഫോക്‌ലോർ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

.......................... 1998. *ഫോക്‌ലോറിന് ഒരു പഠനപദ്ധതി*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

.......................... 1999. *ഫോക്‌ലോർ സങ്കേതങ്ങളും സങ്കല്പനങ്ങളും*. തൃശ്ശൂർ: കേരളസാഹിത്യ അക്കാദമി.

രാഘവൻപിള്ള, കെ. 2015. *സമീപനങ്ങൾ, സമന്വയങ്ങൾ*. കോട്ടയം: എൻ. ബി. എസ്.

രാജഗോപാൽ, ഇ. പി. 2008. *നാട്ടറിവും വിമോചനവും*. കണ്ണൂർ: പുസ്തകഭവൻ.

രാജഗോപാലൻ, സി. ആർ. 2012. *ആഖ്യാനത്തിന്റെ ജീവിതം* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

........................... 2007. *ഫോക്‌ലോർസിദ്ധാന്തങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാജൻഗുരുക്കൾ. 2019. *മിത്ത്, ചരിത്രം, സമൂഹം.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

രാജരാജവർമ്മ, ഏഴുമറ്റൂർ. 2000. *ഐതിഹ്യങ്ങളും സാഹിത്യവിമർശവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാജശേഖരൻ, കോട്ടയം. 2016. *നവോത്ഥാനാനന്തരനോവൽ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാജശേഖരൻ, പി. കെ., ആസാദ് (എഡി.). 1992. *നോവൽ ബോധവും പ്രതിബോധവും.* കോട്ടയം: ഡി. സി. ബുക്സ്.

........................... 2002. *അന്ധനായ ദൈവം മലയാളനോവലിന്റെ നൂറ് വർഷങ്ങൾ.* കോട്ടയം: ഡി. സി. ബുക്സ്.

........................... 2010. *വാക്കിന്റെ മൂന്നാംകര.* കോട്ടയം: ഡി. സി. ബുക്സ്.

രാജീവ്, വി. 2015. *ആര്യാധിനിവേശവും നമ്പൂതിരിസംസ്കാരവും.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണസംഘം.

രാജേഷ്, എം. ആർ. 2006. *ഹിന്ദുധർമ്മരഹസ്യം.* കോഴിക്കോട്: നിർണ്ണയസാഗര.

........................... 2013. *മന്ത്രവാദവും ദുർമ്മന്ത്രവാദവും.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

രാധ, കെ. 1989. *ഇംഗ്ളീഷ്സാഹിത്യചരിത്രം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

രാധാകൃഷ്ണൻനായർ. ഡി. 2000. *ആഖ്യാനവിജ്ഞാനം.* തിരുവനന്തപുരം: കേരളഭാഷാ- ഇൻസ്റ്റിറ്റ്യൂട്ട്.

രാധികാ സി. നായർ. 2007. *സമകാലികസാഹിത്യസിദ്ധാന്തം ഒരു പാഠപുസ്തകം.* കോട്ടയം: കറന്റ് ബുക്സ്.

രാമകൃഷ്ണൻ, ഈ. വി. 2017. *മലയാളനോവലിന്റെ ദേശകാലങ്ങൾ.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

രാമകൃഷ്ണൻ, ദേശമംഗലം. 2004. *കാവ്യഭാഷയിലെ പ്രശ്നങ്ങൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

രാമകൃഷ്ണൻ, മലയാറ്റൂർ. 1998. *പൊന്നി.* കോട്ടയം: ഡി. സി. ബുക്സ്.

രാമൻപിള്ള, സി. വി. 1999 *ധർമ്മരാജ* . കോട്ടയം: ഡി. സി. ബുക്സ്.

ലീലാവതി, എം. 2015. *നോവൽവിചിന്തനങ്ങൾ.* തിരുവനന്തപുരം: മാളൂബൻ പബ്ളി- ക്കേഷൻസ്.

വത്സല, പി. 1995, *നെല്ല്,* കോട്ടയം: ഡി. സി. ബുക്സ്

വത്സലൻ വാതുശ്ശേരി. 2007. *കഥയുടെ ന്യൂക്ളിയസ്സ്.* കോഴിക്കോട്: ഒലിവ് പബ്ളിക്കേ- ഷൻസ്.

.......................... *കഥയും ഫാന്റസിയും.* കോട്ടയം: ഡി. സി. ബുക്സ്.

വർമ്മാജി, ആർ. എസ്. 1990. *നോവൽരൂപങ്ങൾ.* ചങ്ങനാശ്ശേരി: ലില്ലി ബുക്സ്.

വസന്തൻ, എസ്. കെ. 2006. *നമ്മൾ നടന്ന വഴികൾ.* തൃശ്ശൂർ: മലയാള പഠനഗവേഷണ കേന്ദ്രം.

വാസുദേവൻപിള്ള, എ. എം. 2015. *നോവലും രാഷ്ട്രീയവും.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

വിജയൻ, എം. എൻ. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

വിജയൻപിള്ള. 2007. *നോവലും ആഖ്യാനകലയും.* കൊല്ലം: പച്ചമലയാളം പബ്ലിക്കേ- ഷൻസ്.

വിഷ്ണുനമ്പൂതിരി, എം. വി. 1979. *മാന്ത്രികവിദ്യയും മന്ത്രവാദപ്പാട്ടുകളും.* കോട്ടയം: നാഷ- ണൽ ബുക്സ്റ്റാൾ.

.......................... (എഡി.). 2004. *ഫോക്ക്ലോറിന്റെ കൈവഴികൾ* വാല്യം ഒന്ന്. കേരള ഫോക്ക്ലോർ അക്കാദമി. കണ്ണൂർ.

.......................... 2010. *നാട്ടറിവും നാമപഠനവും.* കോട്ടയം: ഡി. സി. ബുക്സ്.

.......................... 2010. *പുരാവൃത്തപഠനം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

.......................... 2012. *മാന്ത്രികവിജ്ഞാനം.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

വിഷ്ണുനമ്പൂതിരി, എം. വി. 2014. *നാട്ടറിവുപഠനങ്ങൾ വാല്യം രണ്ട്.* കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻസ്.

വേണുഗോപാലപ്പണിക്കർ, ടി. ബി. 1997. *ഭാഷാർത്ഥം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ശങ്കരൻ തിരുമുൽപ്പാട്. *ശക്തിമാന്ത്രികം.* കാളികാവ്: സുകുമാർ ബുക്സ്.

ശങ്കരൻനമ്പൂതിരിപ്പാട്, കാണിപ്പയ്യൂർ. 2000. *മന്ത്രപ്രയോഗങ്ങൾ.* കുന്നംകുളം: പഞ്ചാംഗം പുസ്തകശാല.

ശരത്ചന്ദ്രൻ, കെ. പി. 1973. *നോവലുകളിലൂടെ.* കോട്ടയം: എൻ. ബി. എസ്.

ശശിഭൂഷൺ, എം. ജി. 2005. *കേരളീയരുടെ ദേവതാസങ്കല്പം.* കോട്ടയം: ഡി. സി. ബുക്സ്.

ശിവകുമാർ, ഏറ്റുമാനൂർ. 2009. *ആയില്യംകാവ്.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

........................... 2009. *ആകാശഗംഗ.* കോട്ടയം: ബുക് മീഡിയ.

ശിവദാസൻ, കെ. 2012. *സംസ്കാരവും സാഹിത്യവും.* മാളൂബൻ പബ്ലിക്കേഷൻസ്. തിരുവനന്തപുരം.

ശ്രീജൻ, വി. സി. 2003. *നോവൽ വായനകൾ* .കോട്ടയം: ഡി. സി. ബുക്സ്.

ശ്രീധരൻ, എ. എം. 2012. *ആഖ്യാനം-കാലം-കഥ.* കോട്ടയം: എൻ. ബി. എസ്.

........................... 2015. *ഫോക്‌ലോർ സങ്കല്പനങ്ങളും സാധ്യതകളും.* തൃശ്ശൂർ: മലയാള പഠനഗവേഷണകേന്ദ്രം.

ഷൺമുഖദാസ്, എം. 1992. *ഈശ്വരന്റെ യക്ഷിക്കഥ.* കോട്ടയം: എൻ. ബി. എസ്.

ഷാജി ജേക്കബ്. 2009. *നോവലും സംസ്കാരവും.* കോഴിക്കോട്: പാപ്പിറസ്.

........................... 2009. *ജനപ്രിയസംസ്കാരം ചരിത്രവും സിദ്ധാന്തവും.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

........................... 2010. *മലയാളനോവൽ ദേശഭാവനയും രാഷ്ട്രീയഭൂപടങ്ങളും.* ന്യൂഡൽഹി: കേന്ദ്ര സാഹിത്യ അക്കാദമി.

........................... 2013. *മലയാളനോവൽ ഭാവനയുടെ രാഷ്ട്രീയം.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

ഷാജി ജേക്കബ്. 2014. *സാംസ്കാരികവിമർശവും മലയാളഭാവനയും*. കോട്ടയം: എൻ. ബി. എസ്.

.......................... 2016. *നോവലിലെ ചരിത്രപ്രപടങ്ങൾ*. കോഴിക്കോട്: താമര.

സച്ചിദാനന്ദൻ. 1983. *സംസ്കാരത്തിന്റെ രാഷ്ട്രീയം*. കോഴിക്കോട്: മൾബറി ബുക്സ്.

സഹദേവൻ, പാവുമ്പ. 2018. *സ്വാതന്ത്ര്യത്തിന്റെ തത്ത്വശാസ്ത്രം*. പത്തനംതിട്ട: പ്രസക്തി ബുക്സ്.

സുകുമാരൻ, പി. കെ. 1987. *മതവും ശാസ്ത്രവും*. കോട്ടയം: എൻ. ബി. എസ്.

സുകുമാരൻ, വി. 2004. *ആധുനികതയുടെ അക്ഷരമാല*. തൃശ്ശൂർ: കറന്റ് ബുക്സ്.

സുനിൽ പരമേശ്വരൻ. 2012. *ക്രൂര മഠം*. കോഴിക്കോട്: മാതൃഭൂമി ബുക്സ്.

.......................... 2016. *അനന്തഭദ്രം*. കണ്ണൂർ: കൈരളി ബുക്സ്.

സുരേഷ് പുത്തൻപറമ്പിൽ (എഡി.). 2017. *നോവലിലെഴുതിയ ദേശങ്ങൾ*. തിരൂർ: ശ്രീ ശങ്കരാചാര്യ സർവകലാശാല പ്രാദേശികകേന്ദ്രം.

സോമനാഥൻ, പി. 2016. *കഥ, ആഖ്യാനം, ആഖ്യാനശാസ്ത്രം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

സോമൻ നെല്ലിവിള. 2013. *സ്ഥലം, കാലം, ചെറുകഥ*. തൃശ്ശൂർ: കറന്റ് ബുക്സ്.

സോമൻ, പി. 2004. *ഫോക്‌ലോർ സംസ്കാരം*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റി-റ്റ്യൂട്ട്.

ഹമീദ്. 2015. *അപസർപ്പകനോവൽ മലയാളത്തിൽ*. തൃശ്ശൂർ: കേരള സാഹിത്യ അക്കാദ-മി.

ഹരികുമാർ, പി. കെ. (എഡി.). 2011. *ഭയത്തിന്റെ വായന*. കോട്ടയം: എൻ. ബി. എസ്.

ഹരിദാസ്, വി. വി. 2016. *യക്ഷിസങ്കല്പം*. കോട്ടയം: എൻ. ബി. എസ്.

ഹരികുമാർ, എം. കെ. 2012. *ഉത്തരാധുനികത*. ആൽഫ വൺ പബ്ലിക്കേഷൻസ്.

ഹൃദയകുമാരി, ബി. 2004. *നവോത്ഥാനം ആംഗലസമൂഹത്തിൽ*. തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

## ENGLISH

Barry peter. 1999. *Beginning Theory An Introduction to literary and cultural theory.* Manchester : Manchester University.

Boulton, Marjorie. 1985. *The Anatomy of the Novel.* Routledge Revivals.

Foaster, E. M. 1927. *The Aspects of the Novel.* New York: Harcourt Brace & Company.

James Henry. 1937. *The Art of Novel.* New york: Charles scribblers son.

Jessica Muns and Gita Rajan. 1995. *A Cultural Studies reader History, Theory, Practice.* New York: Longman group Ltd.

Kundera Milan. 1986. *The Art of the Novel.* Kundli: Replika Press Pvt. Ltd.

Lukacs, George. 1971. *The Theory of the Novel.* London E14: The Merlin Press Ltd.

Ziaudin Sardar, Borin Van Loon. 1998. *Introducing Cultural Studies.* Australia: Mc Pherson's Printing Group, Vicoria.

**ആനുകാലികങ്ങൾ, ലേഖനങ്ങൾ**

അജിത്കുമാർ, എൻ. 2012 സെപ്റ്റംബർ. 'യക്ഷിപുരാവൃത്തവും രസസങ്കല്പവും', *വിജ്ഞാനകൈരളി.*

അനിതാ രവീന്ദ്രൻ. 2014 ജൂൺ, ലക്കം 12. 'ഭയാനകതയുടെ മനശ്ശാസ്ത്രം'. *കുങ്കുമം വാരിക.*

അനു, കെ. എസ്. 1997 മെയ്, ലക്കം 75. 'സാഹിത്യത്തിലെ ഭാഷ'. *ഭാഷാപോഷിണി.*

അയ്യപ്പപ്പണിക്കർ. 1997 ജനുവരി. 'ആഖ്യാനശാസ്ത്രം', *ഭാഷാപോഷിണി.*

ഉണ്ണിക്കൃഷ്ണൻ, ബി. 2002 നവംബർ, ലക്കം 1. 'ജനപ്രിയത ഹർഷവും അതിവർത്തനവും'. *ഭാഷാപോഷിണി.*

ഉണ്ണിക്കൃഷ്ൺ, സി. 2009 മാർച്ച് 17. *ഭ്രമാത്മകതയിലെ രതിസാരങ്ങൾ.* ഗ്രന്ഥാലോകം.

ഉണ്ണിക്കൃഷ്ണൻ പുത്തൂർ. 1986 ജൂലൈ-സെപ്റ്റംബർ. 'നോവൽ യാഥാർത്ഥ്യവും അതിയാഥാർത്ഥ്യവും'. *സാഹിത്യലോകം.*

.......................... 1998 നവംബർ. 'ആഖ്യാനശാസ്ത്രം', *ഭാഷാപോഷിണി.*

കുമാർ. 2014 ജൂൺ. ലക്കം 12. 'ധ്യാനശ്ലോകങ്ങളിലെയും ക്ഷേത്രശില്പങ്ങളിലെയും രൗദ്രഭാവങ്ങൾ', *കുങ്കുമം വാരിക.*

കൃഷ്ണൻ, കെ. എം. 2000. ജനപ്രിയസാഹിത്യത്തിന്റെ തരംഗദൈർഘ്യങ്ങൾ. *നമ്മുടെ സാഹിത്യം നമ്മുടെ സമൂഹം.* തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി.

കൃഷ്ണൻ, മാലം ജി. 2014 ജൂൺ, ലക്കം 12. കോട്ടയം പുഷ്പനാഥുമായുള്ള അഭിമുഖം, *കുങ്കുമം വാരിക.*

ഗിരീഷ്ബാബു, പി. വി. 2014 ജൂൺ, ലക്കം 12. 'മാനസികാരോഗ്യം തകർക്കുന്ന കത്തനാർമാർ', *കുങ്കുമം വാരിക.*

ഗോപാലകൃഷ്ണൻ. 2003 ജൂൺ. 'അശ്ലീലത്തിന്റെ സിദ്ധാന്തങ്ങൾ'. *മാധ്യമം ആഴ്ചപ്പതിപ്പ്.*

*ഗോപാലൻനായർ, എ. കെ. 1987, ലക്കം 12.. 'യക്ഷിസങ്കല്പം ഐതിഹ്യങ്ങളിൽ'. വിജ്ഞാനകൈരളി.*

തമ്പി, പി. ജി. 2009, ലക്കം 33. 'ക്ലാസിക്കുകളും നവഭാവുകത്വവും', *ഭാഷാപോഷിണി.*

നടരാജൻ, നവരംഗം. 1995 സെപ്തംബർ 10. 'ഭ്രമകല്പനകളും താളപ്പിഴകളും നോവലുകളിൽ'. *മാധ്യമം ആഴ്ചപ്പതിപ്പ്.*

പുഷ്പനാഥ്, കോട്ടയം. 2014 ജൂൺ, ലക്കം 12. 'ഭീകരത ഉണർത്തിയ കാഴ്ചകൾ'. *കുങ്കുമം വാരിക.*

പ്രസന്നരാജൻ. 1987 ഡിസംബർ. 'ഐതിഹ്യങ്ങളും മാന്ത്രികയാഥാർത്ഥ്യങ്ങളും'. *കൗമുദി വാരിക.*

ബഞ്ചമിൻ, ഡി. 1987 ഫെബ്രുവരി, ലക്കം 39. 'സി. വി. നോവലിലെ യാഥാർത്ഥ്യം എന്ന സങ്കല്പം'. *ഗ്രന്ഥാലോകം.*

........................... 1989 മാർച്ച് ജൂൺ, ലക്കം 42. 'പ്രത്യക്ഷവൽക്കരണം നോവലിൽ'. *ഭാഷാസാഹിതി.*

........................... 1989 ഏപ്രിൽ-ജൂൺ, ലക്കം 42. 'ദുരന്താവബോധം സി. വി. സാഹിത്യത്തിൽ'. *ഭാഷാസാഹിതി.*

........................... 1989 ജൂൺ 11, ലക്കം 717. 'പോപ്പുലർസാഹിത്യത്തിൽ കരുത്തൻ' *കലാകൗമുദി.*

ഭാർഗ്ഗവൻപിള്ള, ജി. 1987 ജൂലൈ 10. *മന്ത്രവാദവും മതവും.* ചക്രവാളം.

ഭാസ്കരൻ രവീന്ദ്രൻ. 2004 ജൂൺ, ലക്കം 13. 'സാഹിത്യത്തിലെ ഹൊറർ', *കുങ്കുമം വാരിക.*

മോൻസി ജോസഫ്. 1988 ഫെബ്രുവരി, ലക്കം 14. 'ദൈവത്തിന്റെ മാന്ത്രികദണ്ഡുമായി കടമറ്റത്തു കത്തനാർ'. *കലാകൗമുദി.*

........................... 1991 ജൂൺ, ലക്കം 11. 'പാമ്പുകൾ മതപുരാണേതിഹാസങ്ങളിലും നാടോടി വിശ്വാസങ്ങളിലും'. *മലയാളവിമർശം.*

മോഹനചന്ദ്രൻ. 1980 ജൂൺ, ലക്കം 38. 'കലികയുടെ ജനനവും മറ്റും'. കുങ്കുമം വാരിക.

രമേഷ്, കെ. പി. 1995, ജനവരി 22. 'കഥയും നോവലും'. *മാധ്യമം ദിനപത്രം വാരാദ്യപതിപ്പ്.*

രവീന്ദ്രൻ, പി. പി. 1998. ഒക്ടോബർ. 'കൊളോണിയലിസം, ആധുനികത'. *ഭാഷാപോഷിണി.*

രാജകൃഷ്ണൻ, വി. 1986 സെപ്റ്റംബർ. 'പൈങ്കിളിയുടെ വർണ്ണത്തൂവൽ ചേറ്റുമ്പോൾ'. *മനോരാജ്യം വിശേഷാൽപ്രതി.*

രാജശേഖരൻ, പി. കെ. 2006. ജനപ്രിയസാഹിത്യവും നവകാല്പനികതയും. *മാധ്യമം വാർഷികപ്പതിപ്പ്.*

രാധാകൃഷ്ണൻ, സി. 1990 ഡിസംബർ 16. 'നോവൽ എന്ത് എന്തിന്? എങ്ങനെ?'. *കലാകൗമുദി.*

രേഖ, പി. 2010 മെയ്, വാള്യം 3, ലക്കം 2. 'സംസ്കാരപഠനവും സാഹിത്യവിമർശവും'. *മലയാളം റിസർച്ച് ജേണൽ.*

വിനയകുമാർ, വി. എം. 1984, ലക്കം 62. 'അന്തമില്ലാത്ത മോഹവലയം'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.*

വിഷ്ണുനമ്പൂതിരി, എം. വി. 1980 ജൂലായ്-ഡിസംബർ, ലക്കം 12. *സമകാലികമലയാളനോവൽ. സാഹിത്യലോകം രജതജൂബിലിപ്പതിപ്പ്.*

........................... 2009 ഫെബ്രുവരി. മാന്ത്രികദിവ്യാത്ഭുതപശ്ചാത്തലം സി. വി.യുടെ ചരിത്രാഖ്യായികകളിൽ. *ഗ്രന്ഥാലോകം.*

ശങ്കരൻനമ്പൂതിരി, കെ. 1972 മെയ്, ലക്കം 12. 'ശാസ്ത്രവും സംസ്കാരവും'. *വിജ്ഞാനകൈരളി.*

ശ്രീകൃഷ്ണ ആലനഹള്ളി. 1987 ഏപ്രിൽ 26, ലക്കം 65. 'മലയാളത്തിന്റെ മാന്ത്രികൻ'. *മാതൃഭൂമി ആഴ്ചപ്പതിപ്പ്.*

ശ്രീജൻ, വി. സി. 1990 ജൂലായ്-ഡിസംബർ, ലക്കം 3. 'സംസ്കാരവും പ്രത്യയശാസ്ത്രവും'. *സംസ്കാരകേരളം.*

........................ 1994 മാർച്ച്, ലക്കം 6. 'ഗ്രാമവും നഗരവും മലയാളസാഹിത്യത്തിൽ'. *സാഹിത്യചക്രവാളം.*

........................... 2012 ഫെബ്രുവരി 8. 'മലയാളഭാവനയുടെ വർത്തമാനകാലം'. *ഇന്ത്യാ ടുഡേ.*

ഷാജി ജേക്കബ്. 2013 ആഗസ്റ്റ് വാല്യം 6, ലക്കം 2. 'ആധുനികാനന്തരമലയാളനോവൽ'. *മലയാളം റിസെർച്ച് ജേർണൽ.*

സുരേന്ദ്രൻ, കെ. 1986 ജൂലായ്-സെപ്തംബർ, ലക്കം 11. 'നോവലിലെ യാഥാർത്ഥ്യവും അതിയാഥാർത്ഥ്യവും'. *സാഹിത്യലോകം.*

സോമൻ കടലൂർ. 2002 മെയ്. 'മിഖായേൽ ബക്തിനും ഫോക്‌ലോർപഠനവും'. *മാധ്യമം ആഴ്ചപ്പതിപ്പ്.*

സ്റ്റാഫ് ലേഖകൻ. 1980 ജൂൺ 11. 'പോപ്പുലർ സാഹിത്യത്തിൽ കരുത്തൻ'. *കലാകൗമുദി.*

**പ്രബന്ധങ്ങൾ**

ഉമർ തറമേൽ. 1995. *ആധുനികമലയാളനോവലിൽ മിത്തുകളുടെ സ്വാധീനം (അപ്രകാശിതം).* കോഴിക്കോട് സർവ്വകലാശാല.

ശ്രീജിത് ജി. 2009. *നാടോടിപാരമ്പര്യം ഇടശ്ശേരി, വൈലോപ്പിള്ളി എന്നിവരുടെ കവിതകളിൽ (അപ്രകാശിതം).* മഹാത്മാഗാന്ധി സർവകലാശാല.

# അനുബന്ധം

## മലയാളത്തിലെ തിരഞ്ഞെടുത്ത മാന്ത്രികനോവലുകൾ


അശ്വതിതിരുനാൾ, സ്വാമി. 1987 ഫെബ്രുവരി. *വിജനവീഥി.* കൊല്ലം: നാഗകൃഷ്ണ പബ്ലിക്കേഷൻസ്.

........................... 2004. *ഗ്രന്ഥയക്ഷി.* കോട്ടയം: ജനപ്രിയ പുസ്തകപ്രസാധനശാല.

ഇഗ്നേഷ്യസ്, വാര്യത്ത്. 2016. *മൃത്യുഞ്ജയ.* എറണാകുളം: സൈകതം ബുക്സ്.

........................... 2017. *രുദ്രാംഗന.* എറണാകുളം: സൈകതം ബുക്സ്.

ജോൺ ആലുങ്കൽ. 2011. *ചെകുത്താൻ തുരുത്ത്.* എറണാകുളം: സി. ഐ. സി. സി. ബുക്ക്ഹൗസ്.

തമ്പി, പി. ജി. 1993. *സാലഭഞ്ജിക*, കോട്ടയം: ഡി. സി. ബുക്സ്.

........................... 2009. *സർപ്പസത്രം.* എറണാകുളം: സി. ഐ. സി. സി. ബുക്ക്ഹൗസ്.

........................... 2009. *സന്നിവേശം.* എറണാകുളം: സി. ഐ. സി. സി. ബുക്ക്ഹൗസ്.

തമ്പി, പി. വി. 1993. *സൂര്യകാലടി.* കോട്ടയം: ഡി. സി. ബുക്സ്.

ദിനേശ്, തിരൂർ. 2005. *തമ്പുരാട്ടിക്കല്ല്.* കോട്ടയം: ജനപ്രിയ പുസ്തകപ്രസാധനശാല.

........................... 2006. *ദമ്പതി രക്ഷസ്സ്.* കോട്ടയം: ജനപ്രിയ പുസ്തകപ്രസാധനശാല.

പുഷ്പനാഥ്, കോട്ടയം. 1996. *യക്ഷിമന.* കോട്ടയം: കോട്ടയം: ഡി. സി. ബുക്സ്.

........................... 2014. *ഗന്ധർവ്വയാമം.* കൊല്ലം: സൈന്ധവ ബുക്സ്.

........................... 2009. *മേഘഗർജ്ജനം.* കോട്ടയം: കോട്ടയം: ഡി. സി. ബുക്സ്.

ബാബുജി, മെഴുവേലി. 2013. *നാഗയാമങ്ങൾ.* കോഴിക്കോട്: ഓറിയന്റ് ബുക്സ്.

മോഹനചന്ദ്രൻ. 2013. *സുന്ദരി ഹൈമവതി.* തൃശ്ശൂർ: കറന്റ് ബുക്സ്.

.......................... 2013. *കാക്കകളുടെ രാത്രി.* തൃശ്ശൂർ: കറന്റ് ബുക്സ്.

ശിവകുമാർ, ഏറ്റുമാനൂർ. 1998. *ശുഭമുഹൂർത്തം.* കോട്ടയം: ജനപ്രിയ പുസ്തകപ്രസാധനശാല.

.......................... 2004. *സന്ധ്യാവന്ദനം.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

.......................... 2007. *അസുരജന്മം.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

.......................... 2009. *ആരണ്യഹൃദയം.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

.......................... 2010. *സൂര്യനയനങ്ങൾ.* കോട്ടയം: ബുക് മീഡിയ.

.......................... 2010. *അഷ്ടമംഗല്യം.* കണ്ണൂർ: സുപ്രിയ പബ്ലിക്കേഷൻസ്.

.......................... 2011. *രാജാവുറങ്ങാത്ത രാവുകൾ.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

.......................... 2014. *ഗരുഡപഞ്ചമി.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

.......................... 2016. *വലംപിരിശംഖ്.* എറണാകുളം: സി. ഐ. സി. സി. ബുക്ഹൗസ്.

സുനിൽ പരമേശ്വരൻ. 2005. *ഭദ്രാസനം.* തൃശ്ശൂർ: കറന്റ് ബുക്സ്.

.......................... 2009. *മാടൻകൊല്ലി.* തൃശ്ശൂർ: കറൻ്റ് ബുക്സ്

.......................... 2011. *സെവന്റീൻ എ.* കണ്ണൂർ: കൈരളി ബുക്സ്.

.......................... 2011. *രൗദ്രതാളം.* കണ്ണൂർ: കൈരളി ബുക്സ്.

.......................... 2015. *രുദ്രസിംഹാസനം.* കണ്ണൂർ: കൈരളി ബുക്സ്.

........................... 2016 *ആർദ്ര.* കോഴിക്കോട്: മാതൃഭൂമി ബുക്സ്.

........................... 2017. *രതിസമാധി.* കണ്ണൂർ: കൈരളി ബുക്സ്.

സുദീപ് തെക്കേപ്പാട്ട്. 2014. *ദേവമനോഹരി.* കോഴിക്കോട്: സാഹിത്യ പ്രസിദ്ധീകരണം.